
www.malankaralibrary.com

# ലിററർജി
## പ്രസംഗവേദിയിൽ



M.S.PUBLICATIONS

www.malankaralibrary.com

FR. THOMAS PONMELIL

ST. THOMAS MINOR SEMINARY
Diocese of
Pathanamthitta
ATTA... OOR P.O.

# ലിറ്റർജി പ്രസംഗവേദിയിൽ

ST. THOMAS MINOR SEMINARY
LIBRARY
ATTARIKOM

ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി
(എഡിറ്റർ)

എം.എസ്. പബ്ലിക്കേഷൻസ്
സെന്റ് മേരീസ് മലങ്കര സെമിനാരി , നാലാഞ്ചിറ
തിരുവനന്തപുരം 695 015

www.malankaralibrary.com

**LITURGY PRASANGA VEDIYIL**

(Book of Sermons on the Liturgy)

*Publisher*

M.S. Publications

Nalanchira, 2002

All Rights Reserved

Price : 150/-

*Printed at*

St. Mary's Press,

Pattom, Trivandrum-4

Tel. 2446116

www.malankaralibrary.com

# സമർപ്പണം

ഈ ഗ്രന്ഥം

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് പിതാവിന്

അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി നിറവിൽ

ഭക്തിയാദരപൂർവ്വം സമർപ്പിക്കുന്നു.

www.malankaralibrary.com

# CONTRIBUTORS

*Rev. Fr. Chediath Gheevarghese*
*Rev. Fr. Chempakassery Philip*
*Rev. Fr. Chethippuzha Antony*
*Rev. Fr. Meloottu Bovas*
*Rev. Fr. Pallipadinjettethil Johnson*
*Rev. Fr. Panicker Thomas*
*Rev. Fr. Perumuttathu Benedict*
*Rev. Fr. Valuparambil Kurian*
*Br. Cherupuzhathottathil Kuriakose*
*Br. Irimbinickal Abraham*
*Br. Kalarikalayil Mathew*
*Br. Kayyalackal Thomas*
*Br. Kochuvila George Thomas*
*Br. Konathuvila Justin*
*Br. Kunchaluvila Yesudas*
*Br. Mekkarikath Prabheesh*
*Br. Poovannathil Daniel*
*Br. Puthenvila John S.*
*Br. Puthupadi Samuel*
*Br. Thazhathel Joseph*
*Br. Valiachangaveettil Varghese*
*Br. Valianteparampil Varghese*
*Br. Valiavila Bernard*
*Br. Vellavoor Varghese*
*Sr. Unnatha SIC*

www.malankaralibrary.com

# അവതാരിക

മഹാന്മാരെന്ന് അഭിമാനിക്കുന്നവർ അനേകരുണ്ട്, ഇന്ന് നാം ജീവിക്കുന്ന ഈ ലോകത്തിൽ. എങ്കിലും അഭിമാനിക്കുന്നവർ പലരും അഭിനയിക്കുകയാണ്. അഭിനയം മാറ്റി നിർത്തി വസ്തുതയിലേക്ക് എത്തുമ്പോൾ, യാഥാർത്ഥ്യം മൂടുപടം അഴിച്ച് പരിശോധിക്കുമ്പോൾ, മഹാൻമാർ വളരെക്കുറവാണെന്നു പറയേണ്ടിവരും. ആരാണൊരു മഹാൻ? തന്റെ സാഹചര്യത്തിന്റെ, കാലത്തിന്റെ, സഹവാസികളുടെ, ഒഴുക്കിനൊത്ത് ഒഴുകാതെ, തനതായ വ്യക്തിത്വം പാലിച്ച് തന്റെ സാഹചര്യത്തെയും കാലത്തെയും സഹവാസികളെയും ഒരല്പം ഉന്നതിയിലേക്ക് നയിക്കാൻ കഴിയുന്നവൻ. ജീവിച്ചുപോകുകയല്ല, യഥാർത്ഥത്തിൽ ജീവിക്കുന്നവൻ.

അഭിവന്ദ്യ ഗീവർഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത ഒരു യഥാർത്ഥ മഹാനാണ്. ബോധപൂർവ്വം തന്റെ ബോധ്യങ്ങൾക്കനുസരിച്ച് ജീവിക്കുകയും മറ്റുള്ളവരെ അപ്രകാരം ജീവിക്കാൻ പ്രേരിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്ത വ്യക്തി.

ഒരിക്കലും നഷ്ടപ്പെടാത്ത ശാന്തത, ആ ശാന്തതയ്ക്കുള്ളിൽ, ആത്മാവിന്റെ ആഴങ്ങളിൽ എങ്ങുനിന്നോ പൊന്തിവന്ന് വിടർന്നു വികസിക്കുന്ന പുഞ്ചിരി-ഇതാണ് ആ വ്യക്തിത്വത്തെപ്പറ്റി പെട്ടെന്ന് ആർക്കും തോന്നുന്ന അഭിപ്രായം. എന്നാൽ അത്രമാത്രമല്ല. ആഴങ്ങളിൽ പരിശോധിക്കുമ്പോൾ അനേകം മുത്തുകൾ കണ്ടെത്താൻ കഴിയും. സഭാജീവിതത്തിനും, സമൂഹജീവിതത്തിനും വ്യക്തിജീവിതത്തിനും അമൂല്യ സംഭാവനകളാകാവുന്ന മുത്തുകൾ. ചിലതെല്ലാം തൊട്ടടുത്ത ലേഖനത്തിൽ പ്രതിപാദിക്കുന്നുണ്ട്. അവയൊന്നും ഇവിടെ പരാമർശിക്കുന്നില്ല. എന്നാൽ മാർ തിമോത്തിയോസ് മെത്രാപ്പോലിത്തായുടെ വ്യക്തിത്വത്തിലെ വളരെ അസാധാരണത്വമുള്ള ഒരു സവിശേഷതയെപ്പറ്റിയാണ് ഇവിടെ പറയാനുദ്ദേശിക്കുന്നത്. അദ്ദേഹം പാരമ്പര്യവാദിയാകാതെ പാരമ്പര്യങ്ങളെ സ്നേഹിക്കുകയും യാഥാസ്ഥിതികതയിൽ അമർന്നുപോകാതെ മൂല്യങ്ങളെ മുറുകെ പിടിക്കുകയും ചെയ്യുന്നുവെന്നതാണ് ആ സവിശേഷത. പുരോഗമനാശയങ്ങളുടെ വേലിയേറ്റത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ തനതായ വ്യക്തിത്വത്തിനും പാരമ്പര്യത്തിനും ചില വെല്ലുവിളികളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ വെല്ലുവിളികളുടെ മുമ്പിൽ കീഴ്പ്പെടാതെ മുന്നോട്ടുപോകാൻ മാർ തിമൊത്തിയോസ് നൽകിയ ശക്തമായ നേതൃത്വം എന്നും അഭിനന്ദന പൂർവ്വം അനുസ്മരിക്കേണ്ടതാണ്. അക്കൂട്ടത്തിൽ മലങ്കരയുടെ ആരാധനക്രമ പാരമ്പര്യം അഭംഗുരം പാലിക്കപ്പെടാൻ പിതാവു നൽകുന്ന പ്രേരണയും പ്രോൽസാഹനവും അത്യുദാത്തമാണ്. ഈ ലിറ്റർജിയുടെ അഗാധതലങ്ങളിൽ അജ്ഞാതമാ

www.malankaralibrary.com

യിക്കഴിയുന്ന സനാതന സൗന്ദര്യത്തിന്റെ ആഴമുള്ള സ്പർശം അറിഞ്ഞനുഭവിച്ച വ്യക്തിയാണ് മാർ തിമോത്തിയോസ്. ആ അനുഭവം അദ്ദേഹത്തിന്റെ വ്യക്തിത്വരൂപീകരണത്തിൽ കുറച്ചൊന്നുമല്ല സ്വാധീനം ചെലുത്തിയിട്ടുള്ളത്. ലിറ്റർജിയുടെ അനുഭവത്തിൽ നിന്ന് രൂപപ്പെട്ട സാകല്യമാർന്ന സഭാത്മക വ്യക്തിത്വം. അതാണ് മാർ തിമോത്തിയോസ്. ഈ വ്യക്തിത്വം ചിലപ്പോഴെല്ലാം വാങ്മയ രൂപം പ്രാപിക്കാറുണ്ട്. അതാണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ. തീപ്പൊരിചിതറിക്കുകയോ സ്റ്റേജ് പൊളിക്കുകയോ ചെയ്യാതെ എന്നാൽ ഘനഗംഭീരതയിൽ അനർഗളം നിർഗ്ഗളിച്ച് ആത്മാവിൽ ഒഴുകിയെത്തുന്ന ആ പ്രസംഗങ്ങളിൽ ലിറ്റർജിയെപ്പറ്റി എന്തെങ്കിലും കാണും. അത് കേൾവിക്കാരന് തന്റെ ലിറ്റർജിയെ സ്നേഹിക്കാനും ആഴത്തിൽ പഠിക്കാനും പ്രേരകമാവുകയും ചെയ്യും.

വൈദികനെന്ന നിലയിലും, വൈദിക മേലദ്ധ്യക്ഷനെന്ന നിലയിലും കഴിഞ്ഞ അൻപതുവർഷമായി ഒഴുകിയെത്തുന്ന ആ വചസ്സരസിന്റെ സുവർണ്ണജൂബിലിയാണ് ഈ വർഷം. ലിറ്റർജിയെ സ്നേഹിക്കുന്ന, മറ്റുള്ളവർക്ക് സ്നേഹിക്കാൻ പ്രേരണ നൽകുന്ന ആ ചൈതന്യത്തിന്റെ മുമ്പിൽ ലിറ്റർജിയെപ്പറ്റിയുള്ള ഈ ചെറുഗ്രന്ഥം ഒരു ഉപഹാരമായി സമർപ്പിക്കുന്നു. മാർ തിമോത്തിയോസ് പിതാവിന്റെ ചൈതന്യം തുടർന്നുകൊണ്ടുപോകാൻ ഈ ഗ്രന്ഥം സഹായകമാകുമെന്ന് വിശ്വസിക്കുന്നു.

ഈ ഗ്രന്ഥം ലിറ്റർജിയെപ്പറ്റിയുള്ള ഒരു പ്രബന്ധമല്ല. ലിറ്റർജി പ്രസംഗരൂപത്തിൽ അവതരിപ്പിച്ചിരിക്കുകയാണിതിൽ. വൈദികരുടെ തിരക്കേറിയ ജീവിത്തിനിടയിൽ ഞായറാഴ്ചകളിലും പെരുന്നാളുകളിലും അവസരോചിതമായ പ്രസംഗം തയ്യാറാക്കുക എളുപ്പമല്ല. ഈ സാഹചര്യത്തിൽ വൈദികരെയും മറ്റ് വചന പ്രഘോഷകരെയും സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ഗ്രന്ഥം - **ലിറ്റർജി പ്രസംഗവേദിയിൽ**- തയ്യാറാക്കിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനപരമായ പ്രേരണ, അഭിവന്ദ്യ തിമോത്തിയോസ് പിതാവിന്റെ വ്യക്തിത്വവും.


അനേകം വൈദികരും ശെമ്മാശൻമാരും മറ്റുള്ളവരും കരുത്തുറ്റ പ്രസംഗങ്ങൾ എഴുതിത്തന്ന് സഹായിച്ചതുകൊണ്ടാണ് ഈ പുസ്തകം വെളിച്ചം കാണാനിടയായത്. അവർക്കെല്ലാം നിസ്വാർത്ഥമായ നന്ദി! ഇതിന്റെ അച്ചടിമനോഹരമായി നിർവ്വഹിച്ച സെന്റ്മേരീസ് പ്രസ്സ് മാനേജർക്കും ജീവനക്കാർക്കും കൂപ്പുകൈ.

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തീമോത്തിയോസ് പിതാവിന്റെ വിവിധങ്ങളായ സേവനങ്ങളുടെ അനുസ്മരണയിൽ ശിരസ്സുനമിച്ച്, അദ്ദേഹത്തിന്റെ ഉജ്ജ്വലമായ വ്യക്തിത്വത്തിന്റെ മുമ്പിൽ ഈ സുവർണ്ണജൂബിലിയുടെ സന്ദർഭത്തിൽ, ഈ ഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

*എഡിറ്റർ*

www.malankaralibrary.com

# സപ്തപഞ്ചനിറവിൽ



മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ തിരുവല്ലാ രൂപതയുടെ അദ്ധ്യക്ഷൻ അഭി. ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനി 75-ാം ജന്മദിനം ആഘോഷിക്കുന്നതോടൊപ്പം, പൗരോഹിത്യസുവർണ്ണ ജൂബിലിയും കൊണ്ടാടുന്നു. ആചാര്യശുശ്രൂഷയിൽ അൻപത് വർഷം പൂർത്തീകരിക്കുന്ന ശ്രേഷ്ഠാ

www.malankaralibrary.com

ചാര്യന് ആശംസകൾ നേരുന്നതോടൊപ്പം അഭി. തിരുമേനിയെ വരുംതലമുറയ്ക്ക് പരിചയപ്പെടുത്തുകയും ആവശ്യമാണ്.

**ബാല്യകാലം**

കോട്ടയം ജില്ലയിൽ അയർക്കുന്നം പഞ്ചായത്തിൽ അമയന്നൂർ ഗ്രാമത്തിൽ ചുണ്ടേവാലേൽ കുടുംബത്തിൽ ബഹു.ജേക്കബ് ചുണ്ടേവാലേൽ കശീശ്ശായുടെയും ശ്രീമതി അന്നമ്മയുടെയും പ്രഥമ സന്താനമായി 1928 ഫെബ്രുവരി 2-ാം തീയതി അഭി. ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനി ഭൂജാതനായി. ഫെബ്രുവരി രണ്ട് കർത്താവിന്റെ ദേവാലയപ്രവേശനദിനമാണ് (മായൽത്തോ). ഈ പുണ്യദിനത്തിൽ ഭൂജാതനായ ശിശുവിന്റെ ജനനം ഒരു ദൈവ നടത്തിപ്പായി ചിന്തിക്കാവുന്നതാണ്.

അമയന്നൂർ സെന്റ് മേരീസ് യാക്കോബായ പള്ളിയിൽ വച്ച് 1928 ൽ ശിശുവിന് മാമോദീസ നല്കി. സണ്ണി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ശിശുവിനെ മാമോദീസാ സമയത്ത് വല്യപ്പച്ചന്റെ പേരായ വർക്കി എന്ന് നാമകരണം ചെയ്തു. ഈ വല്ല്യപ്പച്ചന്റെ സ്വാധീനം കുട്ടിയെ വളരെ അധികം ആത്മീയനാക്കി. എല്ലാ ഞായറാഴ്ചകളിലും സണ്ണിയെ പള്ളിയിൽ കൊണ്ടുപോവുകയും വി. കുർബാനയിൽ ഭക്തിയോടെ സംബന്ധിക്കാൻ പരിശീലിപ്പിക്കുകയും ചെയ്തിരുന്നു. വി.കുർബാനയുടെ മർമ്മപ്രധാനമായ ഭാഗങ്ങളിൽ പ്രത്യേകിച്ച് കാസായും, പിലാസായും ഉയർത്തി ആഘോഷിക്കുമ്പോൾ വല്ല്യപ്പച്ചൻ കുട്ടിയെ ഉയർത്തി തോളിൽ ഇരുത്തിക്കൊണ്ട് മദ്ബഹായിൽ നടക്കുന്ന ദൃവ്യരഹസ്യങ്ങൾ കാണിച്ചുകൊടുക്കുമായിരുന്നു. ഇതെല്ലാം സണ്ണിയെ വളരെ ഗണ്യമായി സ്വാധീനിച്ചു എന്ന കാര്യത്തിൽ പക്ഷാന്തരമില്ല.

**വിദ്യാഭ്യാസം**

അമയന്നൂർ എൽ.പി.സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും മണർകാട് ഇട്ടി മെമ്മോറിയൽ സ്കൂളിൽ മിഡിൽ സ്കൂൾ വിദ്യാഭ്യാസവും കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസവും പൂർത്തീകരിച്ചു. സണ്ണി തേഡ്ഫോറത്തിൽ പഠിക്കുന്ന കാലത്താണ് ബഹു. ജേയ്ക്കബ് ചുണ്ടേവാലേൽ അച്ചനും കുടുംബവും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നത്. കുർബാനപ്പണം വാങ്ങുവാനായി തന്റെ പിതാവ് ജേക്കബ് ചുണ്ടേവാലേൽ അച്ചൻ അരമനയിൽ വരുമ്പോൾ സണ്ണിയും കൂടെ വരിക പതിവായിരുന്നു. വരുമ്പോഴെല്ലാം അന്നത്തെ മെത്രാപ്പൊലീത്ത ആയിരുന്ന സെവേറിയോസ് തിരുമേനിയുമായി സംസാരിക്കുകയും അഭി. തിരുമേനിക്കും, അരമനയിലെയും സെമിനാരിയിലെയും അച്ചന്മാർക്കും സണ്ണിയെ പറ്റി നല്ല മതിപ്പ് ഉണ്ടാവുകയും ചെയ്തിരുന്നു.

പത്താംക്ലാസ് പരീക്ഷ എഴുതികഴിഞ്ഞ് ഒരു ദിവസം സണ്ണി തന്റെ പിതാവുമായി അരമനയിൽ എത്തിയപ്പോൾ അഭി. സേവേറിയോസ് തിരുമേനി സണ്ണിയോട് ചോദിച്ചു. "ഇനിയും നീ എന്തുചെയ്യുവാൻ പോകുന്നു? സാറാകണോ,

www.malankaralibrary.com

അതോ എഞ്ചിനീയർ ആകണോ?" അല്പസമയത്തിനുശേഷം തിരുമേനി കല്പിച്ചു. നീ ഇനിയും ഒന്നിനും പോകണ്ട ഇങ്ങോട്ട് പോന്നാൽ മതി. ഇത് ദൈവത്തിന്റെ വലിയ വിളിയും സന്ദേശവും ആണ് എന്ന് ബോധ്യപ്പെട്ട സണ്ണി സെമിനാരിയിൽചേർന്ന് വൈദിക പഠനം ആരംഭിക്കുവാൻ തീരുമാനിച്ചു.

**ശെമ്മാശൻ**

വല്ല്യപ്പന്റെയും, കുടുംബാംഗങ്ങളുടെയും ആശീർവാദത്തോടുകൂടെ ജോർജ് (സണ്ണി) 1943ൽ ഇന്നത്തെ പുഷ്പഗിരി ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലത്ത്, ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്നു. അന്നത്തെ സെമിനാരി റെക്ടറായിരുന്ന ബഹു. തോമസ് പാഴൂരച്ചൻ, ബഹു. തോമസ് മൂലമണ്ണിൽ മല്പാനച്ചൻ, ബഹു. ജോസ് ഏറ്റുമാനൂക്കാരൻ അച്ചൻ, ബഹു. ജോസഫ് പടിഞ്ഞാറേക്കര അച്ചൻ എന്നീ ആത്മീയ ഗുരുക്കന്മാരുടെ ശിക്ഷണത്തിൻകീഴിൽ ബ്രദർ ജോർജ് ചുണ്ടേവാലേൽ 2 വർഷത്തെ മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കി. തുടർന്ന് ഉപരിപഠനത്തിനായി കാൻഡി (സിലോൺ) പേപ്പൻ സെമിനാരിയിൽ ചേരുകയും ഉപരിപഠനം വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തു.

**വൈദികൻ**

വൈദിക പഠനം പൂർത്തിയാക്കിയ ബഹു. ജോർജ് ശെമ്മാശൻ 1953 ആഗസ്റ്റ് 24-ാം തീയതി കാൻഡിയിൽവച്ച് അഭിവന്ദ്യബിഷപ്പ് ശ്ളനിയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. 25-8-1953ൽ കാൻഡിയിൽ വച്ച് ഫാദർ ജോർജ് ചുണ്ടേവാലേൽ പുത്തൻ കുർബാന അർപ്പിച്ചു. തുടർന്ന് ഡിസംബറിൽ തിരുവല്ലാ രൂപതയിലെ മൂവാറ്റുപുഴ മേഖലയിലെ കോതമംഗലം, നെല്ലിമറ്റം എന്നീ ഇടവകകളിലെ വികാരിയായി നിയമിക്കപ്പെട്ടു. അതിനുശേഷം അമയന്നൂരിൽ ബഹു. ജേക്കബ് അച്ചനെ സഹായിച്ചുകൊണ്ട് അമയന്നൂരിൽ അച്ചന്റെ സഹവികാരിയായി നിയമിക്കപ്പെട്ടു.

തുടർന്ന് രണ്ട് വർഷക്കാലത്തേക്ക് 1956 ജൂൺമുതൽ രൂപതയുടെ പ്രോക്കുറേറ്റർ ആയി സേവനം അനുഷ്ഠിച്ചു.

രൂപതയുടെ പ്രോക്കുറേറ്റർ ജോലിയിൽനിന്ന് വിരമിച്ച ഫാദർ ജോർജിനെ 1958 മുതൽ തിരുവല്ലാ രൂപതയുടെ മൈനർ സെമിനാരി റെക്ടറായി അവരോധിച്ചു. 1963 ൽ അദ്ദേഹം ഉപരിപഠനത്തിനായി റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലേക്ക് പോയി. അവിടെ ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം സമ്പാദിച്ചശേഷം തിരുവല്ലായിൽ തിരിച്ചെത്തി. 1967 മുതൽ 1980 വരെ വീണ്ടും മൈനർ സെമിനാരി റെക്ടറായി ചുമതല ഏൽക്കുകയും ചെയ്തു. തിരുവല്ലാ രൂപതയിലേയും, ബത്തേരി രൂപതയിലേയും നല്ല ശതമാനം വൈദികരും അദ്ദേഹത്തിന്റെ ശിഷ്യരാണ്. 1980 ൽ തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ വികാരിയായി ചുമതല ഏറ്റു. അദ്ദേഹത്തിന്റെ കാലത്ത് കത്തീഡ്രൽ

www.malankaralibrary.com

പള്ളിക്ക് അഭൂതപൂർവ്വമായ വളർച്ചയാണ് ഉണ്ടായത്. മനോഹരവും, പ്രൗഢവുമായ സെന്റ് ജോൺസ് ഓഡിറ്റോറിയം, മനോഹരമായ കൽകുരിശ്, റോഡരികിൽ ഉള്ള മനോജ്ഞമായ കുരിശിൻ തൊട്ടി, 40 അറകളുള്ള കോൺക്രീറ്റ് കല്ലറ, വൈദികമന്ദിരം ഇവയെല്ലാം എടുത്തുപറയേണ്ടതാണ്. നല്ല ഒരു സുവിശേഷപ്രസംഗകനായ ജോർജ്ജച്ചൻ തിരുവല്ലായിലുള്ള എല്ലാ ജനങ്ങളാലും ബഹുമാനിക്കപ്പെട്ടിരുന്നു.

**വികാരി ജനറൽ**

1984 ഫെബ്രുവരി 16-ാം തീയതി ജോർജ് ചുണ്ടേവാലേൽ അച്ചനെ രൂപതയുടെ വികാരി ജനറൽ ആയി ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ നിയമിച്ചു. മെത്രാപ്പോലീത്തായുടെ വിശ്വസ്തനായി നിന്നുകൊണ്ട് രൂപതയുടെ നാനാവിധമായ വളർച്ചയ്ക്ക് വികാരിജനറൽ എന്ന നിലയിൽ അച്ചന്റെ ശുശ്രൂഷ ഏറ്റം അഭിനന്ദനാർഹമായിരുന്നു.

**രൂപതാ അഡ്നിമിനിസ്ട്രേറ്റർ**

തിരുവല്ലാ രൂപതയുടെ നാലാമത്തെ മെത്രാപ്പോലീത്ത അഭി. മാർ യൂഹാനോൻ തിരുമേനി ആകസ്മികമായി 1987 ഏപ്രിൽ 28 ന് കാലം ചെയ്തു. 1987 ഏപ്രിൽ 29ന് രൂപതാ വൈദിക കൗൺസിൽ ജോർജ് ചുണ്ടേവാലേൽ അച്ചനെ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയി തിരഞ്ഞെടുത്തു. യൂഹാനോൻ തിരുമേനിയുടെ കബറടക്ക ശുശ്രൂഷകൾക്ക് അദ്ദേഹം നല്കിയ നേതൃത്വം, കർദിനാൾ സൈമൺ ഡി. ലൂർദ് സ്വാമിക്ക് 1987ൽ നൽകിയ സ്വീകരണം, നിരണഞ്ഞുവച്ചു നടത്തിയ പുനരൈക്യവാർഷികം, ഭാരതത്തിലെ 12 ഓളം മെത്രാന്മാർക്ക് തിരുവല്ലായിൽ നല്കിയ സ്വീകരണം -ഇവയുടെ എല്ലാം പിറകിൽ, വിജയത്തിനായി ചുക്കാൻ പിടിച്ചത് മോൺസിഞ്ഞോർ ജോർജ് ചുണ്ടേവാലേൽ ആയിരുന്നു. സഭയോടൊത്ത് ചിന്തിക്കുകയും, സഭയെ ഉന്നതിയിലേക്ക് നയിക്കുകയും ചെയ്ത മോൺസിഞ്ഞോർ അച്ചൻ നാനാവിഭാഗത്തിലുള്ള ജനങ്ങളുടെ പ്രശംസ പിടിച്ചുപറ്റി.

**മെത്രാപ്പോലീത്ത**

ഈ നൂറ്റാണ്ടിൽ മലങ്കര സഭയെ പ്രത്യേകിച്ച് തിരുവല്ലാ രൂപതയെ നയിക്കുവാൻ ദൈവം കരുത്തുള്ള കരങ്ങളെ ഒരുക്കിയതിന്റെ പ്രത്യക്ഷമായ അടയാളമായിരുന്നു. അഭി. തിമോത്തിയോസ് തിരുമേനിയുടെ മെത്രാഭിഷേകം. 1988 മെയ് 19ന് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് രൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള പരി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ പ്രഖ്യാപനം നടന്നു. 1988 ജൂൺ 26ന് സ്വന്തം ഇടവകയായ അമയന്നൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയിൽവച്ച് മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന അഭി. ഗ്രിഗോറിയോസ് തിരുമേനിയിൽനിന്ന് റമ്പാൻസ്ഥാനം സ്വീകരിച്ചു. 1988 ഓഗസ്റ്റ് 6-ന് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ അങ്കണത്തിൽ സജ്ജമാക്കിയ പന്ത

www.malankaralibrary.com

ലിൽവച്ച് അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ പ്രാധാന കാർമ്മികത്വത്തിലും അഭിവന്ദ്യരായ പൗലോസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്ത, സിറിൾ മാർ ബസേലിയോസ് മെത്രാപ്പോലീത്ത, ലോറൻസ് മാർ അപ്രേം എപ്പിസ്കോപ്പാ എന്നിവരുടെ സഹകാർമ്മികത്വത്തിലും തിരുവല്ലാ രൂപതയുടെ മെത്രാപ്പോലീത്തായായി മാർ തിമോത്തിയോസ് എന്ന പേരിൽ മോൺ ജോർജ് ചുണ്ടേവാലേൻ വാഴിക്കപ്പെട്ടു. ഈ ശുശ്രൂഷയിൽ കേരളത്തിലെ കത്തോലിക്കാ മെത്രാന്മാരും മറ്റു സഭകളിലെ മെത്രാന്മാരും സംബന്ധിച്ചിരുന്നു.

തുടർന്ന് തിരുവല്ലാ രൂപതയ്ക്ക് ഉണ്ടായ വളർച്ച അഭൂതപൂർവ്വമായിരുന്നു. മിതഭാഷി എങ്കിലും പുഞ്ചിരികൊണ്ട് ഏവരെയും ആകർഷകമായി സ്വാഗതം ചെയ്യുന്ന തിരുമേനി പരിചയപ്പെടുന്ന ഏതൊരു ഹൃദയത്തിലും മായാതെ നില നിൽക്കുന്ന വലിയ വ്യക്തിത്വത്തിന്റെ ഉടമയാണ്. 1993-96 കാലഘട്ടത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമതിയുടെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. 1994 മുതൽ ഭാരതീയമെത്രാൻ സംഘത്തിന്റെ വൈസ് പ്രസിഡന്റായി രണ്ടു പ്രാവശ്യം തുടർച്ചയായി ശുശ്രൂഷ ചെയ്തു. മലങ്കര സഭയുടെ ലിറ്റർജിക്കൽ കമ്മറ്റിയുടെ ചെയർമാനായി അഭി. തിരുമേനി സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിക്കുന്നു. മലങ്കര സഭയുടെ ആരാധനാ ക്രമത്തിന്റെ കാവൽ ഭടനായി അഭി. തിമോത്തിയോസ് തിരുമേനി അറിയപ്പെടുന്നു. മലങ്കര കത്തോലിക്കാസഭയ്ക്ക് മറ്റ് ഏത് പൗരസ്ത്യ സഭയേയും പോലെ അതിന്റേതായ ആരാധനക്രമവും, ദൈവവിജ്ഞാനീയവും, ആദ്ധ്യാത്മികതയും, ശിക്ഷണക്രമവും ഉണ്ട്. ശരിയായ ആദ്ധ്യാത്മികത സഭാപരമാണ്. അത് സഭാപരമാകുന്നത് ആരാധനക്രമം അനുസരിച്ച് ഉള്ള ആരാധന വഴിയാണ്. മലങ്കര സഭയുടെ ആധ്യാത്മികത വ്യക്തമാകുന്നത് ഈ സഭയുടെ ആരാധനക്രമ അനുഷ്ഠാനംവഴിയാണ്. ഈ രംഗത്ത് അഭി. തിമോത്തിയോസ് തിരുമേനി നൽകുന്ന സേവനം അനിർവചനീയമാണ്.

എഴുപത്തി അഞ്ചാം വയസ്സിലേക്ക് പ്രവേശിക്കുന്ന തിരുമേനിക്ക് ഇനിയും ഏറെക്കാലം സഭയെ ശുശ്രൂഷിക്കുവാൻ തക്ക പരിശുദ്ധാത്മ കൃപ ധാരാളമായി ഉണ്ടാകട്ടെ. ഇത്തരുണത്തിൽ അഭി. തിരുമേനിയുടെ സപ്തതി ആഘോഷവേളയിൽ ഭാഗ്യസ്മരണാർഹനായ അഭി. പൗലോസ് മാർഫീലക്സിനോസ് തിരുമേനി പാടിയ കവിതയുടെ രണ്ടുവരി കുറിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കട്ടെ.

"രൂപത തൻ സുവർണ്ണ കാലഘട്ടമായ് വാഴ്ത്തു
മങ്ങേ വാഴ്ചകാലത്തെയെക്കണ്ട് സഭാമക്കൾ"

രൂപതാചരിത്രത്തിൽ കാഞ്ചന ലിപികളിൽ രേഖപ്പെടുത്തുമോ നിസ്വാർത്ഥ കർമ്മങ്ങളെ അല്ലയോ തിമോത്തിയോസ് പിതാവേ. അങ്ങേയ്ക്ക് ഞങ്ങൾ നേരുന്നു ദീർഘായുസുമൊപ്പം നല്ല ആരോഗ്യവും. ശതാബ്ദി പോലും നമുക്കാഘോഷിക്കുവാനായി ദൈവം സാഹചര്യമൊരുക്കട്ടെ എന്ന് ആശിക്കാം. ■

www.malankaralibrary.com

# ഉള്ളടക്കം

സമർപ്പണം
രചയിതാക്കൾ
അവതാരിക
സപ്തപഞ്ചനിറവിൽ
പ്രസംഗങ്ങൾ
1. ഇരുപത്തി അഞ്ച് നോമ്പ് ആരംഭം ..... 13
2. യൽദാ പെരുന്നാൾ ..... 16
3. മൂന്നു നോമ്പ് ..... 21
4. ഓശാനാ ഞായർ ..... 27
5. പെസഹാ വ്യാഴം ..... 32
6. ദുഃഖവെള്ളി (പ്രസംഗം 1) ..... 35
7. ദുഃഖവെള്ളി (പ്രസംഗം 2) ..... 40
8. ദുഃഖശനി ..... 45
9. ഉയിർപ്പുതിരുനാൾ ..... 51
10. ശ്ലീഹാ നോമ്പ് ..... 55
11. അമലോത്ഭവ തിരുനാൾ ..... 60
12. എട്ടുനോമ്പ് ഒന്നാം ദിവസം ..... 64
13. എട്ടുനോമ്പ് രണ്ടാം ദിവസം ..... 68
14. എട്ടുനോമ്പ് മൂന്നാം ദിവസം ..... 74
15. എട്ടുനോമ്പ് നാലാം ദിവസം ..... 80
16. എട്ടുനോമ്പ് അഞ്ചാം ദിവസം ..... 85
17. എട്ടുനോമ്പ് ആറാം ദിവസം ..... 90
18. എട്ടുനോമ്പ് ഏഴാം ദിവസം ..... 94
19. എട്ടുനോമ്പ് എട്ടാം ദിവസം ..... 101
20. ദുക്റാന തിരുനാൾ ..... 105
21. ദനഹാ തിരുനാൾ ..... 111
22. പെന്തക്കോസ്തി പെരുന്നാൾ ..... 114
23. മാമോദീസ ..... 120
24. മൂറോനഭിഷേകം ..... 126
25. കുമ്പസാരം ..... 129
26. വി.കുർബാന ..... 137
27. ആദ്യകുർബാന സ്വീകരണം ..... 140
28. വിവാഹം (പ്രസംഗം 1) ..... 144
29. വിവാഹം (പ്രസംഗം 2) ..... 152
30. വിവാഹം (പ്രസംഗം 3) ..... 158
31. കുടുംബദിനം (വിവാഹവാർഷികം) ..... 161
32. തിരുപ്പട്ടസ്വീകരണം ..... 166
33. പ്രഥമദിവ്യബലി അർപ്പണം ..... 175
35. ശവസംസ്കാരം ..... 182
36. മേൽപ്പട്ടക്കാരുടെ ഓർമ്മ ..... 188
37. വിശുദ്ധന്മാരോടുള്ള വണക്കം ..... 193
38. പുനരൈക്യദിനം ..... 200
39. ജൂബിലി ..... 203

www.malankaralibrary.com

# ഇരുപത്തഞ്ചുനോമ്പ് ആരംഭം

## (യോഹ. 1:15)

നാം ഇന്ന് 25 നോമ്പ് ആരംഭിക്കുകയാണ്. ഇന്നുമുതൽ ഡിസംബർ 25 വരെ, യൽദാതിരുനാൾ വരെയുള്ള ദിവസങ്ങൾ നമുക്ക് ഒരുക്കത്തിന്റെ ദിവസങ്ങളാണ്, ഈ ഭൂമിയിൽ മനുഷ്യരൂപം ധരിച്ചു അവതീർണ്ണനായ ദൈവകുമാരനെ സ്വീകരിക്കാനുള്ള ഒരുക്കത്തിന്റെ കാലമാണ് ഈ 25 ദിവസങ്ങൾ.

നമ്മുടെ ഒരുക്കം എപ്രകാരമുള്ളതായിരിക്കണമെന്ന് നാം ഇന്ന് വായിച്ചുകേട്ട സുവിശേഷവാക്യങ്ങൾ നമുക്കു പറഞ്ഞു തരുന്നുണ്ട്. യോഹന്നാൻ സുവിശേഷമെഴുതാൻ ഒരുങ്ങിയതുപോലെ നാം മിശിഹായുടെ ജനനത്തിരുന്നാളിനുവേണ്ടി ഒരുങ്ങണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. അതിനാലാണ് ഈ വാക്യങ്ങൾ ഇന്ന് നമ്മുടെ ചിന്തയ്ക്കായി നല്കപ്പെട്ടത്. യേശുവിന്റെ ഈ ലോകത്തിലെ സാന്നിധ്യവും പ്രവർത്തനവും മരണവും ഉത്ഥാനവും ഉൾക്കൊള്ളുന്ന സുവിശേഷം ആരംഭിക്കുന്നതിനുമുമ്പ് യോഹന്നാൻ യേശുവിന്റെ ജനനത്തിനു മുമ്പുള്ള അവസ്ഥയെപ്പറ്റി ധ്യാനിച്ചു. ആ ധ്യാന ഫലങ്ങളാണ് സുവിശേഷത്തിന്റെ ആദ്യഭാഗത്ത് അദ്ദേഹം വിവരിക്കുന്നത്. 1:14-ൽ വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചുവെന്ന് പറഞ്ഞുകൊണ്ട് യേശുവിന്റെ ഈ ലോകത്തിലെ സാന്നിധ്യത്തെപ്പറ്റി അദ്ദേഹം സംസാരിക്കുന്നു. എന്നാൽ അതിനുമുൻപുള്ള 13 വാക്യങ്ങളിൽ യേശു ജനിക്കുന്നതിനു മുൻപുള്ള അവസ്ഥയെപ്പറ്റിയാണ് സംസാരിക്കുന്നത്. യേശുദൈവവചനമായി ദൈവത്തോടൊപ്പം വസിച്ച കാര്യമാണിവിടെ വിഷയം. വചനത്തെപ്പറ്റി ധ്യാനിച്ച് വചനത്തിന്റെ ശരീരധാരണത്തെപ്പറ്റി യോഹന്നാൻ സുവിശേഷം എഴുതിയതുപോലെ വചനത്തെപ്പറ്റി ധ്യാനിച്ചു വചനത്തിന്റെ ശരീരധാരണമായ ക്രിസ്തുമസ്സിലേയ്ക്കു നാം നടന്നടുക്കണമെന്നതാണ് സഭയുടെ ആഗ്രഹം.

ഇന്നത്തെ സുവിശേഷ ഭാഗത്ത് പ്രധാനമായും മൂന്നു വിഷയങ്ങളാണ് ചർച്ചചെയ്യുന്നത്. ഒന്ന് വചനവും ദൈവവുമായുള്ള ബന്ധം. രണ്ട്, വചനവും സൃഷ്ടജാലങ്ങളുമായുള്ള ബന്ധം. മൂന്ന്, വചനവും മനുഷ്യകുലവുമായുള്ള ബന്ധം.

### 1. വചനവും ദൈവവും

“ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു.” (യോഹ. 1:1). പുത്രൻ തമ്പുരാനായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള വെളിപാടിന്റെ ചുരുക്കമാണ് ഈ വാക്യം. അവതരിച്ച വചനമായ യേശു അനാദിമുതൽ പിതാവുമായി ഗാഢബന്ധം പുലർത്തിയിരുന്നു. ഇങ്ങനെ ദൈവവുമായി ഗാഢബന്ധമുള്ള, ദൈവം തന്നെയായ വചനമാണ് യേശുക്രിസ്തു. ആദിയിൽ ദൈവത്തോടുകൂടിയായിരുന്നു വചനം എന്നു പറയുമ്പോൾ ദൈവവും വചനവും എന്ന് രണ്ടു ആത്യന്തിക യാഥാർത്ഥ്യങ്ങൾ ഉണ്ടായിരുന്നുവെന്നു മാത്രമല്ല, ഈ യാഥാർത്ഥ്യ

www.malankaralibrary.com

ങ്ങൾ തമ്മിലുള്ള ബന്ധവും ഈ വാക്കുകളിൽ സുവിശേഷകൻ വ്യക്തമാക്കുന്നു. ദൈവത്തോടുകൂടിയായിരുന്നുവെന്നു പറയുമ്പോൾ ദൈവാഭിമുഖനായി, ദൈവോന്മുഖനായി ദൈവവുമായുള്ള പൂർണ്ണ ഐക്യത്തിൽ കഴിഞ്ഞിരുന്നുവെന്നാണ് അർത്ഥമാക്കുന്നത്. "ദൈവത്തോടുകൂടെ"യെന്ന പ്രയോഗത്തിന്റെ അർത്ഥം വിശദീകരിക്കുകയാണ് യോഹന്നാൻ 1:18-ൽ. അവിടെ പറയുന്നു: "ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. പിതാവിന്റെ ഹൃദയത്തോടു അടുത്തുവസിച്ച (പിതാവുമായി ഗാഢബന്ധം പുലർത്തിയ) ദൈവംതന്നെയായ ഏകജാതൻ മാത്രമാണ് ദൈവത്തെ വെളിപ്പെടുത്തിയത്". അതിനാൽ ദൈവത്തെ അറിയാൻ യേശുവല്ലാതെ വേറൊരു മാർഗ്ഗമില്ല. യേശുവിന്റെ തന്നെ വാക്കുകളിൽ അവിടുന്നു "വഴിയും സത്യവും ജീവനു"മാകുന്നു. വീണ്ടും അവിടന്നു പറയുന്നു. "എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു." (യോ. 146-7)

ദൈവത്തെപ്പറ്റി സ്വാഭാവിക മനുഷ്യൻ വച്ചുപുലർത്തുന്ന ആശയങ്ങളൊന്നും ശരിയല്ലെന്നാണ് ഈ വാക്കുകളുടെ അർത്ഥം. ദൈവം പലർക്കും ഒരു സങ്കല്പമാണ്. സങ്കല്പങ്ങൾ സങ്കല്പിക്കുന്ന വ്യക്തിയുടെ മനശ്ശാസ്ത്രപരമായ സവിശേഷതകൾക്കനുസരിച്ചുള്ളതായിക്കും അയാളുടെ ദൈവസങ്കല്പം. ദൈവത്തെപ്പറ്റി അറിയാനുള്ള മാർഗ്ഗം വെളിപാടാണ്. ദൈവം താൻ ആരെന്ന് പറഞ്ഞുതന്നെങ്കിൽ മാത്രമെ ദൈവത്തെപ്പറ്റി മനുഷ്യനു മനസ്സിലാക്കാൻ കഴിയൂ. ചില പ്രാചീനമതങ്ങളിലെ വിഗ്രഹാരാധാനയും അസാന്മാർഗ്ഗികമായ കർമ്മങ്ങളും ആ മതവിഭാഗങ്ങളുടെ ദൈവസങ്കല്പത്തിൽനിന്നുണ്ടായതാണ്. സങ്കല്പത്തിലെ ദൈവത്തെ പ്രീതിപ്പെടുത്താൻവേണ്ടി സങ്കല്പിക്കുന്നവന് പ്രീതികരമായ കാര്യങ്ങൾ സമർപ്പിച്ചു. അങ്ങനെയാണ് അസാന്മാർഗ്ഗികതപോലും മതകർമ്മങ്ങളിൽ കടന്നുവന്നത്. എന്നാൽ ദൈവം യേശുവിൽകൂടി സ്വയം വെളിപ്പെടുത്തി. അങ്ങനെ യഥാർത്ഥത്തിൽ ദൈവമാരെന്നറിയാൻ നമുക്കു സന്ദർഭം നല്കി.

**2. വചനവും സൃഷ്ടജാലങ്ങളും**

ഇന്നത്തെ സുവിശേഷം വചനത്തെപ്പറ്റി നമുക്കു നൽകുന്ന മറ്റൊരു പ്രധാനപ്പെട്ട പ്രബോധനവചനം എങ്ങനെ സൃഷ്ടങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ്. "എല്ലാം അവൻ മുഖാന്തിരം സൃഷ്ടിക്കപ്പെട്ടു. അവൻ വഴിയല്ലാതെ ഒന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല." വചനം ദൈവപിതാവിനോടൊപ്പം സൃഷ്ടികർമ്മത്തിൽ സഹകരിച്ച സഹസ്രഷ്ടാവാണ്. നമ്മുടെ അസ്തിത്വത്തിന്റെ ഉടയവനാണ് വചനം. നാം എന്തായിരിക്കുന്നുവോ അത് വചനം അങ്ങനെ നമ്മെ ആക്കിത്തീർത്തതുകൊണ്ടാണ്. നമ്മുടെ അസ്തിത്വത്തിന്റെ മാത്രമല്ല നമ്മുടെ ക്രിയകളുടെയും ആത്യന്തിക ഉത്തരവാദിത്വം വചനത്തിനാണ്. ഈ സുവിശേഷത്തിന്റെ 15:5-ൽ യേശു പറയുന്നു: "എന്നെ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യാൻ സാധിക്കുകയില്ല." അതായത് നല്ലതായി, പ്രശംസനീ

www.malankaralibrary.com

യമായി, നമുക്കും മറ്റുള്ളവർക്കും പ്രയോജനപ്രദമായി നാം എന്തെങ്കിലും ചെയ്യുന്നെങ്കിൽ അതു നാമല്ല, യേശു നാംവഴിയായി ചെയ്യുകയാണെന്നാണ് വചനം ഘോഷിക്കുന്നത്. "എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നുംചെയ്യാൻ കഴിയുകയില്ല." എന്താണ് ഇങ്ങനെ വരാൻ കാര്യം? അവനെ കൂടാതെ ലഭിച്ചതല്ല നമ്മുടെ അസ്തിത്വം. വചനം നൽകിയ അസ്തിത്വം വചനത്തോടുചേർന്നു മാത്രമേ എന്തെങ്കിലും നന്മചെയ്യാൻ ശക്തമാകൂ എന്നാണിതിന്റെ അർത്ഥം. അസ്തിത്വത്തിന്റെ ഉത്തരവാദിയോടുചേർന്നു മാത്രമേ പ്രവർത്തിക്കാവൂ. അപ്പോൾ മാത്രമേ നാം വിജയിക്കുകയുള്ളൂ.

### 3. വചനവും മനുഷ്യനും

വചനത്തോടൊപ്പമല്ലാതെ നമുക്കു ഒന്നും ചെയ്യാൻ കഴിയുകയില്ല എന്നതിന്റെ തുടർച്ചയാണ് ഇനിയും വരുന്ന വാക്കുകൾ "അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യന്റെ പ്രകാശമാണ്." പിതാവിനോടുള്ള ഗാഢബന്ധത്തിൽ നിന്നുളവാകുന്ന ദൈവിക ജീവനെപ്പറ്റിയാണ് ഇവിടെ പറയുന്നത്. ദൈവികജീവൻ യേശുവിൽ നിറഞ്ഞു നില്ക്കുന്നുണ്ടായിരുന്നു. ആ ജീവൻ മനുഷ്യർക്കു പ്രകാശമാണെന്നാണ് വചനം പറയുന്നത്. ജീവനും പ്രകാശവും യോഹന്നാന്റെ സുവിശേഷത്തിലെ അതിപ്രധാനമായ രണ്ടു ആശയങ്ങളാണ്. ജിവനും പ്രകാശവും രണ്ടു യാഥാർത്ഥ്യങ്ങളല്ല, ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ടുവശങ്ങളാണ്. യേശുവിൽ മനുഷ്യജീവൻ അതിന്റെ അർത്ഥം കണ്ടെത്തുന്നു. അർത്ഥമില്ലാത്ത ജീവിതം മരണമാണ്. അർത്ഥമുള്ള ജീവിതം യഥാർത്ഥ ജീവനും. നാം ആരെന്ന്, നാം എന്തിനുവേണ്ടിയെന്ന്, നമ്മുടെ ആത്യന്തിക ലക്ഷ്യമെന്തെന്ന് മനസ്സിലാക്കാൻ നാം യേശുവിലേയ്ക്ക് തിരിയേണ്ടതുണ്ട്. ദൈവം സ്നേഹിക്കുന്ന, തന്റെ പുത്രനെ നൽകുവാൻ തക്കവണ്ണം സ്നേഹിക്കുന്ന, ദൈവത്തിന്റെ ദൃഷ്ടിയിൽ സ്നേഹയോഗ്യരായ, ദൈവത്തിനു പ്രിയപ്പെട്ട വ്യക്തികളാണ് നാം. ഈ ചിന്തയാണ് നമ്മുടെ ജീവിതത്തിന്, അസ്തിത്വത്തിന്, അർത്ഥം നല്കുന്നത്. അങ്ങനെ യേശു നമ്മുടെ ജീവനായിത്തീരുന്നു.

ഇതേ യേശു നമ്മുടെ പ്രകാശവുമാണ്. മനുഷ്യജീവൻ അർത്ഥമുള്ളതാണെന്നു കണ്ടെത്തുമ്പോൾ ആ അർത്ഥം കണ്ടെത്താനും നിലനിർത്താനുമായി നാം ജീവിക്കും. യേശു എന്ന ജീവൻ എങ്ങനെ ജീവിക്കണമെന്ന് നമുക്ക് പ്രചോദനം നൽകുന്നു. നമ്മുടെ പാതകങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമായിതീരുന്നു, യേശു എന്ന ജീവനെപ്പറ്റിയുള്ള അറിവ്. നാം വിശുദ്ധകുർബാനയിൽ പാടാറുണ്ടല്ലോ.

വെളിവുനിറഞ്ഞോരീശോനിൻവെളിവാൽ കാണുന്നു
വെളിവീയടിയാരഖിലാധാരമതാംവെളിവുംനീ.

യേശുവിന്റെ പ്രകാശത്തിലാണ് നാം പ്രകാശം ദർശിക്കുന്നത്. എങ്ങനെ നടക്കണമെന്ന് ആ പ്രകാശം നമ്മെ പഠിപ്പിക്കുന്നു. ആ പ്രകാശം ഏറ്റുവാങ്ങി പ്രകാശത്തിൽ സഞ്ചരിച്ച് ജനനത്തിരുനാളിനുവേണ്ടി നമ്മെത്തന്നെ ഒരുക്കാം.

www.malankaralibrary.com

# യൽദാപെരുന്നാൾ

നാം ഇന്ന് നമ്മുടെ രക്ഷകന്റെ ജനനപ്പെരുന്നാൾ ആഘോഷിക്കുകയാണ്. ഏറ്റവും വലിയ അത്ഭുതത്തിന്റെ അനുസ്മരണവും ആഘോഷവുമാണിത്. സർവ്വശക്തൻ ബലഹീനശിശുവായി നമ്മുടെ മുമ്പിൽ അവതരിച്ച അത്യത്ഭുതമാണ് യേശുവിന്റെ ജനനത്തിൽ സംഭവിച്ചത്. ആകാശവും ഭൂമിയും ആകാശഗോളങ്ങളും സർവ്വചരാചരങ്ങളുമുണ്ടെങ്കിലും തന്നെ ഉൾക്കൊള്ളാൻ കഴിയാത്തവൻ ഒരു ചെറിയ ശിശുവിന്റെ ശരീരത്തിൽ തന്നെ ഒതുക്കി പുൽത്തൊട്ടിലിൽ പ്രത്യക്ഷപ്പെട്ട തിരുനാളാണിത്. നൂറ്റാണ്ടുകളുടെ പാപപാരമ്പര്യത്തിൽ കഴിഞ്ഞ് ദൈവത്തിൽ നിന്നകന്നുപോകുകയും ദൈവവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്ത ശത്രുവിനെ തേടി ദ്രോഹിക്കപ്പെട്ട ദൈവം ഇറങ്ങി വന്ന മഹാത്ഭുതമാണ് നാമിന്നാഘോഷിക്കുന്നത്. മനുഷ്യബുദ്ധിക്കു ഒരിക്കലും പൂർണ്ണമായി മനസ്സിലാക്കാൻ കഴിയാത്ത അനന്തവും അഗ്രാഹ്യവും മനുഷ്യ സങ്കല്പങ്ങളിലെത്തിയിട്ടില്ലാത്തതുമായ ദൈവസ്നേഹം മനുഷ്യനെ തേടി വന്നു. യോഹന്നാൻ സുവിശേഷകൻ ഈ സത്യം മനസ്സിലാക്കിയിട്ടാണ് ഇങ്ങനെ എഴുതിയത്. "അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3: 16).

യേശുവിനെ നമുക്കു നല്കിയ ദൈവത്തിന്റെ സ്നേഹം അഗ്രാഹ്യവും അത്ഭുതാവഹവുമാണെങ്കിലും യാദൃച്ഛികമല്ല. ലോകത്തിന്റെ സൃഷ്ടിയിൽ ദൈവത്തോടൊപ്പം സഹകരിച്ച വചനം ലോകരക്ഷയിൽ തന്നെതന്നെ ദാനം ചെയ്തു. "നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടി"ക്കാമെന്ന ദൈവത്തിന്റെ വചനം മനുഷ്യസൃഷ്ടിക്കു ഹേതുവായി. ഈ വചനത്താൽത്തന്നെയാണ് ദൈവം മനുഷ്യനെ രക്ഷിക്കുന്നത്, മനുഷ്യന് നിത്യജീവൻ നൽകുന്നത്. സൃഷ്ടിയിൽ ആരംഭിച്ചതാണ് ദൈവത്തിന്റെ സ്നേഹം അത് രക്ഷയിൽ പൂർത്തിയാകുന്നു. മനുഷ്യൻ നിത്യനാശത്തിന്റെ പാതയിൽ ചരിക്കാൻ തുടങ്ങിയപ്പോഴേ ദൈവം രക്ഷകനെ വാഗ്ദാനം ചെയ്തു കഴിഞ്ഞു. പാപത്തിലേക്കു നയിച്ച പാമ്പിനോട് ദൈവം പറഞ്ഞു "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാലിൽ കടിക്കും" (ഉത്പത്തി 3: 15). പാപപ്രേരണയായ പാമ്പിന്റെ തല തകർക്കാൻ ദൈവം അയച്ച രക്ഷകനാണ് യേശു.

ബേത്‌ലഹേമിൽ ജനിച്ച ഈ ശിശുവിനെ ഏതാണ്ട് എഴുന്നൂറിലധികം വർഷങ്ങൾക്കുമുമ്പ് ഏശയ്യാ പ്രവാചകൻ പ്രവചന ദൃഷ്ടിക്കൊണ്ട് ദർശിച്ചിരുന്നു.

www.malankaralibrary.com

അദ്ദേഹം പറയുന്നു.

നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു
നമുക്കു ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു
അധികാരം അവന്റെ ചുമലിലാണ്
അവന്റെ പേര് അത്ഭുതവാനായ ഉപദേശകൻ,
ശക്തനായ ദൈവം, നിത്യനായ പിതാവ്
സമാധാനത്തിന്റെ രാജകുമാരൻ എന്നാണ് (ഏശയ്യാ 9 : 6)

ഈ പ്രവചനത്തിന്റെ പൂർത്തീകരണം എന്ന നിലയിലാണ് യേശു അവതരിച്ചത്. ഈ വലിയ ദാനത്തെ പ്രതി, യേശു എന്ന ഈ ദൈവികദാനത്തെ പ്രതി നമുക്കു ദൈവത്തിനു നന്ദി പറയാം.

യേശുവിന്റെ ജനനമെന്ന മഹാരഹസ്യം ആഘോഷിക്കാനും ആ രഹസ്യത്തിൽ നിന്ന് നമ്മുടെ ആദ്ധ്യാത്മിക-ഭൗതിക ജീവിതത്തിന് ആവശ്യമായ അനുഗ്രഹങ്ങൾ ശേഖരിക്കാനും വേണ്ടിയാണ് നാം ഈ രാത്രിയിൽ ഇവിടെ സമ്മേളിച്ചിരിക്കുന്നത്. നമ്മുടെ ആരാധനക്രമത്തിലൂടെ അനാവരണം ചെയ്യപ്പെടുന്ന ക്രിസ്തു രഹസ്യത്തിന്റെ വിവിധ തലങ്ങളിലേയ്ക്ക് നമുക്ക് കടന്നുചെല്ലാൻ ശ്രമിക്കാം.

യൽദായുടെ സവിശേഷശുശ്രൂഷയിൽ സന്ധ്യാപ്രാർത്ഥന, രാത്രിപ്രാർത്ഥന, തീ ഉഴലിച്ച ശുശ്രൂഷ, പ്രദക്ഷിണം, സ്ലീബാ ആഘോഷം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വിവിധ ശുശ്രൂഷകളിൽ യൽദായ്ക്കു മാത്രമായിട്ടുള്ള ശുശ്രൂഷ തീ ഉഴലിച്ച ശുശ്രൂഷയാണ്. അതിന്റെ അന്തരാർത്ഥത്തിലേയ്ക്ക് പ്രവേശിക്കാൻ ശ്രമിക്കാം.

പ്രദക്ഷിണത്തിന്റെ മദ്ധ്യത്തിൽ ദേവലായത്തിന്റെ പടിഞ്ഞാറേ വാതിലിന് വെളിയിൽ പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കുരിശാകൃതിയിലുള്ള കുഴിയിൽ, സജ്ജമാക്കിയിരിക്കുന്ന ഉണങ്ങിയ കുരുത്തോലകൾ കത്തിച്ചു പ്രകാശം പരത്തിക്കൊണ്ടാണ് തീ ഉഴലിച്ച ശുശ്രൂഷ നടത്തുന്നത്. അത് സുവിശേഷ വായനയുടെ മദ്ധ്യത്തിലാണു താനും. ഇവിടെ നാം വായിക്കുന്ന സുവിശേഷഭാഗം ലൂക്കോസ് 2:1-20 ആണ്. യേശുവിന്റെ ബേത്ലഹേമിലെ ജനനവും ആ ജനനസമയത്ത് ആട്ടിടന്മാർക്കുണ്ടായ അനുഭവവുമാണ് ഈ സുവിശേഷഭാഗത്തിലെ പ്രധാന വിഷയം. യേശു ബേത്ലഹേമിലെ പുൽക്കൂട്ടിൽ ജനിച്ച സമയത്ത്, "ആട്ടുകളെ രാത്രികാത്തുകൊണ്ടിരുന്ന ഇടയന്മാരുണ്ടായിരുന്നു കർത്താവിന്റെ ദൂതൻ അവരുടെ അടുത്തെത്തി. കർത്താവിന്റെ മഹത്വം അവരുടെമേൽ പ്രകാശിച്ചു". ഇത്രയും വായിച്ചശേഷം "വെളിവു നിറഞ്ഞോരീശോ......" എന്ന ഗാനം ചൊല്ലിക്കൊണ്ട് വൈദികൻ സജ്ജമാക്കിയിരിക്കുന്ന കുഴിയിൽ തികത്തിച്ചുകൊണ്ട് തീഉഴലിച്ച ശുശ്രൂഷ നടത്തുന്നു. ലൂക്കോസ് സുവിശേഷകൻ യേശുവിന്റെ ജനനത്തെപ്പറ്റി നല്കുന്ന ദൈവശാസ്ത്രദർശനത്തിൽ നിന്നാണ് നമ്മുടെ ശുശ്രൂഷ

www.malankaralibrary.com

ജന്മംകൊണ്ടത്. യേശുവിന്റെ ജനനം ദൈവമഹത്ത്വത്തിന്റെ ഉദയമായിരുന്നു. ദൈവമഹത്വം എന്നുവച്ചാൽ അവാച്യമായ, അത്ഭുതാവഹമായ സ്നേഹമെന്നാണ് അർത്ഥം. ദൈവത്തിന് മനുഷ്യ സങ്കല്പത്തിൽ ഉദിക്കുന്ന ഒരു തരത്തിലുമുള്ള മഹത്വമില്ല. അധികാരവും സമ്പത്തും, സൗന്ദര്യവും മനുഷ്യസങ്കല്പത്തിൽ മഹത്ത്വമാണെങ്കിൽ ദൈവദൃഷ്ടിയിൽ വെറും ശൂന്യതയാണ്. ദൈവത്തിന് പ്രപഞ്ചത്തിന്റെമേൽ അധികാരമുണ്ട്. എന്നാൽ അത് മനുഷ്യഭാവനയിൽ രൂപം കൊള്ളുന്ന അധികാരമല്ല. ദൈവം സൗന്ദര്യത്തികവാണ്. എങ്കിലും ലോകത്തിലുള്ള ഒന്നിന്റെയും സൗന്ദര്യംപോലുള്ളതല്ല ദൈവത്തിന്റെ സൗന്ദര്യം. ദൈവത്തിന്റെ ഗുണവിശേഷങ്ങളെല്ലാം. അവിടത്തെ സാരാംശം തന്നെയാണ്. ദൈവത്തിന്റെ ആന്തരികസാരാംശത്തിനു മനുഷ്യഭാഷയിൽ നല്കാവുന്ന പേര് സ്നേഹമെന്നാണ്. എന്നുവച്ച് നമ്മുടെ സങ്കല്പത്തിലുള്ള സ്നേഹം പോലെയുള്ളതല്ല, ദൈവമാകുന്ന സ്നേഹം. അതിനാൽ ദൈവത്തിന്റെ മഹത്വം ദൈവത്തിന്റെ സ്നേഹം തന്നെയാണ്. മനുഷ്യനെ അതിശയിപ്പിക്കുന്ന, മനുഷ്യഭാവനയ്ക്കു അപ്പുറമുള്ള വിസ്മയാവഹമായ സ്നേഹം. ഈ മഹത്വമാണ് ശിശുരൂപം സ്വീകരിച്ച് പുൽക്കൂട്ടിൽ ജനിച്ചത്. ഈ മഹത്ത്വദർശനമാണ് ഇടയന്മാർക്കു ലഭിച്ചത്. അതായത് പുൽക്കൂട്ടിലെ ശിശുവും ആട്ടിടന്മാർക്ക് അനുഭവപ്പെട്ട മഹത്ത്വവും ഒന്നുതന്നെ. മഹത്ത്വം പുൽക്കൂട്ടിൽ ജ്വലിച്ച് വ്യാപിച്ച് അവരിൽ എത്തിച്ചേർന്നതാണ്.

ദൈവം ഭൂമിയിൽ അവതരിച്ചത് മനുഷ്യനെ പ്രകാശിപ്പിക്കാനാണ്. നാം പ്രകാശിപ്പിക്കപ്പെടുന്നില്ലെങ്കിൽ ദൈവത്തിന്റെ ഈ സ്നേഹോജ്വലമായ ത്യാഗം ഫലശൂന്യമായിപ്പോകും. ആട്ടിടയന്മാരെ അതു പ്രകാശിപ്പിച്ചു. അവർ യേശുവിന്റെ ആരാധകരായി തീർന്നു. വേറെ വാക്കിൽ പറഞ്ഞാൽ വിശ്വാസികളായി തീർന്നു. അവിടെ അവസാനിക്കുന്നില്ല ആ അനുഭവം. ലൂക്കോസ് സാക്ഷിക്കുന്നതുപോലെ "ശിശുവിനെപ്പറ്റി തങ്ങളോടു പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അവർ അറിയിച്ചു".

തീ ഉഴലിച്ച ശുശ്രൂഷയിൽ ഇടയന്മാരുടെ ക്രിസ്തു അനുഭവമാണ് മാതൃകയായി എടുത്തിരിക്കുന്നത്. ഇവിടെ മൂന്നു കാര്യങ്ങൾ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. 1. ദൈവത്തിന്റെ മഹത്ത്വാനുഭവം ലഭിച്ച ഇടയന്മാർ 2. ആ അനുഭവത്തിൽ നിന്ന് അനുഭവത്തിന്റെ ഉറവിടത്തിലേയ്ക്ക് എത്തിയ വിശ്വാസം 3. ആ അനുഭവത്തിന്റെ പങ്കുവയ്ക്കൽ. തീ ഉഴലിച്ച ശുശ്രൂഷയിൽ വായിക്കുന്ന സുവിശേഷം വിശ്വാസജീവിതത്തിന്റെ ഒരു പൂർണ്ണചിത്രമാണ്.

ഈ മഹത്ത്വാനുഭവം ലഭിച്ച ഇടയന്മാർ പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. എന്തുകൊണ്ട് അവർക്ക് ആ അനുഭവം ലഭിച്ചു? എന്തുകൊണ്ട് മറ്റുള്ളവർക്ക് ലഭിച്ചില്ല. ഈ രാത്രിയിൽ ബേത്‌ലഹേമിന്റെ തൊട്ടടുത്തുള്ള ജറുസലേമിൽ രാജകുടുംബങ്ങളും പുരോഹിതകുടുംബങ്ങളും താമസിക്കുന്നുണ്ടായിരുന്നു. സമ്പത്തും അധികാരവും രാഷ്ട്രീയ-മതപര സ്വാധീനവും ഉള്ളവരായിരുന്നു ഇവരൊക്കെ. പക്ഷേ അവർക്ക്

www.malankaralibrary.com

ഈ അനുഭവം ലഭിച്ചില്ല. എന്തുകൊണ്ട്? ദൈവം തനിക്ക് ഇഷ്ടമുള്ളവരെ തന്റെ സന്നിധിയിലേയ്ക്ക് വിളിക്കുന്നുവെന്നത് സത്യമാണ്. വിശ്വാസം ദൈവത്തിന്റെ സൗജന്യദാനമാണ്. ആർക്ക് ദൈവം അതുകൊടുക്കുന്നുവോ അവർക്കു മാത്രാമാണ് അത് ലഭിക്കുക. ഇതൊക്കെ സത്യമാണെങ്കിലും മനുഷ്യന്റെ ഭാഗത്തുനിന്ന് ഒന്നും ആവശ്യമില്ല എന്നു പറയാനാകില്ല., ദൈവത്തിന്റേതാണു തെരഞ്ഞെടുപ്പെങ്കിലും ദൈവം ചില പരിഗണനകൾക്കനുസൃതമാണ് തെരഞ്ഞെടുക്കുന്നത്. എന്താണ് ആ പരിഗണന? ദൈവത്തിന്റെ പാവപ്പെട്ടവനായിരിക്കുക എന്നത്. ആരും ആശ്രയിക്കാനില്ലാത്തവൻ, എല്ലാവരും പരിത്യജിച്ചവൻ ദൈവത്തിന്റെ പ്രിയപ്പെട്ടവനാകുന്നു. അവരെ ദൈവം തന്റെ സന്നിധിയിലേക്കു ക്ഷണിക്കുന്നു. മനുഷ്യരിലാരിലും ആശ്രയിക്കാതെ രാത്രിയുടെ തണുപ്പും മറ്റുള്ളവരുടെ അവഗണനയും സഹിച്ച് തങ്ങളുടെ ഉപജീവനമാർഗ്ഗമായ ആടുകളെ പരിപാലിച്ചു വന്ന ഇടയന്മാർ ദൈവത്തിനു പ്രിയപ്പെട്ടവരായിരുന്നു. ദൈവത്തിന്റെ മഹത്ത്വം അവരെ തേടിയെത്തി.

ദൈവമഹത്ത്വം ദർശിച്ച അവർ അതിനുവേണ്ടി വലിയ ത്യാഗം സഹിക്കുകയാണ്. തങ്ങളുടെ ഉപജീവനമാർഗ്ഗം പോലും ഉപേക്ഷിച്ച് ആ രാത്രിയിൽ അവർ യേശുവിനെ തേടിച്ചെന്നു. അവിടത്തെ കണ്ട അവർ ആരാധിച്ചു. അങ്ങനെ അവർ വിശ്വാസികളായിത്തീർന്നു. എന്നാൽ അവരുടെ വിശ്വാസജീവിതം അവിടെ അവസാനിക്കുന്നില്ല. അവർ വിശ്വാസത്തിനു സാക്ഷികളായിത്തീരുകയാണ്. "തങ്ങളോടു പറയപ്പെട്ടതെല്ലാം അവർ മറ്റുള്ളവരെ അറിയിച്ചു." അവർ മിഷനറിമാരായിതീർന്നു.

നാം ഈ ശുശ്രൂഷയിൽ നിന്ന് മൂന്നു പ്രധാന തത്ത്വം നമ്മുടെ വിശ്വാസജീവിതത്തിനുവേണ്ടി സ്വീകരിക്കണം.

ഒന്നാമതായി നാം മനസ്സിലാക്കണം ആത്മീയമായ ഒരുക്കമുള്ളവർക്കാണ് വിശ്വാസം ലഭിക്കുന്നത്. ഈ ലോകത്തിന്റെ സുഖസൗകര്യങ്ങളിൽ മുഴുകി ജീവിക്കുന്നവർക്ക് ദൈവത്തിന്റെ മഹത്ത്വം ദർശിക്കാൻ സാധിക്കാറില്ല. മനുഷ്യനിൽ ആശ്രയിക്കുന്നവന്റെ ആശ്രയമായി ദൈവം കടന്നു വരാറില്ല.

രണ്ടാമതായി, വിശ്വാസം പരിരക്ഷിക്കുവാൻ ത്യാഗം അത്യാവശ്യമാണ്. നാം ഉള്ളതുകൂടെ കൊടുക്കാനും ത്യാഗം ചെയ്യാനും തയ്യാറാകുമ്പോഴാണ് ദൈവം തന്റെ സ്നേഹംകൊണ്ട് നമ്മെ നിറയ്ക്കുന്നത്. ഒരു ത്യാഗവും സഹിക്കാതെ യഥാർത്ഥവിശ്വാസത്തിൽ നില നില്ക്കാനോ വളരാനോ കഴിയുകയില്ല. നാം ആത്മശോധന ചെയ്യേണ്ട പ്രധാനപ്പെട്ട വിഷയമാണിത്. എന്റെ വിശ്വാസവളർച്ചയ്ക്കുവേണ്ടി ഞാൻ എന്തുത്യാഗവും സഹിക്കുന്നു?

മൂന്നാമതായി, നമ്മുടെ അനുഭവം, വിശ്വാസാനുഭവം മറ്റുള്ളവരുമായി പങ്കുവെയ്ക്കുവാൻ നാം തയ്യാറാകണം. ദൈവം നൽകുന്ന ദാനങ്ങളൊന്നും നമുക്കുവേണ്ടിമാത്രം വച്ചുകൊണ്ടിരിക്കാനുള്ളതല്ല. വിശ്വാസം ദൈവത്തിന്റെ ദാനമാണ് അത് മറ്റുള്ളവരുമായി പങ്കുവെയ്ക്കുവാൻ നാം തയ്യാറാകണം.

www.malankaralibrary.com

വിശ്വാസത്തെപ്പറ്റി സംസാരിക്കുന്നതുതന്നെ എതിർക്കുന്നവരുണ്ടാകും. ഇന്ന് ഈ എതിർപ്പ് മറ്റുകാലങ്ങളെക്കാൾ അധികമായിട്ടുമുണ്ട്. എന്നാൽ അതൊന്നും വിശ്വാസം പങ്കുവയ്ക്കാനുള്ള നമ്മുടെ കടമയിൽ നിന്ന് നമ്മെ മോചിപ്പിക്കുന്നില്ല. അനേകരും ചിന്തയില്ലാതെ, നിത്യതയെപ്പറ്റിയുള്ള ബോധ്യമില്ലാതെ കഴിയുന്നുണ്ട്. എന്നാൽ എല്ലാ മനുഷ്യർക്കും ആത്യന്തികമായി ഈ ചിന്തയുണ്ടുതാനും. ജീവിതത്തിന്റെ പല ക്ലേശങ്ങളുടെയും വ്യഗ്രതയുടെയും നടുവിൽ ആത്മാവിന്റെ വിളി കേൾക്കാതെ പോകുന്നതുകൊണ്ടാണ് അവർ ചിന്താശൂന്യരായിക്കഴിയുന്നത്. അവരെ ഉണർത്തുവാൻ ഏതൊരു വിശ്വാസിക്കും കടമയുണ്ട്.

ഇങ്ങനെ വിശ്വാസജീവിതത്തെപ്പറ്റിയുള്ള മൂന്നു പ്രബോധനങ്ങളാണ് ഈ ശുശ്രൂഷയിൽ നിന്നു നമുക്കു സ്വീകരിക്കാൻ കഴിയുന്നത്. ഇവയ്ക്കനുസൃതം ജീവിക്കാൻ ഉണ്ണിയേശുവിന്റെ കൃപാവരം നമുക്ക് അപേക്ഷിക്കാം.

■

www.malankaralibrary.com

# മൂന്നുനോമ്പ്

## (ലൂക്കാ 13: 1-9)

നിനുവേ നിവാസികളുടെ അധാർമ്മികമായ ജീവിതം മൂലം, അവരുടെ മേലുണ്ടായ ദൈവകോപം, കഠിനമായ ഉപവാസത്തിലൂടെയും പ്രായശ്ചിത്ത പ്രവൃത്തികളിലൂടെയും നീങ്ങിപ്പോയതിന്റെ അനുസ്മരണമാണ് മൂന്നുനോമ്പ്. ആത്മീയ തകർച്ചയുടെ ആധിക്യത്തിലും ഭൗതീക വളർച്ചയുടെ ഉച്ചകോടിയിലുമായിരുന്നിട്ടും, ദൈവിക വെളിപാടുകളെയും അടയാളങ്ങളെയും അവഗണിക്കാതെ പൂർണ്ണമാനസാന്തരത്തിലേക്ക് കടന്നുവന്നു നിനുവേ, നമുക്ക് മാതൃകയാണ്. ഏററവും ഉപരിയായി, മനുഷ്യരോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ ഉത്തമ നിദർശനമാണീ സംഭവം. അതുകൊണ്ടുതന്നെ, ദൈവം മനുഷ്യരോട് കാണിക്കുന്ന കരുണയും ദയയും ഈ ദിവസങ്ങളിലെ പ്രാർത്ഥനകളിൽ നാം അനുസ്മരിക്കുന്നു. മലങ്കര പാരമ്പര്യത്തിൽ മൂന്നുനോമ്പിന് പ്രത്യേകമായൊരു സ്ഥാനമുണ്ട്. മിശിഹായുടെ രക്ഷാകര സംഭവങ്ങളിലേക്ക് പ്രവേശിക്കുന്നതിന് മുമ്പുള്ള ഒരുക്കത്തിന്റെ ദിനങ്ങളാണിവ. അതായത് മിശിഹായുടെ പീഡാനുഭവം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം തുടങ്ങിയ ദിവ്യ രഹസ്യങ്ങളിൽ പങ്കെടുക്കുന്നതിനായി, ഉപവാസത്തിലൂടെയും പ്രായശ്ചിത്ത പ്രവൃത്തികളിലൂടെയും പ്രാർത്ഥനയിലൂടെയും ഈ നോമ്പ് നമ്മെ യോഗ്യരാക്കുന്നു.

പ്രാചീന ലോകത്തിലെ ഏററവും മനോഹരങ്ങളായ പട്ടണങ്ങളിലൊന്നായിരുന്നു നിനുവേ നഗരം. സമ്പന്നതയുടെയും സുഭിഷതയുടെയും നടുവിൽ ദൈവത്തെ മറക്കുക സാധാരണമാണല്ലോ. നിനുവേ നിവാസികളും ഇതിനൊരു അപവാദമായിരുന്നില്ല. എല്ലാവിധ അശുദ്ധികളും ദുഷ്ടതയും നിറഞ്ഞ നിനുവയുടെ നാശം ആസന്നമാണെന്ന് പ്രഖ്യാപിക്കാൻ ദൈവം യോനാ പ്രവാചകനോട് ആവശ്യപ്പെടുന്നു. (യോന 1:2). യോനായുടെ വാക്കുകൾക്ക് ചെവികൊടുത്ത നിനുവേയിലെ ആബാലവൃദ്ധം ജനങ്ങളും പക്ഷിമൃഗാദികളും കഠിനമായ പശ്ചാത്താപത്തിലൂടെയും ഉപവാസത്തിലൂടെയും മനസ്സുമാറി ദൈവത്തിങ്കലേക്ക് തിരിഞ്ഞ സംഭവമാണ് മൂന്നുനോമ്പിന്റെ അടിസ്ഥാനം. മാനസാന്തരത്തിലൂടെ നിനുവേക്കർ രക്ഷ സ്വായത്തമാക്കിയതുപോലെ നാമും ദൈവീക പദ്ധതികളെ മനസ്സിലാക്കി പൂർണ്ണമായ ഒരു മാററത്തിലേക്ക് കടന്നു വന്ന്, മിശിഹായുടെ രക്ഷാകരസംഭവങ്ങളിൽ യോഗ്യതയോടെ പങ്കെടുക്കണമെന്നാണ്, ഈ മൂന്നുനോമ്പിലൂടെ തിരുസ്സഭ നമ്മെ ഉദ്ബോധിപ്പിക്കുന്നതു.

പ്രവാചകനിലൂടെ കേട്ട ദൈവത്തിന്റെ വാക്ക് പൂർണ്ണമായും ഉൾക്കൊണ്ട് അതിനനുസരിച്ച് പ്രവർത്തിച്ചു എന്നതിലാണ് നിനുവേക്കാരുടെ മഹത്വം. ഒരു പരമോന്നത ന്യായാസനത്തിന്റെ അന്തിമ വിധിതീർപ്പെന്ന രീതിയിലുള്ള പ്രവചനമായിരുന്നു

www.malankaralibrary.com

യോനായുടേത്. "നാല്പതു ദിവസം കഴിയുമ്പോൾ നിനുവേ നശിപ്പിക്കപ്പെടും" (യോന 3:4). "നിങ്ങൾ പശ്ചാത്തപിക്കുന്നില്ലെങ്കിൽ" എന്നൊരു ഭാഗം പ്രവചനത്തിലില്ല. അതായത്, നിനുവേയിലെ ജനങ്ങൾക്ക് ശിക്ഷ ഉറപ്പാണെന്ന രീതിയിലുള്ള പ്രവചനം. എന്നാൽ വാച്യാർത്ഥത്തിൽ പ്രവചനത്തെ എടുക്കാതെ, അതിന്റെ അന്തഃസത്തയെ അറിഞ്ഞ്, അടിസ്ഥാനപരമായ ഒരു മാനസാന്തരത്തിന് ഒരുങ്ങിയെന്നതാണ് നിനുവേ ജനതതിയുടെ പ്രത്യേകത. കാരണം പ്രവചനങ്ങൾ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ശിക്ഷയെപ്പററിയോ നല്ല കാര്യങ്ങളെപ്പററിയോ ആകുമ്പോൾ പ്രവചനപൂർത്തിയല്ല പ്രഥമ ഘടകം. ആരെ ഉദ്ദേശിച്ചാണോ പ്രവചനം പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത് അവരുടെ പ്രതികരണത്തെ ആശ്രയിച്ചാണ് പ്രവചന പൂർത്തി നിലകൊള്ളുന്നത്. ഈ സത്യം മനസ്സിലാക്കാൻ അവർക്കായി; അതിനനുസരിച്ച് പ്രവർത്തിച്ചു.

മൂന്നു നോമ്പിലെ തിങ്കൾ സന്ധ്യാപ്രാർത്ഥനയിൽ ഇപ്രകാരം കാണുന്നു. "പ്രാസംഗികന്റെ വചനത്തിൽ സംശയിക്കാതെ അവർ തീഷ്ണതയോടെ പ്രാർത്ഥനയ്ക്കായി ഒന്നിച്ചുകൂടി. യോനായെ അവർ കേൾക്കുകയും അവൻ പറഞ്ഞിട്ടുള്ള സർവ്വവും അവർ സ്വീകരിക്കുകയും ചെയ്തു". (p. 176), രാത്രി പ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. "മത്തായിയുടെ പുത്രനെ അവർ വിശ്വസിച്ചു; (p. 179).

നമ്മുടെ ജീവിതത്തിലും ഇത്തരം ദൈവീക മുന്നറിയിപ്പുകൾ കിട്ടാറുണ്ട്. എന്നാൽ ഭൗതീകതയുടെ അതിപ്രസരം മൂലം അത്തരം മുന്നറിയിപ്പുകൾക്ക് നാം വേണ്ടത്ര പ്രാധാന്യം കൊടുക്കാതെ അവഗണിക്കുകയാണ് പതിവ്. ആത്മീയ ഗുരുക്കന്മാരിലൂടെയും നിയന്ത്രണത്തിലൂടെയും നമുക്ക് കിട്ടുന്ന മുന്നറിയിപ്പുകളെയും നിർദ്ദേശങ്ങളെയും അവഗണിക്കുന്നതു ഉചിതമല്ലെന്ന പാഠം നിനുവേക്കർ നമുക്ക് നൽകുന്നു.

ദൈവം കല്പിച്ച ശിക്ഷയിൽനിന്നും നിനുവേക്കാർ രക്ഷപ്പെട്ടത് ഉപവാസത്തിലൂടെയുള്ള പശ്ചാത്താപം മൂലമായിരുന്നു. "രാജാവ് ഉപവസിക്കുകയും ചാക്കുടുത്ത് ദുഃഖിക്കുകയും ചെയ്തു. പ്രജകളും അതുകണ്ട് രട്ടുടുത്ത് തലയിൽ വെണ്ണീർ പൂശി". (സന്ധ്യാപ്രാർത്ഥന, കോലോ). "നിനുവേക്കാർ മഹാദുഃഖത്തോടെ ഉപവാസം നിശ്ചയിക്കുകയും, ചാക്കു ധരിക്കുകയും സങ്കടം പൂണ്ട് അപേക്ഷിക്കുകയും, കർത്താവ് അവരോട് നിരപ്പാവുകയും ചെയ്തു" (ഒൻപതാം മണി, കോലോ). തിങ്കളാഴ്ച പ്രാർത്ഥനയിലെ ഈ ഭാഗങ്ങളെല്ലാം ഉപവാസത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു. രാജാവും ജനങ്ങളും ജന്തുക്കളും എല്ലാം ഈ പശ്ചാത്താപത്തിലും ഉപവാസത്തിലും പങ്കെടുത്തു എന്നത് (യോന 3: 6-8) അവരുടെ തീഷ്ണതയ്ക്ക് ഒരു നിദർശനമാണ്.

ഉപവാസമെന്നാൽ ദൈവത്തിന്റെ അടുത്തിരിക്കുക എന്നാണർത്ഥം (എല്ലാത്തരം ഭൗതികതയിൽ നിന്നും തിരിഞ്ഞ് ദൈവത്തോടുകൂടിയായിരിക്കുക). സമ്പത്തിൽ

www.malankaralibrary.com

മുൻപന്തിയിൽ നിന്നിരുന്ന നിനുവേയിലെ നിവാസികൾ തങ്ങളുടെ ആഡംബര ജീവിതം ഉപേക്ഷിക്കാൻ മനസ്സായി. പ്രാർത്ഥനമാത്രമായിരുന്നു അവരുടെ ഹൃദയത്തിൽ. അങ്ങനെ മനസ്സിന്റെയും ശരീരത്തിന്റെയും നൈമിഷിക ആഗ്രഹങ്ങളെ ചെറുത്ത് അവയെ ദൈവത്തിങ്കലേക്ക് ഉയർത്താൻ അവർക്ക് കഴിഞ്ഞു. വെറും ബാഹ്യമായ അനുതാപ പ്രകടനങ്ങളായിരുന്നില്ല അവയൊന്നും. അതുകൊണ്ടുതന്നെയാണ് ദൈവതിരുമുമ്പിൽ അവർ സ്വീകൃതരായതും ശിക്ഷയിൽ നിന്ന് രക്ഷപെട്ടതും. നോമ്പിലെ പ്രാർത്ഥനകളിലുടനീളം ഈ ആശയം തെളിഞ്ഞുകാണാം.

"ദൈവതിരുമുമ്പാകെ നിനുവെ നഗരം അനുതാപം അർപ്പിക്കുകയും സ്വർഗ്ഗവാതിൽ തുറക്കപ്പെട്ട് കരുണ പ്രാപിക്കുകയും ചെയ്തു" (സന്ധ്യാപ്രാർത്ഥന, കോലാ). "ശിശുക്കൾക്കും പൈതങ്ങൾക്കും പാൽ തടയപ്പെട്ടു. മണവാളന്മാരും മണവാട്ടികളും അവരുടെ അലങ്കാരങ്ങൾ വലിച്ചറിഞ്ഞു" (രാത്രി പ്രാർത്ഥന). "വൃദ്ധന്മാരും യുവാക്കളും ഉപവസിച്ച് നെടുവീർപ്പോടെ വിലപിച്ചു" (രാത്രി പ്രാർത്ഥന).

യേശുക്രിസ്തുവിന്റെ സന്ദേശവും പശ്ചാത്താപത്തിന്റെ സന്ദേശമായിരിന്നു. "സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ". (മർക്കോ 1:15) ദൈവരാജ്യം അവകാശമാക്കണമെങ്കിൽ അനുതാപം കൂടിയേ തീരൂ. ഇന്നത്തെ സുവിശേഷ ഭാഗവും ഇതുതന്നെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. (ലൂക്കാ 13: 1-9). "പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും" (13:5) എന്ന് ശക്തമായ ഭാഷയിൽ യേശു ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു. അപ്പോൾ, ദൈവീക അടയാളങ്ങളെ മനസ്സിലാക്കി തെററുകളേക്കുറിച്ച് അവബോധം ഉണ്ടായാൽ മാത്രം പോര; ആഴമായ പശ്ചാത്താപവും ഉപവാസവും കൂടി വേണം, നമ്മുടെ രക്ഷ പൂവണിയണമെങ്കിൽ.

ഉപവാസമെന്നാൽ ദൈവത്തോടൊപ്പമായിരിക്കുക എന്നതുപോലെ തന്നെ അത് മനുഷ്യരോടൊപ്പം ആയിരിക്കുന്നതുകൂടിയാണ്. സഹോദരങ്ങളോടൊപ്പം ആയിരിക്കുക എന്നും അത് അർത്ഥമാക്കുന്നു. കാരണം സഹോദരങ്ങളോടൊപ്പം ആയിരിക്കാതെ ആർക്കും തന്നെ ദൈവത്തോടു കൂടിയായിരിക്കാൻ കഴിയില്ല (മത്ത 25:40). മൂന്ന് നോമ്പ് നമ്മെ സംബന്ധിച്ച് പശ്ചാത്താപത്തിനും ഉപവാസത്തിനുമുള്ള സമയമാണ്. അതായത് ഏററവും കൂടുതൽ ദൈവത്തോടൊപ്പവും സഹോദരങ്ങളോടൊപ്പവും ആയിരിക്കേണ്ട അവസരം. നമ്മുടെ വ്യക്തിപരമായ ത്യാഗം മൂലം നാം എന്തെങ്കിലും ചെയ്യുമ്പോൾ അതിന്റെ മൂല്യം വർദ്ധിക്കുന്നു. നാം ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുമ്പോൾ ത്യാഗം അനുഭവിക്കുന്നു. ഈ ത്യാഗം ദൈവത്തിനും സഹോദരങ്ങൾക്കും സമർപ്പിക്കണമെന്നാണ് ഈ നോമ്പിന്റെ സന്ദേശവും ഉദ്ദേശ്യവും. ചുരുക്കത്തിൽ ഒരു ക്ലിപ്തസമയത്തേക്ക് ഭക്ഷണ പാനീയങ്ങൾ വെടിഞ്ഞിരിക്കുക മാത്രമല്ല ഉപവാസം. മറിച്ച് ജീവിതത്തിൽ ആത്മശരീരങ്ങളിൽ ത്യാഗം സഹിച്ച് ദൈവത്തോടും മനുഷ്യനോടും കൂടെയായിരിക്കുക എന്നതിലാണ് ഉപ

www.malankaralibrary.com

വാസത്തിന്റെ പൂർണ്ണത അടങ്ങിയിരിക്കുന്നത്.

പശ്ചാത്താപവും ഉപവാസവുമൊക്കെ ഒരുവനെ മാനസാന്തരത്തിലേയ്ക്ക് നയിക്കുന്നു. മാനസാന്തരം ബാഹ്യമായ ഒരു മാററമല്ല. അത് ആന്തരികമായ, അടിസ്ഥാനപരമായ ഒരു മാററമാണ്. അതായത് പാപ ജീവിതത്തിൽ നിന്നും പുതിയ ഒരു സന്മാർഗ്ഗീക സ്വഭാവത്തിലേക്കുള്ള/ ജീവിതത്തിലേക്കുള്ള വഴിതിരിയലാണത്. മാനസാന്തരത്തിന്റെ ഫലം പുതിയൊരു സൃഷ്ടിയാണ്. ബാഹ്യമായ മാററങ്ങൽക്ക് ആയുസ്സില്ല. എന്നാൽ ഹൃദയത്തിന്റെ തലത്തിൽ നടക്കുന്ന മാററം നൈമിഷികമല്ല ശാശ്വതമാണ്. യേശുക്രിസ്തുവിലായിരിക്കുക എന്നതാണ് ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് പുതിയ ജീവൻ. "യേശുക്രിസ്തുവിലായിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്" (2 കോരി 5:17). പുതിയ സൃഷ്ടിയുടെ അന്തഃസത്ത ധാർമ്മീകവും ആത്മിയവുമായ ഉണർവ്വാണ്. അത് പാപത്തിൽ നിപതിക്കുന്നതിനു മുമ്പുണ്ടായിരുന്ന ജീവിതാവസ്ഥയാണ്. ഇങ്ങനെയൊരു ദൈവാഭിമുഖ്യ ജീവിതമാണ് നിനുവേക്കാർ നേടിയെടുത്തത്. യേശുക്രിസ്തുവിന്റെ രക്ഷാകര സ്നേഹത്തിലൂടെ ഓരോ ക്രിസ്ത്യാനിയും അനുഭവിക്കുന്നതും ഇതുതന്നെ.

ദൈവത്തിന് മനുഷ്യരോടുള്ള അനന്ത സ്നേഹത്തിന്റെയും കരുണയുടെയും പ്രതിഫലനമാണ് മൂന്ന് നോമ്പ്. മനുഷ്യൻ തെററു ചെയ്തു ദൈവത്തിൽ നിന്നകന്നാലും ദൈവം മനുഷ്യരെ സ്നേഹിക്കുന്നതിൽ നിന്നും പിന്മാറുന്നില്ല. പഴയനിയമത്തിൽ പുറപ്പാടു സംഭവം ഇതിന് ഉത്തമനിദർശനമാണ്. മാററാനാവാത്ത ഉടമ്പടിയിലൂടെ ഇസ്രായേലിനെ ദൈവം തന്റെ ജനമായി തിരഞ്ഞെടുക്കുന്നു. ഉടമ്പടിയിലെ ഒരു പക്ഷം ഉടമ്പടി നിബന്ധനകൾ പാലിക്കാതിരുന്നാൽ മറുപക്ഷത്തിന് ഉടമ്പടി ബാധകമാവുന്നില്ല. എന്നാൽ വിശ്വസ്തത കാണിക്കാതെ ഇസ്രായേൽ പിൻവാങ്ങിയിട്ടും ദൈവത്തിന്റെ വിശ്വസ്തതയ്ക്കോ ഉടമ്പടിയ്ക്കോ ചാഞ്ചല്യമുണ്ടാകുന്നില്ല. നിനവേ സംഭവവും മറെറാന്നല്ല കാണിക്കുന്നത്. ദൈവത്തിൽ നിന്നും അകന്നു പോയി തിന്മ ചെയ്തപ്പോഴും ദൈവം അവരെ സ്നേഹിച്ചതുകൊണ്ടാണ് അവരുടെ തിരിച്ചുവരവിനായി പ്രവാചകനെ അയയ്ക്കുന്നതും പശ്ചാത്താപത്തോടെ യഥാർത്ഥ മാനസാന്തത്തിലൂടെ അവർ തിരച്ചു വന്നപ്പോൾ എല്ലാം മറന്ന് അവരെ സ്വീകരിച്ചതും. തിങ്കൾ സന്ധ്യാപ്രാർത്ഥനയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു. " എല്ലാവിധത്തിലും മനുഷ്യരുടെ രക്ഷയെ നീ ആഗ്രഹിക്കുന്നു. മനുഷ്യ സ്നേഹമുള്ള കർത്താവേ, സത്യത്തിൽ നിന്നു തെററി പാപവികാരങ്ങൾക്ക് അടിമപ്പെട്ട നിനുവയെ സാത്താന് പങ്കാളിയായിത്തീരുവാൻ തക്കവണ്ണം നീ ഉപേക്ഷിച്ചില്ല". "നിനുവയെ പാപത്തിന്റെ ഓഹരി പ്രാപിക്കുവാനായി നീ അതിനെ ഉപേക്ഷിച്ചില്ല. പിന്നയോ നിന്റെ മനുഷ്യസ്നേഹത്താൽ നാശത്തിൽ നിന്ന് അതിനെ വീണ്ടെടുത്തു". മൂന്നു നോമ്പിലെ പ്രാർത്ഥനകളിലെല്ലാം ഈ ആശയവും പ്രതിധ്വനിക്കുന്നുണ്ട്. ശിക്ഷിക്കാനായി കാത്തിരിക്കുന്ന ഒരു ദൈവത്തെയല്ല നാമിവിടെ കാണുന്നത്; സ്നേഹ

www.malankaralibrary.com

ത്താൽ നിറഞ്ഞ് രക്ഷിക്കുന്ന ഒരു ദൈവത്തിന്റെ ചിത്രമാണ് നാമിവിടെ കാണുന്നത്. വഴിതെററിപ്പോയ മക്കളുടെ തിരിച്ചു വരവ് ആഗ്രഹിക്കുന്ന സ്നേഹവാനായ പിതാവ്. ഈ പിതൃസ്നേഹം മൂലമാണ് നിനുവയുടെ രക്ഷ സാദ്ധ്യമായത്.

ദൈവത്തിന് മനുഷ്യരോടുള്ള അനന്തസ്നേഹത്തിന്റെ മൂർത്തിമദ്ഭാവമാണ് മിശിഹാ. മിശിഹായുടെ ജീവിതം മുഴുവൻ പാപികളെ വീണ്ടെടുക്കുന്ന സ്നേഹത്താൽ നിറഞ്ഞിരുന്നു. അവിടുന്ന് ധൂർത്തപുത്രന്റെ, ഉപമയിലൂടെ, എത്രമാത്രം സ്നേഹം ഉള്ളിൽ വച്ചുകൊണ്ടാണ്, ദൈവ പിതാവ്, ഓരോ പാപിയുടെയും തിരിച്ചുവരവിനായി കാത്തിരിക്കുന്നത് എന്ന് കാണിച്ചുതന്നു. കാണാതാകുന്ന ആടിന്റെയും നാണയത്തിന്റെയും ഉപമയും മറെറാന്നല്ല കാണിച്ചു തരുന്നത്. മനുഷ്യൻ എപ്പോഴൊക്കെ പാപം ചെയ്യുന്നുവോ അപ്പോഴൊക്കെ അവൻ വിരൂപനാകുന്നു. ദൈവീകഛായയ്ക്കും സാദൃശ്യത്തിനും പോറലേൽക്കുന്നു. വിരൂപമായവയെ സ്നേഹിക്കാൻ ഒരിക്കലും ഈ ലോകത്തിന്റെ സ്നേഹത്തിനാവില്ല. എന്നാൽ ദൈവത്തിന്റെ സ്നേഹം തീർത്തും വ്യത്യസ്തമാണ്. പാപത്താൽ വിരൂപമാക്കപ്പെട്ട, മലിനമാക്കപ്പെട്ട ഓരോ മനുഷ്യനെയും നോക്കി യേശു ക്രിസ്തു കുരിശിൽ കിടന്ന് വേദനയാൽ പിടഞ്ഞുകൊണ്ട് പറയുന്നു. "ഞാൻ നിന്നെ സ്നേഹിക്കുന്നു". "ഞാൻ നിന്നെ സ്നേഹിച്ചില്ലെങ്കിൽ മററാരാണ് വിരൂപനായ നിന്നെ സ്നേഹിക്കുന്നത്". ഡി. വിനയചന്ദ്രൻ തന്റെ കവിതയിൽ ഇപ്രകാരം കുറിക്കുന്നു.

"നീ ജനിക്കുന്നതിനു മുമ്പ്
നിന്നെ സ്നേഹിച്ചിരുന്നു ഞാൻ
നീ കാണുന്നതിന് മുമ്പ് നിന്നെ
കണികണ്ടുതുടങ്ങി ഞാൻ
നീയുറങ്ങുന്നതിന് മുമ്പ്
നിന്നെയോർത്തു മയങ്ങി ഞാൻ
നീ മരിക്കാതിരിക്കാൻ
നിനക്കായി മരിപ്പൂ ഞാൻ"
("സമയമാനസം" - ഡി. വിനയചന്ദ്രൻ)

നിനുവേ നിവാസികളെ രക്ഷിച്ച അതേ സ്നേഹമാണ്, ഒരുപടികൂടി കടന്ന് സ്വയം ശൂന്യമാക്കിയുള്ള സ്നേഹത്തിലൂടെ, നമ്മെയും രക്ഷയുടെ മാധുര്യം അനുഭവിക്കാൻ യോഗ്യരാക്കിയത്. ദൈവസ്നേഹത്തിലൂടെ മാത്രം രക്ഷ പ്രാപിച്ച നമ്മുടെ ദൗത്യം വലുതാണ്. ഈ ലോകത്താൽ വെറുക്കപ്പെട്ട, "ഉപയോഗമില്ലാത്ത"തെന്ന് മുദ്രയടിച്ച് തഴയപ്പെട്ടവരെ സ്നേഹിക്കാനുള്ള ആഹ്വാനമാണത്. മൂന്നു നോമ്പ് അർത്ഥവത്താകുന്നത് ഇങ്ങനെയുള്ളവരെ മനസ്സിൽ കണ്ടുകൊണ്ട് പരിത്യാഗ പ്രവർത്തികൾ ചെയ്യുമ്പോഴും പ്രാർത്ഥിക്കുമ്പോഴുമാണ്. അതായത് പശ്ചാത്താപത്തിലൂടെ ദൈവത്തിങ്കലേക്ക് അടുപ്പിക്കപ്പെട്ട ഓരോരുത്തരുടെയും രക്ഷ പൂർത്തിയാകു

www.malankaralibrary.com

ന്നത്, ദൈവീക സ്നേഹം ഈ ലോകത്തിൽ വിളയിക്കുന്നതിലൂടെയാണ്. ചുരുക്കത്തിൽ മൂന്നു നോമ്പിന്റെ ഓരോ നിമിഷവും ഒരു വിശ്വാസിക്ക് ഉത്കൃഷ്ടമായ ഓരോ വെല്ലുവിളിയാണ്.

മൂന്നു നോമ്പ് യേശുക്രിസ്തുവിന്റെ രക്ഷാകര സംഭവങ്ങളിലേക്ക് പ്രവേശിക്കുന്നതിനുള്ള ഒരുക്കമാണെന്ന് നാം കണ്ടു. മനുഷ്യനെ ദൈവത്തിൽ നിന്നുമകററുന്ന ഏക യാഥാർത്ഥ്യമാണ് പാപം. ഇങ്ങനെ അകന്നുപോയ നമ്മെ ഓരോരുത്തരെയും, നമ്മുടെ സ്വാതന്ത്ര്യത്തെ നിഹനിക്കാതെ, തിരികെ കൊണ്ടുവരുന്ന അനന്ത കാരുണ്യവാനായ ദൈവത്തിന്റെ സ്നേഹമാണ് നാമീ ദിവസങ്ങളിൽ സ്മരിക്കുന്നത്. തന്റെ പ്രവാചകരിൽ കൂടിയും വി. ഗ്രന്ഥത്തിലൂടെയും, പ്രതിനിധികളിൽ കൂടിയുമൊക്കെ ദൈവം തരുന്ന മുന്നറിയിപ്പുകളെ ഗ്രഹിക്കുവാനും അവയ്ക്കനുസരിച്ച് പശ്ചാത്തപിച്ച്, മാനസാന്തരത്തിലൂടെ നിനുവേ നിവാസികളെപ്പോലെ പുതിയ സൃഷ്ടിയാകണം. അങ്ങനെ നാമനുഭവിച്ച ദൈവസ്നേഹം നമ്മിലൂടെ മററുള്ളവരിലേക്ക് ഒഴുകിത്തുടങ്ങുമ്പോൾ നമ്മുടെ രക്ഷ പൂർത്തിയാകുന്നു. പരിപൂർണ്ണമായ ഈ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവരുവാനുള്ള ശക്തമായ ആഹ്വാനമാണ് മൂന്നു നോമ്പിന്റെ ദിനങ്ങൾ നമുക്ക് തരുന്നത്. ■

www.malankaralibrary.com

# ഓശാന ഞായർ

## ആമുഖം

നമ്മുടെ കർത്താവിന്റെ രാജത്വം വെളിപ്പെടുത്തുന്നതും, മഹനീയമായ പെസഹാ രഹസ്യത്തെ അനുസ്മരിപ്പിക്കുന്നതും താൻ മഹത്വമുള്ളവനായി സ്വർഗ്ഗീയ വൃന്ദങ്ങളുടെ സാന്നിദ്ധ്യത്തിൽ വാനമേഘങ്ങളിൽ ആഗതനാകും എന്ന പ്രത്യാശ നല്കുന്നതുമായ മോഹനീയ പെരുന്നാളാണ് വിശുദ്ധ ഓശാനാ. ഈ പെരുന്നാളിലൂടെ അന്ന് സംഭവിച്ചതെന്തോ അത് നമ്മൾ വീണ്ടും ജീവിക്കുകയാണ്. കർത്താവിന് ഓശാന പാടിയ കുട്ടികളുടെ മനോഭാവത്തോടെയും ഉത്സാഹത്തോടെയും കഴുതക്കുട്ടിയുടെ പുറത്ത് കയറി ആഗതനാകുന്ന രക്ഷകനെ സ്വർഗ്ഗീയ ഗണങ്ങളോട് ചേർന്ന് ആരാധിക്കുകയും പാടിപ്പുകഴ്ത്തുകയും ചെയ്യുന്ന സ്വർഗ്ഗീയ മുഹൂർത്തം. ഇവിടെ നാം വെൺമയുള്ള കുരുത്തോലകൾ വഹിക്കുകയും കുരുത്തോലയാകുന്ന സാദൃശ്യത്തിലൂടെ നമ്മെത്തന്നെ ദൈവത്തിന് സമർപ്പിക്കുകയും ചെയ്യുന്നു.

## അർത്ഥവും ആചരണവും

നാല് സുവിശേഷങ്ങളും ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 21:1-11; മർക്കോ 11:1-11; ലൂക്ക 19:28-38, യോഹ. 12:12-16). ലൂക്കൊഴികെ മററു സുവിശേഷകന്മാരെല്ലാം യേശുവിനെ അനുഗമിച്ചിരുന്നവർ 'ഓശാന' എന്ന് ആർത്തുവിളിക്കുന്നതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. 'ഓശാന' എന്ന ഹീബ്രു പദത്തിന്റെ അർത്ഥം ഞങ്ങളെ രക്ഷിക്കുകകെന്നാണ്. എന്നാൽ ഈ പദത്തിന്റെ ബഹുവചനരൂപമായ 'ഓശാന' എന്നതിന് 'ഓലക്കാലുകൾ' (Palm branches) എന്ന അർത്ഥവും ഉണ്ട്. മലങ്കര കത്തോലിക്ക സഭയിൽ ഈ ഞായറാഴ്ചയുടെ പ്രധാന ശുശ്രൂഷ, കുരുത്തോല വാഴ്ത്തുന്ന ക്രമവും കുരുത്തോലകളാൽ തീർത്ത കുരിശുകൊണ്ടുള്ള സ്ലീബാ ആഘോഷവും കുരുത്തോലകൾ വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണവുമാണ്. പ്രാർത്ഥനകളിൽ പ്രധാനമായും രാജാധിരാജനായ ദൈവത്തെ സ്തുതിക്കുകയും, കുരുത്തോലകളെയും അവ വെട്ടപ്പെട്ട വൃക്ഷങ്ങളെയും ദൈവസൃഷ്ടിയായ സസ്യലോകത്തെത്തന്നെയും വാഴ്ത്തണമെന്നും, ഈ കുരുത്തോലകൾ വ്യക്തികൾക്കും ഭവനങ്ങൾക്കും സംരക്ഷണ കാരണമായി തീരണമെന്നും അപേക്ഷിക്കുന്നു.

മഹനീയമായ ഈ പെരുന്നാളിന്റെ അർത്ഥതലങ്ങൾ നാം അന്വേഷിക്കുമ്പോൾ പ്രധാനമായും മൂന്നു കാര്യങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടെന്ന് കാണാൻ കഴിയും.

1. കർത്താവിന്റെ രാജത്വം വെളിപ്പെടുത്തുന്ന സംഭവം
2. രക്ഷാകരമായ പെസഹാ രഹസ്യത്തിന്റെ സൂചന
3. കർത്താവിന്റെ മഹത്വ പൂർണ്ണമായ രണ്ടാമാഗമനത്തിന്റെ പ്രത്യാശ.

www.malankaralibrary.com

## കർത്താവിന്റെ രാജത്വം വെളിപ്പെടുത്തുന്ന സംഭവം

സമാന്തര സുവിശേഷങ്ങളിൽ, ഗലീലിയിൽ നിന്നും ആരംഭിച്ച് ജറുസലേമിൽ പൂർത്തിയാകുന്ന ഒരു ആരോഹണത്തിന്റെ ചരിത്രമാണ് യേശുവിന്റെ പരസ്യ ജീവിതം. തന്റെ ശുശ്രൂഷയുടെ പൂർണ്ണത ജറുസലേമിലാണ് അരങ്ങേറുന്നത്. യേശു ഗലീലിയിൽ നിന്നും ജറുസലേമിലേക്ക് യാത്രചെയ്യുന്നത്, പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവ ഉൾകൊള്ളുന്ന ആരോഹണത്തിനുവേണ്ടിയാണ്. ഇതിലൂടെ താൻ മഹത്വം വരിക്കുന്നു; പിതാവിന്റെ സന്നിധിയിലേക്ക് ഉയരുന്നു. യാത്രയുടെ അവസാനം ദേവാലയമാണ്. ദേവാലയം പിതാവിന്റെ സന്നിധിയാണ്. ഇങ്ങനെ ഗലീലിയിൽ നിന്നും ആരംഭിച്ച് ജറുസലേം ദേവാലയത്തിലേക്ക് യേശു നടത്തിയ യാത്രയുടെ അന്ത്യഘട്ടത്തിലാണ് യേശുവിന്റെ രാജകീയ പ്രവേശം. യാത്രയിലുടനീളം യേശു അധികാരത്തോടെ പഠിപ്പിച്ചു, ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചു. ഇതെല്ലാം തന്റെ രാജത്വവും മഹത്വവും വെളിപ്പെടുത്തുന്ന അവസരങ്ങളായിരുന്നു. എന്നാൽ തന്റെ രാജത്വത്തിന്റെ പൂർണ്ണത കൈവരിക്കുന്നത് കുരിശിൽത്തറപ്പിലൂടെയാണ്. " യഹൂദരുടെ രാജാവ്" എന്ന പരിഹാസം, "ഇവൻ യഹൂദരുടെ രാജാവ്" എന്ന മേലെഴുത്ത് നല്ല കള്ളനും യേശുവും തമ്മിലുള്ള സംഭാഷണം ഇതിലൂടെയെല്ലാം യേശു രാജാവാണ് എന്ന യാഥാർത്ഥ്യം പരോക്ഷമായിട്ടെങ്കിലും പ്രഖ്യാപിക്കപ്പെടുന്നു. ഉത്ഥാനത്തിലൂടെ ഈ യാഥാർത്ഥ്യം പ്രത്യക്ഷമായി വെളിപ്പെടുകയും ചെയ്യുന്നു (അപ്പ 3:13; 2:30; 5:31).

യാത്രയുടെ അന്ത്യഘട്ടത്തിൽ യേശു, ആരും കയറിയിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയുടെ പുറത്ത് കയറി ഇരുന്നു. അവന്റെ ശിഷ്യന്മാരും, ശിശുക്കളും അനേകം മനുഷ്യരും സന്തോഷംകൊണ്ട് കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗ്രഹീതൻ, സ്വർഗ്ഗത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ മഹത്വം എന്ന് ആർപ്പുവിളിക്കുന്നു (ലൂക്ക 19:38). ഈ രാജകീയ എഴുന്നെള്ളത്തിനെക്കുറിച്ച് സഖറിയ പ്രവാചകൻ മുൻകൂട്ടി സൂചിപ്പിക്കുന്നു. "സീമോൻ പുത്രീ ആർപ്പുവിളിക്കുക, ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി കഴുതയുടെ പുറത്ത് കഴുതക്കുട്ടിയുടെ പുറത്ത് കയറി വരുന്നു" (സഖ 9:9). തികച്ചും അസാധാരണമായ ഒരു ചിത്രം. ഭൂമിയിലെ രാജാക്കന്മാരിൽ നിന്നും വ്യത്യസ്തമായി അവൻ തിരഞ്ഞെടുത്തത് മനുഷ്യദൃഷ്ടിയിൽ നിന്ദ്യമായ കഴുതയെയാണ്. ഇത് സൂചിപ്പിക്കുന്നത് അവൻ ഭൗമിക രാജാവല്ല. യേശു പറഞ്ഞു, "എന്റെ രാജ്യം ഐഹികമല്ല" (യോഹ 18:36) എന്നാൽ, അവൻ ഒരേ സമയം പ്രതാപവാനും വിജയ ശാലിയും, വിനയാന്വിതനുമാണ്. തന്റെ ഔന്നത്യം വിനയത്തിൽ ഒളിപ്പിച്ചിരിക്കുന്നു. വിനയം ഈ സ്വർഗ്ഗീയ രാജാവിന്റെ മുഖമുദ്രയാണ്. ദൈവം മനുഷ്യനായി തീർന്നു എന്നതുതന്നെ വിനയത്തിന്റെ പരമകാഷ്ഠയാണല്ലോ (ഫിലി 2:6-7). തന്റെ ഈ പ്രവൃത്തിയിലൂടെ പുതിയ ഒരു മാനവസംസ്ക്കാര

www.malankaralibrary.com

ത്തിനു തന്നെ യേശു രൂപംകൊടുക്കുകയായിരുന്നു. അതോടൊപ്പം തന്നെ, തന്റെ ഈ പ്രവൃത്തിയിലൂടെ ദുഷ്ടന്റെ വഞ്ചനയിൽ നിന്നും അഹങ്കാരത്തിൽ നിന്നും നമ്മെ വീണ്ടെടുക്കുകയും ചെയ്യുന്നു.

യേശുവിന്റെ ഈ തിരഞ്ഞെടുപ്പ് ഓരോ ക്രിസ്ത്യാനിയെയും സൂചിപ്പിക്കുന്നു. കുരുത്തോലവാഴ്‌വിന്റെ സദറാ പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു. "രക്ഷാകരമായ കഷ്ടാനുഭവത്തിനു മുൻപ് തനിക്ക് വാഹനമായി നിന്ദ്യമായ കഴുതയെ ആവശ്യപ്പെട്ടു. ഇത് പിശാചിന്റെ വഞ്ചനയിൽ നിന്ന് രക്ഷിക്കപ്പെട്ടവരും വിജാതികളിൽ നിന്നുള്ള ജനവുമായ നമ്മെ സൂചിപ്പിക്കുന്നു". പ്രസ്തുത ശുശ്രൂഷയുടെ ലേഖന വായനയിൽ, സ്വാഭാവിക ഒലിവിനു പകരമായി കാട്ടൊലിവിന്റെ മുളയായ നമ്മെ ദൈവം തിരഞ്ഞെടുത്തുവെന്നും നാം വായിക്കുന്നു (റോമ 11:18). ഇത് അക്ഷരാർത്ഥത്തിൽ ശരിയാണ്. കാരണം ദൈവം തിരഞ്ഞെടുത്തവർ വിനീതരും മനുഷ്യദൃഷ്ടിയിൽ ബലഹീനരുമാണ് (1 കൊറി 1:28-39). പക്ഷെ, മനുഷ്യദൃഷ്ടിയിലെ ബലഹീനത ദൈവസന്നിധിയിലെ ശക്തിയാണ്. യേശു തന്റെ രക്ഷാകര പദ്ധതിയുടെ പൂർണ്ണത സ്വയം ശൂന്യവത്കരത്തിലൂടെയാണ് സ്വായത്തമാക്കിയത്. അതായത്, സ്വയം എളിമ ധരിക്കാതെ മഹത്വം പ്രാപിക്കാനാവില്ല. ഇതാണ് ക്രിസ്തീയതയുടെ വൈരുദ്ധ്യം (Christian Paradox). യേശു പറഞ്ഞതും ഇതാണല്ലോ. "ഒരു ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ ഏററവും വലിയവൻ" (മത്താ 18:4). ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ ആവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം" (മർക്കോ 9:36). തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും തന്നെത്തന്നെ താഴ്ത്തുവൻ ഉയർത്തപ്പെടും" (ലൂക്ക 14 :11). യേശുവിന്റെ ജീവിതം ഇതായിരുന്നു, വിശുദ്ധ കന്യകാമറിയാമിന്റെ ജീവിതം ഇതായിരുന്നു. മഹത്വം പ്രാപിച്ചവരുടെയെല്ലാം ജീവിതം ഇങ്ങനെയായിരുന്നു.

യേശുവിന്റെ രാജത്വം പോലെ ഓരോ ക്രിസ്ത്യാനിയുടെയും ജീവിതം മഹത്വം പ്രാപിക്കാനുള്ളതാണ്. ഈ മഹത്വം കരഗതമാകുന്നത് സ്വയം ശൂന്യവത്കരണത്തിലൂടെയും എളിമപ്പെടുത്തലിലൂടെയുമാണ്. മഹത്വപ്പെടുത്തുന്നത് ദൈവമാണ്. ഇല്ലാത്തവൻ ഉള്ളവനെ ആശ്രയിക്കുന്നു. ബലഹീനൻ ബലമുള്ളവനെ ആശ്രയിക്കുന്നു. ബലഹീനനും സൃഷ്ടിയുമായ മനുഷ്യൻ ബലവാനും സ്രഷ്ടാവുമായ ദൈവത്തെ ആശ്രയിക്കുന്നു സംരക്ഷണത്തിനായി തന്നെത്തന്നെ സമർപ്പിക്കുന്നു. ഇതിലൂടെ ദൈവം മഹത്വപ്പെടുന്നു, ദൈവം മനുഷ്യനെ മഹത്വപ്പെടുത്തുന്നു. എന്നാൽ, അഹങ്കരിക്കുന്നവൻ സ്വയം ആശ്രയിക്കുന്നു. ഇതിലൂടെ സ്രഷ്ടാവായ ദൈവം നിന്ദിക്കപ്പെടുന്നു. അവൻ അത്യധികം താഴ്ത്തപ്പെടുകയും ചെയ്യുന്നു.

### രക്ഷാകരമായ പെസഹാ രഹസ്യത്തിന്റെ സൂചന

കർത്താവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവ ഉൾക്കൊള്ളുന്നതാണ് പെസഹാ രഹസ്യം. യേശുതമ്പുരാൻ രാജാധിരാജനായ് ജറുസലേമിലേക്ക് കയറി

www.malankaralibrary.com

പ്പോകുന്നതുതന്നെ പിതാവിന്റെ സന്നിധിയിൽ ഒരു യാഗമായ് സമർപ്പിക്കാനാണ് ; കുരിശിൽ ഉയർത്തപ്പെടുന്നതിനും അതിലൂടെ രക്ഷാകാരണമാകുന്നതിനുമാണ്. ഓശാനയുടെ സംഭവത്തിലെ ഓരോ കാര്യങ്ങളും ഈ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നതാണ്. ഞായറാഴ്ചത്തെ ജയ്‌വിളികൾ വെള്ളിയാഴ്ചയായപ്പോൾ അവിടുത്തേക്കെതിരെയുള്ള മുറവിളികളായിമാറി (യോഹ 19:6). അവിടുത്തെ വരവേല്പിന്നായി മരച്ചില്ലകളും വസ്ത്രങ്ങളും വിരിച്ച അവർ അവന്റെ ഉടുവസ്ത്രംപോലും ഉരിഞ്ഞുമാററി അവഹേളിച്ചു. കുരുത്തോലകൾ വീശി സ്വാഗതമോതിയവർ തുപ്പൽ കൊണ്ട് അവന്റെ മുഖം നിറയ്ക്കുകയും ചാട്ടവാറുകൊണ്ട് പ്രഹരിക്കുകയും ചെയ്തു. ചുരുക്കത്തിൽ യേശുവിന്റെ മഹത്വപ്പെടൽ സഹനത്തിലേക്കുള്ള ചുവടുവയ്പാണ്. യേശു തന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള രണ്ട് പ്രവചനങ്ങളും നടത്തുന്നതിന്റെ പശ്ചാത്തലം മഹത്വീകരണത്തിന്റെ രണ്ട് സംഭവങ്ങളാണ് (മത്താ 16:13 - 23 17:22-23; മർക്കോ 8: 27-31; 9: 30-32; ലൂക്ക 9:44-45) ഇവിടെയെല്ലാം മഹത്വീകരണവും പെസഹാരഹസ്യവും തമ്മിൽ അഭേദ്യമായ ഒരു ബന്ധം നിലനില്ക്കുന്നു.

ക്രിസ്തീയ ജീവിതം പെസഹാ രഹസ്യത്തിലേക്കുള്ള ഉൾച്ചേരലാണ്. പരിശുദ്ധ മാമോദീസ എന്ന കൂദാശയിലൂടെ യേശുവന്റെ രാജകീയ പൗരോഹിത്യത്തിൽ നാം ഭാഗഭാക്കുകളാകുന്നു. ഇത് നാം സ്വായത്തമാക്കുന്നത് അവിടുത്തോടുകൂടെ മരിക്കുകയും ഉയിർക്കുകയും ചെയ്യുമ്പോഴാണ്. മാമോദീസായുടെ ക്രമത്തിലെ വെള്ളത്തിലേക്കുള്ള താഴലും (immersion) വെള്ളത്തിൽ നിന്നുള്ള ഉയർച്ചയും (emersion) സൂചിപ്പിക്കുന്നത് ഈ യാഥാർത്ഥ്യം തന്നെയാണല്ലോ.

### കർത്താവിന്റെ മഹത്വപൂർണ്ണമായ രണ്ടാമാഗമനത്തിന്റെ പ്രത്യാശ

വെളിപാടു പുസ്തകത്തിൽ കർത്താവിന്റെ മഹത്വപൂർണ്ണമായ രണ്ടാം ആഗമനത്തിൽ അവിടുത്തെ മുൻപിൽ ആർപ്പുവിളിക്കുന്ന വിശുദ്ധരുടെ ഗണത്തെ വിവരിക്കുന്നത് ഇപ്രകാരമാണ്. "എണ്ണിത്തിട്ടപ്പെടുത്താൻ ആർക്കും സാധിക്കാത്ത ഒരു വലിയ ജനക്കൂട്ടം. അവർ സകല ജനതകളിലും ഗോത്രങ്ങളിലും രാജ്യങ്ങളിലും നിന്നുള്ളവർ. അവർ വെള്ളയങ്കിയണിഞ്ഞ് കൈകളിൽ കുരുത്തോലകളേന്തി സിംഹാസനത്തിന്റെ മുൻപിലും കുഞ്ഞാടിന്റെ മുൻപിലും നിന്നിരുന്നു".(വെളി 7:9) ഇവിടെ അസംഖ്യമായ ജനസമൂഹത്തെ സൂചിപ്പിക്കുന്നത് സഭയെയും, വെള്ളവസ്ത്രം നിർമ്മല ഹൃദയവും, കുരുത്തോലകൾ വിജയത്തിൻെറയും മഹത്വത്തിന്റെ സാദൃശ്യവുമാണ്. ഓശാനനാളിൽ നിഷ്കളങ്കരും നിർമ്മല ചിത്തരുമായ കുട്ടികളാണ് യേശുവിന് ഓശാന പാടുന്നത്. ഒന്ന് സംഭവിച്ചതും മറെറാന്ന് സംഭവിക്കാനിരിക്കുന്നതും. സംഭവിച്ചത് സംഭവിക്കാനിരിക്കുന്നതിന്റെ പ്രതീകവും സൂചനയും. ഈ രണ്ട് സംഭവങ്ങളും ചേർത്ത് വായിക്കുമ്പോൾ യുഗാന്ത്യോന്മുഖമായ ഒരു പ്രത്യാശ നമ്മുടെ മനസ്സിൽ അലയടിച്ചുയരും; കർത്താവ് വാനമേഘങ്ങളിൽ ആഗതനാകും എന്ന പ്രത്യാശ. അതോടൊപ്പം തന്നെ അവിടുന്ന് ആഗതനാകുമ്പോൾ എതിരേൽ

www.malankaralibrary.com

ക്കാുവാൻ തക്കവിധം നമ്മുടെ ജീവിത സാഹചര്യങ്ങളെ ക്രമീകരിക്കുന്നതിനും മനസ്സും ശരീരവും നിർമ്മലമായി കാത്തുസൂക്ഷിക്കുന്നതിനും ആഹ്വാനവും ചെയ്യുന്നു. കുരുത്തോല വാഴ്വിന്റെ പ്രാർത്ഥനയിൽ നാം അപേക്ഷിക്കുന്നതും ഇതനുവേണ്ടിത്തന്നെയാണല്ലോ. "വരുവാനിരിക്കുന്ന ലോകത്തിൽ സൗഭാഗ്യകരവും അനശ്വരവുമായ ജീവിത്തിൽ വിശുദ്ധൻമാരുടെ ഗണത്തിൽ മഹത്വപൂർണ്ണവും ആന്തരികവുമായ കുരുത്തോലകളോടുകൂടെ നിനക്കും നീ മുഖാന്തിരം നിന്റെ പിതാവിനും, ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ".

**ഉപസംഹാരം**

ഇന്നത്തെ ഈ പെരുന്നാൾ ക്രിസ്തുവിന്റെ രാജത്വം വെളിപ്പെടുത്തുന്നതും പെസഹാരഹസ്യത്തെ സൂചിപ്പിക്കുന്നതും, രണ്ടാമത്തെ വരവിന്റെ പ്രത്യാശ നൽകുന്നതുമാണ്. ഇതാകട്ടെ, നമ്മെ സംബന്ധിച്ച് യേശുക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കുചേരാനുള്ള വിളിയും ആഹ്വാനവുമാണ്. ഇത് നാം സ്വായത്തമാക്കുന്നത് അവിടുത്തെ പെസഹാ രഹസ്യത്തിൽ പങ്കുചേരുമ്പോഴാണ്. അതായത്, അവിടുത്തോടൊപ്പം മരിക്കുകയും ഉയിർക്കുകയും ചെയ്യുമ്പോൾ, തൻമൂലം, യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ രണ്ടാം ആഗമനത്തിൽ മാലാഖമാരുടെ വൃന്ദങ്ങളോടൊരുമിച്ച് ദൈവത്തെ എതിരേൽക്കുകയും ഇടവിടാതെ സ്തിയ്ക്കുകയും ചെയ്യുന്ന വിശുദ്ധരുടെ ഗണം നാം ആയിത്തീരുകയും ചെയ്യും.

www.malankaralibrary.com

# പെസഹാവ്യാഴം

പഴയ നിയമ-പുതിയനിയമ ചരിത്രത്തിലെ അവിസ്മരണീയ ദിവസം. പഴയനിയമ പെസഹായെ പൂർത്തീകരിച്ചുകൊണ്ട് പുതിയനിയമ പെസഹാ സ്ഥാപിതമായ ദിവസം. മാനവരാശിക്ക് പുതുചൈതന്യമേകിയ ദിവസം. ക്രൈസ്തവർക്ക് പ്രിയപ്പെട്ട ദിവസം-'പെസഹാ' ഈ ദിവസത്തിന്റെ അർത്ഥവും അന്ത ഃസത്തയും ഉൾക്കൊള്ളുവാൻ അല്പം ചരിത്ര പശ്ചാത്തലം അറിഞ്ഞിരിക്കുക ആവശ്യമാണ്.

യഹൂദരുടെ കലണ്ടർ അനുസരിച്ച് നീസാൻ (Nisan)മാസം 14-ാം തീയതി, ആണ്ടുവട്ടത്തിലെ ആദ്യത്തെ മാസം 14ന് 'പെസഹാ' ആചരിച്ചു പോരുന്നു. ക്രൈസ്തവ പാരമ്പര്യമനുസരിച്ച് മാർച്ച് അഥവാ ഏപ്രിൽ മാസത്തിലെ ഒരാഴ്ച 'ഹാശാ ആഴ്ച' യായി ആചരിക്കുന്നു. ഈ ഹാശാ ആഴ്ചയിൽ ക്രൈസ്തവ ജനത യേശുവിന്റെ പെസഹാ രഹസ്യങ്ങൾ.. .പ്രത്യേകമായി അനുസ്മരിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. 'ഹാശാ ആഴ്ചയിലെ' വ്യാഴാഴ്ച 'പെസഹാ' ആചരിക്കുന്നു.

'പെസഹാ(Passsover)എന്ന വാക്കിന്റെ അർത്ഥം 'കടന്നു പോകൽ' എന്നാണ്. യഹൂദ ജനത' പെസഹ' ആചരിക്കുന്നത് ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് കുഞ്ഞാടിന്റെ രക്തത്താൽ സ്വതന്ത്രമായതിന്റെ ഓർമ്മയ്ക്കായിട്ടാണ് (പുറ. 12:1-14). ഇസ്രായേൽ ജനം ചെങ്കടൽ കടന്നതിന്റെ ഓർമ്മ, കാനാൻ ദേശത്തേക്കുള്ള യാത്ര ഇവയൊക്കെയും ഓർമ്മിക്കുന്നു. യഹൂദ ജനതയ്ക്ക് ഇതൊരു ദേശീയ ഉത്സവമാണ് (National Festival) ജറുസലേമും, ജറുസലേം ദേവാലയവും കേന്ദ്രീകരിച്ച് ഈ ആഘോഷം നടത്തിയിരുന്നു. ഈ യഹൂദ പെസഹാ തിരുനാളിന്റെ പശ്ചാത്തലത്തിലാണ് യേശുവും ശിഷ്യൻമാരും പെസഹാ ആചരിക്കുവാനായി ഒരുങ്ങിയത്. പഴയനിയമ പെസഹായുടെ പൂർത്തീകരണമായി ഒരു 'പുതിയ നിയമ പെസഹാ' ആചരിക്കുവാൻ യേശു ആവശ്യപ്പെടുകയാണ്. പിറ്റേന്നാൾ ദുഃഖ വെള്ളിയാഴ്ച ലോകത്തിനു വേണ്ടി തന്റെ ജീവൻ സമർപ്പിക്കുന്നതിനു മുമ്പ് തലേന്നാൾ- പെസഹാ വ്യാഴാഴ്ച തന്റെ വത്സല ശിഷ്യരുമൊത്ത് 'അന്ത്യ അത്താഴം' (Last Supper)അവിടുന്ന് ആചരിച്ചു, അനുഭവിച്ചു. അവിടുന്ന് 'പുതിയ നിയമ പെസഹാ', വി. കുർബാന സ്ഥാപിച്ചു. വളരെ നാടകീയമായ ചില രംഗങ്ങൾ ഈ ആചരണത്തിലും അനുഭവത്തിലും നാം കാണുന്നു.

യേശു പത്രോസിനെയും യോഹന്നാനെയും ഒരുക്കങ്ങൾ നടത്തുവാനായി മുൻകൂട്ടി അയയ്ക്കുന്നു. ഏതാനും മണിക്കൂറുകൾക്കു ശേഷം യേശുവും ശിഷ്യന്മാരും അവിടെയെത്തുന്നു. ചെളിയും പൊടിയും നിറഞ്ഞ വഴിയിലൂടെയുള്ള യാത്ര കഴിഞ്ഞ് വീട്ടിനുള്ളിൽ പ്രവേശിക്കുന്നതിനുമുമ്പ് പാദങ്ങൾ കഴുകി തുടയ്ക്കുക പതിവാണ്. ഇതിനു സഹായിക്കാൻ പരിചാരകരുമുണ്ടാകും. എന്നാൽ അപ്പോസ്തലന്മാർ പരസ്പരം സഹായിച്ചിരുന്നു. അവരുടെയിടയിൽ 'ഞാനോ

www.malankaralibrary.com

വലുത്'., 'നീയോ ചെറുത്' എന്ന മനോഭാവവും തലപൊക്കിയിരുന്നു. ഇതു മനസ്സിലാക്കിയ യേശു അന്ത്യ അത്താഴ മദ്ധ്യേ ഒരു വലിയ മാതൃക അവർക്ക് കാണിച്ചു കൊടുത്തു. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങൾ പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു. (യോഹ. 13:14,15) നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനായിരിക്കണം. ഞാൻ വന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനാണ്. പാദപ്രക്ഷാളനത്തിലൂടെ സ്നേഹ ശുശ്രൂഷ എങ്ങനെ നിർവഹിക്കപ്പെടണം എന്നു മനസ്സിലാക്കിക്കൊടുത്തതിനു ശേഷം ഈ സ്നേഹ ശുശ്രൂഷ 'സ്വയംദാന'ത്തിലൂടെയായിരിക്കണം എന്ന് തുടർന്നുള്ള പെസഹാ ആചരണത്തിലൂടെ വ്യക്തമാക്കുന്നു. ദുഃഖ വെള്ളിയാഴ്ച താൻ 'സ്വയംദാന'മായി ലോകത്തിനു വേണ്ടി ശരീരം മുറിക്കപ്പെടുകയും രക്തം ചിന്തുകയും ചെയ്തതിന്റെ പ്രതീകമായി 'അപ്പവും', 'വീഞ്ഞും' എടുത്ത് ആശീർവദിച്ചു നല്കി. ഇത് എന്റെ ശരീരമാകുന്നു, ഇതു വാങ്ങി നിങ്ങൾ ഭക്ഷിക്കുവിൻ ഇതെന്റെ രക്തമാകുന്നു, ഇതു വാങ്ങി നിങ്ങൾ പാനം ചെയ്യുവിൻ' എന്നരുളി ചെയ്തു കൊണ്ട് അവിടുത്തെ 'സ്വയം ദാനം' യാഥാർത്ഥ്യമാക്കി. വി. കുർബാന എന്ന കൂദാശ, 'കൂദാശകളുടെ കൂദാശയെ' അവിടുന്നു സ്ഥാപിച്ചു. വി. കുർബാനയാകുന്ന 'വിരുന്ന്' അവിടുന്ന് ഒരുക്കി. ഈ നൂറ്റാണ്ടിൽ ഈ സ്ഥലത്ത്, ഇന്നു ജീവിക്കുന്ന എനിക്ക് യേശു നിത്യമായർപ്പിച്ച ബലിയുടെയും, സ്ഥാപിച്ച കൂദാശയുടെയും, ഒരുക്കിയ വിരുന്നിന്റെയും കൃപയും അനുഗ്രഹവും ലഭിക്കുന്നു. ഈ ദിവ്യ രഹസ്യങ്ങളിൽ ഭാഗഭാക്കാകാനുള്ള വരം തന്നിരിക്കുന്നു. ഇന്നർപ്പിക്കുന്ന വി. കുർബാന മറ്റൊരു ബലിയല്ല. നിത്യ പുരോഹിതനായ യേശു എന്നേക്കുമായി അർപ്പിച്ച ബലിയിലുള്ള ഭാഗഭാഗത്വമാണ്. ഇപ്രകാരം വി. കുർബാന ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രമാണ്. ദൈവജനത്തെ സ്നേഹത്തിലും ഐക്യത്തിലും നിലനിർത്തുന്നത് വി. കുർബാനയാണ്. ഈ ബലിയർപ്പണത്തിലൂടെ ഈ അപ്പം പങ്കുവയ്ക്കുന്നതിലൂടെയും, ഈ കാസാപാനം ചെയ്യുന്നതിലൂടെയും 'സ്നേഹം' പങ്കുവയ്ക്കുകയാണ്. 'സ്വയംദാന' ത്തിന്റെ മനോഭാവം സ്വീകരിക്കലാണ്, 'സ്നേഹ ശുശ്രൂഷ' നിർവഹിക്കാനുള്ള തയ്യാറെടുപ്പാണത്.

വി. കുർബാന ഒരു അമൂല്യ സമ്മാനമാണ്. ഒരു സമ്മാനം അമൂല്യമാകുന്നത് അത് നല്കുന്ന ആൾ അതിൽ എത്രമാത്രം പങ്കാളിയായി എന്നതിനെ ആശ്രയിച്ചാണ്.

വി. കുർബാനയിൽ യേശു തന്നെ തന്നെ പൂർണ്ണമായി സമർപ്പിച്ചു. സ്വയം ശൂന്യമാക്കലിന്റെയും സ്വയം ദാനത്തിന്റെയും അടയാളമാണ് വി. കുർബാന .

പെസഹാ വ്യാഴാഴ്ചത്തെ 'അന്ത്യ അത്താഴവും' ദുഃഖ വെള്ളിയാഴ്ചയിലെ കുരിശുമരണവും അന്നും ഇന്നും എന്നും നിത്യനൂതനമായി നിലകൊള്ളുന്നു. യേശുവിന്റെ ഈ ബലിയിൽ പങ്കാളികളാകുന്ന ക്രിസ്ത്യാനി കൃപയും

www.malankaralibrary.com

പാപമോചനവും പ്രാപിക്കുന്നതോടൊപ്പം യേശുവിനെ പ്പോലെ സ്വയം കൊടുക്കുന്നതിനും സ്നേഹ ശുശ്രൂഷ നിർവഹിക്കുന്നതിനുള്ള ദൗത്യവും ഏറ്റെടുക്കുന്നു.

ഈ കൃപയും ദൗത്യവും ഏറ്റെടുക്കുവാൻ തക്ക ഒരുക്കത്തോടുകൂടി വി. ബലിയിൽ പങ്കാളികളാകണം. അയോഗ്യതയോടെ ഈ അപ്പം ഭക്ഷിക്കാൻ പാടില്ല എന്ന് വി. പൗലോസ് ഓർമ്മിപ്പിക്കുന്നു. ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരെ തെറ്റു ചെയ്യുന്നു. (കൊറി. 11:27). 'വിശുദ്ധ രഹസ്യങ്ങൾ വിശുദ്ധിയും വെടിപ്പുമുള്ളവർക്ക് നല്കപ്പെടുന്നു.' ആകയാൽ സംശോധന ചെയ്തതിനുശേഷം യോഗ്യതയോടെ ഈ ബലിയിൽ പങ്കാളികളാകണം. 'നീ ബലിയർപ്പിക്കാനായി ബലിപീഠത്തിലേക്കു വരുമ്പോൾ, നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെ വച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി, സഹോദരനോട് രമ്യപ്പെടുക. പിന്നെ വന്നു ബലിയർപ്പിക്കുക (മത്താ 5:23).

"സോദരനെ ദ്വേഷിക്കുന്നോൻ ഇതു ഭക്ഷിക്കാൻ പാടില്ല" എന്നാണ് പെസഹാ വ്യാഴാഴ്ചത്തെ വി. കുർബാനയിൽ പാടുക. ചുരുക്കത്തിൽ തക്ക യോഗ്യതയോടു കൂടി ആയിരിക്കണം യേശുവിന്റെ സ്നേഹത്തിന്റെ ബലി അർപ്പിക്കാൻ കടന്നു വരേണ്ടത്. വി. കുർബാന ഉത്തമ വ്യക്തിത്വ വികസനത്തിനും, ഉത്തമ കുടുംബസൃഷ്ടിക്കും, ഉത്തമ സമൂഹ സൃഷ്ടിക്കും ഉത്തമ മനുഷ്യ സമൂഹ സൃഷ്ടിക്കും ഉള്ള ഒരു സ്നേഹ ബലിയാണ്.

പെസഹാ വ്യാഴാഴ്ചയുടെ മറ്റൊരു പ്രത്യേകത യേശു ഇന്നേ ദിവസം 'പൗരോഹിത്യം' സ്ഥാപിച്ചു എന്നുള്ളതാണ്. നിത്യ പുരോഹിതനായ യേശുവിന്റെ 'അന്ത്യ അത്താഴവും' കുരിശു ബലിയും വഴി 'പൊതു പൗരോഹിത്യവും (Common Priesthood)ശുശ്രൂഷാ പൗരോഹിത്വവും (Ministerial Priesthood) സ്ഥാപിച്ചു. മാമോദിസായിലൂടെ എല്ലാ ക്രൈസ്തവരും യേശുവിന്റെ പൊതു പൗരോഹിത്യത്തിൽ പങ്കാളികളാകുന്നു. 'ശുശ്രൂഷാ പൗരോഹിത്യ സ്വീകരണത്തിലൂടെ യേശുവിന്റെ സ്നേഹ ശുശ്രൂഷയിൽ അപ്പോസ്തലന്മാരോടും അവരുടെ പിൻഗാമികളോടും ചേർന്ന് വൈദികർ പങ്കാളികളാകുന്നു.

ഓരോ വർഷത്തെയും 'പെസഹാവ്യാഴം' ആചരണം ആദ്യത്തെ വി. കുർബാനയെ ഓർമ്മിപ്പിക്കുന്നു. അന്ത്യ അത്താഴത്തിന്റെ തീവ്രനിമിഷങ്ങൾ അനുദിനം ജീവിക്കാൻ യേശു ആഹ്വാനം ചെയ്യുന്നു. നമുക്കു നല്കപ്പെട്ട കല്പന അനുസരിച്ച് യോഗ്യതയോടുകൂടി 'പെസഹ'ആചരിക്കുവാനും അനുസരിക്കുവാനും ഇടയാകട്ടെ. സ്വയം ദാനമാകുവാനും വിനയപൂർവ്വം സ്നേഹ ശുശ്രൂഷ നടത്തുവാനും 'പെസഹാ' ആചരണം നമുക്കിടയാക്കട്ടെ.

■

www.malankaralibrary.com

# ആനന്ദത്തിന്റെ നല്ല വെള്ളി

(പ്രസംഗം 1)

ഇത് ദുഃഖവെള്ളിയല്ല. ഇത് ദുരിതത്തിന്റെയോ ദുരന്തത്തിന്റെയോ വെള്ളിയല്ല; മറിച്ച് ഇത് ആനന്ദത്തിന്റെ നല്ല വെള്ളിയാണ്. ഇംഗ്ലീഷിൽ പറയുന്നതാണ് കൂടുതൽ ശരി, It is a good Friday.

ശരിയാണ്, ഇന്നൊരു മനുഷ്യൻ കുരിശിൽ തറയ്ക്കപ്പെട്ടു. ഇന്നൊരു മനുഷ്യൻ മുഖത്ത് അടിയേറ്റു. ഇന്നൊരു മനുഷ്യൻ നഗ്നനാക്കപ്പെട്ടു. റോമൻ പടയാളിയുടെ കൂർത്തമുള്ളുകെട്ടിയ ചാട്ടവാർ ഇന്നൊരുവന്റെ പച്ചമാംസം വലിച്ചുപറിച്ചു. അവന്റെ ശിഷ്യ പ്രമുഖൻ അവനെ തള്ളിപ്പറഞ്ഞു. മറ്റൊരുവൻ അവനെ ഒറ്റിക്കൊടുത്തു. അവശേഷിച്ചവർ അഭയംതേടി ഓടി മറഞ്ഞു.

നഗ്നനും നിന്ദ്യനും നീചനും നിസ്സഹായനുമായി ഇന്നവൻ തലചായ്ച്ചു മരിച്ചു. എന്നിട്ടും അവന്റെ അതിനിന്ദ്യമായ മരണം മനുഷ്യരാശിയെ മഹത്തായ ഒരുപാഠം ചൊല്ലിപ്പഠിപ്പിച്ചു. ബാഹ്യമായി ഒരുവന് ഏറ്റുവാങ്ങേണ്ടിവരുന്ന ഒരു ദുരന്തത്തിനും അവന്റെ ഉള്ളിലെ സ്വകാര്യമായ ആനന്ദത്തെ നശിപ്പിക്കാൻ കഴിയില്ല എന്ന വിശുദ്ധിയുടെ ഒന്നാംപാഠം. അതുകൊണ്ടാണ് പ്രാണൻ പിടയുന്ന ആത്മനൊമ്പരങ്ങൾക്കിടയിലും ഒന്നും സംഭവിക്കാത്തതുപോലെ, എല്ലാം പൂർത്തിയായി എന്നുപറഞ്ഞ് ആനന്ദത്തോടെ അവന് മരിക്കാൻ കഴിഞ്ഞത്.

എവിടെയോ വായിച്ചറിഞ്ഞ ഒരു കഥയുണ്ട്:

നാസി കോൺസൻട്രേഷൻ ക്യാമ്പ്. അന്ന് അവസാനമായി എത്തിയ തടവുകാരുടെ കൂട്ടത്തിൽ ഒരു ഗായകനുമുണ്ടായിരുന്നു.

പിറ്റെ സായന്തനത്തിൽ, തടവുജീവിതത്തിന്റെ വിരസതയകറ്റാൻ അയാൾ തന്റെ ഗിറ്റാറിന്റെ തന്ത്രികൾ മീട്ടി. മനോഹരമായ ഒരു പാട്ടുപാടി. തടവുപുള്ളികൾ അയാൾക്കൊപ്പം ചേർന്നു. ദേഷ്യംവന്ന ജയിൽവാർഡൻമാർ അയാളുടെ ഗിറ്റാർ തകർത്ത് ദൂരെയെറിഞ്ഞു.

പിറ്റെ ദിനത്തിൽ, വൈകുന്നേരം അയാൾ കൈയടിച്ചുപാടി. തടവുപുള്ളികൾ അയാൾക്കൊപ്പം ചേർന്നു. ജയിൽ കാവൽക്കാർ അയാളുടെ ഇരുകൈകളും ഛേദിച്ച് ദൂരെയെറിഞ്ഞു.

പിറ്റെ സായന്തനത്തിൽ അയാൾ ഒരു വായ്പ്പാട്ടുപാടി. തടവുപുള്ളികൾ അയാളോടൊപ്പം പാടി. ജയിൽ കാവൽക്കാർ അയാളുടെ നാവു പിഴുതെടുത്തു.

നാലാംദിനം. വൈകുന്നേരം ഇനി അയാൾ എന്തു ചെയ്യും? ഗിറ്റാറില്ലാതെ, കൈകളില്ലാതെ, നാവില്ലാതെ . . .

ജനസഞ്ചയം നോക്കിനിൽക്കെ, അയാൾ ശാന്തനായി എഴുന്നേറ്റുനിന്ന്, ഉള്ളിൽ മുഴങ്ങിയ ഏതോ താരാട്ടിന്റെ ഈരടികൾക്ക് കാതോർത്ത് മെല്ലെ, മെല്ലെ നൃത്തം ചവുട്ടാൻ തുടങ്ങി. തടവുപുള്ളികൾ അയാൾക്കൊപ്പം ചേർന്നു ചുവടുകൾ വച്ചു. ജിയിൽവാർഡൻമാർ പരസ്പരം പറഞ്ഞു:

www.malankaralibrary.com

"ഇനി നമുക്കിവനെ ഒന്നും ചെയ്യാനാവില്ല. കാരണം സംഗീതം അവന്റെ ഉള്ളിലാണ്"! ബാഹ്യമായ ഒരു ദുരന്തങ്ങൾക്കും നെഞ്ചിൻകൂടിനുള്ളിലെ ആനന്ദസംഗീതത്തിന്റെ ധാരമുറിക്കാനാവില്ലയെന്ന് ദൈവം മനുഷ്യനെ ചൊല്ലി പഠിപ്പിച്ച ദിനമാണ് ദുഃഖവെള്ളി.

ഭൂമുഖത്ത് ഒരു മനുഷ്യൻ കടന്നുപോകേണ്ട എല്ലാ കണ്ണീരനുഭവങ്ങളിലൂടെയും കടന്നുപോയവനാണ് ക്രിസ്തു. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ മൂന്ന്: ആഹാരം, വസ്ത്രം, പാർപ്പിടം. ഈ മൂന്ന് അടിസ്ഥാനാവശ്യങ്ങളും ക്രൂരമായി നിഷേധിക്കപ്പെട്ടാണ് മനുഷ്യപുത്രൻ കുരിശിൽ മരിച്ചത്.

**മനുഷ്യന്റെ ഒന്നാമത്തെ അടിസ്ഥാനആവശ്യം ആഹാരം:**

ഒരു വ്യാഴാഴ്ച ഒൻപതുമണിക്കാണ് യേശു അറസ്റ്റ് ചെയ്യപ്പെടുന്നത്. വെള്ളിയാഴ്ച മൂന്നുമണിക്ക് അവൻ മരിക്കുന്നു. ഒരു പാതിരാവുമുതൽ പിറ്റെദിനം മധ്യാഹ്നംവരെയുള്ള നീണ്ട പതിനെട്ടു മണിക്കൂറുകൾ അവൻ ജലപാനംപോലും ചെയ്യുന്നില്ല. ലോകചരിത്രത്തിലാദ്യമായി ഒരു പാതിരാത്രിയിൽ നാലുകോടതികളിൽ വിചാരണ ചെയ്യപ്പെട്ട്, പീലാത്തോസിന്റെ അരമന പ്രത്തോറിയത്തിൽ പടയാളികളുടെ ചാട്ടവാറുകൾ മാംസം പറിച്ചെടുത്ത്, ഗോഗുൽത്താ മലയുടെ നെറുകയിലേക്ക് കുരിശിന്റെ കനത്തഭാരം ചുമത്തപ്പെട്ട്, രക്തവും, കണ്ണീരും വറ്റിയ ഇളംമേനിയിൽ കാരിരുമ്പാണികൾ തുളച്ചുകയറ്റപ്പെട്ട്, കെട്ടിയുയർത്തിയ കുരിശിൽ തൂങ്ങിക്കിടന്ന് പ്രാണനുവേണ്ടി ദൈവം പടവെട്ടുമ്പോൾ, പതിനെട്ടു മണിക്കൂറിലാദ്യമായി ഒരു തുള്ളി വിനാഗിരി അവനു നേരെ നീട്ടപ്പെടുന്നു. അതൊരു ലഹരിയാണ്. ഈ ലഹരിയിൽ അവനീ പ്രാണന്റെ നിലവിളികൾ മറക്കാം. ഈ വിശപ്പ്, ഈ ദാഹം, ഈ വേദന എല്ലാം... പക്ഷെ യേശു അതും നിരസിക്കുന്നു. പൂർണ്ണാവബോധത്തോടെ വേണം ഞാൻ എന്റെ സഹജീവികളുടെ ഒട്ടിയവയറിന്റെ വേദനകളിലൂടെ കടന്നുപോവാൻ... ഇനിമേൽ ഏത് തെരുവുമൂലയിലെ അത്താഴപ്പട്ടിണിക്കാരനും വിളിച്ചു കരയാൻ ഒരു ദൈവമുണ്ട്... ക്രിസ്തു. അവൻ, പൈദാഹങ്ങളുടെ നൊമ്പരമറിഞ്ഞവൻ... അപ്പത്തിന്റെ ഭവനത്തിൽ പിറന്ന് ജീവന്റെ അപ്പം ഞാനാണെന്നു പറഞ്ഞവൻ. അപ്പമില്ലാതെ മരിക്കുന്നു. ജീവജലം ഞാൻ തരുമെന്നു പറഞ്ഞവൻ കുടിനീരില്ലാതെ മരിക്കുന്നു. ഒരു Empty tomb (ഒഴിഞ്ഞ കല്ലറ) യിലേക്ക് യേശു വളർന്നത് Empty Stomach (ഒഴിഞ്ഞ വയറ്)മായിട്ടാണ്. ഉപവാസം ഉത്ഥാനത്തിന്റെ മുന്നോടിയാണ്.

**മനുഷ്യന്റെ രണ്ടാമത്തെ അടിസ്ഥാന ആവശ്യം വസ്ത്രം**

ഫിനീഷ്യൻ ഭാവന മെനഞ്ഞെടുത്തതാണ് കുരിശുമരണം. കുറ്റവാളി കുരിശിലേറ്റപ്പെടുന്നത്, പൂർണ്ണനഗ്നനായി. ഒരു മുപ്പത്തിമൂന്നുകാരൻ യുവാവ്, തന്നെ പരിചയമുള്ള ഒരു ജനസമൂഹത്തിന്റെ മുമ്പിൽ നഗ്നനായി കിടക്കേണ്ടി വന്നതിന്റെ അപമാനം മുഴുവൻ ക്രിസ്തു നെഞ്ചോടുചേർത്തുവാങ്ങി. അവന്റെ വസ്ത്രം അവർ ഉരിഞ്ഞെടുത്തു. നാണം മറയ്ക്കാൻ ഒരിഞ്ചുതുണിപോലുമില്ലാതെ അവൻ മരിച്ചു.

കുരിശുയാത്ര ഭീകരമാണ്. കുരിശിന്റെ നെടുകെയുള്ള തടിയാണ് കുറ്റവാളിയുടെ

www.malankaralibrary.com

കൈകളിൽ ചേർത്തു ബന്ധിക്കുന്നത്. കുറുകെയുള്ള തടി മലയിൽ പടയാളികൾ നേരത്തെ നാട്ടിവച്ചിരിക്കും. കൈ രണ്ടും നിവർത്തിപ്പിടിച്ച് മുതുകത്തു വയ്ക്കുന്ന തടിക്കഷണം ഈ കൈകളോടും ചേർത്ത് കെട്ടപ്പെടുന്നു. അവൻ മൂന്നതവണ വീണാലും മുപ്പതുതവണ വീണാലും വീഴുന്നത് മുഖമിടിച്ചാണ്. മുതുകത്തു കയറ്റി വച്ച അമിതഭാരവുമായി മുഖമിടിച്ച് പലതവണ വീണശേഷമാണ് കാൽവരിയിലെത്തിയ അവന്റെ വസ്ത്രങ്ങൾ വലിച്ചെടുക്കപ്പെടുന്നത്. കൂക്കിവിളിക്കുന്ന നൂറുകണക്കിന് പരിചിതരായ ജനത്തിനു മുൻപിൽ നഗ്നനായി അവൻ കുരിശിൽ മരിക്കുന്നത്.

ആദി മനുഷ്യന് തന്റെ നഗ്നത മറയ്ക്കാൻ അത്തിയില പറിച്ചെടുക്കാൻ കഴിഞ്ഞു. രണ്ടാം ആദത്തിന് ചലിക്കാൻപോലും കവിയാത്തവിധം അവൻ ബന്ധിതനായിരുന്നു.

ഉടുതുണിയില്ലാത്ത ഏതു പഞ്ചപാവങ്ങൾക്കും കേണുകരയാൻ ഇനി ദൈവമുണ്ട്. സമൂഹത്തിന്റെ ദയവറ്റക്കണ്ണുകൾക്കുമുൻപിൽ വിവസ്ത്രരാക്കപ്പെടുന്ന മുഴുവൻ ജനശക്തിക്കും സമാനമായ വേദനകളിലൂടെ കടന്നുപോയ ഒരു മനുഷ്യപുത്രനുണ്ട്.

### മനുഷ്യന്റെ മൂന്നാമത്തെ അടിസ്ഥാനആവശ്യം - പാർപ്പിടം

പരസ്യജീവിത കാലത്ത് എപ്പോഴോ ക്രിസ്തു പറഞ്ഞു. പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല ഭൂമിയിൽ. പാമ്പുകൾക്ക് ഭൂമി നൽകിയവൻ പറവയ്ക്ക് ആകാശം തീറെഴുതി നൽകിയവൻ കിടന്നു മരിക്കാൻ ഒരു ഇടമില്ലാതെ, ആകാശത്തിനും ഭൂമിക്കും മദ്ധ്യേ, പരസ്പരം ചേർത്തടിക്കപ്പെട്ട രണ്ടു തടക്കഷ്ണങ്ങൾക്കു മേൽ തലചായ്ച്ചു മരിച്ചു. ജീവിത കാലത്ത് വഞ്ചിയുടെ അമരത്തും ഒലിവു മരച്ചുട്ടിലും തലവച്ചുറങ്ങിയവൻ ഒടുവിൽ തലചായ്ച്ചു മരിച്ചു.

പിന്നീട് മരണശേഷം, കബറടങ്ങാൻ കല്ലറയില്ലാതെ കടം വാങ്ങിയ കല്ലറയിൽ അവൻ അടക്കപ്പെട്ടു. ഒരു പ്രപഞ്ചം മുഴുവൻ മനുഷ്യനു തീറെഴുതിത്തന്നവൻ ഒടുവിൽ ഒടുങ്ങാൻ ഇടമില്ലാതെ കടംവാങ്ങിയ കല്ലറയിൽ ഒടുങ്ങി.

അന്തിയുറങ്ങാൻ കൂരയില്ലാതെ ആയിരങ്ങൾക്ക് അഭയം കേഴാൻ ഇനി ഒരു ദൈവമുണ്ട്. അവൻ പാർപ്പിടമല്ലാതെ മരിച്ചുവീണവൻ:

യേശുവിനുമുണ്ടായിരുന്നു ഒരു വിൽപ്പത്രം. അവന്റെ വസ്ത്രം നാല് പടയാളികൾക്ക്, അവന്റെ അങ്കി നറുക്ക് വീണവന്, അമ്മയെ യോഹന്നാന്, പറുദീസാ കള്ളന്. സ്വന്തമായിരുന്നതെല്ലാം ഈ മണ്ണിലുപേക്ഷിച്ച് ഒന്നുമില്ലാത്തവനായി അവൻ മരിച്ചു. കുരിശിൽ തൂങ്ങിക്കിടന്ന് ശ്വാസകോശം ചുരുങ്ങി, പ്രാണനൊടുക്കാൻ പാടുപെടുമ്പോഴും ആ മുറിവേറ്റ വൈദ്യൻ അപരന് പറുദീസാ വാഗ്ദാനം ചെയ്തു. ഒടുവിൽ പാരമ്പര്യം പറയുന്നതുപോലെ, അവന്റെ വിലാപ്പുറത്ത് കുന്തം കയറ്റിയ ലൊങ്കീനോസ് എന്ന അന്ധനായ പടയാളി കാഴ്ചയുടെ വർണ്ണമേളങ്ങളിലേക്ക് മിഴി തുറന്നു. നീയെന്നെ മുറിവേൽപ്പിച്ചുകൊള്ളുക. നിന്നെ ഞാൻ സുഖപ്പെടുത്താം. നിയെന്നെ

www.malankaralibrary.com

നോവിക്കുക. നിന്നെ ഞാൻ സ്നേഹിക്കാം.....

ജീവിതത്തിന്റെ ദുഃഖവെള്ളികളായ സഹനകാലങ്ങളിലാണ് മനുഷ്യൻ ദൈവത്തെ കണ്ടുമുട്ടുന്നത്. യേശുവിന്റെ കുരിശിനു മുന്നിൽ ശതാധിപൻ സത്യദൈവത്തെ കണ്ടുമുട്ടി. യഹൂദനും വിജാതീയനും ഒക്കെ ഊട്ടുമേശക്കു ചുറ്റുമിരുന്ന് ദൈവരാജ്യത്തിന്റെ വിരുന്നുണ്ണുമെന്ന് സ്വപ്നം കണ്ടവനാണ് കൺമുമ്പിൽ. ആ മനുഷ്യനാണ് അതിനിന്ദ്യവും ക്രൂരവുമായ പരിത്യക്തിവ്യസ്ഥയുടെ പരകോടിയിൽ, ദൈവം കൈവിട്ടുവോ എന്ന പ്രാണവേദനയിൽ നിലവിളിക്കുന്നത്. സ്വർഗ്ഗത്തിന്റെ കിളിവാതിലുകൾ അവനു നേരെ അടഞ്ഞു തന്നെ കിടന്നു. ഈ സ്വയമെരിയലിന്റെ പരിപൂർണ്ണതയ്ക്കു മുമ്പിൽ ശതാധിപന് ബോധോദയമുണ്ടായി. ഇവൻ സത്യമായും ദൈവപുത്രനാണ്. ആനന്ദപൂർവം സഹനകാലങ്ങളെ വരവേൽക്കുന്നവരുടെ സാന്നിദ്ധ്യം പോലും സുവിശേഷപ്രഘോഷണമായി മാറുന്നതിവിടെയാണ്.

മറ്റൊരു മതവും ഓതിത്തരാത്തത്ര മഹത്തായ, സഹനത്തിന്റെ ഒരു ദൈവശാസ്ത്രം ദുഃഖവെള്ളിയിൽ മനുഷ്യരാശിക്ക് വെളിപ്പെടുന്നുണ്ട്. ഭൂമികണ്ടതിൽ വച്ചേറ്റവും നിഷ്ക്കളങ്കനായ മനുഷ്യൻ, സങ്കൽപ്പങ്ങൾക്കതീതമായ വേദനയുടെ പാരമ്യത്തിൽ പിടഞ്ഞുകൊണ്ട്, സ്വന്തം അസ്തിത്വം തന്നെയായ ദൈവത്തോടു ചോദിക്കുന്ന ഉള്ളുരുക്കുന്ന ഒരു ചോദ്യമുണ്ട്: "ദൈവമേ, എന്തുകൊണ്ട് നീ എന്നെ കൈവിട്ടുകളഞ്ഞു?" യേശു ഏറ്റവും കൂടുതൽ സഹിച്ച നിമിഷമായി ഉൾക്കാഴ്ചയുള്ളവർ ചൂണ്ടിക്കാണിക്കുന്ന ഒരു മുഹൂർത്തം. നിസ്സഹായനായി നിലവിളിക്കുന്ന പുത്രനു നൽകാൻ ഒരുത്തരവും പിതാവ് കരുതിവയ്ക്കുന്നില്ല. പ്രകോപനാത്മകമായ ഒരു മൗനം – an aggressive silence കൊണ്ട് പിതാവ് അവന് ഒരു ഉത്തരം നൽകുന്നു – an aggressive answer – ഒരു ഉത്തരമില്ലാത്ത ഉത്തരം! പരിമിതമായ മാനുഷികബുദ്ധിയുടെ വലയത്തിനുള്ളിൽ ദൈവിക പദ്ധതികളുടെ മഹാരഹസ്യങ്ങൾ ഉൾക്കൊള്ളാനാവില്ല എന്ന തിരിച്ചറിവിൽ ഒരു കുഞ്ഞിനെപ്പോലെ പുത്രൻ കീഴടങ്ങുകയാണ്: ഒന്നും മനസിലാവുന്നില്ലെനിക്ക്. എങ്കിലും നിന്നിൽ വിശ്വസിക്കുന്നു ഞാൻ. എല്ലാ ചോദ്യങ്ങളുമവസാനിപ്പിച്ച് ശാന്തനായി കീഴടങ്ങുകയാണ് ഞാൻ: "പിതാവിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു". സഹനത്തിനും കണ്ണീരിനും മുന്നിൽ ചോദ്യങ്ങളില്ല ഇനി മേൽ. എല്ലാം സമർപ്പിച്ച് ഒരു കുഞ്ഞിന്റെ ആശ്രയബോധത്തോടെ പിതാവിന്റെ മുമ്പിൽ കീഴടങ്ങുക മാത്രം!

ദുഃഖവെള്ളികളുടെ കണ്ണീർ മഴകളിൽ ഒരുവന് കൂട്ടിനുണ്ടാവേണ്ടത് ഉള്ളിലൊരിക്കലും അണയാതെ നിൽക്കുന്ന ഒരു ദർശനത്തിന്റെ സാന്നിദ്ധ്യമാണ്. കാൽവരിയിൽ ദുഃഖവെള്ളിയാഴ്ച ഉയർത്തപ്പെട്ടത് മൂന്നു കുരിശുകൾ. മദ്ധ്യത്തിൽ ക്രിസ്തു. ഇരുവശങ്ങളിലും കള്ളന്മാർ. മദ്ധ്യത്തിലുള്ള കുരിശിൽ നിന്നും രണ്ടു കള്ളന്മാരിലേക്കുമുള്ള ദൂരം ഏതാണ്ട് തുല്യമാണ്. എന്നിട്ടും ഒരുവൻ രക്ഷയിലേക്കും അപരൻ നാശത്തിലേക്കും പോകുന്നത് എന്തുകൊണ്ടാണ്? രക്ഷപ്പെട്ടവന് ഒരു ദർശനമുണ്ടായിരുന്നു. അവൻ ചോദിക്കുന്നത് നിത്യതയിലെ കാര്യമാണ്: "നീ പറുദീസയിലായിരിക്കുമ്പോൾ എന്നെയും ഓർമ്മിക്കില്ലേ?" എന്ന്. എന്നാൽ അപരനാവട്ടെ മിഴി

www.malankaralibrary.com

പാളിക്കുന്നത് നശ്വരതയിലേക്കു തന്നെയാണ്: "നീ രക്ഷപ്പെടുക, ഞങ്ങളെയും രക്ഷപ്പെടുത്തുക". കുരിശിൽ നിന്നു രക്ഷപ്പെട്ടാലും അവന് അധികകാലം ആയുസ്സില്ലെന്നിരിക്കെ വീണ്ടും നശ്വരതയെ പുൽകാനാണ് അവന് ത്വര. ഒരുവൻ മുകളിലേക്കു നോക്കി. അപരൻ താഴേക്കും. ഉയരങ്ങളിലേക്കു നോക്കിയവനായി പറുദീസയുടെ വാതിലുകൾ തുറപ്പെട്ടു. താഴേക്കു നോക്കിയവനായി നകരവാതിലുകളും! ഏതു ദുരന്തവും ആനന്ദമായി മാറുന്നത് ഈ കാഴ്ചപ്പാടിന്റെ വ്യത്യാസത്തിലാണ്. "സൂര്യാസ്തമയത്തെ ഓർത്ത് നീ വിലപിച്ചിരുന്നാൽ ഈ നക്ഷത്രങ്ങളും നിനക്കു നഷ്ടമാകും" എന്ന ടാഗോറിന്റെ വരികൾ ഓർമ്മിക്കുക. ഏതു നരകവും ഒരു ദർശനത്തിന്റെ കൂടുണ്ടെങ്കിൽ സ്വർഗ്ഗമാവും എന്ന് ഈ ദുഖവെള്ളി അനുസ്മരിപ്പിക്കുന്നു.

ദുഃഖവെള്ളി മഹത്തായ ഒരു സ്നേഹത്തിന്റെ ഓർമ്മയാചരണമാണ്. തന്റെ ഏകജാതനെനൽകുവാൻ ലോകത്തെ അത്രമാത്രം സ്നേഹിച്ച പിതാവ്. പിതാവിന്റെ സ്നേഹവുമായി ഭൂമിയിൽ പിറന്ന പുത്രൻ. ഓശാന പാടിയവരെയും കുരിശിക്കുക എന്നാർത്തവരെയും അവൻ ഒരു പോലെ സ്നേഹിച്ചു. വഞ്ചനയുടെ ചുംബനം കൊണ്ട് ഒറ്റിക്കൊടുത്തവനെയും ബലഹീനതയുടെ മുഹൂർത്തത്തിൽ തള്ളിപ്പറഞ്ഞവനെയും ഒരുപോലെ കരുണകൊണ്ടു പൊതിഞ്ഞ സ്നേഹം. കാനായിൽ വെള്ളത്തെ വീഞ്ഞാക്കിയ, കാൽവരിയിൽ വീഞ്ഞിനെ രക്തമാക്കിയ സ്നേഹം. ഇങ്ങനെ സ്നേഹിച്ചു സ്നേഹിച്ച് അവൻ കാൽവരിയിൽ മരിച്ചു. മറ്റൊരുവന്റെ കല്ലറയിൽ മൃതശരീരമായി കിടന്നവൻ മൂന്നാംദിനം അത്ര സ്നേഹത്താൽ ജീവനിലേക്കു പിടഞ്ഞുണർന്നു. ഈ സ്നേഹമാവുകയാണ് ഓരോ ക്രൈസ്തവന്റെയും വിളി. ഒരു കുരിശിനും കൊല്ലാനോ ഒരു കല്ലറയ്ക്കും ഒതുക്കാനോ കഴിയാത്ത സ്നേഹമായി വളരാൻ ദുഃഖവെള്ളി നമ്മെ പ്രചോദിപ്പിക്കുന്നു.

ഈ ദിനം നമ്മുടെ ഹൃദയങ്ങളെ കീറിമുറിക്കാനുള്ള ദിനമാണ്. പെസഹാരാത്രിയിൽ അപ്പം മുറിച്ചവൻ ദുഃഖവെള്ളിയിൽ സ്നേഹം മുറിച്ചു. ഈ ദിനത്തിൽ അവന്റെ വിലാപ്പുറം കീറിമുറിക്കപ്പെട്ടു. കുരിശിൻ ചുവട്ടിൽ നിന്നു ശതാധിപന്റെ ഹൃദയം കീറി. കാൽവരിയിലെ കരിംപാറക്കൂട്ടങ്ങൾ പലതായി പിളർന്നുമാറി. ജറുസലേം ദേവാലായത്തിന്റെ തിരശ്ശീല അടി മുതൽ മുടി വരെ രണ്ടായി കീറിമാറി. ചരിത്രത്തെ എ.സി. എന്നും ബി.സി. എന്നും രണ്ടായി കീറിമുറിച്ചവൻ ദുഖഃവെള്ളിക്കു ശേഷം ചരിത്രത്തിൽ അനേകായിരങ്ങളുടെ ഹൃദയങ്ങളെ കീറിമുറിച്ചു. ഈ ഓർമ്മയാചരണം ഹൃദയം കീറാനുള്ള ദിനമാണ്. നിങ്ങളുടെ വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടത് എന്ന് നൂറ്റാണ്ടുകൾക്കു മുമ്പ് മുഴങ്ങിയ പ്രവാചകധ്വനികൾക്ക് കാതുകൊടുക്കുക. പഴയ നിയമത്തിലെ മോശയുടെ 'Who are you?' എന്ന ചോദ്യത്തിന് 'I am Love' എന്ന് ദൈവം ഉത്തരം കൊടുത്ത ദിനമാണ് ദുഃഖവെള്ളി. ഈ സ്നേഹം നമ്മുടെ ഹൃദയങ്ങളെ കീറിമുറിക്കട്ടെ. കർത്താവിന്റെ രക്തം വീണു ചുവന്ന മണ്ണിൽ നമ്മുടെ കണ്ണുനീർത്തുള്ളികൾ വീണുടയട്ടെ. ഈ ദുഃഖവെള്ളി അർത്ഥപൂർണ്ണമാകട്ടെ!

www.malankaralibrary.com

# വഴിപിഴച്ചവന്റെ വെള്ളിനാണയങ്ങൾ

## പ്രസംഗം 2 (മർക്കോസ് 14:10-11)

രക്ഷാകര ചരിത്രത്തിലെ ഏറ്റവും വലിയ നിർഭാഗ്യവാന്റെ സ്ഥാനമാണ് യൂദാസിന്റേത്. ശിഷ്യസമൂഹത്തിലെ ഏക യൂദയാക്കാരൻ യൂദാസായിരുന്നു. അവന്റെ പേരിന്റെ അർത്ഥം സ്തുതി എന്നും. മൂന്നുവർഷം ക്രിസ്തുവിന്റെ കൂടെ നടന്നവൻ. ക്രിസ്തുവിന്റെ ജീവിതത്തിനും അത്ഭുതങ്ങൾക്കും സാക്ഷിയായി ഒപ്പമുണ്ടായിരുന്നവൻ. ക്രിസ്തുവിനോടൊപ്പം ഉണ്ടും ഉറങ്ങിയും മൂന്നുവർഷങ്ങൾ! എന്നിട്ടും അവന് ക്രിസ്തുവിനെ തൊടാൻ കഴിയാതെ പോയി എന്ന ദുര്യോഗത്തിൽ സുവിശേഷത്തിലെ ഏറ്റവും നിർഭാഗ്യവാനായ മനുഷ്യനായി യൂദാസ് മാറുന്നു.

കൂടെ നടന്നതുകൊണ്ടുമാത്രം ഒരുവനും ക്രിസ്തുവിനെ തൊടണമെന്നില്ല. കൂടെ നടന്നവർക്കല്ല സൗഖ്യം കിട്ടിയത്, മറിച്ച് അവനെ തൊട്ടവർക്കാണ്. ശിഷ്യസമൂഹം മുഴുവൻ തിക്കിത്തിരക്കിയപ്പോഴും വിശ്വാസപൂർവ്വം അവനെ തൊട്ടത് ഒരു രക്തസ്രാവക്കാരി മാത്രമായിരുന്നു. സമാനമായിരുന്നു യൂദാസിന്റെ ദുരന്തവും. രക്ഷയുടെ കൂടെ സഞ്ചരിച്ചിട്ടും രക്ഷയെ ഒരു വിളിപ്പാടകലെ മാറ്റിനിർത്തിയ ഈ മനുഷ്യന്റെ ജീവിതത്തെ നോക്കി ക്രിസ്തുതന്നെ വിലപിക്കുന്നുണ്ട്. "ഇവൻ ജനിക്കാതിരുന്നെങ്കിൽ".

പെസഹായ്ക്ക് ആറുദിനങ്ങൾക്ക് മുൻപ്, ബഥാനിയായിലെ ലാസറിന്റെ ഭവനത്തിൽവച്ച്, മറിയം വിലയേറിയ സുഗന്ധതൈലം കൊണ്ട് ക്രിസ്തുവിന്റെ ശിരസ്സിനെ അഭിഷേചിക്കുമ്പോൾ യൂദാസ് വല്ലാതെ പരിഭവപ്പെടുന്നു എന്നു നാം വായിച്ചറിയുന്നു. എന്തിനിത് പാഴാക്കണം? മുന്നൂറ് ദനാറയ്ക്ക് വിറ്റാൽ ദരിദ്രരെ സഹായിച്ചുകൂടേ? മുന്നൂറ് ദനാറ, അഥവാ മുപ്പതു പൗണ്ട്, ഒരു സാധാരണജോലിക്കാരന്റെ ഒരു വർഷത്തെ വരുമാനമാണ്. ഒരു കൊല്ലം കൊണ്ടുണ്ടാക്കിയത് ഒരു നിമിഷം കൊണ്ട് പാഴായിപ്പോകുന്നു എന്നതാണ് യൂദാസിന്റെ ലോജിക്. സ്നേഹത്തിന്റെ അഭിഷേക കർമ്മങ്ങൾ ലോജിക്കിന്റെ പാഠങ്ങൾക്കും വെളിയിലാണ് എന്ന മൂന്നാംകണ്ണിന്റെ ഉൾവെളിച്ചം അന്യമായിപ്പോയിടത്ത് യൂദാസിന്റെ ബലഹീനതകൾ ആരംഭിക്കുന്നു. എന്തായിരുന്നു ആ ബലഹീനത?

സ്നേഹംകൊണ്ട് അളക്കേണ്ടതിനെ പണംകൊണ്ട് അളന്നു എന്നതായിരുന്നു യൂദാസിന്റെ മൂലപാപം. ഒരേ സുഗന്ധതൈലംതന്നെ ഒരാൾക്ക് സ്നേഹപ്രകടനത്തിനുള്ള മീഡിയവും മറ്റൊരാൾക്ക് പാഴാക്കിക്കളയുന്നൊരു സാധനവുമായി കാണപ്പെടുന്നതിനുപിന്നിൽ ഈ കാഴ്ചപ്പാടിന്റെ വ്യത്യസ്തതയുണ്ട്.

ദൈവസമർപ്പണവഴിയിലെ തികച്ചും വ്യത്യസ്തങ്ങളായ രണ്ട് സമാപനങ്ങളാണിവ. ഈ വിലയേറിയ സുഗന്ധദ്രവ്യം പോലും എനിക്ക് നിന്നോടുള്ള സ്നേഹത്തിന്റെ പ്രതീകമാകുന്നില്ല, കുറച്ചുകൂടിയുണ്ടായിരുന്നെങ്കിൽ അതുകൂടി നിന്റെ പാദ

www.malankaralibrary.com

ങ്ങളിൽ അഭിഷേചിക്കുമായിരുന്നു ഞാൻ എന്ന ആത്മവേദനയോടെ ക്രിസ്തുവിന്റെ മുൻപിൽ നില്ക്കുന്ന മറിയം ഒരുവശത്ത്,

ദൈവത്തിന് നല്കിയതൊക്കെ പാഴായിപ്പോയി, അത് ദരിദ്രർക്കും കുടുംബത്തിനും ഭാര്യക്കും കുഞ്ഞുങ്ങൾക്കുമൊക്കെ നല്കാമായിരുന്നു എന്ന് വിലപിക്കുന്ന യൂദാസ് മറുവശത്ത്.

ക്രിസ്തുവിന് നല്കിയതൊക്കെ പാഴായിപ്പോയി, എന്ന് വിലപിക്കുന്നവരിലെല്ലാം ഒരു ഒറ്റുകാരൻ ഒളിഞ്ഞുനില്ക്കുന്നു.

ഇന്ന് സുഗന്ധദ്രവ്യത്തിന് മുപ്പത് പൗണ്ട് വിലയിട്ടവൻ, ആറുദിനങ്ങൾക്കുശേഷം സുഗന്ധം പൂശപ്പെട്ടവന് മുപ്പത് വെള്ളിനാണയങ്ങൾകൊണ്ട് വിലയിടും. ഇന്ന് സ്നേഹത്തിന് വിലയിട്ടവൻ നാളെ സ്നേഹം നല്കിയവന് വില പറയും. ഒരു പാപവും ആകസ്മികമല്ല. എല്ലാ ഇടർച്ചകൾക്കും ക്രമാനുഗതമായ ഒരു വളർച്ചയുണ്ട്. ഇന്ന് സുഹൃത്തിനെ തള്ളിപ്പറഞ്ഞവൻ നാളെ പെറ്റമ്മയെ തള്ളിപ്പറയും.

ഞാനവനെ ഏല്പിച്ചുതന്നാൽ നിങ്ങൾ എനിക്ക് എന്തുതരും. സ്നേഹബന്ധങ്ങളുടെ ധ്യാനത്തിലെ വേദനിപ്പിക്കുന്ന ഒരു ചോദ്യമാവാം ഇത്. സ്നേഹമെന്നാൽ ഒന്നും നേടാനിച്ഛിക്കാതെ എല്ലാം നല്കുകയാണ് എന്ന ബോധജ്ഞാനത്തിന്റെ വേരറ്റുപോകുമ്പോൾ ഒരുവന്റെ ദർശനത്തിന്റെ ഏറ്റവും പ്രിയപ്പെട്ട മൂല്യം എന്തു നേടുന്നു എന്നത് മാത്രമായി മാറുന്നു. കണ്ടുപരിചയിച്ച എല്ലാറ്റിനും ജീവിതത്തിൽ അയാൾ വിലയിട്ടുതുടങ്ങുന്നു. സുഹൃത്തുക്കൾക്ക്, കുഞ്ഞുങ്ങൾക്ക്, ഭാര്യക്ക്, ദൈവത്തിന്... ജീവിതത്തിൽ എല്ലാറ്റിനും വിലയിട്ടവൻ ഒടുവിൽ സ്വയം വിലയില്ലാത്തവനായി മരണക്കയറിലേക്ക് നടന്നുപോകുന്നു. സ്വയമൊരുക്കിയ മരണക്കെണിയിൽ യൂദാസിന്റെ ജീവിതം അവസാനിക്കുന്നു.

വി.യോഹന്നാന്റെ സുവിശേഷമനുസരിച്ച്, യൂദാസിന്റെ വഞ്ചന ആരംഭിക്കുന്നതും അവസാനിക്കുന്നതും ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രതിപാദന സമയത്താണ്. യേശു അപ്പം വർദ്ധിപ്പിച്ചപ്പോൾ അതാരംഭിച്ചു. യേശു സ്വന്തം ശരീരം അപ്പംപോലെ മുറിച്ചുനല്കിയപ്പോൾ അതവസാനിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അപ്പം ഇരട്ടിയാക്കുമ്പോഴും അപ്പം മുറിച്ചുകൊടുക്കുമ്പോഴുമാണ് ഒറ്റികൊടുക്കൽ യൂദാസിന് ഒരു പ്രലോഭനമാകുന്നത്. അപ്പം അനേകരുടെ വിശപ്പടക്കാനുള്ളതാണ്. കൈയിൽ ദൈവം ഏല്പിച്ച മിനിമം കഴിവുകൾ (അഞ്ചപ്പങ്ങൾ) അയ്യായിരങ്ങളുടെ വിശപ്പടക്കാൻവേണ്ടി വർദ്ധിപ്പിക്കാൻ ഇഷ്ടപ്പെടാത്തവരെല്ലാം ഒറ്റുകാരന്റെ വഴിയിലാണിനി സഞ്ചരിക്കുക. കൈയിൽ ദൈവമേല്പ്പിച്ച മിനിമം കഴിവുകൾ അനേകരുടെ വിശപ്പടക്കാൻവേണ്ടി മുറിച്ചുകൊടുക്കാൻ തയ്യാറാകാത്തവരൊക്കെ ഇനിമേൽ ഒറ്റുകാരന്റെ മനസ്സുള്ളവരാണ്. ക്രിസ്തീയ ജീവിതത്തിന് വർദ്ധിപ്പിക്കുക, മുറിച്ചുകൊടുക്കുക എന്നതിലുപരി മറ്റൊരർത്ഥമില്ലെന്ന് തിരിച്ചറിയുക. അതിനെതിരായി ചിന്തിക്കുന്നവരുടെയൊക്കെ സ്ഥാനം അക്കൽദാമയിൽതന്നെ.

www.malankaralibrary.com

അവൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ വി.കുർബാന സ്ഥാപിച്ചു. വി.കുർബ്ബാനയും ഏറ്റുവാങ്ങി യൂദാസ് ഒറ്റികൊടുക്കാൻ വേണ്ടി ഗുരുസന്നിധി വിട്ടുപോയി. രണ്ടും ധ്യാനപൂർവ്വം നാം നിരീക്ഷിക്കുക. ഒറ്റികൊടുക്കപ്പെടുന്ന രാത്രികളിലൊക്കെ, തള്ളിപ്പറയുന്നവർക്കുപോലും, സ്വയം വി.കുർബ്ബാനയായി മുറിച്ചുനല്കുവാനും, വി.കുർബ്ബാന ഏറ്റുവാങ്ങിയശേഷം, ശരീരം മുറിച്ചുതന്നവനെ ഒറ്റികൊടുക്കാതിരിക്കാനും യൂദാസിന്റെ ധ്യാനം നമ്മെ ഓർമ്മിപ്പിക്കുന്നു.

അവന്റെ കൈ എന്റെയടുത്ത് മേശമേലുണ്ട്. ഒറ്റികൊടുക്കൽ കർമ്മം പൂർത്തിയാവാൻ ഏതാനും നാഴികകൾ മാത്രമേ ഇനി ബാക്കിയുള്ളൂ. അപ്പോഴും ക്രിസ്തുവിന്റെ ഹൃദയം ഒറ്റുകാരന്റെ നിശ്വാസങ്ങളോട് ഏറെ അടുത്താണ്. അനുതപിക്കാൻ അവനിനിയും നേരമുണ്ട്. തിരിച്ചുവരാൻ നാഴികകൾ ഇനിയും ബാക്കിയുണ്ട്. അനുതപിച്ച്, സ്നേഹം പഠിപ്പിച്ച ഗുരുവിന്റെ സന്നിധിയിലേക്ക് തിരികെവരാൻ ക്രിസ്തു യൂദാസിന് രണ്ട് പ്രധാനപ്പെട്ട അവസരങ്ങൾ നല്കി. ഒന്നാമത്തെ അവസരം അന്ത്യ അത്താഴ വേളയിൽ നിങ്ങളിലൊരുവൻ എന്നെ ഒറ്റികൊടുക്കും എന്ന വിലാപത്തിൽ ഗുരുവഞ്ചനയുടെ മുഴുവൻ ഭീകരതയും ക്രിസ്തു ആവാഹിക്കുന്നുണ്ട്. യൂദാസ്, പ്രപഞ്ചത്തിലേക്കുംവച്ച് ഏറ്റവും വലിയ പാതകമാണ് വെളിച്ചത്തിലേക്ക് നയിച്ച ഗുരുവിനെ ഒറ്റികൊടുക്കുക എന്നത്. ഗുരുവഞ്ചനയെക്കാൾ നല്ലത് നിന്റെ ജന്മം അഥവാ അസ്തിത്വം ഇല്ലാതിരിക്കലാണ്. ജനിക്കാതിരുന്നെങ്കിൽ നിനക്ക് നന്നായിരുന്നു.

പുരാതന ഗ്രീക്കു പാരമ്പര്യമനുസരിച്ച് വിരുന്നുമേശയിൽ അപ്പം മുക്കിക്കൊടുക്കുക എന്നത് ഔദാര്യത്തിന്റെ പ്രതീകമാണ്. അപ്പം മുക്കിക്കൊടുത്തതിലൂടെ ക്രിസ്തു യൂദാസിനെ അനുതാപത്തിലേക്ക് ഒന്നാം പ്രാവശ്യം ക്ഷണിക്കുന്നു. ദൈവം വാതിൽതുറന്നുകൊടുത്തു. സാത്താൻ അതിലൂടെ പ്രവേശിച്ചു. അപ്പക്കഷണം സ്വീകരിച്ചയുടനെ സാത്താൻ അവനിൽ പ്രവേശിച്ചു. (യോഹ. 13, 27) ക്രിസ്തു അവനോടു പറയുന്നു, നീ ചെയ്യാൻ പോകുന്നത് വേഗം പോയി ചെയ്യുക. പണസഞ്ചി യൂദാസിന്റെ കൈയിലായിരുന്നതിനാൽ ശിഷ്യൻമാർ കരുതി, അവൻ പോയത് ഒന്നുകിൽ തിരുനാളിനാവശ്യമുള്ളത് വാങ്ങാൻ, അല്ലെങ്കിൽ ദർദ്രർക്കെന്തെങ്കിലും കൊടുക്കാൻ.

വാങ്ങാനായിരുന്നില്ല യൂദാസ് പോയത്. മറിച്ച്, വിൽക്കാനായിരുന്നു. സ്നേഹം പഠിപ്പിച്ച ഗുരുവിനെ വിൽക്കാൻ. പാവങ്ങളെ സഹായിക്കാനുമല്ല അവൻ പടിയിറങ്ങിയത്. മറിച്ച് പണക്കാരായ പുരോഹിതരുടെ വഞ്ചനയ്ക്ക് കൂട്ടുചേരാൻ. അപ്പക്കഷണം സ്വീകരിച്ചയുടൻ അവൻ പുറത്തേക്കുപോയി. അപ്പോൾ രാത്രിയായിരുന്നു. അപ്പം വർദ്ധിപ്പിച്ചപ്പോൾ ആരംഭിച്ച പാപം അപ്പം ഏറ്റുവാങ്ങുമ്പോൾ പൂർണ്ണമാവുന്നു. അവൻ രാത്രിയിലേക്ക് ഇറങ്ങിപ്പോയി. അന്ധകാരം അന്ധകാരത്തോടു ചേർന്നു. മനസ്സിൽ വെളിച്ചമുണ്ടായാൽ പുറത്തു വെളിച്ചമുണ്ടാവും. മനസ്സിൽ അന്ധകാരം നിറഞ്ഞവൻ ഇറങ്ങിപ്പോകുന്നതും അന്ധകാരത്തിലേക്കായിരിക്കും. ഈ രാത്രിയവസാനിക്കുമ്പോൾ, പിറ്റേ പ്രഭാതമുണരുമ്പോൾ പീലാത്തോസിന്റെ അരമനപ്രത്തോ

www.malankaralibrary.com

റിയത്തിൽ ഒറ്റികൊടുക്കപ്പെട്ടവൻ മൂകമായി നില്ക്കും. ഒറ്റിക്കൊടുത്തവനെ മുപ്പതു വെള്ളിനാണയങ്ങൾ – ആഴമായി പീഡിപ്പിക്കും.

അനുതാപത്തിനുള്ള രണ്ടാമത്തെ അവസരം ക്രിസ്തു യൂദാസിന് നല്കുക ഗെത്സമൻ തോട്ടത്തിൽവച്ചാണ്. ചുംബനമെന്നൊരു പെരുനൊമ്പരം കൊണ്ട് ഗുരുവിനെ ഒറ്റികൊടുക്കാനാഞ്ഞവന്റെ മിഴികളിലേക്കു നോക്കി ഗുരു ചോദിക്കുന്നു, "സ്നേഹിതാ ചുംബനം കൊണ്ടോ നീ നിന്റെ ഗുരുവിനെ ഒറ്റികൊടുക്കുക?" ഇന്നലെവരെ ചുംബനം ഉള്ളിൽ നിറയുന്ന സ്നേഹത്തിന്റെ ബാഹ്യമായ സിംബലായിരുന്നു. ഇനിമേൽ ചുംബനങ്ങളെല്ലാം വഞ്ചനയുടെ പ്രതീകങ്ങളായി മാറ്റപ്പെടും. ഒറ്റുകാരന്റെ മനസ്സുള്ളവരൊക്കെ വിശുദ്ധമായതു പലതും മലിനമാക്കും. പുഞ്ചിരിയിൽ അവർ വഞ്ചന ഒളിപ്പിച്ചുവയ്ക്കും. മുഖസ്തുതികളിൽ അവർ സത്യത്തെ മറച്ചുപിടിക്കും. സ്വസ്തിവാചകങ്ങളിൽ അവർ ആത്മാർത്ഥതയെ പണയം വയ്ക്കും. തൂവലുകൾക്കിടയിൽ കഴുകൻ നഖങ്ങളെ ഒളിപ്പിച്ചുവയ്ക്കും. ചുംബനം കൊണ്ട് ഗുരുവിനെ ഒറ്റികൊടുക്കും..

ഒറ്റികൊടുത്തവനെയും ക്രിസ്തു വിളിക്കുക സ്നേഹിതാ എന്നാണ്. അനുതാപത്തിലേക്കുള്ള ഗുരുവിന്റെ രണ്ടാമത്തെ ക്ഷണം. പക്ഷേ ആ വിളിയും എങ്ങുമെത്താതെ തിരികെ മടങ്ങി. യൂദാസ് മരണത്തിലേക്ക് നടന്നുനീങ്ങി.

അപരാധങ്ങളുടെ പൊറുക്കപ്പെടാനാവാത്ത വഴികളിൽ ഏകനായിനിന്ന് വഴിപിഴച്ചവൻ വിലപിച്ചു. "ഞാൻ നിഷ്കളങ്കരക്തത്തെ ഒറ്റികൊടുത്തു". മരണനാഴിക വരെ ഇനിയിവനെ ഈ അപരാധബോധം വേട്ടയാടും. ഇനിയുള്ള രാവുകളിൽ തെറ്റുകാരന് ഉറങ്ങാനാവില്ല. നിദ്രാവിഹീനമായ രാത്രികളാവും പാപത്തിന്റെ ഏറ്റവുമടുത്ത അനന്തരഫലമെന്ന് യൂദാസ് പഠിപ്പിക്കുന്നു.

തെറ്റിന്റെ പാതകളിൽ കൂടെയുണ്ടായിരുന്നവരും തിൻമയുടെ ഫലം പറിച്ചെടുത്തവരും അവനെ തിരസ്കരിച്ചുപറയുന്നു. അതിന് ഞങ്ങൾക്കെന്ത്? പാപഭാരങ്ങൾ പേറിയലയുന്ന മനുഷ്യരൊക്കെ ഏകരാണ്. പാപഫലങ്ങളുടെ നൊമ്പരച്ചൂരിലെരിയാൻ പാപത്തിനു കൂട്ടുനിന്നവരാരും ഉണ്ടാവില്ലെന്ന് തിരിച്ചറിയുകയാണ് പ്രധാനം. ചില യുദ്ധഭൂമികളിൽ നാം വല്ലാതെ തനിച്ചാണ്. നെഞ്ചുപൊള്ളുന്ന വേദനയോടെ യൂദാസ് ആ സത്യം തിരിച്ചറിഞ്ഞു.

പിന്നെ, അവനാ നാണയങ്ങൾ വലിച്ചെറിഞ്ഞു. എന്തിനുവേണ്ടിയാണോ പ്രാണനുതുല്യം സ്നേഹിച്ച ഗുരുവിനെ ഒറ്റികൊടുത്തത്, എന്തിനു വേണ്ടിയാണോ നിഷ്കളങ്കരക്തത്തിന് വില പറഞ്ഞത്, ആ മുപ്പതുവെള്ളിനാണയങ്ങൾ തനിക്ക് സന്തോഷം തരുന്നില്ല എന്ന് യൂദാസിന് പൊള്ളുന്ന ഒരു ബോധോദയമുണ്ടാകുന്നു. പാപഭൂമിയിലെ ആഹ്ലാദങ്ങളൊന്നും സ്ഥായിയല്ല. തിൻമയുടെ വഴികളിൽനിന്നു ശേഖരിക്കുന്ന ആഹ്ലാദങ്ങൾക്ക് ആയുസ്സുമില്ല. ഇന്നു സുന്ദരമെന്ന് കരുതുന്നവയൊക്കെ നാളെ തീരാത്ത നൊമ്പരങ്ങൾക്ക് ഒരുപക്ഷേ കാരണമായേക്കാം. ഇന്ന് മാറോടണയ്ക്കു

www.malankaralibrary.com

ന്നവയൊക്കെ നാളെ ഒരുനാൾ വെറുപ്പോടെ നാം വലിച്ചെറിഞ്ഞേക്കാം. അത്തരമനുഭവങ്ങളുടെ മുൻസൂചനയോ ദുരന്തസൂചനയോ ആയി യൂദാസ് ചരിത്രത്തിൽ അവശേഷിക്കുന്നു.

അവൻ പോയി കെട്ടി ഞാന്നു ചത്തു. നൊമ്പരപ്പെടുത്തുന്ന ഒരു ട്രാജഡിയായി യൂദാസിന്റെ ജീവിതം അവസാനിക്കുന്നു. അക്കൽദാമാ അഥവാ രക്തത്തിന്റെ നിലം ആ ദുരന്തത്തിന്റെ സജീവസ്മാരകം. അറിയുക, രക്ഷകനെ, ഗുരുവിനെ, നാഥനെ ഒറ്റുകൊടുക്കുന്നവരെയൊക്കെ കാത്തിരിക്കുന്നത് സ്വയമൊരുക്കുന്ന മരണക്കെണികൾ തന്നെ. ദൈവത്തിന് നല്കിയതൊക്കെ പാഴായിപ്പോയെന്ന് ഒരിക്കൽ വിലപിച്ചവന്റെ ജീവിതം തന്നെ പാഴെയന്നറിയുമ്പോൾ ആത്മദാനത്തിന്റെ ജീവിതത്തെ കുറെക്കൂടി ഉത്തരവാദിത്തത്തോടെ കാണുവാൻ അതു നമ്മെ ഓർമ്മിപ്പിക്കട്ടെ. മറ്റെന്താണ് യൂദാസ് നമ്മെ ചൊല്ലിപ്പഠിപ്പിക്കുക?

www.malankaralibrary.com

# ദുഃഖശനി

## (മത്തായി 27: 62 - 66)

നിശബ്ദതയുടെ ദിവസമാണിന്ന്. അസാധാരണ കാഴ്ചകൾക്കും പ്രകൃതിയുടെ രൗദ്രഭാവങ്ങൾക്കും ശേഷം ഉണ്ടായ ആഴമേറിയ ശാന്തത. യെരുശലേമിന്റെ തെരുവീഥികളും പതിവില്ലാത്തവിധം ശാന്തമാണ്. പേടിപ്പെടുത്തുന്ന ഈ നിശബ്ദതയ്ക്ക് ഒററക്കാരണമേ ഉണ്ടായിരുന്നുള്ളു. മരണത്തിൻെറ അടിമത്തത്തിൽ നിന്നും മനുഷ്യകുലത്തെ വീണ്ടെടുക്കുവാൻ ഇന്ന് മരണത്തോളം തന്നെത്തന്നെ താഴ്ത്തിയത് ദൈവപുത്രനാണ്! യുഗങ്ങളായി കണ്ണിലെണ്ണയൊഴിച്ച് പലരും കാത്തിരുന്ന്, ഒടുവിൽ മാനുഷിക പ്രതീക്ഷകൾക്ക് അതീതനായി വന്ന മിശിഹാ.

രാപകലില്ലാതെ ഗുരുവിനെ അടുത്തനുഭവിച്ച ശിഷ്യന്മാർക്കും ഇന്ന് നിശബ്ദതയുടെ ദിവസമായിരുന്നു. ഉത്കണ്ഠകൾ...ഇനിയെന്ത് എന്ന ചോദ്യം, അടുത്തറിയുന്നവരുടെ സാന്നിദ്ധ്യം അത്യാവശ്യമായിരുന്നിട്ടും, ദൂരെ മാറിനിന്ന് നിസ്സഹായരായ കാഴ്ചക്കാരെപ്പോലെ നിൽക്കേണ്ടി വന്നതിലുള്ള കുററബോധം, പുറത്തിറങ്ങിയാൽ തങ്ങളുടെ അവസ്ഥയും മറെറാന്നാകില്ല എന്നോർത്തപ്പോഴുള്ള ഭയം, നിരാശ.... ഇങ്ങനെ നീണ്ടുപോകുന്നു കാരണങ്ങളുടെ പട്ടിക

തങ്ങൾക്ക് പലവിധത്തിലും ഭീഷണിയായവനെ വകവരുത്തിയതിലുള്ള ആഹ്ളാദത്തിമിർപ്പിലായിരുന്നില്ല ശത്രുപക്ഷവും. കൂടിയാലോചനകളുടെ ഉപസംഹാരം ഒന്നു മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്ങനെയും യേശുവിന്റെ പുനരുത്ഥാനം തടയുക. തങ്ങൾക്കും എവിടെയൊക്കെയോ പിഴച്ചുവെന്ന് അവർക്കും തോന്നിത്തുടങ്ങി. എങ്കിലും അത് വിജാതീയനായ പീലാത്തോസിനെ അറിയിക്കുന്നതിലുള്ള മാനഹാനി നിമിത്തമായിരിക്കും. "ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിക്കാതിരിക്കാൻ" എന്തെങ്കിലും ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. തങ്ങളുടെ ഗുരു ബന്ധനസ്ഥനായ നിമിഷം മുതൽ ഓടിയൊളിച്ചവരും. ഒരു പരിചാരികയോടു പോലും ഗുരുവിനെ നിഷേധിച്ചു പറഞ്ഞവരും എന്തിനേറെ, ആചാരവിധികളോടെ ഗുരുവിന്റെ ശവസംസ്ക്കാര കർമ്മങ്ങൾ പോലും ഭയാധിക്യം മൂലം നടത്താതിരുന്നവരുമായ ശിഷ്യഗണം, രാത്രിയിൽ കബറിൽ നിന്ന് യേശുവിന്റെ ശരീരം മോഷ്ടിക്കുമെന്ന് കരുതാൻ തനി മഠയർക്കേ കഴിയൂ. അതായിരുന്നില്ല അവരുടെ പേടി. ഇതു മനസ്സിലാക്കിക്കൊണ്ടു തന്നെയാവണം പീലാത്തോസ് ഒഴുക്കൻ മട്ടിൽ മറുപടി കൊടുത്തത്. "നിങ്ങളുടെ കഴിവുപോലെ കാത്തുകൊള്ളുവിൻ" എന്ന മറുപടിയെ ഒരു ആജ്ഞയായോ അനുവാദമായോ നമുക്ക് കാണാനാവില്ല. ഒരു തരം പരിഹാസച്ചിരിയാണ് അവിടുള്ളത്. ഇതിലുപരി നീതിമാനായ യേശുവിന്റെ വാക്കുകൾ അസ്ഥാനത്താവുകയില്ല എന്ന ബോധ്യം പീലാത്തോസിനുണ്ടായിരുന്നു എന്നു വേണം കരുതാൻ.

പീലാത്തോസിന്റെ വാക്കുകളിലെ വ്യംഗാർത്ഥത്തെ കാണാത്ത അവർ, അന്നൊരു ശാബത് ആയിരുന്നിട്ടുകൂടി, തങ്ങളുടെ കഴിവിന്റെ പരമാവധി ചെയ്യുന്നു. വലി

www.malankaralibrary.com

യ കല്ലുരുട്ടിവച്ച് മുദ്ര വച്ച് കാവൽക്കാരെ നിർത്തി. പഴയ നിയമത്തിലും ഇതപോലൊരു സംഭവം നാം കാണുന്നുണ്ട്. ഒരു ശക്തിക്കും ഇളക്കാനാവാത്ത ദൈവവിശ്വാസത്തിനുടമയായ ദാനിയേലിനെ സിംഹകൂട്ടിലിട്ട് കല്ലുരുട്ടി വച്ച് രാജമോതിരം കൊണ്ട് മുദ്രവയ്ക്കുന്നത്. എന്നാൽ നീതിമാനായ ദാനിയേലിനെ ദൈവം രക്ഷിക്കുന്നു ഒരു പോറലുമേൽക്കാതെ (ദാന 6: 22). ദൈവത്തിന്റെ പദ്ധതികൾ രഹസ്യങ്ങളാണ്. അതിന്റെ ചുരുളഴിക്കാൻ മനുഷ്യനാവില്ല. ദൈവപദ്ധതികൾക്ക് ഒരു തടസ്സമായിനിൽക്കാനും മനുഷ്യന് കെല്പില്ല. ഇവിടെ മനുഷ്യൻ തനിക്കാകാവുന്നതെല്ലാം ചെയ്യുന്നുണ്ടെങ്കിലും ദൈവപദ്ധതിക്ക് വിഘാതമാവുന്നില്ല. എല്ലാം തീർന്നുവെന്ന് കരുതി നിരാശരായ ശിഷ്യർ, എല്ലാം തീർത്തുവെന്നു കരുതിയ പ്രധാന പുരോഹരിതരും ഫരിസേയരും നമ്മുടെ പ്രതീകങ്ങളാണ്, പലപ്പോഴും. നമ്മുടെ ജീവിതത്തിൽ നാം പ്രതീക്ഷിക്കാത്തവ സംഭവിക്കുമ്പോൾ ദൈവത്തിന്റെ പദ്ധതിയാണതെന്ന് ചിന്തിക്കാൻ പലപ്പോഴും നമ്മുടെ ഇടുങ്ങിയ വീക്ഷണകോണുകൾ അനുവദിക്കാറില്ല. ദൈവത്തിന്റെ പദ്ധതികളെല്ലാം നന്മയിലേക്കുള്ള, ക്ഷേമത്തിലേക്കുള്ള ശുഭകരമായ ഭാവിയും പ്രത്യാശയും വാഗ്ദാനം ചെയ്യുന്നവയാണ് (ജറ 29: 11, എഫേ 1:3-14) എന്ന പൂർണ്ണവിശ്വാസവും പ്രതീക്ഷയുമാണ് അത്തരം സന്ദർഭങ്ങളിൽ നമുക്ക് വേണ്ടത്. അതുപോലെ നീതിക്കും സത്യത്തിനുമെതിരെ ദീർഘനാൾ കണ്ണടയ്ക്കാൻ മനുഷ്യനാവില്ല. ഏറിയാൻ മൂന്നുദിനം - കാരണം സത്യം, നീതി, നന്മ തുടങ്ങിയ പുണ്യങ്ങളെല്ലാം ദൈവികമാണ്. അവയുടെ സ്വച്ഛന്ദമായ ഒഴുക്കിനെതിരെ തടഞ്ഞുനിൽക്കാൻ ശ്രമിക്കുന്നത് മലവെള്ളത്തെ മുറം കൊണ്ടു തടുക്കുന്നതിന് തുല്യമാണ്. ചരിത്രം അതാണു നമ്മെ പഠിപ്പിക്കുന്നത്.

ദൈവത്തിന്റെ അനന്തസ്നേഹത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു മനുഷ്യനെന്ന സൃഷ്ടി. ദൈവത്തിന്റെ ജീവനിൽ പങ്കുകാരാവുന്നതിനു വേണ്ടിയാണ് ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത്. എന്നാൽ മനുഷ്യനാകട്ടെ, തന്റെ സ്വാതന്ത്ര്യത്തിന്റെ അപക്വമായ ഉപയോഗം മൂലം തനിക്കു കിട്ടിയ ദൈവിക ഛായയും സാദൃശ്യവും നഷ്ടമാക്കി, മരണത്തിൽ പങ്കുപററാനാഗ്രഹിച്ചു. അങ്ങനെ ശാരീരിക മരണത്തിന്റെയും ആത്മീയ മരണത്തിന്റെയും അടിമയായിത്തീർന്ന മനുഷ്യരെ രക്ഷിക്കുവാനാണ് ദൈവപുത്രൻ ഇന്ന് പാതാളത്തോളം താണത്. നമ്മുടെ പാരമ്പര്യമനുസരിച്ച് ഇന്ന് യേശുക്രിസ്തു "പതാളത്തിൽ പിടിക്കപ്പെട്ടിരുന്ന ആത്മാക്കളോട് പുനരുത്ഥാനവും മരിച്ചവരുടെ ഉയിർപ്പും പ്രസംഗിച്ചു". (സെദറാ, ദുഃഖശനി, സന്ധ്യാപ്രാർത്ഥന). തന്റെ ഈ പ്രവൃത്തിമൂലം ആദാമിനെയും ഹവ്വായെയും ആദിമുതലുള്ള സകല പുണ്യവാന്മാരെയും ഉയിർപ്പിന്റെയും ഏദനിലേക്കുള്ള തിരിച്ചുവരവിന്റെയും ഉറപ്പിനാൽ ആശ്വസിപ്പിക്കുകയാണ് യേശുക്രിസ്തു ചെയ്തത്. അതായത് താൻ ജീവിച്ചിരുന്ന കാലത്തുള്ളവർക്കും അതിനുശേഷമുള്ളവർക്കും മാത്രമല്ല യേശുസുവിശേഷമായത്. ആദിമുതലുള്ള സകലരും അതിലുൾപ്പെടുന്നു (1 പത്രോ 3:18-20). മരിച്ചവർക്കുള്ള സുവിശേഷം ഉയിർപ്പെന്ന യാഥാർത്ഥ്യമാണ്. ഈ ഉയർപ്പിൻെറ സദ് വാർത്ത അറിയിക്കാനും അവരുടെ രക്ഷ

www.malankaralibrary.com

സാധ്യമാക്കുന്നതിനും വേണ്ടിയാണ് യേശുക്രിസ്തു ഇന്ന് പാതാളത്തോളം താണത്.

നമ്മുടെ മരിച്ചുപോയ പ്രിയപ്പെട്ടവരെ സ്മരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുമായുള്ള ദിനമാണിന്ന്. മരണം എക്കാലവും മനുഷ്യനൊരു പ്രഹേളികയാണ്. മരണമെന്ന യാഥാർത്ഥ്യത്തിന്റെ ഓർമ്മതന്നെ ചിലരെ ഭയചകിതരാക്കുന്നു. മരണമെന്ന പ്രതിഭാസത്തെ ജീവിതത്തിൻെറ അന്ത്യമായി ചിത്രീകരിക്കുന്നതുകൊണ്ടാണിത്. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് മാതാവിന്റെ ഗർഭപാത്രത്തിൽ തുടങ്ങി ഭൂമിമാതാവിന്റെ ഗർഭപാത്രത്തിൽ ഒടുങ്ങുന്ന ഒന്നല്ല മനുഷ്യജീവൻ. മരണത്തോടെ ഒരു മനുഷ്യന്റെ അസ്തിത്വം ഇല്ലാതാകുന്നില്ല. എന്നേയ്ക്കുമായി കൊട്ടിയടയ്ക്കപ്പെടുന്ന ഒരു വാതിലല്ല മരണം. മറിച്ച് നിത്യതയിലേക്ക് തുറക്കപ്പെടുന്ന ഒരു വാതായനമാണത്. നിത്യതയിലേക്കുള്ള ഒരു ജനനം. സയൻസ് ക്ലാസ്സുകളിൽ ഐൻസ്ററീന്റെ ഉർജ്ജത്തെക്കുറിച്ചുള്ള സിദ്ധാന്തത്തെപ്പററി കേട്ടിട്ടില്ലേ. ഊർജ്ജത്തെ ഒരിക്കലും നിർമ്മിക്കാനോ നശിപ്പിക്കാനോ ആവില്ല. രൂപാന്തരീകരണം മാത്രമേസാധ്യമാവൂ. ഉദാഹരണത്തിന് വൈദ്യുതോർജ്ജത്തെ ഒരിക്കലും നശിപ്പിക്കാനാവില്ല, മറിച്ച് താപോർജ്ജമായോ പ്രകാശോർജ്ജമായോ രൂപം മാററാനാവും. ഫാ. ബോബിജോസിന്റെ "സഞ്ചാരിയുടെ ദൈവം" എന്ന പുസ്തകത്തിൽ പറയുംപോലെ ഭൂമിയിലെ ഏററവും വലിയ ഊർജ്ജം മനുഷ്യജീവനാണ്. മനുഷ്യനെ സ്നേഹിക്കാനും കലഹിക്കാനും കോപിക്കാനുമൊക്കെ പ്രാപ്തനാക്കുന്ന ഈ ഊർജ്ജത്തെ നശിപ്പിക്കാൻ മൺകൂനകൾക്ക് ഒരിക്കലും കഴിയില്ല. മറേറതോ രൂപഭാവങ്ങളിലൂടെ, മറേറതൊക്കെയോ വഴികളിലൂടെ അത് കടന്നുപോകുന്നു. സ്ഥലകാല പരിമിതികൾക്ക് അധീനമായ മനുഷ്യരെ സംബന്ധിച്ച് ആ വഴികളും ഭാവങ്ങളും തീർത്തും അജ്ഞാതങ്ങളാണെന്നുമാത്രം. എത്രയോ പരിമിതികളുള്ള മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾകൊണ്ട് ആ ഭാവങ്ങളും വഴികളും അവന് അനുഭവിക്കാനും അറിയാനും ആവില്ല എന്നതാണു സത്യം. ഏതെങ്കിലും യാഥാർത്ഥ്യങ്ങൾ അജ്ഞാതങ്ങളാണ് എന്ന ഒററക്കാരണത്താൽ ആർക്കും അവയുടെ അസ്ഥിത്വത്തെ നിഷേധിക്കാനാവില്ല. മനുഷ്യൻെറ ഇന്ദ്രിയങ്ങളുടെ പരിധിയിൽ വരാത്ത എത്രയോ യാഥാർത്ഥ്യങ്ങളുണ്ട്. നാമവയുടെയൊന്നും അസ്ഥിത്വത്തെ നിഷേധിക്കുന്നില്ലല്ലോ. അതുകൊണ്ട് മരണത്തിനു ശേഷം കൈവരുന്ന പുതിയ ജീവതാവസ്ഥയെയും നമുക്ക് നിഷേധിക്കാനാവില്ല.

ശാരീരികമരണം ഒരു ക്രിസ്ത്യാനിയെ ഭയപ്പെടുത്തില്ല. കാരണം മനുഷ്യനായ യേശുക്രിസ്തു മരണത്തെ ഇന്ന് തോല്പിച്ചു. കൂടാതെ യേശുക്രിസ്തു തന്നെ നമ്മോട് പറഞ്ഞിട്ടുണ്ട്, "കല്ലറകളിലുള്ളവരെല്ലാം അവൻെറ (മനുഷ്യപുത്രൻെറ) സ്വരം ശ്രവിക്കുന്ന സമയം വരുന്നു". (യോഹ 5:29), "പിതാവ് മരിച്ചവരെ എഴുന്നേൽപ്പിച്ച് അവർക്ക് ജീവൻ നൽകുന്നു,"(യോഹ 5:21) യേശുക്രിസ്തു മരണമെന്ന യാഥാർത്ഥ്യത്തെ വിശേഷിപ്പിക്കുന്നത്, നിദ്രയെന്നാണ്. "ലാസർ ഉറങ്ങുകയാണ്" (യോഹ11:11), "ബാലിക ഉറങ്ങുകയാണ്" (മർക്കോ 5.39) എന്നൊക്കെയാണ് യേശു പറഞ്ഞത്.

www.malankaralibrary.com

ഉറങ്ങുന്നവൻ ഉണരും എന്നത് ഒരു സ്വാഭാവിക പ്രകൃതി നിയമമാണ്. മരണമാകുന്ന നിദ്രയിലായിരിക്കുന്നവരും ഉണരും (ഉയിർക്കും). മനുഷ്യരുടെ ഉയിർപ്പ് യേശുക്രിസ്തുവിന്റെ ഉയിർപ്പുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. വി. പൗലോസ്ശ്ലീഹാ പറയുന്നു. "മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ ക്രിസ്തുവും ഉയിർപ്പിക്കപ്പെട്ടിട്ടില്ല"(1 കോറി 15:16). യേശുക്രിസ്തു ഉയിർത്തതുകൊണ്ടാണ് നാം നമ്മുടെ പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നത്. ശരീരങ്ങളുടെ ഉയിർപ്പ് എങ്ങനെ സംഭവിക്കും എന്നതിനെക്കുറിച്ചും ശ്ലീഹാ മനോഹരമായി പഠിപ്പിക്കുന്നുണ്ട്. നമ്മുടെ ശരീരത്തെ ഭൂമിയിൽ പാകുന്ന വിത്തിനോടാണ് ശ്ലീഹാ ഉപമിച്ചിരിക്കുന്നത്. "വിഡ്ഢിയായ മനുഷ്യാ നീ വിതയ്ക്കുന്നത് നശിക്കുന്നില്ലെങ്കിൽ അത് പുനർജീവിക്കുകയില്ല. ഉണ്ടാകാനിരിക്കുന്ന പദാർത്ഥമല്ല നീ വിതയ്ക്കുന്നത്, ,ഗോതമ്പിന്റെയോ മററു ധാന്യത്തിന്റെയോ വെറുമൊരു മണിമാത്രം. എന്നാൽ ദൈവം തന്റെ ഇഷ്ടമനുസരിച്ച് അതിന്റേതായ ശരീരം നൽകുന്നു" (1കോറി 15 : 36-38). ഭൂമിയിൽ നാം സംസ്കരിക്കുന്ന ശരീരം ഒരു വിത്തിന് തുല്യമാണ്. വിതയ്ക്കുന്ന വിത്തിൽ നിന്നും പൂർണ്ണമായി വ്യത്യസ്തമാണ് പുതതായി ഉണ്ടാകുന്ന ചെടി എന്നതുപോലെ തന്നെ മരണത്തെ പുൽകുന്ന നമ്മുടെ ശരീരങ്ങളും മഹത്വീകൃതശരീരങ്ങളായി ഉയിർപ്പിക്കപ്പെടും. ദൈവത്തിന്റെ അനന്തശക്തിയാലും പരിപാലനയാലുമാണ് ഈ രൂപാന്തരീകരണം നടക്കുന്നത്. ശ്ലീഹാ തന്റെ വാദഗതി ഇപ്രകാരം തുടരുന്നു.."നശ്വരതയിൽ വിതയ്ക്കപ്പെടുന്നു അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു. അപമാനത്തിൽ വിതയ്ക്കപ്പെടുന്നു മഹിമയിൽ ഉയിർപ്പിക്കപ്പെടുന്നു. വിതയ്ക്കപ്പെടുന്നത് ഭൗതീക ശരീരം, പുനർജ്ജീവിക്കുന്നത് ആത്മീയ ശരീരം. ഭൗതീക ശരീരമുണ്ടെങ്കിൽ ആത്മീയശരീരവുമുണ്ട്" (1 കോറി 15 :42-44) ചുരുക്കത്തിൽ, യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഫലം മനുഷ്യന്റെ ഉത്ഥാനമാണ്.

മരണശേഷമുള്ള നമ്മുടെ ജീവിതത്തെപ്പററിയും ഉയിർപ്പെന്ന സത്യത്തെപ്പററിയും എത്രതന്നെ ആഴത്തിൽ അറിഞ്ഞാലും അത് പൂർണ്ണമായി ഉൾക്കൊള്ളാൻ നമുക്കാവുന്നുണ്ടോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. നാമൊക്കെ അമ്മയുടെ ഉദരത്തിൽ സുരക്ഷിതരായി കഴിയുന്ന ശിശുക്കൾക്ക് തുല്യരാണ്. ശിശുവിനോട് അതിന്റെ അമ്മ പറയും മകനേ/മകളേ നീ പുറത്തു വരുന്നതും കാത്തിരിക്കുന്ന വലിയ ലോകം എന്തു മനോഹരമാണെന്നോ... സ്നേഹനിധികളായ നിന്റെ അപ്പന്റെയും സഹോദരങ്ങളുടെയും സാന്നിദ്ധ്യം അതെല്ലാം നിന്നെ സന്തോഷിപ്പിക്കും എന്നൊക്കെ. പക്ഷെ ഉള്ളിൽ കിടക്കുന്ന ശിശുവിന് അമ്മയുടെ വാക്കുകൾ തീരെ വിശ്വാസയോഗ്യമായി തോന്നില്ല. തന്റെ ഇപ്പോഴത്തെ ജീവിതാവസ്ഥയിൽ നിന്നുള്ള ഒരു മാററം അവനെ/അവളെ സംബന്ധിച്ച് ഒട്ടും ചിന്തനീയമല്ല. നാമും ഏറെക്കുറെ ഇതുപോലൊക്കെതന്നെ. കിണററിലെ തവളയെപ്പോലെ, ഒന്നും അറിയാതെ, നാമും പലപ്പോഴും ചിന്തിച്ചുപോകാറുണ്ട് ഇതിനപ്പുറം വലുതും മനോഹരവുമായ ഒരു ലോകമില്ലെന്ന് നമ്മുടെ മരണശേഷം വരുവാനിരിക്കുന്ന പുത്തൻ ജീവിതം എന്ന യാഥാർത്ഥ്യത്തെ ഉൾക്കൊള്ളാനാകുന്നവർക്ക് മരണം ഒരിക്കലും പേടിപ്പെടുത്തുന്ന യാ

www.malankaralibrary.com

ഥാർത്ഥ്യമാവില്ല.

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് ശാരീരികമായി മരിച്ചുപോയവർ എന്നേക്കുമായി നമ്മെ വിട്ടുപിരിഞ്ഞവരല്ല. നമ്മുടെകൂടെ സ്ഥലകാലപരിമിതികളില്ലാതെ ജീവിക്കുന്നവരാണ് അവർ. ബാലകൃഷ്ണൻ മാങ്ങാടിന്റെ "സമയവൃത്തങ്ങൾ" എന്ന കഥയിൽ ഇപ്രകാരം ഒരു രംഗമുണ്ട്. പറക്കമുററാത്ത കുഞ്ഞുങ്ങളെ തന്നിട്ട് ഭർത്താവ് മരിച്ചപ്പോൾ, ഒരു തപസ്യയായി മക്കളെ വളർത്തി വലുതാക്കി, വർഷങ്ങൾക്ക് ശേഷം, തന്റെ പരാധീനതകളിലും ദുഃഖങ്ങളിലും താനെന്നും ഏകാകിനിയായിരുന്നല്ലോ എന്നോർത്ത് അവൾ കണ്ണീർ പൊഴിക്കുന്നു. അന്നു രാത്രി സ്വപ്നത്തിൽ അവളുടെ ഭർത്താവ് എത്തി കണ്ണീരൊപ്പിക്കൊണ്ട് പറയുന്നു. "ഞാൻ മഞ്ഞായും മഴയായും വന്നത് നീയറിഞ്ഞില്ലല്ലോ. നിന്നെ തൊട്ടിട്ട് നീ ഉണർന്നില്ലല്ലോ; ഞാൻ ഇവിടെയൊക്കെ ഉണ്ടായിരുന്നു. മുററത്തെ മാവിൽ മാങ്ങകൾ പഴുത്തപ്പോൾ അവ കേടുപററാതിരിക്കാൻ പുൽത്തിട്ടയിലേക്ക് എറിഞ്ഞതും പുറകിലെ കൂര വീണപ്പോൾ കന്നുകുട്ടിക്ക് അപകടം പററാതെ താങ്ങിയതും ഞാനായിരുന്നു. ദേഷ്യം വന്ന് നീയൊരിക്കൽ നമ്മുടെ മകനെ തല്ലിയപ്പോൾ, നീ കാണാതെ അവൻ രാത്രിയിൽ പിണങ്ങിയിറങ്ങി നടന്നപ്പോൾ, അവന്റെ മനസുമാററി തിരികെ കൊണ്ടുവന്ന് നിന്നോടൊപ്പം കിടത്തിയതും ഞാൻ തന്നെയായിരുന്നു." സ്നേഹനിധിയായ ഭർത്താവിനെ തന്റെ ഭാര്യയിൽ നിന്നകററാൻ മരണത്തിനാവുന്നില്ല എന്ന സന്ദേശം ഈ കഥയിൽ തെളിഞ്ഞുകാണാം.

മരണത്തോടുകൂടി അവസാനിക്കുന്നതല്ല മനുഷ്യജീവൻ എന്നതുകൊണ്ടാണ് നാമിന്ന് നമ്മുടെ പ്രിയപ്പെട്ടവർക്കായി പ്രാർത്ഥിക്കാനെത്തിയത്. ജീവിച്ചിരിക്കുന്നവർക്കുവേണ്ടി നാം പ്രാർത്ഥിക്കാറുണ്ടല്ലോ. അവരുടെ നന്മ ആഗ്രഹിച്ചാണ് നാം അപ്രകാരം ചെയ്യുന്നത്. നാം അവരുടെ നന്മ ആഗ്രഹിക്കുന്നത് അവരോടുള്ള സ്നേഹം ഒന്നുകൊണ്ടു മാത്രമാണ്. മരിച്ചുപോയവർക്കുവേണ്ടി നാം ഇന്നു പ്രാർത്ഥിക്കുമ്പോൾ ഇന്നും ജീവിക്കുന്ന, എന്നാൽ ജീവിതാവസ്ഥമാറിയ നമ്മുടെ പ്രിയപ്പെട്ടവരുടെ നന്മയാണാഗ്രഹിക്കുന്നത്. നമുക്കവരോടുള്ള സ്നേഹമാണ് ഇതിലൂടെ പ്രകടമാവുന്നത്. പ്രാർത്ഥനയിലൂടെ അങ്ങനെ നാമവരുമായി ഐക്യത്തിലാവുന്നു.

സഭ എന്നാൽ ജീവിച്ചിരിക്കുന്നവരുടെ മാത്രം സമൂഹമല്ല. അതിൽ മരണം വരിച്ചവരും ഉൾപ്പെടും. അതു കൊണ്ടാണല്ലോ വി.കുർബ്ബാനയിലെ സമാപനാശീർവാദത്തിൽ ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും സമാധാനം ആശംസിക്കുന്നത്.

ആദിമനുഷ്യന്റെ പാപം മൂലം ശാരീരിക മരണത്തിന് മാത്രമല്ല മനുഷ്യകുലം അടിമപ്പെട്ടത്. ആത്മീയ മരണത്തിനുകൂടിയാണ്. മരണം എന്നാൽ വേർപാടാണ്. ശാരീരിക മരണം ആത്മാവും ശരീരവും തമ്മിലുള്ള വേർപാടാണെങ്കിൽ ആത്മീയ മരണം ദൈവവും മനുഷ്യനും തമ്മിലുള്ള വേർപെടലാണ്. യേശുവിനെ സംബന്ധിച്ച് യഥാർത്ഥ മരണമെന്നാൽ പാപത്തിലുള്ള ജീവിതമാണ്. "നിങ്ങളുടെ പാപത്തിൽ നിങ്ങൾ മരിക്കും" (യോഹ 8:21). ധൂർത്തപുത്രന്റെ ഉപമയിൽ ഇളയമകൻ തിരിച്ചുവന്നപ്പോൾ സന്തോഷിക്കുന്നതിനു പിതാവു പറയുന്ന കാരണം "എന്റെ മ

www.malankaralibrary.com

കൻ മൃതനായിരുന്നു, അവൻ ഇതാ വീണ്ടും ജീവിക്കുന്നു." (ലൂക്ക 15:24) എന്നാണ്. ശാരീരിക മരണം യേശുവിനെ സംബന്ധിച്ച് ഉറക്കം മാത്രമാണെന്ന് നാം കണ്ടു. ക്രിസ്തുവിനെ സംബന്ധിച്ച് പാപം ചെയ്യുന്നവൻ മാത്രമെ യഥാർത്ഥത്തിൽ മരിക്കുന്നുള്ളു. നന്മ ചെയ്യുന്നവൻ (ദൈവത്തിൽ ആയിരിക്കുന്നവൻ) നിത്യം ജീവിക്കുന്നു. അതായത് ക്രിസ്തു തനിക്ക് അന്യനാണെന്ന് വിശ്വസിക്കുകയോ, അവനെ ജീവിതത്തിൽ നിന്ന് അകററുകയോ നിരാകരിക്കുകയോ ചെയ്യുമ്പോഴാണ് ഒരുവൻ മരിക്കുന്നത് (യോഹ 5:25). ചുരുക്കത്തിൽ ദൈവത്തിൽ നിന്നും ക്രിസ്തുവിൽ നിന്നുമുള്ള വേർപെടലാണ് ആത്മീയ മരണം.

ശാരീരിക മരണത്തിൽ നിന്നെന്നതുപോലെ തന്നെ ആത്മീയ മരണത്തിൽ നിന്നും യേശുക്രിസ്തു നമ്മെ രക്ഷിച്ചു. യേശുവിന്റെ മരണസമയത്ത് തിരശ്ശീല രണ്ടായി കീറുന്ന സംഭവം ഇതിനെ സൂചിപ്പിക്കുന്നു. ആതായത് അതിവിശുദ്ധസ്ഥലവും വിശുദ്ധസ്ഥലവും തമ്മിലുള്ള അന്തരം അതിനാൽ നീക്കപ്പെട്ടു. ക്രൂശിതനായ യേശുവിൽ കൂടിയാണ് ദൈവത്തിന്റെ സാന്നിധ്യം, പാപം മൂലംദൈവത്തിൽ നിന്നകന്നവർക്കെല്ലാമായി തുറക്കപ്പെട്ടത്. ദു:ഖശനിയാഴ്ച ഒമ്പതാം മണി, സെദറായിൽ ഇങ്ങനെ കാണാം " നീ മഹത്വത്തോടെ ഉയർത്തെഴുന്നേൽക്കുകയും ഞങ്ങളെ നിന്നോടുകൂടെ ആത്മീയമായി ഉയിർപ്പിക്കുകയും ചെയ്തു".

രക്ഷ ഒരു വിരുന്നാണ്. അത് ദൈവം ദാനമായി നമുക്ക് നൽകിയിരിക്കുന്നു. അത് എടുത്ത് അസ്ഥിത്വത്തിൻെറ ദാഹമകറ്റുക എന്നതാണ് ഒരുവൻെറ ദൗത്യം. മരണത്തിൽ നിന്നും യേശുക്രിസ്തു നമ്മെ രക്ഷിച്ചു എന്നു പറയമ്പോഴും മറെറാന്നല്ല അർത്ഥമാക്കുന്നത്. നമുക്കായി നൽകിരിക്കുന്ന രക്ഷയാകുന്ന വിരുന്നിനെ നമ്മുടെ സ്വാതന്ത്ര്യവും വിവേകവുമുപയോഗിച്ച് സ്വായത്തമാക്കണം. അതിനായി നാം ഒന്നു മാത്രമേ ചെയ്യേണ്ടതുള്ളു. " എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്" (യോഹ 5:24). സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസമാണ് ഇവിടെ പ്രസ്താവ്യം. (ഗലാ 5:6) അതായത് ആത്മീയമരണത്തിൽ നിന്നുള്ള ക്രിസ്തുവിന്റെ രക്ഷ നാം സ്വായത്തമാക്കേണ്ടത്, യേശുക്രിസ്തുവിലുള്ള ആഴമായ വിശ്വാസത്തിലൂടെയും ആ വിശ്വാസത്തിൻെറ പ്രതിഫലനമായ സഹോദരസ്നേഹത്തിലൂടെയുമാണ്.

ചുരുക്കത്തിൽ മരണത്തെ ഇല്ലാതാക്കിയ യേശുക്രിസ്തു നമുക്ക് നൽകുന്ന സന്ദേശമിതാണ്. പാപം ചെയ്ത് ദൈവത്തിൽ നിന്നകലുന്നതും ദൈവത്തെ നിരാകരിക്കുന്നതുമാണ് യഥാർത്ഥത്തിൽ മരണം. ശാരീരിക മരണം യേശുവിൽ വിശ്വസിക്കുന്നവർക്ക് നിത്യ ജീവനിലേക്കുള്ള ഉയിർപ്പിനുമുമ്പുള്ള ഉറക്കം മാത്രമാണ്. അതുകൊണ്ട് ജീവന് അത്യന്താപേക്ഷിതമായുട്ടള്ളത് ദൈവത്തിലുള്ള ക്രിസ്തുവിലുള്ള വിശ്വാസമാണ്. നിത്യമരണത്തിൽ നിന്നും മനുഷ്യരെ രക്ഷിക്കാൻ അവിടുത്തേക്കു കഴിയും. കാരണം മരണത്തിന് ഇനിമേൽ അവിടുത്തെ മേൽ അധികാരമില്ല - മരണത്തെ അവിടുന്ന് ജയിച്ചിരിക്കുന്നു.

www.malankaralibrary.com

# ഉയിർപ്പുതിരുനാൾ
## (ക്യംതാ)

കഴിഞ്ഞ 50 ദിവസമായി നാം ഉപവസിച്ച് പ്രാർത്ഥിച്ച് ഒരുങ്ങിയത് ഈ സുദിനം കാണാൻ വേണ്ടിയാണ്. യേശുവിന്റെ പുനരുത്ഥാനദർശനത്തിനുവേണ്ടിയാണ്. ആ ദിവസം, ആ രാത്രി ഇപ്പോൾ സമാഗതമായിരിക്കുന്നു. കഴിഞ്ഞ അൻപതുദിവസത്തെ നോമ്പാചരണത്തിൽ നിന്ന് ലഭിച്ച ചൈതന്യത്തോടെ ഈ മഹാരഹസ്യം മനസിലാക്കാൻ ശ്രമിക്കാം.

ഉയിർപ്പുതിരുനാളിനെ വർണ്ണിക്കാൻ മനുഷ്യഭാഷകളിലൊന്നും വാക്കുകളില്ല. വർണ്ണനാതീതമായ ദൈവിക മഹത്ത്വത്തിന്റെ തിരുനാളാണിത്. ദൈവം ദൈവവിരുദ്ധ മായ സകലശക്തികളുടെയും മേൽ വിജയം വരിച്ച തിരുനാളാണിത്. നാം ഇന്നത്തെ ശുശ്രൂഷയിൽ പാടുന്നതിങ്ങനെയാണ്.

ദൈവമുയർത്തിട്ടവനുടെ വൈരികൾ ചിതറിപ്പോം

ഹാ..........ഹാ

ദ്വേഷികളോടിയൊളിക്കും തിരുമുമ്പിൽ നിന്നും

ഈ തിരുനാളിൽ നാം ഹൃദയത്തിൽ സൂക്ഷിക്കേണ്ട ചില ചിന്തകൾ ഇപ്രകാരം കുറിക്കാൻ കഴിയും.

### 1. ദുഃഖവെള്ളിയാഴ്ചയുടെ പൂർത്തീകരണമാണ് ഉയിർപ്പ്

ദുഃഖവെള്ളിയാഴ്ച ദൈവപുത്രൻ മരക്കുരിശിൽ തൂക്കപ്പെട്ടു. നിർമ്മലനായ യേശു അപരാധികളുടെ കൈകളിൽ നിന്ന് അപമാനവും നിന്ദയും മരണവും ഏറ്റുവാങ്ങി. മാനുഷിക ചിന്തയിൽ ദുഃഖവെള്ളിയാഴ്ച പാപശക്തികളുടെ, ദൈവവിരുദ്ധ ശക്തികളുടെ വിജയദിവസമായിരുന്നുവെന്ന് പറയാം. യേശുവിന്റെ മരണം നിരപരാധിയുടെ മരണമായിരുന്നു. യേശുവിനെ മരണശിക്ഷയ്ക്കു വിധിച്ച പീലാത്തോസ് മൂന്നുപ്രാവശ്യം ജനങ്ങളുടെ മുമ്പിൽവന്ന് പരസ്യമായി പ്രഖ്യാപിക്കുന്നുണ്ട്. "ഞാൻ ഈ മനുഷ്യനിൽ ഒരു കുറ്റവും കാണുന്നില്ല" എന്ന്.

ഒരു കുറ്റവും കാണാത്തവനെയാണ് പീലാത്തോസ് ഒടുവിൽ മരണശിക്ഷയ്ക്ക് വിധിച്ചത്. എന്താണിതിന്റെ അർത്ഥം? നീതിക്കു വിലയില്ലെന്നല്ലേ. പീലാത്തോസിന്റെ പ്രശ്നം അധികാരത്തിൽ തുടരുക, ഉയരുക എന്നൊക്കെയുള്ളതായിരുന്നു. പുരോഹിത പ്രമാണിമാരുടെ നേതൃത്വത്തിൽ ജനം ആവശ്യപ്പെടുന്ന കാര്യം സാധിച്ചുകൊടുക്കുന്നില്ലെങ്കിൽ, ജനപ്രീതിയില്ലാത്തവനെന്ന് താൻ മുദ്രകുത്തപ്പെടും. ആ സ്ഥിതിക്ക് ഒരു പക്ഷേ റോമൻ ചക്രവർത്തി തന്നെ അധികാരത്തിൽ നിന്ന് പുറന്തള്ളിയെന്നിരിക്കും. നിരപരാധിയെ കൊല്ലാൻ കൊടുക്കുന്നതോ തന്റെ അധികാരക്കസേരയ്ക്ക് ഇളക്കം തട്ടാതെ നോക്കുന്നതോ? ഇതായിരുന്നു പീലാത്തോസിന്റെ മനസ്സിലുയർന്ന ചോദ്യങ്ങൾ. മനുഷ്യജീവനോ

www.malankaralibrary.com

അധികാരക്കസേരയോ? ഏതാണ് കൂടുതൽ വിലയുള്ളത്? പീലാത്തോസ് ആദ്യത്തേത് തള്ളി രണ്ടാമത്തേത് സ്വീകരിച്ചു. അങ്ങനെ മനുഷ്യന്റെ അധികാരമോഹത്തിന്റെ മുൻപിൽ മനുഷ്യത്വം മരിച്ചു. വാസ്തവത്തിൽ യേശുവിന്റെ മരണത്തിൽ ഒരു വ്യക്തിയുടെ മരണം മാത്രമല്ല നടന്നത്. മനുഷ്യത്വത്തിന്റെ മരണമായിരുന്നു അത്. മനുഷ്യൻ തന്നെയാണ് മനുഷ്യത്വം പിച്ചിച്ചീന്തിയത്. ദൈവത്തിന് ഇതു സഹിക്കുമോ? മനുഷ്യൻ മനുഷ്യത്വം പിച്ചിച്ചീന്തുക. ദൈവത്തിന്റെ ഛായയായ മനുഷ്യത്വം, മനുഷ്യത്വം നഷ്ടപ്പെട്ടവരുടെ കൈകളാൽ പിച്ചിചീന്തപ്പെടുക. ഇവിടെ മനുഷ്യമൂല്യത്തെ സംബന്ധിക്കുന്ന അടിസ്ഥാനപരമായ ചോദ്യമാണുള്ളത്. ഒരു ഉത്തരം കൊടുക്കാതിരിക്കാൻ കഴിയാത്ത സന്ദർഭമാണിത്. ദൈവം പ്രതിസന്ധിക്കു പരിഹാരം കണ്ടു. മനുഷ്യനാണ് അധികാരത്തെക്കാൾ വലുത്. ഇത് ഉയിർപ്പിലൂടെ വെളിപ്പെടുത്തി.

## 2. യേശുവിന്റെ ഉയിർപ്പ് സത്യത്തിന്റെ ഉയിർത്തെഴുന്നേല്പാണ്

കുരിശിൽ സത്യം കൊലചെയ്യപ്പെടുകയാണുണ്ടായത്. ചെയ്യാത്ത കുറ്റത്തിന് മതാന്ധന്മാർ യേശുവിനെ വധിക്കുകയായിരുന്നു. "ഇവൻ ദേവാലയം നശിപ്പിക്കുമെന്ന് പറഞ്ഞു" "ഇവൻ സീസറിനു നികുതി കൊടുക്കരുതെന്നു പറഞ്ഞു" ഇതെല്ലാം യേശു ചെയ്യാത്ത കുറ്റങ്ങളാണ്. ഇതെല്ലാമാണ് യേശുവിൽ ആരോപിക്കപ്പെട്ടത്. യാഹുദരുടെയും റോമാക്കാരുടെയും ശത്രുവാണ് യേശുവെന്ന് വരുത്തിത്തീർക്കുകയായിരുന്നു അവരുടെ ലക്ഷ്യം. യഹൂദസമൂഹത്തിന്റെ മാത്രമല്ല റോമൻ സാമ്രാജ്യത്തിന്റെയും ശത്രുവാണ് യേശുവെന്ന് സ്ഥാപിച്ചെടുക്കാൻ അങ്ങനെ വധശിക്ഷ നേടിക്കൊടുക്കാനുള്ള ശ്രമമായിരുന്നു, യഹൂദരുടേത്. യേശുവിനുവേണ്ടി വാദിക്കാൻ ആരുമുണ്ടായില്ല. ഈ ആരോപണമെല്ലാം കള്ളമാണെന്നറിഞ്ഞിട്ടും ആരും യേശുവിനു വേണ്ടി സാക്ഷ്യം പറയാൻ മുന്നോട്ടു വന്നില്ല. അങ്ങനെ നീതിന്യായകോടതിയിൽ, റോമൻ ചക്രവർത്തിയുടെ പ്രതിനിധിയായ പീലാത്തോസിന്റെ മുൻപിൽ സത്യം പരാജയപ്പെട്ടു. യേശു മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു. നാം ഈ വിധിയെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. ഇത് റോമൻ ചക്രവർത്തിയുടെ പ്രതിനിധിയിൽ നിന്നുണ്ടായ വിധി ന്യായമാണെന്നുള്ളത് മറക്കാൻ പാടില്ല. ലോകത്തിന് നിയമം സംഭാവനചെയ്തത് റോമക്കാരാണ്. ഈ നിയമസംഹിതയാണ്, ലോകത്തിലുള്ള എല്ലാ ഭരണഘടനകളുടെയും സിവിൽ ക്രിമിനൽ നിയമങ്ങളുടെയും അടിസ്ഥാനം. ഈ നിയമസംഹിതയിൽ വ്യക്തമായി പറയുന്നുണ്ട്, കുറ്റം തെളിയിക്കപ്പെടാതെ ഒരാളെ ശിക്ഷിക്കാൻ പാടില്ലെന്ന്. മാത്രമല്ല എപ്പോഴും സംശയത്തിന്റെ ലാഞ്ചനയെങ്കിലുമുണ്ടെങ്കിൽ പ്രതിയെ വെറുതെ വിടണമെന്ന്. ഈ നിയമവ്യവസ്ഥിതിയുടെ അടിസ്ഥാനപ്രമാണമാണ്, നൂറു യഥാർത്ഥ കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോയാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടാൻ പാടില്ല എന്നത്. എന്തുകൊണ്ട് യേശുവിന് സംശയത്തിന്റെ ആനുകൂല്യമെങ്കിലും

www.malankaralibrary.com

അനുവദിച്ചില്ല. നിയമം കണ്ടുപിടിച്ചു ലോകത്തിനു സംഭാവന ചെയ്തവരുടെ പ്രതി നിധിതന്നെ ആ നിയമത്തെ കാറ്റിൽ പറത്തിക്കൊണ്ട് നിരപരാധിയെ തൂക്കുമരത്തിലേറ്റി.

അങ്ങനെ സത്യം കുരിശിൽ മരിച്ചു. ഈ അവസ്ഥയിൽ ഇടപെടാതിരിക്കാൻ ദൈവത്തിനു കഴിയുമായിരുന്നില്ല. ദൈവം ഇടപെട്ട് സത്യത്തെ രക്ഷിച്ചതാണ് യേശുവിന്റെ ഉയിർപ്പ്

### 3. പരിത്യക്തന്റെ ദൈവാനുഗ്രഹമാണ് ഉയിർപ്പ്

യഹൂദസമൂഹത്തിൽ പലതരത്തിലുള്ള തിന്മകൾ നിലനിന്നിരുന്നു. യഹൂദസമൂഹത്തിലെ തിന്മയെപ്പറ്റി പറഞ്ഞതിൽ നിന്ന് മറ്റു സമൂഹങ്ങളിൽ തിന്മക ളില്ലായിരുന്നുവെന്ന് ചിന്തിക്കാൻ പാടില്ല. അറിയപ്പെടുന്ന എല്ലാ സമൂഹങ്ങളിലും തിന്മ ശക്തിയായി ഭരണം നടത്തിയിരുന്നുവെന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. തിന്മകളിൽ അതിക്രമവും കൊള്ളയും ലൈംഗികാധിക്രമവും ഒക്കെ ഉൾപ്പെടും എന്നാൽ ഏറ്റവും വലിയ പ്രശ്നം പാവപ്പെട്ടവനെ ചൂക്ഷണം ചെയ്തിരുന്നു വെന്നതാണ്. സമുദായത്തിന്റെ പാപകരമായ സംവിധാനം പാവപ്പെട്ടവനെ കൂടുതൽ കൂടുതൽ ദാരിദ്ര്യത്തിൽ നിപതിക്കാൻ പ്രേരിപ്പിക്കുന്നതായിരുന്നു. ഈ സാഹചര്യം സമ്പന്നന്മാർ ദുരുപയോഗിക്കുകയും ചെയ്തു. ഊറിയായുടെ ഭാര്യയുമായുള്ള ദാവീദിന്റെ അവിഹിതവേഴ്ചയും. ഊറിയായെ കൊലപ്പെടുത്തിയതും, ആഹാബ് രാജാവ് നാബോത്തിന്റെ നിലം സ്വന്തമാക്കിയതുമെല്ലാം പാവപ്പെട്ടവനെ ചൂഷണം ചെയ്തിരുന്ന ഒരു സമൂഹത്തിന്റെ ഭീകരമുഖമാണ് നമ്മുടെ മുൻപിൽ വെളി പ്പെടുത്തുന്നത്.

ഇവിടെയൊരു ചോദ്യമുണ്ട്. "പാവപ്പെട്ടവന് രക്ഷയില്ലേ"? യഹൂദസമൂഹത്തിന്റെ പ്രായോഗികജീവിതത്തിൽ നിന്ന് ഈ ചോദ്യത്തിനു കിട്ടുന്ന ഉത്തരം ഒന്നു മാത്രമാണ് "പാവപ്പെട്ടവന് രക്ഷയില്ല", എന്നാൽ വാസ്തവമതല്ല. പാവപ്പെട്ടവന് തുണയായി, ആശ്രയമായി ദൈവം ഉണ്ട്. ഏറ്റവും പരിത്യക്തന്റെ, ദരിദ്രന്റെ, സഹായിയും രക്ഷകനുമാണ് ദൈവം. അത്യന്തികമായി ദൈവം ഇടപ്പെട്ട് പാവപ്പെട്ടവനെ ചൂഷണത്തിൽ നിന്ന് രക്ഷിക്കും. യേശുവിന്റെ മരണം പാവപ്പെട്ടവന്റെ ചൂഷണത്തിന്റെ പാരമ്യമായിരുന്നു. യഹൂദസമൂഹവും മതവും കൂടി യേശുവെന്ന നീതിമാനായ പാവപ്പെട്ടവനെ ചൂഷണം ചെയ്തു കുരിശിലേറ്റി. ഈ സന്ദർഭത്തിൽ ഇട പെടാതിരിക്കാൻ ദൈവത്തിനു കഴിയുമായിരുന്നില്ല. പാവപ്പെട്ടവന്റെ ദൈവം താൻ പാവപ്പെട്ടവന്റെ ദൈവമാണെന്ന് തെളിച്ച സംഭവമാണ് യേശുവിന്റെ ഉയിർപ്പ്.

### 4. നമ്മുടെ ഉയിർപ്പിന്റെ പ്രതീകവും മുന്നോടിയും

യേശുവിന്റെ ഉയിർപ്പ് പലർക്കും വിശ്വസിക്കാൻ കഴിയാത്ത മൗഢ്യമാണ്. മരിച്ചവൻ എങ്ങനെയാണ് ഉയിർക്കുകയെന്ന് അവർ ചോദിക്കും. എന്നാൽ ഈ

www.malankaralibrary.com

ചോദ്യകർത്താക്കൾ തങ്ങൾക്ക് മരണം സംഭവിക്കുകയാണെങ്കിൽ ഉയിർത്തെഴുന്നേല്ക്കാൻ സാധിക്കണമേയെന്ന് ആഗ്രഹിക്കുന്നവരാണ്. ആ ആഗ്രഹം ഒന്നോ രണ്ടോ വ്യക്തികളുടേതല്ല. മനുഷ്യകുലം മുഴുവന്റെയും ആകമാനമായ ആഗ്രഹമാണിത്. ഈ ആഗ്രഹത്തിനു ദൈവം കൊടുത്ത മറുപടിയാണ് യേശുവിന്റെ ഉയിർപ്പ്. "കാത്തിരിക്കുക നിങ്ങളാരും നിത്യമായി നശിച്ചു പോകുകയില്ല. നിങ്ങൾ ഉയിർപ്പിക്കപ്പെടും" എന്ന് ലോകത്തിന്റെ മുൻപിൽ ദൈവം ചെയ്യുന്ന പ്രഖ്യാപനമാണ് യേശുവിന്റെ ഉയിർപ്പ്. മനുഷ്യജീവന്റെ നിത്യത യേശുവിന്റെ ഉയിർപ്പുവഴിയായി ദൈവം വെളിപ്പെടുത്തി. മരണം മനുഷ്യജീവിതത്തിന്റെ അന്ത്യമല്ല, പുതിയ ജീവനിലേയ്ക്കുള്ള പ്രവേശനകവാടം മാത്രമാണെന്ന് യേശുവിന്റെ ഉയിർപ്പു തെളിയിക്കുന്നു.

യേശുവിന്റെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിനെ ജാഗ്രതയോടെ കാത്തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. നമ്മുടെ ശരീരവും ആത്മാവും നിത്യതയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവയാണ്. യേശുവിനെപോലെ ഉയിർത്തെഴുന്നേറ്റ് നിത്യതയിൽ ദൈവത്തോടൊപ്പം ജീവിക്കേണ്ടതാണ് നമ്മുടെ ശരീരങ്ങളും ആത്മാക്കളും. അതിനാൽ ഉയിർപ്പിനുവേണ്ടി നമ്മുടെ ശരീരങ്ങളെ നാം പവിത്രമായി സൂക്ഷിക്കണം.

പാപത്തിന്റെ കേളീരംഗമായി നമ്മുടെ ശരീരങ്ങളെ നമ്മൾ വിട്ടുകൊടുക്കരുത്. വിശ്വാസപൂർവ്വം ജീവിച്ച് സ്വർഗ്ഗഭാഗ്യത്തിലെത്തിച്ചേരാൻ വേണ്ടി നിർമ്മിക്കപ്പെട്ട നമ്മുടെ ശരീരവും ആത്മാവും മ്ലേച്ഛമായ കാര്യങ്ങളിലേയ്ക്കു തിരിയാതെ പരിശുദ്ധമായി സൂക്ഷിക്കുക, നമ്മിൽ ഓരോരുത്തരുടെയും കടമയും ഉത്തരവാദിത്വവുമാണ്. ഉയിർത്തെഴുന്നേറ്റ യേശുവിനോടൊപ്പം ജീവിക്കാനായി നമ്മുടെ ശരീരങ്ങളെ ശുദ്ധമായി പരിപാലിക്കാം.

www.malankaralibrary.com

# ശ്ലീഹാനോമ്പ്

സഭ ശ്ലീഹന്മാരെന്ന അടിസ്ഥാനത്തിന്മേലാണ് പണിയപ്പെട്ടിരിക്കുന്നത്. യേശുവാണ് ഈ അടിസ്ഥാനത്തിന്റെ മൂലക്കല്ല്. ശ്ലീഹന്മാരാകുന്ന അടിസ്ഥാനമാണ് സഭയെ ശക്തമായ ഒരു സംവിധാനമായി നിലനിറുത്തുന്നത്. അടിസ്ഥാനം ക്ഷയിച്ചുപോയാൽ സൗധം മുഴുവൻ ബലഹീനമാകുന്നതുപോലെ ശ്ലീഹന്മാരെന്ന അടിസ്ഥാനം സഭയുടെ അടിസ്ഥാനമായി നിലനില്ക്കുന്നില്ലെങ്കിൽ സഭ ആകമാനം ദുർബ്ബലമാകും.

സഭയുടെ അടിസ്ഥാനം ശ്ലീഹന്മാരാണെന്ന സത്യം നമ്മെ അനുസ്മരിപ്പിക്കുകയും ശ്ലീഹന്മാരോടുള്ള നമ്മുടെ കൂട്ടായ്മയെപ്പററി നമ്മെ ബോധവാന്മാരാക്കുകയും ചെയ്യുന്ന കാലമാണ് ശ്ലീഹനോമ്പുകാലം.

ശ്ലീഹന്മാരുമായുള്ള കൂട്ടായ്മയിൽ ആകുകയെന്നതിന് രണ്ടു തലങ്ങളുണ്ട്. ഈ ലോകത്തിൽ അവർ ജീവിച്ച ജീവിതരീതിയിൽ പങ്കുചേരുകയാണ് ഒന്ന്. പരലോകത്തിൽ അവർ അനുഭവിക്കുന്ന മഹത്ത്വത്തിൽ പങ്കുചേരുകയാണ് മറെറാന്ന്. പരിശുദ്ധന്മാരുടെ സംഘങ്ങളിൽ നമ്മെ ചേർക്കണമേയെന്ന് നാം പ്രാർത്ഥിക്കുമ്പോൾ ഈ രണ്ടുതരത്തിലുള്ള പങ്കുചേരലുമാണ് ഉദ്ദേശിക്കുന്നത്. അതായത് വിശുദ്ധന്മാർ ജീവിച്ച ജീവിതരീതിയിൽ പങ്കുചേർന്നുകൊണ്ട്, അവർ ജീവിച്ചതുപോലെ വിശുദ്ധമായി ജീവിച്ചുകൊണ്ട്, അവരുടെ മഹത്ത്വത്തിൽ പങ്കുചേരുക. വിശുദ്ധരുടെ ജീവിതത്തിൽ പങ്കു ചേരാതെ അവരുടെ മഹത്ത്വത്തിൽ പങ്കുചേരാൻ ആർക്കും സാധ്യമല്ല.

അതുകൊണ്ട് നോമ്പിന്റെ ഈ നാളുകളിൽ ശ്ലീഹന്മാരുടെ ഭൗമികജീവിതം എങ്ങനെയായിരുന്നു എന്നു വിചിന്തനം ചെയ്ത് ധ്യാനിച്ച് ആ ജീവിതത്തിൽ നാമെങ്ങനെ പങ്കുചേരണമെന്ന് കണ്ടെത്തുക ആവശ്യമാണ്.

ശ്ലീഹ എന്ന വാക്കിന്റെ അർത്ഥം 'അയയ്ക്കപ്പെട്ടവൻ' എന്നാണ്. പ്രഥമ അർത്ഥത്തിൽ തന്നെ ഇതു മൂന്നു കാര്യങ്ങൽ സൂചിപ്പിക്കുന്നുണ്ട്. 1. അയയ്ക്കപ്പെട്ടവനെങ്കിൽ അയയ്ക്കുന്ന ആൾ ഉണ്ടാകണം. 2. അയയ്ക്കുന്നതിന് ഒരു ഉദ്ദേശ്യം ഉണ്ടാകണം. 3. അയയ്ക്കപ്പെട്ടവൻ. വി. മത്തായി എഴുതിയ സുവിശേഷം 10-ാം അദ്ധ്യാം 1-10 വാക്യങ്ങളുടെ അടിസ്ഥാനത്തിൽ നമുക്കികാര്യങ്ങൾ ചിന്തിക്കാവുന്നതാണ്.

ഇവിടെ യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ വിളിച്ച് അവർക്ക് രോഗസൗഖ്യം നൽകാനും പിശാചുക്കളെ ബഹിഷ്ക്കരിക്കാനും അധികാരം നൽകി അയയ്ക്കുന്നു.

പന്ത്രണ്ടു ശിഷ്യന്മാരാണ് അയയ്ക്കപ്പെടുന്നത്. അവർ യേശുവിനാൽ വിളിക്കപ്പെട്ടവരാണ്. യേശുവിനാൽ അധികാരം നൽകപ്പെട്ടവരാണ്. യേശുവിനാൽ ചുമതപ്പെടുത്തി അയയ്ക്കപ്പെട്ടവരാണ്.

അയയ്ക്കപ്പെട്ടവർ എന്നു പറയുമ്പോൾ അയച്ചയാൾക്കാണ് പ്രാധാന്യം. അയയ്ക്കപ്പെട്ടവർക്ക് സ്വന്തമായി ഒന്നും ഇല്ല. അവർക്കു പറയാനുള്ളതും പ്രവർത്തി

www.malankaralibrary.com

ക്കാനുള്ളതും അയച്ചവന്റെ ഇഷ്ടം മാത്രമാണ്. അവർക്ക് ആര് അധികാരം നൽകിയോ അവനാണ് അധികാരി. അയയ്ക്കപ്പെട്ടവർ പറയുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും ആധികാരികത അടങ്ങിയിരിക്കുന്നത് അവരെ അയച്ചവനിലാണ്. അയച്ചവന്റെ അധികാരം കൈകാര്യം ചെയ്യുന്നവർ മാത്രമാണ് അയയ്ക്കപ്പെട്ടവർ. അതുകൊണ്ടാണ് "നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. നിങ്ങളെ തിരസ്ക്കരിക്കുന്നവൻ എന്നെ തിരസ്കരിക്കുന്നു എന്ന് യേശു പറയുന്നത്. ശ്ലീഹന്മാരെഅയക്കുന്നത് യേശുവാണ്. യേശുവിനെ അയക്കുന്നത് പിതാവാണ്. യേശുവിനു പിതാവിനോടുള്ള ബന്ധമാണ് ശ്ലീഹന്മാർക്ക് യേശുവുമായി ഉള്ളത്. ഞാനും പിതാവും ഒന്നാണ് എന്നു പറയാൻ തക്ക ബന്ധമാണ് യേശുവിനു പിതാവിനോടുള്ളത്. "ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ... എന്നെ അയച്ചവന്റേതത്രേ".

അതുപോലെ അയക്കപ്പെടുന്നവനും പറയാനാകണം, ഞാനും എന്നെ അയച്ചവനും (യേശുവും) ഒന്നാണ് എന്ന്. അത്തരം ഒരു ദൃഡബന്ധത്തിലേയ്ക്കു വളരാനുള്ള ദൗത്യം അയയ്ക്കപ്പെടുന്നവർക്കുണ്ട്. അയക്കപ്പെടുന്നവന് സ്വന്തമായി ഒന്നുമില്ല എന്നു പറയുമ്പോൾ അവരുടെ വ്യക്തിത്വത്തെ (അസ്തിത്തെ) അടിമപ്പെടുത്തുകയല്ല. മറിച്ച് അയച്ചവന്റെ അസ്തിത്വത്തിൽ ചേർന്ന് അയക്കപ്പെട്ടവന്റെ വ്യക്തിത്വം (അസ്തിത്വം) പൂർണതപ്രാപിക്കുകയാണ്. അയയ്ക്കപ്പെട്ടവന്റെ ആധികാരികത അയച്ചവനുമായുള്ള ബന്ധത്തിലാണ്. പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം അയച്ചവന്റെ സ്വന്തം വാക്കും പ്രവർത്തിയുമായിരിക്കണം.

രണ്ടാമതായി ശ്ലീഹന്മാർ ചുമതപ്പെടുത്തി അയയ്ക്കപ്പെട്ടവരാണ്. രോഗസൗഖ്യം നൽകാനും പിശാചുക്കളെ ബഹിഷ്ക്കരിക്കാനും അയയ്ക്കപ്പെട്ടവരാണവർ. എന്നാൽ ഇവയൊക്കെയുടെയും അന്ത്യം ഇവയിൽതന്നെയല്ല. രോഗസൗഖ്യത്തിന്റെ ലക്ഷ്യം രോഗസൗഖ്യമല്ല. പിശാചുബഹിഷ്ക്കരണത്തിന്റെ ലക്ഷ്യം പിശാച് ബഹിഷ്ക്കരണമല്ല. വ്യക്തമായ മറെറാരു ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ മാത്രമാണ് ഇത്തരം പ്രവർത്തികൾ. ആത്യന്തികലക്ഷ്യം സ്വർഗ്ഗരാജ്യം സ്വന്തമാക്കലാണ്. സൗഖ്യവും മോചനവും സ്വർഗ്ഗരാജ്യാനുഭവത്തിലേയ്ക്ക് നയിക്കാനുള്ള ഉപാധികൾ മാത്രമാണ്. രോഗസൗഖ്യം മുതലായവയ്ക്കുള്ള അധികാരം നൽകപ്പെടുന്നത് അയയ്ക്കപ്പെടുന്നവരുടെ നന്മക്കായല്ല. അവർ കണ്ടുമുട്ടുന്നവർക്ക് വേണ്ടിയാണ്. അധികാരം നൽകാപ്പെടുന്നത് സൗഖ്യം നൽകാനോ പിശാച് ബാധ ഒഴിക്കാനോ അല്ലമനുഷ്യരക്ഷയ്ക്കായി പ്രവർത്തിക്കാനുള്ള അധികാരമാണ് ദൈവപുത്രന്റെ - പിതാവിനാൽ അയയ്ക്കപ്പെട്ട പുത്രന്റെ - അധികാരത്തിലുള്ള പങ്കുചേരലാണത്. സമ്പൂർണ വിമോചനം നൽകി ദൈവരാജ്യാനുഭവത്തിലേയ്ക്കു മനുഷ്യനെ നയിക്കുക. അതിനുള്ള യഥാർത്ഥ അധികാരമാണ് ശ്ലീഹന്മാർക്കു നൽകപ്പെടുന്നത്. അതുകൊണ്ട് അയച്ചവന്റെ പ്രവൃത്തികളായിരിക്കണം അയയ്ക്കപ്പെടുന്നവർ ചെയ്യേണ്ടത്. രോഗസൗഖ്യവും പിശാച് ബഹിഷ്ക്കരണവും അവിടം കൊണ്ട് അവസാനിക്കുന്നുവെങ്കിൽ അത് അയച്ചവന്റെ പ്രവൃത്തിയാകുകയില്ല. അയച്ചവന്റെ പ്രവൃത്തിയാകണമെങ്കിൽ അത് ആ പ്രവൃത്തിയുടെ ഫലമനുഭവിക്കുന്നയാളെ ദൈവരാജ്യത്തിന് അവകാശി

www.malankaralibrary.com

യാക്കുന്ന വിധത്തിലുള്ളതായിരിക്കണം. തങ്ങൾ ചെയ്യുന്ന ഏതു പ്രവർത്തിയും അതിന്റെ ഫലമനുഭവിക്കുന്ന വ്യക്തിയെ സ്വർഗ്ഗരാജ്യാനുഭവത്തിലേക്ക് - യേശുവിലൂടെ സമാഗതമാകുന്ന സ്വർഗ്ഗരാജ്യത്തിന്റെ അനുഭവത്തിലേക്കു നയിക്കുന്നതാകാൻ ശ്രമിക്കാനുള്ള കടമ അയയ്ക്കപ്പെട്ടവർക്കുണ്ട്.

**ചില മാർഗ്ഗനിർദ്ദേശങ്ങൾ അയയ്ക്കപ്പെടുന്നവർക്ക് യേശു നൽകുന്നുണ്ട്.**

ഒന്നാമതായി നഷ്ടപ്പെട്ടവരെ തേടിപോകുക. ഇസ്രായേലിലെ നഷ്ടപ്പെട്ടവരുടെ ഇടയിലേയ്ക്കാണ് പോകേണ്ടത്. ഇസ്രായേൽ ദൈവത്തിനു സ്വന്തമായിരിക്കേണ്ടവരാണ്. തനിക്കു സ്വന്തമായിരിക്കാൻ, താൻ അവർക്കു ദൈവവും അവർ തനിക്കു ജനവുമായിരിക്കാൻ, വേണ്ടി തെരഞ്ഞെടുക്കപ്പെട്ടവരാണ് ഇസ്രായേൽ. എന്നാൽ അങ്ങനെയല്ലാത്ത ഇസ്രായേൽ മക്കളും ഉണ്ട്. ദൈവത്തിനു സ്വന്തമല്ലാത്ത ഇസ്രായേൽ മക്കൾ. അങ്ങനെയുള്ളവരെ കണ്ടെത്തി ഇസ്രായേലിന്റെ കൂട്ടായ്മയിലേക്ക് കൊണ്ടുവരണം ശ്ലീഹന്മാർ. യേശുവിലൂടെ നൽകപ്പെടുന്ന രക്ഷ സ്വീകരിക്കുവാനും "അങ്ങ് ഞങ്ങളുടെ ദൈവവും ഞങ്ങൾ അങ്ങയുടെ ജനവും" എന്നു സമ്മതിച്ചേററുപറയാനും അവർ പ്രാപ്തരാക്കപ്പെടണം. ദൈവത്തിനു സ്വന്തമായിരിക്കേണ്ടവരും എന്നാൽ അങ്ങനെയല്ലാത്തവരുമായവരെ - നഷ്ടപ്പെട്ടവരെ - തേടിപിടിച്ച് ദൈവത്തിലെത്തിക്കുക എന്ന ദൗത്യമാണ് ശ്ലീഹന്മാർക്കു നൽകപ്പെടുന്നത്. "ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളുടെ അടുക്കലേക്കാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്" എന്നു പറയുന്ന യേശുവിന്റെ അതേ ദൗത്യം തന്നെയാണ് അവിടുന്ന് ശ്ലീഹന്മാർക്കു നൽകുന്നത്.

സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന സദ്വാർത്തയറിയിക്കുകയാണ് ഇവയുടെ ലക്ഷ്യം. രോഗസൗഖ്യത്തിലൂടെയും പിശാചിൽ നിന്നുള്ള മോചനത്തിലൂടെയും യേശുവിൽ സമാഗതമായിരിക്കുന്ന സ്വർഗ്ഗരാജ്യം സ്വീകരിക്കാൻ അവർ ശക്തരാകണം. സ്വർഗ്ഗരാജ്യത്തിലേക്കുള്ള ക്ഷണമാണ് സൗഖ്യവും മോചനവും. യഥാർത്ഥ സൗഖ്യവും മോചനവുമായ യേശുവിനെ കണ്ടെത്തി അംഗീകരിക്കാനുള്ള ക്ഷണം രോഗികൾക്കും പിശാചുബാധിതർക്കും നൽകണം, ശ്ലീഹന്മാർ.

ദൗത്യം നിറവേററാനായി ശ്ലീഹന്മാർ സ്വയം കരുതാതെയാണ് പുറപ്പെടേണ്ടത്. അയച്ചവൻ മാത്രമായിരിക്കണം അവരുടെ അഭയം. ആത്മരക്ഷയ്ക്കുവേണ്ടി സമ്പാദ്യമോ വടിയോ ആശ്രയമായി മററെന്തെങ്കിലുമോ കൊണ്ടുപോകേണ്ടതില്ല. അയയ്ക്കപ്പെടുന്നവരുടെ സമ്പൂർണ ഉത്തരവാദിത്വം അയയ്ക്കുന്നവനാണ്. അയയ്ക്കപ്പെടുന്നവരുടെ മനസ്സ് മുഴുവനായും അയച്ചവനിലും അവന്റെ ദൗത്യത്തിലുമായിരിക്കണം. ആത്മരക്ഷയ്ക്കായുള്ള മുൻകരുതലുകൾക്കായി ആകുലപ്പെടാനോ സ്വസുരക്ഷിതത്വത്തെയോർത്ത് ആശങ്കപ്പെടാനോ അയയ്ക്കപ്പെടുന്നവന് അവകാശമില്ല. "അയച്ചവന്റെ ഇഷ്ടം നിറവേററുകമാത്രമാണ് ലക്ഷ്യം". തിരസ്കരിക്കപ്പെടുന്നിടത്ത് കാലിലെ പൊടിപോലും തട്ടിക്കളയണം. അതോർത്ത് ഭാരവും ക്ലേശവും മനസിൽ സൂക്ഷിക്കാതെ സ്വതന്ത്രമനസ്സോടെ ദൗത്യം തുടരുക. സ്വീകരിക്കപ്പെടുമ്പോഴും തി

www.malankaralibrary.com

രസ്കരിക്കപ്പെടുമ്പോഴും സമചിത്തത പാലിക്കുക. സ്വീകരണവും തിരസ്ക്കരണവും അയച്ചവനുള്ളതാണ്. "നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു".

അയയ്ക്കപ്പെടുന്നത് ആരാണ് എന്നു നോക്കാം. അയയ്ക്കപ്പെട്ടവൻ സ്വമനസാ തെരഞ്ഞെടുത്തതല്ല ഈ ദൗത്യം. അയച്ചവൻ തന്റെ ഇഷ്ടപ്രകാരം പേർ ചൊല്ലി വിളിച്ച് ഏൽപിച്ചതാണ്. "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത്". ഈ ദൗത്യത്തിൽ നിന്ന് അയക്കപ്പെടുന്നവന് ഒഴികഴിവില്ല. ആധികാരികമായി ഏൽപിക്കപ്പെടുകയാണ് ദൗത്യം. സ്നേഹത്തിന്റെ ഏകപക്ഷീയമായ ഒരു തീരുമാനമാണത്. പേര് ചൊല്ലി വളരെ വ്യക്തിപരമായാണ് ദൗത്യം ഏൽപിക്കുന്നത്. ഒരേ ദൗത്യമാണ് ഏൽപിക്കുന്നതെങ്കിലും ഓരോരുത്തരെയുമാണ് ഏൽപിക്കുന്നത്. ഒരുമിച്ച് പ്രവൃത്തിക്കാൻ വിടുമ്പോഴും ഓരോരുത്തർക്കും ഉത്തരവാദിത്വം ഉണ്ട്. ആ ഉത്തരവാദിത്വം വളരെ ആഴമാർന്ന ഒരു പരസ്പര ബന്ധത്തിൽ നിന്നു വരുന്നതുമാണ്. "നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു" ഇതാണ് ബന്ധത്തിന്റെ വ്യാപ്തി.

ശ്ലീഹന്മാർ ദൗത്യം ലഭിക്കുന്നതിലൂടെ പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിൽ പങ്കുചേരുകയാണ് ചെയ്യുന്നത്. വിളിച്ചു, അധികാരം നൽകി ചുമതപ്പെടുത്തി അയച്ചു എന്നതിനേക്കാളുപരി പിതാപുത്രബന്ധത്തിൽ അവർ ഒന്നാക്കപ്പെടുന്നു ഇവിടെ. അതിന്റെ ബാഹ്യഅടയാളങ്ങളാണ് രോഗസൗഖ്യം നൽകാനും പിശാചിനെ ബഹിഷ്കരിക്കാനുമുള്ള അധികാരം നൽകി അയയ്ക്കപ്പെടുന്നത്. വാസ്തവത്തിൽ അതൊരു ബന്ധത്തിലാക്കലാണ് ബന്ധം വ്യാപിപ്പിക്കാനുള്ള ക്ഷണമാണ്. പിതാവ് പുത്രനെ അയക്കുന്നു. പുത്രൻ അയക്കുന്നവർ പുത്രനുമായും പുത്രനിലൂടെ പിതാവുമായും ബന്ധത്തിലാകുന്നു. പുത്രൻ അയയ്ക്കുന്നവർ രോഗസൗഖ്യത്തിലൂടെയും മോചനത്തിലൂടെയും നേടുന്നവർ അവരിലൂടെ പുത്രനുമായും പുത്രനിലൂടെ പിതാവുമായും ബന്ധത്തിലാകുന്നു. സ്വർഗ്ഗരാജ്യത്തിലെ കൂട്ടായ്മയിലേക്ക് നഷ്ടപ്പെട്ടവരെ തിരികെ കൊണ്ടുവരാനുള്ള ദൗത്യമാണ് നൽകപ്പെടുന്നത്. ശ്ലീഹന്മാരെ ദൗത്യം ഏൽപിക്കുന്നതിലൂടെ താനുമായും പിതാവുമായുമുള്ള ബന്ധത്തിനായി മാർഗ്ഗം തുറന്നു കൊടുക്കുകയാണ് യേശു.

ശ്ലീഹന്മാരുടെ ജീവിതത്തിൽ രണ്ടുതരം ബന്ധം വളരുന്നു. ഒന്നാമത്തേത് വിളിച്ചവനുമായി. വിളിച്ചവനെ അവർ കണ്ടുമുട്ടുന്നു... മോചനം അനുഭവിക്കുന്നു... അയയ്ക്കപ്പെടുന്നു ...

രണ്ടാമത്തെ തലം ആരുടെ അടുത്തേക്ക് അയക്കപ്പെടുന്നോ അവരുമായി തങ്ങൾ അനുഭവിച്ച രോഗസൗഖ്യത്തിന്റേയും മോചനത്തിന്റേയും അനുഭവം പങ്കുവയ്ക്കുന്നു. അവരെയും അനുഭവത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

ശ്ലീഹന്മാരുടെ ഓർമ്മ കൊണ്ടാടുമ്പോൾ നാമും ഈ അനുഭവം സ്വന്തമാക്കണം. കാരണം മാമ്മോദീസായിലൂടെ ഈ ദൗത്യം ഭരമേററവരാണ് നാമും. വിളിക്കപ്പെടുന്ന അനുഭവം. അയയ്ക്കപ്പെടുന്ന അനുഭവം.

www.malankaralibrary.com

ദാനമായി വിളിക്കപ്പെടുന്നു. യോഗ്യത വിളിച്ചവന്റെ ഇഷ്ടം ഒന്നു മാത്രം ... രക്ഷ അനുഭവിക്കുന്നു ... അതും ദാനം ... രക്ഷയുടെ അനുഭവം. മോചനത്തിന്റെ അനുഭവം.

അയയ്ക്കപ്പെടുന്നു ... നഷ്ടപ്പെട്ടവരുടെ അടുത്തേയ്ക്ക്. അയയ്ക്കുന്നവനു പകരമായിട്ടാണ്, അവന്റെ പ്രതിരൂപമായിട്ടാണ് അയയ്ക്കപ്പെടുന്നത്.

നഷ്ടപ്പെട്ടവർ ... ദൈവത്തിന്റെ സ്വന്തമാകേണ്ടവരും എന്നാൽ അങ്ങനെയല്ലാത്തവരുമായ സകലരും നഷ്ടപ്പെട്ടവരാണ്. അവരുടെയടുക്കലേക്കാണ് അയയ്ക്കപ്പെടുന്നത്. ജീവിതകാലം മുഴുവൻ നഷ്ടപ്പെട്ടവരായി കഴിയുന്നവരും ... ചില നിമിഷങ്ങളിൽ മാത്രം നഷ്ടപ്പെട്ടവരായിപ്പോകുന്നവരും ഒക്കെയുണ്ട് നമുക്കു ചുററും. അവരുടെ പക്കലേക്ക് അയയ്ക്കപ്പെട്ടവരാകണം നാം. സൗഖ്യം വേണ്ടവർക്കു സൗഖ്യം, സൗഹൃദയം വേണ്ടവർക്കു സൗഹൃദം, കരുണ വേണ്ടവർക്കു കരുണ - നൽകി അവരെ ദൈവത്തിന്റെ സ്വന്തമാക്കാനാകണം. ഒരു വ്യക്തിയെ ദൈവത്തിന്റെ സ്വന്തമാക്കാനായി - ദൈവപുത്രനായ ക്രിസ്തുവിലൂടെ നൽകപ്പെടുന്ന സ്വർഗ്ഗരാജ്യാനുഭവം സ്വന്തമാക്കനായി - പ്രാപ്തനാക്കുന്നതിനുള്ള ദൗത്യമാണ് നമുക്കും ഉള്ളത്. സ്വീകരിക്കാനോ തിരസ്ക്കരിക്കാനോ ഉള്ള സ്വാതന്ത്ര്യം നൽകികൊണ്ട് സ്വർഗ്ഗരാജ്യത്തിലേയ്ക്ക് ക്ഷണിക്കുക. നമ്മുടെ പ്രവൃത്തികൾ അയച്ചവന്റെ പ്രവൃത്തികൾ തന്നെ എന്ന് ഉറപ്പു വരുത്തണം. ആധികാരികമായിട്ടാണോ പറയുന്നതും പ്രവർത്തിക്കുന്നതും എന്ന് ആത്മശോധന ചെയ്യണം.

ഏൽപ്പിക്കപ്പെട്ട ദൗത്യം പൂർത്തിയാക്കുന്നതിനായി എന്തും സഹിച്ചവരാണ് ശ്ലീഹമാർ. രക്തം ചിന്തിപോലും ആ ദൗത്യമവർ നിറവേററി. സ്വന്തമായി ഒന്നും കരുതാതെ അയച്ചവനുവേണ്ടി മാത്രം, അയയ്ക്കപ്പെട്ട കാര്യത്തിനായി മാത്രം അവർ ജീവിച്ചു. അതിനുവേണ്ടി അനുദിനജീവിതത്തിൽ അവർ അനുഭവിച്ച സംഘർഷങ്ങളും വേദനകളും നമുക്കും നമ്മുടെ ദൗത്യ നിർവ്വഹണത്തിനുവേണ്ടി അനുഭവിക്കേണ്ടി വരുമ്പോൾ മാത്രമേ നമ്മുടെ ശ്ലീഹാനോമ്പാചരണം അർത്ഥവത്താകൂ. വേദനയുടെ അത്തരം നിമിഷങ്ങളിലും "നിന്റെ പരിശുദ്ധന്മാരുടെ ഓഹരി ഞങ്ങൾക്കു തരണമെ" എന്നു പ്രാർത്ഥിക്കാനാകുമ്പോൾ മാത്രമാണ് നോമ്പ് നമ്മുടെ ജീവിതത്തിൽ പ്രസക്തമാകുന്നത്.

അയയ്ക്കപ്പെടലിന്റെ വേദന അനുഭവിക്കുന്നവർക്കേ തെരഞ്ഞെടുക്കപ്പെടുന്നവരുടെ കിരീടത്തിനവകാശമുള്ളൂ. ശ്ലീഹന്മാരുടെ ഈ ലോകജീവിതത്തോട് ഐക്യപ്പെടുന്നവർക്കേ അവരുടെ മറുലോകമഹത്വത്തിൽ പങ്കു ചോദിക്കാൻ അവകാശമുള്ളൂ. അവരുടെ ഈ ലോകത്തിലെയും പരലോകത്തിലെയും ജീവിതത്തോട് നമ്മുടെ ഈ ലോകത്തിലെയും പരലോകത്തിലെയും ജവിതം ഒന്നുചേരണം. അപ്പോൾ മാത്രമേ ശ്ലീഹന്മാരുമായുള്ള കൂട്ടായ്മ യാഥാർത്ഥ്യമാകൂ ...

അയയ്ക്കപ്പെടലിന്റെ വേദന അനുഭവിക്കാനും അയച്ചവനുവേണ്ടി ജീവിക്കാനും മരിക്കാനും അനുദിനജീവിതസാഹചര്യങ്ങളിൽ നമ്മെ ശക്തരാക്കട്ടെ ഈ നോമ്പാചരണം എന്നാശംസിക്കുന്നു.

www.malankaralibrary.com

# അമലോത്ഭവയായ മറിയം

സംസ്കൃതത്തിൽ മനോഹരമായ ഒരു ശ്ലോകമുണ്ട്. അതിങ്ങനെ:

"ഓം പൂർണ്ണമദഃ പൂർണ്ണമിദം
പൂർണ്ണാത് പൂർണ്ണമുദച്യതേ
പൂർണ്ണസ്യ പൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ"

അതായത്; "അതും പൂർണ്ണം, ഇതും പൂർണ്ണം. പൂർണ്ണത്തിൽ നിന്നും പൂർണ്ണം വന്നു. പൂർണ്ണത്തിൽ നിന്നും പൂർണ്ണമെടുത്താൽ പൂർണ്ണം അവശേഷിക്കുന്നു.

പൂർണ്ണതയെക്കുറിച്ചുള്ള ബോധം മനുഷ്യനു പുരാതന കാലം മുതലേ ഉണ്ടായിരുന്നു. പൂർണ്ണതയിൽ നിന്നേ പൂർണ്ണത വരൂ. അപൂർണ്ണതയിൽ നിന്നും പൂർണ്ണത വരില്ല എന്ന സത്യം അവർ അറിഞ്ഞിരുന്നു. നമ്മുടെ കർത്താവായ യേശു മിശിഹാ അരുൾ ചെയ്തിട്ടുണ്ടല്ലോ, "നല്ല വൃക്ഷം ചീത്ത ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ല, ചീത്ത വൃക്ഷം നല്ല ഫലങ്ങളും പുറപ്പെടുവിക്കുന്നില്ല. ഓരോ വൃക്ഷവും ഫലങ്ങൾ കൊണ്ട് അറിയപ്പെടുന്നു" (ലൂ 6:43f).

ഈ ലോകത്തിൽ ഉണ്ടായിട്ടുള്ളതും ഇനി ഉണ്ടാകാനിരിക്കുന്നതുമായ 'ഫലങ്ങളിൽ' അത്യുത്തമമായ 'ഫലം' യേശു തന്നെയാണ്. കാരണം

"അവൻ അദൃശ്യനായ ദൈവത്തിന്റെ സാദൃ-
ശ്യവും എല്ലാ സൃഷ്ടികളുടെയും ആദ്യജാത-
നുമാണ് ... അവനിൽ സർവ്വ സമ്പൂർണ്ണതയും
വസിക്കാൻ ദൈവം തിരുമനസ്സായി" (കൊളോ 1:15)

അങ്ങനെയെങ്കിൽ അവനു ജന്മം നൽകിയ 'വൃക്ഷ'മായ, അവന്റെ അമ്മയായ, മറിയമോ? അവളും പൂർണ്ണയായിരുന്നു. അവൾ പൂർണ്ണയല്ലെങ്കിൽ അവളിൽ നിന്നും ജനിക്കുവാൻ യേശുവിനു കഴിയുമായിരുന്നില്ല. അതുകൊണ്ടാണ് വചനിപ്പിന്റെ സമയത്ത് ഗബ്രിയേൽ മാലാഖ അവളെ ഇങ്ങനെ സംബോധന ചെയ്തത്: "കൃപനിറഞ്ഞവളേ നിനക്കു സമാധാനം: സ്ത്രീകളിൽ അനുഗ്രഹീതേ, നമ്മുടെ കർത്താവ് നിന്നോടുകൂടെ" (ലൂ. 1:28).

അതെ, ദൈവകൃപ അവളിൽ നിറഞ്ഞിരുന്നതിനാലാണ് അവൾ പൂർണ്ണയായത്. ഇതിനർത്ഥം യേശുവിന്റെ പൂർണ്ണതയും മറിയാമിന്റെ പൂർണ്ണതയും ഒരുപോലെയാണന്നാണോ? ഒരിക്കലുമല്ല. യേശുവിന്റെ പൂർണ്ണതയൊന്ന്, മറിയമിന്റെ പൂർണ്ണത മറ്റൊന്ന്. വിശുദ്ധരുടെ പൂർണ്ണത വേറൊന്ന്. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ: "സൂര്യന്റെ തേജസ്സൊന്ന്; ചന്ദ്രന്റെ തേജസ് മറ്റൊന്ന്. നക്ഷത്രങ്ങളുടേത് വേറൊന്ന്. നക്ഷത്രങ്ങൾ തമ്മിലും തേജസ്സിന്റെ കാര്യത്തിൽ വ്യത്യാസ്സമുണ്ട്" (1 കോരി. 15:41).

www.malankaralibrary.com

യേശുവിന്റെ പൂർണ്ണതയും മറിയാമിന്റെ പൂർണ്ണതയും വ്യത്യസ്തങ്ങളാണ്. യേശു ദൈവമാണ്. അതുകൊണ്ട് ദൈവത്തിന്റെ പൂർണ്ണതയാണ് യേശുവിനുള്ളത്. മറിയം ദൈവത്തിന്റെ ഒരു സൃഷ്ടിയാണ്. ദൈവം ഇന്നുവരെ സൃഷ്ടിച്ചതിലും വച്ച് ഏററവും ഉന്നതവും മനോഹരവുമായ സൃഷ്ടി. ദൈവം അവളെ പൂർണ്ണയാക്കി. നാമിവിടെ പറഞ്ഞു വരുന്നതിതാണ്: ഈ ഭൂമിയിൽ ദൈവപുത്രനു ജന്മം നൽകാൻ മാത്രമുള്ള പൂർണ്ണത അവൾക്കുണ്ടായിരുന്നു. ആ പൂർണ്ണതയ്ക്കൊപ്പം മററൊരു വിശുദ്ധർക്കും പൂർണ്ണതയില്ല.

കാരണം അവളുടെ പൂർണ്ണത ശുദ്ധീകരണ ശേഷം ലഭിച്ച പൂർണതയല്ല. സാധാരണ വിശുദ്ധരെല്ലാം ജന്മപാപത്തിൽ പിറന്നവരാണ്. പാപത്തിൽ നിന്നു ശുദ്ധീകരണമാണ് ആദ്യം നടക്കുന്നത്. പിന്നീടാണ് വിശുദ്ധിയിൽ മുന്നേറുന്നത്. മാതാവാകട്ടെ ഉത്ഭവിച്ചതു തന്നെ ദൈവകൃപയിലാണ്. അവളുടെ ഉത്ഭവ സമയത്ത് "സാത്താനെ അകററി നിർത്തുന്നതിനുവേണ്ടി, അവനെ ഇരുമ്പു ചങ്ങലകൊണ്ടു ബന്ധിക്കാൻ അത്യുന്നതൻ മാലാഖമാർക്കു കല്പന നൽകി. കർത്താവുതന്നെ സാത്താനോടുകല്പിച്ചു: എന്റെ വാസസ്ഥലമായി ഞാൻ തിരഞ്ഞെടുത്ത ഈ കുട്ടിയെ നീ സമീപിക്കരുത്".

ഇക്കാരണത്താലാണ് പരി.പിതാവ് പീയുസ് ഒമ്പതാമൻ 1854 ഡിസംബർ 8 – ാം തീയതി ഇങ്ങനെ പ്രഖ്യാപിച്ചത്.

"... കന്യകമറിയം അവളുടെ ഉത്ഭവത്തിന്റെ ആദ്യനിമിഷം തന്നെ; സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേക ആനുകൂല്യംകൊണ്ടും, സവിശേഷ വരപ്രസാദം മൂലവും, മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ മിശിഹായുടെ യോഗ്യതകൾ പരിഗണിച്ചും; ജന്മപാപത്തിന്റെ സകല കറകളിൽ നിന്നും സംരക്ഷിക്കപ്പെട്ടു ..."

ജന്മപാപമെന്നാൽ, ദൈവം ബന്ധപ്പെടുമ്പോൾ അതിനോടു ക്രിയാത്മകമായി പ്രതികരിക്കാനുള്ള മനുഷ്യപ്രകൃതിയുടെ ശേഷിക്കുറവുംകൂടിയാണ്. മാതാവിനു ജന്മപാപമില്ലായിരുന്നു. ഉണ്ടായിരുന്നെങ്കിൽ ദൈവപുത്രൻ അവളിൽ നിന്നും ജനിക്കുമായിരുന്നില്ല. ഒരു വ്യക്തി രൂപം കൊള്ളുന്നത് അമ്മയുടെ ഉദരത്തിൽ മാത്രമായിട്ടല്ല. മറിച്ച് അവളുടെ വികാരങ്ങൾ, മനോഭാവങ്ങൾ, പൈതൃകം എന്നുവേണ്ട അവളുടെ മുഴുവൻ വ്യക്തിത്വവും ആ ജന്മത്തിൽ പങ്കുപററുന്നു. ശിശു അമ്മയുടെ ഉദരത്തിൽ വളരുന്നത് സമ്പൂർണ്ണമായും അമ്മയെ ആശ്രയിച്ചാണ്. അമ്മയ്ക്കുപരിയായുള്ളത് ദൈവം മാത്രം.

യേശുവിന്റെ ഉത്ഭവം ഒരു രഹസ്യമായിരുന്നു. പക്ഷെ അതൊരു പരമ രഹസ്യമായിരുന്നില്ല. മറിച്ച് പ്രവാചകന്മാർ ഇക്കാര്യം മുൻക്കൂട്ടി അറിഞ്ഞിരുന്നു. ഏശയ്യ ഇപ്രകാരം എഴുതിയിരിക്കുന്നു: "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, നമ്മുടെ ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും". ഇതിനർത്ഥം യേശുവിന്റെ ജനനം മുൻകൂട്ടി അറിഞ്ഞതുപോലെ തന്നെ

www.malankaralibrary.com

മാതാവിന്റെ ജനനവും മുൻകൂട്ടി അറിഞ്ഞിരുന്നു എന്നാണ്. സ്ത്രീ ജനിക്കാതെ അവളിൽ നിന്നും പുത്രൻ ജനിക്കില്ലല്ലോ. തന്റെ പുത്രനിലൂടെ ലോകത്തെ വീണ്ടെടുക്കണമെന്നു ദൈവം തീരുമാനിച്ചപ്പോൾ തന്നെ മറിയാമിന്റെ ജനനവും ദൈവം മുൻകൂട്ടി നിശ്ചയിച്ചു. ദൈവം മുൻകൂട്ടി തീരുമാനിച്ച് ഒരുക്കിക്കൊണ്ടു വരുന്നത് ഒരിക്കലും അപൂർണ്ണമായിരിക്കില്ല. ദൈവം മുൻകൂട്ടി കണ്ട് സൃഷ്ടിച്ചതായിരുന്നു ആദത്തെയും ഹവ്വായെയും. അവരെ പൂർണ്ണരായാണ് സൃഷ്ടിച്ചത്. പിന്നീട് അവർ സ്വതന്ത്രമനസ്സ് ഉപയോഗിച്ച് അപൂർണ്ണതക്കു വിധേയരായി. അതിനുശേഷം ദൈവം മുൻകൂട്ടികണ്ട് ഒരു പ്രത്യേക ഉദ്ദേശ്യത്തിനുവേണ്ടി സൃഷ്ടിച്ചതു മാതാവിനെയാണ്. ആ ഉദ്ദേശ്യം മനുഷ്യരക്ഷയ്ക്കായിരുന്നു. മനുഷ്യനെ പൂർണ്ണമാക്കാൻ വേണ്ടി. ദൈവമൊരിക്കലും അപൂർണ്ണതയ്ക്കു ജന്മം നൽകില്ലല്ലോ. കാരണം ദൈവമാണ് 'പൂർണ്ണത'.

ഈ മാതാവിനെ പ്രകീർത്തിച്ചുകൊണ്ട് നാം പ്രാർത്ഥിക്കാറുണ്ട്:

"നാഥാ രണ്ടാം സ്വർഗ്ഗമതായ് തീർന്നാൾ മറിയം
ശുദ്ധിയൊടവളിൽ വസിച്ചു നീ
അവളിൽ നിന്നുദയം ചെയ്തു ഭവാൻ ..."

മാതാവു രണ്ടാം സ്വർഗ്ഗമായിരുന്നു. കാരണം ദൈവത്തിലെ രണ്ടാമാളായ യേശു അവളിൽ ഉരുവായപ്പോൾ മുതൽ പരി. ത്രിത്വം അവളിൽ പ്രത്യേകമാം വിധം ആവസിച്ചു. കാരണം പുത്രനെവിടെയുണ്ടോ അവിടെ പിതാവും പരിശുദ്ധാത്മാവുമുണ്ട്. ഒമ്പതു മാസത്തേക്ക് 'സ്വർഗ്ഗം' അവളിലുണ്ടായിരുന്നു. അതുകൊണ്ടാണ് റുഫീനസ് ഇങ്ങനെ പറയുന്നത്: "പരി. ത്രിത്വം തന്നെ ഒരുമയോടെ പ്രവർത്തിക്കുന്നത് നീ കാണുന്നില്ലേ ... കന്യകയിൽ നിന്ന് പുത്രൻ മാത്രമേ ജനിച്ചുള്ളുവെങ്കിലും അത്യുന്നതനും സന്നിഹിതനായിരുന്നു. കൂടാതെ കന്യകയുടെ ഗർഭധാരണത്തെയും ജന്മം നൽകലിനെയും വിശുദ്ധീകരിക്കാൻ പരി. ആത്മാവും സന്നിഹതനായിരുന്നു".

ഇങ്ങനെയൊരു സംഗതി ഒററ രാത്രികൊണ്ടു നടക്കില്ല. അതിനുമാത്രം ഒരു വ്യക്തി ഒരു ദിവസം കൊണ്ടോ ഒരു വർഷം കൊണ്ടോ ഒരുങ്ങില്ല. മൂന്നാം സ്വർഗ്ഗംവരെ ഉയർത്തപ്പെട്ട പൗലോസ് ശ്ലീഹാ പറയുന്നത് താനിപ്പോഴും അദ്ധ്വാനിക്കുന്നു എന്നാണ്. അടുക്കുന്തോറും ദൈവം എന്തു മാത്രം അകലെയാണെന്ന് അദ്ദേഹം മനസിലാക്കി. ഒരു പരിശുദ്ധൻ ഇത്ര കഷ്ടപ്പെടുമ്പോൾ സ്വർഗ്ഗം തന്നെ ഒരു വ്യക്തിയിൽ വസിക്കുന്നെങ്കിൽ ആ വ്യക്തി പരിശുദ്ധയായിരിക്കണം. ഇതും മാതാവ് ഉത്ഭവപാപവിമുക്തയായിരുവന്നു എന്ന സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

നമ്മുടെ കന്യകാ മറിയം അമലോത്ഭവയായിരുന്നു. പാപക്കറ ഒരിക്കലും അവളിൽ ഏശിയിട്ടുപോലുമില്ല. മരണംവരെ അവൾ തന്റെ പൂർണ്ണത കാത്തു സൂക്ഷിച്ചു. അവളാണ് നമ്മുടെ ഉത്തമയായ മാതൃക. അവളിൽ നിന്നും നമുക്കൊത്തിരി പ

www.malankaralibrary.com

റിക്കാനുണ്ട്. നമുക്കൊരു മാതൃകയും സഹായിയുമായി ദൈവം അവളെ തന്നിരിക്കുന്നു.

നാമും പൂർണ്ണത പ്രാപിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ്. കർത്താവൊരിക്കൽ പറയുകയുണ്ടായി: "നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ". "ദൈവം നമ്മിൽ നിന്നും ആവശ്യപ്പെടുന്ന ഏക കാര്യം വിശുദ്ധിയാണ്. മാമ്മോദീസാ വഴി നമ്മുടെയും പാപക്കറകൾ കഴുകി കളയപ്പെട്ടു. പുണ്യപൂർണ്ണത പ്രാപിക്കണമെന്നു പറയുക മാത്രമല്ല, അതിനുള്ള വഴികളും യേശു കാണിച്ചു തന്നു. ഇനി ആ പാതയിലൂടെ നാം നടന്നാൽ മാത്രം മതി. സഹായത്തിനായി പരി. കന്യകാമറിയാമുമുണ്ട്.

മൂന്നു തലങ്ങളിലാണ് നാം പൂർണ്ണരാണെന്നു തെളിയിക്കേണ്ടത്. ഒന്നാമതായി നാം നമ്മുടെ ചിന്തകളിലും ഭാവനകളിലും വിശുദ്ധി കാത്തുസൂക്ഷിക്കണം. കർത്താവു പറഞ്ഞല്ലോ, "നീ വ്യഭിചരിക്കരുത്" എന്നു കല്പിച്ചിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, കാമാസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ അവളുമായി ഹൃദയത്തിൽ വ്യഭിചരിച്ചു കഴിഞ്ഞു".

രണ്ടാമതായി നമ്മുടെ സംസാരത്തിൽ നാം വിശുദ്ധി പുലർത്തണം. വി. മത്തായിയുടെ സുവിശേഷത്തിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. "... ഹൃദയത്തികവിൽ നിന്നാണല്ലോ അധരങ്ങൾ സംസാരിക്കുന്നത് ...തങ്ങൾ പറയുന്ന വ്യർത്ഥമായ ഓരോ വചനത്തിനും മനുഷ്യർ വിധിദിവസം കണക്കു കേൾപ്പിക്കേണ്ടിവരും. കാരണം, നിന്റെ വാക്കുകളാൽ നീ നീതികരിക്കപ്പെടും; നിന്റെ വാക്കുകളാൽത്തന്നെ നീ ശിക്ഷിക്കപ്പെടുകയും ചെയ്യും".

മൂന്നാമതായി നമ്മുടെ പ്രവർത്തനങ്ങൾ വിശുദ്ധർക്കുയോജിച്ച വിധമായിരിക്കണം. അധര വ്യായാമമല്ല, മറിച്ച് യേശുവിന്റെ പ്രബോധനങ്ങൾക്കനുസൃതമായ പ്രവർത്തനമാണ് ആവശ്യം. കർത്താവു ചോദിക്കുന്നു: "നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കുകയും ഞാൻ പറയുന്നവ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നതെന്ത്? എന്നെ സമീപിക്കുകയും എന്റെ വചനം ശ്രവിച്ച് അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവൻ ആർക്കു സദൃശ്യനാണെന്നു ഞാൻ മനസിലാക്കിത്തരാം. ആഴത്തിൽ കുഴിച്ച്, പാറമേൽ അടിസ്ഥാനമിട്ട് വീടുപണിത മനുഷ്യനു സദൃശനാണ് അയാൾ". ഇങ്ങനെ നമ്മുടെ ഭവനം പണിയാൻ പരി. അമ്മ നമുക്കൊരു മാതൃകയാണ്. അവളെ പിന്തുടർന്ന് നമുക്കും പരിപൂർണ്ണരാകാം.

■

www.malankaralibrary.com

# എട്ടു നോമ്പ് - ഒന്നാം ദിവസം
# പരിശുദ്ധ ദൈവമാതാവ്

(ലൂക്കാ 21:1-4)

**സമ്പൂർണ്ണ സമർപ്പണത്തിന്റെ ഉദാത്ത മാതൃക.**

ലോകദൃഷ്ടിയിൽ നിസ്സാരരും മനുഷ്യരാൽ അവഗണിക്കപ്പെട്ടവരും ദൈവതിരുമുമ്പിൽ കൂടുതൽ വിലയുള്ളവരായി മാറുന്ന പരമമായ സത്യം സുവിശേഷത്തിന്റെ അന്തസത്തയാണ്. ഈ അന്തസത്തയ്ക്ക് ഉപോത്ബലകമായ ഒരു ഭാഗമാണ്, വി. ലൂക്കാ എഴുതിയ സുവിശേഷം 21-ാം അദ്ധ്യായം 1-4വരെ വാക്യങ്ങൾ.

വി.സഭയിൽ പരമ്പരാഗതമായി വളരെ ഉത്സാഹത്തോടും ത്യാഗത്തോടും വിശ്വാസികൾ അനുഷ്ഠിക്കുന്ന നോമ്പാണ് എട്ടുനോമ്പ്. പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിന് മുൻപ് എട്ട് ദിവസങ്ങൾ നോമ്പിലൂടെയും മറ്റ് ത്യാഗവൃത്തികളിലൂടെയും ഒരുങ്ങുവാനായി സഭ മാറ്റിവച്ചിരിക്കുന്ന ദിവസങ്ങളാണ് ഇത്. മലങ്കര കത്തോലിക്കാസഭയിലെ അംഗങ്ങളും അന്ത്യോക്യൻ ആരാധനാക്രമം പിൻതുടരുന്നവരുമെന്ന നിലയിൽ പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിന് ഒരുക്കമായുള്ള ഈ എട്ട് ദിവസങ്ങൾ നമുക്ക് വളരെ പ്രാധാന്യമുള്ളതാണ്. കാരണം പരിശുദ്ധ ദൈവമാതാവിനോട് അനിതര സാധാരണമായ ഭക്തിനിറഞ്ഞു നില്ക്കുന്ന ആരാധനാക്രമമാണ് നമ്മുടേത്.

ഇന്നത്തെ സുവിശേഷഭാഗത്തിലൂടെ അനാവൃതമാകുന്ന സന്ദേശം പരി. കന്യകാമറിയത്തിന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്നതിന് സഹായകമാണ്. യേശു ജറുസലേം ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതാണ് സന്ദർഭം. വി.ലൂക്കാ എഴുതിയ സുവിശേഷത്തിൽ യേശു ദേവാലയത്തിൽ ഇരുന്ന് പഠിപ്പിക്കുന്ന അനേക സന്ദർഭങ്ങൾ നമുക്ക് കാണുവാൻ സാധിക്കും. അവൻ എല്ലാ ദിവസവും ദേവാലയത്തിൽ ഇരുന്ന് പഠിപ്പിച്ചുകൊണ്ടിരുന്നു എന്നത് ഇത് അടിവരയിട്ടുറപ്പിക്കുന്നു.

തന്നെ ശ്രവിച്ചുകൊണ്ടിരുന്ന ജനങ്ങളിൽനിന്നും കണ്ണുകളുയർത്തി നോക്കിയ യേശു കണ്ട കാഴ്ചയാണ് ഇവിടെ വിശകലനവിധേയമാക്കിയത്. ജറുസലേം ദേവാലയത്തിലെ ഒരു സാധാരണ കാഴ്ചയിൽ യേശു അസാധാരണത്വം കാണുകയാണ്. അനേകം ധനികരായ ആളുകൾ നേർച്ചയിടുന്നത് അവിടുന്നു കണ്ടു. അവർ നിയമത്തിൽ പറഞ്ഞിരിക്കുന്നത് പൂർത്തീകരിക്കുന്നു എന്നതിൽ കവിഞ്ഞ് യേശുവിന് ഒന്നും തോന്നിയില്ല. എന്നാൽ ആരാലും ശ്രദ്ധിക്കപ്പെടാതെ, അതിന് ആഗ്രഹിക്കാതെ രണ്ട് ചെമ്പിൻതുട്ടുകൾ ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്ന വിധവയിൽ യേശുവിന്റെ കണ്ണുകൾ ഉടക്കി. അല്ലെങ്കിലും ചെറിയ കാര്യങ്ങൾ കാണാൻ ഒത്തിരി കാഴ്ചശക്തിവേണം. തന്റെ സമ്പാദ്യം മുഴുവൻ ദൈവസന്നിധിയിൽ നിക്ഷേപിച്ച് ഒഴിഞ്ഞ കൈക

www.malankaralibrary.com

ളും നിറഞ്ഞ മനസ്സുമായി തിരികെ നടക്കുന്ന വിധവയെ യേശു വാനോളം ഉയർത്തി സംസാരിക്കുന്നു. "ദരിദ്രയായ ഈ വിധവ മറ്റെല്ലാവരെയുംകാൾ കൂടുതൽ നിക്ഷേപിച്ചിരിക്കുന്നു. കാരണം അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽനിന്ന് സംഭാവന ചെയ്തു. ഇവളാകട്ടെ തന്റെ ദാരിദ്ര്യത്തിൽ നിന്ന്, ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരിക്കുന്നു."

ഇതുപറഞ്ഞപ്പോൾ യേശുവിന്റെ മനസ്സിൽ താൻ ജീവിക്കുന്ന സമൂഹത്തിലെ ഒരു വിധവയുടെ യാതനാപൂർണ്ണമായ ജീവിതം ചുരുളഴിഞ്ഞിട്ടുണ്ടാവും.

യേശുവിന്റെ നാട്ടിൽ വിധവകൾ എന്നും നിരാലംബരുടെ പട്ടികയിൽ ഏറ്റവും ദുർബലരായിരുന്നു. അവർ സ്ത്രീകളാണ് എന്നതാണ് ഇതിന് ഒന്നാമത്തെ കാരണം. വളരെയേറെ ദാരിദ്ര്യവും അരക്ഷിതാവസ്ഥയും അനുഭവിച്ചു കഴിഞ്ഞവരായിരുന്നു യേശുവിന്റെ നാട്ടിലെ സ്ത്രീകൾ. കടുത്ത പുരുഷമേധാവിത്വമായിരുന്നു ഇതിനു പിന്നിൽ. ഖുറാൻനിയമത്തിൽ പറയുന്നല്ലോ സ്ത്രീ വിശുദ്ധി പ്രാപിക്കുന്നതുപോലും പുരുഷന്റെ സൽപ്രവൃത്തികൾ വഴിയാണ് എന്ന്. അതുപോലെ പുറ 20,17ൽ പറഞ്ഞിരിക്കുന്ന അയൽക്കാരന്റെ ഭവനമോ, ഭാര്യയെയോ ദാസനെയോ ദാസിയെയോ കാളയെയോ. മോഹിക്കരുത് എന്ന വാക്യം സ്ത്രീ പുരുഷന്റെ ,സ്വത്താണെന്ന സൂചന നല്കുന്നു. യൗവ്വനത്തിൽ പിതാവിന്റെയും വിവാഹശേഷം ഭർത്താവിന്റെയും വാർദ്ധക്യത്തിൽ മക്കളുടെയും സ്വത്തായിരുന്നു സ്ത്രീ. ഒരു സ്ത്രീയുടെ അവസ്ഥ ഇതായിരുന്നെങ്കിൽ ആൺതുണയില്ലാത്ത വിധവയുടെ അവസ്ഥ എത്ര ദയനീയമായിരുന്നിരിക്കണം.

ആശ്രയം നഷ്ടപ്പെട്ട വിധവകൾക്ക് മോശയുടെ നിയമം വലിയ ആശ്വാസമായിരുന്നു. (നിയമ. 24:19,14: 29, 26:12, 27:19, 24:17) എന്നാൽ കാലക്രമേണ അവയുടെ ശക്തി കുറഞ്ഞുവന്നു. അപ്പോൾ പ്രവാചകന്മാർ വിധവകൾക്കുവേണ്ടി വാദിക്കുന്നത് നാം കാണുന്നു. (ഏശയ്യാ 1:23, 1:17, ജറ 7:6, 22:3 സക്ക 7:10) അവസാനം ദൈവം തന്നെ വിധവകളുടെ രക്ഷകനായി വരുന്നത് മലാക്കി കണ്ടു. "സൈന്യങ്ങളുടെ കർത്താവ് അരുൾ ചെയ്യുന്നു, വിധവകളെ പീഡിപ്പിക്കുന്നവർക്കെതിരായി സാക്ഷ്യം നല്കാൻ ഞാൻ വേഗം വരും." (3:5). വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും അവരെ വിവിധ രീതിയിൽ ചൂഷണം ചെയ്യുകയും ചെയ്യുന്ന നിയമജ്ഞരെയും ഫരിസേയരേയും യേശുനാഥൻ ശാസിക്കുന്നതായി നാം കാണുന്നു. (ലൂക്കാ 20:47). ദരിദ്രർക്കു മോചനവും, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും നല്കാൻ വന്ന യേശുവിന് ആ വിധവ നിക്ഷേപിച്ച ചെമ്പിൻതുട്ടുകളുടെ മൂല്യം വ്യക്തമായി അറിയാമായിരുന്നു. സമ്പന്നൻ ദേവാലയത്തിൽ നേർച്ചയിട്ടതിനുശേഷം തിരിച്ചുനടന്നപ്പോൾ കീശയിൽ അവശേഷിച്ച വെള്ളിനാണയങ്ങളുടെ കിലുക്കം അവന് ആശ്വാസം നല്കി. എന്നാൽ തന്റെ ജീവിതത്തിന്റെ മൂല്യം മുഴുവൻ രണ്ട് ചെമ്പിൻ തുട്ടുകളിൽ ആവസിപ്പിച്ച് നിക്ഷേപിച്ച വിധവ തിരിച്ചുനടന്നപ്പോൾ ദൈവം കരങ്ങളിൽ താങ്ങുന്നു എന്ന

www.malankaralibrary.com

യാഥാർത്ഥ്യം അവൾ അനുഭവിച്ചറിഞ്ഞു. തനിക്കുള്ളതും തന്റെ ഉള്ളവും ദൈവത്തിനു സമർപ്പിക്കുന്നു. ഒരു മനുഷ്യനു തന്റെ അന്തരാത്മാവിൽ അനുഭവിക്കുവാൻ സാധിക്കുന്ന ആശ്വാസം ഈ വിധവ നമുക്ക് കാണിച്ചുതരുന്നു. അടുത്ത നിമിഷത്തെക്കുറിച്ചോ, നാളെയെക്കുറിച്ചോ ഉള്ള ചിന്തകൾ അവളെ ഉത്കണ്ഠാകുലയാക്കിയില്ല.

ഇപ്രകാരമൊരു സമർപ്പണമാണ് ഓരോ ക്രൈസ്തവനും നടത്തേണ്ടത്. ദൈവസന്നിധിയിൽ നിൽക്കുന്ന ഓരോ വ്യക്തിയും സമ്പൂർണ്ണ സമർപ്പണത്തിന്റെ മനോഭാവം ഉൾക്കൊള്ളണം. എങ്കിലേ ദൈവത്തിനു നമ്മിൽവന്നു നിറയാൻ സാധിക്കൂ.

പരിശുദ്ധ ദൈവമാതാവിനെ വി.സുവിശേഷങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുമ്പോൾ ആദ്യമായും ആത്യന്തികമായും നമ്മുടെ മനസ്സിൽ ഉരുവാകുന്നത് മറിയത്തിന്റെ സമ്പൂർണ്ണ സമർപ്പണമാണ്. ഒരു സാധാരണ ഗ്രാമീണ കന്യകയായ മറിയം ദൈവത്തിന്റെ സ്വരം ശ്രവിച്ചപ്പോൾ ഇതാ കർത്താവിന്റെ ദാസി എന്നുപറഞ്ഞ് തന്നെതന്നെ പൂർണ്ണമായി സമർപ്പിച്ചു. മറിയത്തിന്റെ മനസ്സിൽ താൻ ജീവിക്കുന്ന സമൂഹത്തിൽനിന്നും ചാർച്ചക്കാരിൽനിന്നും മതസംവിധാനത്തിൽ നിന്നും വിവാഹനിശ്ചയം ചെയ്ത പുരുഷനിൽ നിന്നും ഉണ്ടാകാമായിരുന്ന പ്രതികരണങ്ങളുടെ ഒരു വേലിയേറ്റം തന്നെ നടന്നിട്ടുണ്ടാകാം. പിന്നീടൊരിക്കലും ദൈവം നേരിട്ട് മറിയത്തോട് സംസാരിച്ചില്ല എങ്കിലും അവൾ തളർന്നുപോയില്ല. കാരണം തന്നോടു സംസാരിച്ച, ഒന്നും അസാദ്ധ്യമല്ലാത്ത ദൈവത്തിന്റെ കൈകളിൽ അവൾ തന്നെതന്നെ പൂർണ്ണമായി സമർപ്പിച്ചിരുന്നു.

പിന്നീട് മറിയത്തിന്റെ ജീവിതത്തിലുടനീളം നാം കാണുക അനിശ്ചിതത്വത്തിലേക്കുള്ള ധീരമായ കാൽവയ്പുകളാണ്. ചില സന്ദർഭങ്ങളിൽ എടുത്തുചാട്ടമായിരുന്നു. തന്റെ ചാർച്ചക്കാരിയായ എലിസബത്തിന്റെ അടുക്കലേക്ക് യൂദയായിലെ കുന്നുകളിലൂടെ ദുർഘടയാത്ര ചെയ്തപ്പോഴും പൂർണ്ണഗർഭിണിയായിരുന്നപ്പോൾ പേരെഴുതിക്കുവാനായി നസറത്തിൽനിന്ന് ബേത്‌ലഹേമിലേക്ക് ക്ലേശപൂർണ്ണമായ യാത്ര ചെയ്തപ്പോഴും, കടിഞ്ഞൂൽപുത്രനെ ഒരു പുൽക്കൂട്ടിൽ പ്രസവിക്കേണ്ടിവന്നപ്പോഴും, ചോരകുഞ്ഞിനെയും കൈകളിൽ വഹിച്ചുകൊണ്ട് ഈജിപ്തിലേക്ക് രക്ഷപ്പെടേണ്ടിവന്നപ്പോഴും തന്റെ സുരക്ഷയെക്കുറിച്ച് വേവലാതിപ്പെടുകയോ തളർന്നിരിക്കുകയോ ചെയ്തില്ല. കാരണം സമ്പൂർണ്ണ സമർപ്പണത്തിൽ തിരിഞ്ഞുനോട്ടമില്ല. ക്ഷീണമില്ല.

ദേവാലയത്തിൽ ശിശുവായ യേശുവിനെ കാഴ്ചവച്ചപ്പോൾ നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കുമെന്ന ശിമയോന്റെ പ്രവചനവും തന്റെ ഏകപുത്രനെ ദേവാലയത്തിൽ കാണാതായപ്പോൾ അനുഭവിച്ച മാനസികവ്യഥയും അവളെ തകർത്തില്ല.

മുപ്പതാം വയസ്സിൽ പരസ്യശുശ്രൂഷയ്ക്കായി മകൻ വീടുവിട്ടിറങ്ങിയപ്പോഴും, യഹൂദപ്രമാണിമാരുടെയും പുരോഹിതന്മാരുടെയും കണ്ണിൽ തന്റെ മകൻ ഒരു കര

www.malankaralibrary.com

ടായി തീരുന്നുവെന്നും അവർ അവനെ വധിക്കാൻ ആലോചിക്കുന്നുവെന്നും മറ്റുള്ളവർ പറഞ്ഞറിഞ്ഞപ്പോഴും ആ അമ്മ തന്റെ മകന്റെ ദൈവികമായ പദ്ധതിയിൽനിന്നും പിൻതിരിപ്പിച്ചില്ല. സ്വന്ത താല്പര്യങ്ങളെക്കാൾ ദൈവഹിതത്തിന് കാതോർക്കുന്ന ഒരമ്മയ്ക്കേ തന്റെ മകനെക്കുറിച്ച് ഇങ്ങനെ ചിന്തിക്കാൻ കഴിയൂ.

അവസാനം ഒരു കുറ്റക്കാരനെപ്പോലെ തന്റെ മകൻ നിർദ്ദയമായി പീഡിപ്പിക്കപ്പെട്ടപ്പോഴും കുരിശിൽ മൂന്നാണികളിൻ മേൽ കിടക്കുന്നത് കാണേണ്ടിവന്നപ്പോഴും ആ അമ്മ വീണില്ല. മറിച്ച് ഉറച്ചുനിന്നു.

കുടുംബത്തിന്റെ മുറ്റത്ത് ജീവിത യാഥാർത്ഥ്യങ്ങളുടെ ഗോഗുൽത്തായിൽ തളർന്നുവീഴാതെ ഉറച്ചുനില്ക്കുവാൻ സാധിക്കണമെങ്കിൽ മറിയത്തെപ്പോലെ നാമും ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കണം. മറിയം യേശുവിനെ ഉദരത്തിൽ വഹിക്കുകയും ഏറ്റവും അടുത്ത് അനുകരിക്കുകയും ചെയ്തതുപോലെ നാമും യേശുവിനായി നമ്മുടെ ജീവിതങ്ങളെ സമർപ്പിക്കണം.

ഒരു മനുഷ്യവ്യക്തിക്ക് എത്രമാത്രം ദൈവത്തോട് അടുക്കാമെന്ന് മാതാവ് നമുക്ക് കാണിച്ചുതരുന്നു. മാതാവും യേശുവിലൂടെ രക്ഷിക്കപ്പെട്ടവളാണ്. യേശുവിനെ കൈകളിൽ ഏന്തിനില്ക്കുന്ന മാതാവിന്റെ ചിത്രമാണ് നമ്മുടെ സഭയിൽ നാം ഉപയോഗിക്കുന്നത്. കാരണം യേശുവിന്റെ രക്ഷാകരപദ്ധതിയിൽ തന്നെത്തന്നെ പൂർണ്ണമായും വിട്ടുകൊടുത്തുകൊണ്ട് സഹകരിച്ചു എന്നതിലാണ് മറിയത്തിന്റെ മഹിമ അടങ്ങിയിരിക്കുന്നത്.

സാധാരണക്കാരിൽ അസാധാരണത്വം കാണുന്ന, നിസ്സാരരായവരെ വലിയ കാര്യങ്ങൾക്കായി നിയോഗിക്കുന്ന, ചെറിയവരിൽ വലിപ്പം കാണുന്ന ബലഹീനരായവരെ ശക്തിപ്പെടുത്തുന്ന ദൈവത്തിന്റെ കൈകളിൽ സാധാരണക്കാരും, നിസ്സാരരും, ചെറിയവരും ബലഹീനരുമായ നമ്മളെ ആ വിധവയെപ്പോലെ പരി. ദൈവമാതാവിനെപ്പോലെ, നമുക്ക് സമർപ്പിക്കാം.

www.malankaralibrary.com

# എട്ടു നോമ്പ് - രണ്ടാം ദിവസം

# വംശാവലിയിലെ മരിയ ദർശനം

## (മത്തായി 1:1-17)

"സ്ത്രീമൂലം വന്ന നാശത്തെ സ്ത്രീമൂലം പരിഹരിക്കാൻ വേണ്ടി തിരഞ്ഞെടുക്കപ്പെട്ട നിത്യകന്യകയായ മറിയം". അവളുടെ ജനനത്തിരുനാളാണ് എട്ടുനോമ്പിനാധാരം. മൂന്ന് വ്യക്തികളുടെ ജനനം സഭ പ്രത്യേകമായി ആഘോഷിക്കുന്നുണ്ട്; രക്ഷാകരചരിത്രത്തിൽ അവർ നിർവ്വഹിച്ച പങ്കിന്റെ അടിസ്ഥാനത്തിൽ. യേശുവാണ് രക്ഷാകരചരിത്രത്തിന്റെ കേന്ദ്രബിന്ദു. ഈ കേന്ദ്രത്തോട് തൊട്ടടുത്ത് നില്ക്കുന്നവരാണ് പരി. കന്യകമറിയവും, സ്നാപകയോഹന്നാനും. ഇക്കാരണത്താലാണ് യേശുവിന്റെ എന്നപോലെ ഇവർ ഇരുവരുടെയും ജന്മദിവസം സഭ പ്രത്യേകമായി ആഘോഷിക്കുന്നത്. സെപ്ററംബർ 8, മറിയത്തിന്റെ ജനനതിരുനാൾ. ഈ തിരുനാളിനുള്ള ഒരുക്കമാണ് എട്ടുനോമ്പ്.

മത്തായി 1:1-17 വരെയുള്ള വാക്യങ്ങളാണ് ആരംഭ ദിവസത്തെ വിചിന്തനത്തിനായി സഭ നല്കുന്നത്. ആദ്യനോട്ടത്തിൽ തന്നെ 'അനുചിതം' എന്ന് തോന്നാവുന്ന വേദഭാഗം. മാതാവിന്റെ ജനനത്തിരുനാളിനൊരുങ്ങുന്ന വേളയിൽ എന്തുകൊണ്ട് 'ക്രിസ്തുവിന്റെ വംശാവലി' പരാമർശിക്കപ്പെടുന്നു, എന്നത് ന്യായമായ സംശയമാണ്. ക്രിസ്തുവിന്റെ വംശാവലി തന്റെ സുവിശേഷത്തിന്റ ആരംഭത്തിൽ തന്നെ ഉൾപ്പെടുത്തുന്ന സുവിശേഷകന് തന്റേതായ ചില ദൈവ ശാസ്ത്ര താത്പര്യങ്ങൾ ഉണ്ട്. വംശാവിലിയിൽ 16-ാംമത്തെ വാക്യത്തിലാണ് പരി.മറിയത്തെ പരാമർശിക്കുന്നത്, അതും ആരാണ് ക്രിസ്തു? എന്നു പറയുന്ന വേളയിൽ. സുവിശേഷകൻ വംശാവലിയിൽ മറിയത്തെ ഉൾപ്പെടുത്തുന്നത് യേശു സംബന്ധമായ കാര്യങ്ങൾ പറയുമ്പോഴാണ്. ക്രിസ്തുവാണ് മറിയത്തിന് വംശാവലിയിൽ സ്ഥാനവും അർത്ഥവും കല്പിക്കുന്നത്. വംശാവലിയിൽ മറിയത്തെ പരാമർശിക്കാൻ കാരണം അവൾ ലോകരക്ഷകന്റെ, യേശുവിന്റെ അമ്മയായതിനാലാണ്. യേശുവിനോട് ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ മാത്രമേ മറിയത്തിനും അനുബന്ധിയായ മററ് തിരുനാളുകൾക്കും സഭയിൽ സ്ഥാനവും പ്രാധാന്യവും കൈവരുന്നുള്ളു. യേശു ആരാണ് എന്ന് ആധികാരികമായി നിർവചിക്കാൻ വേണ്ടി സുവിശേഷകൻ ഉപയോഗപ്പെടുത്തുന്ന വംശാവലിയിൽ മറിയത്തെയും അവതരിപ്പിക്കുമ്പോൾ, അവളെ കുറിച്ച് സുവിശേഷകന് പറയാനുള്ളതെല്ലാം അവിടെതന്നെ സൂചിതമാകുന്നുണ്ട്. ഇപ്രകാരം വംശാവലിയിൽ വരച്ചുകാട്ടുന്ന മറിയത്തിന്റെ 'രൂപരേഖ' അല്ലെങ്കിൽ 'വംശാവലിയിലെ മറിയ ദർശനം' മാത്രമാണ് ഇവിടുത്തെ ധ്യാനവിഷയം. രക്ഷാകര ചരിത്രത്തിൽ നിർണ്ണയാക പങ്കുവഹിച്ച മറിയത്തെ സംബന്ധിച്ച് വിശ്വാസികൾക്ക് വ്യക്തമായ ഒരു 'ദർശനം'

www.malankaralibrary.com

നല്കുന്നതിനാണ് ഈ വേദഭാഗം ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

പുതിയ നിയമത്തിൽ മത്തായി 1:1-17 ലും, ലൂക്കാ 3:29-38 ലും യേശുവിന്റെ വംശാവലി കാണുന്നുണ്ട്. ഇവ രണ്ടും തമ്മിൽ പ്രകടമായ പല വ്യത്യാസങ്ങളും ഉണ്ട്. യഹൂദരുടെ മുഴുവൻ പിതാവായ അബ്രഹാമിൽ ആരംഭിച്ച് യേശുക്രിസ്തുവിൽ അവസാനിക്കുന്ന രീതിയാണ് മത്തായി സുവിശേഷകൻ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ യേശുവിൽ ആരംഭിച്ച് ആദാമിൽ അവസാനിക്കുന്ന നേർ വിപരീത രീതി സ്വീകരിക്കുക വഴി ലൂക്കാ സുവിശേഷകൻ യേശുവിനെ മനുഷ്യവർഗ്ഗം മുഴുവനുമായി ബന്ധപ്പെടുത്തുന്നു. അബ്രഹാം മുതൽ ദാവീദ് വരെയുള്ള വംശപരമ്പര രണ്ടു സുവിശേഷങ്ങളിലും ഒന്നുതന്നെയാണ്.

യഹൂദരെ സംബന്ധിച്ചിടത്തോളം പലകാരണങ്ങളാൽ വംശാവലി പ്രധാനപ്പെട്ടതാണ്. വ്യക്തികളും കുടുംബങ്ങളും വംശാവലി കൈവശം സൂക്ഷിച്ചിരുന്ന പതിവ് ഇസ്രയേലിൽ ഉണ്ടായിരുന്നു. ഇതിന് നിയമസാധുതയും ലഭിച്ചിരുന്നു. ഒരു യഹൂദന്റെ മതപരവും സാമൂഹികവുമായ ജീവിതത്തിൽ വംശാവലിക്ക് നിർണ്ണായകമായ സ്ഥാനമുണ്ട്. ഒരുവന്റെ മതപരവും സാമൂഹികവുമായ ഉത്ഭവമാണ് സമൂഹത്തിലുള്ള അവന്റെ സ്ഥാനം നിർണ്ണയിച്ചത്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് ഇസ്രയേൽ. ഈ സ്ഥാനം അതിന്റെ ശുദ്ധതയിൽ സംരക്ഷിച്ചിരുന്നവരൊക്കെ ശരിയായ ഇസ്രായേൽക്കാരാണ്. അന്തസ്സും അധികാരവും പൊതുസ്ഥാനമാനങ്ങളുമൊക്കെ ഇത്തരക്കാർക്കായി മാററിവയ്ക്കപ്പെട്ടിരുന്നു. ഏതെങ്കിലും ഒരു പൊതുസ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ് താൻ ഒരു ശുദ്ധ ഇസ്രയേൽക്കാരനാണെന്ന് സെൻഹെഡ്രിൻ സംഘത്തിന് മുൻപാകെ തെളിയിക്കണമായിരുന്നു. ലേവി കുടുംബത്തിൽപ്പെട്ടവർക്കാണ് പൗരോഹിത്യം. പുരോഹിത സ്ഥാനാഭിലാഷി താൻ ലേവി കുടുംബത്തിൽപ്പെട്ടവനാണെന്ന് തെളിയിക്കണം. അതിന് വംശാവലി ആവശ്യമാണ്. മതപരമായ ആധിപത്യം ശരിയായ വംശാവലിയുള്ളവന്റെ വിശേഷഭാഗ്യമായിരുന്നു. ഒരു യഥാർത്ഥ ഇസ്രയേൽക്കാരൻ ദൈവം അബ്രഹാമിനും പൂർവ്വപിതാക്കന്മാർക്കും നല്കിയ വാഗ്ദാനത്തിലും സുകൃതത്തിലും പങ്കുകാരനാകുന്നു.

യഹൂദക്രൈസ്തവരെ ഉദ്ദേശിച്ച് മത്തായി സുവിശേഷകൻ രചന നടത്തുമ്പോൾ അതിന്റെ ആരംഭത്തിൽ തന്നെ ആരാണ് ക്രിസ്തു? എന്ന് വ്യക്തമാക്കുന്നു. "അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തു" എന്നാണ് യേശുവിനെ വംശാവലിയിൽ സുവിശേഷകൻ നിർവ്വചിക്കുന്നത്. ഈ യാഥാർത്ഥ്യത്തെ തുടർന്ന് വരുന്ന വാക്യങ്ങളിലൂടെ വ്യക്തമാക്കുന്ന സുവിശേഷകൻ, യേശുവിനെ 'അബ്രഹാമിന്റെ പുത്രൻ', 'ദാവീദിന്റെ പുത്രൻ' എന്ന് വിളിക്കുകവഴി 'യഥാർത്ഥ ഇസ്രയേൽക്കാരാനാണെന്ന്' തെളിയിക്കുന്നു. യേശു യഥാർത്ഥ യഹൂദവംശജനാണ് എന്ന് കാണിക്കാൻ വേണ്ടിയാണ് യഹൂദവംശജനായ, എന്നാൽ യേശുവിന്റെ ജനയിതാവല്ലാത്ത ജോസഫുമായി യേശുവിനെ ബന്ധപ്പെടുത്തുന്നത്. യേശുവും ജോസ

www.malankaralibrary.com

ഫും തമ്മിലുള്ള ബന്ധം - ജോസഫിന്റെ ഭാര്യ യേശുവിന്റെ അമ്മയായ മറിയം അല്ലെങ്കിൽ യേശുവിന്റെ അമ്മയായ മറിയത്തിന്റെ ഭർത്താവ് എന്നാണ്.

യേശുവിനെ നിർവ്വചിക്കുന്ന വംശാവലിയിൽ മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്ന മറ്റൊരു വ്യക്തിയാണ് പരി. മറിയം. പതിനാറാം വാക്യത്തിൽ പറയുന്നു "യാക്കോബ് മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവായിരുന്നു. അവളിൽ നിന്ന് ക്രിസ്തു എന്ന് വിളിക്കപ്പെടുന്ന യേശു ജനിച്ചു". സുവിശേഷകൻ മറിയത്തിന് കൊടുന്ന നിർവ്വചനം "ജോസഫിന്റെ ഭാര്യയും യേശുവിന്റെ അമ്മയുമായ മറിയം" എന്ന് പറയാം. ചുരുക്കത്തിൽ, രക്ഷാകരചരിത്രത്തിന്റെ പുതിയ അദ്ധ്യായത്തിലെ സുപ്രധാന വ്യക്തികളായ യേശുവിനെയും മറിയത്തെയും ആധികാരികമായ രീതിയിലൂടെ "നിർവ്വചിക്കുക" എന്ന ശ്രമകരമായ ദൗത്യമാണ് വംശാവലിയിലൂടെ സുവിശേഷകൻ നിർവ്വഹിക്കുന്നത് എന്ന് പറയാം. ഓരേ രീതിയിലൂടെയും ശൈലിയിലൂടെയും രണ്ട് വ്യക്തികളെയും സുവിശേഷകൻ അവതരിപ്പിക്കുന്നു. വംശാവലിയിൽ വ്യത്യസ്ത രീതികൾ മറ്റൊരു രീതി യേശുവിനെയും മറിയത്തെയും അവതരിപ്പിക്കാൻ എന്തുകൊണ്ട് സുവിശേഷകൻ സ്വീകരിച്ചില്ല എന്നതിന്റെ അർത്ഥവും ആഴവും ബോദ്ധ്യപ്പെടുക മേൽ പ്രസ്താവിച്ച, യഹൂദപാരമ്പര്യത്തിൽ വംശാവലിയ്ക്കുള്ള പ്രാധാന്യം കണക്കിലെടുക്കുമ്പോഴാണ്.

### വംശാവലിയും മറിയവും

വംശാവലിയിൽ കാണുന്ന അഞ്ചാമത്തെ സ്ത്രീനാമമാണ് മറിയം. താമാർ, റൂത്ത്, റാഹാബ്, ബെത്ഷേബ എന്നിവരാണ് മററ് സ്ത്രീനാമങ്ങൾ. യഹൂദ വംശാവലിയിൽ സ്ത്രീനാമങ്ങൾ അസാധാരണമാണ്. പിന്നെന്തുകൊണ്ട് മത്തായി ഈ സ്ത്രീനാമങ്ങൾ വംശാവലിയിൽ ഉൾപ്പെടുത്തി? വിഭിന്നങ്ങളായ നിരവധി അഭിപ്രായങ്ങൾ പണ്ഡിതന്മാർക്കിടയിലുണ്ട്. ഇവർ മറിയത്തിന്റെ 'മുന്നോടി' ആണ്, വംശാവലിക്ക് ശേഷം വരുന്ന യേശുവിന്റെ അത്ഭുത ജനനത്തിന് (1:18-25) വഴിയൊരുക്കുകയാണിവർ. പാപികളും വിജാതീയരുമായിരുന്ന ഇവരിലൂടെ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ 'പാപികളും വിജാതിയരും' ഉൾപ്പെടുമെന്ന് സുവിശേഷകൻ കാണിക്കുന്നു. ഇവരുടെ ജീവിതചരിത്രത്തിൽ കാണുന്ന ദൈവീക ശക്തിയുടെ പ്രത്യേകമായ ഇടപെടലിൽനിന്നും മറിയത്തിന്റെ കന്യാത്വത്തെക്കുറിച്ച് ശരിയായ ഒരു വിശദീകരണം രൂപപ്പെടുത്താനുള്ള സുവിശേഷകന്റെ ശ്രമമാണ് - എന്നിങ്ങനെ നിരവധി അഭിപ്രായങ്ങൾ നിലവിലുണ്ട്. എന്നാൽ ഇന്ന് പൊതുവെ അംഗീകരിക്കുന്ന വിശദീകരണം; ഈ നാല് സ്ത്രീകളുടെയും വിവാഹബന്ധത്തിൽ ഒരു തരം 'ക്രമരാഹിത്യം' 'അസാധാരണത്വം' കാണാനാകും എന്നതാണ്. ഈ ഒരു കാര്യത്തിൽ ഇവർ നാലുപേരും യോജിക്കുന്നു. ഇത് മറിയത്തെ സംബന്ധിച്ചും ശരിയാണ്.

താമാർ അവളുടെ അമ്മായി അപ്പനായ യൂദായുമായുള്ള അവിഹിതബന്ധത്തിലൂടെ പെരെസിന് ജന്മം നല്കിയതു വഴി രക്ഷാകര പ്രവർത്തിയുമായി ബന്ധപ്പെ

www.malankaralibrary.com

ട്ടു. (ഉല്പത്തി 38). വിജാതിയ വേശ്യയായ റാഹാബിന്റെ ധൈര്യപൂർവ്വകമായ പ്രവൃത്തി ഇസ്രയേലിന് വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാൻ അവസരമായി (ജോഷ്വ - 2). മൊവാബുകാരിയായിരുന്ന വിധവയായ റൂത്ത് തന്ത്രപൂർവ്വം ബോവാസിനെ ഭർത്താവായി വരിക്കുക നിമിത്തം ദാവീദ് രാജാവിന്റെ പിതാമഹനായ ഓബദിന് ജന്മം നല്കി. ദാവീദ് രാജാവിന് അപകീർത്തി വരുത്തിയ ഹിത്യാക്കാരിയായ ബേത്ഷേബ (ഉറിയായുടെ ഭാര്യ) യുമായുള്ള ബന്ധത്തിൽ നിന്നാണ് ഇസ്രയേലിന്റെ പേരും പെരുമയും ഉച്ചത്തിൽ എത്തിച്ച സോളമൻ ജനിച്ചത് (2 സാമു 11:1 ff). വിവാഹ നിശ്ചയം കഴിഞ്ഞിരിക്കേ ഗർഭവതിയായി കാണപ്പെട്ട മറിയം ഈ 'അസാധാരണത്തി'ലെ അവസാന വ്യക്തിയാണ് (മത്തായി 1:21 ff). ഇവരുടെയെല്ലാം ജീവിതത്തിൽ കാണുന്ന മറെറാരു സവിശേഷത അവർ ദൈവിക പദ്ധതിയുടെ നടത്തിപ്പിൽ മുൻകൈയെടുക്കുകയും സഹകരിക്കുകയും ചെയ്തുകൊണ്ട് സുപ്രധാന പങ്കുവഹിച്ചു എന്നതാണ്. 'ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ' എന്ന മറിയത്തിന്റെ സമർപ്പണം സൂചിപ്പിക്കുന്നതും ഇതുതന്നെയാണ്. അവരുടെ താഴ്ന്ന നിലയിൽ നിന്ന് ഉന്നതമായ പദവിയിലേക്ക് ദൈവം അവരെ തിരഞ്ഞെടുത്തു ഉയർത്തിയതുപോലെ തന്നെയാണ് മറിയത്തിന്റെ തിരഞ്ഞെടുപ്പും, പരിശുദ്ധാത്മാവിലുള്ള ഗർഭധാരണവും, രക്ഷകന് ജന്മം നല്കിയതുമെല്ലാം. ദൈവിക പദ്ധതികൾ 'അതിസ്വാഭാവികതയും' അസാധാരണത്വവും നിറഞ്ഞതാണ്. പുറജാതിക്കാർ പുച്ഛഭാവത്തോടെ നോക്കാൻ സാധ്യതയുള്ള മറിയത്തിന്റെ വിവാഹബന്ധത്തിലും കാണുന്നത് ഈ ദൈവീക പദ്ധതിയുടെ പൂർത്തീകരണമാണ്.

വംശാവലിയിലുടനീളം ഒരേ അവതരണ രീതിയാണ് സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്നത്. അബ്രഹാം ഇസഹാക്കിന്റെ പിതാവ്, ഇസഹാക്ക് യാക്കോബിന്റെ പിതാവ്, യോക്കോബ് യൂദായുടെ പിതാവ്, എന്ന രീതിയിലാണ് എല്ലാവംശങ്ങളെയും സുവിശേഷകൻ അവതരിപ്പിക്കുന്നത്. എന്നാൽ മറിയത്തെ പരാമർശിക്കുന്ന പതിനാറാമത്തെ വാക്യം മാത്രം അവതരണ രീതിയിൽ വ്യത്യസ്തത പുലർത്തുന്നു. ഉപയോഗിച്ചുവന്ന രീതി തന്നെ തുടർന്നിരുന്നുവെങ്കിൽ 16-ാം വാക്യം 'യാക്കോബ്' ജോസിഫിന്റെ പിതാവായിരുന്നു. ജോസഫ് യേശുവിന്റെ പിതാവായിരുന്നു എന്നു വന്നേനേ. ബോധപൂർവ്വം ശൈലിയിൽ മാററം വരുത്തുന്ന സുവിശേഷകൻ മറെറാരു സത്യം വെളിവാക്കുന്നു. ജോസഫ് യേശുവിന്റെ പിതാവാണ് എന്ന് പറയാതെ തന്നെ യേശു ദാവിദീന്റെ വംശപാരമ്പര്യത്തിൽപ്പെട്ടവനാണ് എന്ന് സമർത്ഥിക്കുന്ന സുവിശേഷകൻ യേശുവിന്റെ "കന്യകയിൽ നിന്നുള്ള ജനനം" ദൃഢമായി അവതരിപ്പിക്കുന്നു. വിവാഹം കഴിഞ്ഞിട്ടില്ല എങ്കിലും വിവാഹ നിശ്ചയം കഴിഞ്ഞ നിലയ്ക്ക് മറിയം ജോസഫിന്റെ ഭാര്യയാണ്. അതാണ് യഹൂദ പാരമ്പര്യവും. വിവാഹ നിശ്ചയം കഴിഞ്ഞ് ഒരുവർഷം കഴിഞ്ഞാണ് വിവാഹം നടത്തുക. ഈ ഇടക്കാലവേളയിൽ നിയമപരമായി അവർ ഭാര്യഭർത്താക്കന്മാരാണ്. വരന് പെൺകുട്ടിയുടെ മേൽ

www.malankaralibrary.com

ഭാര്യയുടെ മേലെന്നപോലെ അവകാശമുണ്ട്. എങ്കിലും ഭർതൃഗ്രഹത്തിലേയ്ക്ക് ആഘോഷമായി പ്രവേശിക്കുന്നതുവരെ ദാമ്പത്യബന്ധത്തിൽ ഏർപ്പെട്ടിരുന്നില്ല. ഈ ഇടക്കാലത്ത് മറിയം പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ചതുകൊണ്ട് ജോസഫ് മറിയത്തിന്റെ ഭർത്താവല്ലാതാകുന്നില്ല. നിയമപരമായി അവളിൽ നിന്ന് ജനിച്ചവന്റെ പിതാവ് (ശാരീരിക ജനയിതാവല്ല) ജോസഫ് ആണ്. ജോസഫ് ദാവീദ് വംശജനാണ്. അപ്പന്റെ കുലവും കുടുംബവുമായിരിക്കും മകന്റേതും. ജന്മംകൊണ്ട് യേശുവിന് ബന്ധം മറിയത്തോടാണ് എങ്കിലും, ജോസഫ് മറിയത്തിന്റെ ഭർത്താവാകയാൽ യേശു ദാവീദ്‌വംശജനാണ്. അവൻ ജനിച്ചത് കന്യകയിൽ നിന്നുമാണ്. ഈ രണ്ട് സത്യങ്ങളും അതിസമർത്ഥമായി സുവിശേഷകൻ 16-ാം വാക്യത്തിൽ വെളിപ്പെടുത്തുന്നു.

മത്തായി 1:1-16 എന്ന കൊച്ചുവാക്യം സുവിശേഷകന് മറിയത്തെക്കുറിച്ച് പറയാനുള്ളതിന്റെയെല്ലാം സംഗ്രഹമാണെന്ന് കാണാം. ഈ വാക്യത്തിലൂടെ വെളിപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങളുടെ വിശദീകരണമാണ് സുവിശേഷത്തിന്റെ തുടർന്നു വരുന്ന ഭാഗത്ത് കാണുന്ന മറിയ സംബന്ധമായ സംഭവങ്ങൾ. "അവളിൽ നിന്ന് ക്രിസ്തുവെന്ന് വിളിക്കപ്പെടുന്ന യേശു ജനിച്ചു" എന്ന സുവിശേഷകൻെറ പ്രസ്താവന മറിയത്തെ ക്രിസ്തുവിന്റെ അമ്മയായി, ദൈവത്തിന്റെ അമ്മയായി, സഭയുടെ അമ്മയായി അവതരിപ്പിക്കുന്നതാണ്. ഈ മാതൃസ്ഥാനം ഒരേസമയം മാനുഷികവും, കന്യാകാത്മകവും, ദൈവികവും ആദ്ധ്യാത്മികവുമാണ്.

മറിയം ക്രിസ്തുവിന്റെ അമ്മയാണ്. യേശു ദൈവമാകയാൽ മറിയം ദൈവത്തിന്റെ അമ്മയാണ്. മറിയം ദൈവത്തിന്റെ അമ്മയാണെന്ന് വി.ഗ്രന്ഥം വ്യക്തമായി പറയുന്നില്ല എങ്കിലും ഈ സത്യം അനാവരണം ചെയ്യുന്ന പ്രയോഗങ്ങൾ നമുക്ക് കാണാം. "ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോട്കൂടെയായിരുന്നു. വചനം ദൈവമായിരുന്നു. ... അവർ ജനിച്ചത് രക്തത്തിൽ നിന്നോ, ശാരീരിക അഭിലാഷത്തിൽ നിന്നോ, പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല ദൈവത്തിൽ നിന്നത്രേ ... വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു – കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം" (യോഹ 1:1, 13, 14) "ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്നും ജാതനായി, നിയമത്തിന് അധീനനായി ജനിച്ചു" (ഗലാ 4:4). കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം, വചനമായ ദൈവം. അവനാണ് സ്ത്രീയിൽ നിന്നും ജാതനായത്. അവന് ജന്മം നല്കിയവൾ ദൈവമാതാവാണ്. ദൈവമായ കർത്താവിന്റെ അതുല്യമായ താല്പര്യം അവളെ ദൈവമാതാവാക്കി. കാരണം അവളിൽ ജഡം ധരിച്ചത് വചനമായ ദൈവമാണ്. അവൾ ഗർഭം ധരിച്ചത് പരിശുദ്ധാത്മാവിൽ നിന്നാകയാൽ നിത്യകന്യകയുമാണ്.

മേൽ പ്രസ്താവിച്ചവയുടെ അടിസ്ഥാനത്തിൽ ശരിയായിതന്നെ നമുക്ക് അനു

www.malankaralibrary.com

മാനിക്കാവുന്ന സത്യമാണ് മറിയത്തിന്റെ അമലോത്ഭവം. മറിയം ക്രിസ്തുവിന്റെ അമ്മയാണ്. ദൈവത്തിന്റെ അമ്മയാണ്. നിത്യകന്യകയാണ് എങ്കിൽ അവൾ തീർച്ചയായും ആദ്യപാപത്തിന്റെ സ്പർശനം ഏൽക്കാത്തവളായിരിക്കണം. ജനനത്തിന്റെ ആദ്യനിമിഷം മുതൽ തന്നെ അവളുടെ ആത്മാവ് ദൈവത്തിന്റെ സവിശേഷമായ കൃപാവരത്താലും, മാനവകുലത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ യോഗ്യതയാലും ആദ്യപാപത്തിന്റെ എല്ലാ മലിനതകളിൽ നിന്നും പരിപാലിക്കപ്പെട്ടിട്ടുണ്ട് എന്ന് സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

മറിയത്തിന്റെ ജനനത്തിരുനാൾ ആഘോഷിക്കാനായി ഒരുങ്ങുന്ന വേളയിൽ സഭ പ്രത്യേകമായി നമ്മെ അനുസ്മരിപ്പിക്കുന്നത്, ദൈവിക പദ്ധതിയുടെ നടത്തിപ്പിൽ പൂർണ്ണമായി സമർപ്പിക്കുകയും സഹകരിക്കുകയും ചെയ്ത മറിയത്തിൻെറ മാതൃകയും മനോഭാവവും നമ്മുടെയും ജീവിതത്തിൽ അനുവർത്തിക്കുക എന്നാകാം. താഴ്ന്ന നിലയിൽ നിന്നും ഉന്നതമായ പദവിയിലേക്ക് ദൈവം തന്റെ പദ്ധതിയുടെ നടത്തിപ്പിനായി മറിയത്തെ അപ്രതീക്ഷിതമായി ഉയർത്തിയതുപോലെ, നമ്മുടെ ജീവിതത്തിലെ ഉയർച്ചകളിലും, ഉന്നത പദവികളിലും ദൈവത്തിന്റെ പദ്ധതികൾ സഫലമാക്കപ്പെടട്ടെ എന്ന് ആഗ്രഹിക്കാം. പൂർണ്ണമായി സമർപ്പിക്കുകയും സഹകരിക്കുകയും ചെയ്യാം. അതിന് മത്തായി സുവിശേഷകൻ ക്രിസ്തുവിന്റെ വംശാവലിയിലൂടെ നമുക്ക് നല്കുന്ന മറിയ ദർശനം പ്രേരകമായിരിക്കട്ടെ.

■

www.malankaralibrary.com

# എട്ടു നോമ്പ് - മൂന്നാം ദിവസം

# യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിപ്പ്

(ലൂക്കോസ് 1 : 26-36)

"വാനിടമേ വാതിൽ തുറക്കു,
രക്ഷനെ വേഗം അയയ്ക്കു
നയനങ്ങളിൽ മുറ്റിയ മിഴിനീർ
തുടച്ചു നീക്കു". (ഏശ 19:20)

നൂറ്റാണ്ടുകളായി പ്രവചനങ്ങളിൽ മുഴുങ്ങിയ പ്രത്യാശയുടെ പൂർത്തീകരത്തിനായുള്ള അതിയായ ആഗ്രഹം നിറഞ്ഞുനിൽക്കുന്ന വാക്കുകൾ. രക്ഷകന്റെ ആഗമനം കാത്തിരുന്ന ജനത്തിന്റെ പ്രതീക്ഷ പൂവണിയുന്ന ധന്യ നിമിഷം. ഈ രക്ഷാകര പദ്ധതിയിൽ മറിയത്തിന്റെ സ്ഥാനം അതിശ്രേഷ്ഠവും മനുഷ്യന് അഗ്രാഹ്യവുമാണ്. നസ്രത്തെന്ന ഗ്രാമത്തിൽ അധികം ആരാലും അറിയപ്പെടാതെ ദൈവാലയത്തിൽ വളർന്ന മറിയം കാലത്തിന്റെ പൂർണ്ണതയിൽ ദൈവപുത്രന് മാംസം ധരിക്കുന്നതിന് യോഗ്യയാണെന്ന് ഗബ്രിയേൽ ദൂതൻ അറിയിക്കുന്നസുവിശേഷമാണ് നാം ശ്രവിച്ചത്. ദൈവത്തിന്റെ വാക്ക് വിശ്വസിക്കുന്നതിലും, ഹൃദയത്തിൽ സംഗ്രഹിച്ച് അനുസരിക്കുന്നതിലും, സമ്പൂർണ്ണ സമർപ്പണം നടത്തി കർത്താവിനെ ആരാധിച്ച് സ്തുതിക്കുന്നതിലുംമെല്ലാം മറിയം ക്രൈസ്തവ വിശ്വാസിക്കെന്നും മാതൃകയാണ് . ഇന്നത്തെസമൂഹത്തിൽ ദൈവപുത്രന് മാംസം ധരിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവരാണല്ലോ ക്രൈസ്തവരായ നാമോരുരുത്തരും. അങ്ങനെയെങ്കിൽ മറിയത്തിൽ യഥാർത്ഥ്യമായ വചനസ്വീകരണവും, ആത്മസമർപ്പണവും നമ്മിലും ആവശ്യമാണ്. എളിയവരായി വചനത്തിന്റെ നല്ല വാർത്ത (സുവിശേഷം ) യാകാനുള്ള ശ്രമം നാമും നടത്തണം.

### മറിയം ദൈവകൃപനിറഞ്ഞവൾ

പഴയനിയമത്തിൽ നാം കാണുന്ന പ്രധാന ദൈവവിളി വിവരണങ്ങൾ ഉപോത്ബലകമാക്കി മറിയത്തിനോടുള്ള അറിയിപ്പ് വി. ലൂക്കോസ് വിവരിക്കുന്നു (പുറ 3:1-4:9 മോശ, ന്യായ 6: 11 - 24 ഗിദയോൻ, ജറ 1:4-10) രക്ഷാകര ചരിത്രത്തിൽ നിർണ്ണായക ദൗത്യ നിർവ്വഹണം നടത്തിയവരാണിവർ. അവരെപ്പോലെ രക്ഷാകരചരിത്രത്തിന്റെ പൂർണ്ണത വെളിപ്പെടുത്തൽ സാധ്യമാകുന്നതിന് മറിയവും തിരഞ്ഞെടുക്കപ്പെട്ടു. കന്യകയായി ദൈവപുത്രന്റെ അമ്മയാകാനുള്ള വരദാനം മറിയത്തെ സ്ത്രീകളിൽ അനുഗ്രഹീതയും രക്ഷാകര പദ്ധതിയിൽ പങ്കാളിയുമാക്കി. ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയവൾക്ക് ദൈവം നൽകിയ അംഗീകാരമാണ് തന്റെ പുത്രന്റെ അമ്മയാകാൻ, വചനത്തെ മാംസമാക്കി ജനത്തിന്റെ രക്ഷ സാധ്യമാക്കാനുള്ള ഭാഗ്യം. ദൈവകൃപ രൂപാന്തരപ്പെടുത്തിയ വ്യക്തിയാണവൾ. ദൈവ മനുഷ്യ സ്നേഹത്തിന്റെ

www.malankaralibrary.com

എളിമയുടെ ലാളിത്യത്തിന്റെ ജീവിതം സ്വന്തമാക്കുന്നവരാണ്. ദൈവകൃപയ്ക്ക് അർഹരാകുന്നത്. അവരിൽ ദൈവവും അവർ ദൈവത്തിലും വസിക്കും. ദൈവത്തിന്റെ രക്ഷാകരമായ കരുണയുടെ, സ്നേഹത്തിന്റെ , കരുതലിന്റെ സമ്മിശ്ര ശക്തിയായ കൃപ (സങ്കീർ 136); ഈ ദൈവകൃപ സ്വന്തം ജീവിതത്തിൽ അനുഭവിച്ചവരാണ് ഇസ്രായേൽ ജനം. പാപംചെയ്ത് ദൈവത്തിൽ നിന്ന് അവർ അകന്നപ്പോഴും അവിടെത്തെ കൃപ അവരെ പിന്തുടർന്നു. പകൽ മേഘസ്തഭമായും, രാത്രി അഗ്നിതൂണായും മരുഭൂമിയിൽ മന്നയായും, പാറയിൽ നിന്ന് അരുവിയായും ദൈവകൃപ അവരെതേടിയെത്തി. കാലത്തിന്റെ പൂർണ്ണതയിൽ ദൈവകൃപ മറിയത്തിലും ആഗതമായി. അതിന്റെ പരിണിതഫലമാണവളുടെ ദൈവമാതൃത്വം.

### മറിയം: ദൈവം കുടെയുള്ളവൾ

ദൈവസന്നിധിയിൽ കൃപകണ്ടെത്തിയവർക്ക് ശക്തിനൽക്കുന്ന വാക്കുകളാണ് തുടർന്ന് വരുന്നത്. "കർത്താവ് നിന്നോടുകൂടെ" (1 : 28). ദൈവത്തിന്റെ ദൗത്യ നിർവ്വഹണത്തിന് നിയോഗിക്കപ്പെട്ടവരെല്ലാം അവിടത്തെ ശക്തിയാലാണ് തങ്ങളെയേല്പിച്ച ദൗത്യം പൂർത്തിയാക്കുന്നത്. വിളിക്കപ്പെട്ടവനെ വ്യക്തമായറിയുന്നവൻ അവന്റെ ബലഹീനതയെ കാര്യമായി ഗണിക്കാതെ ദൗത്യവുമായയക്കുന്നു. വിളിച്ചവൻ കുടെയെങ്കിൽ വിളിക്കപ്പെട്ടവൻ തന്റെ കഴിവുകേടുകൾക്കും, പരിമിതികൾക്കും അതീതനായി രൂപപ്പെടും. പഴയനിയമത്തിൽ ഗിദയോൻ (ന്യായ 6 : 12), റൂത്ത് (2 :140, ജോഷ്വാ 1 :9), ജറമിയ (1 : 8) തുടങ്ങിയവർക്ക് കർത്താവ് കുടെയുണ്ടന്ന ഉറപ്പ് തങ്ങളുടെ ശക്തിക്കതീതമായി ദൗത്യങ്ങളേറ്റെടുക്കുവാൻ ധൈര്യമേകി. ഇസ്രായേലിനെ ഈജിപ്തിൽ നിന്ന് മോചിപ്പിക്കുകയെന്നത് മോശയുടെ കഴിവുകൾക്കതീതമായിരുന്നു. എങ്കിലും കർത്താവ് പറഞ്ഞു, "ഞാൻ നിന്നോടൊത്തുണ്ടാവും. ഇത് നിനക്ക് അടയാളവുമായിരിക്കും" ( പുറ 3 : 12) മോശ ശക്തനായി, ദൗത്യം നിർവഹിച്ചു. കന്യകയും പുരുഷനെ അറിയാത്തവളുമായ മറിയം ദൈവത്തിന്റെ പുത്രന്റെ അമ്മയാകും എന്നത് മനുഷ്യബുദ്ധിക്ക് അചിന്ത്യവും, അവന്റെ കഴിവുകൾക്കതിതവുമായിരുന്നു. എങ്കിലും. കർത്താവ് കുടെയുണ്ടെന്ന വാഗ്ദാനം മാനുഷിക പരിമിതികൾ അതിലംഘിക്കുവാൻ മാത്രം മറിയത്തെ ശക്തയാക്കി. അങ്ങനെ ദൈവം കൂടെയുണ്ടെന്ന ബോധ്യം ഓരോക്രൈസ്തവവിശ്വാസിയിലും ഇന്നത്യാവശ്യം ആണ്. അപ്പോൾ നാം ദൈവത്തിനുവേണ്ടി ജീവിക്കാൻ പ്രാപ്തരാകും. തിന്മയുടെ പ്രവർത്തനങ്ങളിൽ നിന്ന് മനഃപ്പൂർവ്വം ഒഴിവായി നന്മയ്ക്ക് സാക്ഷികളാകും. എല്ലാറ്റിലും ഉപരി ദൈവകരങ്ങളിൽ നമ്മേ പൂർണ്ണമായി നൽകാൻ തയ്യാറാകും.

### മറിയം : വചനത്തിന്റെ മാതാവ്

മാലാഖയുടെ അഭിവാദനം മറിയത്തിന് അസ്വസ്ഥതയുളവാക്കി. ദൈവവചനത്തിന് ആത്മാർപ്പണം നടത്തി സഹകരിച്ചവർക്കെല്ലാം ഉണ്ടാകുന്ന സവിശേഷത

www.malankaralibrary.com

യാണിത്. എങ്കിലും, അസ്വസ്ഥതയും ഭയവും വചനത്തിന് (യേശു) ജന്മമേകുന്ന തിൽ നിന്ന് മറിയത്തെ പിന്തിരിപ്പിച്ചില്ല. കാരണം നിക്ഷിപ്തമായ, ദൗത്യം ദൈവം നൽകിയതാണെന്ന ബോധ്യം, ദൗത്യ നിർവഹണത്തിന് ദൈവം തന്നെ പ്രാപ്തയാക്കുമെന്ന ഉറപ്പ്, അവൾക്കുണ്ടായിരുന്നു.

വന്ധ്യതയും, നിത്യകന്യാത്വവും ദൈവകോപത്തിന്റെ ഫലമായി കരുതിയിരുന്നു, യഹൂദസമൂഹം.ഈ വ്യക്തികൾ സമൂഹത്തിൽ അപഹാസ്യരുമായിരുന്നു. ഈ സാഹചര്യത്തിലാണ് കന്യാത്വത്തിന് ഭംഗം വരാതെ മറിയം ദൈവപുത്രന് അമ്മയായത്. ഇവിടെ മറിയത്തിന്റെ കന്യാത്വം "നിങ്ങൾക്കായ് ഞാനൊരു രക്ഷകനെ നല്കും"എന്ന ദൈവത്തിന്റെ വാഗ്ദാന പൂർത്തികരണത്തിന് അടയാളമാകുന്നു. ദൈവം പ്രവാചകരിലൂടെ തുടർന്ന് ക്രിസ്തുവിൽ പൂർത്തിയാക്കിയ പുനഃസൃഷ്ടി പ്രക്രിയയിൽ സഹകരിച്ചതുമൂലം അവൾ വചനത്തിന്റെ (യേശു)മാതാവായി ഉയർത്തപ്പെട്ടു. മറിയത്തെപ്പോലെ വചനമായ യേശുവിന് ഇന്ന് ജന്മമേകുവാൻ വിളിക്കപ്പെട്ടവരാണ് നാമോരുത്തരും. വചനത്തെ ഹൃദയത്തിൽ സംഗ്രഹിച്ച് നമ്മുടെ അസ്ഥിത്വത്തിന്റെ ഭാഗമാക്കുമ്പോൾ, വചനം നമ്മിലും മാംസം ധരിക്കും. അതായത് നമ്മുടെ ഉള്ളിന്റെയും, നമുക്കുള്ളതിന്റെയും ഭാഗമായി വചനം മാറുമ്പോൾ ദൈവത്തിന്റെ വചനമായ യേശു ലോകത്തിൽ അവതരിക്കും. ഇതിനായി ആയാസപ്പെടുന്ന ഓരോ ക്രൈസ്തവവിശ്വാസിയുടെയും, സഭ മുഴുവന്റെയും കന്യകാമാതൃത്വത്തിന് മാതൃകയാണ് മറിയം.

**മറിയം: പുതിയ വാഗ്ദാനപേടകം**

ദൈവാത്മാവിന്റെ ശക്തിയാലാണ് മറിയം ദൈവപുത്രന് അമ്മയാകുന്നത്. ഇവിടെ "അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും" എന്ന ദൂതന്റെ വാക്ക് വാഗ്ദാനപേടകത്തിൽ നിറഞ്ഞുനിന്നിരുന്ന കർത്താവിന്റെ മഹത്വത്തെ വെളിപ്പെടുത്തുന്നു (പുറ 40 : 35, സംഖ്യ 4 : 15 - 22). സ്വജനത്തോടൊത്തുള്ള കർത്താവിന്റെ സാന്നിധ്യത്തിന്റെ പ്രതീകമായിരുന്നു വാഗ്ദാനപേടകം. മരുഭൂമിയിലൂടെ യാത്ര ചെയ്ത ഇസ്രായൽ ജനത്തിന് രക്ഷയുടെ അനുഭവം ഇത് പ്രദാനം ചെയ്തു. കൂടാതെ ദൈവം തങ്ങളിൽ നിന്നകലെയല്ലെന്നുള്ള ബോധ്യം അവർക്ക് നൽകി. ഇസ്രായേൽ തന്റെ സ്വന്തജനമായിരിക്കുന്നതിന് ദൈവം നൽകിയ സീനായ് ഉടമ്പടിയിലെ നിയമപലകകൾ അതുൾകൊണ്ടിരുന്നു

ഇതിനു തുല്യമെന്നവിധം പരിശുദ്ധാത്മാവ് മറയത്തിൽ ആവസിക്കുന്നതോടെ അവൾ പുതിയവാഗ്ദാനപേടകമാകുന്നു.

മൂശാനിബിയാൽ, സ്ഥാപിതപേടകമെ
മറിയാമെ സ്വസ്ഥി,
ജീവജലത്തെയുൾക്കൊള്ളും റൂഹായിൽ ആവരണം നീ.

വാഗ്ദാന നാടിനെ ലക്ഷ്യമാക്കിയുള്ള യാത്രയിൽ പേടകം ഇസ്രായൽ ജനത്തിന്

www.malankaralibrary.com

ദൈവസാനിധ്യാവബോധം നൽകിയെങ്കിൽ, ദൈവത്തിന്റെ രക്ഷയേകുന്ന കരങ്ങളിൽ ആശ്രയം കണ്ടെത്താൻ സാധിച്ചെങ്കിൽ, പുതിയ വാഗ്ദാനപേടകമായ മറിയം സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യമാക്കിയുള്ള നമ്മുടെ ഭൗമിക ജീവിതയാത്രയിൽ നമ്മെയും ദൈവസാനിധ്യാവബോധമുള്ളവരാക്കും. ദൈവത്തിന്റെ ശക്തി നമ്മുടെ മേലാകുമ്പോൾ, അവിടുത്തെ വചനം നമ്മിൽ വാസമാക്കുമ്പോൾ, നാമും ദൈവസാന്നിധ്യം നിറഞ്ഞു നിൽക്കുന്ന വ്യക്തികളാകും. സമൂഹത്തിന്നാവശ്യം മറിയത്തെപ്പോലെ ദൈവസാന്നിധ്യം നിറഞ്ഞുനിൽക്കുന്ന വ്യക്തികളെയാണ്. വചനം അവരിലും, അവരിലൂടെ സമൂഹത്തിലും അവതരിക്കും.

മറിയത്തിൽ പരിലസിച്ചിരുന്ന വിശ്വാസവും, എളിമയും അവയിൽ നിന്ന് ഉളവായ ആത്മസമർപ്പണവും സ്വന്തമാക്കുന്ന വ്യക്തികൾ ദൈവാത്മപൂരിതരും, ദൈവസാന്നിധ്യ വാഹകരുമാകും. ദൈവം അവരിൽ മാംസമായി അവതരിച്ച് അനേകർക്ക് രക്ഷ പ്രദാനം ചെയ്യും.

## വിശ്വാസം ജീവിതമാക്കിയവൾ

വിശ്വാസവും അനുസരണവും വഴി നിത്യപിതാവിന്റെ സുതന് ലോകത്തിൽ ജന്മം നൽകിയ മറിയം വിശ്വാസം ജീവിക്കുന്നവർക്കെന്നും മഹനീയ മാതൃകയാണ്. വിശ്വാസമെന്നാൽ "പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്" (ഹെബ്രാ 11 : 1) മറിയത്തിൽ നാം ദർശിക്കുന്ന വിശ്വാസം ഇതു തന്നെയാണ് വിവാഹം കഴിക്കാതെ താൻ ഗർഭിണിയാണെന്നറിഞ്ഞിട്ടും, സമൂഹം തന്നെ പരിഹസിക്കുമെന്ന് മനസ്സിലാക്കിയിട്ടും, "ഇതാ ഞാൻ കർത്താവിന്റെ ദാസി" എന്ന് പറഞ്ഞ് വചനത്തിന് പ്രത്യുത്തരമേകാൻ അവൾ തയ്യാറായി. ദൈവകരങ്ങളിൽ സുരക്ഷ കണ്ടെത്തുന്ന, ഏറ്റെടുത്ത ദൗത്യങ്ങളെ പ്രതി വേദനകൾ സന്തോഷത്തോടെ സഹിക്കുന്ന, എല്ലാറ്റിനുമുപരി ദൈവേഷ്ടത്തിന് പൂർണ്ണമായി തന്നെ തന്നെ നൽകുന്നതാണ് മറിയത്തിൽകാണുന്ന യഥാർത്ഥ്യമായ വിശ്വാസം. ദൈവമാതാവ് എന്ന അതുല്യസ്ഥാനത്തിന് അവൾ അർഹയാകുന്നതും ഈ വിശ്വാസത്താലാണ്. വചനശ്രവണത്തിലും, സ്വീകരണത്തിലും, വചനത്തെ ഉള്ളിൽ വഹിച്ച് മാംസമായി തിരികെ നൽകുന്നതിലും മറിയത്തിന്റെ വിശ്വാസം ക്രൈസ്തവനെന്നും പ്രചോദനമരുളുന്നു. ബേത്‌ലഹേമിൽ ആരംഭിച്ച വിശ്വാസത്തിന്റെ തീർത്ഥയാത്ര കാൽവരിയിൽ കുരിശിന്റെ ചുവട്ടിൽ വരെ മറിയം തുടർന്നു. അങ്ങനെ കന്യകയായ ഹവ്വ അവിശ്വാസം കൊണ്ട് നഷ്ടമാക്കിയ ദൈവികജീവൻ കന്യകയായ മറിയം വിശ്വാസം കൊണ്ട് വീണ്ടും നേടിതന്നു.

## എളിമയിൽ മഹത്വം ദർശിച്ചവൾ

അഗാധമായ എളിമയുടെ ഇരിപ്പിടമായിരുന്ന മറിയത്തിന്റെ ഹൃദയം. രക്ഷകന്റെ അമ്മയാകാനുള്ള അനുഗ്രഹം തന്റെ യോഗ്യതമൂലം ലഭിച്ചതല്ല എന്ന ബോധ്യം

www.malankaralibrary.com

ദൈവകൃപയാൽ മറിയത്തെ നിറച്ചു. ഉന്നതസ്ഥാനാലംകൃതയായപ്പോൾ അവൾ കൂടുതൽ വിനയപ്പെട്ടു. സ്രഷ്ടാവായ ദൈവത്തിന്റെ മുമ്പിൽ താൻ ആരുമല്ലെന്ന സൃഷ്ടിയുടെ ഏറ്റുപറച്ചിലാണ് എളിമ. ദൈവത്തിനുവേണ്ടി സ്വന്തം അഹം മാറ്റിവയ്ക്കുന്ന അവസ്ഥ. മനസ്സിന്റെ ഇത്തരം ശൂന്യതാബോധമാണ് യഥാർത്ഥ എളിമ. ഇവിടെയാണ് ദൈവം പ്രവർത്തിക്കുന്നത്. ഇങ്ങനെ വിനീതരാകുന്നവരിലാണ് ദൈവകൃപ ആദ്യമായും അധികമായും ഒഴുകുന്നത്.

ദൈവം അഹങ്കാരികളെ എതിർക്കുകയും
എളിമയുള്ളവർക്ക് കൃപകൊടുക്കുകയും ചെയ്യുന്നു (യാക്കോ 4 : 6)

രക്ഷാകര ചരിത്രം മുഴുവൻ സ്വയം വിനീതരായി ദൈവാത്മാവാൽ നിറയുന്ന അനേകം വ്യക്തികളെ നമുക്ക് കാണാം. എളിയവരിലൂടെ വലിയകാര്യങ്ങൾ ചെയ്യുന്നതാണ് ദൈവത്തിന്റെ പ്രത്യേകത. അതുപോലെ മഹത്വത്തിന് നിദാനവും എളിമയാണ് (പ്രഭാ10 : 27). മരിച്ചിട്ടും മനുഷ്യമനസ്സിൽ ജീവിക്കുന്ന മഹാവ്യക്തികളെല്ലാം എളിമയിൽ മഹത്വം ദർശിച്ചവരായിരുന്നു.

പക്ഷേ ആധുനികമനുഷ്യന് നഷ്ടമായ പുണ്യമാണ് എളിമ. തനിക്കുവേണ്ടി ജീവിക്കാനും, ചിന്തിക്കാനും ആഗ്രഹിക്കാനും, പരിശ്രമിക്കാനും, വികാരം കൊള്ളാനും അക്ഷീണം യത്നിക്കുന്ന അവനിൽ എളിമ അന്യമാകുന്നു. ദൈവത്തിനും സഹജീവികൾക്കും സ്ഥാനമില്ലാതാകുന്നു. മറ്റുള്ളവരാൽ എളിയവരെന്ന് അറിയപ്പെടാൻ അഗ്രഹിക്കുമ്പോഴും നമ്മുടെ ഹൃദയം ആഹങ്കാരത്താൽ നിറഞ്ഞിരിക്കും. സ്വയം ആരെന്ന ബോധ്യമില്ലാതെ മിഥ്യാധാരണകളിൽ, സ്വപ്നലോകത്തിൽ ജീവിക്കുകയാണ് നാം. അതിനാൽ ആവശ്യത്തിലേറെ മനോവ്യഥകളും തലക്കനവും നാം സ്വന്തമാക്കി. അങ്ങനെ അനേകം തിന്മകളിൽ, പൗലോസ് ശ്ലീഹാ പറയുന്നപോലെ നാമറിയാതെ നിപതിക്കുന്നു.

എന്നെയെൻ തലയിൽ പേറി നടക്കുക നിമിത്തമായ്
എനിക്കി വീഴ്ചപറ്റുന്നിതെല്ലാ, ദിക്കിലുമെപ്പോഴും
എന്ന കുഞ്ഞുണ്ണി കവിത നമ്മിൽ പലപ്പോഴും യാഥാർത്ഥ്യമാകുന്നു.

മറിയത്തിന്റെ ജനനത്തിരുന്നാളിനായി ആത്മീയമായി ഒരുങ്ങുന്ന വേളയിൽ നമുക്കും എളിയവരായി തീർന്ന് ദൈവം നമ്മിൽ വാസമാക്കുവാൻ യത്നിക്കാം. ഞാനും എന്റേതുമെന്നഭാവം വെടിഞ്ഞ് വിനീതരാകാൻ, സേവനത്തിന്റെ സുവിശേഷത്തിന് സാക്ഷികളാകാൻ സാധിച്ചാൽ എളിയവളായി മറിയം പ്രാപിച്ച ഔന്നത്യം നമുക്കും ലഭിക്കും.

"വിനയം ശാന്തതയെന്നിവയുള്ളോർ
പക്കൽ വാസം ചെയ്യും
ദൈവമിറങ്ങി വസിച്ചു മറിയാമിന്നുൾ
താഴ്മയിലവളെ വെന്നീടാ നായ്

www.malankaralibrary.com

ആരുണ്ടീ ഭൂവിയതിനാൽ
അവളെയേറ്റി ഉന്നത പദമതിൽ നാഥൻ"
(ശ്ഹീമ്മോ, ശൂബ്ഹോ, ബുധൻ പ്രഭാതം, ബോവുസോ)
ഗാന്ധിജി തന്റെ വിദ്യാർത്ഥികളോട് പറഞ്ഞതുപോലെ;
നിങ്ങൾ വിനയം കൊണ്ട് ചുരുങ്ങി ചുരുങ്ങി ഒരു പൂജ്യമാകണം

## ദാസിയായി സ്വയം അർപ്പിച്ചവൾ

വിശ്വാസത്തിന്റെയും എളിമയുടെയും പരിണിതഫലമായ പൂർണ്ണമായ ആത്മസമർപ്പണം മറിയത്തിലും നടക്കുന്നു. വിശ്വാസത്തിൽ നിന്നു വരുന്ന അനുസരണത്തിന്റെ പ്രഖ്യാപനമാണിവിടെ നാം കാണുന്നത്. കൂടാതെ ജീവിതം മുഴുവൻ നിറഞ്ഞു നിൽക്കുന്ന സമർപ്പണത്തിന് മറിയം തയ്യാറാകുന്നു. കാലിത്തൊഴുത്തിൽ സ്വന്തം മകന് ജന്മമേകേണ്ടി വന്നപ്പോഴും , ശിമയോൻ പ്രവാചകന്റെ വാക്കുകൾ ദൈവാലയത്തിൽ മുഴങ്ങിയപ്പോഴും ഈ സമർപ്പണം വ്യക്തമാകുന്നു. അവസാനം കുരുശിൻ ചുവട്ടിൽ സംഭവിച്ചതും ഇതിൽ നിന്നും വ്യത്യസ്തമല്ല. ജീവിതകാലം മുഴുവൻ ദൈവത്തിനും മനുഷ്യനും ദാസിയായി ജീവിച്ച് സ്നേഹത്തിന്റെ, സേവനത്തിന്റ സാക്ഷിയായവൾ, തന്റെ ഉള്ളും, ഉള്ളതും നാഥനായേകി. മറിയത്തിന്റെ ദാസിത്വത്തിന് പ്രധാനമായും രണ്ട് മാനങ്ങൾ ഉണ്ട്. ആദ്യമായി അവൾ ദൈവത്തിന്റെ ദാസിയായി സ്വയം അംഗീകരിച്ച് വചന സ്വീകരണം നടത്തി. തുടർന്ന് മനുഷ്യർക്കും ദാസിയായി വർത്തിച്ചു. അതാണ് എലിസബത്തിനോടൊത്തുള്ള മൂന്നു മാസക്കാലത്തെ താമസത്തിൽ വെളിവാകുന്നത്.

ദൈവഹിതം നിറവേറ്റാനുള്ള അദമ്യമായ ആഗ്രഹം മറിയത്തെ ത്യാഗങ്ങൾ ഏറ്റെടുക്കാൻ പ്രേരിപ്പിച്ചു. അതിനാലാണ് ചെയ്യാൻ പോകുന്ന ദൗത്യം തന്റെ കഴിവിനതീതമെന്ന് ബോധ്യമായപ്പോൾ ദൈവകരങ്ങളിൽ സ്വയം അർപ്പിച്ചത്. നേട്ടമായാലും നഷ്ടമായാലും ദൈവവചനത്തോട് പ്രത്യുത്തരിച്ചത്.

പരിശുദ്ധ മാതാവിനോടുള്ള ബഹുമാനാർത്ഥം എട്ടുനോമ്പാചരിക്കുന്ന അവസരത്തിൽ വിശ്വാസത്തിൽ ദിനം പ്രതി വളരുവാൻ, എളിയവരായ് ദൈവഹിതത്തിന് പൂർണ്ണമായി നല്കുവാനുള്ള അനുഗ്രഹത്തിനായി യാചിക്കാം. അമ്മയെപ്പോലെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിച്ചു, മാംസമായി ലോകത്തിന് നല്കുവാൻ, അങ്ങനെ സൃഷ്ടി കർമ്മത്തിൽ പങ്കാളിയാവാനുള്ള കൃപക്കായി പ്രാർത്ഥിക്കാം. അതുപോലെ ദൈവവചനം ഉളവാക്കുന്ന അസ്വസ്ഥതയിൽ നഷ്ട ധൈര്യരാകാതെ ത്യാഗങ്ങൾ സന്തോഷത്തോടെ സഹിക്കുവാൻ ശക്തരാകുന്നതിന് അമ്മയുടെ മാധ്യസ്ഥ്യം അപേക്ഷിക്കാം.

www.malankaralibrary.com

## എട്ടുനോമ്പ്: നാലാം ദിവസം

# പരിശുദ്ധമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു

## (ലൂക്കാ 1: 39-56)

ദൈവപുത്രനെ ഉദരത്തിലും അതിലേറെ ഹൃദയത്തിലും പേറി പരിശുദ്ധ കന്യകാമറിയം തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിക്കുന്നതാണ് ഇന്നത്തെ സുവിശേഷ ഭാഗം. അതുപോലതന്നെ ദൈവം തനിക്കു നൽകിയ അനന്തമായ നന്മയിൽ അഹങ്കരിക്കാതെ ദൈവത്തെ സ്തുതിക്കുന്ന മറിയത്തെയാണ് ഈ സുവിശേഷ ഭാഗത്ത് നാം കാണുന്നത് (ലൂക്കാ 1 : 46-54).

ആത്മീയ വെളിപാടിൽ സന്തുഷ്ടരായ അനേകം ആളുകൾ തങ്ങളുടെ ആഹ്ളാദം പങ്കുവയ്ക്കുന്ന രംഗങ്ങൾ വിശുദ്ധ ലൂക്കോസ് എഴുതിയ സുവിശേഷത്തിൽ കാണാം. ഗബ്രിയേൽ മാലാഖയിലൂടെ ദൈവത്തിന്റെ ദൂത് ലഭിച്ച മറിയം, തന്റെ ഇളയമ്മ ദൈവത്തിന്റെ കൃപയ്ക്ക് പാത്രമായി എന്നത് അറിഞ്ഞുകൊണ്ട് തിടുക്കത്തിൽ എലിസബത്തിന്റെ അടുത്തേക്ക് യാത്ര ചെയ്യുന്നു (ലൂക്കാ 1 : 39). ഇത് ഒരു സൗഹൃദസന്ദർശനം എന്നതിലുപരി വിശ്വാസത്തിന്റെ തീർത്ഥാടനം ആണ്.

പരിശുദ്ധമാതാവിന്റെ നിറവും ഈശ്വരാനുഭവവും ലഭിച്ചവർ തങ്ങളുടെ അനന്തമായ സന്തോഷം മററുള്ളവരുമായി പങ്കുവയ്ക്കാനും മാനവരോട് ആ സന്തോഷം വിളിച്ചോതുവാനും കാണിക്കുന്ന തിടുക്കം സ്വാഭാവികമാണ്. ഇങ്ങനെ ദൈവാനുഭവത്താൽ നിറയുമ്പോൾ തിടുക്കം കാണിക്കുന്ന പലരെയും വി.ഗ്രന്ഥത്തിൽ നാം കാണുന്നുണ്ട്. യേശുവിന്റെ ശവകുടീരത്തിൽ എത്തി ശൂന്യമായ കല്ലറ ദർശിച്ച മഗ്ദലനമറിയം പത്രോസിന്റെ അടുത്തേക്ക് ഓടുന്നു (യോഹ. 20:2). മറിയത്തിൽ നിന്നും ഈ സദ്വാർത്ത അറിഞ്ഞ പത്രോസും, യേശു സ്നേഹിച്ചിരുന്ന ശിഷ്യനും കൂടി കല്ലറയിലേക്ക് ഓടുന്നു (യോഹ 20:3). യേശുവിൽ നിന്നും സൗഖ്യാനുഭവം ഉണ്ടായവർ യേശുവിന്റെ തന്നെ വിലക്ക് ലംഘിച്ചുകൊണ്ട് ദൈവത്തെ സ്തുതിക്കുന്നതും ദൈവമഹത്വം പ്രഘോഷിക്കുന്നതും കാണാം (ലൂക്കാ 5:14). ഇതിൽ നിന്നും നമുക്ക് മനസ്സിലാകുന്നത് യഥാർത്ഥമായ വെളിപാട് ലഭിച്ചവർക്ക് അത് പങ്കുവയ്ക്കാതിരിക്കാനാവില്ല. മറിയത്തിലും കാണുന്നത് ഈ ദൈവാനുഭവം പങ്കുവയ്ക്കാനുള്ള തിടുക്കമാണ്. ഈ വിശ്വാസ തീർത്ഥാടനത്തിൽ പ്രതിസന്ധികൾ ഉണ്ടാകാം. എന്നാൽ ശക്തമായ ദൈവാനുഭവത്തിൽ അവയെല്ലാം തകർന്നു പോകും. മറിയം തന്റെ ജീവിതത്തിൽ ഉണ്ടായ പ്രതിസന്ധികളെയെല്ലാം വിശ്വാസത്തിന്റെ ചൈതന്യത്താൽ തരണം ചെയ്യുന്നത് നമുക്ക് കാണാൻ സാധിക്കും.

എലിസബത്തിന്റെ സന്നിധിയിലേക്ക് തിടുക്കത്തിൽ യാത്ര ചെയ്യുന്ന പരുശുദ്ധ

www.malankaralibrary.com

മറിയം നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്ന മറെറാരു ചിത്രം സേവനത്തിന്റെയും, എളിമയുടെയും, ശുശ്രൂഷാ മനോഭാവത്തിന്റേതും ആണ്. ദൈവം തനിക്ക് നൽകിയ മഹത്തായ സ്ഥാനലബ്ദിയിൽ അഹങ്കരിക്കാതെ എളിമയും, വിനയവും ജീവിത്തിൽ സ്വീകരിച്ചുകൊണ്ട് തന്റെ ഇളയമ്മയെ പരിചരിക്കാനായി ഓടി എത്തുന്നു.

മറിയത്തിന്റെ തിടുക്കത്തിൽ ഉള്ള യാത്ര മററുള്ളവർക്ക് സേവനം ചെയ്യാനുള്ള തീവ്രമായ ആഗ്രഹത്തെകാണിക്കുന്നു. അവൾ കർത്താവിന്റെ മാത്രമല്ല മനുഷ്യരുടെയും ദാസിയാണെന്ന് ഇവിടെ നിശബ്ദമായി പ്രഖ്യാപിക്കുകയാണ്. ഗബ്രിയേൽ മാലാഖയിൽ നിന്നുമാണ് വാർദ്ധക്യത്തിൽ എലിസബത്ത് ഗർഭണിയായ വിവരം മറിയം അറിയുന്നത്. "ഇതാ നിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്തും ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്ന് പറഞ്ഞിരുന്ന അവൾക്കിത് ആറാം മാസമാണ്" (ലൂക്കാ 1:36). മറിയം എലിസബത്തിനെ ശുശ്രൂഷിച്ചുകൊണ്ട് മൂന്നുമാസം അവളോടൊപ്പം താമസിച്ചു (ലൂക്കാ 1:56). ഇതിന്റെ അർത്ഥം യോഹന്നാന്റെ ജനനത്തിനു ശേഷമാണ് മറിയം തരിക പോയത് എന്നാണ്.

മററുള്ളവരുടെ വേദനയും പ്രയാസവും സ്വന്തം വേദനയും പ്രയാസവുമായി പരിഗണിച്ച് ഒപ്പിയെടുക്കുന്ന മറിയത്തെയാണ് നാം ഇവിടെ കാണുന്നത്. പരിശുദ്ധമറിയത്തിന്റെ അസ്തിത്വത്തിന്റെ അർത്ഥം ഈ ദാസീ ഭാവത്തിലാണ് നാം ദർശിക്കുന്നത്. ഈ എളിയ ഭാവം തന്നെയായിരുന്നു അവളുടെ ജീവിതത്തിന്റെ ഭാഗ്യവും. ഈ ശുശ്രൂഷാ മനോഭാവം നമ്മുടെ ജീവിതത്തിൽ സ്വീകരിക്കുവാൻ നമുക്ക് സാധിക്കണം. ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന ഹൃദയ വിശാലത നാം കാണിക്കണം. നമ്മുടെ ജീവിതം പലപ്പോഴും പരിമിതികളുടെയും പരിധികളുടെയും പാരമ്യത്തിലായിരിക്കാം. ആ പരിമിതികളിലും പരധികളിലും നിന്നുകൊണ്ട് മററുള്ളവരെ സഹായിക്കാനും സന്തോഷിക്കാനും നമുക്ക് സാധിക്കണം.

മറിയത്തിന്റെ സാന്നിധ്യം ഉണ്ടായപ്പോൾ എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. അവൾ ഉദ്ഘോഷിച്ചു "നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്, നിന്റെ ഉദരഫലവും അനുഗ്രഹീതം" (ലൂക്കാ 1:42). എലിസബത്തിന്റെ വാക്കുകളുടെ യഥാർത്ഥ അർത്ഥം മറിയം സ്ത്രീകളിൽ ഏററം അനുഗ്രഹീത എന്നുള്ളതാണ്. പഴയനിയമത്തിൽ ഇസ്രായേലിന്റെ നായികമാരായ പല സ്ത്രീകളും അനുഗ്രഹിക്കപ്പെടുന്നതായി നാം കാണുന്നു. ഇസ്രായേലിന്റെ ശത്രുക്കളെ തോല്പിച്ച യായേലിനെ സ്ത്രീകളിൽ ഏററവും ധന്യയായി പ്രഖ്യാപിച്ചിട്ടുണ്ട് (ന്യായാ 5:24). ശത്രുവിനെ നിഹനിച്ച യൂദിത്തിനെ ഇസ്രായേൽ സ്ത്രീകളിൽ വച്ച് അനുഗ്രഹിക്കപ്പെട്ടവളായി വാഴ്ത്തുന്നു (യൂദിത്ത് 13:18-20). ഇതിനു ശേഷം യൂദിത്ത് ദൈവത്തെ സ്തുതിച്ച് പാടുന്നതുപോലെ (യൂദിത്ത് 16:1-17) മറിയവും ദൈവത്തെ സ്തുതിച്ച് പാടുന്നു (ലൂക്കാ 1:46-56).

മറിയം പഴയനിയമത്തിലെ ഈ മഹതികളുടെയെല്ലാം മുൻപന്തിയിൽ നിൽക്കു

www.malankaralibrary.com

ന്ന വലിയ നായികയാണ്. കാരണം അവൾ സർപ്പത്തിന്റെ തലയെ തകർത്ത മിശിഹായുടെ അമ്മയാണ്. എലിസബത്ത് പറയുന്നു "നിന്റെ ഉദരഫലവും അനുഗ്രഹീതം" (ലൂക്കാ 1:42). അമ്മയുടെ മാഹാത്മ്യം മകന്റെ മഹത്വത്തെ ആശ്രയിച്ചിരിക്കുന്നു എന്നുള്ളത് യഹൂദചിന്താഗതിയായിരുന്നു. രക്ഷകനായ മിശിഹായാണ് മറിയത്തിന്റെ ഉദരഫലം. ഇതിനാൽ അവൾ മഹത്വമുള്ളവളായിതീരണം. സ്വർഗ്ഗീയമായ എല്ലാ ആത്മീയവരങ്ങളാലും ദൈവം മറിയത്തെ ക്രിസ്തുവഴി അനുഗ്രഹിച്ചു (എഫേ 1:3) എന്നുള്ള സത്യം നാം ഇവിടെ കാണുന്നു. ദൈവത്തിന്റെ വചനം അനുസരിച്ച ഇസ്രായേൽ ജനം അനുഗ്രഹീതരായതുപോലെ (നിയമാ. 28:1-4) ദൈവഹിതത്തിന് സ്വയം സമർപ്പിച്ച മറിയം ഏററവും അനുഗ്രഹീതയാകുന്നു.

ലൂക്കാ 1:43 - ൽ എലിസബത്ത് മറിയത്തെ തന്റെ നാഥന്റെ അമ്മയായി വാഴ്ത്തുകയാണ്. "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്ത് വരാനുള്ള ഭാഗ്യം എനിക്ക് എവിടെനിന്ന്"? മറിയം വാഗ്ദാന പേടകമായി ആണ് ഇവിടെ നിലകൊള്ളുന്നത്. പഴയനിയമത്തിൽ വാഗ്ദാനപേടകത്തെപ്പറ്റി പറയുന്നു, "അതിനാൽ അത് ഹിത്യനായ ഓബദ് ഏദോമിന്റെ ഭവനത്തിൽ സ്ഥാപിക്കപ്പെട്ടു. കർത്താവിന്റെ പേടകം അവിടെ മൂന്നുമാസം ഇരുന്നു" (2 സാമു. 6:2-11). കർത്താവിനെ വഹിക്കുന്ന മറിയത്തെ പുതിയനിയമത്തിലെ വാഗ്ദാനപേടകമായി കണക്കാക്കാം. മറിയം തന്റെ അടുത്ത് വരുവാൻ തനിക്ക് യോഗ്യതയില്ലെന്ന് എലിസബത്തും പറയുന്നു. വാഗ്ദാനപേടകം ഓബദ് ഏദോമിന്റെ ഭവനത്തിൽ മൂന്നുമാസം ഇരുന്നതുപോലെ മറിയം എലിസബത്തിന്റെ ഭവനത്തിൽ മൂന്നു മാസം വസിച്ച് അവളെ അനുഗ്രഹിക്കുകയാണ്.

എലിസബത്തിന്റെ സ്തുതിപ്പ് അവസാനിക്കുന്നത് മറിയത്തിന്റെ വിശ്വാസത്തെ പ്രകീർത്തിച്ചുകൊണ്ടാണ്. "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1:45). കന്യകാമറിയം നമ്മുടെ അടുക്കൽ ശക്തിയായി പ്രഘോഷിക്കുന്ന പുണ്യമാണ് വിശ്വാസം. തന്റെ വലിയ വിശ്വാസവും ദൈവതിരുമനസ്സിനുള്ള സമ്പൂർണ്ണമായ വിധേയത്വവും മൂലമാണ് പരിശുദ്ധ ജനനിക്ക് ദൈവമാതാവാകുവാൻ ഭാഗ്യം ലഭിച്ചത്. വരൂ യേശുവിൽ വിശ്വസിക്കുക, നിങ്ങളുടെ ജീവിതം അർത്ഥ പൂർണ്ണമാക്കുക എന്ന് മറിയം നമ്മോടോരോത്തരോടും പറയുന്നു. ഭാഗ്യവതിയുടെ അടിസ്ഥാനമാണ് വിശ്വാസം. ആ വിശ്വാസത്തിന്റെ നിറവാണ് കന്യകാ മറിയത്തെ ദൈവമാതാവാകുവാൻ പ്രേരിപ്പിച്ചത്. ദൈവപുത്രന്റെ അമ്മയാവുക എന്ന ഏറ്റെടുക്കാനാവാത്ത ഉത്തരവാദിത്വം വിശ്വാസത്തിന്റെ നിറവിനാലാണ് മറിയം ഏറ്റെടുക്കുന്നത്.

വിശ്വാസം എന്നത് നമ്മുടെ ജീവിതത്തിൽ പ്രകാശിക്കുന്ന ദീപമാണ്. ആ ദീപമില്ലെങ്കിൽ നാം തകർന്നു പോകും. ഈ കാലഘട്ടത്തിൽ പിടിച്ചു നിൽക്കണമെങ്കിൽ വിശ്വാസം ആവശ്യമാണ്. നമ്മുടെ വിശ്വാസം ചാഞ്ചല്യമുള്ളതാണ്. അതിനാൽ തന്നെ നാം മറിയത്തിൽ നിന്നും വളരെ അകലെയാണ് ജീവിക്കുന്നത്. വിശ്വാ

www.malankaralibrary.com

സം മററുവരിലേക്ക് വളരുന്നതാണ് സ്നേഹം. വിശ്വസിക്കണമെങ്കിൽ കല്പന പാലിക്കണം. കല്പന എന്നത് സ്നേഹം ആണ്. നമ്മിലുള്ള വിശ്വാസം മററുള്ളവരിലേക്ക് ആളിക്കത്തണം. മററുള്ളവരിലേക്ക് ആളിക്കത്താത്ത വിശ്വാസം നിലനിൽക്കുകയില്ല. നമ്മുടെ വിശ്വാസത്താൽ നമുക്ക് നടക്കാൻ കഴിയണം. ആ വിശ്വാസം മററുള്ളവർക്കും പ്രകാശമായിത്തീരണം.

മറിയം യേശുവിനെ ഗർഭം ധരിക്കാൻ കരുണ പ്രവർത്തിച്ച ദൈവത്തെ പുകഴ്ത്തുന്നതാണ് അവളുടെ സ്തോത്രഗീതം (ലൂക്ക 1:46-56). അതിന് 1 സാമു 2:1-11 ലുള്ള ഹന്നായുടെ പാട്ടിനോട് വളരെയേറെ സാമ്യം ഉണ്ട്. മറിയത്തിന്റെ കീർത്തനത്തിന് രണ്ട് ഭാഗങ്ങൽ ഉണ്ട്. ഒന്നാം ഭാഗം ലൂക്കാ 1:46-49 വരെ വാക്യങ്ങൾ. ദൈവം ഇസ്രായേലിന്റെ പൂർവ്വ പിതാക്കന്മാരോട് ചെയ്തിട്ടുള്ള വാഗ്ദാനം യേശുവിൽ പൂർത്തിയുന്നതിൽ ദരിദ്രയും എളിയവളുമായ മറിയാമിന് ദൈവം നൽകിയ അനുഗ്രഹത്തെ പ്രതി അവൾ രക്ഷകനായ ദൈവത്തിൽ ആനന്ദിച്ച് അവനെ സ്തുതിക്കുന്നു.

തന്നിലുള്ളതും, തനിക്ക് ലഭിക്കുന്നതുമായ എല്ലാ ദൈവത്തിന്റെ ദാനമായി അംഗീകരിക്കുവാനും അവയ്ക്കെല്ലാം വേണ്ടി ദൈവത്തെ സ്തുതിക്കാനുമുള്ള സന്നദ്ധത മറിയത്തിന്റെ മാത്രം പ്രത്യേകതയാണ്. ദൈവമാതൃ സ്നേഹമോ പ്രശസ്തിയോ ഒന്നും സ്വന്തം കഴിവാണന്നവൾ കരുതിയില്ല. യാഥാർത്ഥത്തിൽ അവളുടെ വലിയ ആനന്ദത്തിന്റെ കാരണം തന്നെ സമ്പൂർണ്ണ സമർപ്പണം ആണ്. അഗാധമായ എളിമയുടെ ഇരിപ്പിടം ആയിരുന്നു മറിയത്തിന്റെ ഹൃദയം. അതുകൊണ്ട് മറിയം കർത്താവിനെ മഹത്വപ്പെടുത്തുന്നു. അവൾക്ക് ലഭിച്ച ഉന്നതസ്ഥാനം അവളെ കൂടുതൽ വിനീതയാക്കി. നമ്മുടെ ജീവിതത്തിൽ നമുക്ക് ലഭിക്കുന്ന അഭിവൃദ്ധികളെ എങ്ങനെയാണ് നാം നോക്കികാണുന്നത്? മറിയത്തെപ്പോലെ അവയിലെല്ലാം ദൈവത്തിന്റെ കരം ദർശിച്ച് അവിടുത്തെ മഹത്വപ്പെടുത്താൻ നമുക്ക് സാധിക്കുന്നുണ്ടോ? എല്ലാം ദൈവത്തിന്റെ എന്ന് ദാനമാണ് ഏററുപറഞ്ഞ് അവിടുത്തെ സ്തുതിക്കുമ്പോഴാണ് നാം യഥാർത്ഥ ക്രിസ്ത്യാനികളായിത്തീരുന്നത്. മറിയത്തിന്റെ എളിമയ്ക്ക് ദൈവം നൽകുന്ന സമ്മാനമാണ് രക്ഷകന്റെ അമ്മയാകാനുള്ള വിളിയും, സകല തലമുറകളിലും 'ഭാഗ്യവതി' എന്നു വിളിക്കപ്പെടാനുള്ള അനുഗ്രഹവും.

രണ്ടാംഭാഗം ലൂക്കാ 1:50-55 വരെയുള്ള വാക്യങ്ങളാണ്. തനിക്ക് ഉണ്ടായ അനുഭവം ഇസ്രായേലിന്റേതും, മനുഷ്യവംശം മുഴുവന്റേതുമായി കണ്ട് മറിയം ദൈവത്തെ സ്തുതിക്കുന്നു. തന്നിൽ നിന്നും ജനിക്കുന്ന രക്ഷകന്റെ ശക്തിയെപ്പററി ശരിയായ ബോധ്യമാണ് മറിയത്തിനുള്ളത്. ആ ബോധ്യമാണ് ഈ വാക്യങ്ങളിൽ നിഴലിക്കുന്നത്. തന്റെ പുത്രന്റെ ശക്തിയിൽ നിന്നും അവൾക്കും ശക്തി ലഭിക്കുന്നു.

യേശുനാഥൻ തന്റെ ശക്തി പ്രകടിപ്പിച്ചത് ഈ ലോകത്തിൽ മൂന്നു വിധത്തിലുള്ള വിപ്ലവം കൈ വരുത്താനാണ്.

1. "ഹൃദയവിചാരണത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു" (ലൂക്കാ 1:51). ഇ

www.malankaralibrary.com

ത് ധാർമ്മികമായ ഒരു വിപ്ലവം ആണ്. ഇവിടെ എളിമയുടെ ചൈതന്യമാണ് വാക്കിലൂടെയും പ്രവൃത്തിയിലൂടെയും യേശുനാഥനും മറിയവും നമുക്ക് കാട്ടിത്തരുന്നത്.

2. "ശക്തൻമാരെ സിംഹാസനത്തിൽ നിന്നും മറിച്ചിട്ട് എളിയവരെ ഉയർത്തി" (ലൂക്കാ 1: 52). ലോകത്തിന്റെ മുൻഗണനാ ക്രമങ്ങളും പ്രശസ്തിയുടെ മാനദണ്ഡങ്ങളും മാററി മറിക്കുന്ന സാമൂഹിക വിപ്ളവം ആണ് മറിയത്തിന്റെ പുത്രനിലൂടെ സാധിതമാകുന്നത്.

3. "വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങൾകൊണ്ട് സംതൃപ്തരാക്കി. സമ്പന്നരെ വെറും കയ്യോടെ പറഞ്ഞയച്ചു" (ലൂക്കാ 1: 53). കിട്ടുന്നതെല്ലാം സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന സമൂഹത്തിന്റെ സ്ഥാനത്ത് തങ്ങൾക്കുള്ളത് ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ തയ്യാറാകുന്ന സാമ്പത്തിക വിപ്ളവത്തിന് തന്റെ പുത്രൻ നേതൃത്വം നൽകുമെന്ന് മറിയം പ്രവചിക്കുന്നു.

ക്രിസ്തുവിൽ നിറവേററപ്പെട്ട ഈ ധാർമ്മികവിപ്ളവവും സാമൂഹിക വിപ്ളവവും, സാമ്പത്തിക വിപ്ളവവും ഇന്ന് ലോകത്തിൽ തുടരേണ്ടത് നമ്മിലൂടെയാണ്. ക്രൈസ്തവ വിശ്വാസം നമ്മുടെ ചിന്താഗതിയിൽ വരുത്തേണ്ട വിപ്ലവകരമായ മാററമാണ് ഈ ഗീതത്തിന്റെ പ്രമേയം.

സേവനത്തിനായി ഉറങ്ങിത്തിരിക്കുന്നവർ മാതാവിന്റെ സേവനശൈലിയും സ്വന്തമാക്കേണ്ടിയിരിക്കുന്നു. ആദ്യം ദൈവത്തെ കൊടുക്കുക. പിന്നീട് ശുശ്രൂഷ കൊടുക്കുക. എലിസബത്തിന്റെ വീട്ടിൽ എത്തിയ മറിയം ആദ്യം തനിക്കു കിട്ടിയ ദൈവാനുഭവം പങ്കുവയ്ക്കുന്നു. തുടർന്ന് ശുശ്രൂഷചെയ്യാനായി അവിടെ വസിക്കുന്നു.

സ്നേഹമുള്ളവരേ മറിയത്തെപ്പോലെ ദൈവാനുഭവം മററുള്ളവരിലേക്ക് പകർത്താനും, എളിമയും, സ്നേഹവും, ശുശ്രൂഷയും നമ്മുടെ ജീവിതത്തിൽ സ്വീകരിക്കാനും നമുക്കും ശ്രമിക്കാം.

www.malankaralibrary.com

# എട്ടുനോമ്പ്: അഞ്ചാം ദിവസം

(വി.ലൂക്കോസ് 2 : 25 - 35)

മനുഷ്യന്റെ രക്ഷയ്ക്കായി ദൈവം ആവിഷ്ക്കരിച്ച രക്ഷാകരപദ്ധതിയിൽ അവിടുന്നു മനുഷ്യരേയും പങ്കാളികളാക്കി ഇവരിൽ പ്രധാനവ്യക്തി വി.കന്യകമറിയമായിരുന്നു. ആദിമാതാപിതാക്കളുടെ അനുസരണക്കേടിലൂടെ പാപം ലോകത്തിൽ പ്രവേശിച്ചു. എന്നാൽ ദൈവഹിതത്തിനു വിധേയപ്പെട്ട വി. കന്യകമറിയത്തിലൂടെ ലോകരക്ഷകനായ യേശു ഭൂജാതനായി. ദൈവപരിപാലനയിൽ വി.കന്യകമറിയം ജന്മപാപരഹിതയായി ജനിച്ചു എന്ന വസ്തുത ബൈബിളിൽ നാം കാണുന്നില്ല. എന്നാൽ പാരമ്പര്യം സാക്ഷിക്കുന്ന കാര്യങ്ങളിൽ ഒന്നാണിത്. രക്ഷകന്റെ തിരുപ്പിറവിയെ ഇരുപത്തിയഞ്ചു ദിവസത്തെ നോമ്പാചരണത്തിലൂടെ ആഘോഷിക്കുന്ന സഭ രക്ഷകന്റെ അമ്മയാകുവാൻ ഭാഗ്യം സിദ്ധിച്ച വി.കന്യകമറിയത്തിൻെറ ജന്മദിവസത്തെ എട്ടുദിവസത്തെ നോമ്പാചരണത്തിലൂടെ ആഘോഷിക്കുന്നു.

എട്ടുനോമ്പിന്റെ അഞ്ചാം ദിവസമായ ഇന്ന് വി.ലൂക്കോസ് എഴുതിയ സുവിശേഷം രണ്ടാമദ്ധ്യായം 25 മുതൽ 35 വരെയുള്ള വാക്യങ്ങളാണ് നമ്മുടെ ചിന്താവിഷയം. രക്ഷാകരചരിത്രത്തിൽ പരിശുദ്ധദൈവമാതാവിന്റെ ദൗത്യം വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഗബ്രിയേൽ മാലാഖ മുഖാന്തരം ദൈവവിളി ലഭിച്ച സമയം മുതൽ ദൈവമാതാവിന്റെ സഹനവും തുടങ്ങിക്കഴിഞ്ഞു. സഹനം എന്ന യാഥാർത്ഥ്യത്തെ ഉള്ളടക്കിയ ആ വിളി എങ്ങനെയാണ് യാഥാർത്ഥ്യമാകുക എന്നത് മാലാഖ അന്ന് വ്യക്തമാക്കിയില്ല. എന്നാൽ ഇന്നത്തെ വേദഭാഗത്തിൽ വൃദ്ധനും നീതിമാനുമായ ശിമയോന്റെ പ്രവചനത്തിലൂടെ മറിയത്തിന്റെ ദൈവ ഉൾപ്പൊരുൾ മനിസ്സിലാക്കിക്കൊടുക്കുന്നു.

നിയമപ്രകാരമുള്ള അനുഷ്ഠാനങ്ങൾക്കായി ശിശുവായ യേശുവിനെ മാതാപിതാക്കൾ ദേവാലയത്തിൽ കൊണ്ടുവന്നു. ശിമയോൻ ശിശുവിനെ കൈയിലെടുത്ത്, ദൈവത്തെ സ്തുതിച്ചുകൊണ്ടു പറഞ്ഞു: കർത്താവേ അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തോടെ വിട്ടയയ്ക്കേണമേ! എന്തെന്നാൽ, സകല ജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എൻെറ കണ്ണുകൾ കണ്ടുകഴിഞ്ഞു അതു വിജാതീയർക്ക് വെളിപാടിന്റെ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിന്റെ മഹിമയും ആണ്. അവനെക്കുറിച്ച് പറയപ്പെട്ടതെല്ലാം കേട്ട് അവന്റെ പിതാവും മാതാവും അത്ഭുതപ്പെട്ടു. അപ്പോൾ ശിമയോൻ അവരെ അനുഗ്രഹിക്കുന്നു. എന്നിട്ട് അവന്റെ അമ്മയായ മറിയത്തോടു പറഞ്ഞു: ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും. അങ്ങനെ, അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും.

അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടാൻ വേണ്ടിയാണ് വി.കന്യകമറി

www.malankaralibrary.com

യാമിന്റെ ഹൃദയത്തിലൂടെ വാൾ തുളച്ചുകയറാൻ പോകുന്നത്. അമ്മ അനുഭവിക്കുവാൻ പോകുന്ന ദുരിതപൂർണമായ അനുഭവങ്ങളെയാണ് വാൾ എന്ന വാക്ക് അർത്ഥമാക്കുന്നത്. ഇത് ഒരു വെല്ലുവിളിയായി അവളുടെ മുമ്പിൽ നിൽക്കുന്നു. ഈ വെല്ലുവിളി അവളെ തളർത്തുകയില്ലെന്നത് ഉറപ്പാണ്. കാരണം, നിന്റെ ഹിതം നിറവേറട്ടെ എന്ന് അവൾ ആത്മസമർപ്പണം ചെയ്തു കഴിഞ്ഞു. അവൾ ധീരതയോടെ മുന്നേറുകതന്നെ ചെയ്യും. വാളിന്റെ കൂർത്ത മുന അവളെ അസ്വസ്ഥയാക്കും വിധം ശക്തിയുള്ളതായിരിക്കും. എന്നാൽ, അവളുടെ ദൗത്യനിർവഹണത്തിൽ നിന്നും പിൻവാങ്ങാൻ പ്രേരിപ്പിക്കത്തക്കവിധം ശക്തിയുള്ള ഒന്നായിരിക്കുകയില്ല. കാരണം, അവളുടെ വിശ്വാസസമർപ്പണം വിലപ്പെട്ട ഒന്നാണ്, ആത്മസമർപ്പണവുമാണത്. ഈ സമർപ്പണത്തിൽ അവളെ "ദൈവപുത്രന്റെ അമ്മ" എന്ന സ്ഥാനത്തേയ്ക്കുയർത്തിയത് എന്തായിരുന്നു? അവളുടെ ദൃഢവിശ്വാസം. "തന്നോടരുളിച്ചെയ്തവ നിറവേറും എന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" - എലിസബത്തിന്റെ വാക്കുകളാണിവ. ഇത് അവളുടെ വിശ്വാസതീക്ഷ്ണതയുടെ അടയാളമാണ്.

വി.കന്യകമറിയത്തിന്റെ വ്യക്തിത്വത്തെ സമഗ്രമായി അവതിരിപ്പിക്കുന്നതിൽ വി.ലൂക്കോസ് സുവിശേഷകൻ പ്രത്യേകം ശ്രദ്ധിക്കുന്നു. "ഇതാ! കർത്താവിന്റെ ദാസി" എന്ന സമർപ്പണവാക്യമാണ് അവളെ മററു വിശ്വാസസമർപ്പിതരിൽ നിന്നും വ്യത്യസ്തമാക്കുന്നത്. ഇത്രയും എളിമയോടെ, ആഴമാർന്ന വിശ്വാസത്തോടെ, ദൃഢനിശ്ചയത്തോടെ സമർപ്പണം നടത്തിയ മറെറാരു വ്യക്തിയും ഉണ്ടായിട്ടില്ല. ദൈവം വി.കന്യകമറിയത്തിന്റെ സ്വാതന്ത്ര്യത്തെ മാനിച്ചു. അതു കൊണ്ടാണ് മാലാഖ അവളുടെ സമ്മതത്തിനു കാതോർത്ത് അവളുടെ മുമ്പിൽ നിന്നത്. ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയവളാണ് മറിയം എന്ന് മാലാഖ സാക്ഷിക്കുന്നു. മറിയത്തിന്റെ ആത്മസമർപ്പണം യേശുവിന്റെ ദേവാലയസമർപ്പണത്തിനു മുന്നോടിയാണ്.

ലേവ്യ പുസ്തകത്തിലെ നിയമവിവരണമനുസരിച്ച്, കാണിക്കകൾക്കൊപ്പം യേശുവിനെ ദേവാലയസമർപ്പണത്തിനായി കൊണ്ടുവരുന്നു. ജീവിതം മുഴുവൻ ദൈവഹിത്തിനുസമർപ്പിക്കപ്പെടേണ്ട യേശു നിയമങ്ങൾക്കു കീഴ്വഴങ്ങി ദേവാലയത്തിൽ സമർപ്പിക്കപ്പെടുന്നു. മറിയം യേശുവിനെ ശിമയോന്റെ കൈകളിൽ സമർപ്പിക്കുന്നു. ശിമയോൻ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇത്രമാത്രം സന്തോഷം അനുഭവിക്കുന്നത് ആദ്യമായിട്ടാണ് അന്ന് അദ്ദേഹം ദേവാലയത്തിലേയ്ക്ക് വന്നതും പരിശുദ്ധാത്മാവിൻെറ പ്രേരണയാലാണ്. അദ്ദേഹം സന്തോഷാധികൃത്താൽ ഇങ്ങനെ പറഞ്ഞു: കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തോടെ വിട്ടയയ്ക്കണമേ. എന്തെന്നാൽ സകല ജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എൻെറ കണ്ണുകൾ കണ്ടുകഴിഞ്ഞു. യേശുവാണ് രക്ഷ. ലോകം മുഴുവനിലും അവൻ വെളിപാടിന്റെ പ്രകാശവുമാണ്. ശിമയോന്റെ വാക്കുകൾ യേശുവിന്റെ മാതാപിതാക്കളെ അത്ഭുതപ്പെടുത്തി എന്ന് തിരുവചനം സാക്ഷിക്കുന്നു. അത്ഭുതപ്പെടുത്തുന്ന ഈ വാക്കുകൾക്കു ശേഷം ആശങ്കയുളവാക്കുന്ന വാക്കുകൾ ശിമയോൻ മറിയത്തോട് പറഞ്ഞു വയ്ക്കുന്നു. അനേകരുടെ

www.malankaralibrary.com

ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും.

ദൈവവചന പ്രകാരം ജീവിതം ക്രമപ്പെടുത്തുക എന്ന പ്രധാനദൗത്യം ഏറെറടുത്തുകഴിഞ്ഞ മറിയത്തിന് ഈ വാൾ ഒരു പ്രശ്നമേയല്ല. എന്നെന്നേയ്ക്കമായി സമർപ്പിച്ചുകഴിഞ്ഞ ധീരയായ മറിയത്തെ ക്രിസ്തശിഷ്യരായ നമ്മുടെ മുൻപിൽ അവതിരപ്പിക്കുന്നത് ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ്. ഓരോ ക്രിസ്ത്യാനിക്കും സർപ്പിതജീവിതമാണ് മുഖമുദ്ര. അവിടെ സഹനങ്ങൾ അന്തിമവിജയം വരിക്കുന്നില്ല. ഞാനൊരു ദൈവിവശ്വാസിയായിരുന്നിട്ടും എന്തേ എന്റെ ജീവിതത്തിൽ ദു:ഖങ്ങൾ എന്ന ചോദ്യത്തിനു പ്രസക്തിയുമില്ല. ഗബ്രിയേൽ മാലാഖയിലൂടെ ദൈവികസന്ദേശം ലഭിച്ച സമയം മുതൽ ദൈവപുത്രനു ജന്മം നൽകുന്നതുവരെയും അനുഭവിച്ച മാനസികവും ശാരീരികവും ആയ ബുദ്ധിമുട്ടുകൾ, ഈജിപ്തിലേക്കുള്ള പാലായനം, ദേവാലയത്തിൽ കാണാതായ മകനുവേണ്ടിയുള്ള തിരച്ചിൽ, മരിക്കുവാൻ വിധിക്കപ്പെട്ട ദൈവപുത്രനെ അനുഗമിക്കുക, കുരിശിന്റെ ചുവട്ടിൽ നിസ്സഹായയായി നില്ക്കേണ്ടിവരിക ഇവയൊക്കെ വാൾ തുളച്ചുകയറുന്ന അനുഭവങ്ങളിൽ ചിലതു മാത്രമാണ്.

വാൾ വേദനയുളവാക്കുന്നതാണെങ്കിലും അതിന് ഒരു രക്ഷാകരധർമ്മമുണ്ട്. മറിയത്തിന്റെ ഹൃദയത്തിലൂടെ വാൾ തുളച്ചുകയറുന്നതുവഴി നന്മയും തിന്മയും തമ്മിൽ വേർതിരിവുണ്ടാകുന്നു. ഹൃദയവിചാരങ്ങൾ വെളിപ്പെടുന്നത് രണ്ടു വിധത്തിലായിരിക്കും. ഒരു കൂട്ടർ യേശുവിനെ ദൈവപുത്രനും രക്ഷകനുമായി അംഗീകരിക്കുകയും മറെറാരു കൂട്ടർ അവനെ തിരസ്കരിക്കുകയും ചെയ്യും.

വേർതിരിവ് എന്നത് "സ്വന്തം മകനെ കുരിശുമരണം അമ്മയിൽ നിന്നും വേർതിരിക്കുന്നു" എന്നതിനേയും അർത്ഥമാക്കുന്നു. യേശുവിന്റെ പിതൃഭവനം മറിയമും ജോസഫും താമസിച്ച ഭവനമല്ല. ഈ ഭവനത്തിൽ വസിക്കുന്നതല്ല യേശുവിന്റെ ലക്ഷ്യം. നിരന്തരം പിതൃഭവനത്തിൽ അഥവാ സ്വർഗ്ഗീയപിതാവിന്റെ ഭവനത്തിൽ ആയിരിക്കുന്നതിന് മാതാപിതാക്കളിൽ നിന്നുള്ള വേർതിരവ് അത്യന്താപേക്ഷിതമാണ്. മാതാപിതാക്കളെ പിരിഞ്ഞ് അവൻ ജറുസലേം ദേവാലയത്തിൽ ആയിരുന്നത് നിത്യമായ പരിയലിന്റെ സൂചന മാത്രമായിരുന്നു. യേശുവിനെ ഗർഭം ധരിച്ച് പ്രസവിച്ച് ദേവാലയസമർപ്പണത്തിനായി കൊണ്ടുചെല്ലുമ്പോൾ സ്വന്തം മകൻ തന്നിൽ നിന്നും പിരിഞ്ഞ് ദൈവഭവനത്തിൽ വസിക്കേണ്ടവനാണെന്ന വസ്തുത മറിയത്തിനു വ്യക്തമായിരുന്നില്ല. ഒരു പെൺകുട്ടിയോട് ആദ്യമേതന്നെ വാളിനെക്കുറിച്ചുള്ള വാക്കുകൾ പറഞ്ഞിരുന്നെങ്കിൽ ഒരു പക്ഷെ അവൾ സമ്മതിക്കുമായിരുന്നില്ല. എന്നാൽ ദേവാലയത്തിൽ ശിശുവിനെ സമർപ്പകാൻ വരുമ്പോഴേയ്ക്കും മറിയം വിശ്വാസത്തിൽ വളർന്നു കഴിഞ്ഞിരുന്നു. അവൾ ദൃഢനിശ്ചയം ഉള്ളവളായിമാറിക്കഴിഞ്ഞിരുന്നു. മൂർച്ചയുള്ള വാളിനു സദൃശ്യമായ വാക്കുകൾ പോലും ഇനിമേൽ അവളെ തളർത്തുകയില്ല.

www.malankaralibrary.com

"നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും" - മാനുഷി കമായി ചിന്തിക്കുമ്പോൾ ഉൾക്കൊള്ളാൻ കഠിനമായ ഒന്നാണിത്. എന്നാൽ വേദ പുസ്തകത്തിന്റെ ഭാഷയിൽ ഉദാത്തമായതും. സ്വന്തം മകന്റെ ലക്ഷ്യത്തിൽ അമ്മയും പങ്കാളിയാകുന്നു. ഹൃദയം വികാരങ്ങളുടെ ഉറവിടമാണല്ലോ. അതുകൊണ്ടാണ് വേർപാടിന്റെ വേദനയെ വി.ലൂക്കോസ് ഈ രീതിയിൽ അവതരിപ്പിക്കുന്നത്. വാളി നെക്കുറിച്ചുള്ള പ്രവചനം നടന്നസമയം മുതൽ മറിയം ഈ വാളിനെ പ്രതീ ക്ഷിച്ചുകഴിയുന്നു. എന്നാൽ അവളുടെ ഹൃദയത്തെ മുറിപ്പെടുത്തുന്ന വാൾ എപ്പോൾ വരുമെന്നോ എവിടെനിന്നു വരുമെന്നോ അവൾ വ്യക്തമായി അറിയുന്നില്ല.

മറിയം സ്വയം മറന്ന്, ദൈവത്തെ പുകഴ്ത്തിക്കൊണ്ട് സ്തോത്രഗീതം ആലപിച്ചിട്ട് അധിക സമയം ആയിട്ടില്ല. അസ്വസ്തതയുളവാക്കുന്ന വാക്കുകൾ ശിമയോൻ മറിയ ത്തിനു കൈമാറിക്കഴിഞ്ഞു. മറിയം ധ്യാനനിരതയായി നിന്നു വാളിന്റെ ഉൾപ്പൊരുൾ മനസ്സിലാക്കുക മാനുഷിക ബുദ്ധിക്ക് സാധ്യമല്ല. എന്നാൽ വിശ്വാസത്തോടുകൂടിയ സമർപ്പണത്തിന് ഇത് സാധ്യമാണ്. യേശു പ്രത്യക്ഷമായി കുരിശിൽ മരിക്കുമ്പോൾ മറിയം പരോക്ഷമായി മരണവേദനയിൽ പിടയുന്നു. ഇവിടെ ആത്മവ്യതിയാനം മറിയത്തിൽ സംഭവിക്കുന്നു. പീഢയനുഭവിക്കുന്ന യേശുവിന്റെ ശരീരം മറിയത്തിൽ നിന്നും എടുക്കപ്പെട്ടതാണ്. അങ്ങനെ ബലിവസ്തുവിനെ നല്കിയത് പരിശുദ്ധ അമ്മയാണ് എന്നു പറയാം. രക്ഷാകരചരിത്രത്തിൽ പൂർണ്ണസഹകരണം കാഴ്ച വയ്ക്കുന്നതിലൂടെ അവൾ സ്വയം ഏറ്റെടുത്തതാണ്. ഈ സഹനങ്ങൾ അവൾ സഹിക്കുന്നത് ഒരു വ്യക്തിയുടെ സഹനമായിട്ടല്ല, പിന്നെയോ, മനുഷ്യകുലത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് ഒരു പുതിയ ഹവ്വായായിട്ടാണ്. അവിടെ അവളുടെ മാതൃത്വത്തിൻെറ അവകാശങ്ങൾ ബലികഴിക്കപ്പെട്ടു എന്നത് വ്യക്തമാണ്. തന്റെ പ്രിയപുത്രനോടുള്ള സ്നേഹം തിങ്ങിനിന്ന മാതൃഹൃദയം വാളിനാൽ തുള യ്ക്കപ്പെടുന്നു. ഈ അതിവേദന അമ്മയെ നിരുത്സാഹപ്പെടുത്തുന്നില്ല. പിന്നെയോ സ്വപുത്രനോടുകൂടെ, ലോകരക്ഷയെപ്രതി സകലതും സഹിക്കുവാൻ അവളെ പ്രാപ്തയാക്കുന്നു. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ ഇങ്ങനെ പറഞ്ഞു: പാപര ഹിതയായി മറിയം എപ്പോഴും ദൈവപുത്രനുമായി ബന്ധപ്പെട്ടിരുന്നതുകൊണ്ട് അവൾ ദൈവപുത്രനെ ഗാഗുൽത്തായുടെ നെറുകയിൽ ബലിയായി സമർപ്പിച്ചു.

"നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ" എന്ന് ഒരു സ്ത്രീ ഉച്ചത്തിൽ വിളിച്ചുപറയുന്നതായി വി.ലൂക്കോസ് തന്റെ സുവിശേഷത്തിലെ 11-ാംമധ്യായം 27-ാം വാക്യത്തിൽ രേഖപ്പെടുത്തുന്നു. തന്നെ ഭാഗ്യവതി എന്ന് സകലതലമുറകളും പ്രകീർത്തിക്കും എന്ന് തന്റെ സ്തോത്രഗീതത്തിലൂടെ മറിയം തന്നെ വ്യക്തമാക്കിയതാണല്ലോ. ഈ വലിയ ഭാഗ്യത്തിൽ നിന്നും, വാൾ തുള ച്ചുകയറുന്ന അനുഭവത്തെ മാററിനിർത്തുക സാധ്യമല്ല ദൈവ വചനത്തിന് "ആമേൻ" എന്നു പറഞ്ഞതിലൂടെ അവൾ ഈ ദൗത്യം സ്വതന്ത്രമനസ്സോടെ ഏറ്റെടുക്ക കയായിരുന്നു. ദൈവവചനമനുസരിച്ചു ജീവിക്കുന്നവർക്ക് വാളിന്റെ അനുഭവങ്ങൾ ധാരാളമുണ്ടാകാം. എന്നാൽ ഇവയുടെ ഫലമോ സ്വർഗഭാഗ്യവുമാണ്.

www.malankaralibrary.com

ദൈവവചനത്തോടുള്ള വിധേയത്വം ചിലപ്പോൾ മാനുഷികസുഹൃത്ബന്ധങ്ങളെ പൊട്ടിയ്ക്കുവാൻ നമ്മെ നിർബന്ധിതരാക്കും. യേശു പറഞ്ഞു എന്നെക്കാൾ അധികമായി പിതാവിനെയോ മാതാവിനെയോ സഹോദരങ്ങളെയോ സ്വഭവനത്തെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല. വി.മറിയം ദൈവഹിതത്തിനു വഴങ്ങിയതിലൂടെ എല്ലാ മാനുഷികബന്ധങ്ങളെയും ഒരുപടി താഴ്ന്നതായി കണ്ടു. അങ്ങനെ ദൈവപുത്രന്റെ ആലയമായിത്തീർന്നു. ദൈവവചനത്തോടുള്ള വിധേയത്വം മാനുഷികബന്ധങ്ങളെ അതിജീവിക്കുന്നതാണ്. വി.മറിയം കൈവരിച്ച സ്വർഗ്ഗീയഭാഗ്യം നമ്മൾ ഓരോരുത്തരും കൈവരിക്കുന്നതിന് നമ്മുടെ പ്രാർത്ഥനാജീവിതം നമ്മെ സഹായിക്കുന്നു.

പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ബൾഗേറിയയിലെ ജനങ്ങളോട് ഇപ്രകാരം പറഞ്ഞു: "പിതാവിന്റെ ഓമനപുത്രിയും പരിശുദ്ധാത്മാവിന്റെ വിശ്വസ്തമണവാട്ടിയും മനുഷ്യപുത്രന്റെ എത്രയും പരിശുദ്ധമാതാവുമായ മറിയം നമുക്കുമുന്നിൽ ക്രിസ്തീയജീവിതത്തിന്റെ മാതൃകയായി വിളങ്ങുന്നു. വചനത്തിന്റെ അർത്ഥം അതിൻെറ ആഴങ്ങളിൽ മനസ്സിലാക്കി, അതിന്റെ വെളിച്ചത്തിൽ ജീവിതം ക്രമപ്പെടുത്തുന്നവർക്ക് ജീവിതത്തിൽ അസ്വസ്ഥതകളുണ്ടാകുന്നത് സാധാരണമാണ്. ഈ അസ്വസ്ഥതകൾ വി.കന്യകമറിയത്തിനെന്നതുപോലെ യഥാർത്ഥവിശ്വാസികൾക്ക് ദൈവീകൈക്യത്തിൽ കാരണമാകുന്നു. ഈ അസ്വസ്ഥതകൾക്ക് അവരെ അശ്ശേഷം നശിപ്പിക്കുവാൻ സാധിക്കുകയില്ല. ദൈവപുത്രനായ യേശുവിന്റെ വാക്കുകളിൽത്തന്നെ ഇതു വ്യക്തമാണ്: ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു. ഈ ലോകം നൽകുന്നതപോലെയല്ല ഞാൻ നൽകുന്നത് നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട.

നമ്മുടെ ജീവിതത്തിലും ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുമ്പോൾ, തെററിദ്ധരിക്കപ്പെടുമ്പോൾ, ആശ്വാസം പ്രതീക്ഷിച്ച സ്ഥലങ്ങളിൽ നിന്നും നിസ്സഹായരായി തട്ടിയെറിയപ്പെടുന്ന അനുഭവമുണ്ടാകുമ്പോൾ, ജീവിതം മടുത്തു ഇനി ജീവിക്കേണ്ടാ എന്ന നിരാശയിൽ താഴുമ്പോൾ വി.കന്യക മറിയത്തിന്റെ സഹനമാതൃക നമ്മെ നയിക്കണം. അല്ലെങ്കിൽ എട്ടുനോമ്പാചരണം വെറുമൊരു കടമനിർവ്വഹണമായി മാറും അസ്വസ്ഥവും സങ്കീർണവുമായ ലോകത്തിൽ രക്ഷാകരമായ വചനത്തിനു ഹൃദയത്തിൽ സ്ഥലമൊരുക്കുവാൻ നമുക്കു പ്രയത്നിക്കാം. അപ്പോൾ ക്രിസ്തുശിഷ്യരായ നമ്മൾ തലമുറകൾ തോറും ഭാഗ്യവാൻമാർ, ഭാഗ്യവതികൾ എന്നു പ്രകീർത്തിക്കപ്പെടും.

"ദൈവമക്കൾ" എന്ന നമ്മുടെ അന്തസ്സ് വീണ്ടും നവീകരിക്കേണ്ടതെങ്ങനെയെന്ന് മനസ്സിലാക്കുവാൻ വി.കന്യകമറിയത്തിന്റെ മാദ്ധ്യസ്ഥം നമ്മെ സഹായിക്കട്ടെ. സ്വർഗീയപിതാവിന്റെ ഹിതം നിർവഹിക്കുന്നതിനിടയിൽ കടന്നവരുന്ന വാളുകളെ സന്തോഷത്തോടെ സ്വീകരിക്കുവാനുള്ള ഔദാര്യമനോഭാവം കൈവരിക്കാൻ അമ്മ നമ്മെ സഹായിക്കട്ടെ, ആമേൻ.

www.malankaralibrary.com

## എട്ടുനോമ്പ്: ആറാം ദിവസം

# അഭയമായ തിരുജന്മം
# അമ്മയുടെ തിരുജനനം

(ലൂക്കാ 2:41-52)

ഒരമ്മയുടെ പിറന്നാളാഘോഷങ്ങൾക്കായി നാം ഒരുങ്ങുകയാണ്. ലോക ചരിത്രത്തെ കീറിമുറിച്ച യേശുക്രിസ്തുവിന്റെ അമ്മയാകുവാൻ ഭാഗ്യം സിദ്ധിച്ച നസ്രത്തിലെ പാവപ്പെട്ട കന്യകയുടെ, പരിശുദ്ധ കന്യകാ മറിയത്തിന്റെ ജനനതിരുനാൾ. കണ്ണീർ പാടങ്ങളിലൂടെ അലയാൻ വിധിക്കപ്പെട്ട എല്ലാ അമ്മമാരുടെയും ആദിരൂപമാണവൾ. മരണത്തെ അതിലംഘിക്കുന്ന മാതൃത്വത്തിന്റെ കഥകൾ കേട്ടിട്ടുള്ളവർക്ക് ഈ അമ്മയുടെ ജീവിതകഥ എന്നും ഒരു പ്രചോദനമാണ്. അഭയമായ തീരുന്ന ജൻമങ്ങളെ അതേ എന്ന് വിളിച്ചു ശീലിച്ച നാവുകൾ പരിശുദ്ധമറിയത്തെ അമ്മേ എന്നല്ലാതെ എന്തു വിളിക്കും?

ദൈവിക വെളിപാടുകളോട് അതേ എന്നു പറഞ്ഞ നിമിഷം മുതൽ നൊമ്പരത്തിന്റെ കാസ കുടിക്കുവാൻ വിധിക്കപ്പെട്ട അവളെ വിട്ടൊരിക്കലും നൊമ്പരത്തിന്റെ കാസ മാറിയിട്ടില്ല. സംശയിക്കപ്പെടുന്ന ഉദരത്തിലെ കുഞ്ഞിന് ജന്മം നൽകുവാൻ ഇടം തേടിയ അവളുടെ മുന്നിൽ എല്ലാവാതിലുകളും കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ അവളനുഭവിച്ചത് മാതൃത്വത്തിന്റെ വേദന, തിരസ്കരണത്തിന്റെ തീരാനോവാണ്. ഒരു കുരുന്നു ജീവനെ രക്ഷിക്കാൻ അടിമത്ത്വത്തിന്റെ നാട്ടിലേക്കുള്ള പാലായനം - ജീവിതത്തിലെ പീഡനങ്ങളുടെ കാലം. ഒരു ദുരന്തം സംഭവിക്കുന്നതിനപ്പുറം ദുരന്തം തങ്ങൾക്കായി കാത്തിരിക്കുന്നു എന്ന അവബോധമാണ് പലപ്പോഴും ജീവിതത്തെ കുടുതൽ ദുരിതപൂർണ്ണവും ദുഃഖപൂരിതവുമാക്കുക. ഹൃദയം തുളയ്ക്കുന്ന വാളിനെക്കുറിച്ച് ശിമയോനെന്ന വൃദ്ധ പ്രവാചകന്റെ പ്രവചനം അവളുടെ ജീവിതയാത്രയിൽ പതിയിരിക്കുന്ന ദുരന്തങ്ങളുടെ നിഴലൽ വീഴ്ത്തുകയായിരുന്നു, ആ അമ്മയുടെ ഹൃദയത്തിൽ തീക്കനലുകളെരിയുകയായിരുന്നു.

ഒരമ്മയുടെ ജീവിതത്തിന്റെ വൈവിധ്യതരംഗങ്ങളിലൂടെ നമ്മെ കൈപിടിച്ചുനടത്തുന്ന വളരെ ലളിതമായ സരളകല്പനകൾ നിറഞ്ഞ വചനഭാഗം - അതാണ് വി. ലൂക്കോസ് 2/14-52 വാക്യങ്ങൾ. ജീവിതനൊമ്പരങ്ങളും ജീവിതസമസ്യകളും ഉള്ളിലൊതുക്കുന്ന ഒരമ്മയുടെ ഹൃദയത്തിന്റെ തീരാനോവും, മാതൃത്വത്തിന്റെ ഭിന്നഭാവങ്ങളും ഭാവതലങ്ങളും വ്യക്തമാക്കുന്നു ഈ വേദഭാഗം. അതോടൊപ്പം തന്നെ സുന്ദരബാല്യത്തിന്റെ സ്വപ്നങ്ങൾക്കപ്പുറം ദൈവികസാന്നിദ്ധ്യം തേടിയുള്ള തീർത്ഥങ്ങൾക്ക് ആരംഭം കുറിക്കുന്ന രക്ഷകന്റെ ബാല്യകാലത്തെ അവിസ്മരണീയമാക്കുകയും ചെയ്യുന്നു.

വർണ്ണങ്ങളുടെയും ആരവങ്ങളുടെയും ഉത്ഭവഭൂമിയിലേക്ക്, യെരുശലേമിലേക്ക്, പെസഹാത്തിരുനാളിന് യേശുതന്റെ മാതാപിതാക്കളൊടൊപ്പം പോയി. പെസഹാത്തി

www.malankaralibrary.com

രുനാളുകഴിഞ്ഞ് നസറത്തിൽ നിന്നു വന്നവർ തിരികെ പോയി. പുരുഷൻമാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ഒക്കെ പല പല കൂട്ടങ്ങളായിട്ടാണ് അവർ നസ്രത്തിലേക്ക് മടങ്ങിയത്. കുട്ടികൾ പുരുഷൻമാരുടെയോ, ചിലപ്പോൾ സ്ത്രീകളുടെയോ അല്ലാത്തപ്പോൾ കുട്ടികളുടെ തന്നെയോ കൂട്ടത്തിൽ ഉണ്ടാവുകയാണ് പതിവ്. അതുകൊണ്ട് തന്നെ അപ്പനോടൊ, അമ്മയോടൊ പറയാതെ ജറുശലേമിൽ തങ്ങുക യേശുവിന് എളുപ്പമായിരുന്നു. പകൽ യാത്രപൂർത്തിയാക്കി സന്ധ്യമയങ്ങിയപ്പോൾ ഓരോ കുടുംബവും ഭക്ഷണത്തിനൊത്തുകൂടിയപ്പോഴാണ് യേശു ആ കൂട്ടത്തിൽ ഇല്ലെന്ന കാര്യം മറിയവും ജോസഫും അറിയുന്നത്.

സ്വന്തം മകനെ നഷ്ടപ്പെട്ട ആ മാതൃഹൃദയം തകർന്നു പോയി. ജ്ഞാനവൃദ്ധനായ ശിമയോന്റെ അതി കഠിനമായ വാക്കുകൾ അവളുടെ ഹൃദയത്തിൽ ആഞ്ഞടിച്ചു. ജീവിതയാത്രയിൽ തന്നെ കാത്തിരിക്കുന്ന ദുരന്തം ഇതാണോ എന്ന ആശങ്കയോടെ ദുഃഖവും വേദനയും, അസ്വസ്ഥതയും ഹൃദയനൊമ്പരവുമെല്ലാം ഉള്ളിലൊതുക്കി തകർന്ന ഹൃദയവുമായി ആ അമ്മ തിരികെ നടക്കുകയാണ് ജരുശലേമിലേക്ക്. പിന്നിട്ട വഴികളിലൂടെയുള്ള മടക്കയാത്ര അതീവ ക്ലേശകരവും പ്രതികൂലവുമാണ്. ആ അമ്മ പ്രാർത്ഥിക്കുകയാണ് എന്നിട്ടും പ്രാർത്ഥന കേൾക്കാത്തതുപോലെ!

അനന്തമായ ജീവിതയാത്രയുടെ ഇടവഴികളിലെവിടെയോ ദൈവികസാന്നിദ്ധ്യം വിസ്മരിച്ച് ഏറെ ദൂരം സഞ്ചരിച്ചവർ! നഷ്ടപ്പെട്ടുപോയത് ജീവിതത്തിൽ ഒരിക്കലും വിലമതിക്കാനാവാത്ത ഒന്നാണ് എന്ന തിരിച്ചറിവിന്റെ നിമിഷം എല്ലാമുപേക്ഷിച്ച് പിന്നിട്ടവഴികളിലൂടെ തിരികെ നടക്കുകയാണ്. ദൈവത്തിൽ നിന്നും എന്നോ അടർന്നുപോയ ഒരാത്മാവിന്റെ ഒത്തുചേരാനുള്ള പ്രാണനിലവിളികളിവിടെ കേൾക്കാം. കാലഘട്ടത്തിന്റെ ചുവരെഴുത്തായി മാറുകയാണ് ഈ വചന ഭാഗം. മനസ്സിനുള്ളിലെ ദൈവിക സാന്നിദ്ധ്യം പോലും തിരിച്ചറിയുവാൻ കഴിയാത്തവിധം അന്ധതബാധിച്ച മനുഷ്യമനസ്സുകളുടെ പ്രയാണം അർത്ഥശൂന്യതയിലേക്കാണെന്നും ദൈവം കുടിയിറക്കപ്പെട്ട മനസ്സുകൾക്ക് നഷ്ടപ്പെട്ടുപോയത് ജീവിതതാളമാണെന്നും ഈ വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. മരുഭൂമിയുടെ അർത്ഥശൂന്യതയിൽ നിന്ന് അർത്ഥതലങ്ങൾ തേടിയുള്ള ആത്മീയ മടക്കയാത്രയാണ് ലോകത്തിനിന്ന് ആവശ്യമെന്ന് ഈ മാതാപിതാക്കളുടെ ജെറുശലേമിലേക്കുള്ള മടക്കയാത്ര നമ്മെ ഉത്ബോധിപ്പിക്കുന്നു.

കരഞ്ഞുവീർത്ത മുഖവും നിറഞ്ഞുതുളുമ്പുന്ന മിഴികളുമായി മകനെ നേടിനടന്ന അമ്മ തിരിച്ചുവരവിന്റെ മൂന്നാം ദിവസം അവനെ ദേവാലയത്തിൽ കണ്ടുമുട്ടുകയാണ്. വേദനയുടെ മഹാ പ്രളയത്തിൽ ഹൃദയം തകർന്ന ആ അമ്മ നെഞ്ചിലൊരു വിങ്ങലോടെ തന്റെ മകനെ നോക്കി. നിർവ്വികാരത നിഴലിച്ച മിഴികളിൽ സന്തോഷത്തിന്റെ കനൽ തിളക്കം. ആ അമ്മ മകനെ മാറോടുചേർത്തുപിടിച്ചപ്പോൾ അമ്മയുടെ സന്തോഷത്തിനതിരില്ലായിരുന്നു. മകനെ കണ്ടെത്തിയതിലുള്ള സന്തോഷം ഉള്ളിൽ പേറുമ്പോഴും മകൻ തങ്ങളോടിങ്ങനെ ചെയ്തല്ലോ എന്ന ദുഃഖം അമ്മയെ വല്ലാതെ വേദനിപ്പിച്ചു. താൻ ദേവാലയത്തിൽ തങ്ങുമെന്ന് ഒരു വാക്ക് യേശുപറഞ്ഞിരുന്നെങ്കിൽ മറിയവും ജോസഫും ഇത്രമാത്രം ആകുലപ്പെടേണ്ടതില്ലായിരുന്നു.

www.malankaralibrary.com

ബാല്യകാലം പിന്നിടാത്ത തങ്ങളുടെ പൊന്നോമനപുത്രനെ ഉപാദ്ധ്യായൻമാരുടെ മധ്യത്തിൽ കണ്ടെത്തിയ മാതാപിതാക്കൾ വിസ്മയഭരിതരാവുകയാണ്. വിസ്മയത്തിന്റെ നിമിഷങ്ങൾ പിന്നിട്ട്, ഇപ്രകാരം ഒരു സാഹചര്യത്തിലൂടെ കടന്നുപോകുന്ന ഏതൊരമ്മയും പ്രതികരിക്കുന്നതുപോലെ പരിശുദ്ധ അമ്മയും പ്രതികരിക്കുകയാണ്. അമ്മയ്ക്ക് പുത്രനോടുള്ള സ്വാതന്ത്ര്യവും അവകാശവും അധികാരവും ഉപയോഗിച്ച് പുത്രനെ ശകാരിക്കുകയാണ്. ആ അമ്മ മകനോട് ചോദിച്ചു, നീ എന്തിനാണ് ഞങ്ങളോടിങ്ങനെ ചെയ്തത്? നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നില്ലേ?

ജോസഫ് യേശുവിന്റെ പിതാവല്ല എന്ന സത്യം മാതാവിന് അറിയാമായിരുന്നിട്ടുകൂടി നിന്റെ പിതാവും ഞാനും എന്ന് പറയുവാൻ തക്കവിധം ഒരാത്മബന്ധത്തിലേക്ക് അവൾവരുന്നു. എല്ലാമറിഞ്ഞിട്ടും പിന്നെയും സ്നേഹിക്കുന്നവൾ വിശ്വസിക്കുന്നവൾ. ഹൃദയാന്തർഭാഗത്തുനിന്ന് ബഹിർഗമിക്കുന്ന ആത്മബന്ധത്തിന്റെ ഈ ശബ്ദം ആധുനികയുഗത്തിലെ ദമ്പതികൾക്ക് അത്ഭുതമായിരിക്കും. സ്വന്തം താത്പര്യങ്ങളെക്കാളുപരി മറ്റുള്ളവരെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും ശ്രമിക്കുന്നവർക്കു മാത്രമെ ആത്മബന്ധത്തിന്റെ ഇത്തരം പ്രഘോഷണങ്ങൾ നടത്താനാകൂ. തന്റെ പുത്രൻ അല്ലെങ്കിൽ പുത്രി ആരൊക്കെയെന്ന് സ്വന്തമായി തിരിച്ചറിയാൻപോലും കഴിയാത്ത ഇക്കാലത്തെ മാതൃകാ ദമ്പതികൾക്ക് എങ്ങനെ ഒരുമിച്ച് ജീവിക്കാൻ കഴിയും? അമ്മയെന്ന് ഞാൻ ആരെവിളിക്കണമെന്നോ അച്ഛനേതെന്ന് ആരേചൂണ്ടി പറയണമെന്നോ അറിയാതെ വിതുമ്പുന്ന കുരുന്നു ഹദയത്തിന്റെ നൊമ്പരം ഉള്ളിൽ നെരിപ്പോടുണ്ടാക്കുമ്പോൾ അവർക്കു വേണ്ടി ഉൽക്കണ്ഠപ്പെടുന്നത് ആരാണ്?. നിന്റെ പിതാവും ഞാനുമെന്നുള്ള സ്നേഹനിർഭരമായ, ആത്മീയ നിറവിന്റേതായ, ഉറപ്പു കൊടുക്കുവാൻ ഇനിയും ജന്മങ്ങൾ കാത്തിരിക്കണോ?

അമ്മയുടെ ചോദ്യങ്ങൾക്ക് മകന്റെ മറുപടി ഒരു മറു ചോദ്യമായിരുന്നു. നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിക്കുന്നത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടവനാണെന്ന് നിങ്ങൾ അറിയുന്നില്ലേ? ഒരിക്കലും ഒരു മകനും ഒരമ്മയോടും ചോദിക്കാത്ത ചോദ്യം. മകന്റെ തികച്ചും വ്യത്യസ്തമായ ആ പ്രതികരണം അമ്മയുടെ ഹൃദയത്തെ ആഴത്തിൽ മുറിവേല്പിച്ചിട്ടുണ്ടാകും. നെഞ്ചു പിളർക്കുന്ന വാളിനെക്കുറിച്ചുള്ള ശിമയോന്റെ പ്രവചനം ഓരോ ദിനം കഴിയുന്തോറും പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. യേശുവിന്റെ വാക്കുകൾ അത്തരമൊരു പരിത:സ്ഥിതിയിൽ മറിയത്തിനു ദുർഗ്രഹമായിരുന്നു. അതുകൊണ്ടാണ് വചനം സാക്ഷിക്കുന്നത് അവൻതങ്ങളോട് പറഞ്ഞകാര്യം അവർ തിരിച്ചറിഞ്ഞില്ല എന്ന്. മകനെ കുറിച്ചുള്ള കാണാപാഠങ്ങൾ മറിയാമിനു സമസ്യകളായിരുന്നു. പക്ഷേ മറിയം ദൈവഹിതം സർവ്വാത്മന സ്വീകരിച്ചു. ഹൃദയത്തിൽ ഇക്കാര്യങ്ങളെല്ലാം സംഗ്രഹിച്ചുകൊണ്ട് ദിവ്യബോധത്തിനുവേണ്ടി അവൾ കാത്തിരുന്നു.

ഉത്തരം കിട്ടാത്ത അനേകം ചോദ്യങ്ങൽ മനസ്സിൽ പൊന്തിവരുമ്പോൾ ഓർക്കുക ചോദ്യങ്ങളും, ജീവിതസമസ്യകളും ജീവിതാവസാനം വരെ ഹൃദയത്തിൽ സൂക്ഷിച്ച

www.malankaralibrary.com

ഒരമ്മയെപറ്റി. മനുഷ്യമനസ്സുകൾക്ക് അപ്രാപ്യമായ ദൈവികരഹസ്യങ്ങളുടെ മുമ്പിൽ തലകുനിക്കുകയല്ലാതെ നമുക്കെന്തു ചെയ്യാൻ കഴിയും? നൊമ്പരങ്ങൽ ഉള്ളിലൊതുക്കി പുത്രന്റെ നിയോഗങ്ങൾക്ക് കരുത്തുപകരുകയാണ് ആ അമ്മ. ഈ സംഭവങ്ങൾക്കെല്ലാം ഒടുവിൽ, മുപ്പതുവർഷം മാതാപിതാക്കളോടൊപ്പം നസ്രത്തിൽ ജീവിക്കുന്ന യേശുവിനെയാണ് നാം കാണുക. അതേപറ്റി വചനം പറയുക "അവൻ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു" എന്നാണ്.

അമ്മ എന്ന പവിത്രസങ്കല്പത്തിന്റെ എല്ലാ ഭാവങ്ങളും ഉൾക്കൊള്ളുന്ന ചിത്രമാണ് അമ്മയായ മറിയത്തിൽ നാം കാണുക. മാതൃത്വത്തിന്റെ മഹനീയമാതൃകകൾ പകർത്താനാഗ്രഹിക്കുന്നവർക്ക് കാലത്തിനതീതനായ ഗുരുവിന്റെ സദ്വാർത്ത. കാൽവരിയിൽ മകനോടൊപ്പം ബലി. അർപ്പിക്കുവാൻ കടന്നുവന്ന അമ്മയെ ചൂണ്ടിക്കാണിച്ച് തമ്പുരാൻ ഒരു വേള തന്റെ ആത്മ ശിഷ്യനോടു പറഞ്ഞു: ഇതാ നിന്റെ അമ്മ. ലോകചരിത്രത്തിലെ രണ്ടാമത്തെ മംഗളവാർത്ത. മാതൃത്വസങ്കല്പങ്ങളുടെ പൂർത്തീകരണമായ മറിയം ഏതൊരമ്മയുടെയും പവിത്രനിയോഗമാണ്. ഓരോ സ്ത്രീയിലും ചിലനേരത്ത് മാതാവിന്റെ കാരുണ്യം നിഴലിടുന്നത് കാണാം. കുഞ്ഞിനെ എടുത്തുകൊണ്ടു നിൽക്കുന്ന ഏതൊരമ്മയിലും ഉണ്ണിയേശുവിനെ കരങ്ങളിൽ വഹിക്കുന്ന മാതാവിന്റെ ഛായവീണുകിടക്കുന്നുണ്ട് എന്നത് നാം പലപ്പോഴും ശ്രദ്ധിക്കാറില്ല.

സ്ത്രീകൾക്കു നാലു ഭാഗ്യങ്ങളാണുള്ളതെന്ന് ഹെർമൻ ഹെഡ് പറയുന്നു. ഒന്നാമത്തേത് ഒരു ചക്രവർത്തിയുടെ ഭാര്യയായിരിക്കുക എന്നുള്ളതാണ്. രണ്ടാമത്തെത് ഒരു ജീനിയസ്സിന്റെ സഹോദരിയായിരിക്കുക എന്നുള്ളതാണ്. മൂന്നാമത്തേത് ഒരു വിപ്ലവകാരിയുടെ കാമുകിയായിരിക്കുക. നാലാമത്തേത് ലോകത്തിലെ ഏറ്റവും മഹത്തായ ഭാഗ്യമാണ്. അത് ഒരു രക്തസാക്ഷിയുടെ അമ്മയായിരിക്കുക എന്നതാണ്. രക്തസാക്ഷിയുടെ അമ്മയാകാനുള്ള ഏതു സ്ത്രീയുടെയും അബോധപരമായ ആഗ്രഹത്തിന്റെ വിശുദ്ധ ചിഹ്നമാണ് കന്യകാമറിയം. ക്രിസ്തു കുരിശിൽ സമർപ്പിച്ച പരിഹാരബലി ഏറ്റവും വിശുദ്ധവും പരിപാവനവുമായ രക്തസാക്ഷിത്വമായിരുന്നു. പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളാഘോഷിക്കുവാൻ ഒരുങ്ങുമ്പോൾ ഒന്നോർക്കുക, ജന്മം നൽകുകവഴി ഇന്നോളമാരും അമ്മയായിട്ടില്ല. വഴിയോരങ്ങളിൽ നമ്മെനോക്കി വിളിച്ചു കരയുന്ന ശപിക്കപ്പെട്ട കുഞ്ഞുങ്ങളുണ്ട്. അവർക്കു ജന്മം നൽകിയവരാരെങ്കിലും അവരുടെ അമ്മമാരാകുന്നുണ്ടോ. ജന്മം നൽകിയതുകൊണ്ട് മാത്രമല്ല മറിയം അമ്മയാകുന്നത്, മറിച്ച് കർമ്മം കൊണ്ടാണ്. ക്രിസ്തുവിന്റെ മുറിവുകൾ സ്വന്തം ഹൃദയത്തിൽ ഏറ്റുവാങ്ങിയവളാണവൾ, ക്രിസ്തു കടന്നുപോയ പീഡാനുഭവ വഴികളിലൂടെ പുത്രനെ പിൻചെന്നവളാണ്. അവസാനം തന്റെ പൊന്നോമന പുത്രനെ ബലിയാക്കുവാൻ വിട്ടുകൊടുത്തപ്പോൾ ആ അമ്മയും ബലിവസ്തു ആവുകയായിരുന്നു. ആ അമ്മയോടൊപ്പം നമുക്കും ദിവ്യരക്ഷകനെ പിൻചെല്ലാം. ■

www.malankaralibrary.com

### എട്ടുനോമ്പ്: ഏഴാം ദിവസം

# മറിയം കുടുംബത്തിന്റെ അത്താണി

### (കാനായിലെ കല്യാണം - യോഹന്നാൻ 2:1-12)

ഏദൻതോട്ടത്തിൽ വച്ച് ഹവ്വ എന്ന ആദ്യസ്ത്രീ മൂലം പാപം ലോകത്തിൽ വേരോടിയെങ്കിൽ ആ വേരിനെ പിഴുതെറിയാൻ ജൻമപാപമില്ലാത്ത രണ്ടാം ഹവ്വ ലോകത്തിൽ ജനിക്കേണ്ടിയിരുന്നു. ആ രണ്ടാം ഹവ്വയുടെ ജനനത്തിരുന്നാളിനുവേണ്ടിയാണ് നാം ഇക്കഴിഞ്ഞ ദിവസങ്ങളിൽ ഒരുങ്ങിക്കൊണ്ടിരുന്നത്. ഇന്ന് തിരുസഭാമാതാവ് നമ്മുടെ വിചിന്തനത്തിനും, ധ്യാനത്തിനുമായി തന്നിരിക്കുന്നത് വി.യോഹന്നാൻ ശ്ലീഹ എഴുതിയ സുവിശേഷം രണ്ടാം അധ്യായം ഒന്നുമുതൽ 12വരെയുള്ള വാക്യങ്ങളാണ് - കാനായിലെ കല്ല്യാണം.

വി.യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം കാണുന്നതും യേശുനാഥന്റെ ഈ ലോകജീവിതത്തിലെ രക്ഷാകരപദ്ധതിയുടെ അടയാളങ്ങളുടെ ആരംഭവുമാണ് കാനായിലെ അടയാളം. ദൈവശാസ്ത്രവീക്ഷണത്തിൽ മാനവരാശിയുടെ രക്ഷാകരകർമ്മത്തിൽ പരി. മറിയം, മറ്റൊന്നിനും തുല്യം നിൽക്കാൻ പറ്റാത്ത ഒരു സ്ഥാനമാണ് അർഹിക്കുന്നത്. സുവിശേഷമനുസരിച്ച് യേശുവിന്റെ രക്ഷാകരപദ്ധതിയിൽ ആദ്യന്തം സജീവപങ്കാളിയായിട്ടാണ് മറിയത്തെ കാണുന്നത്. ലോകരക്ഷയ്ക്കുവേണ്ടി ദൈവപുത്രന് ജന്മം നല്കാൻ മറിയം കാരണഭൂതയായി. യേശുനാഥന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിലും യോഹന്നാന്റെ സുവിശേഷത്തിൽ അന്ത്യത്തിലും (യോഹ. 2:1-11, 19:25-27) മറിയം പ്രത്യക്ഷപ്പെടുന്നുണ്ട്. യേശുനാഥന്റെ ഏറ്റവും പ്രിയ ശിഷ്യരിൽ ഒരുവനായ യോഹന്നാൻ ശ്ലീഹ, യേശു തമ്പുരാനെ തന്റെ ജീവിതം കൊണ്ട് അനുഭവിച്ചറിഞ്ഞതിന്റെ വെളിച്ചത്തിൽ, ദൈവത്തിന്റ വലിയ പദ്ധതിയുടെ നിറവേറ്റലാണ് യേശുവിന്റെ ഈ ലോകജീവിതം എന്നു മനസ്സിലാക്കി. അതിനാൽ സംഭവങ്ങളുടെ വെറും ഒരു വിവരണമല്ല അദ്ദേഹമിവിടെ കൊടുക്കുന്നത്. യേശുവിന്റെ രക്ഷാകരപദ്ധതിയുടെ പ്രതീകാത്മകമായ ഒരുവിവരണവും അടയാളങ്ങളുമാണ് ഈ സുവിശേഷത്തിൽ നാം ദർശിക്കുക. അങ്ങനെയാവുമ്പോൾ യേശുവിന്റെ രക്ഷാകരപദ്ധതിയുടെ മർമ്മപ്രധാനമായ ചിലയിടങ്ങളിൽ മറിയത്തെ അവതരിപ്പിക്കുന്നതിലൂടെ യോഹന്നാൻ അർത്ഥമാക്കുന്നത്, മറിയം ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ സഹപ്രവർത്തകയാണ് എന്നുള്ളതാണ്. കാരണം പ്രതീകാത്മകതയ്ക്ക് പ്രാധാന്യം കൊടുക്കുന്ന യോഹന്നാൻ ശ്ലീഹ ആദിയും, അന്തവുമെന്ന് പറയുമ്പോൾ (വെളി 1:8, 21:6, 22:3) എപ്പോഴും എന്നാണ് അർത്ഥമാക്കുന്നത്. ഇത്തരുണത്തിൽ മറിയത്തെ ആദ്യവും അവസാനവും അവതരിപ്പിക്കുകവഴി അവൾ യേശുവിന്റെ ഈ ലോകജീവിതത്തിൽ മുഴുവൻ എപ്പോഴും പങ്കാളിയായിരുന്നു എന്നാണ് അർത്ഥമാക്കുന്നതും, നാം മന

www.malankaralibrary.com

സ്സിലാക്കേണ്ടതും.

കാനായിലെ കല്യാണം, ഒരു അത്ഭുതം എന്നതിലുപരി ഒരു അടയാളമാണ്. അതുകൊണ്ടാണ് ഈ സംഭവത്തിന്റെ അവസാനത്തിൽ യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് ഗലീലിയിലെ കാനായിൽ ചെയ്തത് എന്ന് സുവിശേഷകൻ രേഖപ്പെടുത്തയിരിക്കുന്നത്. ഇവിടെ നമുക്ക് ദൈവത്തിൽനിന്നും രക്ഷവാങ്ങിത്തരുന്നതിൽ ഒരു പ്രമുഖ സ്ഥാനമാണ് മറിയത്തിനുള്ളത് എന്നു മനസ്സിലാക്കാം. മനുഷ്യരക്ഷയുടെ ഒരു ബാഹ്യപ്രകടനമായിട്ടാണ് ഈ കുടുംബത്തിൽ, രക്ഷകനായ യേശുവും, രക്ഷകന്റെ മാതാവായ മറിയവും കടന്നുവരുന്നത്.

യഹൂദപാരമ്പര്യമനുസരിച്ച് വിവാഹമെന്നു പറയുന്നത് ഏറ്റവും വലിയ ഒരു ആഘോഷമാണ്. ദിവസങ്ങൾ നീണ്ടുനില്ക്കുന്ന ഒരാഘോഷം. അവിടെ കല്യാണ വിരുന്നിൽ വീഞ്ഞിന്റെ സ്ഥാനം ഒന്നാമതാണ്. വീഞ്ഞില്ലാത്ത സദ്യ സന്തോഷമില്ലായ്മയുടെ പ്രതീകമാണ്. ഇവിടെ വീഞ്ഞ് തീർന്നുപോവുക എന്നു പറയുന്നതിലും വലിയ നാണക്കേട് മറ്റൊന്നില്ല. ഈ അവസ്ഥയിൽ വീട്ടുകാരുടെ രക്ഷകയായി മറിയം എത്തുകയാണ്. മറ്റാരും ബോധ്യപ്പെടുത്താതെതന്നെ മറിയം ആ കുടുംബത്തിന്റെ വിഷമാവസ്ഥ മനസ്സിലാക്കി ലോകരക്ഷകന്റെ അടുത്ത് അഭ്യർത്ഥനയുമായി വരുന്നു. അവർക്കിനി വീഞ്ഞില്ല. ഇതാ ഞാൻ കർത്താവിന്റെ ദാസി എന്നു പറഞ്ഞുകൊണ്ട് ദൈവത്തിന്റെ ഹിതത്തിനുവേണ്ടി ജീവിക്കുകയും, അവർക്കിനി വീഞ്ഞില്ല എന്നു പറഞ്ഞുകൊണ്ട് മനുഷ്യന്റെ ഇല്ലായ്മയെ അറിഞ്ഞു പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് മറിയം. ഒരേ സമയം ദൈവത്തിനുവേണ്ടിയും മനുഷ്യനുംവേണ്ടി പ്രവർത്തിക്കുകയാണവൾ. ഇതിലൂടെ വ്യക്തമാകുന്നത് ദൈവത്തിന്റെ ഹിതത്തിനും, മനുഷ്യരുടെ രക്ഷയ്ക്കും വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കുന്ന ഒരു സ്ത്രീത്വമാണ് പരി. മറിയാമിനുള്ളത് എന്നാണ്. എല്ലാ കാര്യങ്ങളിലും ക്രിസ്തുനാഥന്റെ ജീവിതത്തോട് ചേർന്നുനിന്നുകൊണ്ട് മനുഷ്യന് രക്ഷ ആവശ്യമാകുന്ന സന്ദർഭങ്ങളിൽ പുത്രൻ തമ്പുരാനെ ബോധ്യപ്പെടുത്തുന്ന മധ്യസ്ഥകൂടിയാണ് പരി. മാതാവ്. ഇവിടെ പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്ന പുത്രന്റെ മഹത്തായ ദൗത്യം മറിയത്തിലൂടെ തുടക്കം കുറിക്കുകയാണ്. ഇതു ദൈവ പിതാവിന്റെ രക്ഷാപദ്ധതിയുടെ ആരംഭമാണ്. അങ്ങനെ പിതാവിന്റെ ഇഷ്ടം അറിഞ്ഞ് മറിയം പുത്രനോട് അഭ്യർത്ഥിക്കുമ്പോൾ അടയാളങ്ങളുടെ ആരംഭമാകുന്നു. പിതാവിന്റെ ആഗ്രഹവും, മനുഷ്യന്റെ ആവശ്യങ്ങളും അറിയുന്ന മറിയത്തിന്റെ ചിത്രമാണിവിടെ നാം കാണുന്നത്.

സ്ത്രീയെ എനിക്കും നിനക്കും എന്ത്? എന്ന പ്രതിഷേധാത്മകമെന്ന് തോന്നുന്ന യേശുവിന്റെ പ്രതികരണം മാതാവിനെ നിഷേധിക്കുകയാണ് എന്ന് പലരും തെറ്റായി ചിന്തിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുത്തരമായി നീ

www.malankaralibrary.com

നിന്റെ മാതാവിനെയും പിതാവിനേയും ബഹുമാനിക്കണം എന്ന് ദൈവം ആരോട് കല്പിക്കുന്നുവോ, ആ സന്താനങ്ങൾക്ക് ജന്മം നല്കുക എന്ന ഉദ്ദേശത്തോടെ നടത്തപ്പെടുന്ന വിവാഹങ്ങളിൽ ഒന്നായ ഇതിലേക്ക് ഈശോ കടന്നുവന്നത് അവിടുത്തെ അമ്മയെ അനാദരിക്കണം എന്നു പഠിപ്പിക്കാനാണോ? എന്ന് വി.അഗസ്ത്യൻ നമ്മോട് ചോദിക്കുകയാണ്. യേശുവിനെയും അമ്മയെയും ഏറ്റവും കൂടുതൽ മനസ്സിലാക്കിയ യോഹന്നാൻ ശ്ലീഹ കാനായിലെ വിവാഹവിരുന്നിൽ നാലുപ്രാവശ്യം പരി. മറിയത്തെ, യേശുവിന്റെ അമ്മ എന്ന പദംകൊണ്ട് വിശേഷിപ്പിക്കുന്നുണ്ട്. യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു. യോഹ 2:1, യേശുവിന്റെ അമ്മ അവനോട് പറഞ്ഞു, 2:3, അവന്റെ അമ്മ പരിചാരകരോട് പറഞ്ഞു 2:5, ഇതിനുശേഷം അവൻ തന്റെ അമ്മയോടും, സഹോദരൻമാരോടും കൂടി കഫർണാമിലേക്ക് പോയി 2:12. ഇതിലൂടെയെല്ലാം യോഹന്നാൽ ശ്ലീഹ പരി.മറിയം, രക്ഷകന്റെ അമ്മയെന്ന് സ്ഥിരീകരിക്കുകയാണ്. ഇതുതന്നെയാണ് ഗബ്രിയേൽ മാലാഖയുടെ അഭിസംബോധനയിൽ വ്യക്തമാകുന്നതും ദൈവകൃപ നിറഞ്ഞവളെ സ്വസ്ഥി കർത്താവ് നിന്നോടുകൂടെ . ദൈവകൃപ നിറഞ്ഞവൾ എന്നു പറഞ്ഞാൽ ദൈവത്തിന്റെ പ്രസാദത്തിന് പാത്രീഭൂതയായവൾ എന്നാണ്. അതായത് ദൈവത്തിന്റെ രക്ഷാകരമായ അനുഭവം അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ടവൾ എന്നാണർത്ഥം. അങ്ങനെ ദൈവത്തിന്റെ രക്ഷയുടെ ആദ്യഫലമായ പരി.മാതാവ് താൻ അനുഭവിച്ചറിഞ്ഞ രക്ഷ തന്റെ മക്കൾക്ക് വാങ്ങിക്കൊടുക്കാൻ കാനായിലെ കല്യാണവിരുന്നിലൂടെ തുടക്കമിടുകയാണ്.

ഹവ്വ എന്ന ആദ്യസ്ത്രീമൂലം ലോകത്തിന് വന്ന മഹാവിപത്ത് വളരെ വലുതാണ്. മാതാവിനെ സ്ത്രീ എന്നു വിളിക്കുന്നതിലൂടെ അവൾ രണ്ടാം ഹവ്വയെന്നാണ് യേശു പഠിപ്പിക്കുന്നത്. അവൾ രക്ഷകന്റെ അമ്മ മാത്രമല്ല ലോകത്തിലെ ആദ്യസ്ത്രീയുടെ പ്രതിരൂപവുമാണ്. സ്ത്രീ എന്ന അഭിസംബോധനയിലൂടെ ലോകത്തിന്റെ മുഴുവനും അമ്മയായി മറിയത്തെ യേശു നാമകരണം ചെയ്യുകയാണ്. ആദ്യ ഹവ്വാ അമ്മ ആയതുപോലെയാണ് ഇവിടെയും സംഭവിക്കുന്നത്. പാപം ചെയ്ത ആദ്യമാതാവിന്റെ കറ നീക്കാൻ വന്ന രണ്ടാം മാതാവാണ് പരി.മറിയം. ഇവിടെ മറിയം ഒരു ചരിത്രവ്യക്തിയും, രക്ഷകന്റെ അമ്മയും എന്നതിലുപരി മെസയാനിക സമൂഹത്തിന്റെ പ്രതിനിധികൂടിയാണ്. ഈ സത്യം ഉൽപ്പത്തി 3:15, യോഹ 2:4, 19:26, വെളി 12:1 എന്നീ ഭാഗങ്ങളിൽ പ്രതീകാത്മകമായി വ്യക്തമാക്കുന്നു. ഈ സത്യം അറിയുന്ന യേശുനാഥൻ യോഹന്നാൻ ശ്ലീഹായെ ചൂണ്ടിപ്പറയുകയാണ്, സ്ത്രീയെ ഇതാ നിന്റെ മകൻ. അങ്ങനെ ലോകത്തിന്റെ മുഴുവന്റെയും അമ്മയായി പരി. മറിയത്തെ അവരോധിക്കുകയാണ്. ചരിത്രവിവരണങ്ങൾ അടയാളങ്ങളാക്കി യോഹന്നാൻ ശ്ലീഹ, സത്യത്തിലേക്ക് വിരൽ ചൂണ്ടുകയാണ്, പരി. മറിയം നമ്മുടെയെല്ലാം അമ്മയാണ്.

എന്റെ സമയം ഇനിയും ആയിട്ടില്ല എന്നു പറഞ്ഞ യേശുനാഥൻ അടുത്തനിമിഷം തന്റെ അമ്മയുടെ അഭ്യർത്ഥനയ്ക്ക് ഉത്തരം കൊടുക്കുകയാണ്. ഇവിടെ സമയം

www.malankaralibrary.com

എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്, മനുഷ്യന് രക്ഷ നല്കുവാനുള്ള സമയമാണ്. അത് പൂർത്തിയാകുന്നത് പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മണിക്കൂറിലാണ്. ഈ മണിക്കൂർ ആയില്ല എന്നു പറയുന്നുണ്ടെങ്കിലും അത്ഭുതം വ്യക്തമാക്കുന്നത് സമയം ആയി എന്നുള്ളതാണ്. അതുകൊണ്ടാണ് 11-ാം വാക്യത്തിൽ, ഈ സംഭവത്തെ അടയാളങ്ങളുടെ ആരംഭമാണ് എന്നു പറയുന്നത്. എന്റെ സമയം ഇനിയും ആയിട്ടില്ല എന്നു പറഞ്ഞ യേശുനാഥൻ തന്റെ അമ്മയുടെ ഈ ലോകത്തിലുള്ള സ്ഥാനം കൂടുതൽ ഊട്ടിഉറപ്പിക്കുകയാണ്. അമ്മയുടെ മാഹാത്മ്യം അത്രമാത്രം വലുതാണ് എന്നു കാണിക്കാനാണ് ഇങ്ങനെയൊരു നാടകീയാവതരണം സുവിശേഷകൻ ഇവിടെ കൊണ്ടുവരുന്നത്.

സന്തോഷത്തിന്റെ അനർഘനിമിഷത്തിൽ അടുക്കളയിൽ ഇടിവെട്ടേറ്റതുപോലെ ഒരു ശബ്ദം! കലവറയിൽ വീഞ്ഞില്ല. വിരുന്നിനു വന്നവർ പകുതിയിലേറെ ബാക്കി നില്കുന്നു. വീട്ടുകാർ അസ്വസ്ഥരായി, നാണക്കേടിന്റ നിമിഷം, എല്ലാവരും മ്ലാനവദനരായി പരസ്പരം നോക്കി നെടുവീർപ്പിടുകയാണ്. പെട്ടെന്ന് കൊടുങ്കാറ്റുപോലെ അടുക്കളയിൽ പാഞ്ഞെത്തിയ മറിയത്തിന് മനസ്സിലായി ഇവിടത്തെ കുറവ്,, അഭിമാനത്തിന്റെ കുറവ്. പരിഹാരത്തിനായി, അവൾ എല്ലാം അറിഞ്ഞിട്ടും, ഒന്നു മറിയാത്തവനായിരിക്കുന്നവന്റെ അടുക്കൽ ചെന്നുപറഞ്ഞു, അവർക്കിനി വീഞ്ഞില്ല .പ്രതിഷേധാത്മകമെന്നു തോന്നുന്നതരത്തിൽ പുത്രൻ പ്രതികരിച്ചപ്പോഴും മറിയം നഷ്ടധൈര്യയാകാതെ ഭൃത്യൻമാരോട് പറഞ്ഞു. അവൻ കല്പിക്കുന്നത് ചെയ്യുവിൻ അവൾക്ക് ഉറപ്പുണ്ട് അവന് വേണ്ടതു ചെയ്യാൻ കഴിയുമെന്നും ചെയ്യുമെന്നും കാരണം മുപ്പതുവർഷത്തെ ആത്മബന്ധത്തിൽനിന്നും നിർഗ്ഗളിക്കുന്ന ആത്മവിശ്വാസമാണ് അവളെ അത് പറയാൻ പ്രേരിപ്പിച്ചത്. ദൈവത്തിന്റെ കൃപ ലഭിച്ചവരുടെ അപേക്ഷ ദൈവം തള്ളുകയില്ല (പുറപ്പാട് 33:17, സങ്കീ 23:1, ലൂക്ക 1:28) എന്ന സത്യവും അവൾക്കറിയാമായിരുന്നു. ദൈവത്തിലുള്ള വിശ്വാസത്തിൽ അടിയുറച്ച് രക്ഷയെന്ന വിജയമകുടം ലോകത്തിന്റെ രക്ഷയ്ക്ക് വേണ്ടി ഇന്നും മധ്യസ്ഥത യാചിക്കുന്ന പരി. മറിയം തിരിഞ്ഞ് നമ്മോടും ഇതുതന്നെയാണ് പറയുന്നത്. അവൻ പറയുന്നത് ചെയ്യുവിൻ, യേശുനാഥൻ നമ്മോട് ആവശ്യപ്പെടുന്നത് ശ്രദ്ധിച്ചുകേൾക്കുവാനും, അതു ചെയ്യുവാനുമാണ് മറിയം നമ്മോടിന്ന് ആഹ്വാനം ചെയ്യുന്നത്. മാതാവിനോടുള്ള നമ്മുടെ മധ്യസ്ഥപ്രാർത്ഥനകൾക്ക് ഫലം കിട്ടണമെങ്കിൽ യേശുനാഥന് നാം ചെവികൊടുക്കണം. അവനു മാത്രമേ രക്ഷയുടെ പാനപാത്രം നമുക്കായി തുറന്നുതരുവാൻ സാധിക്കുകയുള്ളൂ. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനമനുസ്സരിച്ച് നിസ്തുലമായ ഒരേ ഉറവിടത്തിൽ അതായത് ക്രിസ്തുവിന്റെ തന്നെ മാധ്യസ്ഥ്യത്തിൽ പങ്കുചേരുക എന്നതാണ് മറിയത്തിന്റെ മാധ്യസ്ഥ്യത്തിന്റെ പൊരുൾ, ഈ സത്യം ഉൾക്കൊണ്ടുകൊണ്ടാണ്. സഭ പരി.മറിയത്തെ ക്രിസ്തുവിനോടു അടുക്കുവാനുള്ള മാർഗ്ഗമായി കരുതുന്നത് ഇവിടെ മറിയത്തിലേക്ക് നാം അടുക്കുന്നതു

www.malankaralibrary.com

വഴിയായി ക്രിസ്തുവിലേക്ക് കൂടുതൽ അടുക്കുകയാണ്. അതുകൊണ്ടാണ് മാതാവിനോട് മാധ്യസ്ഥ്യം യാചിച്ചുകൊണ്ട് പതിനായിരങ്ങൾ ഇന്ന് വേളാംകണ്ണി, മണർകാട് പോലുള്ള മാതാവിന്റെ തീർത്ഥാടനാലയങ്ങളിൽ അഭയം കണ്ടെത്തുന്നത്. ദൈവത്തിന്റെ രക്ഷാകര പദ്ധതിക്ക് ഉപകരണമായി മാറിയ മറിയം ഇന്ന് മാനവകുലത്തിനു മുഴുവൻ മധ്യസ്ഥയായി തീർന്നു.

ദൈവതിരുമനസ്സിന് പൂർണ്ണമായി വിട്ടുകൊടുത്തുകൊണ്ട് തന്റെ ജീവിതം ദൈവത്തിന് പ്രവർത്തിക്കാൻ മറിയം തുറന്നിട്ടു. എല്ലാ കാര്യങ്ങളിലും പുത്രന് താങ്ങും തണലുമായി നിന്നുകൊണ്ട് അവൾ രക്ഷാകര കർമ്മത്തിലെ സഹപ്രവർത്തകയായി തന്നെ തന്നെ സമർപ്പിച്ചു. പിതാവിൽനിന്നും ഓടിയകന്ന ധൂർത്ത പുത്രൻമാരും, ധൂർത്ത പുത്രികളുമായ നമുക്ക് നഷ്ടപ്പെട്ടുപോയ ദൈവികജീവൻ പുത്രനിൽനിന്നും വാങ്ങിത്തരുന്ന മധ്യസ്ഥയായി. ഒരു ഗോവണിയായി അവളിന്ന് സഭയിൽ വിരാജിക്കുകയാണ്. ദൈവത്തിന് സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്ക് ഇറങ്ങിവരാനുള്ള ഗോവണിയായ മറിയം മനുഷ്യർക്ക് ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുവാനുള്ള എളുപ്പമാർഗ്ഗവുമാണ്. ഇവിടെ ഹവ്വ പാപത്തിന്റെ കണ്ണുനീരിനെ പ്രസവിച്ചെങ്കിൽ മറിയം ആ പാപത്തിന്റെ കണ്ണുനീരിനെ തുടയ്ക്കാൻ സ്വർഗ്ഗീയസന്തോഷത്തെയാണ് പ്രസവിച്ചത്. ഇന്നും നമ്മുടെയൊക്കെ കണ്ണുനീരൊപ്പി, നമുക്ക് ആശ്വാസം പകരുന്ന വലിയ സന്തോഷത്തെ ഈ അമ്മ പ്രസവിച്ചുകൊണ്ടിരിക്കുകയാണ്. ഈ യാഥാർത്ഥ്യത്തിന്റെ തുടക്കമാണ് കാനായിലെ കല്ല്യാണവിരുന്നിൽ നടന്നത്. വിരുന്നൊരുക്കിയവന്റെ ദുഃഖവും, അസ്വസ്ഥതകളും തന്റേതാക്കി മാറ്റി പുത്രന്റെ അനുഗ്രഹത്താൽ വീഞ്ഞുപകർന്നു പരി.മാതാവ്. ഈ സത്യം നമ്മുടെ വിശ്വാസജീവിതത്തിൽ ആശ്രയബോധം പകരണം, എന്നും, ഏതു ദുഃഖത്തിലും നമ്മുടെ ആശ്രയകേന്ദ്രമാണവൾ.

കാനയിലെ കല്ല്യാണത്തിൽ, മാതാവിൽ നാം കാണുന്ന മറ്റൊരു സവിശേഷത എളിമയുടെ ചിത്രമാണ്. അവൾക്ക് കൊട്ടിഘോഷിക്കാമായിരുന്നു, എന്റെ പുത്രനാണ് വീഞ്ഞുണ്ടാക്കിയത്, ഞാനാണ് നിങ്ങളുടെ അഭിമാനം രക്ഷിച്ചത് എന്നൊക്കെ. പക്ഷേ നാടകത്തിലെ സൂത്രധാരയായി കടന്നുവന്ന് കഥാപാത്രങ്ങളെ വേദിയിലേക്ക് സ്വാഗതം ചെയ്ത് കാണികൾക്ക് പരിചയപ്പെടുത്തിക്കൊണ്ട് വേദിയുടെ പിന്നാംപുറങ്ങളിലേക്ക് പിൻവാങ്ങുന്ന എളിമപ്പെട്ടവളുടെ ഒരു ചിത്രമാണിവിടെ നാം കാണുക. വീണ്ടും സൂത്രധാരയുടെ വേഷത്തിൽ അരങ്ങ് വിടുന്ന കഥാനായകന്റെ അന്ത്യനിമിഷത്തിൽ എല്ലാവരാലും പരിത്യജിക്കപ്പെട്ടവനെ അനുഗമിച്ച്, മടിയിൽകിടത്തി അന്ത്യചുംബനം നല്കി യാത്രയാക്കുന്ന മറിയത്തെയാണ് നാം കാണുന്നത്. മാതാവിന്റെ ഈ വ്യക്തിത്വം നമുക്കെന്നും പ്രചോദനമാകണം. അരങ്ങുകൾക്കും, ആഘോഷങ്ങൾക്കും, ഘോഷയാത്രകൾക്കും മധ്യത്തിൽ സ്ഥാനം പിടിക്കാറില്ലേ നാം. ജീവിതത്തിൽ ദൈവാനുഭവങ്ങളും, രക്ഷയും കൈവന്നപ്പോൾ അഹങ്കാരിയാകാതെ എളിമ

www.malankaralibrary.com

പ്പെട്ടവളുടെ ജീവിതം, നമ്മുടെ സ്ഥാനമാനങ്ങൾക്കും ഉന്നതവിജയങ്ങൾക്കും ഉത്തരം കൊടുക്കണം – എളിമപ്പെടുക, കൂടുതൽ എളിമപ്പെടുക.

പാപികളെ രക്ഷിക്കാൻ വന്നവന്റെ രക്ഷാകർമ്മത്തിന് മാർഗ്ഗദർശിയായ മറിയം കുടുംബത്തിനെന്നും അത്താണിയാണ്. രക്ഷയുടെ അടയാളത്തിന് കാനായിലെ കുടുംബത്തിൽ തുടക്കം കുറിക്കുമ്പോൾ ഒരു വലിയ സത്യം നാം മനസ്സിലാക്കേണ്ടതുണ്ട്. അനിവാര്യമായ രക്ഷ കുടുംബത്തിലാണ്. മറിയത്തിന്റെ അഭ്യർത്ഥനയാൽ വെള്ളം വീഞ്ഞായി മാറിയപ്പോൾ മഴപെയ്ത് മാനം തെളിഞ്ഞ അനുഭവമാണുണ്ടായത്. ഈ അനുഭവം വീഞ്ഞിൽ മാത്രമല്ല, കുടുംബജീവിതത്തിലുമാണ് നടക്കുന്നത്. വെള്ളവും വീഞ്ഞും ഇവിടെ പ്രതീകങ്ങൾ മാത്രമാണ്. രുചിയില്ലാത്തതിന് രുചി നല്കുവാൻ, വീർപ്പുമുട്ടലിലേക്ക് സന്തോഷത്തിന്റെ മേൽത്തരം വീഞ്ഞുനല്കുവാൻ, പറ്റിയ കൽഭരണികൾക്ക് പരി. മാതാവാണ് നമുക്കുള്ളത്. ഇവിടെ വെള്ളത്തെ പ്രതിനിധാനം ചെയ്യുന്ന, രക്ഷയെ നിറമിഴികളോടെ കാത്തിരിക്കുന്ന മനുഷ്യവർഗ്ഗത്തിനും അസ്വസ്ഥതകളുടെയും, നൊമ്പരങ്ങളുടെയും, ക്ലേശങ്ങളുടെയും, വേദനകളുടെയും നടുവിൽ പ്രതീക്ഷയറ്റ കുടുംബാന്തരീക്ഷത്തിലേക്കും, മോചനത്തിന്റെ, രക്ഷയുടെ, പൂർണ്ണതയുടെ, പ്രതീകമായ വീഞ്ഞ് ആവോളം നല്കി പഴയ നിയമവാഗ്ദാനത്തിന്റെ പൂർത്തീകരണത്തിലേക്ക് രക്ഷകനെ ആനയിക്കുന്ന പരി. മറിയം നമ്മുടെ കുടുംബങ്ങൾക്ക് എന്നും അത്താണി തന്നെയാണ്. യേശുനാഥന്റെ സാന്നിധ്യവും മാതാവിന്റെ മധ്യസ്ഥതയുമില്ലാത്ത കുടുംബജീവിതത്തിൽനിന്ന് എപ്പോഴും, കുറവുകളുടെയും, അസ്വസ്ഥതകളുടെയും തേങ്ങലുകൾ ഉയരും. എന്നാൽ കുടുംബങ്ങളുടെ സമൃദ്ധി മാതാവിന്റെ സാന്നിദ്ധ്യമാണ് എന്ന് മനസ്സിലാക്കുന്നവർക്ക് ജീവിതത്തിൽ സന്തോഷം കണ്ടെത്താനാവും.

പരിശുദ്ധകന്യകയോടുള്ള ബഹുമാനവും അവളുടെ മധ്യസ്ഥതയിലുള്ള വിശ്വാസവും ആദരവുമെല്ലാം തലമുറകളിലൂടെ കാത്തുസൂക്ഷിക്കുവാൻ സഭ ഇന്ന് നമ്മെ ഉദ്ബോധിപ്പിക്കുകയാണ്. അതുകൊണ്ടാണ് നമ്മുടെ ദേവാലയങ്ങളിൽ പരി. മാതാവിനോടുള്ള മധ്യസ്ഥപ്രാർത്ഥനകളും ഭക്തിനിർഭരമായ പരിപാടികളും നാം എല്ലാവർഷവും നടത്താറുള്ളത്. കാരണം അവൾ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവളാണ്. റോമ 8:38ൽ പറയുന്നു, ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി ക്രമപ്പെടുത്തുന്നു . എന്തെന്നാൽ താൻ മുൻകൂട്ടി തിരഞ്ഞെടുത്തവരെ തന്റെ പുത്രന് അനുരൂപരാക്കാൻ അവിടുന്ന് മുൻകൂട്ടി നിശ്ചയിച്ചു. ഇപ്രകാരം പ്രത്യേകമായി തിരഞ്ഞെടുത്ത് ഒരുക്കപ്പെട്ട മറിയം അമലോൽഭവയാണ് എന്നാണ് സഭ പഠിപ്പിക്കുന്നു. പാപമില്ലാതെ ജനിച്ചവർ എന്നാണിതിനർത്ഥം. കാരണം ദൈവത്തിന്റെ വലിയ പദ്ധതിക്കുവേണ്ടി പരിശുദ്ധിയുടെ അച്ചിൽ ഉരുവാക്കപ്പെട്ട് ജന്മം കൊണ്ടവളാണ് പരി.മറിയം.അങ്ങനെ ജന്മപാപമില്ലാത്ത രണ്ടാം ഹവ്വ/സ്ത്രീ ആയി അവൾ ജനിച്ചു. എ.

www.malankaralibrary.com

ഡി.1854 ൽ പരി.മാതാവ് അമലോൽഭവയാണെന്ന വലിയ സത്യം ഭാഗ്യസ്മരണാർഹനായ ഒമ്പതാം പിയൂസ് മാർപ്പാപ്പ പ്രഖ്യാപിച്ചു. ഈ സത്യത്തെ സ്ഥിരീകരിച്ചുകൊണ്ട് 1858ൽ ഫെബ്രു. 11-ാം തീയതി പരി. മാതാവ് തന്നെ, ലൂർദ്ദിൽ വി.ബെർണഡിറ്റിന് പ്രത്യക്ഷപ്പെട്ട് ഞാൻ അമലോൽഭവയാകുന്നു എന്നു പറഞ്ഞു. നാളെ നാം പാപമില്ലാത്തവളുടെ ജനനത്തിരുനാൾ ആഘോഷിക്കുമ്പോൾ, ഇതു നമുക്ക് തരുന്ന വലിയ ഒരു സന്ദേശമുണ്ട്. നിക്കോദേമോസിനോടും ഇതുതന്നെയാണ് പറയുന്നത്. സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യം കാണാൻ കഴിയുകയില്ല . ഇവിടെ യേശുനാഥൻ പറയുന്നത് നിങ്ങൾ ജലത്തിനാലും ആത്മാവിനാലും ജനിക്കണമെന്നാണ്. ഈ ജനനം നമ്മുടെ ജഡികതയെ ഊരിയെറിഞ്ഞ് പാപത്തിൽനിന്നുമുള്ള മോചനമാണ് അർത്ഥമാക്കുന്നത്. കാനായിലെ കല്ല്യാണസന്ദേശവും ഇതുതന്നെയാണ്. വെള്ളത്തിൽനിന്ന് വീഞ്ഞിലേക്കുണ്ടായ സമൂലമായ മാറ്റം നമ്മുടെ വ്യക്തിജീവിതത്തിലും നടക്കണം. പാപപങ്കിലമായ ജീവിതാവസ്ഥയിൽനിന്ന് പാപരഹിതമായ സന്തോഷത്തിലേക്ക് നാം ജനിക്കണം.

സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യമാക്കിയുള്ള നമ്മുടെ ഈ ജീവിതയാത്രയിൽ തളർച്ചകളുടെയും, വീഴ്ചകളുടെയും, വഴിതെറ്റിപോകലിന്റെയും സന്ദർഭങ്ങളിൽ താങ്ങും തണലുമായി മാതാവ് നമ്മുടെ കൂടെയുണ്ടാകും. സന്തോഷത്തിന്റെ പുതുവീഞ്ഞുനല്കി, നിത്യവും പുതുതായി മാറ്റപ്പെടുവാനും, ഉന്മേഷത്തിന്റെ നിർവൃതിയിലൂടെ എന്നും യാത്ര ചെയ്യുവാനും അവൾ നമ്മെ സഹായിക്കും. അങ്ങനെ സന്തോഷവും, സമാധാനവും കൈകോർത്തുകൊണ്ടുള്ള ഒരു ക്രൈസ്തവജീവിതം നമുക്ക് നയിക്കാം. പുത്രവാത്സല്യത്തോടെ നമ്മെ തൊട്ടുതലോടുന്ന, നമ്മെ ശക്തരാക്കുന്ന മാതാവിനോട് നമുക്ക് ചേർന്നുനിൽക്കാം. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്തവളുടെ സന്നിധിയിൽ നിറഞ്ഞ ഭക്തിയോടെ പൂർണ്ണസമർപ്പണത്തോടെ നമുക്ക് ആയിരിക്കാം. നമ്മൾ ചോദിക്കുന്നതിനുമുമ്പ് നമ്മുടെ ആവശ്യങ്ങൾ മുൻകൂട്ടി അറിയുന്നവളോട് ചേർന്ന് നമുക്ക് സ്വർഗ്ഗപിതാവിനോട് അപേക്ഷിക്കാം. ഈ കഴിഞ്ഞ ഏഴുദിവസത്തെ ഉപവാസത്തിലൂടെയും, മധ്യസ്ഥപ്രാർത്ഥനകളിലൂടെയും നമുക്ക് കൈവന്ന ദൈവാനുഗ്രഹം മുറുകെ പിടിച്ചുകൊണ്ട് ഒരു പുതിയ മാറ്റത്തിലേക്ക് നമുക്ക് ജനിക്കാം. അങ്ങനെ പരി. മാതാവിലൂടെ ദൈവത്തിന്റെ ധാരാളമായ അനുഗ്രഹങ്ങൾ നമുക്കും, നമ്മുടെ കുടുംബങ്ങൾക്കും ആശ്വാസവും പ്രത്യാശയും, ശക്തിയും, ഐശ്വര്യവും പ്രദാനം ചെയ്യട്ടെ....!

www.malankaralibrary.com

# എട്ടുനോമ്പ്: എട്ടാംദിവസം

വിശുദ്ധ സഭ ഇന്ന് പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ ഏറ്റവും ഭക്തിപൂർവ്വം ആഘോഷിക്കുകയാണ്. മനുഷ്യവംശത്തിന് രക്ഷ പ്രദാനം ചെയ്യുവാൻ ഭൂമിയിൽ മനുഷ്യാവതാരം ചെയ്ത പുത്രൻ തമ്പുരാനെ ഗർഭം ധരിച്ചു പ്രസവിച്ച കന്യകാമറിയത്തിന്റെ ദൈവമാതൃത്വവും കന്യകാത്വവും വി. സഭയുടെ അടിസ്ഥാനവിശ്വാസമാണ്. ദൈവമാതാവിനെ ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ ബഹുമാനിക്കുവാൻ സുറിയാനി പാരമ്പര്യം പ്രത്യേകം ശ്രദ്ധിക്കുന്നു. കഴിഞ്ഞ എട്ടു ദിവസങ്ങളായി നോമ്പ് നോറ്റു ഈ ദിവസത്തിനായി നാം ഒരുങ്ങുകയായിരുന്നുവല്ലോ.

മനുഷ്യവംശത്തിൽ ഏതൊരു വ്യക്തിയെ സംബന്ധിച്ചും ചൂണ്ടിക്കാണിക്കുവാൻ സാദ്ധ്യമല്ലാത്ത അനിതരസാധാരണമായ സവിശേഷതകൾ പരി. കന്യാകാമറിയത്തിന് ഉണ്ട്. പരി. കന്യകാമറിയം ദൈവമാതാവാണ്. മറിയത്തെ പറ്റി പറയുവാനുള്ളതെല്ലാം ഈ വാക്യത്തിൽ ഉൾക്കൊള്ളുന്നു. മറിയം മനുഷ്യവർഗ്ഗത്തിന് എന്നും ഒരു വഴികാട്ടിയാണ്. മനുഷ്യവർഗ്ഗത്തെ അവൾ രക്ഷയുടെ തുറമുഖത്തേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. സഭ എന്നു പറയുന്നത് ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ തുടർച്ചയും സാന്നിദ്ധ്യവുമാണ്. സഭ മനുഷ്യാവതാരത്തിന്റെ തുടർച്ചയായതിനാൽ മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ മാതാവ് സഭയുടെ മാതാവാകുന്നു. ഇന്നത്തെ സുവിശേഷഭാഗം ഈ യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. കുരിശ്ശിൽ കിടന്നുകൊണ്ട് യേശുനാഥൻ തന്റെ പ്രിയപ്പെട്ട മാതാവിനെ യോഹന്നാന് ഏല്പിച്ചുകൊടുക്കുന്നു. അങ്ങനെ മാതാവ് നമ്മുടെ എല്ലാവരുടെയും അമ്മയായി മാറുന്നു. മധ്യസ്ഥയും അഭയവും ആയി തീരുന്നു.

സകല ദൈവീക ദാനങ്ങളുടെയും ഉറവയായ യേശുക്രിസ്തുവിനെ തന്നെ മറിയം വഴി നമുക്ക് ലഭിച്ചു എങ്കിൽ അവിടുന്ന തരുന്നു ദാനങ്ങൾ മറിയത്തിൽകൂടി തന്നെ നമുക്കു ലഭിക്കുന്നു എന്നു ചിന്തിക്കാവുന്നതാണ്. രക്ഷകനായ യേശുവിന്റെ പക്കലേക്ക് നമ്മെ ആനയിക്കുന്നതിന് ദൈവമാതാവിന് പ്രത്യേക നൽവരം ദൈവം നല്കിയിട്ടുണ്ട്.

മശിഹായുടെയും മറിയത്തിന്റെയും ജീവിതംപോലെ സുഖദുഃഖങ്ങൾ നിറഞ്ഞതാണ് നമ്മുടെയും ജീവിതം. പുഷ്പങ്ങൾ മാത്രം വിതറിയ വീഥിയല്ല നമ്മുടെ ജീവിതം. സുഖദുഃഖങ്ങൾ ഊടുംപാവുമായി നെയ്തെടുത്ത വസ്ത്രമാണ് ജീവിതം. ഇവിടെ പരി.ദൈവമാതാവാണ് നമുക്ക് മാതൃക. യേശുവിന്റെ ജനനം മുതൽ മരണംവരെ മറിയം യേശുവിനോട് ഒപ്പമുണ്ടായിരുന്നു. ക്ലേശവും ദുഃഖവും നിറഞ്ഞ മാതാവിന്റെ ജീവിതത്തിലെ ഓരോ സന്ദർഭത്തിലും, “ഇതാ കർത്താവിന്റെ ദാസി അവിടുത്തെ ഇഷ്ടം എന്നിൽ നിറവേടട്ടെ” എന്ന് അവൾ ആത്മനാ ആവർത്തിച്ചിരുന്നു.

കർത്താവിന്റെ ദാസി എന്നു പറഞ്ഞാൽ കർത്താവിനുവേണ്ടി സേവനം ചെയ്യു

www.malankaralibrary.com

ന്നവൾ എന്നാണ് അർത്ഥമാക്കേണ്ടത്. സുറിയാനി ഭാഷയിൽ അബ്ദോ എന്നാൽ ദാസൻ എന്നാണ് അർത്ഥം. അബ്ദോ ദാസൻ അംസോ ദാസി. ഈ വാക്കുകളുടെ വാച്യാർത്ഥം അടിമ എന്നാണ്. അടിമ യജമാനന്റെ സ്വന്തം സ്വത്തായി മാറുന്നു. യജമാനന്റെ ഇഷ്ടം എന്തോ അതാണ് അടിമയുടെ ഇഷ്ടം. ഈ അവസ്ഥയാണ് മറിയം ഏറ്റുപറഞ്ഞത്. ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത് സ്വന്തം ഇഷ്ടം ചെയ്യുവാനല്ല ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാനാണ്. സ്വപുത്രന്റെ ബലിയോട് ചേർന്ന് മാതാവും സ്വയം ദൈവത്തിന് സുരഭിലമായ കാഴ്ചയും ബലിയുമായി സമർപ്പിച്ചു.

വിശ്വാസത്തിന്റെയും, പ്രത്യാശയുടെയും സ്നേഹത്തിന്റെയും ശക്തിയിൽ ദൈവമാതാവ് ക്ലേശങ്ങളെയും ദുഃഖങ്ങളെയും നേരിട്ടു. ഈ ധന്യജീവിതം നമുക്ക് എന്നും മാതൃകയാണ്. നമ്മുടെ കുർബ്ബാനയിൽ നാം പ്രാർത്ഥിക്കുന്നുണ്ടല്ലോ. "ഞങ്ങൾ തന്നെ നിനക്ക് സ്വീകാര്യബലിയായിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമേ".

മറിയം സ്വയം ദൈവത്തിന് തന്നെത്തന്നെ സമർപ്പിച്ചു. അതിനാൽ അവൾക്ക് എല്ലാം ലഭിച്ചു. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും എന്ന ഏശയ്യായുടെ പ്രവചനം അവളിൽ നിറവേറി. നമ്മൾ പലപ്പോഴും വിചാരിക്കുന്നത് ദൈവത്തിന് നമ്മെത്തന്നെ കൊടുത്താൽ പലതും നഷ്ടമാകും എന്നാണ്. അതിനാൽ നാം ദൈവത്തിന് നമ്മെത്തന്നെ നല്കാൻ മടിക്കുന്നു. നമ്മെ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുവാൻ ദൈവം ആഹ്വാനം ചെയ്യുന്നു. നമ്മിൽനിന്ന് ഒന്നും എടുക്കുവാനല്ല എല്ലാം നല്കുവാനാണ്. ഈ യാഥാർത്ഥ്യത്തിന്റെ ഒരു തുറന്ന പുസ്തകമാണ് മറിയത്തിന്റെ ജീവിതം.

മലങ്കര സഭയിൽ എല്ലാ പ്രാർത്ഥനകളിലും പ്രത്യേകിച്ച് പ്രുമിയോൻ, സെദറാകളിൽ പരി. ദൈവമാതാവിനെയും വി. ശ്ലീഹായേയും അനുസ്മരിക്കുന്ന സന്ദർഭങ്ങളുണ്ട്. കാരണം പരി. ദൈവമാതാവും വി. ശ്ലീഹായും യേശുവിനെ വഹിച്ച രണ്ടു യാഥാർത്ഥ്യങ്ങളാണ്. ദേവാലയ കൂദാശയിൽ പ്രധാന ത്രോണോസ് ഏതു വിശുദ്ധന്റെയോ ശുദ്ധിമതിയുടെയോ നാമത്തിൽ പ്രതിഷ്ഠിച്ചാലും ആദ്യമായി ആ ത്രോണോസ് ദൈവമാതാവിന്റെ നാമത്തിലാണ് പ്രതിഷ്ഠിക്കുന്നത്. ദൈവപുത്രൻ കഴിഞ്ഞാൽ പിന്നെ വിശുദ്ധിയുടെ അത്യുച്ചസ്ഥാനത്ത് നിലകൊള്ളുന്നത് ദൈവമാതാവാണ് എന്ന് മലങ്കരസഭ ഈ ക്രിയയിലൂടെ ഉദ്ഘോഷിക്കുന്നു. വി. കുർബ്ബാനയിൽ പരസ്യശുശ്രൂഷയിലും രഹസ്യശുശ്രൂഷയിലും ദൈവമാതാവിനെ സവിശേഷം ഓർക്കുന്നു. വി.ശോശാപ്പയും, ധൂപകുറ്റിയും മാതാവിന്റെ പ്രതീകങ്ങളാണ്.

മലങ്കര സഭയിൽ പരി. കന്യാകമറിയത്തെ വിളിക്കുവാൻ ഉപയോഗിക്കുന്നത് ഏമോ ദാലോഹാ അഥവാ ദൈവമാതാവ് എന്ന പദമാണ്. മനുഷ്യപുത്രനായ യേശു എന്ന സംജ്ഞയിൽ ഉപരിയായി ദൈവപുത്രനായ യേശു എന്ന പദത്തിന് നാം പ്രാധാന്യം കൊടുക്കുന്നു. കാരണം യേശുവിന്റെ മനുഷ്യത്വം തന്റെ ദൈവത്വത്തിൽ

www.malankaralibrary.com

ആണ് അടങ്ങിയിരിക്കുന്നത്. ഈ ദൈവത്തെ തന്റെ കൈകളിൽ താലോലിച്ചവൾ ആണ് മറിയം. അഗ്നിയെ വഹിച്ചിട്ടും അവൾ കത്തി ചാമ്പലായില്ല. കാരണം അവൾ വിശുദ്ധജീവിതത്തിന്റെ ഉടമയായിരുന്നു. നാം 9-ാംമണിയുടെ പ്രാർത്ഥനയിൽ പാടുന്നുണ്ടല്ലോ.

ഉടയോൻ നാഥാ, ശിരിസീനാ നീൻ സന്നിധിയിൽ തുള്ളി
മലയും കടലും പേറും നിന്നെ കന്യക ഗർഭേപേറി
അവൾ ഗർഭിണിയായാശ്ചര്യത്താൽതന്നെ പെറ്റാൾ നിന്നെ
വലുതാക്കിടണമവൾ തന്നോർമ്മ.

(ക്യംത്യാ, ഉച്ചനമസ്കാരം)

പുറപ്പാട് പുസ്തകം 19-ാം അദ്ധ്യായം 17 മുതൽ 19 വരെയുള്ള വാക്യങ്ങളെ അടിസ്ഥാനപ്പെടുത്തി എഴുതിയ വളരെ അർത്ഥസംപുഷ്ഠമായ ഒരു ഗാനമാണ് ഇത്. ദൈവത്തെ കാണുന്നതിനുവേണ്ടി മോശ ജനത്തെ പാളയത്തിന് പുറത്തുകൊണ്ടുവന്നു. അവർ മലയുടെ അടിവാരത്തിൽ നിലയുറപ്പിച്ചു. കർത്താവ് അഗ്നിയിൽ ഇറങ്ങിവന്നതിനാൽ സീനായ് മല മുഴുവൻ ധൂമാവൃതമായി. ചൂളയിൽനിന്ന് എന്നതുപോലെ അവിടെനിന്നും പുക ഉയർന്നുകൊണ്ടിരുന്നു. മല ശക്തിയായി ഇളകിവിറച്ചു കാഹളശബ്ദം ശക്തിപ്പെട്ടുകൊണ്ടിരുന്നു. മോശ സംസാരിക്കുകയും ദൈവം ഇടിമുഴക്കത്തിലൂടെ ഉത്തരം നല്കുകയും ചെയ്തു. ദൈവം മോശയ്ക്ക് പ്രത്യക്ഷപ്പെട്ട് പത്തു കല്പനകളും മറ്റു നിയമങ്ങളും നല്കിയത് ഈ മലയിൽവച്ചാണ്. ഈ മലയേയും, സർവ്വചരാചരങ്ങളെയും വഹിക്കുന്നവനായ ദൈവത്തെ പ്രസവിച്ച വി. ദൈവമാതാവ് എല്ലാ വിശുദ്ധന്മാരെക്കാളും ശ്രേഷ്ഠയും മാലിന്യമില്ലാത്തവളുമാണ്.

മലങ്കര സഭ പരിശുദ്ധ ദൈവമാതാവിനെ അനുസ്മരിക്കുന്നത് വി.സഭയുടെയും വിശുദ്ധന്മാരുടെയും സംസർഗ്ഗത്തിന് ഉള്ളിലാണ്. എല്ലാ പ്രാർത്ഥനകളും അവളുടെ ഓർമ്മയിലുള്ള ധ്യാനമാണ്. വി. കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ "നിന്നെ പ്രസവിച്ച മറിയാമും നിനക്ക് മാമോദീസ നല്കിയ യൂഹാനോനും ഞങ്ങൾക്കുവേണ്ടി നിന്നോട് അപേക്ഷിക്കും" എന്ന് ചൊല്ലിക്കൊണ്ടാണ് ത്രോണോസ് ചുറ്റുന്നത്. ഇവിടെ വിശുദ്ധന്മാരുടെ സംസർഗ്ഗത്തിലും, കൂട്ടായ്മയിലും ഉള്ള നമ്മുടെ വിശ്വാസം നാം ഉറപ്പിച്ചു പറയുകയാണ്. അതുപോലെ യേശുവിനെ കൈകളിൽ ഏന്തിനിൽക്കുന്ന ദൈവമാതാവിന്റെ ചിത്രമാണ് നാം ദേവാലയത്തിൽ പ്രതിഷ്ഠിക്കുന്നത്. കാരണം ഈ മാതാവും രക്ഷപെടുന്നത് യേശുവിലൂടെയാണ്. യേശുക്രിസ്തു എവിടെ ബഹുമാനിക്കപ്പെടുന്നുവോ, അവിടെ ദൈവമാതാവും ബഹുമാനിക്കപ്പെടണം. ക്രിസ്തുരഹസ്യത്തിന്റെ അതുല്യസാക്ഷിയാണ് അവൾ.

ക്രൈസ്തവജീവിതത്തിൽ സ്നേഹത്തിന്റെയും കരുതലിന്റെയും പ്രതീകമാണ് വി.ദൈവമാതാവ്. ജീവിതക്രൂശ് എടുത്ത് യേശുവിനോടൊപ്പം ഉണ്ടായിരുന്ന വ്യക്തിയാണ് അവൾ. നമ്മുടെ ജീവിതം ഇതുപോലെ ഒന്നായിരിക്കണം. കുരിശ് ധരിക്കുന്ന

www.malankaralibrary.com

വനും, വരയ്ക്കുന്നവനും ആണ് ക്രിസ്ത്യാനി. യേശുക്രിസ്തു നല്കുന്ന ക്രൂശിനെ സന്തോഷത്തോടെ കൈക്കൊള്ളുന്നവനാണ് ക്രിസ്ത്യാനി. ജീവിതാനുഭവങ്ങൾ എന്തുതന്നെ ആയിരുന്നാലും എല്ലായ്പ്പോഴും ദൈവത്തിൽ ആശ്രയിക്കുവാനും, എല്ലാം വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കാണുവാനും, മറിയത്തെപ്പോലെ നമ്മൾക്കും സാധിക്കണം. ക്ലേശങ്ങളിലും അപമാനങ്ങളിലും നിരാശപ്പെടാതെ അമ്മയെപ്പോലെ ശാന്തതയും സഹനശക്തിയും പാലിക്കുവാൻ നമുക്ക് സാധിക്കണം.

ഇന്ന് നമ്മെ ബഹുമാനിക്കുന്നവർ നാളെ നമ്മെ അപമാനിച്ചു എന്നു വരാം. തള്ളിപ്പറഞ്ഞേക്കാം. നമ്മെ ഏറ്റവും സ്നേഹിക്കുന്നവർപോലും വഞ്ചിച്ചു എന്നിരിക്കാം. ഭർത്താവ് തന്നെ സ്നേഹിക്കുന്നില്ല എന്ന് ഭാര്യക്ക് തോന്നിയേക്കാം. ഭാര്യ തന്നെ തെറ്റിദ്ധരിച്ചേക്കാം. മക്കൾ തങ്ങളെ അനുസരിക്കുന്നില്ല എന്ന് മാതാപിതാക്കൾക്ക് തോന്നിയേക്കാം. മാതാപിതാക്കൾ തങ്ങളെ സ്നേഹിക്കുന്നില്ല എന്ന് മക്കൾക്ക് തോന്നാം. നാം ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ മുന്നോട്ടു നീങ്ങിയില്ല എന്നു വന്നേക്കാം. അപ്പോഴെല്ലാം നിരാശരാകാതെ പ്രതിസന്ധിയുടെയും പ്രശ്നങ്ങളുടെയും മദ്ധ്യേ തളരാതെ, പതറാതെ, ഇടറാതെ മറിയത്തെപ്പോലെ ദൈവസന്നിധിയിൽ നാം കൂടുതൽ ആശ്രയം വയ്ക്കുകയാണ് വേണ്ടത്.

മറിയത്തെപ്പോലെ ഉയർത്തപ്പെട്ടവരായി ആരുമില്ല. മറിയത്തെപ്പോലെ താഴ്ത്തപ്പെട്ടവരായും ഈ ലോകത്തിൽ ആരുമില്ല എന്ന് നാം പ്രാർത്ഥനയിൽ യാക്കോബിന്റെ ബോവൂസായിൽ പാടുന്നു. നിങ്ങളും ഞാനും ദൈവസന്നിധിയിൽ ഉയർത്തപ്പെടുന്നു. എങ്കിൽ വിനയത്തിന്റെയും വിശുദ്ധിയുടെയും ആത്മാവിനാൽ നാം നിറയണം. മറിയത്തിന്റെ ജനനപ്പെരുന്നാൾ നാം ആഘോഷിക്കുമ്പോൾ പരി. അമ്മയുടെ ജീവിതത്തിൽ പ്രശോഭിച്ച ദൈവസ്നേഹം, പരസ്നേഹം, എവിടെയും എപ്പോഴും ദൈവവചനത്തോടുള്ള വിധേയത്വം തുടങ്ങിയ കാര്യങ്ങൾ നമുക്ക് അനുകരിക്കാം. അതിനുള്ള ശക്തിക്കായി നമുക്ക് പ്രാർത്ഥിക്കാം. പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയും, അപേക്ഷയും നമുക്ക് എന്നും കോട്ടയായിരിക്കട്ടെ.

■

www.malankaralibrary.com

# വി. തോമാശ്ലീഹായുടെ ദുക്റാന

'ദുക്റാന' എന്ന സുറിയാനി വാക്കിന്റെ അർത്ഥം ഓർമ്മ എന്നാണ്. മാർത്തോമാ ക്രിസ്ത്യാനികളായ നാം നമ്മുടെ പിതാവായ തോമാശ്ലീഹായുടെ ഓർമ്മത്തിരുന്നാളാണ് ഈ പദംകൊണ്ടു അർത്ഥമാക്കുന്നത്. വിശ്വാസം നമുക്ക് പകർന്നുതന്ന് വിശ്വാസത്തിൽ നമ്മെ ജനിപ്പിച്ച നമ്മുടെ ആദ്ധ്യാത്മിക പിതാവാണ് മാർ തോമാശ്ലീഹാ. പരേതനായ പിതാവിനെ ഭക്ത്യാദരപൂർവ്വം കുടുംബാംഗങ്ങൾ ഓർക്കുന്നതുപോലെ മാർത്തോമാക്രിസ്ത്യാനികളായ നാം നൂററാണ്ടുകളായി തോമാശ്ലീഹായുടെ ദുക്റാനാ ഒരു വലിയ പുണ്യദിനമായി ആചരിച്ചുവരുന്നു.

വി.ഗ്രന്ഥത്തിൽ തോമാശ്ലീഹായെപ്പററി വളരെ കുറച്ചു പരാമർശങ്ങളേ ഉള്ളൂ. പ്രധാനമായും നാലാം സുവിശേഷത്തിലാണ് തോമാശ്ലീഹായുടെ വ്യക്തിത്വത്തിലേയ്ക്കു വെളിച്ചം വീശുന്ന സംഭവങ്ങൾ വിവരിച്ചുട്ടുള്ളത്. മൂന്നാം നൂററാണ്ടിൽ വിരചിതമായ തോമാശ്ലീഹായുടെ നടപടി എന്ന ഒരു ഗ്രന്ഥം തോമാശ്ലീഹായെപ്പററി ചില വിവരങ്ങൾ നല്കുന്നുണ്ട്. ചരിത്രപരമായ മൂല്യം ഈ ഗ്രന്ഥത്തിനു കുറവാണെങ്കിലും തോമാശ്ലീഹായ്ക്ക് സഭയിൽ ലഭിച്ചിരുന്ന ബഹുമാനത്തിനും ആദരവിനും ഈ പുസ്തകം നല്ലൊരു സാക്ഷ്യമണ്. നമ്മുടെയും മററു പുരാതന സഭകളുടെയും ആരാധനക്രമമാണ് തോമാശ്ലീഹായെപ്പററി മനസ്സിലാക്കാനുള്ള മറെറാരു ആധാരം. നമ്മുടെ പെങ്കീസാ നമസ്ക്കാരത്തിലെ ജൂലൈ മൂന്നിനുള്ള പ്രാർത്ഥനകളിൽ തോമാശ്ലീഹായുടെ ഇന്ത്യയിലെ സുവിശേഷപ്രവർത്തനങ്ങളെപ്പററി വ്യക്തമായ സൂചനകളുടെണ്ട്. ജൂലൈ മൂന്നിലെ സന്ധ്യാപ്രർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു.

"ഞങ്ങളുടെ പിതാവും നിന്റെ അപ്പോസ്തലനുമായ തോമാശ്ലീഹായുടെ മഹത്ത്വപൂർണ്ണമായ തിരുനാൾ ഞങ്ങൾ ആഘോഷിക്കുമ്പോൾ, ഞങ്ങളുടെ രക്ഷയ്ക്കായി മനുഷ്യനായിത്തീർന്ന വചനമായ ദൈവമേ, വി.തോമായെ സുവിശേഷം പ്രസംഗിക്കുവാൻ തിരഞ്ഞെടുത്ത് ഇന്ത്യയിലേക്ക് അയച്ച അവിടുത്തെ അനന്തകാരുണ്യം ഞങ്ങൾ ആരാധിക്കുന്നു."

ഒരു ചെടിയെന്നപോലെ സഭയെ ഭാരതമണ്ണിൽ നട്ട കർഷകനെന്നാണ് പെങ്കീസാ നമസ്ക്കാരത്തിൽ തോമായെ വിശേഷിപ്പിക്കുന്നത്. പാരമ്പര്യമനുസരിച്ച് ശ്ലീഹന്മാരിൽ ഏററവും കൂടുതൽ ദൂരം സഞ്ചരിച്ച് സുവിശേഷം അറിയിച്ച ആൾ തോമാശ്ലീഹായാണ്. കടലും കരയും കടന്ന് ഇന്ത്യയിൽ വന്ന് സുവിശേഷം അറിയിച്ച് ഇവിടെ രക്തസാക്ഷിയായി മരിക്കാൻ തോമാശ്ലീഹായെ പ്രേരിപ്പിച്ച ചേതോവികാരം സവിശേഷപഠനം അർഹിക്കുന്ന വിഷയമാണ്. പെങ്കീസായിൽ ഈ ചോദ്യത്തിന് ഉത്തരം കൊടുത്തിട്ടുണ്ട്.

"ഉത്ഥാനം ചെയ്ത കർത്താവിനെ കാണുന്നതുവരെ നീ അവനിൽ വിശ്വസിച്ചില്ല. എന്നാൽ അവന്റെ മുറിവുകളിൽ നീ സ്പർശിച്ചപ്പോൾ അവന്റെ ഉത്ഥാനം നീ

www.malankaralibrary.com

ഏററു പറഞ്ഞു."

സുവിശേഷത്തിനു തോമായെ പ്രേരിപ്പിച്ച ചേതോവികാരം തൊട്ടറിഞ്ഞ യേശു അനുഭവമാണ്. ഉത്ഥിതനെ ദർശിച്ചപ്പോൾ തോമായുടെ വിശ്വാസം ഉറപ്പിക്കപ്പെട്ടു. ഈ അനുഭവം കർത്താവിനുവേണ്ടി എന്തും സഹിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു.

ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ ഉയിർപ്പാണ്. വി.പൗലോശ്ലീഹാ അതുതന്നെയാണല്ലോ ഏററുപറയുന്നത്. "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ് " (1കോറി 15:17). ഉത്ഥിതദർശനമാണ് തോമായ്ക്കു നവചൈതന്യം പകർന്നത്. ഈ ദർശനമാണ് നമുക്കു നവചൈതന്യം പകരേണ്ടത് തോമാശ്ലീഹായെപ്പോലെ ശാരീരികനയനങ്ങളാൽ ഉത്ഥിതനായ യേശുവിനെ കാണുക നമുക്കു എളുപ്പമല്ലെങ്കിലും ആന്തരിക നയനങ്ങളാൽ ഉത്ഥിതനെ കാണുക തന്നെ ചെയ്യണം.

ആന്തരികതയുടെ അഗാധതയിൽ 'യേശു'വിനെ അറിയുകയാണ് 'യേശുദർശനം'. ഇതുതന്നെയാണ് മാർഈവാനിയോസ് പിതാവു പറഞ്ഞ ദൈവസമ്പാദനവും. ഈ അനുഭവത്തിൽ ഊന്നിനിന്നുകൊണ്ടേ വചനപ്രഘോഷണം സാധ്യമാകൂ. ഈ അനുഭവത്തിൽ ജീവിക്കുന്നവർക്ക് സഹജീവികളോട് ഈ അനുഭവം പങ്കുവെയ്ക്കാതിരിക്കുക അസാധ്യമാണ്. ഇതാണ് യഥാർത്ഥസുവിശേഷവത്കരണം. യേശുദർശനം ലഭിച്ച തോമായ്ക്ക് പിന്നീട് ശാന്തമായി പാലസ്തീനായിൽ ഇരിക്കാൻ കഴിഞ്ഞില്ല. തനിക്ക് നിശ്ചയിച്ച ദേശത്ത് സുവിശേഷം പ്രഘോഷിക്കാൻ അദ്ദേഹം ഓടുകയാണ്. തോമായുടെ മക്കളെന്ന് അഭിമാനിക്കുന്ന നാം സുവിശേഷ പ്രഘോഷണത്തിൽ പിന്നോട്ടുപോകുന്നുവെങ്കിൽ, അല്ലെങ്കിൽ നമ്മുടെ സുവിശേഷ പ്രഘോഷണം വേണ്ട രീതിയിൽ ഫലവത്താകുന്നില്ലെങ്കിൽ അതിന്റെ അടിസ്ഥാനപരമായ കാരണം നമ്മുടെ ക്രിസ്ത്വനുഭവത്തിന്റെ കുറവാണ്.

എന്നും സുവിശേഷത്തിനുവേണ്ടി ദാഹിച്ച ഭൂമിയാണ് ഭാരതം. കാരണം ക്രിസ്തുവിന് വളരെ നൂററാണ്ടുകൾക്കുമുമ്പ് എഴുതപ്പെട്ട വേദങ്ങളിൽ ദൈവത്തിനുവേണ്ടിയുള്ള ശക്തമായ ദാഹം കാണാം. മായയിൽ നിന്ന് യാഥാർത്ഥ്യത്തിലേക്കും ഇരുളിൽ നിന്ന് വെളിച്ചത്തിലേക്കും, മരണത്തിൽ നിന്ന് ജീവനിലേക്കും ഞങ്ങളെ നയിക്കണമെന്ന് നമ്മുടെ പൂർവ്വികന്മാർ പ്രാർത്ഥിച്ചിരുന്നു. ഭാരതം യുഗങ്ങളിലൂടെ അന്വേഷിച്ചിറങ്ങിയത് സത്യവും നീതിയും മാർഗ്ഗവുമാണ്. ഞാനാണ് വഴിയും സത്യവും ജീവനുമെന്ന് അവകാശപ്പെട്ട യേശുവിനുവേണ്ടിയുള്ള ദാഹമായിരുന്നു അത്. താൻ അനുഭവിച്ച വഴിയും സത്യവും ജീവനുമായവനെ നമുക്ക് തരുവാൻ, ജീവൻ തൃണവൽഗണിച്ചുകൊണ്ട്, നമ്മുടെ പിതാവ് ഈ ഭാരതമണ്ണിലെത്തി. "അനുഗ്രഹീതനായ വി.തോമാശ്ലീഹായെ, നിന്റെ ധീരമായ പ്രവർത്തനത്താൽ സാത്താന്റെ അടിമത്വത്തിലായിരുന്ന ആളുകൾക്ക് നീ സ്വാതന്ത്ര്യം നൽകി" എന്നു നമ്മൾ പ്രാർത്ഥിക്കുന്നു. അവിടുന്ന് നമുക്ക് നൽകിയ ആ സ്വാതന്ത്ര്യം സ്വജീവിതത്തിൽ അനുഭവിക്കാനും, ഇതിനുവേണ്ടി ദാഹിക്കുന്നവർക്ക് പകർന്നുകൊടുക്കാനും കഴിയണമെന്ന് ഈ തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

www.malankaralibrary.com

**'മാർവലാഹ്'**

'മാർവലാഹ'എന്ന പ്രകരണം (എന്റെ കർത്താവേ എന്റെ ദൈവമേ) മാർതോമാ ശ്ലീഹായുടെ വിശ്വാസ പ്രകടനമായിരുന്നു. ക്രിസ്ത്വനുഭവത്തിന്റെ പ്രകരണം. ഉത്ഥിതനെ കണ്ട തോമാ അധികം വാചാലനാകുന്നില്ല. അവിടുന്ന് പറഞ്ഞ ഈ രണ്ടു വാക്കുകളിൽ എല്ലാം ഉണ്ടായിരുന്നു, വിശ്വാസം മുഴുവനും. നമ്മുടെ വിശ്വാസത്തിന്റെ സംക്ഷിപ്തരൂപമാണിത്. വിശുദ്ധ ഗ്രന്ഥത്തിൽ ഏററവും പൂർണ്ണവും ഹൃദയത്തിൽ തൊട്ടുള്ളതുമായ വിശ്വാസ പ്രഖ്യാപനം ഇതുതന്നെയാണെന്ന് പറയാം. ദുക്റാന സന്ധ്യാ പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു. "ആണിപ്പഴുതുകളിൽ തൊടാതെ ഞാൻ വിശ്വസിക്കുകയില്ലെന്ന് തോമസു പറഞ്ഞു. യേശു പറഞ്ഞു 'നിന്റെ വിരൽ തരുക, ഇതാ എന്റെ മുറിപ്പാടുകൾ' എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് നിലവിളിച്ചുകൊണ്ട് അവൻ ഉത്ഥാനത്തിന് സാക്ഷ്യം വഹിക്കാൻ ഇറങ്ങിപോയി". തോമാശ്ലീഹായ്ക്ക് യേശുവിൽ ഉണ്ടായിരുന്ന അടങ്ങാത്ത വിശ്വാസത്തിന്റെയും, ഒടുങ്ങാത്ത സ്നേഹത്തിൻെറയും ആകെതുകയായിരുന്നു ആ പ്രകരണം. കർത്താവിനെ കാണാതെ ഞാൻ വിശ്വസിക്കുകയില്ല എന്ന വി.തോമാശ്ലീഹായുടെ 'പിടിവാശിയെ'മാത്രം ആധാരമാക്കി അവിശ്വാസിയായ തോമാ എന്നു വിളിക്കുന്നത് ബാലിശമാണ്. തോമായുടെ വിശ്വാസപ്രഖ്യാപനം പഴയനിയമത്തിൽ വേരൂന്നി പടർന്ന് പന്തലിച്ച് നിൽക്കുന്നതാണ്. പഴയനിയമത്തിൽ യഹോവയായ ദൈവത്തെ സംബന്ധിച്ച് പറയുമ്പോൾ 'അദോണായ്' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. യഹോവയുടെ രാജത്വത്തെയും, അധികാരത്തെയുമാണ് ഈ പദം സൂചിപ്പിക്കുന്നത്. ഗ്രീക്കു ബൈബിളിൽ യാഹവേ എന്ന ദൈവനാമത്തിനു പകരം കർത്താവേ എന്നർത്ഥം വരുന്ന 'കീരിയോസ' എന്ന പദമാണ് ഉപയോഗിക്കുന്നത്. പഴയനിയമത്തിൽ യഹോവയായ ദൈവത്തെ സംബന്ധിച്ച് പറയാൻ ഉപയോഗിക്കുന്ന അതേ പദങ്ങളാണ് നമ്മുടെ പിതാവ് യേശുവിനെ സംബോധന ചെയ്യാൻ ഉപയോഗിച്ചതും. ദൈവം ഏകമാണെന്നുള്ള വലിയ വിശ്വാസ പ്രഘോഷണമാണ് മാർതോമാശ്ലീഹായുടെ നാവിൽ നിന്നുതിർന്നത്. യേശുവിനെ 'കർത്താവും', 'ദൈവവുമായി' മാർത്തോമ്മാശ്ലീഹാ ഏററുപറഞ്ഞപ്പോൾ, അവിടുത്തെ ഏകദൈവവും, സർവ്വത്തിൻെറയും സ്രഷ്ടാവും നാഥനും പ്രത്യാശയുമായി അദ്ദേഹം അനുഭവിച്ചറിയുകയായിരുന്നു.

**പാപങ്ങളോടു പക്ഷം ചേരുക**

ഇന്ത്യയിലെ അദ്ദേഹത്തിൻെറ സുവിശേഷ പ്രവർത്തനം അത്ഭുതപരമായ ദൈവപരിപാലനയിലായിരുന്നു. തോമാശ്ലീഹായുടെ പ്രവർത്തനത്തിൻെറ ആരംഭത്തെപ്പററി നമ്മുടെ ആരാധനയിൽ (ദുക്റാന സന്ധ്യാ) സൂചനയുണ്ട്. 'ഗുണ്ടഫോറസ് രാജാവിൽ നിന്ന് കെട്ടിടം പണിയാൻ പണം വാങ്ങുകയും അത് പാവങ്ങൾക്കു നൽകികൊണ്ട് രാജാവിന് സ്വർഗ്ഗത്തിൽ കെട്ടിടം പണിയുകയും' ചെയ്തു. തോമായുടെ നടപടി എന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തിൻെറ ഇൻഡ്യയിലെ പ്രേക്ഷിത പ്രവർത്തന

www.malankaralibrary.com

രംഗത്തെപ്പററി വ്യക്തമായി പറയുന്നുണ്ട്. 'ശ്ലീഹന്മാർ ഒന്നിച്ചുകൂടി പ്രവർത്തനമണ്ഡലങ്ങൾ കുറിയിട്ട് നിശ്ചയിച്ചു.' തനിക്ക് ഇൻഡ്യയാണ് കിട്ടിയെതെന്നറിഞ്ഞപ്പോൾ തോമസ് വിസമ്മതം പറഞ്ഞു. എന്നാൽ കർത്താവ് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തിന് ധൈര്യം പകർന്നു. കൊട്ടാരം പണിയാൻ വിദ്ഗ്ദ്ധനായ മരപ്പണിക്കാരനെ കണ്ടെത്തുന്നതിനുവേണ്ടി ഗുണ്ടഫോർ രാജാവ് അയച്ച ഹംസാൻ എന്ന വ്യാപാരിക്ക് ഇരുപതു നാണയതിന് തോമായെ കർത്താവ് വിററു. ഇൻഡ്യയിലെത്തിയ തോമാ കൊട്ടാരം പണിക്കായി രാജാവു കൊടുത്ത പണം മുഴുവനും ദരിദ്രർക്കു കൊടുത്തു. കുപിതനായ രാജാവ് തോമായെ കാരാഗൃഹത്തിലടച്ചു. അന്നു തന്നെ രാജാവിന്റെ സഹോദരൻ ഗാദ് മരണമടഞ്ഞു. സ്വർഗ്ഗത്തിലെത്തിയ ഗാദിന്, രാജാവിനുവേണ്ടി സ്വർഗ്ഗത്തിൽ തോമാ പണിത കൊട്ടാരം മാലാഖമാർ കാണിച്ചു കൊടുത്തു. ഗാദിന് വീണ്ടും ശരീരംനല്കി ഭൂമിയിലേക്ക് അയയ്ക്കുകയും ചെയ്തു. സ്വസഹോദരനിൽ നിന്ന് വിവരം ഗ്രഹിച്ച രാജാവ് മാനസാന്തരപ്പെട്ട് തോമായെ ഭക്ത്യാദരത്തോടെ സ്വീകരിച്ചു.

ഇങ്ങനെയാണ് തോമായുടെ പ്രേക്ഷിതപ്രവർത്തനത്തിൻെറ തുടക്കം. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' (യോ. 15:13) എന്ന വാക്യം അക്ഷരാർത്ഥത്തിൽ പാലിച്ചുകൊണ്ട് പാവങ്ങളെ സഹായിക്കുന്ന തോമാശ്ലീഹാ സ്വന്തം ജീവൻ പോലും സഹോദരസ്നേഹത്തിനുപരിയായി കാണുന്നില്ല. കേരള ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം സമൂഹത്തിൽ ഉന്നതമായ സ്ഥാനം നിലനിർത്തുന്നവരാണ് നമ്മൾ. കേരളത്തിലെ നല്ലൊരു പങ്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ നമ്മുടേതാണ്. ആതുരസേവനരംഗത്തും മററ് പലരംഗങ്ങളിലും നമ്മൾ നമ്മുടേതായ വ്യക്തിമുദ്ര പതിച്ചു കഴിഞ്ഞു. പക്ഷേ നമ്മുടെ സമൂഹത്തിൽ ഇന്നും ദാരിദ്രത്തിൽ വലയുന്ന അനേകരുണ്ടെന്ന സത്യം നാം പലപ്പോഴും മറന്നുപോകുന്നു. നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളും, ആതുരസേവനങ്ങളുമൊക്കെ ഉന്നതരെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതല്ലേയെന്ന് പലപ്പോഴും സംശയിച്ചുപോകുന്നു. നമ്മുടെ വ്യക്തിപരവും സംഘാതവുമായ പ്രവർത്തനങ്ങൾ വഴി താഴേതട്ടിൽ നിൽക്കുന്നവരെ ഉയർത്തി കൊണ്ടുവരുവാൻ നമുക്ക് കടമയുണ്ട് എന്ന സത്യവും ഈ തിരുനാൾ നമ്മളെ ഓർമ്മിപ്പിക്കുന്നു.

### നിണം ചിന്തിയ വിശ്വാസം

രക്തസാക്ഷിത്വത്തിന്റെ മാധുര്യം നുകരാൻ ഈ തിരുനാൾ ഓരോ ക്രൈസ്തവനെയും ആഹ്വാനം ചെയ്യുന്നു. ഇത്തരുണത്തിൽ ജപ്പാനിൽ നടന്നൊരു സംഭവമാണ് എന്റെ ഓർമ്മയിൽ തെളിയുന്നത്. പംക്രേഷസ് എന്ന ബാലന്റെ അമ്മ ലൂസിന, ക്രിസ്തുവിനുവേണ്ടി സ്വഭർത്താവു വധിക്കപ്പെട്ടപ്പോൾ ചിന്തിയ രക്തതുള്ളികൾ ഒരു അരുളിക്കയിൽ നിറച്ച് മകന്റെ കഴുത്തിൽ കെട്ടികൊണ്ടുപറഞ്ഞു. മകനേ നീയും ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയാകണം. ജപ്പാനിലെ രക്തസാക്ഷികളുടെ ചരിത്രത്തിൽ അമ്മയുടെ കൺമുൻമ്പിൽ വെച്ച് മകൻ പീഡിപ്പിക്കപ്പെട്ടപ്പോൾ ആ മകനെ സഹനത്തിനായി പ്രേരിപ്പിച്ചുകൊണ്ടിരുന്ന ആ വീര മാതാവിന്റെ ചിത്രം നമു

www.malankaralibrary.com

ക്ക് കാണാവുന്നതാണ്. നമ്മുടെ അമ്മയായ ഭാരതസഭ നിരന്തരം നമ്മളെ അനുസ്മരിപ്പിക്കുന്ന ഒരു കാര്യമുണ്ട്. ക്രിസ്തുനാഥനുവേണ്ടി ജീവൻ ബലികഴിച്ച ധീരനായ പിതാവിന്റെ കാലടികളെ പിൻതുടരുക. "നിന്റെ കർത്താവായ യേശുവിനുവേണ്ടി, നിന്നെതന്നെയും ഈ ലോകത്തെയും ഉപേക്ഷിക്കുകയും, അവന്റെ സുവിശേഷപ്രവൃത്തികൾക്കായി ധീരമായി നിന്നെതന്നെയും സമർപ്പിക്കുകയും ചെയ്ത തോമ്മായെ നീ അനുഗ്രഹീതനാകുന്നു" എന്ന് ദൃക്റാന സന്ധ്യപ്രാർത്ഥനയിൽ നാം ചൊല്ലുന്നു (555 – 56). തോമാ തന്നെതന്നെയും ലോകത്തെയും ഉപേക്ഷിക്കുക മാത്രമല്ല യേശുവിനുവേണ്ടി സ്വജീവൻ സമർപ്പിക്കുകയും ചെയ്തു.

'ഈ ഭാരതഭൂവിൽ വെച്ച്, നിന്റെ നാഥനുവേണ്ടി സന്തോഷത്തോടെ ജീവൻ സമർപ്പിച്ച; തിരഞ്ഞെടുക്കപ്പെട്ട അപ്പസ്തോലനായ വലി. തോമാശ്ലീഹായെ നീ അനുഗ്രഹീതാകുന്നു' ...

സമ്പൂർണ്ണ സമർപ്പണം രക്തസാക്ഷിത്വം ആവശ്യപ്പെടുന്നു. ശാരീരികമായ രക്തസാക്ഷിത്വം വേണ്ട അവസരം ഒരു പക്ഷെ നമ്മുടെ ജീവിതത്തിൽ കടന്നു വന്നില്ലെങ്കിൽപ്പോലും ജീവനു തുല്യമായ ചിലകാര്യങ്ങളെ പരിത്യജിക്കേണ്ടിവരുന്ന സാഹചര്യങ്ങളെ നാം അഭിമുഖീകരിക്കേണ്ടിവരും. ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുമ്പോഴും, നിയമങ്ങൾ അനുഷ്ഠിച്ച് ജീവിക്കുമ്പോഴും ചിലപ്പോൾ പരിഹാസവും നിന്ദയും, അപമാനവും സഹിക്കേണ്ടിവന്നേക്കാം. ക്രൈസ്തവൻ എന്ന ഒററ കാരണത്താൽ വിദ്യാഭ്യാസ മേഖലയിലെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുമ്പോഴും, ഉദ്യോഗങ്ങൾ ലഭിക്കാതെ വരുമ്പോഴും, കലാ സാംസ്കാരിക രംഗങ്ങളിൽ അവഗണിക്കപ്പെടുമ്പോഴും ധീരമായി ക്രിസ്തുവിനുവേണ്ടി ജീവിക്കാൻ സാധിച്ചാൽ അത് രക്തസാക്ഷിത്വത്തിന്റെ ജീവിതമാണ്. ഇവിടെയാണ് നമ്മുടെ പിതാവിന്റെ ചൈതന്യം നാം ഉൾകൊള്ളുന്നത്. ഇന്ന് ക്രൈസ്തവർക്ക് നേരെ ഏറിവരുന്ന എല്ലാ അതിക്രമങ്ങളും അവഗണിച്ചുകൊണ്ടുതന്ന, നമ്മുടെ പിതാവിനെപ്പോലെ, നമുക്ക് സുവിശേഷത്തിൻെറ സാക്ഷികളാകാൻ സാധിയ്ക്കണം. മറെറന്നത്തെക്കാളും മതതീവ്രവാദത്തിന്റെയും, വർഗ്ഗചേരിപ്പോരിന്റെയും ഭീഷണിയിലാണ് നാം. എന്നാൽ നമ്മുടെ വിശ്വസ ജീവിതത്തിൽ നിന്ന് നമ്മെ അകററാൻ അതൊന്നും പ്രാപ്തമല്ലന്ന് തെളിയിക്കുവാൻ നമുക്ക് സാധിക്കണം. മരണത്തെയും സകല തിന്മകളെയും ജയിച്ച് ശക്തിയോടെ യേശു നമ്മുടെകൂടെ എപ്പോഴും ഉണ്ട് എന്ന ബോധ്യം ഉണ്ടാവുകയാണെങ്കിൽ വിപരീത ശക്തികൾ എത്രശക്തിയായി അലയടിച്ചാലും ധൈര്യത്തോടെ പിടിച്ചു നില്ക്കാൻ നമുക്ക് സാധിക്കും. അവനോട് എതിർത്തു നില്ക്കുന്നവർ തകർക്കപ്പെടുന്നു, അവനോട് ഐക്യപ്പെട്ടിരിക്കുന്നവർ അവന്റെ മഹത്വത്തിൽ ചേർന്ന് വിജയിക്കുന്നു. ഇതാണ് ലോകചരിത്രം. ദുക്റാന തിരുനാൾ സന്ധ്യാ പ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ അപ്പസ്തോലനായ തോമാശ്ലീഹായുടെ പ്രാർത്ഥനകളാൽ, അവൻ ഞങ്ങളെ പഠിപ്പിച്ച വിശ്വാസം ഞങ്ങളുടെ ജീവിതത്തിന്റെ അവസാന ശ്വാസംവരെ ധൈര്യസമേതം പ്രഘോഷിക്കുവാൻ നീ കൃപ തരേണമേ." അതെ, ജീവിതത്തിന്റെ അവസാ

www.malankaralibrary.com

ന ശ്വാസം വരെ നമ്മുടെ പിതാവ് നമുക്ക് കാണിച്ചുതന്ന ധീരമായ പാത പിൻതുടരുവാൻ നമുക്ക് സാധിക്കണം.

## സഭൈക്യത്തിനായി പ്രാർത്ഥിക്കാനൊരു ദിനം

സഭാ ഐക്യത്തിനായി പ്രാർത്ഥിക്കുവാനും പ്രവർത്തിക്കാനും ഈ ദിവസം നമ്മളെ ആഹ്വാനം ചെയ്യുന്നു. ദുക്റാന സന്ധ്യ പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു. "ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ വിശുദ്ധ തോമാശ്ലീഹായിലൂടെ, വചനത്തിന്റെ വിത്ത് ഇൻഡ്യയിൽ നീ വിതച്ച്, അതിനെ ധാരാളം ശാഖകകളുള്ള ഒരു വൃക്ഷമായി നീ വളർത്തിയല്ലോ. നിന്റെ എല്ലാ സഭകളെയും നീ ഒരു ശരീരമാക്കി ശേഖരിക്കേണമേ. അങ്ങനെ ഈ രാജ്യം മുഴുവൻ നിന്റെ സത്യത്തിന്റെ പ്രകാശം അവരിൽ കാണുവാൻ ഇടയാകട്ടെ." നമ്മളെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമായ പ്രാർത്ഥനയാണിത്. സഭാ തർക്കങ്ങൾ തെരുവിലേക്ക് വരെ നീളുന്ന ഈ കാലത്ത് ഈ പ്രാർത്ഥന ഏറെ പ്രസക്തമാണ്. ഇൻഡ്യയിലെ ക്രൈസ്തവ സാന്നിധ്യം ഇവിടെ സമാധാനവും സാഹോദര്യവും രക്ഷപെടുവാൻ ഇടയാക്കണം. മാർ തോമ്മായുടെ സിംഹാസനത്തിൽ വാണരുളുന്നു എന്ന് അവകാശപ്പെടുന്ന സഭാനേതാക്കൻമാർപോലും തീർത്തും അക്രൈസ്തവമായ രീതിയിൽ പകവീട്ടാനും പകരം വീട്ടാനും തുടങ്ങിയാൽ അതിൽപരം എതിർസാക്ഷ്യം മറ്റെന്താണ്? സഹോദരസഭകൾ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതുതന്നെ നമുക്കു പരാജയമാണ്. കാരണം ഭിന്നതകൾക്കതീതമായ ഐക്യമാണ് നമ്മുടെ ലക്ഷ്യം. സ്നേഹിക്കാനും ബഹുമാനിക്കാനും പഠിപ്പിക്കുന്ന സഭകൾക്ക് പരസ്പരം അതിനു സാധിക്കാതെ പോകുന്നത് എത്രയോ വലിയ തിന്മയാണ്.

പെരുമ്പടവത്തിന്റെ വേനൽ എന്ന ചെറുകഥ ഇത്തരുണത്തിൽ നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. ഐക്യത്തിൽ കഴിയുന്ന, എല്ലാ ആഘോഷങ്ങളും ഒരുമിച്ചു നടത്തുന്ന ഗ്രാമവാസികൾക്കിടയിൽ പകയും സ്വജനപക്ഷപാതവും താണ്ഡവമാടുന്നു. ദുരന്തം പകർത്താനെത്തിയ പത്രപ്രതിനിധികൾ ആ ദേശത്തിലെ പിതാമഹൻ എഴുതിയ ഒരു പുസ്തകത്തിലെ വാക്യം ഓർമ്മിക്കുന്നു.

"എല്ലാവരും കൂടികാണാവുന്ന ഒരു സ്വപ്നം ഉണ്ടാക്കിയെടുക്കാൻ നമുക്കു ഇനി എന്നാണ് കഴിയുക? എല്ലാവർക്കുംകൂടി ചൊല്ലാവുന്ന പ്രാർത്ഥനയിൽ നാം എന്നാണിനി ഒന്നിക്കുന്നത്"?

യേശു സ്വന്തം ജീവിതത്തിൽ സാക്ഷാത്ക്കരിച്ച ഈ സ്വപ്നമാണ്, ഐക്യത്തിന്റെ സ്വപ്നം, എല്ലാവരും ഒരുമിച്ചുകാണേണ്ട സ്വപ്നം - അതാണ് നമ്മുടെ പിതാവായ തോമാശ്ലീഹാ നാമുക്കായി പങ്കുവച്ചത്. എന്നാൽ നൂററാണ്ടുകളിലൂടെയുള്ള വളർച്ചയിൽ നം വളരുകയല്ല പിളരുകയാണ് ചെയ്തത്. നാം ഒന്നാകണം എന്ന ഐക്യത്തിന്റെ സന്ദേശം നമുക്കു ഉൾക്കൊള്ളാം. നമ്മുടെ പിതാവിന്റെ സ്മരണാദിനം നമുക്കു ഐക്യത്തിനുവേണ്ടിയുള്ള ആത്മസമർപ്പണത്തിന്റെ ദിനമാക്കിമാററാം.

www.malankaralibrary.com

# ദനഹാതിരുനാൾ

ഇന്ന് നാം ദനഹാതിരുനാൾ കൊണ്ടാടുകയാണ്. എന്താണ് ദനഹ? ദനഹ എന്നത് നാം ഇന്ന് ആഘോഷിക്കുന്ന തിരുനാളിന്റെ സുറിയാനിനാമമാണ്. നാം ഇന്ന് യേശുവിന്റെ ജ്ഞാനസ്നാനമാണ് കൊണ്ടാടുന്നത്. ആ തിരുനാൾ സുറിയാനിയിൽ ദനഹാ എന്നാണ് അറിയപ്പെടുന്നത്. വാസ്തവത്തിൽ ജ്ഞാനസ്നാനത്തിന്റെ സുറിയാനിവാക്കല്ല ദനഹാ എന്നത്. യേശുവിന്റെ ജ്ഞാനസ്നാനത്തിന്റെ ദൈവശാസ്ത്ര ദർശനമനുസരിച്ചുള്ള പേരാണ് ദനഹാ.

ദനഹ എന്ന പദത്തിന്റെ മൂലാർത്ഥം ഉദയം എന്നാണ്. പ്രയോഗരീത്യാ വെളിപ്പെടൽ എന്നും ഇതിന് അർത്ഥമുണ്ട്. യേശുവിന്റെ ജ്ഞാനസ്നാനത്തെ ദനഹാ എന്നുവിളിക്കുമ്പോൾ അത് ഒരു ഉദയമായിരുന്നു, വെളിപാട് ആയിരുന്നു, എന്നാണ് സുറിയാനി പാരമ്പര്യം മനസിലാക്കുന്നത്.

ജനുവരി 6-ാം തീയതിയാണല്ലോ നാം ഈ തിരുനാൾ ആഘോഷിക്കുന്നത്. ഈ ദിവസം പുരാതന സഭകൾക്കെല്ലാം വലിയ പ്രാധാന്യമുള്ള തിരുനാളാണ്. പൗരസ്ത്യസഭകളിൽ ചിലതിൽ ഈ ദിവസം യേശുവിന്റെ ജനനമാണ് ഓർക്കുന്നത്. മറ്റു ചില സഭകളിൽ യേശുവിന്റെ ജ്ഞാനസ്നാനവും പാശ്ചാത്യസഭയിൽ ഈ തിരുനാളിന്റെ പേര് ഇംഗ്ലീഷിൽ epiphany എന്നാണ്. അതിന് വെളിപാട്, ദൈവത്തിന്റെ പ്രത്യക്ഷപ്പെടൽ എന്നൊക്കെയാണ് അർത്ഥം. ഈ തിരുനാളിന്റെ തലേരാത്രി ക്രിസ്തുമസ് പോലെ പ്രധാനപ്പെട്ടതാണ് ലത്തീൻ സഭയ്ക്ക്. ആ രാത്രി പന്ത്രണ്ടാം രാത്രി (Twelfth - Night) എന്നാണ് അറിയപ്പെടുന്നത്.

സുറിയാനി പാരമ്പര്യത്തിൽ ഈ തിരുനാളിന്റെ അർത്ഥവും പ്രാധാന്യവും എന്താണെന്ന് നോക്കാം. ഇത് ഉദയത്തിന്റെ, വെളിപാടിന്റെ തിരുനാളാണെന്ന് മുകളിൽ പറഞ്ഞുവല്ലോ. എന്താണ് ഈ പേരു വരാൻ കാരണം?

യേശു എന്ന ദൈവകുമാരൻ ലോകത്തിന്റെ മുൻപിൽ പ്രത്യക്ഷമായി ഉദിച്ച തിരുനാളാണിത്. അതായത് യേശുവിന്റെ ജ്ഞാനസ്നാനസമയത്താണ് അവിടന്ന് ദൈവപുത്രനാണെന്നുള്ള പ്രഖ്യാപനവും അതിനുള്ള തെളിവായ പരിശുദ്ധാത്മാഭിഷേകവും പ്രാപിച്ചത്. യേശു ഉരുവായ ആദ്യനിമിഷം മുതൽ തന്നെ അവിടന്ന് ദൈവപുത്രൻ തന്നെയാണ്. എന്നാൽ അത് ലോകത്തിന്റെ മുൻപിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നില്ല. ചില വ്യക്തികൾക്കുമാത്രമാണത് വെളിപ്പെടുത്തിയിരുന്നത്. മംഗലവാർത്തയുടെ വേളയിൽ മാലാഖ മറിയത്തോട് അവളുടെ പുത്രൻ ദൈവപുത്രനായിരിക്കുമെന്ന് പറയുകയുണ്ടായി. "അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്ന് അവൻ അറിയപ്പെടും. കർത്താവായ ദൈവം അവന്റെ പൂർവ്വപിതാവായ ദാവീദിന്റെ സിംഹാസനം അവനു നല്കും" (ലൂ. 1.32) എന്നാൽ ഇത് ഒരു വ്യക്തിക്ക് മാലാഖയിൽ നിന്നു കിട്ടിയ അറിവാണ്. ഏതാണ്ട് ഇതുപോലൊരു അറിയിപ്പ് യൗസേപ്പ് പിതാവിനും ലഭിച്ചിരുന്നു. (മത്തായി 1:21-23). ആട്ടിടയന്മാർക്കും വിദ്വാന്മാർക്കും അവ്യക്തമായിട്ടെങ്കിലും യേശു ആരെന്ന അറിയിപ്പു ലഭിച്ചിരുന്നു. എന്നാൽ

www.malankaralibrary.com

ഇതെല്ലാം വ്യക്തിപരവും മാലാഖമാരിൽ നിന്നുള്ളതുമായ അറിയിപ്പുകളാണ്. ദൈവം നേരിട്ട് യേശുവിനെ പരസ്യമായി വെളിപ്പെടുത്തിക്കൊണ്ട്"ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' വെന്ന് വ്യക്തമായി സാക്ഷ്യപ്പെടുത്തിയത് യേശുവിന്റെ ജ്ഞാനസ്നാനസമയത്ത് മാത്രമാണ്. അതിനാൽ ബേത്‌ലഹേമിൽ ശിശുവായി ഉദിച്ച യേശുവിന്റെ ഉദയം പൂർണ്ണമായത് ജ്ഞാനസ്നാനവേളയിലാണ്. മനുഷ്യനായി കാണപ്പെടുന്നെങ്കിലും അവൻ മനുഷ്യൻ മാത്രമല്ല, മനുഷ്യസ്വഭാവത്തിൽ പൊതിഞ്ഞ ദൈവകുമാരനാണെന്ന് ലോകത്തിന്റെ മുൻപിൽ ദൈവം തന്നെ വെളിപ്പെടുത്തി. ഒരർത്ഥത്തിൽ യേശുവിന്റെ ജനനത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണ് സ്നാനത്തിൽ സംഭവിച്ചത്. മനുഷ്യനെന്ന നിലയിൽ മറിയത്തിൽ നിന്ന് ഉദിച്ചവൻ ദൈവപുത്രനായി ഉദിച്ചത് ജ്ഞാനസ്നാനത്തിലാണ്.

ഈ വലിയ സത്യമാണ് നാം വിശുദ്ധ കുർബാനയിൽ പ്രഖ്യാപിക്കുന്നതും ഏറ്റു പറയുന്നതും. വിശുദ്ധകുർബാനയുടെ ഒരുക്കത്തിന്റെ രഹസ്യശുശ്രൂഷകൾ തിരശ്ശീലയ്ക്കുള്ളിൽ പൂർത്തിയാക്കിയശേഷം വി.കുർബാന പരസ്യമായി ആരംഭിക്കുമ്പോൾ വൈദികൻ ചൊല്ലുന്ന പ്രാർത്ഥന വളരെ അർത്ഥവത്താണ്. ''നിന്നെ പ്രസവിച്ച മറിയാമും നിനക്കു സ്നാനം നല്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും. കർത്താവേ, ഞങ്ങളോട് കരുണയായിരിക്കണമേ'' മറിയത്തിൽ നിന്ന് ശരീരത്തിൽ യേശു ഉദയം ചെയ്തു. യോഹന്നാന്റെ ശുശ്രൂഷയിലൂടെ (സ്നാനത്തിലൂടെ) ദൈവപുത്രനായി യേശു പരസ്യമായി ഉദയം ചെയ്തു.

ഈ ഉദയമാണ് നാം ഇന്ന് ദനഹാതിരുനാളിൽ ആഘോഷിക്കുന്നത്. ഈ ഉദയത്തിന്റെ അർത്ഥതലങ്ങളിലേയ്ക്ക് കടന്നു ചെല്ലാൻ ശ്രമിക്കാം.

ദനഹാ ത്രിത്വരഹസ്യത്തിന്റെ വെളിപാടാണ്. യേശുവിന്റെ ജ്ഞാനസ്നാനത്തിൽ യേശുവിനെ മാത്രം വെളിപ്പെടുത്തുകയായിരുന്നില്ല പരിശുദ്ധത്രിത്വത്തിലെ മൂന്നാളുകളും വെളിപ്പെട്ട തിരുനാളാണിത്. പുത്രൻ നദിയിൽ വിനയപൂർവ്വം തലകുനിച്ച് സ്നാനത്തിനായി നിന്നു. പിതാവ് സ്വർഗ്ഗത്തിൽ നിന്ന് ഘനഗംഭീരമായി പുത്രനെ സാക്ഷ്യപ്പെടുത്തി. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ പുത്രന്റെമേൽ വന്നിറങ്ങി. ഇങ്ങനെ പരിശുദ്ധത്രിത്വം സ്വയം വെളിപ്പെടുത്തിയ സംഭവമാണ് യേശുവിന്റെ സ്നാനം. പുതിയ നിയമത്തിൽ പരിശുദ്ധത്രിത്വം പൂർണ്ണമായി വെളിപ്പെടുന്ന ആദ്യത്തെ സംഭവമാണിത്. നമുക്കു പരിശുദ്ധത്രിത്വത്തെപ്പറ്റി മനസ്സിലാക്കാനുള്ള വ്യക്തമായ വെളിപാട് ഇതാണ്.

യേശുവിനെ ജ്ഞാനസ്നാനം ഭൂമിയിലേയ്ക്കുള്ള ദൈവത്തിന്റെ ഇറങ്ങിവരവിന്റെയും ഭൗതികയാഥാർത്ഥ്യങ്ങളെ ദൈവമയമാക്കലിന്റെയും സംഭവമാണ്. യേശു ജലത്തിൽ സ്പർശിച്ചതോടെ, ജലം ശുദ്ധീകരണം നൽകാൻ കഴിവുള്ള സാധനമായി മാറി. ആ കഴിവാണ് നമ്മുടെ സ്നാനത്തിൽ പ്രയോഗിക്കപ്പെടുന്നത്.

യേശു സ്നാനം സ്വീകരിച്ചുകൊണ്ട് പാപമോചനം നൽകാൻ ഉപയുക്തമായ ശുദ്ധീകരണത്തിന്റെ മാർഗ്ഗമായി ജലത്തെ ശുദ്ധീകരിച്ചു. നമ്മുടെ ആരാധനക്രമത്തിൽ നാം ഇങ്ങനെ പാടുന്നു.

www.malankaralibrary.com

താണിറങ്ങി-തൻ-സ്നാനത്താൽ സകലതിനും
ശുദ്ധത ചേർത്തോൻ - പരിശുദ്ധൻ - ബഹുമാന്യൻ

(ദനഹാശുശ്രൂഷ, എനിയോനോ)

വീണ്ടും നാം ഇന്ന് യേശുവിനെ വിളിച്ചു പ്രാർത്ഥിക്കുന്നു:
"സകല ജലാശയങ്ങളെയും, നദികളെയും നിന്റെ സ്നാനം
മുഖാന്തിരം നിർമ്മലമാക്കിയ പരിശുദ്ധനായ കർത്താവേ,
നിന്റെ പ്രത്യക്ഷീകരണത്തിന്റെ ഈ പുണ്യദിന-
ത്തിൽ നിന്റെ വിശുദ്ധിയാൽ ഞങ്ങളെ നിറയ്ക്കണമേ".

പഴയനിയമത്തിൽ ജലം പലപ്പോഴും ഭയാനകമായ നാശത്തിന്റെ പ്രതീകമാണ്. അസ്തിത്വരാഹിത്യത്തിന്റെ, മരണത്തിന്റെ, സൃഷ്ടിക്കുമുൻപുള്ള അവസ്ഥയുടെ പ്രതീകമാണ്. ഭാരതപാരമ്പര്യത്തിലും ജലം ശൂന്യതയുടെ പ്രതീകമാണല്ലോ. സൃഷ്ടിയും പ്രളയവുമാണല്ലോ ലോകത്തിന്റെ രണ്ട് അവസ്ഥകൾ.

ഈ ശൂന്യതയുടെ പ്രതീകത്തെയാണ് യേശു ജീവന്റെ പ്രതീകമായി മാറ്റിയത്. യേശു സ്നാനം സ്വീകരിക്കുകയും വെള്ളംകൊണ്ടുള്ള സ്നാനം നിത്യജീവന്റെ മാർഗ്ഗമാക്കിമാറ്റുകയും ചെയ്തു. അങ്ങനെയാണ് സഭയ്ക്കു സ്നാനമെന്ന ദാനം യേശു നല്കിയത്.

ഇന്ന് നാം നമ്മുടെ സ്നാനത്തെപ്പറ്റി മനസ്സിലാക്കേണ്ടതുണ്ട്. നമ്മിൽ പലരും ശിശുവായിരുന്നപ്പോഴാണ് സ്നാനം സ്വീകരിച്ചത്. അതിനാൽ എന്താണവിടെ സംഭവിച്ചതെന്ന് നമുക്ക് അറിഞ്ഞുകൂടാ. എങ്കിലും നമ്മുടെ മാതാപിതാക്കളുടെ സാന്നിധ്യത്തിൽ നമ്മുടെ ജ്ഞാനസ്നാനപിതാവും മാതാവും നമുക്കുവേണ്ടി വിശ്വാസം ഏറ്റു പറഞ്ഞ് നമ്മെ ദൈവത്തിനു സമർപ്പിക്കുകയും ദൈവം നമ്മെ സ്വീകരിച്ച് ജ്ഞാനസ്നാനം വഴി തന്റെ മകനായി, മകളായി നമ്മെ ജനിപ്പിക്കുകയും ചെയ്തു. ഇതാണ് നമ്മുടെ ജ്ഞാനസ്നാനത്തിൽ നടന്നത്. ഇത് യേശുവിന്റെ സ്നാനത്തിൽ നടന്നതിന് തുല്യമായ കാര്യങ്ങളാണ്. യേശു സ്നാനം സ്വീകരിച്ചപ്പോൾ ദൈവം "ഇവൻ എന്റെ പ്രിയപുത്രൻ" എന്ന് അരുളിചെയ്തതുപോലെ ആത്മീകമായി നമ്മുടെ സ്നാനസമയത്തും ദൈവം യഥാർത്ഥമായി അരുളിചെയ്തുകൊണ്ടു നമ്മെ തന്റെ മക്കളാക്കി മാറ്റി. യേശുവിൽ പരിശുദ്ധാത്മാവ് വന്നാവസിച്ചതുപോലെ നമ്മിലും പരിശുദ്ധാത്മാവു വന്നാവസിച്ച് നമ്മെ തന്റെ ആലയമാക്കി മാറ്റി. ചുരുക്കത്തിൽ ജ്ഞാനസ്നാനം വഴി നാം ഓരോരുവരും മറ്റൊരു ക്രിസ്തുവായി തീർന്നിരിക്കുന്നു. ക്രിസ്തുവിനു ലഭിച്ചതെല്ലാം തന്നെയാണ് നമുക്കും ലഭിച്ചിരിക്കുന്നത്.

ഈ വലിയ ദാനത്തെ പ്രതി നമുക്കു ദൈവത്തിനു നന്ദി പറയാം. ജ്ഞാനസ്നാനത്തിൽ ലഭിച്ച ദൈവപുത്രസ്ഥാനം ഒരിക്കലും നഷ്ടമാക്കാതെ, ആ വലിയ സ്ഥാനത്തിനു നിരക്കാത്തതൊന്നും ചെയ്യാതെ നമുക്കു പരിശുദ്ധി പാലിച്ചുകൊണ്ട് ജീവിക്കാം.

www.malankaralibrary.com

# പെന്തക്കോസ്തിപ്പെരുന്നാൾ- പ്രവചനത്തിന്റെ ആത്മാഭിഷേകം

ഇന്ന് പെന്തക്കോസ്തിപ്പെരുന്നാളാണ്. യേശുമിശിഹാ സഹനം വഴി മഹത്വത്തിലേക്ക് പ്രവേശിച്ചതിനു (ലൂക്കോ 24,26) ശേഷം ആദിമ ശിഷ്യസംഘത്തിന് - സംഘങ്ങൾക്ക് - ലഭിച്ച ഏററവും വലിയ മിശിഹാനുഭവമാണ് പെന്തക്കോസ്തിയുടേത്. പെന്തക്കോസ്തിയുടെ വാച്യാർത്ഥം അമ്പതാം ദിവസം എന്നാണ്. അമ്പതാം ദിവസം മതപരമായ ഒരാഘോഷമായി യഹൂദമതാചരണങ്ങളിൽ ഉണ്ടായിരുന്നു. ക്രിസ്തീയ സഭയുടെ ചരിത്രത്തിലും ആചാരങ്ങളിലും പെന്തക്കോസ്തി ഉയിർപ്പുപെരുന്നാളിനുശേഷം അമ്പതാം ദിവസം നടത്തുന്ന ആഘോഷമായി കാലാന്തരത്തിൽ വ്യവസ്ഥപ്പെടുത്തി. ഉയിർപ്പുപെരുന്നാളാഘോഷത്തിന്റെ സമാപനപ്പെരുന്നാളാണ് ഇത്. യേശു തന്റെ വാഗ്ദാനം പൂർത്തിയാക്കി ശിഷ്യസംഘത്തിന്മേൽ പരിശുദ്ധാത്മവർഷത്തിന്റെ ദാനം ചൊരിഞ്ഞു. അത് അവർക്ക് അതിശക്തമായ ഒരു അനുഭവമായിരുന്നു. അതിന്റെ ആഘോഷമാണ് ക്രിസ്തീയ പെന്തക്കോസ്തി. ഇന്നും ക്രിസ്തീയ ജീവിതത്തിൻെറ അതിശക്തവും അടിസ്ഥാനപരവുമായ ഒരനുഭവമാണ് പെന്തക്കോസ്തിയുടേത്. ഈ വർഷത്തെ ചിന്തയുടെ മുഖ്യവിഷയം പെന്തക്കോസ്തിയാഘോഷത്തിൽ പരിശുദ്ധാത്മാവിനെ ചിത്രികരിക്കുന്നത് പ്രധാനമായി പ്രവചനത്തിന്റെ ആത്മാവാകുന്നു എന്ന സംഗതിയാണ്.

i. വി. ലൂക്കോസ് അ.പ്ര. 2-ാം അദ്ധ്യായത്തിൽ നല്കുന്ന വിവരണമനുസരിച്ച് ജറുസലേമിലെ ആദ്യ പെന്തക്കോസ്തി വചനം പ്രഘോഷിക്കാൻ പന്ത്രണ്ട് അപ്പോസ്തലന്മാരുടെ നേതൃത്വത്തിലുള്ള ആദ്യക്രൈസ്തവ സംഘം പ്രവചനത്തിന്റെ ശക്തിയായി പരശുദ്ധാത്മാവിനെ സ്വീകരിച്ച വലിയ സംഭവമാണ്. പിതാവിൻെറ വലതുഭാഗത്തേക്കു കർത്താവും മിശിഹായുമായി ഉയർത്തപ്പെട്ട യേശു (അ.പ്ര. 2, 36) പിതാവിന്റെ വാഗ്ദാനമനുസരിച്ച് (അ.പ്ര. 1,6-8; ലൂക്കാ 24, 49; ജോയേൽ 2,28 - 32) ഉന്നതങ്ങളിൽ നിന്നുള്ള ശക്തി അത്യുന്നതങ്ങളിൽ നിന്നു ചൊരിയുകയായിരുന്നു. ആ പരിശുദ്ധാത്മ ശക്തിയാൽ മൂവായിരം പേർ മാനസാന്തരപ്പെട്ട് ദൈവത്തിന്റെ ആദ്യഫലമായി സമർപ്പിതരായി.

ii. യേശു പരിശുദ്ധാത്മാവിനാൽ ജനിച്ചവനും അഭിഷിക്തനുമായിരുന്നു.

യേശു പരിശുദ്ധാത്മാവിനാൽ ജനിച്ചു (മത്താ. 1, 20; ലൂക്കോ 1, 35). അമ്മയിൽ പരിശുദ്ധാത്മാവ് വരികയും അത്യുന്നതന്റെ ശക്തിയായി ആവസിക്കുകയും ചെയ്തതിന്റെ ഫലമായി ദൈവപുത്രൻ മനുഷ്യപുത്രനായി ജനിച്ചവനാണ് യേശു. മനുഷ്യനായിത്തീർന്ന ദൈവമാണ് അവൻ. മാതാവിനുണ്ടായ പരിശുദ്ധാത്മാനുഭവത്തിലാണ് ദൈവപുത്രൻ അവളിൽ ഉരുവായത്. പരിശുദ്ധാത്മാവിനാൽ ജനിച്ചവ

www.malankaralibrary.com

നായിരുന്നിട്ടും യേശുവിനെ ദൈവം ആത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തു (അ.പ്ര. 10,38; ലൂക്കോ. 3, 22). അപ്പസ്തോല പ്രവൃത്തികളിൽ പറയുന്ന ഈ അഭിഷേകം യേശുവിന്റെ ജ്ഞാനസ്നാനത്തിനു ശേഷം നടന്നുവെന്ന് പരിശുദ്ധ ലൂക്കോസുതന്നെ വിവരിക്കുന്നുണ്ടല്ലോ. യേശു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് ദൃശ്യരൂപത്തിൽ യേശുവിന്റെ മേൽ ഇറങ്ങിവന്നു. "നീ എന്റെ പ്രിയ പുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന് സ്വർഗ്ഗീയ പ്രഖ്യാപനമുണ്ടായി. ലൂക്കോസിന്റെ വിവരണമനുസരിച്ച് ഇതുണ്ടായത് യേശുവിന്റെ ജ്ഞാനസ്നാനസ്വീകരണ സമയത്തുതന്നെ ആവണമെന്നില്ല. അതെല്ലാം കഴിഞ്ഞ് യേശു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ സംഭവിച്ചു.

യേശു ദൈവപുത്രൻതന്നെയാണെന്ന വസ്തുതയുടെ പരസ്യപ്രഖ്യാപനമുണ്ട്: "നീ എന്റെ പ്രിയ പുത്രൻ". ഈ പ്രഖ്യാപനം സങ്കീ. 2, 7 ന്റെ വാക്കുകളിലുള്ളതാണ്. "നീ എന്റെ പുത്രനാണ്". രണ്ടാം സങ്കീർത്തനത്തിൽ ഇത് കർത്താവിന്റെ അഭിഷിക്ത രാജാവിനെക്കുറിച്ചുള്ളതാണ്, രാജകീയ മിശിഹായെക്കുറിച്ച്, ഈ പഴയ നിയമ പ്രവചനം പൂർത്തിയായത് യേശുവിലാണ്. യേശുവാണ് യഥാർത്ഥ രാജകീയ മിശിഹാ. അഭിഷിക്തനായ രാജാവ്. പരിശുദ്ധാത്മാവിന്റെ ആവാസം രാജകീയ മിശിഹായായി അവനെ അഭിഷേകം ചെയ്യലായിരുന്നു. യാക്കോബിന്റെ ഭവനത്തിന്മേൽ പിതാവായ, രാജാവായ, ദാവീദിന്റെ സിംഹാസനത്തിലിരുന്നു ഭരണം നിർവഹിക്കാനുള്ളവൻ. പിതാവ് പരിശുദ്ധാത്മാവിനാൽ യേശുവിനെ അഭിഷേകം ചെയ്തു. എപ്രകാരമാണ് അവിടുന്നു തന്റെ രാജത്വം പ്രയോഗിക്കുകയെന്നും ഈ വാക്കുകളിലുണ്ട്. അബ്രഹാമിൻെറ പ്രിയപുത്രൻ ഇസഹാക്കിനെപ്പോലെ ബലിയർപ്പിക്കപ്പെട്ട് അടുത്ത പ്രഖ്യാപനം ഇക്കാര്യം കൂടുതൽ വ്യക്തമാക്കുന്നു. "നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു". ഈ വചനങ്ങൾ ഏശ. 42, 1 ൽ കർത്താവിന്റെ ദാസനെക്കുറിച്ചുള്ള പ്രവചനമാണ്. യേശു അഭിഷിക്ത രാജാവിന്റെ ഭരണം നടത്തുന്നത് കർത്താവിന്റെ പ്രിയ ദാസനായാണ്. മററുള്ളവരെ പ്രതി സഹിച്ചുകൊണ്ട് - മററുള്ളവർക്കുവേണ്ടി സഹനം ഏററുവാങ്ങി - പിതാവിന്റെ ഇഷ്ടം നിറവേററുന്ന പ്രിയ പുത്രനാണ്, "പ്രിയ പുത്രൻ, (വത്സലപുത്രൻ)". പിതാവിൽ നിന്ന് ദൗത്യം ഏററുവാങ്ങുന്ന നിയോഗമായിരുന്നു യേശുവിന്റെ പരിശുദ്ധാത്മാഭിഷേകം.

തന്റെ മേൽ പരിശുദ്ധാത്മാവുണ്ടെന്നുള്ള ആത്മബോധം യേശുവിനെ എപ്പോഴും നയിച്ചിരുന്നു. ദൗത്യനിർവ്വഹണത്തിനുള്ള നിയോഗം പരിശുദ്ധാത്മാവാസത്തിൽ തനിക്കു ലഭിച്ചുവെന്ന് അവിടുന്ന് സദാ അനുസ്മരിച്ചിരുന്നു. ആ അവബോധം അവന്റെ ആദിശിഷ്യർക്ക് അനുഭവപ്പെടുത്താൻ അവന് സാധിച്ചു. അതിനാലാണല്ലോ മാമ്മോദീസായ്ക്കും പരസ്യമായ പരിശുദ്ധാത്മാവാസത്തിനും ശേഷം മരുഭൂമിയിലെ പരീക്ഷ അഭിമുഖീകരിക്കാനും (ലൂക്കോ. 4, 1) സിനഗോഗുകളിൽ പഠിപ്പിക്കാനും (ലൂക്കോ. 4, 14-18) പരിശുദ്ധാത്മാവ് യേശുവിനെ നയിച്ചിരുന്നുവെന്ന് വിശുദ്ധ

www.malankaralibrary.com

ലൂക്കോസ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുക. സുവിശേഷകന്റെ വിവരണമനുസരിച്ച് യേശുവിന്റെ നയപ്രഖ്യാപനപ്രസംഗമെന്ന പേരിനർഹമാണ് നസ്രത്തിലെ സിനഗോഗിലെ ഉദ്ഘാടന പ്രസംഗം. ആ പ്രസംഗത്തിൽ നമ്മുടെ കർത്താവ് ഉദ്ഘോഷിച്ചു: "നിങ്ങൾ കേൾക്കെ ഇന്നു ഈ തിരുവെഴുത്തു നിറവേറിയിരിക്കുന്നു". ഏതാണ് ആ തിരുവെഴുത്ത്? "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരോട് സുവിശേഷം പ്രസംഗിക്കാൻ അവൻ എന്നെ അയച്ചിരിക്കുന്നു ..." ഏശയ്യാ പ്രവാചകനിലൂടെ പറയപ്പെട്ട വചനങ്ങൾ ഉണ്ട് - (ഏശ 61, 1:58, 2). പ്രവാചക വചനങ്ങൾ യേശുവിന്റേതായിരുന്നു. ഈ ഉദ്ധിത വചനത്തിൽ നാലു പദങ്ങൾ പ്രസംഗിക്കുക, പ്രഘോഷിക്കുക, പ്രഖ്യാപിക്കുക എന്നീ അർത്ഥങ്ങൾ ഉള്ളവയാണ്. സുവിശേഷം പ്രസംഗിക്കുക എന്നിങ്ങനെ. യേശുവിന്റമേൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്നു. പരിശുദ്ധാത്മാവിനാൽ ജനിച്ച അവനെ പരിശുദ്ധാത്മാവ് ദൃശ്യമായ രൂപത്തിൽ ഇറങ്ങിവന്ന് ജന്മോദ്ദേശ്യമായ ദൗത്യനിർവ്വഹണത്തിന് നിയോഗിക്കുകയായിരുന്നു. അവിടുത്തേക്ക് ആത്മാവിനെ നൽകിയത് മുഖ്യമായും പ്രഘോഷണധർമ്മത്തിനാണ്.

## 1. പരിശുദ്ധാത്മാഭിഷേകം ആവർത്തിച്ചുണ്ടാകുന്ന ആത്മാനുഭവം

പെന്തക്കോസ്തിപ്പെരുന്നാൾ എല്ലാ വർഷവും സഭ ആവർത്തിച്ചാഘോഷിക്കുന്നു. അതിന്റെ ആവശ്യവും പ്രസക്തിയും ചിന്തനീയമാണ്. പെന്തെക്കോസ്തിയനുഭവം ആവർത്തിച്ചുണ്ടാകുന്നതും ഉണ്ടാകേണ്ടതുമാണ്. അ.പ്ര. 2-ാം അദ്ധ്യാത്തിലെ വിവരണമനുസരിച്ച് പൊന്തെക്കൊസ്തിയുടെ സാരാംശം ആദിമ ക്രൈസ്തവ സമൂഹത്തിന് ആദ്യം ലഭിച്ച പരിശുദ്ധാത്മ വർഷമാണ്. യേശുമുശിഹായ്ക്ക് സാക്ഷ്യം നല്കാൻ, വചനം ധൈര്യത്തോടെ പറയാൻ, "ദൈവത്തിന്റെ അത്ഭുതകാര്യങ്ങൾ വർണ്ണിക്കാൻ", ശക്തിയായി പരിശുദ്ധാത്മാവിനെ ലഭിച്ച ദാനമാണ്.

അമ്പതാം ദിവസം വിളവെടുപ്പിന്റെ പെരുന്നാൾ എന്നതാണ് പ്രധാനം. പരിശുദ്ധാത്മാവിന്റെ ഫലമെടുക്കൂ. സമൃദ്ധിയായി. അതിന്റെ ഫലമായി അനേകായിരങ്ങൾ മാനസാന്തരപ്പെടുക. അത് വിളവെടുപ്പത്രേ. യേശു കുരിശിൽ ഉയർത്തപ്പെട്ടപ്പോൾ കുരിശിന്റെ ചുവട്ടിൽ നിന്ന സഭയ്ക്ക് തന്റെ ആത്മാവിനെ നൽകിയെന്നും (യോഹ. 19, 30) ഉയിർപ്പു ദിവസം തന്റെ ശിഷ്യൻമാർക്കു നൽകിയ പ്രഥമ പ്രത്യക്ഷപ്പെടലിൽ തന്നെ അവരുടെമേൽ നിശ്വസിച്ചുകൊണ്ട് പരിശുദ്ധാത്മാവിനെ നൽകി സുവിശേഷവേലയ്ക്കു നിയോഗിച്ചുവെന്നും വിശുദ്ധ യോഹന്നാൽ (യോഹ. 20, 19-23) സാക്ഷിച്ചിട്ടുണ്ട്. യേശുവിന്റെ മഹത്വീകരണത്തിനുശേഷമുള്ള ക്രിസ്തീയ ജീവിതത്തിൽ കർമ്മശക്തിയായി, വിശേഷിച്ച്, യേശുവിൽ ദൈവം നിർവ്വഹിച്ച രക്ഷയ്ക്ക് സുവിശേഷം പ്രസംഗിച്ച് സാക്ഷ്യം വഹിച്ച് രക്ഷയിലേക്ക് ആളുകളെ ആനയിക്കാനുള്ള പ്രവർത്തന ശക്തിയായി, പരിശുദ്ധാത്മാവിനെ കർത്താവു നൽകി. ഇതാണ് പെന്തെക്കൊസ്തിയുടെ കാതൽ.

www.malankaralibrary.com

വചന പ്രഘോഷണത്തിന് പരിശുദ്ധാത്മ ശക്തിയുടെ പ്രത്യേക പ്രവർത്തനശക്തി ആവശ്യമുള്ളപ്പോഴൊക്കെ സഭ ആവർത്തിച്ചപേക്ഷിക്കുകയും കർത്താവ് നൽകുകയും ചെയ്യുന്ന ഒരു ദാനമാണ് പെന്തെക്കൊസ്തിയനുഭവമെന്ന് അ.പ്ര.4, 23-31 ലെ വിവരണം പഠിപ്പിക്കുന്നു. ലൂക്കോസിന്റെ സുവിശേഷത്തിൽ തന്നെ വിവരിക്കുണ്ടല്ലോ ജെറുസലേം ദേവാലയത്തിൽ വൃദ്ധനായ ശെമഓനും അന്നാപ്രവാചികയും ഏലിസബേത്തിനുമൊക്കെ ക്രിസ്തു സാക്ഷ്യത്തിനു പരിശുദ്ധാത്മവർഷം ലഭിച്ച വസ്തുത. സമറിയാക്കാർക്കും കൊർണേലിയസിന്റെ ഭവനക്കാർക്കും അന്ത്യോഖ്യയിൽ ശിഷ്യർക്കും എഫേസൂസിലെ ശിഷ്യർക്കുമൊക്കെ പരിശുദ്ധാത്മദാനം ലഭിച്ചതും വിശുദ്ധ ലൂക്കോസ് അപ്പോസ്ത പ്രവർനങ്ങളിൽ വിവരിക്കുന്നുണ്ട്.

പ്രിയരേ, പെന്തെക്കോസ്തിയനുഭവം വ്യക്തികൾക്കും സമൂഹങ്ങൾക്കും കൂട്ടായ്മകൾക്കും ആവർത്തിച്ചുണ്ടാകണം. ക്രിസ്തീയ സാക്ഷ്യത്തിനുള്ള ശക്തി നമുക്കു കുറഞ്ഞതായി തോന്നുമ്പോൾ പെന്തെക്കോസ്തിയനുഭവത്തിനു പ്രാർത്ഥിക്കണം. കൂടുതൽ ശക്തി വേണ്ട പ്രത്യേക സാഹചര്യങ്ങളിൽപ്പെടുമ്പോൾ പെന്തക്കോസ്തിയനുഭവത്തിനു പ്രാർത്ഥിക്കണം. അ.പ്ര. 4- ൽ പറയുന്ന ജെറുസലേമിലെ സമൂഹത്തിനെന്നപോലെയുള്ള അനുഭവങ്ങളിൽ പൊന്തെക്കൊസ്തിയനുഭവത്തിനു പ്രാർത്ഥിക്കണം. മിശിഹായ്ക്കു സാക്ഷ്യം നല്കാൻ നമുക്കു ദൈവികശക്തിവേണ്ടപ്പോഴൊക്കെ നാം പെന്തെക്കൊസ്തിയനുഭവം ആവർത്തിക്കപ്പെടാൻ പ്രാർത്ഥിക്കണം. "കർത്താവേ, വചനം പൂർണ്ണ ധൈര്യത്തോടെ പറയാൻ നിന്റെ ദാസരെ ശക്തിപ്പെടുത്തണമേ" (പ്ര.4, 30) എന്നപേക്ഷിക്കണം. നിന്റെ ദാസരിലൂടെ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിച്ച് അവരുടെ വചനത്തിന് നീ സാക്ഷ്യം നൽകണമെ എന്നു പ്രാർത്ഥിക്കണം. ജെറുസലേമിലെ വിശ്വാസികൾ ചെയ്തതുപോലെ ഏകമനസ്സോടെ സ്വരമുയർത്തി കർത്താവിനോടപേക്ഷിക്കണം (അ.പ്ര.4, 24). നമ്മൾ ഇരിക്കുന്ന സ്ഥലം കുലുങ്ങണം (അ.പ്ര. 4, 31). പ്രസംഗിക്കാൻ കൃപ ലഭിക്കണം.

ഈ ശക്തിയും ഈ കൃപയും ഒരിക്കൽ മാത്രം പോരാ. കുറെനാളത്തേക്കു പോരാ. ലോക ജീവിതത്തള്ളലിൽ പരിശുദ്ധാത്മശക്തിയുടെ അനുഭവത്തിന്റെ അഭാവമുണ്ടാകാതിരക്കാൻ സഭ ആണ്ടുതോറും പെന്തെക്കൊസ്തിപ്പെരുന്നാൾ ആഘോഷിച്ച് സഭയ്ക്ക്, വിശ്വാസികൾക്കും വൈദിക സമൂഹത്തിനും, പൊന്തെക്കൊസ്തിയനുഭവം ഉണ്ടാകാൻ സാഹചര്യമൊരുക്കുന്നു. ചിലർ പ്രചരിപ്പിക്കുംപോലെ പരിശുദ്ധാത്മാവ് നമ്മിൽ നിർജീവമായതുകൊണ്ടല്ല. മറിച്ച് മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാൻ ഓരോ ഘട്ടത്തിലും സാഹചര്യത്തിലും പരിശുദ്ധാത്മാവിൽ നിന്ന് ശക്തിയും നമുക്കാവശ്യമായതിനാലാണ് ആവർത്തിച്ച് പൊന്തെക്കൊസ്തി ആഘോഷിക്കുക. ദുർഘടങ്ങളും പ്രതിസന്ധികൾ പാകിയിട്ടുള്ളതുമായ നമ്മുടെ പ്രവർത്തന മേഖലകളിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന നമുക്ക് ഇടയ്ക്കിടെ ഊർജ്ജം/

www.malankaralibrary.com

ശക്തി സംഭരിക്കേണ്ടതുണ്ട്. ഓരോ പെന്തെക്കൊസ്തി പെരുന്നാളും പുതിയ പെന്തക്കൊസ്തി സംഭവമായിരിക്കണമെന്നാണ് സഭ ആഗ്രഹിക്കുക. "അവസാന നാളുകളിൽ സകല ജഡത്തിൻമേലും എന്റെ ആത്മാവിനെ ഞാൻ ചോരിയു"മെന്ന് ദൈവം അരുളിച്ചെയ്തത് നമ്മുടെ സഭയിലും ഇടവകയിലും കുടുംബങ്ങളിലും നിവൃത്തിയാകണം.

ജറുസലേമിലെ പെന്തക്കോസ്തിക്കു മുമ്പ് ചില വ്യക്തികൾക്ക് മാത്രം ലഭിച്ചിരുന്ന ദാനമായിരുന്നു പരിശുദ്ധാത്മാവ്. സഖറിയായ്ക്കും എലിസബേത്തിനും വൃദ്ധനായ ശെമഓനും അന്നായ്ക്കും മറിയാമിനും പരിശുദ്ധാത്മാവുണ്ടായത് ലൂക്കോസ് വിവരിക്കുന്നുണ്ടല്ലോ. യേശുവിന്റെ കാര്യം പ്രത്യേകിച്ചും, യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം സമൂഹത്തിനു മുഴുവനായി പരിശുദ്ധാത്മദാനം ലഭിക്കുന്നു. പരിശുദ്ധാത്മവർഷം സ്വീകരിച്ച് നമ്മളിലെ പുത്രന്മാരും പുത്രിമാരും പ്രവചിക്കണം. പ്രവചിക്കുക എന്നു പറഞ്ഞാൽ വരാനുള്ള കാര്യങ്ങൾ മുൻകൂട്ടി പറയുകയല്ല; വല്ലതുമൊക്കെ വിളിച്ചു പറയുകയല്ല. യേശുവിൽ നിറവേറിയ രക്ഷയുടെ ദൂത് പ്രഘോഷിക്കയാണ്. യുവാക്കാന്മാരും യുവതികളും ദർശനം കാണണം. ദർശനം കാണണം എന്നു പറയുമ്പോൾ ലൂക്കോസ് ഉദ്ദേശിക്കുന്നത് പത്രോസിനും കൊർണേലിയസിനും പീലിപ്പോസിനും പൗലോസിനുമൊക്കെ ഉണ്ടായതുപോലയുള്ള ദർശനങ്ങളാണ്. പത്രോസിനു ദർശനമുണ്ടായ വിവരം അ.പ്ര. 10-ാം അദ്ധ്യായത്തിലുണ്ട്. യഹൂദനല്ലാത്ത ശതാധിപൻ കൊർണേലിയസിനെയും കുടുംബത്തേയും സ്വീകരിക്കാനും സുവിശേഷമറിയിക്കാനുള്ള ദൈവേഷ്ടം വെളിപ്പെടുത്തുകയായിരുന്നു. കൊർണേലിയസിനും ദർശനമുണ്ടായി. പത്രോസിനെ വരുത്തി സുവിശേഷം സ്വീകരിച്ച് സ്നാനപ്പെടാനുള്ള ദൈവേഷ്ടം വെളിപ്പെടുകയായിരുന്നു. പീലിപ്പോസിനു ദർശനമുണ്ടായി (അ.പ്ര. 8). അത് ഈജിപ്ഷ്യൻ രാജ്ഞിയുടെ കാര്യസ്ഥനായ ഷണ്ഡനെ ശിഷ്യസംഘത്തിലേക്ക് സ്വീകരിക്കാനായിരുന്നു. പൗലോസിനു പല പ്രാവശ്യം ദർശനമുണ്ടായി. സ്വജാതിയരുടെയും വിജാതീയരുടെയുമിടയിൽ യേശുമിശിഹായ്ക്ക് സാക്ഷ്യം വഹിക്കാനുള്ള ദൈവേഷ്ടം വെളിപ്പെടുത്തുകയായിരുന്നു. അനന്യാസിനു ദർശനമുണ്ടായി (അ.പ്ര. 9, 12). എല്ലാം സുവിശേഷവേലയ്ക്കുള്ളതായിരുന്നു. സുവിശേഷം പ്രസംഗിക്കാൻ, പ്രത്യേകിച്ച് അത് ശ്രവിച്ചിട്ടില്ലാത്തവരോട് പ്രസംഗിക്കാൻ, ദർശനം കാണണം. സുവിശേഷം കേൾക്കാൻ ദർശനമുണ്ടാകണം. യേശുമിശിഹായെക്കുറിച്ചുള്ള സുവിശേഷവ്യാപനത്തെക്കുറിച്ച് പ്രായമായവർ സ്വപ്നങ്ങൾ നെയ്യണം. പരിശുദ്ധാത്മവർഷം, പെന്തെക്കൊസ്തിയുടെ അനുഭവം, ശക്തമാകുമ്പോൾ യുവാക്കൾക്ക് ദർശനമുണ്ടാകണം. പാകമായിക്കിടക്കുന്ന വയലുകൾ കൊയ്യാൻ, വിളവെടുക്കാൻ, വയലിന്റെ ഉടമസ്ഥൻ വിളിക്കുന്നതിനെക്കുറിച്ച്. ഇത്തരം സ്വപ്നങ്ങളും ദർശനങ്ങളും ഉണ്ടാകരുതേ എന്നു മക്കളെക്കുറിച്ച് ആഗ്രഹിക്കുന്ന മാതാപിതാക്കന്മാർ ഉണ്ടാവും, യുവതിയുവാക്കന്മാരുണ്ടാവും. അതേ സമയം യേ

www.malankaralibrary.com

ശുമിശിഹായ്ക്കു സാക്ഷ്യം വഹിക്കാൻ ഇറങ്ങി പുറപ്പെടാൻ വിളി കേൾക്കുന്ന, സ്വപ്നങ്ങളും ദർശനങ്ങളുമുണ്ടാകുന്ന, യുവതീയുവാക്കന്മാരുമുണ്ട്. മാതാപിതാക്കന്മാരുമുണ്ട് എന്നതും വലിയ സന്തോഷത്തിനു കാരണം തന്നെ. സഭയിൽ സകലർക്കും പരിശുദ്ധാത്മാവിന്റെ വർഷം ആവർത്തിച്ചുണ്ടാകാൻ നമുക്കു പ്രാർത്ഥിക്കാം.

പ്രവചനത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിനാൽ നിറയുന്ന അനുഭവം സഭയ്ക്കു മുഴുവനും കൂടെക്കൂടെ ഉണ്ടാവണം. ആ അവശ്യബോധം ഉള്ളതുകൊണ്ടു കൂടിയാണ് സഭ എല്ലാ വർഷവും ഉയിർപ്പു പെരുന്നാളിന്റെ അമ്പതാം ദിവസം പെന്തെക്കൊസ്തിപ്പെരുന്നാൾ ആഘോഷിക്കുന്നതും കുറെ ആഴ്ചകളുൾക്കൊള്ളുന്ന ഒരു കാലഘട്ടം പെന്തെക്കൊസ്തിക്കാലമായി ആചരിക്കുന്നതും.

പെന്തെക്കൊസ്തിയുടെ പെരുന്നാൾ ദിവസമോ അതുമുതൽ ഏതാനും ആഴ്ചകൾ മാത്രമോ അല്ല സുറിയാനിസഭ സഭയ്ക്കു മുഴുവനും പരിശുദ്ധാത്മ നിറവിനായി പ്രാർത്ഥിക്കുക. ഓരോ വി.കുർബാനയും പെന്തെക്കൊസ്തി സംഭവമത്രേ. വിശേഷിച്ച് പാശ്ചാത്യ സുറിയാനി സഭയുടെ ആരാധനയിൽ. വി. കുർബാനയുടെ ആരംഭം മുതൽ അവസാനം വരെ ത്രോണോസിലെ അപ്പവീഞ്ഞുകളിന്മേലും പുരോഹിതന്റെ മേലും ആരാധകസംഘത്തിന്മേലും സഭയ്ക്കാകമാനവും പരിശുദ്ധാത്മാവിന്റെ ആവസിപ്പിനുവേണ്ടി പ്രാർത്ഥിക്കുന്നു. വി. കുർബാനയുടെ ഓരോ പരികർമ്മവും സഭയ്ക്കു മുഴുവനും പെന്തെക്കൊസ്തിയുടെ അനുഭവമാകുന്നു. വി. കുർബാനയിലെ പരിശുദ്ധാത്മാവാസം സ്വീകരിച്ച് കർത്താവും രക്ഷകനുമായ യേശുമിശിഹായ്ക്ക് സാക്ഷ്യം വഹിക്കാൻ നാം പോകുന്നു.

സാക്ഷികളാകാനുള്ള വിളി ഫലപ്രദമായി നിറവേററാൻ നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ ഓരോ ദിവസവും സന്ദർഭത്തിലും പരിശുദ്ധാത്മാവിനാൽ നാം നിറയണം. നല്ല ഒരു ക്രിസ്തീയ ഭാര്യ/ഭർത്താവ് ആയി വർത്തിക്കാൻ, ഉത്തമരായ ക്രിസ്തീയ മാതാപിതാക്കന്മാരായിരിക്കാൻ, ഉത്തമരായ ക്രിസ്തീയ മക്കളും യുവതിയുവാക്കൻമാരുമായിരിക്കാൻ, ഉത്തമരായ വൈദികനോ സന്യാസിയോ സന്യാസിനിയോ ആയിരിക്കാൻ, എല്ലാററിനും എല്ലായ്പോഴും പരിശുദ്ധാത്മ നിറവ് നമുക്ക് ആവശ്യമത്രെ. ആയതിനാൽ സഭയായി, ഇടവകയായി, കുടുംബമായി, വ്യക്തികളായി പരിശുദ്ധാത്മനിറവിന് ആവർത്തിച്ച് പ്രാർത്ഥിക്കണം. ഇന്ന് സഭ മുഴുവൻ പരിശുദ്ധാത്മാവിനാൽ വീണ്ടും നിറയുന്ന ഒരു പെന്തെക്കൊസ്തിപ്പെരുന്നാൾ ആയിത്തീരണമെന്ന് നമുക്കു പ്രാർത്ഥിക്കാം. സഭയ്ക്കു മുഴുവനും ലഭിച്ചിരിക്കുന്ന പരിശുദ്ധാത്മ നിറവിൽ നമുക്കും പങ്കുചേരാം. അതിനു ഇന്നത്തെ ശുശ്രൂഷകളും ആരാധനയും സഹായിക്കട്ടെ.

■

www.malankaralibrary.com

# മാമോദീസ

## ആമുഖം

"ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും, അതു സമൃദ്ധമായി ഉണ്ടാകാനുമാണ്", (യോ 10:10). ദൈവപുത്രനായ യേശു തമ്പുരാൻ മനുഷ്യനായി അവതരിച്ചത്, ആദി മനുഷ്യനായ ആദത്തിന്റെയും ഹവ്വയുടെയും പാപം മൂലം മനുഷ്യസമൂഹത്തിനു നഷ്ടപ്പെട്ട ദൈവിക ജീവൻ, അല്ലെങ്കിൽ ത്രിയേക ദൈവത്തിലുള്ള കൂട്ടായ്മ നേടിയെടുക്കാനാണ്. യേശു തമ്പുരാൻ, തന്റെ രക്ഷാകരപ്രവർത്തനം വഴി മനുഷ്യർക്ക് ഇത് സാഭലഭ്യമാക്കിക്കൊടുത്തു. യേശുവിൽ വിശ്വസിക്കുന്ന മനുഷ്യർക്ക് ഇത് നേടിയെടുക്കുവാൻ സഭയെയും, അതിനുള്ളിൽ കൂദാശകളും സ്ഥാപിച്ചു. അതുകൊണ്ട് ഓരോ കൂദാശയും ഈ ദൈവികജീവനിലേക്ക് വളരുന്നതിനുള്ള മാർഗ്ഗങ്ങളാണ്. എന്നാൽ ഒരു വ്യക്തിയെ സഭയിലെ അംഗമാക്കിത്തീർക്കുകയും, അതിലൂടെ മററുകൂദാശകളിൽ പങ്കുപററാൻ യോഗ്യനാക്കുകയും ചെയ്യുന്ന ഏററവും പ്രധാനപ്പെട്ട, ഒഴിച്ചുകൂടാൻ സാധിക്കാത്ത കൂദാശയാണ് മാമ്മോദീസാ. ക്രൈസ്തവ വിശ്വാസത്തിൻെറ ആരംഭം ഈ കൂദാശ സ്വീകരണത്തോടുകൂടിയാണ്. ഈ കൂദാശ സ്വീകരിക്കുമ്പോൾ, ഒരു വ്യക്തിയുടെ പാപം മോചിക്കപ്പെട്ട് ദൈവപുത്രസ്ഥാനത്തിന് യോഗ്യനായിത്തീരുന്നു. അതുപോലെ തന്നെ ഈ കൂദാശ സ്വീകരിക്കുന്നതുവഴി ഒരു വ്യക്തി കർത്താവായ യേശു ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുപററുന്നു. മലങ്കര മാമോദീസാ ശുശ്രൂഷയുടെ പ്രാരംഭ പ്രാർത്ഥനയിൽ സൂചിപ്പിക്കുന്നതുപോലെ ഈ ആദ്ധ്യാത്മിക പൗരോഹിത്യ ശുശ്രൂഷയിലൂടെ ഓരോ ക്രൈസ്തവരും കർത്താവിന്റെ ബലി അർപ്പണത്തിൽ പങ്കുചേരുകയാണ്. സഭയിൽ അംഗമായി യേശു ക്രിസതുവിന്റെ രക്ഷാകരബലിയിൽ പങ്കുകൊള്ളുന്നതോടൊപ്പം ഒരു വ്യക്തി ത്രിയേക ദൈവത്തിന്റെ ജീവനിൽ ഉൾച്ചേരുകയാണ്.

## 1. വിശ്വാസം -മാമ്മോദീസായുടെ അടിസ്ഥാനം

ത്രിയേക ദൈവത്തിലുള്ള വിശ്വാസമാണ് അർത്ഥിയെ മാമോദീസ സ്വീകരിക്കാൻ യോഗ്യനാക്കിത്തീർക്കുന്നത്. അതുപോലെ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ യേശുതമ്പുരാൻ മനുഷ്യനായി അവതരിച്ചുവെന്നും, നമ്മുടെ രക്ഷയ്ക്കായി പീഡകൾ സഹിക്കുകയും, കുരിശുമരണം വരിക്കുകയും, മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തുവെന്നും, സകലരെയും വിധിക്കാൻ ഇനിയും വരുമെന്നുമുള്ള വിശ്വാസവും മാമ്മോദീസായുടെ അടിസ്ഥാനമാണ്. അടിസ്ഥാനപരമായ ഈ ക്രിസ്തീയ വിശ്വാസത്തിലേക്കുള്ള ആരംഭമിടലാണ് മാമ്മോദീസാ. ഈ വിശ്വാസം അതിന്റെ പൂർണ്ണതയിൽ ഇവിടെ ദർശിക്കാൻ സാധ്യമല്ലെങ്കിലും, അവന്റെ സ

www.malankaralibrary.com

ഭാത്മക ജീവിതത്തിലൂടെ വളർത്തിയെടുക്കേണ്ടതാണ്. ദൈവത്തിന്റെ ദാനമായിട്ടാണ് വിശ്വാസം ഇവിടെ നല്കപ്പെടുക. വിശ്വാസസമൂഹത്തിന്റെയും തലതൊടുന്നയാളിന്റെയും പരമപ്രധാനമായ ഉത്തരവാദിത്വമാണ് ഈ അർത്ഥിയെ വിശ്വാസത്തിലേക്ക് വളർത്തിക്കൊണ്ടു വരുകയെന്നുള്ളത്.

പ്രതീകാത്മകമായി വെള്ളത്തിൽ മാമ്മോദീസാ മുക്കുന്നതിന് മുൻപ്, വൈദികൻ രഹസ്യത്തിൽ പ്രാർത്ഥന ചൊല്ലിക്കൊണ്ട്, ദുഷ്ടാത്മാവിന്റെ എല്ലാവിധമായ ആധിപത്യത്തിൽ നിന്നും അർത്ഥിയെ വിമോചിപ്പിക്കുന്നു. കർത്താവായ യേശു ക്രിസ്തുവിനെ സ്വീകരിക്കുവാൻ തടസ്സമായി നിൽക്കുന്ന എല്ലാ ബന്ധനങ്ങളിൽ നിന്നും മോചിപ്പിക്കപ്പെടുന്നു. ദൈവത്തിന്റെ കൈപ്പണിയായ സൃഷ്ടിയിൽ നിന്നും സകല അശുദ്ധ ദുഷ്ടാത്മാക്കളെയും ബഹിഷ്കരിക്കുകയാണ്. പിശാചിനെയും അവന്റെ സകല സൈന്യത്തെയും ഉപേക്ഷിച്ച്, രക്ഷകനും, നമ്മുടെ കർത്താവും, ദൈവവുമായ യേശുവിലുള്ള വിശ്വാസവും, സഭയിലൂടെ കാലാകാലങ്ങളിൽ ദൈവം നൽകിയിട്ടുള്ള ഉപദേശങ്ങളെയും സ്വീകരിച്ചുകൊണ്ട് നിത്യ ജീവന്റെ പ്രതീകമായി മാമോദീസാ ജലത്തിൽ മുക്കുന്നു. മൂന്നു പ്രാവശ്യം പിശാചിനെ തള്ളിപ്പറയുന്നതും, വിശ്വാസം ഏററു പറയുന്നതും പരിപൂർണ്ണമായ വിശ്വാസത്തിന്റെ തെളിവാണ്. ഇതിനുശേഷം ത്രിയേക ദൈവത്തിന്റെ നാമത്തിൽ ആനന്ദതൈലം കൊണ്ട് മുദ്രകുത്തി ജീവനിലേക്ക് പ്രവേശിപ്പിക്കുന്നു.

അതിനുശേഷമാണ് പ്രതീകാത്മകമായി ജലത്തിൽ മാമോദീസാ മുക്കുന്നത്. മാമോദീസായുടെ ഈ ജലം ആശ്വാസത്തിന്റെ ജലവും, സന്തോഷത്തിന്റെയം ആനന്ദത്തിന്റെയും, യേശുക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും ദൃഷ്ടാന്തപരമായി പ്രവേശിപ്പിക്കുന്ന ജലവുമാണ്. ഈ ജലത്തിലൂടെ സകല പാപക്കറകളെയും കഴുകിക്കളഞ്ഞ് ആത്മശരീരങ്ങളെ പ്രകാശിപ്പിക്കുന്നു. ഈ ജലത്തിലൂടെ പുത്ര സ്വീകാര്യത്തിലും ത്രിയേകദൈവത്തിലുള്ള ജീവനിലും പങ്കുപററുന്നു. ഈ ജലത്തിൽ നിന്നാണ് അർത്ഥി ത്രിയേക ദൈവത്തിന്റെ നാമത്തിൽ മാമ്മാദിസാ മുങ്ങിക്കൊണ്ട്, മഹത്വത്തിന്റെ വസ്ത്രം ധരിച്ച്, പുതിയ മനുഷ്യനായി സഭാ മദ്ധ്യത്തിലേക്ക് വരുന്നത്.

## 2. മാമോദീസ : പെസഹാ രഹസ്യങ്ങളിലുള്ള പങ്കുപററൽ

കർത്താവായ യേശുക്രിസ്തു തന്റെ പീഡാസഹനത്തിലൂടെയും, കുരിശുമരണത്തിലൂടെയും, ഉത്ഥാനത്തിലൂടെയുമാണ് മനുഷ്യന് പുതിയ ജീവിതം പകർന്നു നല്കിയത്. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം, ഈ രഹസ്യങ്ങളിൽ വ്യക്തിപരമായി പങ്കു പററുമ്പോഴാണ് രക്ഷയുടെ അനുഭവം തന്റെ ജീവിതത്തിൽ അനുഭവിച്ചറിയുന്നത്. ഓരോ ക്രിസ്ത്യാനിയെയും ഈ രക്ഷാകര രഹസ്യത്തിലേക്ക് പ്രവേശിക്കാൻ സഹായിക്കുന്ന എക പ്രവൃത്തി ജ്ഞാനസ്നാനമാണ്. വി. പൗലോസ് ശ്ലീഹാ ഇതിനെക്കുറിച്ച് വളരെ വ്യക്തമായിപ്പറയുന്നുണ്ട്. യേശു ക്രിസ്തുവി

www.malankaralibrary.com

നോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോടും ഉത്ഥാനത്തോടും ഐക്യപ്പെടുകയാണ് (Rom 6: 3f). ഇത് വെറും ആലങ്കാരികപ്രയോഗമല്ല, മറിച്ച് യഥാർത്ഥ സംഭവം നടക്കുന്നതിന്റെ തെളിവാണ്.

യേശുവിന്റെ മരണത്തിലും ഉയിർപ്പിലും ദൃഷ്ടാന്തപരമായി പ്രവേശിപ്പിക്കുന്ന ജലത്തിൽ മൂന്നു പ്രാവശ്യം മുക്കുമ്പോൾ പഴയ മനുഷ്യനെ ഉപേക്ഷിക്കുന്നതിന്റെ പ്രതീകമാണ്. ജലത്തിൽ നിന്നും പൊങ്ങുന്നത് ക്രിസ്തുവിനോടുകൂടി പുതിയ ജീവിതത്തിലേക്ക് ഉയിർക്കുന്നതുവഴി പഴയ മനുഷ്യനെ ഉരിഞ്ഞ് കളഞ്ഞ്, പാപം മോചനം നേടുകയും, നീതികരിക്കപ്പെട്ടവനായി പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുകയും ചെയ്യുന്നതിന്റെ പ്രതീകമാണ്.

### 3. മാമോദീസാ – പുതിയ മനുഷ്യനാകാനുള്ള വിളി

യേശുക്രിസ്തുവിന്റെ മാമോദീസായാണ് ക്രിസ്തീയ മാമോദീസായുടെ അടിസ്ഥാനം. മൂന്നു സുവിശേഷകന്മാരും ഈ സംഭവം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്, (Mt: 13-17, Mk 1:9-11; Lk 3:21-22). എന്നാൽ യേശുക്രിസ്തു സ്വീകരിച്ച മാമോദീസായുടെ അതേ അർത്ഥമല്ല, ഇന്ന് സഭ മാമോദീസായ്ക്കു നൽകുന്നത്.

അതേസമയം സഭ യേശുവിന്റെ വചനത്തെ അടിസ്ഥാനമാക്കിയാണ് മാമോദീസായെ വ്യാഖ്യാനിക്കുന്നത്. അതായത് മാമോദീസാ ദൈവരാജ്യത്തിലേക്കുള്ള ജനനമാണ്. യേശു നിക്കോദിമോസിനോടു പറയുന്നു "സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു, ജലത്താലും, ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല (Jn. 3:5).

ദൈവരാജ്യത്തിന് അവകാശി ആകണമെങ്കിൽ ജ്ഞാനസ്നാനമാകുന്ന ജനനത്തിലൂടെ വീണ്ടും ഒരു പുതിയ മനുഷ്യനായിത്തീരണം, പുതിയ വ്യക്തിത്വം ഉൾക്കൊള്ളുന്നവനായിത്തീരണം. ഈ പുതിയ വ്യക്തിത്വം യേശിവിന്റെ മനോഭാവം സ്വീകരിക്കുന്നതാണ്. യേശുവിന്റെ മനോഭാവം സ്വീകരിക്കുകയെന്നാൽ അവിടുത്തെ പീഢാനുഭവത്തിലും, മരണത്തിലും, ഉത്ഥാനത്തിലും ചുരുക്കത്തിൽ രക്ഷാകരസംഭവങ്ങളിൽ ഭാഗഭാക്കായിത്തീരുക എന്നതാണ് (2 കൊരി 5:17). വി. പൗലോസ് ശ്ലീഹാ പറയുന്നു, മാമ്മോദിസായിലൂടെ ഓരോ വ്യക്തിയും യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിലും, മരണത്തിലും, ഉയിർപ്പിലും പങ്കാളിയാകുന്നുവെന്ന് (Rom 6, 3-5). പ്രതീകാത്മകമായി ജ്ഞാനസ്നാന ജലത്തിൽ നിന്നും പുറത്തുവരുന്ന അർത്ഥി യേശുവിനെപ്പോലെ പൂർണ വ്യക്തിത്വം സ്വീകരിക്കാൻ യോഗ്യതയുള്ളവനായിത്തീരുകയാണ്. ഇതിന്റെ ആദ്യപടിയായിട്ടാണ്, പരിശുദ്ധാത്മാവിന്റെ ആലയം എന്ന നിലയിൽ (1 Cor 6:19), പിതാവായ ദൈവത്തെ, ആബാ പിതാവേ എന്നു വിളിക്കാൻ യോഗ്യതയുള്ള (Rom. 8:15) പുത്രസ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുന്നത്. ക്രിസ്തുവിനെപ്പോലെ, ഈ വിശ്വാസിയും ദൈവപുത്രനായിത്തീരുകയാണ്.

പാപത്തിലൂടെ മനുഷ്യന് നഷ്ടപ്പെട്ട യഥാർത്ഥ ഛായയും, സാദൃശ്യവും മാമോ

www.malankaralibrary.com

ദീസായിലൂടെ വീണ്ടെടുക്കുന്നു. പറുദീസായിൽ ദൈവം തന്റെ കൈകൊണ്ട് മെനെഞ്ഞെടുത്ത നിഷ്ക്കളങ്കരും, പാപത്താൽ മലിനമാകാത്തതുമായ മനുഷ്യന് സദൃശ്യനായിത്തീരുകയാണ് മാമോദീസാ സ്വീകരിച്ച വ്യക്തി. മനുഷ്യനെന്ന സൃഷ്ടിയെ ദൈവം എന്തിനുവേണ്ടി സൃഷ്ടിച്ചുവോ, ആ ഉദ്ദേശം വീണ്ടെടുക്കപ്പെടുന്നു. പറുദീസായിൽ ആദിമാതാപിതാക്കന്മാർക്ക് രുചിക്കുവാൻ സാധിക്കാതിരുന്ന ജീവന്റെ ഫലം ഭക്ഷിക്കുവാൻ അവകാശം നേടിയെടുക്കുകയാണ് മാമോദീസായിൽ. ദൈവത്തെയും, സഹോദരനെയും ഒരു പോലെ സ്നേഹിക്കുന്ന യഥാർത്ഥ മനുഷ്യത്വം ഇവനിൽ രൂപം കൊള്ളുന്നു.

ഒരു പുതിയ വ്യക്തിത്വം നല്കപ്പെടുന്നതിന്റെ അടയാളമായിട്ടാണ് വൈദികൻ ദൈവികശ്വാസം ഇവനിലേക്ക് ഊതി, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റുഹായുടെയും നാമത്തിൽ പുതിയ പേരു നൽകി നിത്യജീവനായി മുദ്രകുത്തുന്നത്. ക്രിസ്തു തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും എപ്രകാരം മനുഷ്യരെ ദൈവസന്നിധിയിലേക്ക് ആനയിച്ചുവോ, അതുപോല ഓരോ വ്യക്തിയും മാമോദീസാ എന്ന കൂദാശയിലൂടെ വിശുദ്ധകല്പനകളുടെ ആചരണം വഴിയായി ദൈവത്തിലേക്ക് നടന്നടുക്കുകയാണ്. ഈ കല്പന പൂർണ്ണ ആത്മാവോടും, പൂർണ്ണ ശക്തിയോടും, പൂർണ്ണ ഹൃദയത്തോടും ദൈവത്തെ സ്നേഹിക്കുന്നതും, അയല്ക്കാരെ നമ്മെപ്പോലെ സ്നേഹിക്കുന്നതുമാണ് (Lk 10:27).

### 4. മാമോദീസാ - ദൈവിക ജീവനിൽ ഉൾപ്പെടൽ

പിതാ, പുത്ര, പരിശുദ്ധാത്മാവിന്റെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്ന വ്യക്തി ത്രിയേക ദൈവത്തിന്റെ സംസർഗ്ഗത്തിൽ (ജീവനിൽ) ആയിത്തീരുകയാണ്. പെസഹാരഹസ്യങ്ങളിൽ പങ്കുപററി, മാമോദീസാ സ്വീകരിച്ച വ്യക്തി ആദിമാതാപിതാക്കന്മാർ അനുഭവിച്ച സന്തോഷത്തിലേക്ക് കടന്നുപോവുകയാണ്. ത്രിയേക ദൈവത്തിന്റെ സ്വഭാവത്തിലും ജീവനിലും പങ്കുചേരുമ്പോൾ, രണ്ടു കാര്യങ്ങൾ ഇവിടെ യാഥാർത്ഥ്യമാവുകയാണ്. (1) പിതൃ-പുത്ര-പരിശുദ്ധാത്മാവ് എപ്രകാരം പരസ്പരം സ്നേഹിക്കുന്നുവോ, അതുപോലെ നാം ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കുവാൻ നിയോഗിക്കപ്പെടുന്നു (Jn 15: 9f). (2) പരിശുദ്ധ ത്രിത്വം സ്നേഹത്തിൽ ഒന്നായിരിക്കുന്നതുപോലെ (Jn 17:11) നാം സ്നേഹത്തിലൂടെ പരസ്പരം ഐക്യപ്പെട്ടു ജീവിക്കാൻ, ഒരു സമൂഹമായി ജീവിക്കാൻ ഭരമേല്പിക്കപ്പെടുന്നു.

യേശുവിന്റെ ജ്ഞാനസ്നാന സമയത്ത് ഇവൻ എന്റെ പ്രിയപുത്രനാണെന്ന് പറഞ്ഞ് യേശുവിനെ പിതാവ് ലോകത്തിന് വെളിപ്പെടുത്തിയതുപോലെ (Mt 3:16p17), പരി.ത്രിത്വം മാമോദീസാ സമയത്ത് ഈ അർത്ഥിയെ തന്റെ മകനായി, മാററുകയാണ്. അതിന്റെ ഫലമായി സഭയുടെ സന്താനമായി അർത്ഥി മാററപ്പെടുന്നു. പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെ സ്വീകരിച്ച നാം, അവകാശിയാകുന്നതൊടൊപ്പം

www.malankaralibrary.com

(Gal. 4:6-7) സഹസ്രഷ്ടാക്കൾ ആയി ദൈവത്തോടൊപ്പം പ്രവർത്തിക്കുന്നു. ദൈവം അധിവസിക്കുന്ന ഭവനമെന്ന നിലയിൽ, ഈ ലോകത്തിൽ ത്രിയേക ദൈവത്തിന്റെ സാക്ഷികളായിത്തീരുകയാണ്. യഥാർത്ഥത്തിൽ ദൈവത്തിന്റെ ഛായയും സാദൃശ്യവും വീണ്ടെടുത്ത് ദൈവത്തിന്റെ സ്ഥാനപതികളായി മുദ്രകുത്തപ്പെടുന്നു. അതുപോലെ നാം യഥാർത്ഥ ആരാധകരായിത്തീരുകയാണ്. കാരണം യഥാർത്ഥ ആരാധകർ പിതാവിനെ സത്യത്തിലും, ആത്മാവിലും ആരാധിക്കുന്നു (Jn 4:23). ഈ ആരാധന സ്നേഹത്തിൽ നിന്നും ഉടലെടുക്കുന്നതാണ്. പുത്രസ്ഥാനത്ത് നിന്നുകൊണ്ട് അർപ്പിക്കുന്നതാണ്.

**5. സഭയിൽ അംഗമായിത്തീരുന്നു.**

സഭാത്മകമായ ജീവിതത്തിലൂടെയാണ്, ജ്ഞാനസ്നാന ഫലങ്ങൾ നാം അനുഭവിക്കുന്നത്; വ്യക്തമായി പറഞ്ഞാൽ യേശുക്രിസ്തുവിനോട് ഐക്യപ്പെടാനും, അതുവഴി നമ്മുടെ ആത്യന്തികലക്ഷ്യമായ ത്രിയേക ദൈവത്തിന്റെ കൂട്ടായ്മയിൽ എത്തിച്ചേരാനും നമ്മെ സഹായിക്കുന്നത് സഭാ ജിവിതമാണ്. അതുകൊണ്ടാണ് ഈ ലോകത്തിൽ സഭ രക്ഷയുടെ മാർഗ്ഗമായി യേശു സ്ഥാപിച്ചത്. നമ്മുടെ ആരാധനക്രമത്തിൽ ഇതിനെപ്പററി വളരെ വ്യക്തമായി പറയുന്നുണ്ട്; കർത്താവിനോട് സംസാരിക്കേണ്ടുന്നവരെല്ലാം സഭയിൽ പ്രവേശിക്കട്ടെ, കാരണം ദൈവം അവിടെ വസിക്കുന്നു. സഭയിൽ വചനത്തിലൂടെയും, കൂദാശകളിലുടെയും, വളരെ പ്രതീകാത്മകമായി വി. കുർബ്ബാനയിലൂടെയും ഒരു വിശ്വാസി ദൈവത്തെ അനുഭവിച്ചറിയുന്നു.

മാമോദീസാ എന്ന കുദാശയുടെ സ്വീകരണം വഴി ഒരുവൻ പുതിയ വ്യക്തി മാത്രമല്ല, പുതിയ വ്യക്തിത്വം സ്വീകരിച്ച കൂട്ടായ്മയായ, സഭയുടെ, അംഗവുമായിത്തീരുകയാണ്. മലങ്കരസഭയുടെ മാമോദീസാ ശുശ്രൂഷയിൽ ഇത് വളരെ വ്യക്തവുമാണ്. മാമോദീസായുടെ അവസാനം പുരോഹിതൻ അർത്ഥിയെ ജ്ഞാനസ്നാനതൊട്ടിയായ സഭയുടെ ഗർഭപാത്രത്തിൽ നിന്നും എടുത്തതിനുശേഷം ഇപ്രകാരം പ്രാർത്ഥിക്കുന്നു "അല്ലയോ വിശുദ്ധ സഭയേ, മാമോദീസാ വെള്ളത്തിൽ നിന്നും പരിശുദ്ധാത്മാവു ജനിപ്പിച്ച കളങ്കമില്ലാത്ത ഈ കുഞ്ഞിനെ നിന്റെ ചിറകുകൾ വിരിച്ച് സ്വീകരിച്ചാലും" പിന്നെയും വൈദികൻ രഹസ്യമായി ഇപ്രകാരം പ്രാർത്ഥിക്കുന്നു "വിശുദ്ധ സഭയിൽ സത്യത്തിന്റെ ചെടിയായി ഇവനെ/ ഇവളെ നട്ടുവളർത്തണമെ".

പരിശുദ്ധാത്മാവു ജനിപ്പിച്ച കളങ്കമില്ലാത്ത ഈ കുഞ്ഞിനെ വിശ്വാസ സമൂഹത്തിന്റെ കൈകളിൽ ഏല്പിക്കുമ്പോൾ, അവരുടെ ഉത്തരവാദിത്വമാണ് ഇവനെ വിശ്വാസ ജീവിതത്തിൽ വളർത്തുകയെന്നുള്ളത്. കൂദാശധിഷ്ഠിതവും, വചനാധിഷ്ഠിതവുമായ ജീവിതത്തിലൂടെ അവൻ പൂർണ്ണ മനുഷ്യനായി കർത്താവിന്റെ ഭൗതിക ശരീരത്തിൽ അംഗമായിത്തീരുകയാണ്. സാക്ഷാൽ മുന്തിരച്ചെടിയായ ക്രിസ്തുവിനോട് ചേർക്കപ്പെടുന്നതുവഴി, ആ മുന്തിരിയിലെ എല്ലാ ശാഖകളുമായി ബന്ധം ഉണ്ടാകുകയാണ് (Jn 15: 1f). കാതോലികമായ സഭയിലെ എല്ലാ മക്കളുമായി നാം

www.malankaralibrary.com

ആത്മീയ ബന്ധത്തിൽ എർപ്പെടുന്നു. അപ്പോൾ എല്ലാവരുടെയും ദുഃഖവും സന്തോഷവും, പരസ്പരം പങ്കുവയ്ക്കുന്ന അനുഭവത്തിലേക്ക് വളരുന്നു. അതുപോലെ ഈ ലോകത്തിൽ നിന്നും മരണത്താൽ കടന്നുപോയ എല്ലാ വിശ്വാസികളുമായും, ഇനി ജനിക്കാനുള്ള ക്രൈസ്തവരുമായും നാം ആത്മീയ ബന്ധത്തിൽ ഏർപ്പെടുന്നു.

മാമോദീസായിലൂടെ നാം യേശുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുപറ്റുകയാണ്, അത് സഭയിൽ അനുഷ്ഠിക്കുകയും ചെയ്യുന്നു. ഈ രാജകീയ പൗരോഹിത്യം യേശുക്രിസ്തുവിന്റെ ബലിയിൽ പുരോഹിതനൊടൊപ്പം ദൈവത്തിനു പ്രീതികരമായ ബലി അർപ്പിക്കാനാണ് (1 pet 2:5). അതുപോലെ പുരോഹിതന്റെ ധർമ്മമായ വിശുദ്ധീകരണത്തിൽ പങ്കെടുത്ത് സ്വയം വിശുദ്ധീകരിക്കുകയും, സമൂഹത്തെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ മററുകൂദാശകൾ സ്വീകരിക്കാനും ഇവൻ യോഗ്യനാവുകയാണ്. ഇത് സ്വന്തജീവിതത്തിലും മററുള്ളവർക്കുവേണ്ടിയും ബലിയായിത്തീരുവാനുള്ള വിളിയും കൂടിയാണ്. അവസാനം എല്ലാത്തിന്റെയും പൂർത്തീകരണമായി പിതാവായ ദൈവം പുത്രനിലൂടെ സഭയ്ക്കു ഭരമല്പിച്ച സുവിശേഷപ്രഘോഷണ ദൗത്യം ഏറെറടുത്ത് പ്രേഷിതരായിത്തീരുന്നു ( Mt 28:18-20). അങ്ങനെ സഭയിലൂടെ പറുദീസായുടെ അനുഭവം സ്വയം സാക്ഷാത്കരിക്കുകയും മററുള്ളവരെ അതിലേക്ക് ആനയിക്കാൻ പ്രാപ്തനായിതീരുകയും ചെയ്യുന്നു.

ചുരുക്കത്തിൽ മാമോദീസാ എന്ന കൂദാശയിലൂടെ നാം പാപത്തിൽ നിന്നും മോചനം പ്രാപിച്ച്, നീതികരണം ലഭിച്ചവരായി, മഹത്വത്തിന്റെ വസ്ത്രം ധരിച്ച്, പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു. യേശുക്രിസ്തുവിന്റെ മരണത്തിലും, ഉത്ഥാനത്തിലും പങ്കെടുത്ത്, പുതിയ വ്യക്തിത്വം സ്വീകരിച്ച വിശ്വാസി, ഈ ലോകത്തിൽ പ്രത്യാശയുടെ ജീവിതം നയിക്കാൻ കടപ്പെട്ടിരിക്കുന്നു. ഇത് സാദ്ധ്യമാകണമെങ്കിൽ മാമോദീസായിൽ നിന്നും ലഭിച്ച കൃപകൾ സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിയണം. കൂദാശധിഷ്ഠിതവും, വചനാധിഷ്ഠിതവുമായ ജീവിതം നയിക്കണം. അപ്പോൾ ദൈവത്തെ സ്ത്രോത്രം ചെയ്യാനും, മനുഷ്യർക്ക് നന്മ ചെയ്യാനുമുള്ള ശക്തി നമുക്ക് ലഭിക്കും. അതിനുവേണ്ടി പ്രാർത്ഥിക്കാം.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

www.malankaralibrary.com

# മൂറോനഭിഷേകം

ക്രൈസ്തവ പക്വതയുടെ കൂദാശയെന്ന് ഇതിനെ വിളിക്കാം. കാരണം പിറന്നിട്ട ധികമായിട്ടില്ലാത്ത കുഞ്ഞിനെപ്പോലെ മാമോദീസാ മുഖാന്തരം തനിക്കു ലഭിച്ച സത്യവിശ്വാസത്തിൽ ഒരു വിശ്വാസി ഉറപ്പിക്കപ്പെടുന്നത് മൂറോനഭിഷേകം എന്ന കൂദാശയിലുടെയാണ്. വിശ്വാസത്തിൽ പക്വത നേടുവാനും, സഭയുടെ ശ്ലൈഹികമായ ഐക്യത്തിലേക്ക് കടന്നു വരുവാനും, അതനുസരിച്ച് പ്രവർത്തിക്കാനും ഈ കൂദാശയുടെ സ്വീകരണം ഒരാളെ പ്രാപ്തനാക്കുന്നു. പൗരസ്ത്യ സഭകളിൽ മാമോദീസായൊടൊപ്പം തന്നെ ഈ കൂദാശയും നൽകുന്നു. പരിശുദ്ധാത്മാവിന്റെ പ്രതികമായ വി. മൂറോൻ കൊണ്ടുള്ള പരിപൂർണ്ണ അഭിഷേകമാണ് ഈ കൂദാശയിലെ പ്രധാനകർമ്മം.

പഴയ നിയമത്തിൽ പുരോഹിതരും രാജക്കന്മാരും ദൈവദാസന്മാരായി വേർതിരിക്കപ്പെട്ടത് അഭിഷേകം വഴിയാണ് (ലേവ്യ 8:1-13. 1 സാമു 10: 1-8; 1 സാമു 16: 12-13). ഈ അഭിഷേകത്തിലൂടെയാണ് അവരുടെ ദൗത്യനിർവ്വഹണത്തിന് അവരെ പ്രാപ്തരാക്കുന്നതിന് പരിശുദ്ധാത്മാവിനെ നല്കിയത്. അതുകൊണ്ടാണ് ഇപ്രകാരം നമ്മൾ പ്രാർത്ഥിക്കുന്നത്.

"ചൊ-ന്നാൻ ദൈവം അഹറോനെ പൂശുക
നിർമ്മലനാവാൻ പാവന തൈലത്താൽ
പൂ-ശുന്നിപ്പോൾ സ്നാനം പ്രാപിച്ചൊരു
കുഞ്ഞാടി നെയീ - പാവന തൈലത്താൽ"

പുതിയ നിയമത്തിലും ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ പ്രത്യേകമായി സ്വീകരിക്കുന്ന സന്ദർഭങ്ങൾ വിവരിക്കുന്നുണ്ട് (ലൂക്കാ 24:49; യോഹ. 14:16; അപ്പ 1:8; യോഹ 20:22; അപ്പ 8:15-17). യേശു ക്രിസ്തുവിന്റെ ഈ വാഗ്ദാനം സ്വീകരിച്ചതിനുശേഷമാണ് ശ്ലീഹന്മാർ സുവിശേഷം പ്രസംഗിക്കുവാൻ ശക്തരായിത്തീർന്നത്. കർത്താവിന്റെ കുരിശു മരണവും ഉത്ഥാനവും അർത്ഥമുള്ളതായിത്തീരുന്നത് പരിശുദ്ധാത്മ അഭിഷേകത്തിനുശേഷമാണ്. സഭാപിതാക്കന്മാർ തങ്ങളുടെ പഠനങ്ങളിലൂടെ മൂറോഭിഷേകം എന്ന കൂദാശയെക്കുറിച്ച് ആഴമായ അറിവ് നമുക്ക് പകർന്നു തന്നിട്ടുണ്ട്. ക്രിസ്തുവിന്റെ തുടർച്ചയായ സഭയുടെ ആത്മാവും ജീവനും പരിശുദ്ധാത്മാവാണ്. ഈ ആത്മാവിനെയാണ് മൂറോനഭിഷേകത്തിലൂടെ ലഭിക്കുന്നത്.

## മൂറോനഭിഷേകത്തിന്റെ ലക്ഷ്യം

നമ്മുടെ മൂറോനഭിഷേക കൂദാശാ ശുശ്രൂഷ ദൈവവചനാധിഷ്ഠിതവും, ദൈവവചനത്തിന്റെ ആന്തരിക അർത്ഥം ഉൾക്കൊള്ളുന്നതുമാണ്. അതിന്റെ തെളിവാണ് മൂറോൻ പൂശിക്കൊണ്ട് വൈദികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നത് "സത്യവിശ്വാസത്തിന്റെ മുദ്രയും, അടയാളവും, പരിശുദ്ധാത്മാവ് നൽവരങ്ങളുടെ പൂർണ്ണിമയും, മി

www.malankaralibrary.com

ശിഹായുടെ പരിമളവുമായ വിശുദ്ധ മൂറോൻ കൊണ്ട് പിതാവിന്റെയും + പുത്രന്റെയും, + ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യ ജീവനിലേക്ക് മുദ്ര കുത്തപ്പെടുന്നു".

ഈ കൂദാശ എന്തിനുവേണ്ടി നല്കപ്പെടുന്നുവെന്നുള്ളത് വളരെ വ്യക്തമായി ഈ അഭിഷേകത്തിനുശേഷം പറയുന്നുണ്ട്. ഒന്നാമതായി, കൃപയുടെ സ്നാനത്താൽ ഹൃദയം വിശുദ്ധമാക്കി പരിശുദ്ധാത്മ നൽവരങ്ങളായ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നൻമ, വിശ്വസ്തത, സൗമ്യത (ഗലാ 5:22) എന്നിവ സ്വീകരിച്ചുകൊണ്ട് ഈ ലോകത്തിൽ ഒരു ജ്യോതിർഗോളം പോലെ വിളങ്ങുന്നതിനുവേണ്ടിയാണ്. അതുപോലെ രണ്ടാമതായി, അവിശ്വാസികളുമായുള്ള ബന്ധത്തിൽ ജീവന്റെ വചനത്തെ മുറുകെ പിടിച്ച് പുതിയ ജീവനായ, ത്രിയേക ദൈവത്തിന്റെ ജീവനിൽ പങ്കുപററുന്നതിനുവേണ്ടിയാണ്.

**കൂദാശയുടെ ഫലങ്ങൾ**

(1) മൂറോനഭിഷേകം വഴി പക്വത പ്രാപിക്കുന്ന ക്രൈസ്തവൻ, ക്രൈസ്തവ സാമൂഹിക ജീവിതത്തിലേക്ക് പൂർണ്ണമായി പ്രവേശിക്കുന്നു.

(2) സമൂഹമദ്ധ്യത്തിൽ വിവേകത്തോടെ പെരുമാറാൻ ഇത് നമ്മെ പ്രാപ്തരാക്കുന്നു. അതായത് ഈ കൂദാശയുടെ സ്വീകരണത്തോടുകൂടി ആദാമിനും, ഹവ്വായ്ക്കും ലഭിക്കാതെപോയ നന്മ തിന്മകളെ വിവേചിച്ചറിയാനുള്ള കഴിവിന്റെ പൂർണ്ണതയും, അതനുസരിച്ച് പ്രവർത്തിക്കാനുള്ള കഴിവും ഒരു വിശ്വാസിക്ക് നല്കപ്പെടുന്നു.

(3) ദൈവം മനുഷ്യന് മാത്രം നൽകിയ സ്വാതന്ത്ര്യം എപ്രകാരം ഉപയോഗിക്കണമെന്ന് അവൻ മനസ്സിലാക്കുന്നു.

(4) കാലോചിതമായി സമൂഹത്തിൽ ഉണ്ടാകുന്ന മാററം വിവേചിച്ചറിഞ്ഞ്, അതിനെതിരെ പ്രതികരിക്കാനും, സുവിശേഷ മൂല്യങ്ങൾക്ക് അനുസരിച്ച് ജീവിക്കാനും ശക്തനാക്കുന്നു.

(5) സത്യവിശ്വാസത്തിൽ അടിയുറച്ച് ധാർമ്മിക അധഃപതനത്തിനെതിരെ പ്രവാചകധർമ്മം നിറവേററാനുള്ള ശക്തി ലഭിക്കുന്നു.

(6) ജ്ഞാനസ്നാനത്തിലൂടെ പരിശുദ്ധാത്മാവിന്റെ ആലയമായിത്തീർന്ന വിശ്വാസി (1 കോരി 6:19), താൻ കണ്ടുമുട്ടുന്ന എല്ലാവർക്കും, തന്നിലേക്ക് വരുന്ന എല്ലാവർക്കും, ആശ്വാസം നല്കാൻ ശക്തനായിത്തീരുന്നു.

(7) സമൂഹമദ്ധ്യത്തിൽ ദൈവത്തിന്റെ സാന്നിധ്യമായിത്തീരുന്നു. എല്ലാവരുടെയും നന്മയ്ക്കുവേണ്ടി ചിന്തിക്കുവാനും ദൈവമഹത്വത്തിനുവേണ്ടി സ്നേഹത്തോടെ പ്രവർത്തിക്കാനും സാധിക്കുന്നു.

(8) ബോധ്യത്തോടുകൂടി ദൈവകല്പനകൾ പാലിക്കാൻ ശക്തനാകുന്നു.

(9) ഈ കൂദാശയുടെ സ്വീകരണത്തോടുകൂടി നഷ്ടപ്പെട്ട ദൈവിക ഛായയും

www.malankaralibrary.com

സാദൃശ്യവും വീണ്ടെടുത്ത്, പൂർണ്ണമനുഷ്യനായ യേശുവിനെപ്പോലെ ആയിത്തീരുന്നു.

(10) മുറോനഭിഷേകത്തോടുകൂടി, മാമ്മോദിസാ സ്വീകരിച്ച വ്യക്തി ക്രിസ്തുവുമായി കൂടുതൽ ആഴത്തിൽ ഒന്നിക്കുകയും സഭയുമായുള്ള ബന്ധം ശക്തമാക്കുകയും ചെയ്യുന്നു. തത്ഫലമായി യേശുവിനെപ്പോലെ ചിന്തിക്കാനും, പ്രവർത്തിക്കാനും, ഇടപഴകാനും, പ്രതികരിക്കുവാനും, ഈ വിശ്വാസി ശക്തനായിത്തീരുന്നു.

ആത്യന്തിക ലക്ഷ്യമായ ത്രിയേക ദൈവത്തിന്റെ കൂട്ടായ്മയിൽ എത്തിച്ചേരണമെങ്കിൽ ജ്ഞാനസ്നാനത്തിലൂടെയും മുറോനഭിഷേകത്തിലൂടെയും നമ്മൾ ആർജ്ജിക്കുന്ന ഫലങ്ങൾ ജീവിതത്തിൽ അന്യൂനം കാത്തുസൂക്ഷിക്കണം. ദൈവത്തിലേയ്ക്കുള്ള തീർത്ഥാടനയാത്രയിൽ ഈ ഫലങ്ങൾ ജീവിതത്തിൽ അനുഭവിക്കാൻ നമ്മളെ ശക്തരാക്കുന്നത് വി.ബലിയുടെ അർപ്പണവും, സ്വീകരണവുമാണ്. "പറുദീസായിൽ വെച്ച് ആദം രുചിനോക്കാതിരുന്ന ഫലം ഇന്നിതാ സന്തോഷപൂർവ്വം നിന്റെ നാവിൽ വയ്ക്കപ്പെടുന്നു"വെന്ന് പ്രാർത്ഥിച്ചുകൊണ്ട് വി. കുർബ്ബാന നല്കപ്പെടുമ്പോൾ, ഒരു വിശ്വാസി തന്റെ തീർത്ഥാടന യാത്ര ആരംഭിക്കുകയാണ്. ഇങ്ങനെ മാമ്മോദിസായിലൂടെ ലഭിച്ച ദൈവപുത്രസ്ഥാനം, മൂറോനഭിഷേകത്തിൽ സ്ഥിരീകരിച്ച്, വി. ബലി അർപ്പണത്തിലൂടെ ജീവിതത്തിൽ അനുഭവമാക്കുന്നു.

www.malankaralibrary.com

# കുമ്പസാരം

"എനിക്ക് കത്തോലിക്കാസഭയിൽ ഒരത്ഭുതം കാണാൻ കഴിഞ്ഞു; അത് കുമ്പസാരകൂട്ടിലെ അത്ഭുതമാണ്. പാപത്തിന്റെ ഭാരം പേറുവാൻ കഴിയാത്ത ദുർഭഗനായി വർത്തിക്കുന്ന വ്യക്തി കുമ്പസാരകൂട്ടിൽ പ്രവേശിച്ച് പാപമോചനം പ്രാപിക്കുന്നതിനോടുകൂടെ കൈവരുന്ന സ്വർഗ്ഗീയ ശാന്തിയും സമാധാനവുമാണത്", കാർഡിനൽ ന്യൂമാൻ പ്രോട്ടസ്റ്റന്റ് സഭയിൽ നിന്ന് കത്തോലിക്കാ സഭയിലേക്ക് പ്രവേശിച്ചപ്പോൾ കാണാൻ സാധിച്ച വസ്തുതയാണ് ഇവിടെ വ്യക്തമാക്കുന്നത്. കുമ്പസാരമെന്ന കൂദാശയുടെ മഹത്വവും പ്രാധാന്യവും ഈ വാക്കുകളിലൂടെ വ്യക്തമാക്കുന്നു. പാപികളോടുള്ള ദൈവത്തിന്റെ കരുണയും സ്നേഹവുമാണ് കുമ്പസാരമെന്ന കൂദാശയിലൂടെ വെളിപ്പെടുന്നത്, ഓരോ വ്യക്തിയും അനുഭവിക്കുന്നതും ഇതുതന്നെ. മാമ്മോദിസായിലൂടെ ഉത്ഭവ പാപത്തിൽ നിന്ന് ഓരോ വ്യക്തിയും മോചിതനാകുന്നു. തുടർന്നുള്ള ജീവിതത്തിൽ 'സ്വതന്ത്ര'നായ മനുഷ്യൻ നന്മയുടേതോ, തിന്മയുടേതോ ആയ തിരഞ്ഞെടുപ്പുകൾ നടത്തുകയും തിന്മയുടെ തിരഞ്ഞെടുപ്പിലൂടെ മാമ്മോദീസായിൽ ദൈവത്തോട് ചെയ്ത ഉടമ്പടി ലംഘിക്കുകയും പാപത്തിന്റെ നാശക്കയത്തിലേക്ക് വീഴുകയും ചെയ്യാൻ സാധ്യതയുണ്ട്. ഇതിലൂടെ മനുഷ്യൻ ദൈവത്തിൽ നിന്നകലുന്നതിനും പാപത്തിൽ മരിക്കുന്നതിനും കാരണമാകുന്നു. തന്റെ മക്കളാരും പാപത്തിൽ മരിക്കരുതെന്നാഗ്രഹിച്ച സ്വർഗ്ഗീയ പിതാവ് രക്ഷക്കായി തന്റെ ഏകജാതനെ ലോകത്തിലേക്കയച്ചു. അവൻ തുറന്ന അനുരഞ്ജനത്തിന്റെ പാതയാണ് കുമ്പസാരം. പാപംമൂലം ദൈവത്തിൽ നിന്നകലുന്നവന് വീണ്ടും അവിടുന്നുമായുള്ള ഐക്യത്തിൽ ഒന്നുചേരുന്നതിനും പാപംമൂലമുണ്ടായ മുറിവുണക്കുന്നതിനുമുള്ള ദിവ്യഔഷധവുമാണ് ഈ കൂദാശ. എന്തിന് കുമ്പസാരിക്കണം? പാപം എന്ന ഒന്നുണ്ടോ? വൈദികനോട് എന്തിനാണ് പാപം ഏററു പറയുന്നത്? തുടങ്ങിയ ചോദ്യങ്ങൾ കാലഘട്ടത്തിന്റെ വെല്ലുവിളികളാണ്. ഇവമൂലം വിശ്വാസ ജീവിതത്തിൽ ഉണ്ടാകുന്ന ഏററക്കുറവുകൾ കുമ്പസാരം യാന്ത്രികമാക്കുന്നു; ഫലശൂന്യമാക്കുന്നു. ഇതിൽ നിന്നുള്ള മോചനത്തിന്, കുമ്പസാരം എന്തെന്ന് പൂർണ്ണമായി അറിയുകയും, യഥാർത്ഥ ഒരുക്കത്തോടെ കുമ്പസാരം നടത്തുകയും ചെയ്യുക അത്യന്താപേക്ഷിതമാണ്.

### പാപം

പാപബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അത്യാധുനിക ശാസ്ത്രസാങ്കേതിക വിദ്യകളെയും നിരീശ്വര തത്വങ്ങളെയും സർവ്വപ്രധാനമായി കണക്കാക്കി മനുഷ്യൻ ദൈവത്തെ ഉപേക്ഷിക്കുന്നു. ദൈവവിശ്വാസമില്ലാത്തിടത്ത് പാപബോധമില്ല. അവിടെ തിന്മയുടെ തേരോട്ടമാണ് നടക്കുക; നന്മ അവിടേയ്ക്ക് കടന്നുവരുന്നില്ല. നന്മ ദൈവമാണ്; നന്മ സ്വരൂപനെ ഉ

www.malankaralibrary.com

പേക്ഷിക്കുന്നവന് പാപബോധം നഷ്ടപ്പെടുകയും സ്വന്ത സുഖത്തിനു വേണ്ടിയുള്ള പ്രയത്നങ്ങൾക്കായി മുന്നോട്ട് പോവുകയും ചെയ്യുന്നു. ജീവിതത്തിൽ സുഖവും സന്തോഷവും മാത്രം തേടിയുള്ള യാത്ര മനുഷ്യനെ തെററിൽ നിന്ന് തെററുകളുടെ കുമ്പാരത്തിലേക്ക് എത്തിക്കുന്നതിന് കാരണമായി. തിന്മയെകുറിച്ച് പല വികലകാഴ്ചപ്പാടുകളും രൂപംകൊണ്ടു. ലോകത്തിൽ തെററുകളുണ്ടെങ്കിലും അവയ്ക്ക് കാരണം മനുഷ്യന്റെ സാമൂഹിക സാഹചര്യങ്ങളും മാനസിക വൈകല്യങ്ങളുമാണെന്ന വാദത്തിന് അംഗീകാരം വർദ്ധിച്ചു. തന്റെ പ്രവർത്തിയുടെ മൂലകാരണത്തെ പാരമ്പര്യത്തിലേക്കും മററുള്ളവരിലേക്കും പഴിചാരി, പാപം എന്ന ഒന്നിനെ എത്ര മാത്രം വികലമായി കാണാമോ അത്രമാത്രം വികലമായികാണാൻ ഇവ കാരണമായി എന്നതാണ് യാഥാർത്ഥ്യം. യഥാർത്ഥത്തിൽ പാപം എന്താണ്? ദൈവകല്പനകളുടെ ലംഘനമാണ്, ദൈവസ്നേഹത്തിനെതിരായിട്ടുള്ള പ്രവർത്തികളാണ് പാപം എന്നെല്ലാം നാം ഉത്തരം നല്കും. ഉത്തരം ശരിയാണ്. ദൈവത്തിൽ നിന്നു മനുഷ്യന്റെ അകൽച്ചയാണ് പാപം. ദൈവ-മനുഷ്യബന്ധത്തെയും മനുഷ്യ-മനുഷ്യബന്ധത്തെയും നശിപ്പിക്കുന്ന തിന്മയാണ് പാപമെന്ന് ബൈബിൾ സാക്ഷിക്കുന്നു. പരമ്പരാഗതമായ കത്തോലിക്കാസഭാപഠനമനുസരിച്ച് ദൈവത്തിൽ നിന്നുള്ള അകൽച്ചയും സൃഷ്ടികളോടുള്ള അതിരുകടന്ന അടുപ്പവുമാണ് പാപം. ചുരുക്കത്തിൽ, ദൈവസ്നേഹത്തിനും സഹോദരസ്നേഹത്തിനും എതിരായിട്ടുള്ള എല്ലാ പ്രവർത്തികളും പാപത്തിന്റെ ഗണത്തിൽ ഉൾപ്പെടുന്നു. അധുനിക ദൈവശാസ്ത്രജ്ഞന്മാർ പാപത്തെ പ്രത്യേകമായി മൂന്ന് തലങ്ങളിലൂടെയാണ് നോക്കികാണുന്നത്.

(1) വൈയക്തികതലം (Personal Dimension) :- സ്വതന്ത്രമായ തിരഞ്ഞെടുപ്പിലൂടെയാണ് ഒരു വ്യക്തി പാപം ചെയ്യുന്നത്. പ്രഭാ 15:14-20 ൽ പറയുന്നതുപോലെ "ആദിയിൽ കർത്താവ് മനുഷ്യനെ സൃഷ്ടിച്ചു; അവന് സ്വാതന്ത്ര്യവും നൽകി. മനസുവച്ചാൽ നിനക്ക് കല്പനകൾ പാലിക്കാൻ സാധിക്കും, വിശ്വസ്തതാപൂർവ്വം പ്രവർത്തിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് നീയാണ്". അതായത്, പാപത്തിന്റെ പൂർണ്ണ ഉത്തരാദിത്വം അത് പ്രവർത്തിക്കുന്നവനാണ്. ദൈവികഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ തന്നെപ്പററി സ്രഷ്ടാവിനുള്ള പദ്ധതിക്ക് എതിര് നില്ക്കുകയാണിവിടെ.

2. ലംബതലം (Vertical Demension) - സ്രഷ്ടാവായ ദൈവത്തോട്, അവിടുത്തെ മഹത്വപ്പെടുത്തുന്നതിന് പകരം മനുഷ്യൻ മറുതലിക്കുന്നതാണ് പാപത്തിന്റെ ലംബതലം.

3. തിരശ്ചീനതലം (Horizontal Dimension) - കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ ഒരുവന് സാധിക്കുകയില്ല. മനുഷ്യബന്ധങ്ങളിലുള്ള അകൽച്ച ദൈവ-മനുഷ്യ ബന്ധത്തിലും ഉലച്ചിലുണ്ടാക്കുന്നു. "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; എന്നാൽ, നാം പരസ്പരം സ്നേ

www.malankaralibrary.com

ഹിച്ചാൽ ദൈവം നമ്മിൽ വസിക്കും" (യോഹ 4:12).

**പാപമോചനം പഴയനിയമത്തിൽ.**

"തോട്ടത്തിന്റെ നടുവിൽ നില്ക്കുന്ന നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം നീ തിന്നരുത്" (ഉല്പ. 2:17), ദൈവം മനുഷ്യന് നല്കിയ ആദ്യകല്പന. പിശാചിന്റെ പ്രലോഭനത്തിൽ അകപ്പെട്ട് അവർ ദൈവത്തെപോലെ ആകാൻ ആഗ്രഹിച്ച് കല്പന ലംഘിച്ചു. മനുഷ്യചരിത്രത്തിലെ ആദ്യപാപം; തുടർന്ന് പാപം മനുഷ്യന്റെ സഹവർത്തിയായി. പാപപങ്കിലമായ പ്രവർത്തനങ്ങളുടെ നീണ്ട നിരതന്നെ പഴയനിയമത്തിൽ കാണാൻ സാധിക്കും. പാപികളുടെ തിരിച്ചുവരവിനായി കാത്തിരിക്കുന്ന ദൈവത്തിന്റെ ചിത്രം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. "ദുഷ്ടന്റെ മരണത്തിൽ എനിക്ക് സന്തോഷമുണ്ടോ? അവർ ദുർമാർഗ്ഗത്തിൽ നിന്ന് പിന്തിരിയുകയും ജീവിക്കുകയും ചെയ്യണമെന്നല്ലേ എന്റെ ആഗ്രഹം" (എസക്കി. 18:23). അനുരഞ്ജനം സംബന്ധിച്ചു പഴയനിയമത്തിലെ അടിസ്ഥാന കാഴ്ചപ്പാടാണിത്. പാപി തന്റെ തെററിന് ശിക്ഷയനുഭവിച്ചേ മതിയാകൂ എന്നും പഴയനിയമം വ്യക്തമാക്കുന്നു (നിയ. 13:12-17; 17:2-7, ലേവ്യ 24:14-16). ചെയ്തുപോയ തെററിനെയോർത്ത് ഇസ്രായേൽ ജനം മനസ്തപിക്കുകയും പരിഹാരമായി ചാക്കുടുക്കുകയും ചാരം പൂശുകയും, പാപപരിഹാരബലികൾ അനുഷ്ഠിക്കുകയും ചെയ്തു. ഉപവാസം അനുഷ്ഠിക്കുന്ന പതിവും നിലവിലുണ്ടായിരുന്നു. കാലാന്തരത്തിൽ വിശ്വാസത്തിന്റെ നിറവിൽ പ്രവാചകൻമാരുടെ ആഗമനം ഉണ്ടായി. മാനസാന്തരപ്പെട്ട് പാപത്തിന്റെ ദുഷിപ്പിൽ നിന്ന് ഓടിയകലുവാൻ അവർ ആഹ്വാനം ചെയ്തു. ദാവീദിന്റെ തിന്മപ്രവൃത്തികളെ ചോദ്യം ചെയ്ത നാഥാനും നിനുവയരോട് മാനസാന്തരത്തിന് ആഹ്വാനം നല്കിയ യൗനാനും ഇതിന് ഉത്തമോദാഹരണങ്ങളാണ്.

**പുതിയ നിയമത്തിൽ**

യേശുവിന്റെ ജനനം, പരസ്യജീവിതം, കരിശുമരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയുടെ ചരിത്രമാണ് പുതിയ നിയമം. പാപത്തിന്റെ അന്ധകാരത്തിൽ നിന്ന് മനുഷ്യരാശിയെ രക്ഷിക്കാൻ ആഗതനായവനാണ് യേശുക്രിസ്തു. പാപജീവിതത്തിൽ നിന്നു പിന്തിരിയുന്നതിനുള്ള ആഹ്വാനം യേശുവിന്റെ പരസ്യജീവിതത്തിലുടനീളം കണ്ടെത്താനാകും. യേശുവിന് മുന്നോടിയായിവന്ന സ്നാപക യോഹന്നാൻ പ്രസംഗിച്ചു. "മാനസാന്തരപ്പെടുവിൻ എന്തെന്നാൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ. 3:2). യേശുക്രിസ്തു പാപത്തിന്റെ ബന്ധനത്തിലായിരുന്നവർക്ക് മോചനം നല്കികൊണ്ട് പാപികളോടുള്ള ദൈവത്തിന്റെ കാരുണ്യവും സ്നേഹവും വെളിപ്പെടുത്തി. അവിടുന്ന് അരുൾചെയ്തു: "ഞാൻ വന്നിരിക്കുന്നത് നീതിമാന്മരെ വിളിക്കാനല്ല. പശ്ചാത്താപത്തിന് പാപികളെ വിളിക്കാനാണ്" (ലൂക്ക 5:32). "മകനെ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു"വെന്ന് തളർവാത രോഗിയോട്

www.malankaralibrary.com

പറഞ്ഞപ്പോൾ (ലൂക്ക 5:20), പാപിനിക്ക് മോചനം (ലൂക്ക. 7:36-50) നല്കിയപ്പോൾ, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട് ക്ഷമിച്ചപ്പോൾ (യോഹ. 8:1-11), സക്കേവൂസിന് രക്ഷ വാഗ്ദാനം ചെയ്തപ്പോൾ (ലൂക്ക. 19:1-10) - ഇവിടെയെല്ലാം താൻ പാപികളെ വിളിക്കാനാണ്' വന്നതെന്ന വസ്തുത യേശു വ്യക്തമാക്കുന്നു.

ദൈവത്തിൽ നിന്ന് പാപംമൂലം അകന്നു നിന്ന മനുഷരാശിയെ ദൈവത്തിലേക്ക് കൊണ്ടുവരുന്നതിന്, നിത്യജീവന് അവകാശികളാക്കിത്തീർക്കുന്നതിന് യേശുവിന്റെ കുരിശുമരണം ഇടയാക്കി (റോമ. 5:12-19). പാപമോചന ദൗത്യം, തന്റേ മക്കളുടെ കൂട്ടായ്മയിൽ പിന്തുടരുവാൻ ആഗ്രഹിച്ച യേശു ഈ അധികാരം ശിഷ്യന്മാർക്കു നല്കി. പുനരുത്ഥാനത്തിന് ശേഷം യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് അരുൾചെയ്തു. "നിങ്ങൾ പരിശുദ്ധത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20:22-23). ഈ പാപമോചന അധികാരം അനുരഞ്ജന കൂദാശയിലൂടെ സഭ ഇന്നും തുടരുന്നു. ശ്ലീഹൻമാരുടെ പിൻഗാമികളായ മെത്രാൻമാരിലൂടെയും വൈദികരിലൂടെയുമാണ് ഈ ദൗത്യം ഇന്ന് തുടരുന്നത്.

### കുമ്പസാരത്തിനണയേണ്ടത് എങ്ങനെ?

പാപികളോടുള്ള ദൈവത്തിന്റെ കരുണയും സ്നേഹവും അനുഭവിച്ചറിയാനുള്ള മാർഗ്ഗമാണ് കുമ്പസാരം. വേണ്ടതായ ഒരുക്കത്തോടെ, വിശ്വാസത്തോടെ നടത്തുമ്പോഴാണ് ഈ കുദാശ ഫലദായകമാവുക. ഇതിന് അനുതാപിയുടെ ആഗ്രഹവും സഹകരണവും അത്യാവശ്യമാണ്. ഈ സഹകരണം യോഗ്യതാപൂർവ്വം നടത്തുന്നതിന് സഭ അഞ്ച് കാര്യങ്ങൽ നിർദ്ദേശിക്കുന്നു.

### 1. ആത്മശോധന

കഴിഞ്ഞ കുമ്പസാരത്തിന് ശേഷം മനസാക്ഷിക്ക് വിരുദ്ധമായും ദൈവത്തിന്റെയും തിരുസഭയുടെയും കല്പനകൾക്ക് എതിരായും ചെയ്തുപോയ തെററുകൾ ഏറ്റുപറയുന്നതിനായി ഓർമ്മയിൽ വരുത്തുന്ന തലമാണിത്. നമ്മെ പൂർണ്ണമായി അറിയുന്നവന്റെ മുമ്പിൽ, അവന്റെ സഹായത്തോടെ നമ്മെ തുറന്നുവയ്ക്കുന്ന അവസ്ഥയായിട്ട് ആത്മശോധനയെ കണക്കാക്കാം. ചിന്തയിൽ, സംസാരത്തിൽ, പ്രവൃത്തിയിൽ നാം ചെയ്തുപോയ തെററുകളുടെ ക്രമമായ ഓർക്കൽ ഏററുപറച്ചിലിനെ എളുപ്പമാക്കുന്നു. ഗൗരവമായ പാപങ്ങൾ കണ്ടുപിടിക്കുന്നതോടൊപ്പം ലഘു പാപങ്ങളും ഉപേക്ഷയാലുണ്ടായ പാപങ്ങളും ഓർത്തുകണ്ടുപിടിക്കുന്നത് പൂർണ്ണ കുമ്പസാരം നടത്താൻ സഹായകമാണ്. പരിശുദ്ധാത്മാവിന്റെ സഹായം അപേക്ഷിച്ചുകൊണ്ടായിരിക്കണം നാം ആത്മശോധന നടത്തേണ്ടത്; അവിടുന്ന് നമ്മെ സഹായിക്കും.

www.malankaralibrary.com

**2. മനഃസ്താപം**

കുമ്പസാരമെന്ന കൂദാശയിലെ പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നാണ് മനഃസ്താപം. അനുതാപിയിൽ ഉളവാകുന്ന യാന്ത്രിക മനോഭാവത്തെ മനഃസ്താപമെന്ന് പറയാൻ സാധിക്കില്ല. ദൈവത്തെയും സഹോദരങ്ങളെയും ദ്രോഹിച്ചതിനെപ്രതി, മുറിപ്പെടുത്തിയതിനെപ്രതി, ഒരു വ്യക്തിയിലുണ്ടാകുന്ന ദുഃഖവും അക്കാരണത്താൽ പാപത്തെ വെറുത്തുപേക്ഷിച്ച് നന്മയുടെ പാതയിലൂടെ ചരിക്കുന്നതിനുള്ള ആഗ്രഹവും ഉൾക്കൊള്ളുന്നതാണ് മനസ്താപം. അടിസ്ഥാന രഹിതമായ ഭീതിയോ, കുററബോധമോ, വൈകാരികാനുഭൂതിയോ ആയിരിക്കരുത് അനുതാപത്തിന്റെ പ്രേരകശക്തി. വി. തോമസ് അക്വിനാസ് പറയുന്നതുപോലെ, "പാപങ്ങളെ ഓർത്ത് ദുഃഖിച്ച്, വിശ്വാസത്തോടും പ്രത്യാശയോടും ഉപവിയോടും കൂടെ ദൈവത്തിലേക്ക് തിരിയുന്നതാകണം മനസ്താപം". യഥാർത്ഥ മനസ്താപം നിരവധി ലക്ഷണങ്ങൾ ഉൾക്കൊള്ളുന്നു: (a) തെററ് തെററാണെന്ന് സമ്മതിക്കുന്ന അവസ്ഥ: ഇതിന് പാപബോധമാണ് ആവശ്യം അതായത്, തെററായ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നെങ്കിൽ അത് അംഗീകരിക്കുന്ന മനോഭാവം. പാപബോധമില്ലെങ്കിൽ അനുതാപം ഉണ്ടാകുന്നില്ല 'പാപബോധം നഷ്ടപ്പെട്ടു' എന്നതാണ് ഈ കാലഘട്ടത്തിന്റെ ഏററവും വലിയ ദുരന്തം. ചെയ്തുകൂട്ടുന്ന തെററായ പ്രവൃത്തികൾ തെററല്ല എന്ന് ന്യായീകരിക്കുന്ന അവസ്ഥ. (b) പാപങ്ങളെ ഓർത്ത് ദുഃഖിച്ച് കരയുന്നതാണ് രണ്ടാമത്തെ ലക്ഷണം: നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്നവനോട് നാം കാണിക്കുന്ന നന്ദികേടാണ് നമ്മുടെ തെററായ പ്രവൃത്തികൾ. കരുണാമയനായ യേശുവിനെ വീണ്ടും ക്രൂശിക്കുകയാണ് നാം ചെയ്യുന്ന ഓരോ പാപത്തിലൂടെയും. ഇവയെ ഓർത്ത് കരയുവാൻ നമുക്ക് സാധിക്കണം. അപ്പോൾ മാത്രമാണ് നാം ധന്യരാവുക. പത്രോസിന്റെ മാതൃക പ്രത്യേകം ശ്രദ്ധേയമാണ്. ഗുരുവിനെ അടുത്തറിഞ്ഞ പത്രോസ്, മൂന്നുതവണ ഗുരുവിനെ തള്ളിപറഞ്ഞു. എന്നാൽ, പത്രോസ് പാപബോധമുണ്ടായപ്പോൾ മനംനൊന്ത് കരഞ്ഞു (ലൂക്കാ. 22:54-62). ആ കണ്ണുനീർ കണങ്ങൾ പത്രോസിനെ ധന്യനാക്കി. വിശുദ്ധനാക്കി. (c) പാപസാഹചര്യങ്ങളെ ഉപേക്ഷിച്ച് ദൈവത്തിലേക്ക് തിരിയുന്ന അവസ്ഥ: ബലഹീനനായ മനുഷ്യനെ പാപത്തിലേക്ക് വീഴിക്കുന്നത് പാപസാഹചര്യങ്ങളാണ്. ദൈവത്തിൽ നിന്നകലുമ്പോഴാണ് തെററായ സാഹചര്യങ്ങളിലേക്ക് നാം വീഴുക. ധൂർത്ത പുത്രൻ (ലൂക്കാ. 15:11-24) പാപബോധമുണ്ടായപ്പോൾ തന്റെ എല്ലാ സാഹചര്യങ്ങളെയും ഒഴിവാക്കി സ്വപിതാവിന്റെ സന്നിധിയിലേക്ക് തിരികെ വന്നു. ദൈവത്തിലേക്കുള്ള തിരിച്ച് വരവിന്റെ സുന്ദരമായ ചിത്രമാണ് ഇവിടെ ദർശിക്കാൻ സാധിക്കുന്നത്.

**3. മേലിൽ പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുക.**

പാപം ചെയ്യുന്നതിനുള്ള ലൈസൻസല്ല കുമ്പസാരം. പാപം ചെയ്താലും പ്രശ്നമൊന്നുമില്ല, കുമ്പസാരിച്ചാൽ മതിയല്ലോ എന്ന ചിന്ത ദൈവികമല്ല. ഏററുപറ

www.malankaralibrary.com

ഞ്ഞ പാപങ്ങൾ വീണ്ടും തുടരുകയാണെങ്കിൽ, പാപസാഹചര്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്നില്ലെങ്കിൽ കുമ്പസാരം യാന്ത്രികവും അർത്ഥരഹിതവുമായിത്തീരും. തന്മൂലം കുമ്പസാരം പൂർണ്ണമാകുന്നതിന്, പരിശുദ്ധ കൃപാവരം ലഭിക്കുന്നതിന്, മേലിൽ പാപം ചെയ്യുകയില്ലെന്ന ദൃഢ പ്രതിജ്ഞ അത്യന്താപേക്ഷിതമാണ്. ഈ പ്രതിജ്ഞയിലൂടെയാണ് അനുതാപം പൂർണ്ണമാകുന്നതും പശ്ചാത്താപത്തിന്റെ ഫലം പുറപ്പെടുവിക്കാൻ തുടങ്ങുന്നതും. അനുരഞ്ജന കൂദാശയിലൂടെ വെൺമയാക്കപ്പെട്ട മനുഷ്യൻ വീണ്ടും പാപത്തിൽ മുഴുകുന്നുവെങ്കിൽ, താൻ ദൈവതിരുമുമ്പിൽ എടുത്ത പ്രതിജ്ഞയ്ക്ക് എതിരായിട്ട് പ്രവർത്തിച്ച് ദൈവത്തെ വീണ്ടും വേദനിപ്പിക്കുകയാണ് ചെയ്യുക. അതിനാൽ പാപത്തെ വെറുത്തുപേക്ഷിച്ച് ദൈവസ്നേഹത്തിൽ അഭയം തേടാനുള്ള മനോഭാവം നമുക്കുണ്ടാകണം.

**4. ഏററുപറച്ചിൽ**

ആന്തരിക മനഃസ്താപത്തിന്റെ ബാഹ്യവും സഭാത്മകവുമായ ആവിഷ്ക്കാരമാണ് ഏററുപറച്ചിൽ. ദൈവവരപ്രസാദവും പാപമോചനവും ലഭിക്കുന്നതിന് അനുതാപി സഭയോടും വൈദികനോടും സഹകരിക്കുന്ന രക്ഷയുടെ നിമിഷമാണിത്. യാന്ത്രികമായ ചടങ്ങായി ഇതിനെ കണക്കാക്കാൻ പാടില്ല. എന്തിനാണ് വൈദികനോട് പാപങ്ങൾ ഏററുപറയുന്നത്? എല്ലാം അറിയുന്ന ദൈവത്തോട് നേരിട്ട് പറഞ്ഞാൽ പോരെ? തുടങ്ങിയ ചോദ്യങ്ങൾ അഥവാ സംശയങ്ങൾ വിശ്വാസികളുടെ മദ്ധ്യേ കണ്ടെത്താൻ സാധിക്കും.

- വൈദികൻ ക്രിസ്തുവിന്റെ പ്രതിപുരുഷനാണ്. പാപങ്ങൾ മോചിക്കാനും ബന്ധിക്കാനും യേശു ശിഷ്യന്മാർക്ക് അധികാരം നല്കി (മത്താ. 16:19; 18;18, യോഹ. 20:22-23). ശിഷ്യന്മാരുടെ പിൻഗാമികളായ മെത്രാൻമാരും വൈദികരും ഈ ദൗത്യം സഭയിൽ തുടരുന്നു. തന്മൂലം വൈദികരോട് പാപങ്ങൾ ഏററുപറയുന്നു.

- യേശുവിന്റെ ഭൗതിക ശരീരമാണ് സഭ. ക്രൈസ്തവർ സഭാ ശരീരത്തിലെ അവയവങ്ങളും. അവയവങ്ങൾ പാപം ചെയ്യുമ്പോൾ, അത് ക്രിസ്തുവിനെയും അവിടത്തെ ശരീരമായ സഭയേയും മുറിപ്പെടുത്തുന്നു. അക്കാരണത്താൽ ശിരസായ ക്രിസ്തുവിനോടും മററ് അവയവങ്ങളോടും തെററ് ഏററുപറയുവാൻ തെററായ പ്രവർത്തിക്ക് ഉത്തരവാദിയായ അവയവത്തിന് കടമയുണ്ട്. എല്ലാ അവയവങ്ങളോടും ഏറ്റുപറയുക പ്രായോഗികമല്ല. തന്മൂലം എല്ലാവരുടെയും പ്രതിനിധിയായ വൈദികനോട് ഏററുപറയുന്നു.

- പാപത്തിന്റെ ബന്ധനങ്ങളിൽ നിന്നുള്ള മോചനം സാധ്യമാക്കുന്നതിന് മാനസികമായ സൗഖ്യവും ആവശ്യമാണ്. വ്യക്തിപരമായ കുമ്പസാരത്തിലൂടെ സാധ്യമാകുന്ന മറെറാരുവലിയ കാര്യമാണ് ഈ മാനസിക സൗഖ്യം. ഇക്കാരണങ്ങളാണ് വൈദികനോട് പാപങ്ങൾ ഏററു പറയുന്നത്.

www.malankaralibrary.com

വൈദികനോട് ഏററുപറയുന്ന പാപങ്ങൾ മററാരോടെങ്കിലും പറയുമോ എന്നു സംശയിക്കുന്നവരെയും കണ്ടെത്താൻ സാധിക്കും. വളരെ കർശനമായി പാലിക്കപ്പെടണമെന്ന് സഭയ്ക്ക് നിർബന്ധമുള്ള ഒന്നാണ് കുമ്പസാര രഹസ്യം. പാപമോചനത്തിനായി വൈദികനോട് ഏററുപറയുന്ന എല്ലാ കാര്യങ്ങളും ഇതിൽ ഉൾപ്പെടുന്നു. തന്റെ ദൗത്യത്തിൽ ഉൾപ്പെടുന്ന ഒന്നായതുകൊണ്ടും ദൈവിക നിയമത്തിൽ അധിഷ്ഠിതമായിരിക്കന്നതുകൊണ്ടും എന്തുതന്നെ സംഭവിച്ചാലും കുമ്പസാര രഹസ്യ വെളിപ്പെടുത്തുകയില്ല.

കൂടെകൂടെ കുമ്പസാരിക്കേണ്ട ആവശ്യമുണ്ടോ? മറെറാരു പ്രധാനപ്പെട്ട ചോദ്യം. എല്ലാം ആണ്ടിലൊരിക്കൽ കുമ്പസാരിച്ചാൽ പോരെ, തിരുസഭയും അതല്ലെ പറയുന്നത്? രോഗമുണ്ടാകുമ്പോഴാണ് ചികിത്സ നടത്തുക. അതുപോലെ പാപത്തിലാണ് താൻ ചരിക്കുന്നത് എന്ന് അറിയാവുന്ന ഒരുവൻ കുമ്പസാരം നടത്തണം. അതിന് ശേഷം മാത്രമേ വി.കുർബ്ബാന സ്വീകരിക്കാവൂ. അല്ലെങ്കിൽ അയോഗ്യതയോടെയുള്ള വി.കുർബ്ബാന സ്വീകരണത്തിലൂടെ വീണ്ടും പാപം ചെയ്യുന്നു. അടുത്തടുത്തുള്ള കുമ്പസാരത്തിലൂടെ പരിശുദ്ധാത്മ കൃപാവരത്തിൽ വളരുന്നതിനും വിശുദ്ധിയിൽ ജീവിക്കുന്നതിനും സാധിക്കും. പുണ്യപൂർണ്ണതയ്ക്കായി മെത്രാനായിരുന്ന വി. ഫ്രാൻസിസ് സാലസും സന്യാസിനികളായിരുന്ന വി. ക്ലാരയും വി. അമ്മത്രേസ്യായും ദിനം പ്രതി കുമ്പസാരിച്ചിരുന്നു. പാപം ചെയ്യുന്നതിലൂടെ നാം ദൈവത്തിൽ നിന്നകലുന്നു. കുമ്പസാരത്തിലൂടെ ദൈവവുമായി വീണ്ടും ഒന്നു ചേരുന്നതിന് സാധിക്കും. തന്മൂലം കുമ്പസാരം നീട്ടിവയ്ക്കുന്ന അത്രയും നാൾ നാം ദൈവത്തിൽ നിന്ന് അകലെയാണ്. അതുപോലെ കൂടെക്കൂടെയുള്ള കുമ്പസാരം മാനസിക സൗഖ്യത്തിന് കാരണമാകുന്നു. ഗൗരവമായ പാപത്തോടെയുള്ള ജീവിതം കുററബോധത്തിനും മാനസിക പിരിമുറുക്കത്തിനും ഇടയാക്കുന്നതാണ്. ഈ അവസ്ഥ പലരോഗങ്ങൾക്കും ഹേതുവാകുന്നു. പ്രസിദ്ധ മാനസിക രോഗവിദഗ്ധനായ ഡോ. ചാൾസ് യൂൺ പറയുന്നതുപോലെ, “ഞാൻ ആയിരക്കണക്കിനു മനോരോഗികളെ ചികിത്സിച്ചിട്ടുണ്ട്. എന്നാൽ അവരിൽ കത്തോലിക്കരെ കുറച്ചുമാത്രമേ കണ്ടിട്ടുള്ളൂ. ഇതിന് കാരണം അവരുടെ കുമ്പസാര കൂദാശയാണ്”.

“എങ്ങനെയാണ് ഈ പാപം വൈദികനോട് പറയുക, അദ്ദേഹം എന്ത് വിചാരിക്കും. അതുകൊണ്ട് ബാക്കി എല്ലാ പാപങ്ങളും പറയാം”. ചിലരുടെ ചിന്താഗതിയാണിത്. കുമ്പസാരം ഇവിടെ പൂർണ്ണമാകുന്നില്ല. കുമ്പസാരമെന്ന കൂദാശയ്ക്കെതിരായി തന്നെ പാപം ചെയ്യുന്ന സാഹചര്യമാണിത്. എല്ലാം അറിയുന്നവന്റെ മുമ്പിൽ ഒളിച്ചുകളി നടത്താൻ പാടില്ല. അങ്ങനെ ചെയ്താൽ ദൈവത്തെ നാം കബളിപ്പിക്കുകയാണ്. യേശുവിന്റെ പ്രതിപുരുഷനായ വൈദികനോടാണ് പാപങ്ങൾ ഏററു പറയുന്നത് എന്നബോധ്യമാണ് ഈ സാഹചര്യത്തിൽ നമുക്കാവശ്യം. വി. ബേസിൽ പറയുന്നതപോലെ, പാപം ഏററുപറയുന്ന വിഷയത്തിൽ ശാരീരിക രോഗങ്ങൾ വെ

www.malankaralibrary.com

ളിപ്പെടുത്തുന്ന ക്രമം തന്നെ പാലിക്കേണ്ടതാണ്. രോഗത്തിന് തക്കതായ പ്രതിവിധി തന്ന് സഹായിക്കാൻ സാധിക്കുന്നവരോട് എല്ലാം തുറന്ന് പറയുന്നതുപോലെ പാപങ്ങളും പ്രായശ്ചിത്തവും മോചനവും നല്കാൻ അധികാരമുള്ളവനോട് പൂർണ്ണമായും വെളിപ്പെടുത്തണം". അതായത്, എല്ലാ പാപങ്ങളും ഏററുപറയുന്നതിലൂടെ മാത്രമേ അവയ്ക്ക് ഉചിതമായ പ്രായശ്ചിത്തവും അതുപോലെ മോചനവും ലഭിക്കൂ.

### 5. പ്രായശ്ചിത്തം നിറവേററൽ.

യേശുവിന്റെ കാരുണ്യവും സ്നേഹവും ആഴത്തിൽ അനുഭവിച്ചറിയാനുള്ള സുന്ദരനിമിഷങ്ങളാണ് പാപങ്ങൾ ഏററു പറഞ്ഞതിന് ശേഷം വൈദികൻ നല്കുന്ന ഉപദേശം. ധൈര്യം പകരുന്ന, പ്രതീക്ഷയററവന് പ്രതീക്ഷ നല്കുന്ന, ദുഃഖിതന് സാന്ത്വനം നല്കുന്ന ദിവ്യവചസുകളാണിത്. ഇതിനുശേഷമാണ് വൈദികൻ പ്രായശ്ചിത്തം നല്കുക. ന്യായാധിപന്റെ സ്ഥാനത്തു നിന്നുകൊണ്ട് വൈദികൻ പാപങ്ങളുടെ ഗൗരവത്തിനനുസരിച്ച് പ്രായശ്ചിത്തം നല്കുന്നു. പ്രായശ്ചിത്തം ശ്രദ്ധയോടെ കേട്ട് അവ വൈദികൻ നിശ്ചയിക്കുന്ന രീതിയിലും സമയത്തിനുള്ളിലും നിറവേററുമ്പോഴാണ് കുമ്പസാരം ഫലദായകമാവുക. താറുമാറായ മാനസികഭാവത്തിൽ അനുതാപിയെ കരകയററാൻ സഹായിക്കുക എന്നതാണ് പ്രായശ്ചിത്തം നല്കുന്നതിന്റെ ഉദ്ദേശ്യം. മേലിൽ പാപം ചെയ്യാതിരിക്കാനുള്ള പ്രതിജ്ഞയുടെ അടയാളം കൂടിയാണ് അനുതാപി നിറവേററുന്ന പ്രായശ്ചിത്തം. മാനസാന്തരത്തിന്റെ പ്രതിഫലമാണിവിടെ കാണാൻ സാധിക്കുക.

വലിയ ഒരു അത്ഭുതമാണ് കുമ്പസാരമെന്ന കൂദാശ. കുമ്പസാരത്തിലൂടെ ഒരുവന് പാപപങ്കിലമായ പഴയ മനുഷ്യനെ ഉപേക്ഷിക്കുന്നതിനും പുതിയമനുഷ്യനെ സ്വീകരിക്കാനും സാധിക്കുന്നുവെന്നതാണ് അത്ഭുതം. അനന്തരഫലമായി ഒരുവൻ ദൈവത്തിൻെറ മകനും/മകളും സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളുമായിത്തീരുന്നു; നഷ്ടപ്പെട്ടത് വീണ്ടെടുക്കുന്ന അസുലഭനിമിഷങ്ങൾ! മനുഷ്യൻ പാപത്തിൽ മരിക്കരുതെന്ന ദൈവ തിരുമനസ് സ്വപുത്രനെ മനുഷ്യരക്ഷയ്ക്കായി ലോകത്തിലേക്കയച്ചു. കുരിശുമരത്തിൽ അവിടുന്ന് ഒഴുക്കിയ തിരുരക്തത്തിലൂടെ അവിടുന്ന് മനുഷ്യനെ വീണ്ടെടുത്തു. അതേ വീണ്ടെടുപ്പുതന്നെയാണ് കുമ്പസാരക്കൂട്ടിലും സംഭവിക്കുന്നത്. വീണ്ടെടുപ്പിന്റെ അനുഭവം ഉണ്ടാകാൻ യോഗ്യതയോടെ കുമ്പസാരത്തിനണയണം അല്ലെങ്കിൽ കുമ്പസാരം യാന്ത്രികമാകും. അതുണ്ടാകാതിരിക്കാൻ യോഗ്യതയോടെ, വിശ്വാസത്തോടെ കുമ്പസാരത്തിനണയാം. യേശുവിന്റെ കാരുണ്യവും സ്നേഹവും അനുഭവിക്കാം.

■

www.malankaralibrary.com

# വി. കുർബാന

ഇന്ന് നാം വി. കുർബാനയെപ്പറ്റിയാണ് ചിന്തിക്കുന്നത്. യേശു സഭയ്ക്കു നല്കിയ, നമുക്കു നല്കിയ, ഏറ്റം വലിയ ദാനങ്ങളിലൊന്നാണ് വി.കുർബാന. യേശുവിന്റെ ദാനമാണത്. ഈ ദാനത്തെപ്പറ്റിയുള്ള ശരിയായ അറിവ് യേശുവിനെ ശരിയായി അറിയാൻ നമ്മെ സഹായിക്കും. യേശുവിനെ ശരിയായി അറിയുന്നതാണ് അവിടത്തെ അയച്ച പിതാവിനെ ശരിയായി അറിയാനുള്ള മാർഗ്ഗം. പിതാവിനെയും യേശുവിനെയും അറിയുകയാണ് യഥാർത്ഥ മോക്ഷം. യേശു പറയുകയുണ്ടായി. "ഏകസത്യ ദൈവമായ അങ്ങയെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുകയാണ് നിത്യജീവൻ" (യോഹ. 17.3)

അനേകം ചർച്ചകൾക്കും തർക്കവിതർക്കങ്ങൾക്കും വിഷയമായിട്ടുള്ള രഹസ്യമാണ് വി. കുർബാന. വി. കുർബാനയോടുള്ള മനോഭാവത്തിന്റെ അടിസ്ഥാനത്തിൽ പലരും സഭ വിട്ടുപോയിട്ടുണ്ട്. മറ്റു പലരെയും സഭയിൽ നിന്ന് പുറത്താക്കിയിട്ടുണ്ട്. പലരുടെയും വെറുപ്പുസമ്പാദിച്ചുകൊണ്ടും ഉള്ള രാഷ്ട്രീയ സാമൂഹിക സ്വാധീനങ്ങൾ നഷ്ടമാക്കിക്കൊണ്ടും ലഭിക്കാവുന്ന സ്വാധീനതകൾ വേണ്ടെന്നു വച്ചുകൊണ്ടും സഭ വി. കുർബാനയിലുള്ള അചഞ്ചലമായ വിശ്വാസം കഴിഞ്ഞ 20 നൂറ്റാണ്ടുകളായി പരിരക്ഷിക്കുന്നു. ഇനിയും അത് പരിരക്ഷിക്കുകയും ചെയ്യും. കാരണം വി.കുർബാനയില്ലാതെ സഭയില്ല; സഭയില്ലാതെ വി. കുർബാനയുമില്ല.

വി. കുർബാനയെന്ന ഈ മഹാദാനത്തെ നമുക്കു പല വീക്ഷണകോണുകളിൽ കാണാനാകും.

### 1. വി. കുർബാന വചനത്തിന്റെ അവതാരമാണ്.

ദൈവത്തിന്റെ വചനമായ പുത്രൻ തമ്പുരാന്റെ മൂന്നു തരത്തിലുള്ള ജനനങ്ങളെപ്പറ്റി നമുക്കു മനസ്സിലാക്കാൻ സാധിക്കും. വചനം അനാദിയിൽ പിതാവിൽ നിന്ന് ജനിച്ചു. ഇതാണ് വചനത്തിന്റെ ആദ്യ ജനനം "ആദിയിൽ വചനം ഉണ്ടായിരുന്നു വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു"വെന്ന്" (യോഹ 1:1) സുവിശേഷം സാക്ഷിക്കുന്നത്, അനാദിയിൽ പിതാവിൽ നിന്ന് ജന്മം പൂണ്ട വചനത്തെപ്പറ്റിയാണ്. ഈ വചനമാണ് സൃഷ്ടികർമ്മത്തിൽ ദൈവത്തിന്റെ സഹകാരിയായി വർത്തിച്ച് എല്ലാം ഉണ്മയിലേയ്ക്ക് കൊണ്ടുവന്നത്. "എല്ലാം അവൻ വഴിയായി ഉണ്ടായി ഉണ്ടായതൊന്നും അവനെകൂടാതെയല്ലാ ഉണ്ടായത് (യോഹ 1:3) എന്ന് സുവിശേഷം സാക്ഷിക്കുന്നുണ്ടല്ലോ. സൃഷ്ടിക്കു മുൻപുള്ള ജനനമാണിത്. സൃഷ്ടിയോടുകൂടെയാണ് സൃഷ്ടങ്ങൾ ആയിരിക്കുന്ന സമയവും സ്ഥലവും ഉണ്ടാക്കപ്പെട്ടത്. സമയവും സ്ഥലവും ഉണ്ടാക്കപ്പെടുന്നതിന് മുൻപ് ആദിയുടെ ആദിയിൽ, ആദിക്ക് മുൻപ്, അനാദിയിൽ ദൈവമുണ്ടായിരുന്നു. ആ ദൈവത്തിൽ നിന്ന് ദൈവമുണ്ടായിരുന്നപ്പോൾ തന്നെ നിത്യതയിൽ വചനം

www.malankaralibrary.com

പിതാവിൽ നിന്നു ജനിച്ചു.

എന്താണീ പറയുന്നതിന്റെയൊക്കെ അർത്ഥം. ശബ്ദങ്ങൾ. അതിനുപരിയായി എന്തെങ്കിലും അർത്ഥമുണ്ടോ ഈ വാക്കുകൾക്ക് എന്ന് ചിന്തിക്കുന്നവരുണ്ടാകാം. മനസ്സിലാക്കാൻ പ്രയാസമാണിത് എന്നത് സത്യം. പക്ഷേ നമ്മെ സംബന്ധിക്കുന്ന എല്ലാ അടിസ്ഥാനപരമായ കാര്യങ്ങളും ദുർഗ്രഹങ്ങളാണ്. നമ്മുടെ അസ്തിത്വത്തിന്റെ അർത്ഥമെന്തെന്ന ചോദ്യത്തിനുള്ള ഉത്തരം തന്നെയാണ് പുത്രനെപ്പറ്റിയുള്ള അറിവ്. അഗ്രാഹ്യമാണെന്നതുകൊണ്ട് ചോദിക്കാതിരിക്കുന്നവരുണ്ട്. എന്നാൽ അത് പരാജയബോധത്തിൽ നിന്നുളവാകുന്നതാണെന്ന് സമ്മതിക്കണമല്ലോ.

സൃഷ്ടിക്കുമുൻപുള്ള ഈ ജനനത്തിനുശേഷം രക്ഷയ്ക്കു മുൻപുള്ള മറ്റൊരു ജനനം സംഭവിച്ചു. അതാണ്, രണ്ടായിരത്തോളം വർഷങ്ങൾക്കു മുൻപ് ബേത്ലഹേമിൽ നടന്നത്. ആദ്യജനനം സമയാതീതമായിരുന്നെങ്കിൽ രണ്ടാംജനനം സമയത്തിലാണ്. ആദ്യജന്മം പിതാവിൽ നിന്നായിരുന്നെങ്കിൽ രണ്ടാം ജന്മം മാതാവിൽ നിന്നായിരുന്നു, കന്യകയായ മറിയമെന്ന മാതാവിൽ നിന്ന്. ആദ്യജന്മം ആവർത്തിക്കപ്പെടാനാകാത്തതുപോലെ രണ്ടാം ജന്മവും ആവർത്തിക്കാനാകാത്ത, ഒരിക്കൽ മാത്രമുള്ള ജന്മമാണ്. ആ ജന്മം വഴി നിത്യവചനം യേശു എന്ന മനുഷ്യനായി നമ്മുടെ ഇടയിൽ വസിച്ചു. നമ്മോടു സംസാരിച്ചു. നമ്മുടെ ജീവിതാനുഭവങ്ങളിൽ പങ്കുകൊണ്ടു.

വചനം വീണ്ടും അവതരിക്കുന്നു, വി.കുർബാനയിൽ. രണ്ടാം ജന്മത്തിനുവേണ്ടി വചനം ഉച്ചരിച്ചത് മാലാഖയാണ്. ഗബ്രിയേൽ മാലാഖ "ഭയപ്പെടാതിരിക്കുക. നീ ദൈവന്നിധിയിൽ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. യേശു എന്ന് അവന് പേരുകൊടുക്കണം" (ലൂക്ക 1:30-31). എന്നാൽ വചനത്തിന്റെ മൂന്നാം ജന്മം മനുഷ്യാധരങ്ങളിലൂടെ ഉച്ചരിക്കപ്പെടുന്ന ദൈവത്തിന്റെ വചനത്താലാണ് സാധിതമാകുന്നത്. മനുഷ്യരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന മനുഷ്യനായ വൈദികൻ യേശു ഉച്ചരിച്ച വചനം ഉച്ചരിച്ച് വചനത്തിന്റെ മൂന്നാം അവതാരം സാധിതമാക്കുന്നു. " ഇത് എന്റെ ശരീരമാണ്; ഇത് എന്റെ രക്തമാണ്."

ആദ്യജന്മവും രണ്ടാംജന്മവും ആവർത്തിക്കപ്പെടാവുന്നതായിരുന്നില്ല. എന്നാൽ മൂന്നാം ജന്മം സ്ഥലകാലങ്ങൾക്കനുസ്സരിച്ച് എവിടെയും എപ്പോഴും ആവർത്തിക്കപ്പെടുന്നതാണ്. രണ്ടാം ജന്മത്തിൽ വചനം മനുഷ്യരൂപം പൂണ്ട് മനുഷ്യനോടു സഹവസിച്ചു. എന്നാൽ മൂന്നാം ജന്മത്തിൽ വചനം മനുഷ്യഭക്ഷണത്തിന്റെ, രൂപം സ്വീകരിച്ച് മനുഷ്യഭക്ഷണമായി തീരുന്നു. ഇതു വലിയയൊരു രഹസ്യമാണ്. ദൈവത്തിന്റെ വചനത്തിന്റെ മനുഷ്യരോടുള്ള സ്നേഹത്തിന്റെ, മനുഷ്യരുമായുള്ള ഇടപെടലിന്റെ, അവസാനഘട്ടമാണ് വി.കുർബാന. ജീവന്റെ അപ്പമായി യേശു നമ്മുടെ മുൻപിൽ അവതരിക്കുകയും ശരീരത്തിനു പോഷണം നൽകികൊണ്ട് ആത്മാവിന് നിത്യജീവൻ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

www.malankaralibrary.com

## 2.വി.കുർബാന ദൈവകൃപയുടെ ആഘോഷവും പങ്കുചേരലും

ദൈവകൃപ മനുഷ്യരിലേക്ക് ഒഴുകിയെത്തിയതാണ് യേശുക്രിസ്തു. യേശുവഴി നാം ദൈവത്തോടു അനുരൂപപ്പെടുകയും നിത്യജീവൻ പ്രാപിക്കുകയും ചെയ്യുന്നു. സുവിശേഷം സാക്ഷിക്കുന്നതുപോലെ "അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി" ദൈവം തന്ന ദാനമാണ്, ദൈവസ്നേഹത്തിന്റെ ദാനമാണ്, യേശുക്രിസ്തു. അങ്ങനെ യേശുവിൽ ദൈവത്തിന്റെ കൃപ അല്ലെങ്കിൽ സ്നേഹം എന്താണെന്ന് എത്തരത്തിലുള്ളതാണെന്ന് അവ്യക്തമായെങ്കിലും മനസ്സിലാക്കാൻ നമുക്കു സാധിക്കുന്നു. എന്നാൽ ദൈവത്തിന്റെ സ്നേഹം നമുക്കു ലഭിക്കുന്നത് യേശുവിന്റെ മരണവും ഉയിർപ്പുമാകുന്ന രഹസ്യങ്ങളിലൂടെയാണ്. യേശു നമ്മോടൊപ്പം വസിക്കുകയും നമുക്ക് ദൈവവചനം വിളമ്പിത്തരുകയും നമ്മുടെ രോഗങ്ങൾക്ക് സൗഖ്യവും വിശപ്പിന് ആഹാരവുമെല്ലാം നൽകുകയും ചെയ്തു എന്നത് സത്യമാണ്. എങ്കിലും യേശു പൂർണ്ണമായി നമുക്കു സംലഭ്യമായത് അവിടത്തെ മരണം വഴിയാണ്. സ്വന്തം ജീവൻ ത്യജിച്ച് ആ ജീവൻ നമുക്കു വിട്ടുതന്നു. അതാണ് യേശുവിന്റെ മരണത്തിന്റെ അർത്ഥം. "ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി സ്വജീവൻ സമർപ്പിക്കുന്നു". ഇങ്ങനെ യേശു നമുക്കു ജീവൻ നൽകിയ സംഭവമാണ് കുരിശു മരണം. മരിച്ചു നമ്മെ ജീവിപ്പിച്ചു. തന്റെ ജീവൻ നമുക്കു നല്കി. ഇത് ദൈവത്തിന്റെ സ്നേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തിയാണ്, ഏറ്റവും സംപൂർണ്ണവുമാണ്. യേശുതന്നെ പറയുന്നു". "സ്നേഹിതർക്കുവേണ്ടി ജീവൻ സമർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല"(യോഹ 15:13). അതായത് യേശുവിന്റെ മരണം ദൈവ സ്നേഹത്തിന്റെ പൂർണ്ണമായ വെളിപാടും ദൈവികജീവന്റെ പൂർണ്ണമായ പങ്കുവയ്ക്കലുമായിരുന്നു.

ഈ സംഭവമാണ് വി.കുർബാനയിൽ അനുസ്മരിക്കുന്നതും അനുവർത്തിക്കുന്നതും. യേശുവിന്റെ മരണമാണ് നമ്മുടെ മുൻപിൽ വി. കുർബാനയിലൂടെ സന്നിഹിതമാകുന്നത്. ദൈവം ക്രിസ്തുവിൽ നമ്മോടു കാണിച്ച പരമമായ സ്നേഹം സഭ വി.കുർബാനയെന്ന കർമ്മത്തിലൂടെ ആഘോഷിക്കുന്നു. അതിനാൽ ദൈവകൃപയുടെ പരമമായ ആഘോഷമാണ് വി. കുർബാനയെന്നു പറയാം.

വി. കുർബാന ആഘോഷം മാത്രമല്ല. വി.കുർബാന സ്വീകരണത്തിലൂടെ കുരിശിൽ ദാനം ചെയ്യപ്പെട്ട യേശുവിന്റെ ജീവനിൽ നാം പങ്കുചേരുകയും ചെയ്യുന്നു. അതിനാൽ വി.കുർബാന ദൈവത്തിന്റെ കൃപയിലുള്ള പങ്കുചേരലാണെന്നു പറയാം.

ഈ വലിയ ദാനത്തെപ്രതി നമുക്കു ദൈവത്തിനു നന്ദി പറയാം. ഈ ദാനത്തിൽ പങ്കുചേരാൻ ദാഹപൂർവ്വം നമുക്കു വന്നണയാം. 'ഏദനിൽ ആദാം രുചി നോക്കാത്ത ജീവവൃക്ഷത്തിന്റെ ഫലമാണ്' വി. കുർബാന. ഈ വൃക്ഷത്തിൽ നിന്ന് ഭക്ഷിച്ചു നമുക്കു നിത്യജീവൻ പ്രാപിക്കാം.

www.malankaralibrary.com

# ആദ്യകുർബാന സ്വീകരണം

നിങ്ങൾ ഓരോരുത്തരും ഈ ദിവസത്തിനായി കാത്തിരിക്കുകയായിരുന്നു. ഇതാ ആ സുദിനം സമാഗതമായിരിക്കുന്നു. തീർച്ചയായും ഈ ദിവസം പുതുമയുള്ളതായി നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ട്. വി.കുർബാനയിലൂടെ ഈശോ നിങ്ങളെ കാണുമ്പോൾ ഏറ്റം ഭംഗിയുള്ളവരായിരിക്കാൻ നിങ്ങൾ ഇന്ന് പുതുവസ്ത്രം ധരിച്ചിരിക്കയാണ്. ഒപ്പം നിങ്ങളുടെ ഹൃദയവും നിർമ്മലമാക്കിയിരിക്കുകയാണ്. പുറമെ കാണുന്ന ഈ വസ്ത്രത്തേക്കാളും ഇതിന്റെ വെൺമയെക്കാളും നിങ്ങളുടെ ഉള്ളം ഏറ്റവും വെൺമയേറിയതാണ്. എല്ലാറ്റിനുമുപരിയായി നിങ്ങളുടെ ഹൃദയം യേശുവിനെ സ്വീകരിക്കുവാൻ വെമ്പൽകൊള്ളുകയാണ്. ഈശോനാഥൻ വരുമ്പോൾ നിങ്ങൾ ഓരോരുത്തരും നല്ല സ്വാഗതമോതുവാൻ കാത്തിരിക്കുകയാണല്ലോ. കർത്താവ് നിങ്ങളിലേക്ക് വരുമ്പോൾ - ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്നും - എന്നിലേക്ക് എഴുന്നെള്ളിവരുവാൻ ഇഷ്ടപ്പെട്ടതിനാൽ കർത്താവിന് നന്ദിയെന്നും നമുക്കു പറയാം.

വി.കുർബാനയ്ക്കുശേഷം നിങ്ങൾ പുറത്തേക്ക് ഇറങ്ങുമ്പോൾ, നിങ്ങളെ സ്വീകരിക്കാനും അഭിനന്ദിക്കാനും ഒത്തിരി ആളുകൾ വരും. നിങ്ങളോടൊന്നിച്ച് ഫോട്ടോ എടുക്കാനും മറ്റും ആളുകൾ ധൃതികൂട്ടും. ഇതിനുശേഷം നിങ്ങൾക്കായി പ്രത്യേകം സത്ക്കാരങ്ങൾ കാണും. നിങ്ങൾക്ക് ഇങ്ങനെ ഒരു അവസരം ലഭിക്കുന്നതിൽ കർത്താവ് സന്തോഷിക്കുന്നു. കാരണം ദൈവം ഇതാഗ്രഹിച്ചതാണ്. നിങ്ങൾക്ക് ഇപ്രകാരം സന്തോഷവും സ്നേഹവും ലഭിക്കണമെന്ന്. അതുകൊണ്ട് കുഞ്ഞുമക്കളേ, നിങ്ങൾ സന്തോഷിക്കുന്ന അവസരത്തിൽ യേശുവും സന്തോഷിക്കുന്നു. പക്ഷേ ഈ ആഹ്ലാദത്തിനെല്ലാം ഇടയിൽ ഒരു കാര്യം മറന്നുപോകരുത്, ഇന്നത്തെ ഈ ആഹ്ലാദപ്രകടനങ്ങളും സന്തോഷം നിറഞ്ഞ നിമിഷങ്ങളുമെല്ലാം യേശുതമ്പുരാൻ നിങ്ങളുടെ ഉള്ളിൽവന്നു എന്നതുകൊണ്ടാണ്.

നിത്യനായ ദൈവം മനുഷ്യനു ജീവൻ പ്രദാനം ചെയ്യുന്ന അപ്പമായി തീർന്നതാണ് വി.കുർബാന. "സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും". ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്. (യോഹ.6:51). ഈ വി.കുർബാന ദൈവപുത്രനായ ഈശോതന്നെയാണ്. വീണ്ടും കർത്താവ് അരുളിചെയ്യുന്നു. എന്റെ ശരീരം യഥാർത്ഥഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. (യോഹ. 6:49-50). വി.കുർബാന സ്വീകരിക്കുന്ന നാം ഓരോരുത്തരുമായി ക്രിസ്തു വ്യക്തിപരമായി ബന്ധപ്പെടുകയാണ്.

വി.കുർബാനയിലൂടെ പുത്രൻ തമ്പുരാൻ മാത്രമല്ല നമ്മുടെ ഉള്ളിലേക്ക് കടന്നു

www.malankaralibrary.com

വരിക. ഞാൻ പിതാവിലും പിതാവ് എന്നിലുമാണ് (യോഹ 14:10) എന്ന് യേശുനാഥൻ പഠിപ്പിക്കുന്നു. ഇതുകൊണ്ട്, വി.കുർബാനയിലൂടെ പിതാവായ ദൈവവും സന്നിഹിതനാണ്. പിതാവും പുത്രനും സന്നിഹിതരായിരിക്കുന്നിടത്ത് പരിശുദ്ധാത്മാവും ഉണ്ട്. ഇപ്രകാരം പരിശുദ്ധ ത്രിത്വം തന്നെ വി.കുർബാന സ്വീകരിക്കുന്ന ഓരോ വ്യക്തിയിലും വന്നു വസിക്കുന്നു. പരിശുദ്ധത്രിത്വം അധിവസിക്കുന്ന നാം ഓരോരുത്തരിലൂടെയും ദൈവത്തിന് ഈ ലോകത്തിൽ പ്രവർത്തിക്കുവാൻ ഇടയാകട്ടെ.

ഒരേ ജീവന്റെ മേശയിൽ - ത്രോണോസിൽ - നിന്നും അപ്പം ഭക്ഷിക്കുന്നതുവഴിയായി, നമ്മൾ എല്ലാവരും ഒരേ പിതാവിന്റെ മക്കളാണെന്ന തിരിച്ചറിവാണ് സൂചിതമാകുന്നത്. ഒരേ അപ്പം നമ്മൾ പങ്കുവയ്ക്കുന്നതുപോലെ നമ്മുടെ സഹോദരീസഹോദരന്മാരുടെ വേദനകളും പ്രയാസങ്ങളും, ആകുലതകളും പങ്കുവയ്ക്കുവാനും അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുവാനും നമുക്ക് സന്മനസ്സുള്ളവരാകാം.

വരുന്ന ദിവസങ്ങളിൽ നിങ്ങളെല്ലാവരും സ്കൂളുകളിൽ പോകുമ്പോൾ നിങ്ങളുടെ കൂട്ടുകാരെ കാണുമ്പോൾ അവരോട് ഈ ദിവസത്തെക്കുറിച്ച് നിങ്ങൾ സംസാരിക്കും - നിങ്ങൾക്ക് ഈ ദിവസം എങ്ങനെ അനുഭവപ്പെട്ടു. നിങ്ങൾക്ക് ലഭിച്ച സമ്മാനങ്ങൾ, സ്വീകരണങ്ങൾ, നിങ്ങളുടെ വേഷവിധാനങ്ങൾ ഇവയെക്കുറിച്ചെല്ലാം നിങ്ങൾ വിശദീകരിക്കും. പക്ഷേ ഒരുകാര്യം മറക്കരുത്. ഈ ദിവസം നിങ്ങൾക്കു ലഭിച്ച ഏറ്റവും വലിയ സമ്മാനം യേശുതമ്പുരാൻ തന്നെയാണ്. ഈശോ കൂടെയുള്ളതുകൊണ്ടാണ് നിങ്ങൾ വലിയ വിലയുള്ളവരായിത്തീർന്നത്. നിങ്ങളുടെ ഏറ്റവും വലിയ സമ്പാദ്യം ക്രിസ്തുവാണ്. ശിശുക്കളെ എന്നും സ്നേഹിച്ച യേശു - "ശിശുക്കൾ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ" (ലൂക്കോ-18-6) എന്നരുളിച്ചെയ്തുകൊണ്ട് ശിശുക്കളുടെ കൂടെ ആയിരിക്കുവാൻ ആഗ്രഹിക്കുന്നു. യേശുതമ്പുരാൻ ആഗ്രഹിക്കുന്നവിധത്തിൽ തുടർന്നുവരുന്ന നാളുകളിലും തന്റെ ഒപ്പമായിരിക്കുവാൻ, പ്രിയ കുഞ്ഞുമക്കളേ, നിങ്ങളെല്ലാവരും പരിശ്രമിക്കണം. അങ്ങനെ കർത്താവിനെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്യാം. കർത്താവ് അരുളിചെയ്യുന്നു എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും (യോഹ - 14:23). കർത്താവിനെ സ്വീകരിക്കുകയം അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്ത് നമുക്ക് അവിടുത്തെ സ്നേഹിതരാകാം. ഒപ്പം പരിശുദ്ധ ത്രീത്വത്തിന്റെ സാന്നിദ്ധ്യം നമ്മിലുറപ്പാക്കുകയും ചെയ്യാം. ഇതനുസ്മരിച്ചുകൊണ്ടാണ് നാം ഇപ്രകാരം പാടുന്നത്.

രക്ഷകനുരചെയ്താൻ എൻമെയ് രക്തങ്ങൾ
കൈക്കൊള്ളുന്നോരിൽ വാസം ചെയ്യും ഞാൻ
വിശ്വാസാൽ ശുദ്ധ്യാ എന്നെ കൈക്കൊണ്ട്
കല്പന കാക്കുന്നോൻ എൻ സ്നേഹിതനല്ലോ.

www.malankaralibrary.com

പ്രിയമാതാപിതാക്കളേ, നിങ്ങൾക്കും ഇതൊരു സുദിനമാണ്. തീർച്ചയായും നിങ്ങൾക്ക് അഭിമാനിക്കാനും സന്തോഷിക്കുവാനുള്ള പൊൻദിനമാണിത്. ഇന്ന് നിങ്ങളുടെ ഈ കുഞ്ഞുമക്കൾ വിശ്വാസജീവിതത്തിൽ ഒരു പടികൂടി കടന്നിരിക്കുകയാണ്. കർത്താവിന്റെ ജീവമേശയിൽനിന്നും ഭക്ഷിക്കുവാനും പാനം ചെയ്യുവാനും നിങ്ങൾ അവരെ വളർത്തി വലുതാക്കി. അങ്ങനെ കർത്താവിന്റെ തിരുശരീരരക്തങ്ങളിൽ പങ്കുപറ്റുന്നതിലൂടെ ഇവരും തിരുസഭയുടെ സജീവ അംഗങ്ങളായി മാറുന്നു. ഇവരുടെ മാമോദീസായുടെ അവസരത്തിൽ നിങ്ങൾ ഏറ്റെടുത്ത ദൗത്യത്തിന്റെ പൂർത്തീകരണമാണ് ഇവരെ ഈ നിലയിലേക്ക് വളർത്തികൊണ്ടുവന്നിരിക്കുന്നതിലൂടെ നിങ്ങൾ സാധിച്ചിരിക്കുന്നത്. തിരുസഭയുടെ ഉത്തമസന്താനങ്ങളായി വിശ്വാസജീവിതത്തിൽ ഇവരെ വളർത്തിക്കൊണ്ടുവരാം എന്ന്, ഇവർക്ക് വി.മാമോദീസ നല്കിയപ്പോൾ നിങ്ങൾ ചെയ്ത പ്രതിജ്ഞ പൂർത്തീകരിച്ച നിങ്ങൾക്ക് തീർച്ചയായും ഇന്ന് അഭിമാനിക്കാം. ഇപ്രകാരം പ്രവർത്തിച്ച നിങ്ങളെ ആത്മാർത്ഥമായി അഭിനന്ദിക്കുകയും ചെയ്യുന്നു. കാരണം നിങ്ങൾ മാതാപിതാക്കളാണ് ഇവരുടെ വിശ്വാസജീവിതത്തിന്റെ ആദ്യ അധ്യാപകർ. നിങ്ങളിലൂടെയാണ് ഇവരോരുത്തരും ദൈവത്തെ അറിഞ്ഞത്. ദൈവസ്നേഹത്തോട് ശരിയായി പ്രതികരിക്കാനാവുന്ന വിധം തുടർന്നു വരുന്ന ദിവസങ്ങളിലും ഇവർ നിങ്ങളെ തന്നെയാണ് ആശ്രയിക്കുന്നത്. ശരിയായ, അനുയോജ്യമായ, ഒരു ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ ഇവരെ പ്രാപ്തരാക്കാൻ നിങ്ങൾക്ക് കഴിയട്ടെ. അങ്ങനെ സഭയ്ക്കും സമൂഹത്തിനും സേവനം ചെയ്യുന്ന ഉത്തമപൗരന്മാരാക്കി ഇവരെ വളർത്തിയെടുക്കുവാൻ തുടർന്നും നിങ്ങൾ പരിശ്രമിക്കണം.

ഇവരെ പരിശീലിപ്പിച്ച ഇവരുടെ വേദപാഠ അദ്ധ്യാപകരേ, ഈ കുഞ്ഞുമക്കളുടെ ബന്ധുജനങ്ങളേ, പ്രിയ ഇടവക ജനങ്ങളേ... നിങ്ങൾക്കും സന്തോഷിക്കുവാനുള്ള സുദിനമാണിത്. തിരുസഭാംഗങ്ങളായ നിങ്ങൾ ഓരോരുത്തരും ഇവരുടെ വളർച്ചയിൽ പങ്കുവഹിച്ചവരാണ്. ഈ സുദിനത്തിലേക്ക് ഇവരെ നയിച്ചവരാണ്. ഇവരുടെ വിശ്വാസജീവിതത്തെ വഴി നടത്തുവാനുള്ള - മാതൃക നല്കാനുള്ള - വലിയ ഉത്തരവാദിത്വം ഉള്ളവരാണ്. തുടർന്നു ഇവരെ ഉത്തമരായ വ്യക്തികളായി വളരുവാൻ നിങ്ങൾ സഹായിക്കണം. വി.മാമോദീസ സ്വീകരണത്തിലൂടെ തിരുസഭയുടെ അംഗമായി തീരുന്ന ഒരു കുഞ്ഞിനെ മദ്ധ്യസ്ഥനെ ഏല്പിച്ചുകൊണ്ട് നമ്മൾ ഇപ്രകാരം പാടുന്നു.

"പാവനയാം സഭയേ ചിറകിൽ
ഈ കുഞ്ഞാടിനെയേറ്റാലും
മാമോദീസായിൽ നിന്നും
ജന്മമിന്നേകി റൂഹാ."

ഇപ്രകാരം തിരുസഭയിലേക്ക് സ്വീകരിക്കപ്പെടുന്ന ഒരു കുഞ്ഞിനെ ഉത്തമ

www.malankaralibrary.com

ക്രിസ്ത്യാനിയായി വളർത്തുവാനുള്ള ഉത്തരവാദിത്വം തിരുസഭാംഗങ്ങളായ നിങ്ങൾക്കോരോരുത്തർക്കും ആണ്. ഇപ്പോൾ ഈ മക്കളെ വി.കുർബാനയിൽ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കാം. ഒപ്പം നമ്മുടെ ജീവിതത്തിലൂടെ ഇവർക്ക് മാതൃകയും പ്രചോദനവും നല്കാം.

സ്നേഹം നിറഞ്ഞ കുഞ്ഞുങ്ങളേ, അവസാനമായി നിങ്ങളോട് എനിക്കു പറയുവാനുള്ളത്, നിങ്ങളുടെ ജീവിതത്തിൽ ഒരിക്കലും ഈ ആദ്യകുർബാന സ്വീകരണ ദിവസം നിങ്ങൾ മറക്കാതിരിക്കട്ടെ. കർത്താവ് നിങ്ങളിലേക്ക് എഴുന്നെള്ളിവരുമ്പോൾ ഏറ്റം നന്ദിയും സ്നേഹവും നിറഞ്ഞ ഹൃദയത്തോടെ നമ്മുടെ നാഥനെ സ്വീകരിക്കാം. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ നിങ്ങളിലേക്ക് ഇറങ്ങിവരുന്ന ക്രിസ്തുനാഥന് നന്ദിപറയുക. ഒപ്പം നിങ്ങൾക്കാവശ്യമുള്ള അനുഗ്രഹങ്ങൾ കർത്താവിനോട് ചോദിച്ചുവാങ്ങുകയും ചെയ്യുക.

ഇതൊരു തീരുമാനമെടുക്കുവാനുള്ള ദിവസമാണ്. മിക്ക വിശുദ്ധന്മാർക്കും തങ്ങളുടെ ജീവിതത്തിലെ വഴിത്തിരിവായിത്തീർന്ന ദിവസമായി ആദ്യകുർബാന സ്വീകരണ ദിവസം ചൂണ്ടിക്കാട്ടുന്നുണ്ട്. തങ്ങളെതന്നെ പ്രത്യേകമായ ജീവിതാന്തസ്സിലേക്ക് നയിക്കുവാൻ പ്രേരകമായ ദിവസമായി ഈ ദിവസത്തെ അവർ വിശേഷിപ്പിക്കുന്നു.

ഈ ദിവസം നിങ്ങളുടെ ജീവിതത്തിൽ സന്തോഷം നിറഞ്ഞ സുദിനങ്ങളുടെ തുടക്കമാകട്ടെ. യേശുനാഥൻ തന്റെ ദിവ്യസ്നേഹത്താൽ നിങ്ങളുടെ ഹൃദയങ്ങൾ നിറയ്ക്കട്ടെ. അങ്ങനെ യേശുനാഥന്റെ സ്നേഹവും വിനയവുമുള്ള ഹൃദയം നിങ്ങളിൽ വിളങ്ങട്ടെ. നിങ്ങളുടെ ജീവിതകാലം മുഴുവൻ അനുഗ്രഹവും നന്മയും നിങ്ങൾക്കുണ്ടാകട്ടെ.

■

www.malankaralibrary.com

# വിവാഹം

(പ്രസംഗം 1)

**ആമുഖം**

ദൈവത്താൽ സംവിധാനം ചെയ്യപ്പെട്ട ഉടമ്പടിയും കൂദാശയുമാണ് വിവാഹം. സമൂഹത്തിന്റെ അടിസ്ഥാനമായ കുടുംബത്തിന്റെ ഭദ്രതക്ക് അടിസ്ഥാനവും കാരണവും വിവാഹബന്ധമാണ്. "വൈവാഹിക ജീവിതത്തിൽ കുടുംബജീവിതത്തിൽ നിന്നു് രൂപമെടുക്കുന്ന സമൂഹത്തിന്റെ സുസ്ഥിതിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതാണ് മനുഷ്യസമുദായത്തിന്റെയും ക്രിസ്തീയ സമൂഹത്തിന്റെയും ഓരോ വ്യക്തിയുടെ തന്നെയും സുസ്ഥിതി". (സഭ ആധുനിക ലോകത്തിൽ നമ്പർ.48) എന്നാൽ അമിതമായ സ്വാർത്ഥത, ഭോഗാസക്തി, സാമ്പത്തികവും,സാമൂഹികവും, മന:ശാസ്ത്രപരവും രാഷ്ട്രീയവുമായ സാഹചര്യങ്ങൾ ഇവ വിവാഹ ബന്ധത്തിന്റെ പവിത്രതക്ക് മങ്ങലേല്പിക്കുന്നു. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ദൈവസ്നേഹത്തിന്റെ സ്രോതസ്സിൽ നിന്ന് ഉൽഭവിക്കുന്നതും തിരുസ്സഭയുമായുള്ള ക്രിസ്തുനാഥന്റെ ഐക്യത്തിൻെറ മാതൃകയിൽ സംവിധാനം ചെയ്തിരിക്കുന്നതുമായ കൂദാശയാണ് വിവാഹം. രക്ഷാകരചരിത്രത്തിൽ മനുഷ്യവർഗ്ഗത്തോടുള്ള തന്റെ ആഴമായ സ്നേഹം വെളിപ്പെടുത്തുന്നതിനുള്ള ഒരു മാധ്യമമാക്കി വിവാഹത്തെ ഉയർത്തി. ദൈവത്താൽ സംവിധാനം ചെയ്യപ്പെട്ട ഉടമ്പടിയും കൂദാശയുമാണ് വിവാഹം.

**വിവാഹം: സമൂഹ സുസ്ഥിതിയുടെ അടിസ്ഥാനം**

ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാനമാണ് കുടുംബം. കുടുംബം വിവാഹബന്ധത്തിലൂടെയാണ് രൂപീകൃതമാകുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബങ്ങളെക്കുറിച്ച് ഇപ്രകാരം പറയുന്നു. "വിവിധ തലമുറകൾ ഒന്നിച്ചു ചേരുകയും, പൂർണ്ണമായ വിജ്ഞാന സമ്പാദനത്തിനായി പരസ്പരം സഹായിക്കുകയും, വ്യക്തിയുടെ അവകാശങ്ങളെ സാമൂഹ്യ ജീവിതത്തിന്റെ മററാവശ്യങ്ങളുമായി പൊരുത്തപ്പെടുത്തുകയും ചെയ്യുന്ന കുടുംബമാണ് സമുദായത്തിന്റെ അടിസ്ഥാനം". കുടുംബത്തിലാണ് വിശുദ്ധിയുടെയും വിദ്യാഭ്യാസത്തിന്റെയും വിത്തുകൾ പാകപ്പെടുന്നത്. നല്ല കുടുംബം നല്ല സമൂഹത്തെ സൃഷ്ടിക്കുന്നു. സമൂഹത്തിൽ മൂല്യച്യുതി സംഭവിക്കുന്നുവെങ്കിൽ അതിന് കാരണം കുടുംബബന്ധങ്ങളിലുള്ള ഉലച്ചിലാണ്. രണ്ടു വ്യക്തികൾ തമ്മിലുള്ള സ്വകാര്യ ബന്ധമല്ല വിവാഹം, അതിന് വ്യക്തമായ ഒരു സാമൂഹികമാനം ഉണ്ട്. വിവാഹബന്ധം സ്വയദാനത്തിന്റെയും, പരസ്പര പങ്കുവയ്ക്കലിന്റെയും വേദിയാകുമ്പോൾ അത് സമൂഹ നിർമ്മിതിക്ക് കാരണമാകുന്നു. ദമ്പതികളുടെ സ്വയം ദാനത്തിലൂടെയും പങ്കുവയ്ക്കലിലൂടെയും

www.malankaralibrary.com

ഉടലെടുക്കുന്ന കുട്ടികൾ ഒരു സ്നേഹസമൂഹത്തിന്റെ വക്താക്കളും നിർമ്മാതാക്കളുമായി മാറുന്നു. ഇത് നമുക്ക് സാദ്ധ്യമാകുന്നത് ദൈവത്തെക്കൂടി ഈ ബന്ധത്തിന്റെ ഉള്ളിലേക്കു കടന്നുവരുവാൻ അനുവദിക്കുമ്പോഴാണ്. ദൈവത്തെ ഒഴിവാക്കിയുള്ള കുടുംബബന്ധങ്ങൾക്ക് തകർച്ച സംഭവിക്കുന്നു.

**2. വിവാഹം : രക്ഷാകരവും ദൈവസ്ഥാപിതവും**

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സ്ത്രീയേയും പുരുഷനേയും സൃഷ്ടിക്കുന്ന വിവരണത്തോടെ ആരംഭിക്കുന്ന വി.ഗ്രന്ഥം അവസാനിക്കുന്നത് കുഞ്ഞാടിന്റെ വിവാഹ വിരുന്നിനെപ്പററി വിശദീകരിച്ചുകൊണ്ടാണ്. വി.ഗ്രന്ഥത്തിലുടനീളം വിവാഹത്തിന്റെ പവിത്രതയേയും അർത്ഥത്തേയും പററി വിവരിക്കുന്നു. ദൈവം സ്ത്രീയെയും പുരുഷനേയും സൃഷ്ടിച്ചത് പരസ്പര പൂരകങ്ങളായിട്ടാണ്. പുരുഷൻ ഏകനായിരിക്കുന്നത് നല്ലതല്ലെന്ന് ദൈവം കണ്ടു. അവന് തുണയും സഹായിയുമായി സ്ത്രീയെ നൽകി. പുരുഷന്റെ വാരിയെല്ലിൽ നിന്നാണ് സ്ത്രീയെ സൃഷ്ടിച്ചത്. ഇത് അവരുടെ ആത്മബന്ധത്തെ, പരസ്പര പൂരകത്വത്തെ കാണിക്കുന്നു. അതുകൊണ്ട് "പുരുഷൻ തന്റെ മാതാവിനെയും പിതാവിനെയും വിട്ട് ഭാര്യയോട് ചേർന്ന് അവർ ഏക ശരീരമായി തീരുന്നു". സൃഷ്ടിയുടെ രണ്ടാം വിവരണമനുസരിച്ച് വിവാഹബന്ധം ദൈവത്താൽ സംവിധാനം ചെയ്യപ്പെട്ടതും പവിത്രീകരിക്കപ്പെട്ടതുമായ ഒന്നാണ്. സൃഷ്ടിയുടെ ആദ്യവിവരണത്തിൽ ദൈവം സ്വന്തം ഛായയിലും സാദൃശ്യത്തിലും പുരുഷനും സ്ത്രീയുമായി മനുഷ്യരെ സൃഷ്ടിച്ച് വർദ്ധിച്ചുപെരുകി ഭൂമിയിൽ നിറയുവാനും ഭൂമിയുടെ മേൽ സ്നേഹത്തോടെ ഭരണം നടത്തുവാനും അവർക്ക് അനുഗ്രഹം നല്കുന്നു. ദൈവം തന്റെ സ്നേഹത്തിന്റെ നിറവിൽ സൃഷ്ടിച്ച മനുഷ്യന് നല്കുന്ന ദൗത്യമാണ് പരസ്പരം സ്നേഹിക്കുകയെന്നത്. ഈ ദൗത്യം മനുഷ്യൻ നിർവ്വഹിക്കേണ്ടത് ഭൂമിയിൽ വർദ്ധിച്ചുപെരുകി നിറയുവിൻ എന്ന ആഗ്രഹത്തിന്റെ പൂർത്തീകരണത്തിലൂടെയാണ്. ദൈവത്തിന്റെ പദ്ധതിയിൽ വൈവാഹിക ബന്ധം വ്യക്തമായ സ്ഥാനം പിടിച്ചിരുന്നു. വിവാഹം ദൈവത്താൽ സംവിധാനം ചെയ്യപ്പെട്ടതിന്റെ ലക്ഷ്യം ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാവുക എന്നതാണ്.

നമ്മുടെ വിവാഹ ശുശ്രൂഷയിൽ ആവർത്തിച്ചു പ്രഘോഷിക്കപ്പെടുന്ന സത്യമാണ് വിവാഹം ദൈവത്താൽ സംവിധാനം ചെയ്യപ്പെട്ടതും പവിത്രീകരിക്കപ്പെട്ടതുമാണ് എന്നത്. "സ്ത്രീപുരുഷൻമാരുടെ വിവാഹ നിശ്ചയം മോതിരങ്ങളിൽകൂടി നിവൃത്തിയാകണമെന്നും, വിവാഹനിശ്ചയം ചെയ്തവരുടെ ആനന്ദം മോതിരത്തിൽ കൂടെ പൂർണ്ണമാകണമെന്നും നിശ്ചയിച്ചവൻ ദൈവമാകുന്നുവെന്ന് അവിടെ പ്രഘോഷിക്കപ്പെടുന്നു. വിവാഹകൂദാശയിലെ പ്രതിസ്തോത്രഗാനത്തിൽ പൂർവ്വമാതാപിതാക്കന്മാരായ ആദം-ഹവ്വാ, അബ്രഹാം-സാറാ, ഇസ്സഹാക്ക്-റിബേക്ക, യാക്കോബ്-റാഹേൽ തുടങ്ങിയവരുടെ വിവാഹബന്ധത്തെ പവിത്രമാക്കിയ ദൈവം

www.malankaralibrary.com

ഈ വിവാഹബന്ധത്തെയും പവിത്രീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. വിവാഹ ബന്ധം സ്ഥാപിച്ച ദൈവം തന്നെയാണ് ഓരോ ബന്ധവും ഊട്ടി ഉറപ്പിക്കുന്നതും. നമ്മുടെ കർത്താവായ യേശുമിശിഹായുടെ വലതുകൈ കരുണാപൂർവ്വം ദമ്പതികളിലേക്കു നീട്ടി, നന്മകൾ നിറഞ്ഞതും വാഴ്വുകൾ നല്കുന്നതുമായ ആ കരം ആയുഷ്കാലം മുഴുവൻ അവരെ സംരക്ഷിക്കുന്നതിനായി നാം പ്രാർത്ഥിക്കുന്നു.

ദൈവം ഇസ്രായേലിനോടുള്ള തന്റെ സ്നേഹം വെളിപ്പെടുത്തുന്നതിനുള്ള മാദ്ധ്യമമായി വിവാഹത്തെ തെരഞ്ഞെടുത്തു. തന്റെ ഉടമ്പടിയിലൂടെ ഇസ്രായേലിനെ ദൈവം ജനമായി തെരഞ്ഞെടുത്തു. വിശ്വസ്തതയും സ്വയം ദാനവുമാണ് ഈ ഉടമ്പടിക്ക് അടിസ്ഥാനം. ഈ ഉടമ്പടി പാലിക്കപ്പെടുന്നതിൽ ദൈവം ഇസ്രായേലിൽ നിന്നും രണ്ടു കാര്യങ്ങളാണ് ആവശ്യപ്പെട്ടത്. തന്റെ ദൈവമായ കർത്താവിനോട് വിശ്വസ്തത പാലിക്കുക, സ്വയം ദൈവതിരുമുൻപാകെ തന്നെത്തന്നെ സമർപ്പിക്കുക. ഈ ബന്ധം വിവാഹ ബന്ധം പോലെ ദൃഢമായ ഒന്നാണ്. ഇവിടെ ഇസ്രായേൽ ദൈവവധു എന്ന നിലയിലേയ്ക്കുയർത്തപ്പെടുന്നു. ദൈവത്തോട് അവിശ്വസ്തത കാണിച്ച ഇസ്രായേലിനോട് പ്രവാചകൻമാരിലൂടെ സംസാരിച്ചപ്പോൾ വിവാഹമെന്ന പ്രതീകമാണ് ഉപയോഗിച്ചത്. ഇസ്രായേലിന്റെ അവിശ്വസ്തതയെ ദാമ്പത്യ അവിശ്വസ്തതയായും വേശ്യാവൃത്തിയായും പ്രവാചകൻമാർ ചിത്രീകരിച്ചിരുന്നു. ഉടമ്പടിയോട് അവിശ്വസ്തത കാട്ടിയ ഇസ്രായേൽ ജനത്തെ ശക്തമായ ഭാഷയിൽ ആമോസ്, ജറമിയ, എസക്കിയേൻ, മലാക്കി തുടങ്ങിയ പ്രവാചകൻമാർ ശാസിച്ചിരുന്നു. അവിടെയെല്ലാം വിവാഹമെന്ന പ്രതീകമാണ് പ്രവാചകൻമാർ ഉപയോഗിച്ചിരുന്നത്. അങ്ങനെ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ സുപ്രധാനമായ ഒരു സ്ഥാനം വിവാഹത്തിനുണ്ടായിരുന്നു.

ക്രിസ്തുവിന്റെ മനുഷ്യാവതാരത്തോടെ കുടുംബജീവിതത്തിന്റെ പവിത്രത വീണ്ടും പ്രഘോഷിക്കപ്പെട്ടു. യേശുക്രിസ്തു ജനിച്ചത് ഒരു കുടുംബ പശ്ചാത്തലത്തിലാണ്. വി.യോഹന്നാന്റെ സുവിശേഷം അനുസരിച്ച് യേശുതന്റെ പരസ്യ ജീവിതം ആരംഭിച്ചത് ഒരു വിവാഹ വിരുന്നിനിടയിൽ പ്രവർത്തിച്ച അത്ഭുതത്തോടെയാണ്. കാനായിലെ വിവാഹവിരുന്നിലെ സാന്നിദ്ധ്യം ഓരോ വിവാഹ ബന്ധത്തിലും യേശുവിന്റെ സാന്നിദ്ധ്യത്തിന്റെ സൂചനയാണ്. ക്രിസ്തുവിൻെറ പ്രഘോഷണങ്ങളിൽ വിവാഹ ബന്ധത്തെപ്പററി വ്യക്തമായി പഠിപ്പിച്ചു. വിവാഹ ജീവിതം ദൈവത്താൽ സ്ഥാപിതമാണെന്നും അതിനാൽ അത് മനുഷ്യർക്ക് വേർപെടുത്താനാവില്ലെന്നും, യേശു തന്നോട് വിവാഹമോചനത്തിന്റെ സാദ്ധ്യതയെപ്പററി ചോദിച്ചവരോടു പറഞ്ഞു (മത്താ 19:6-7). ക്രിസ്തുവിന്റെ കുരിശുമരണമാണ് വിവാഹ ജീവിതത്തിന്റെ കൃപയ്ക്ക് അടിസ്ഥാനം. വി.പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിൽ വിവാഹത്തെപ്പററി വ്യക്തമായി പഠിപ്പിച്ചു. വിവാഹബന്ധം വെറും വികാര പ്രകടനമാകാതെ പരസ്പര സ്നേഹത്തിന്റെയും സ്വയദാനത്തിന്റെയും

www.malankaralibrary.com

പ്രതീകമായി തീരണമെന്ന് പൗലോസ്ശ്ലീഹാ പഠിപ്പിച്ചു (1കോരി 6: 12 -20) ക്രിസ്തീയ വിവാഹം ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ പ്രതിനിധാനം ചെയ്യുന്നു. (എഫേ 5: 21 - 33). "മിശിഹാ സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കുവാൻ തന്നെതന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കണ"മെന്ന് പൗലോസ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു.

കർത്താവിന്റെ സ്വയംദാനമാണ് സഭയും കർത്താവും തമ്മിലുള്ള വിവാഹത്തിന്റെ അടിസ്ഥാനം. ആ സ്നേഹം അതിന്റെ പൂർണ്ണതയിൽ പ്രകടമായത് കാൽവരിയിൽ കുരിശിലാണ്. ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹം പ്രകടമാകേണ്ട വേദിയാണ് വിവാഹം. യേശു ജലത്താലും ആത്മാവാലും വിവാഹനിശ്ചയം ചെയ്ത് തനിക്കായി വധുവാക്കിത്തീർത്തവളാണ് സഭ. തൻെറ തിരുശരീരവും തിരുരക്തവും അവൾക്കു മോതിരമായി കൊടുത്തു. തന്റെ സ്വർഗ്ഗീയ മണവാട്ടിയായ സഭയെ ശ്രദ്ധാപൂർവ്വം കാത്തുകൊള്ളുവാൻ യേശുതന്റെ ശിഷ്യൻമാരോടു കല്പിക്കുന്നു. ഇപ്രകാരം രക്ഷാകരവും ദൈവസ്ഥാപിതവും, ദൈവത്താൽ പവിത്രമാക്കപ്പെട്ടതുമായ ഒരു കൂദാശയാണ് വിവാഹം.

### വിവാഹം: ഒരു കൂദാശ

വിവാഹം ഒരു കൂദാശയാകുന്നതിന്റെ പ്രഥമകാരണം അത് ദൈവത്താൽ സ്ഥാപിതമായിരിക്കുന്നുവെന്നുള്ളതാണ്. മനുഷ്യവർഗ്ഗത്തോട് തനിക്കുള്ള അനന്തമായ സ്നേഹം വെളിപ്പെടുത്തുന്നതിനുള്ള മാർഗ്ഗമായിരുന്നു വിവാഹം. യേശുക്രിസ്തുവും തന്റെ മണവാട്ടിയായ സഭയും തമ്മിലുള്ള സ്നേഹം പ്രതിനിധാനം ചെയ്യുന്ന അടയാളമാണ് വിവാഹം. ദമ്പതികൾ ഇവിടെ കാർമ്മികരും കൃപാവരങ്ങളുടെ സ്വീകർത്താക്കളുമായി തീരുന്നു. ക്രിസ്തു സഭയ്ക്കായി എപ്രകാരം ആത്മാർപ്പണം ചെയ്തുവോ അതുപോലെ ഭാര്യാഭർത്താക്കൻമാർ പരസ്പരം സമർപ്പിക്കുകയും ദാനം ചെയ്യുകയും ചെയ്യുമ്പോൾ അവരുടെ ബന്ധം ഒരു കൂദാശയായി മാറുന്നു. യേശുവിന്റെ സ്വയം സമർപ്പണത്തിന്റെ, സമ്പൂർണ്ണ സ്നേഹത്തിന്റെ, ജീവിക്കുന്ന അടയാളമായി വിവാഹബന്ധം മാറുന്നു. ഉത്തമ ക്രിസ്തീയ ജീവിതം നയിക്കുന്നതിനു വേണ്ടി ദമ്പതിമാർ പരസ്പരം സമർപ്പിക്കുന്നതുകൊണ്ട് ക്രിസ്തുവിൻെറ രക്ഷാകര ദൗത്യം പങ്കുവയ്ക്കപ്പെടുകയാണ്. സ്നേഹമാണ് ഈ ബന്ധത്തിന്റെ അടിസ്ഥാനം. ഈ സ്നേഹം പരസ്പരം പങ്കുവയ്ക്കപ്പെടുന്നതും അരക്കിട്ടുറപ്പിക്കപ്പെടുന്നതും ലൈംഗിക ബന്ധത്തിലൂടെയാണ്. വിവാഹത്തിന്റെ കൗദാശികതയാണ് ഇവിടെ പ്രകടമാകുന്നത്. വിവാഹ ഉടമ്പടിയുടെ പൂർണ്ണമായ സ്ഥിരീകരണം ലൈംഗിക ബന്ധത്തിലൂടെയാണ് നടക്കുന്നത്. ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹം പ്രകടമാക്കുന്നതിനുള്ള പ്രസാദവരം ദമ്പതികൾക്ക് ലഭിക്കുന്നു. ഈ കൃപയോട് സഹകരിക്കുമ്പോൾ മാത്രമാണ് പരസ്പരം പങ്കുവയ്ക്കലും സ്വയം ദാനവും യാഥാർത്ഥ്യമാകുന്നത്. വിവാഹം ഒരു കൂദാശയാകുന്നതിനാൽ അത്

www.malankaralibrary.com

ജീവിതാന്ത്യം വരെയുള്ള ഉടമ്പടിയാണ്. കാരണം യേശുവും സഭയും തമ്മിലുള്ള ബന്ധം നിത്യമായ ഒന്നാണ്. ദൈവത്താൽ സംവിധാനം ചെയ്യപ്പെട്ട ബന്ധം ആയതിനാൽ അത് എന്നേക്കും നിലനിൽക്കുന്നു. വിവാഹ ബന്ധത്തിന്റെ അവിഭാജ്യതയെപ്പററി നമ്മുടെ വിവാഹകൂദാശയിൽ പ്രത്യേകം പരാമർശിച്ചിരിക്കുന്നു. ആയുഷ്ക്കാലം മുഴുവൻ ദമ്പതികൾ സന്തോഷപൂർവ്വം സ്നേഹിക്കുവാനും, പരസ്പരം സ്വീകരിക്കുവാനുമുള്ള ഹൃദയ ഐക്യം നല്കുവാനായി നാം പ്രാർത്ഥിക്കുന്നു. ഇഹത്തിലും പരത്തിലും ഇവർ അഭംഗുരം സന്തോഷിക്കുവാനും, താൽക്കാലിക മണവറയിൽ നിന്ന് നിത്യമായ സ്വർഗ്ഗീയ വിരുന്നിലേക്ക് ഇവരെ ആനയിക്കുവാനുമായി നാം ഈ കൂദാശയിൽ പ്രാർത്ഥിക്കുന്നു.

### വിവാഹത്തിന്റെ കൗദാശിക ഫലങ്ങൾ

ഒരു മാനുഷിക സ്ഥാപനമെന്ന നിലയിൽ വിവാഹം പുരുഷനെയും സ്ത്രീയെയും ഒന്നിച്ചു ചേർക്കുന്നു. അതുവഴി ഭാര്യാഭർത്താക്കൻമാർ എന്ന നിലയിലും മാതാപിതാക്കൻമാർ എന്നനിലയിലും അവർ പൂർണ്ണത കൈവരിക്കുന്നു. ഈ കൂദാശയിൽ അവർ കർത്താവിനോടെന്നപോലെ പരസ്പരം ഐക്യപ്പെടുന്നു. പരസ്പരം സംയോജിതരായിരിക്കുന്ന ദമ്പതിമാരിൽ ദൈവികനൽവരങ്ങൾ വന്നുനിറയുന്നു. ഈ ബന്ധത്തിലുള്ള സഹനങ്ങൾ ക്രിസ്തുവിന്റെ സഹനത്തിലുള്ള പങ്കുപററലാണ്. ഈ ജീവിതത്തിലെ സന്തോഷങ്ങൾ മരണാനന്തര സൗഭാഗ്യത്തിന്റെ മുന്നാസ്വാദനമാണ്. ഈ കൂദാശയിലൂടെ ദമ്പതികൾ ക്രിസ്തുവിന് സഭയിലും സമൂഹത്തിലും നിർവ്വഹിക്കുവാനുള്ള ദൗത്യം നിർവ്വഹിക്കുന്നതിനായി തങ്ങളെത്തന്നെ സമർപ്പിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം ഈ ലോകത്തിൽ പ്രചരിപ്പിക്കുവാനുള്ള ദൗത്യത്തിൽ ഭാര്യാഭർത്താക്കൻമാർ പങ്കാളികളാകുന്നു. അങ്ങനെ അവർ ദൈവരാജ്യ പ്രഘോഷകരായിതീരുന്നു. കുടുംബത്തെയും സമൂഹത്തെയും വിശുദ്ധീകരിക്കുവാനുള്ള സവിശേഷമായ വിളിയാണ് വിവാഹകൂദാശയിലൂടെ ലഭ്യമാകുന്നത്. വിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഒരു സമൂഹത്തെ പടുത്തുയർത്തുകയും വികസിപ്പിക്കുകയും ചെയ്യുകയെന്ന ദൗത്യത്തിന് ദമ്പതികൾ അവകാശികളായിതീരുന്നു. ആത്മാർത്ഥമായി സ്നേഹിക്കുവാനും മാതാപിതാക്കൻമാരെന്ന നിലയിൽ ഉന്നതമായ ഉത്തരവാദിത്വങ്ങൾ ഏറെറടുക്കുവാനും ദമ്പതികളെ ശക്തരാക്കുന്നത് വൈവാഹിക വരപ്രസാദമാണ്. ദമ്പതികൾ ആഴമേറിയ ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും തങ്ങളെത്തന്നെ സമർപ്പിക്കുന്നത് ഈ കൂദാശയിലൂടെ ലഭിക്കുന്ന കൃപയുടെ സഹായത്താലാണ്. അനുദിന ജീവിത ബന്ധങ്ങളിലൂടെ ജീവിതാന്ത്യംവരെ ഈ സ്നേഹത്തിൽ തുടരുവാൻ അവർക്ക് കഴിയുന്നു.

### വിവാഹം - ഒരു ദൈവവിളി

ഓരോ മനുഷ്യനും നിത്യരക്ഷയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്ന തത്വമാണ് ക്രിസ്തീയ വിളിയുടെ അടിസ്ഥാനം. നിത്യജീവനിലേക്കു തങ്ങളെത്തന്നെ

www.malankaralibrary.com

നയിക്കുവാൻ ഏററവും പററിയ ജീവിതമാർഗ്ഗമാണ് ഒരാളുടെ ദൈവവിളി. ഇപ്രകാരം വിവാഹിതരെ നിത്യജീവനിലേക്കു നയിക്കുന്ന മാർഗ്ഗമാണ് വിവാഹം. ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധിയിലേക്കാണ്. ഇപ്രകാരം മനുഷ്യജീവിതത്തെ പവിത്രീകരിക്കുന്നതിനുള്ള മാർഗ്ഗമാണ് വിവാഹം. ദമ്പതികളെ സംബന്ധിച്ചിടത്തോളം തങ്ങളെ ദൈവം ഭരമേല്പിച്ചിരിക്കുന്ന ജീവിത പങ്കാളിക്കും സന്താനങ്ങൾക്കും വേണ്ടി സ്വയം സമർപ്പിക്കുകയെന്നതാണ് ഏററവും ശ്രേഷ്ഠമായ വിളി. ദൈവമാണവരെ ഈ അന്തസ്സിലേക്ക് വിളിക്കുന്നത്. ക്രൈസ്തവദമ്പതിമാർ പരസ്പരം സമർപ്പിക്കുമ്പോൾ അവർ ദൈവരാധന നടത്തുകയാണ്. കുടുംബത്തിന്റെ പരിചരണമോ, സ്നേഹപ്രകടനമോ എന്തായിരുന്നാലും അവയൊക്കെ ആരാധനക്രമത്തിൻെറ ആഘോഷമാണ്. കാരണം ഒരു കൂദാശയുടെ പൂർത്തീകരണത്തിലാണവരേർപ്പെട്ടിരിക്കുന്നത്. വിവാഹകൂദായുടെ നിത്യകാർമ്മികരാണവർ. അവരുടെ വ്യക്തിത്വം പൂർണ്ണതയിലേക്കു നയിക്കുന്ന വിളിയാണത്. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകുന്നതിനുള്ള പ്രത്യേക ദൗത്യമാണ് ഈ വിളിയിലൂടെ അവർക്ക് ലഭിച്ചിരിക്കുന്നത്. വർദ്ധിച്ചു പെരുകി ഭൂമിയിൽ നിറയുവാൻ മനുഷ്യന് ദൈവം നല്കിയ അനുഗ്രഹം ദമ്പതികളിൽ നിറയുന്നു.

### വിവാഹം: സ്നേഹത്തിന്റെ ഉടമ്പടി

ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തിന്റെ പ്രതിഫലനമാണ് വിവാഹം. ജീവിത്തിൻെറയും സ്നേഹത്തിൻെറയും പങ്കുവയ്ക്കലാണിത്. പരസ്പരം പൂർണ്ണമായി ഉള്ളും ഉള്ളതും ഇവിടെ പങ്കുവയ്ക്കപ്പെടുന്നു. വിവാഹത്തിന്റെ ഉറവിടം ദൈവസ്നേഹമാണ്. ദമ്പതികളുടെ സ്നേഹം പൂർണ്ണമായ പ്രകാശം കണ്ടെത്തുന്നത് ലൈംഗിക സ്നേഹത്തിലാണ്. ക്രിസ്തുവിൽ വിവാഹിതരാകുന്നവർ ക്രിസ്തുവിനെ സഭയുമായി ബന്ധിപ്പിക്കുന്ന ഉടമ്പടിയുടെ പ്രസാദവരത്തിൽ പങ്കാളികളാകുന്നു. വിവാഹ ജീവിതം സ്നേഹിക്കുവാനുള്ള വിളിയാണ്. ഇവിടെ ദമ്പതികൾ പരസ്പരം നല്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഒരാൾ തന്റെ കുറവുകളോടും, കഴിവുകളോടും കൂടി സ്വയം ജീവിത പങ്കാളിക്ക് തന്നെ സമർപ്പിക്കുന്നു. അയാൾ പൂർണ്ണമായി ഈ വ്യക്തിയെ സ്വീകരിക്കുന്നു. അവർ പരസ്പരം സമർപ്പിക്കുന്നു, പരസ്പരം സ്വീകരിക്കുന്നു. ക്രിസ്തീയ സ്നേഹത്തിന്റെ അന്ത:സത്ത പ്രകടമാക്കുവാനും അതുവഴി ആളുകളെ ക്രിസ്തുവിനോടടുപ്പിക്കുവാനും ഉള്ള ചുമതലയാണ് ദമ്പതിമാരിൽ നിക്ഷിപ്തമായിരിക്കുന്നത്. പരസ്പരം സ്നേഹിച്ചും ദൈവത്തെ സ്നേഹിച്ചും പൂർണ്ണതയിലേക്ക് വളരുവാനുള്ള വിളിയാണ് വിവാഹബന്ധം. സുഖത്തിലും ദു:ഖത്തിലും ഈ സ്നേഹം പങ്കുവയ്ക്കുവാൻ കടപ്പെട്ടവരാണ് ദമ്പതികൾ. ക്രിസ്തീയ ജീവിതത്തിന്റെ ഈ സവിശേഷതയെ നമ്മുടെ വിവാഹ കൂദാശക്രമം അടിവരയിട്ട് ഉറപ്പിക്കുന്നു. "കർത്താവ് സകല കപട സ്നേഹവും ഇവരിൽ നിന്നു നീക്കിക്കളയുകയും അന്യോന്യം സ്നേഹിക്കുവാൻ തക്കവണ്ണം

www.malankaralibrary.com

സ്നേഹാഗ്നിയാൽ ഇവരുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കുകയും" ചെയ്യുവാനായി നാം പ്രാർത്ഥിക്കുന്നു.

**വിവാഹത്തിന്റെ ലക്ഷ്യം.**

വിവാഹത്തിന്റെ പരമപ്രധാനമായ ലക്ഷ്യം സന്താനോൽപ്പാദനമാണ്. അതോടൊപ്പം മാനുഷികവും ക്രൈസ്തവോചിതവുമായ രീതിയിൽ അവരെ വളർത്തുക എന്ന ലക്ഷ്യത്തിനും ഊന്നൽ നല്കുന്നു. വിവാഹ കൂദാശയിൽ ദമ്പതികൾക്ക് അനുഗ്രഹീതസന്താനങ്ങളെ നല്കുവാനായി നാം പ്രാർത്ഥിക്കുന്നു. ദമ്പതികളുടെ പൂർണ്ണതയും നന്മയുമാണ് വിവാഹത്തിന്റെ രണ്ടാമത്തെ ലക്ഷ്യം. ദമ്പതികളുടെ അന്യോന്യ ബന്ധവും സഹവാസവും ദൈവപ്രീതിക്കും യോഗ്യമായ സ്വഭാവസംസ്ക്കരണത്തിനും ഉതകുന്നതാക്കണമേയെന്നു നാം പ്രാർത്ഥിക്കുന്നു.

**ദമ്പതികളുടെ കടമകൾ**

ദമ്പതികൾ പരസ്പരം സ്നേഹിക്കുവാനും സമർപ്പിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നു. അവർ പരസ്പരം അംഗീകരിക്കുകയും ലൈംഗിക ബന്ധത്തിലൂടെ പരസ്പരം വിശുദ്ധീകരിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. സന്താനങ്ങളെ ഉത്പാദിപ്പിക്കുവാനും ക്രൈസ്തവാദർശങ്ങൾക്ക നുസൃതമായി അവരെ വളർത്തുവാനും അവർക്കുത്തരവാദിത്വമുണ്ട്.ദാമ്പത്യജീവിതത്തിന്റെ സഹനങ്ങൾ ക്രിസ്തുവിന്റെ സഹനത്തിലുള്ള പങ്കാളിത്തമാണെന്ന് അവർ തിരിച്ചറിയണം. ആത്മശരീരങ്ങളുടെ നൈർമല്യം കാത്തുസൂക്ഷിക്കുന്നതിന് അവർ അന്യോന്യം സഹായിക്കണം. ദൈവസ്നേഹത്തിനായും മനുഷ്യസ്നേഹത്തിനായും അവർ തങ്ങളെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കണം. പ്രാർത്ഥന, കൂദാശകളിലുള്ള ഭാഗഭാഗിത്വം എന്നിവ വഴിയായി വിവാഹബന്ധത്തെ ദൃഢമാക്കണം. ദമ്പതികൾ പ്രേഷിതരാണ്. ക്രിസ്തുസ്നേഹത്തിൻെറ സുവിശേഷം തങ്ങളുടെ ജീവിതത്തിലൂടെ പകർന്നുനൽകണം.

**മോതിരവും കിരീടവും**

ക്രിസ്തു തന്റെ വിശുദ്ധ ശരീരമാകുന്ന മോതിരം തൻെറ മണവാട്ടിയായ സഭയ്ക്കു നൽകി അവളുമായി വിവാഹ നിശ്ചയം ചെയ്തതിൻെറ അനുസ്മരണയാണ് മലങ്കര ആരാധനക്രമത്തിൽ മോതിരം വാഴ്ത്തലിന്റെ ഭാഗത്ത് നാം അനുസ്മരിക്കുന്നത്. സുഖത്തിലും ദു:ഖത്തിലും പരസ്പരം പങ്കുവച്ചും, സ്നേഹിച്ചും ജീവിച്ചു കൊള്ളാമെന്ന് ദമ്പതിമാർ ഇവിടെ സഭയുടെ പ്രതിനിധിയായ വൈദികന്റെ മുൻപാകെ വാഗ്ദാനം ചെയ്യുന്നു. മോതിരങ്ങളെ വാഴ്ത്തുക വഴിയായി ദൈവം അവരുടെ ബന്ധത്തെ വിശുദ്ധീകരിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്നു. ദൈവം അവരുടെ ദാമ്പത്യജീവിതത്തിൽ മദ്ധ്യസ്ഥനാകുന്നു. മോതിരങ്ങളോടൊപ്പം ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും അവർ പ്രാപിക്കുന്നു. സ്വർഗ്ഗീയാ

www.malankaralibrary.com

നുഗ്രഹങ്ങളാണ് അവർക്ക് പ്രാപ്യമാകുന്നത്. അവരുടെ ഹൃദയങ്ങൾ പരസ്പരം സ്നേഹിക്കുവാൻ തക്കവണ്ണം ഉജ്ജ്വലിക്കുന്നു. "പാവനമായ വിവാഹത്തിന്റെ നിർമ്മലതയെ നശിപ്പിക്കുന്ന ദുഷ്ടാത്മാക്കളിൽ നിന്ന് ദൈവം അവരെ സംരക്ഷിക്കുന്നു." ഇതുവഴി വിവാഹ ഉടമ്പടി പൂർണ്ണമാക്കപ്പെടുന്നു. മോതിരങ്ങൾ നല്കപ്പെടുന്നതിലൂടെ ഒരാൾ തൻെറ കുറവുകളോടും കഴിവുകളോടും പൂർണ്ണമായി മറേറയാൾക്ക് ദാനം ചെയ്യുന്നു. അയാൾ പൂർണ്ണമായി ഈ വ്യക്തിയെ ഉൾക്കൊള്ളുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഇത് മിശിഹായും സഭയും തമ്മിലുള്ള ബന്ധത്തിൻെറ പ്രതിഫലനമാണ്.

വധൂവരൻമാർ കുടുംബത്തിന്റെ രാജാവും രാജ്ഞിയുമായി അഭിഷേകം ചെയ്യപ്പെടുന്ന കർമ്മമാണ് കിരീടം വാഴ്ത്തലിൽ നടക്കുന്നത്. ഇവിടെ ദൈവത്തിന്റെ സ്വർഗ്ഗീയ രാജ്യത്തിൽ അവിടുത്തെ തെരഞ്ഞെടുക്കപ്പെട്ട മക്കളായ പൂർവ്വമാതാപിതാക്കന്മാരോടു ചൊരിഞ്ഞ കാരുണ്യം അനുസ്മരിക്കപ്പെടുന്നു. മഹിമയുടെ കിരീടമാണിവിടെ അണിയിക്കപ്പെടുന്നത്. മിശിഹാ തൻെറ വധുവായ സഭയെ, മഹാശക്തികൾ, അധികാരികൾ, മഹോന്നത സൈന്യങ്ങൾ എന്നിവയേക്കാളധികമായി സ്വർഗ്ഗീയ തേജസ്സിലേക്കുയർത്തിയതുപോലെ ഈ ശുശ്രൂഷയിൽ ദമ്പതികൾ അഭിഷേകം ചെയ്യപ്പെടുകയും അവർ സന്തോഷത്തിൻെറ കിരീടം അണിയിക്കപ്പെടുകയും ചെയ്യുന്നു. ത്രിത്വൈക ദൈവമാകുന്ന കോട്ടയ്ക്കുള്ളിൽ വധുവായ സഭ സംരക്ഷിക്കപ്പെടുന്നതുപോലെ ദമ്പതിമാർ ഇവിടെ ദൈവത്താലും പരസ്പരവും സംരക്ഷിതരാണ്. കിരീടങ്ങളും അവ വയ്ക്കപ്പെടുന്ന ശിരസ്സുകളും ത്രിത്വൈക നാമത്തിലാണ് ആശീർവദിക്കപ്പെടുന്നത്. കിരീടധാരണത്തിലൂടെ ദമ്പതിമാർ നീതിയും അനശ്വരതയുടെ മോഹനീയാലങ്കാരങ്ങളും ധരിക്കുന്നു. പിശാചിനെതിരെ പോരാടുവാനുള്ള ആയുധം അവർ ധരിക്കുന്നു.

ദൈവത്താൽ സംവിധാനം ചെയ്യപ്പെട്ട പരിശുദ്ധമായ കർമ്മമാണ് വിവാഹം. വിശുദ്ധമായ ഈ കർമ്മത്തിലൂടെ ദമ്പതികൾ തങ്ങളെത്തന്നെയും, കുടുംബത്തെയും, സമൂഹത്തെയും വിശുദ്ധീകരിക്കുന്നു. സ്രഷ്ടാവിനോടുചേർന്ന് സൃഷ്ടികർമ്മം നടത്തുവാനുള്ള പരിശുദ്ധമായ വിളിയാണിത്. സ്വയദാനത്തിന്റെയും നിസ്വാർത്ഥ സ്നേഹത്തിന്റെയും ബലി വേദിയാണിത്. ഇവിടെ യേശുവിനെപ്പോലെ ദമ്പതികൾ പരസ്പരം ബലിയർപ്പിക്കപ്പെടുന്നു.

www.malankaralibrary.com

# വിവാഹം

(പ്രസംഗം 2)

മനുഷ്യജീവിതത്തിന്റെ വിവിധ ഘട്ടങ്ങളെ വിശുദ്ധീകരിക്കുന്ന രക്ഷാകരമാർഗ്ഗങ്ങളാണ് കൂദാശകൾ. സഭയിൽ വൈദികരുടെ മാധ്യസ്ഥ്യം വഴി പരികർമ്മം ചെയ്യപ്പെടുന്ന ഈ ദൃശ്യകർമ്മങ്ങൾ നമുക്ക് അദൃശ്യമായ കൃപാവരം നേടിത്തരുന്നു.

വ്യക്തിജീവിതത്തിലെ സുപ്രധാനമായ സംഭവമാണ് വിവാഹം. ഈ കർമ്മത്തെ വിവാഹം എന്ന കൂദാശ പരിപാവനമാക്കിത്തീർക്കുന്നു. വിവാഹകൂദാശ വെറും സ്വാഭാവികമായ ഒരു കർമ്മത്തെ, ഒരു ബന്ധത്തെ, ദൈവികവരപ്രസാദം നൽകുന്ന കർമ്മവും വിവാഹത്തിലേർപ്പെടുന്ന വധൂവരന്മാർക്ക് രക്ഷയ്ക്ക് ഹേതുവാകുന്ന സംഭവവുമായി മാറ്റുന്നു. വിവാഹകൂദാശയുടെ പവിത്രതയും പവിത്രീകരണക്ഷമതയും ദൈവവചനത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാൻ ശ്രമിക്കാം.

യോഹന്നാന്റെ സുവിശേഷം രണ്ടാം അധ്യായം തുടങ്ങുന്നത് വിവാഹത്തെപ്പററി പറഞ്ഞുകൊണ്ടാണ്. 1-ാം അധ്യായം യേശുവിന്റെ പരസ്യജീവിതത്തിനുള്ള ആമുഖമാണ്. വചനം അനാദിയിൽ പിതാവിനോടൊത്തു വസിച്ചതും, കാലത്തികവിൽ മാംസം ധരിച്ചതും യോഹന്നാനാൽ സാക്ഷ്യപ്പെടുത്തപ്പെട്ടതും, മനുഷ്യനായ ഈ വചനം തന്റെ ദൗത്യം തുടരാൻ ചിലരെ ശിഷ്യരായി തെരഞ്ഞെടുക്കുന്നതുമൊക്കെയാണ് ഒന്നാം അധ്യായത്തിലെ ചർച്ച. ഇവിടെ പരസ്യജീവിതത്തിനുള്ള ഒരുക്കമേ ആകുന്നുള്ളു. രണ്ടാം അധ്യായത്തിലാണ് യേശു പൊതുജനങ്ങളുമായി ബന്ധപ്പെട്ടു തന്റെ ദൗത്യം നിർവ്വഹിക്കുന്നത് ഈ പരസ്യജീവിതാരംഭം യോഹന്നാൽ ചിത്രീകരിക്കുന്നത് യേശു ഒരു വിവാഹവിരുന്നിൽ പങ്കെടുത്ത് ആ വിരുന്നിനെയും അതിൽ സംബന്ധിച്ചവരെയും സംതൃപ്തരാക്കുന്ന സംഭവം വിവരിച്ചുകൊണ്ടാണ്.

കാനായിൽ നടന്ന ഈ വിവാഹവിരുന്നിൽ വച്ചാണ് യേശുവിന്റെ അടയാളങ്ങൾ ആരംഭിക്കുന്നത്. ഇപ്രകാരം യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തിയെന്ന് യോഹന്നാൻ സാക്ഷിക്കുന്നു( 2:11). വിവാഹ സന്ദർഭത്തിൽ ആദ്യ അടയാളം കാണിച്ച് യേശു തന്റെ മഹത്വം വെളിപ്പെടുത്തിയത് സാന്ദർഭികമായി സംഭവിച്ചു പോയതാകാൻ നിവൃത്തിയില്ല. പ്രപഞ്ചനിയന്താവ് ബോധപൂർവ്വം ഈ സന്ദർഭം, വിവാഹ മുഹൂർത്തം, അടയാളങ്ങളുടെ ആരംഭമായി തെരഞ്ഞെടുത്തുവെന്ന് ചിന്തിക്കുകയാവും ശരി. കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഇടവകയുടെയും സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും അടിസ്ഥാനം വിവാഹമാണല്ലോ. ഇത് വ്യക്തമാക്കാനാണ് യേശു ആ സന്ദർഭം അടയാളങ്ങളുടെ ആരംഭവും മഹത്വ പ്രത്യക്ഷീകരണത്തിന്റെ തുടക്കവുമായി തെരഞ്ഞെടുത്തത്.

യോഹന്നാന്റെ സുവിശേഷം 2-ാം അധ്യായം വിവാഹവിവരണത്തിൽ തുടങ്ങുന്നെങ്കിൽ 3-ാം അധ്യായം മാമോദീസായെപ്പററി പറഞ്ഞുകൊണ്ടാണ് തുടങ്ങുന്നത്.

www.malankaralibrary.com

അതായത് വിവാഹത്തിൽ ജനിക്കുന്ന ശിശുക്കളുടെ വീണ്ടും ജനനം, മാമോദീസായിലൂടെയുള്ള വീണ്ടും ജനനം – അതാണ് മൂന്നാം അധ്യായത്തിലെ പ്രാരംഭം. ജ്ഞാനസ്നാനം വെള്ളം കൊണ്ടും പരിശുദ്ധാത്മാവിനെക്കൊണ്ടുമുള്ള വീണ്ടും ജനനമാണ്. അതാണ് മൂന്നാം അധ്യായത്തിലെ വിഷയം. "വീണ്ടും ജനിക്കണം, വെള്ളത്താലും ആത്മാവിനാലും ജനിക്കണം" എന്ന് യേശു ഖണ്ഡിതമായി സംസാരിക്കുന്നു. മാമോദീസായിൽ ജനിക്കുന്ന ശിശു പരിശുദ്ധാത്മപൂരിതനാണ്. അവന്റെ ചൈതന്യം പരിശുദ്ധാത്മാവാണ്. അവൻ പരിശുദ്ധാത്മാവിനെ പാനം ചെയ്തു ജീവിക്കുന്നവനാണ്. ഇക്കാര്യമാണ് 4–ാം അദ്ധ്യായത്തിൽ യോഹന്നാൻ ചർച്ച ചെയ്യുന്നത്. യേശു നൽകുന്ന പരിശുദ്ധാത്മാവെന്ന ജീവജലം പാനം ചെയ്യുന്നവനിൽ അത് നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന അരുവിയായിത്തീരും (4:10 –14). പരിശുദ്ധാത്മാവെന്ന പാനീയത്തോടൊപ്പം യേശു നിത്യജീവന്റെ അപ്പം വിശ്വാസിക്കു നല്കുന്നു. ഇതാണ് 6–ാം അധ്യായത്തിലെ ചർച്ചാ വിഷയം. യേശു നല്കുന്ന "ജീവന്റെ അപ്പം ഭക്ഷിക്കുന്നവന് ഒരിക്കലും വിശക്കുകയില്ല; ഇതു ഭക്ഷിക്കുന്നവൻ എന്നേയ്ക്കും ജീവിക്കും" (6: 35-58)

ഇങ്ങനെ സഭയിലെ കൂദാശകൾ ഓരോന്നും എടുത്ത് അവതരിപ്പിച്ചിരിക്കുകയാണ് യോഹന്നാൻ സുവിശേഷകൻ. സുവിശേഷം എഴുതിയ കാലത്തെ സഭയുടെ ഒരു പതിപ്പെന്ന നിലയിലാണ് സുവിശേഷം രൂപപ്പെടുത്തിയിരിക്കുന്നത്. ഈ വിവിധ കർമ്മങ്ങളുടെയും ശുശ്രൂഷകളുടെയും ആരംഭത്തിലാണ് വിവാഹം അവതരിപ്പിച്ചിരിക്കുന്നത്. വിവാഹത്തിൽ നിന്ന് രൂപപ്പെടുന്ന ക്രൈസ്തവസമൂഹത്തിന്റെ വിവിധ കർമ്മങ്ങളാണ് മററുള്ളവയെല്ലാം. അതിനാൽ ഒരർത്ഥത്തിൽ, സാമൂഹിക പരിഗണനയുടെ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ, വിവാഹം മററു തിരുക്കർമ്മങ്ങളുടെ അടിസ്ഥാനമാണ്.

പ്രപഞ്ചസൃഷ്ടിയിൽ സൃഷ്ടാവിന്റെ പദ്ധതിയും നിശ്ചയവും വ്യക്തമായി പ്രകടമാക്കിയിരിക്കുന്നു. ജീവനുള്ളവയെല്ലാം ആണും പെണ്ണുമായിട്ടാണ് ദൈവം സൃഷ്ടിച്ചത്. ഇതാണ് പ്രപഞ്ചത്തിൽ കാണുന്ന ദൈവികമായ സംവിധാനം. "വർദ്ധിച്ചുപെരുകുവിൻ" എന്ന് അനുഗ്രഹിക്കുകയും ചെയ്യുന്നു ഈ പ്രപഞ്ച സൃഷ്ടാവ് (1:22,28). ഈ പ്രപഞ്ചത്തിന്റെ നിലനില്പിനും മുന്നോട്ടുള്ള വളർച്ചയ്ക്കും വേണ്ടി സ്ത്രീപുരുഷ ബന്ധത്തെ ദൈവം പാവന ബന്ധമായി ആശീർവദിച്ചു. എന്നാൽ മററുജീവജാലങ്ങളിൽനിന്ന് മനുഷ്യൻ അടിസ്ഥാനപരമായി വ്യത്യസ്തനാണ്. വർദ്ധിച്ചു പെരുകാൻ വേണ്ടി ദൈവം മററു ജീവജാലങ്ങളെ സൃഷ്ടിച്ചപ്പോൾ വർദ്ധിച്ചു പെരുകി പ്രപഞ്ചത്തെ കീഴ്പ്പെടുത്താൻ ദൈവം മനുഷ്യനെ അനുഗ്രഹിച്ചു. ഈ ദൗത്യനിർവ്വഹണത്തിന് സഹായകമാം വിധം തന്റെ ഛായയിലും സാദൃശ്യത്തിലുമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. പ്രപഞ്ചത്തിന്റെ ഭാഗമാകാൻ മാത്രമല്ല, പ്രപഞ്ചത്തിന്റെ അതിനാഥനാകാനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. സ്വാഭാവിക

www.malankaralibrary.com

പ്രവണതയ്ക്കനുസരിച്ച് ജീവിക്കാനല്ല ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചത്. സ്വാഭാവികതയെ കടന്നുചെന്നു സ്വാഭാവികതയുടെ യജമാനത്വം ഏറ്റെടുക്കാനാണ്. മനുഷ്യനിലെ ലൈംഗിതയ്ക്ക് സ്വാഭാവികതയെ വെല്ലുക, വെല്ലുവിളിക്കുകയെന്ന ഒരു സവിശേഷമായ മാനമുണ്ട്. അതിനാലാണ് മനുഷ്യനിലെ സ്ത്രീപുരുഷബന്ധത്തെ ദൈവം ഒരു കൂദാശയായി ഉയർത്തിയത്.

വിശുദ്ധമദ്ബഹായുടെയും തിരുസ്ളീബായുടെയും ദൈവജനത്തിന്റെയും സാന്നിധ്യത്തിൽ ബോധപൂർവ്വം പരസ്പരം സ്വീകരിക്കുന്ന വധൂവരന്മാരെ വൈദികൻ ദൈവനാമത്തിൽ, സഭയുടെ പ്രതിനിധിയെന്നവണ്ണം, ആശീർവദിക്കുന്നു. അങ്ങനെ വിവാഹം ഒരു കൂദാശയായി മാറുന്നു. പുരുഷനെ ആയുഷ്ക്കാല ഭർത്താവായി സ്വീകരിക്കാൻ സ്ത്രീയും സ്ത്രീയെ തന്റെ ആയുഷ്ക്കാല ഭാര്യയായി സ്വീകരിക്കാൻ ഭർത്താവും ഉടമ്പടി ചെയ്യുന്നു. പരസ്പരം സ്നേഹിക്കുന്നതിനും ഭാരം വഹിക്കുന്നതിനും പരസ്പര പൂരകങ്ങളായിരിക്കുന്നതിനും പരസ്പരം വിധേയപ്പെട്ടിരിക്കുന്നതിനുമുള്ള വാഗ്ദാനമാണ് അവർ ചെയ്യുന്നത് (എഫേ 5:21).

പ്രപഞ്ചത്തിൽ ഉടനീളം കാണുന്ന ഈ സ്ത്രീപുരുഷബന്ധത്തെ പാവനമാക്കാൻ, സഭയിൽ വൈദികൻ വിശുദ്ധ മദ്ബഹായുടെയും തിരുസ്ലീബായുടെയും ദൈവജനത്തിന്റെയും സാന്നിധ്യത്തിൽ ആശീർവദിക്കുന്നു. സഭയിൽ സ്ത്രീപുരുഷന്മാർ ഈ ഉടമ്പടിക്ക് പരസ്പരം അംഗീകാരം നൽകുന്നു. പുരുഷനെ തന്റെ ആയുഷ്ക്കാല ഭർത്താവായി സ്വീകരിക്കാൻ സ്ത്രീയും സ്ത്രീയെ തന്റെ ആയുഷ്ക്കാല ഭാര്യയായി സ്വീകരിക്കാൻ പുരുഷനും സഭയിൽ ഉടമ്പടി ചെയ്യുന്നു. പരസ്പരം സ്നേഹിക്കുന്നതിനും, പരസ്പരം ഭാരം വഹിക്കുന്നതിനും, പരസ്പരപൂരകങ്ങളായിരിക്കുന്നതിനും പരസ്പരം വിധേയരായിരിക്കുന്നതിനും (എഫേ. 5:21) സന്താനങ്ങളെ ജനിപ്പിച്ച് ഉത്തമക്രൈസ്തവ കുടുംബം കെട്ടിപ്പടുക്കുന്നതിനുമുള്ള സന്നദ്ധത ഈ ഉടമ്പടിയിലൂടെ (covenant) സ്ത്രീ പുരുഷന്മാർ സ്പഷ്ടമാക്കുന്നു. ആയുഷ്ക്കാലം മുഴുവൻ നീണ്ടുനില്ക്കുന്ന അർപ്പണമാണ് ഈ ഉടമ്പടിയിൽ ഉൾക്കൊണ്ടിരിക്കുന്നത്. രോഗാവസ്ഥയോ ദാരിദ്ര്യമോ, മററ് ഭൗതികക്ലേശങ്ങളോ ഭാര്യാഭർതൃബന്ധത്തിൽ നിന്ന് ദമ്പതികളെ അകററാൻ പാടില്ല.

വിവാഹം കൂദാശയിലൂടെ നിർമ്മലമായിത്തീരുന്നു. സ്ത്രീപുരുഷന്മാർക്ക് ജീവിതകാലം മുഴുവൻ അനുഗ്രഹത്തിന് അത് ഹേതുവായിത്തീരുന്നു. ഈ അനുഗ്രഹം എന്നും നിലനിൽക്കുന്നതിനാണ് സഭ പ്രാർത്ഥിക്കുന്നതും വൈദികൻ പ്രതിനിധിയായി അവരെ ആശീർവദിക്കുന്നതും.സന്തോഷത്തിന്റെ അവസരമായതിനാൽ ഗാനങ്ങളുടെ ഈണത്തിൽ പോലും സന്തോഷഭാവം തുടിച്ചുനിൽക്കുന്നു. ഈ സന്തോഷഭാവം എന്നും നിലനിൽക്കണം എന്നതാണ് സഭയുടെ അപേക്ഷ. സന്തോഷം ശാശ്വതമായിരിക്കണമെങ്കിൽ അത് ദൈവത്തിൽ ആരംഭിക്കണം, ദൈവത്തിൽ തുടരണം, ദൈവത്തിൽ അവസാനിപ്പിക്കുകയും വേണം. "ദൈവമായ കർത്താവേ, നീ

www.malankaralibrary.com

മുഖാന്തരവും നിന്നോടുകൂടെയും ഞങ്ങളുടെ സന്തോഷങ്ങൾക്ക് ആരംഭവും, ഞങ്ങളുടെ ആനന്ദത്തിന് പൂർത്തീകരണവും ഉണ്ടാകുവാൻ തക്കവണ്ണം അക്ഷയമായ സൗഭാഗ്യത്തിന് ഞങ്ങളെ യോഗ്യരാക്കണമെ" എന്ന് പ്രാർത്ഥിച്ചുകൊണ്ട് തുടങ്ങുന്നത് അതുകൊണ്ടാണ്. (വിവാഹക്രമം, പ്രാരംഭപ്രാർത്ഥന) കൂദാശകൾ പേ.39). ഈ സന്തോഷം ഇവിടം കൊണ്ട് അവസാനിക്കാതെ "അക്ഷയമായിരിക്കാൻ" അത്രെ പ്രാർത്ഥിക്കുക. "അക്ഷയ ഭാഗ്യങ്ങളിൽ ആനന്ദിപ്പിക്കാൻ" അപേക്ഷിക്കുന്നു.

"മോതിരം വാഴ്വ്", "കിരീടധാരണം" എന്നിങ്ങനെ വിവാഹ ശുശ്രൂഷയ്ക്ക് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന് വിവാഹവാഗ്ദാനം, രണ്ട്, വിവാഹ ശുശ്രൂഷ, ഉടമ്പടിയുടെ പ്രതീകമായ മോതിരം ആശീർവദിച്ച് വധുവരന്മാർക്കു നൽകുന്നതാണ് ആദ്യം നടക്കുന്നത്. മിശിഹായും സഭയും തമ്മിലുള്ള ബന്ധമാണ് ഈ ഭാഗത്ത് ഉടനീളം അവതരിപ്പിക്കുന്നത്. എഫേ. 5:21 മുതൽ 6:9 വരെയുള്ള ഭാഗത്തെ ആധാരമാക്കിയാണ് ഈ ചിത്രീകരണം. പുരുഷൻ, മിശിഹായെയും സ്ത്രീ, സഭയെയും സൂചിപ്പിക്കുന്നു. "സേവിക്കപ്പെടാനല്ല, സേവിക്കാൻ വന്ന" മിശിഹായെപ്പോലെ വ്യാപരിച്ചെങ്കിലേ, പുരുഷൻ ശരിയായ അർത്ഥത്തിൽ ഈ ചിത്രീകരണത്തിന് അനുയോജ്യനാകൂ. "ക്രിസ്തുവിനോടുള്ള ബഹുമാനത്തെ പ്രതി നിങ്ങൾ പരസ്പരം വിധേയരായിരിക്കുവിൻ"(5:21). ഭവനത്തിലെ പരസ്പര ബന്ധങ്ങളിലും താഴ്മയോടും സ്വാർത്ഥതയ്ക്കന്യമായും ആയിരിക്കണം എന്നു സാരം. "തന്റെ ജീവനെ അനേകർക്കുവേണ്ടി ഒരു യാഗമായി നൽകുവിൻ" എന്ന വാക്കുകളെ അനുസ്മരിപ്പിക്കുന്നതായിരിക്കണം ഭർത്താവിന്റെ സ്നേഹം. ക്രിസ്തു നമുക്കുവേണ്ടി തന്നെതന്നെ സമർപ്പിച്ചു; നാമും നമ്മെത്തന്നെ അവിടുത്തേക്കും അവിടുത്തെ പ്രതിയും സമർപ്പിക്കണം. " ഇതാ, ഞാൻ കർത്താവിന്റെ ദാസി" എന്ന് കന്യക അർത്ഥസംപുഷ്ടമായി പറഞ്ഞത് അനുനിമിഷം ജീവിതത്തിൽ യാഥാർത്ഥ്യമാക്കണം. അത് കന്യകാപുത്രൻ അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമാക്കി. ഈ അർത്ഥത്തിൽ നാം തിരുലിഖിതം മനസ്സിലാക്കുകയുംവേണം "ഭാര്യമാരേ, നിങ്ങൾ കർത്താവിന് എന്നപോലെ ഭർത്താക്കന്മാർക്കും വിധേയരായിരിക്കുവിൻ; ഭാര്യമാർ എല്ലാ കാര്യങ്ങളിലും ഭർത്താക്കന്മാർക്കു വിധേയരായിരിക്കണം. ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ വേണ്ടി തന്നെത്തന്നെ സമർപ്പിക്കുയും ചെയ്തതുപോലെ, നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം. ഭർത്താക്കന്മാർ ഭാര്യമാരെ സ്വന്തം ശരീരത്തെ എന്നപോലെ സ്നേഹിക്കണം".

"ഉയരാഴങ്ങളെ തന്റെ കുരിശാൽ സംയോജിപ്പിച്ച" മിശിഹാ തമ്പുരാൻ തന്റെ സമാധാനവും രമ്യതയും ഈ ദമ്പതികളുടെ ഇടയിൽ വർഷിക്കാനായി സഭ പ്രാർത്ഥിക്കുന്നു (പേ.41-42). ആദ്യത്തെ "പ്രിമിയോൻ സെദ്റാ മിശിഹായും സഭയും തമ്മിലുള്ള ബന്ധത്തിന്റെ അപഗ്രഥനവും അതിന്റെ ചുവടുപിടിച്ച് ദമ്പതികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയുമാണ്. അതുപോലെ മിശിഹായും ഓരോ മനുഷ്യാത്മാ

www.malankaralibrary.com

വും തമ്മിലുള്ള ബന്ധവും അടുത്ത പ്രാർഥനയിൽ പരാമർശിക്കുന്നു. "വ്രതനിഷ്ഠയും നൈർമല്യവുമുള്ള ജന്മങ്ങളെ തനിക്കായി വിവാഹനിശ്ചയം ചെയ്യുന്ന സത്യമണവാളാ" (പേ. 49). പഴയ നിയമത്തിലെ പിതാക്കന്മാരുടെ പാവന വിവാഹത്തെ അനുസ്മരിച്ചു കൊണ്ട് ഈ വിവാഹത്തെ അനുഗ്രഹിക്കണമെ എന്ന് പ്രാർത്ഥിക്കുന്നത് നമ്മുടെ പ്രത്യേകതയാണ്. (പേ.52.59)

"കിരീടധാരണം" ഇപ്പോൾ നടക്കുന്നില്ലെങ്കിലും, കിരീടത്തിന്റെ സാദൃശ്യത്തിൽ മാല കൊണ്ട് ശിരസ്സിനു മുകളിൽ ആശീർവാദം നടത്തുന്നുണ്ട്. സ്വർഗ്ഗീയനുഗ്രഹങ്ങൾ വൈദികന്റെ മാധ്യസ്ഥ്യത്താൽ ഉന്നതത്തിൽ നിന്നിറങ്ങി ദമ്പതികളുടെ ശിരസ്സിൽ വന്നു വസിക്കുന്നു എന്നതിന്റെ പ്രതീകമായിട്ടാണ് ഈ ദൃശ്യകർമ്മം അനുഷ്ഠിക്കുന്നത്. കർത്താവു പഠിപ്പിക്കുന്ന നീതിയുടെ കിരീടത്തെയും അനശ്വരതയുടെ അലങ്കാരങ്ങളെയും ഈ കർമ്മം സൂചിപ്പിക്കുന്നു. ഇത് ശത്രുവിന്റെ സർവ്വശക്തിക്കുമെതിരെ അജയ്യമായ ആയുധമായിരിക്കും'എന്ന് ഉറപ്പു പ്രദാനം ചെയ്യുന്നു(പേ.72). അതിനുശേഷമുള്ള മിന്നുകെട്ടും മന്ത്രകോടി ഇടീലും പരസ്പരബന്ധത്തെ അരക്കിട്ടുറപ്പിക്കുന്നതാണ്. അബ്രഹാം, ഇസഹാക്ക്, യാക്കോബ്, യൗസേപ്പ് എന്നീ പൂർവ്വപിതാക്കന്മാരെയും, സാറാ റിബേക്കാ, റാഹേൽ തുടങ്ങിയ പാവന മാതാക്കളെയും കൂടെകൂടെ അനുസ്മരിച്ച് പ്രാർഥന അപേക്ഷിക്കുന്നത് അന്ത്യോക്യൻ സഭയുടെ സെമിററിക് ഭാവത്തിൽ നിന്നു വരുന്നതാണ്. അന്ത്യോക്യയിലെ സുറിയാനി സഭ യുദയാ-ക്രൈസ്തവമായിരുന്നു എന്ന സംഗതിക്കൊരു തെളിവാണ് ഈ പൂർവ്വപിതാക്കന്മാരുടെ അനുസ്മരണം. അവസാനത്തെ ആശീർവാദത്തോടു ചേർന്നുള്ള ഉപദേശം ദമ്പതികളുടെ പരസ്പര കടമകളെ ഒരിക്കൽ കൂടി അനുസ്മരിപ്പിക്കുന്നു. അവരുടെ സുസ്ഥിതിയിലും ഐശ്വര്യത്തിലും കുടുംബത്തിന്റെ കെട്ടുറപ്പിലും സുകൃതജീവിതത്തിലും സഭ തല്പരയാണ് എന്നു സ്പഷ്ടമാക്കുന്നതാണ് ഈ ഉപദേശം. അവർ സത്യത്തിലും നീതിയിലും സത്പ്രവൃത്തികളിലും തൽപരരും, നല്ലകാര്യങ്ങളിൽ ഉത്സാഹികളും ആയിരിക്കണം. ഭർത്താവ് ഭാര്യയെ പ്രീതിപ്പെടുത്തി ദയാപൂർവ്വം വർത്തിക്കണം. സ്വപ്രാണനെപ്പോലെ അവൻ അവളെ സ്നേഹിക്കണം. അവൻ വിശന്നിരുന്നാലും അവൾക്കു ഭക്ഷണം കൊടുക്കണം; ദാഹിച്ചിരുന്നാലും അവൾക്കു കുടിക്കാൻ കൊടുക്കണം. അതുപോലെ അവനെ യഥോചിതം പരിചരിക്കാൻ അവൾ കടപ്പെട്ടവളാകുന്നു" (പേ.80-81) ഈ ഉപദേശം കൊടുത്തുകൊണ്ട് പരസ്പരം കൈപിടിച്ച് വൈദികൻ അവരെ പരസ്പരം ഭരമേല്പിക്കുന്നതോടുകൂടി ശുശ്രൂഷ അവസാനിക്കുന്നു.

### ഉപസംഹാരം

വിവാഹം പരിശുദ്ധമായൊരു കർമ്മമാണ്. ദൈവവരപ്രസാദം ഒഴുകിയെത്തുന്ന ദിവ്യമായ കൂദാശയാണ്. എന്നാൽ കാലത്തിന്റെ കുത്തൊഴിക്കിൽ ഇതിന്റെ പാവനത ചിലപ്പോഴെല്ലാം വിസ്മരിക്കപ്പെടുന്നുണ്ട്. സംസ്ക്കാരങ്ങളുടെ കൂടിച്ചേരലിൽ

www.malankaralibrary.com

പാവനമായ സംസ്ക്കാരങ്ങളുടെ മേൽ ലൗകികമായ സംസ്ക്കാരങ്ങൾ കടന്നുകയററം നടത്തുന്നുണ്ട്. ഇത് വളരെ ആപത്ക്കരമായ സ്ഥിതിവിശേഷമാണ്. വിവാഹത്തിൻെറ പാവനത പരിരക്ഷിക്കുക സഭയുടെ, സമുദായത്തിന്റെ, നിലനില്പിന് അനുപേക്ഷണീയമാണ്. വിവാഹത്തിൽ ഏർപ്പെടുന്ന ഓരോവ്യക്തിയും വിവാഹത്തിന്റെ പരിപാവനത കാത്തുസൂക്ഷിക്കാൻ ബദ്ധശ്രദ്ധരായിരിക്കേണ്ടതുണ്ട്. വിശ്വസ്തമായും വിശുദ്ധമായും വിവാഹബന്ധത്തിൽ നിലനില്ക്കാനും പുരോഗമിക്കാനും ഓരോ ദമ്പതിയേയും സഹായിക്കുക സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. അങ്ങനെ മാത്രമേ കാലത്തിന്റെ കുത്തൊഴുക്കിനെ അതിജീവിച്ചു വിവാഹത്തിന് പരിശുദ്ധബന്ധമായി നിലനില്ക്കാൻ കഴിയുകയുള്ളൂ.

ഇന്ന് ഈ വിശുദ്ധകർമ്മം വഴി പരസ്പരം സ്വീകരിച്ച് അംഗീകരിച്ചിരിക്കുന്ന ഈ നവവരനും നവവധുവിനും എല്ലാവിധ അനുഗ്രഹങ്ങളും ഐശ്വര്യവും ലഭിക്കുന്നതിന് വേണ്ടി നമുക്കു പ്രാർത്ഥിക്കാം. പരിശുദ്ധമായ ബന്ധത്തിൽ വിശ്വസ്തത പാലിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സർവ്വേശ്വരൻ ഇവരെ സഹായിക്കട്ടെ. ഉത്തമരായ സന്താനങ്ങളെ നല്കി ഇവരിൽകൂടി ദൈവം ഒരു നല്ല ക്രൈസ്തവകുടുംബം സംജാതമാക്കട്ടെ. ക്ഷേമൈശ്വര്യത്തോടെ ജീവിച്ച് ഇവർ ദൈവത്തെ എന്നും മഹത്വപ്പെടുത്താൻ ഇടയാകട്ടെ.

www.malankaralibrary.com

# വിവാഹം

(പ്രസംഗം 3)

## ദൈവമാണ് യോജിപ്പിക്കുന്നത്

നമുക്കു പ്രിയപ്പെട്ട (........) ഇന്ന് വിവാഹിതരാവുകയാണ്. ഈ ധന്യമായ വേളയിൽ പാവനമായ ഈ ദേവാലയത്തിൽ അവർക്ക് ആശംസകൾ അർപ്പിക്കാൻ, അവർക്ക് നന്മ നേരാൻ, അവർക്കു വേണ്ടി പ്രാർത്ഥിക്കാനാണ് നാം വന്നിരിക്കുന്നത്. നമ്മുടെ പ്രിയപ്പെട്ട ഈ മക്കൾ ദൈവതിരുമുമ്പാകെ നിന്ന് നമ്മളെയെല്ലാം സാക്ഷികളാക്കി ഒരുമിച്ചു ജീവിക്കാൻ വിവാഹ ജീവിതത്തിൽ പങ്കാളികളാകാൻ തീരുമാനിക്കുകയാണ്. ഉത്തരവാദിത്വം നിറഞ്ഞ കുടുംബ ജീവിതത്തിലേക്കു അവർ പ്രവേശിക്കുകയാണ്. അവർക്കു നമ്മുടെ പ്രാർത്ഥനകളും ആശംസകളും ആവശ്യമാണ്. ഇവിടെ സന്നിഹിതരായിരിക്കുന്ന ബ. വൈദികരുടെയും ബന്ധുമിത്രാദികളുടെയും, അവരെ സ്നേഹിക്കുന്ന എല്ലാവരുടെയും നാമത്തിൽ സന്തോഷ പൂർണ്ണമായ വിവാഹ ജീവിതത്തിനായി മംഗളങ്ങൾ ആശംസിക്കുന്നു. ഐശ്വര്യ പ്രദമായ കുടുംബ ജീവിതത്തിനായി ദൈവാനുഗ്രഹം യാചിക്കുന്നു.

രണ്ടു വ്യത്യസ്തമായ കുടുംബങ്ങളിൽ ജനിച്ച് വളർന്ന് രണ്ടു പാതകളിൽ സഞ്ചരിച്ചിരുന്ന ഇവർ ഇന്നു മുതൽ എല്ലാം പരസ്പരം പങ്കു വച്ച് ഒന്നിച്ചു ജീവിക്കാൻ തുടങ്ങുകയാണ്. ഒരേ പാതയിലൂടെ, ഒരു ഹൃദയത്തോടും ഒരു മനസ്സോടും ഒരേ ലക്ഷ്യത്തിലേക്കു സഞ്ചരിക്കുകയാണ്. ഇവരുടെ മാതാപിതാക്കൾ ഇവർക്കു വേണ്ടി പല ആലോചനകൾ നടത്തിക്കാണും. എന്നാൽ ദൈവനിശ്ചയപ്രകാരമാണ് ഈ വിവാഹം നടക്കുന്നത്. ദൈവമാണ് ഇവരെ ഒന്നിപ്പിക്കുന്നത്. (മത്താ 19:1-12) ഇവർ പരസ്പരം ദൈവതിരുമുമ്പാകെ നടത്തുന്ന വാഗ്ദാനത്തെ അംഗീകരിച്ച് ദൈവം അവരുടെ ബന്ധത്തെ വിശുദ്ധീകരിക്കുകയാണ്.

## വിവാഹം പാവനമായ ഒരു കൂദാശ

ഒരു സാമൂഹ്യമായ ചടങ്ങു മാത്രമല്ല വിവാഹം. ഒരുമിച്ചു ജീവിക്കാനുള്ള അനുവാദം കൊടുക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥയുമല്ല വിവാഹം. ക്രിസ്തീയ വിശ്വാസമനുസരിച്ച് അത് ഒരു ദിവ്യമായ കൂദാശയാണ്. മനുഷ്യജീവിതത്തിലെ നിർണ്ണായകമായ അവസരങ്ങളിൽ യേശു നമ്മുടെ ജീവിതത്തിലേക്കു പ്രത്യേകമായി കടന്നു വരുന്നതിനെയാണ് കൂദാശയെന്നു പറയുക. ദൃശ്യമായ അടയാളത്തിലൂടെ അദൃശ്യമായ കൃപാവരം യേശു നമുക്കു തരുന്നു. ഇന്ന് ഇവരുടെ ജീവിതത്തിലേക്ക് യേശു പ്രത്യേകമായി കടന്നു വരുന്നു. ഇവരെ സ്നേഹിക്കാൻ, കരുതാൻ, ആശ്വസിപ്പിക്കാൻ, ധൈര്യപ്പെടുത്താൻ, പ്രോത്സാഹിപ്പിക്കാൻ !!

ഇവരുടെ ജീവിതത്തിൽ ഇനി ഇവർ തനിച്ചല്ല. യേശു കൂടിയുണ്ട്. അദൃശ്യനായ

www.malankaralibrary.com

ഒരതിഥിയായി യേശു ഇവരുടെ മദ്ധ്യേയുണ്ട്. യേശുവിന്റെ സാന്നിദ്ധ്യമാണ് ഇവരെ ഒന്നിപ്പിക്കുന്നത്. കുടുംബ ജീവിതത്തെ ധന്യമാക്കുന്നത്. രണ്ടോ, മൂന്നോ ദിവസങ്ങളോ ആഴ്ചകളോ മാസങ്ങളോ നീളുന്ന ഒരു ജീവിതമല്ല വിവാഹ ജീവിതം. ആയുഷ്പര്യന്തം സുഖവും ദുഃഖവും പങ്കിട്ട് ഒരുമിച്ച് ജീവിക്കേണ്ടവരാണ് ഇവർ. അനവധി ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഉൾക്കൊള്ളുന്ന ശ്രമകരമായ ഒരു ജീവിതമാണ് കുടുംബ ജീവിതം. ആധുനിക ലോകത്തിൽ കുടുംബ ജീവിതത്തിന് പല വെല്ലുവിളികളേയും നേരിടേണ്ടതായിട്ടുണ്ട്. അതു കൊണ്ടു തന്നെയാണ് യേശു വിവാഹത്തെ ഒരു കൂദാശയാക്കി ഉയർത്തിയത്. ഇന്ന് യേശു ഇവരോടു പറയുകയാണ്.

പ്രിയ മക്കളേ, ഇന്നു മുതൽ ഞാൻ നിങ്ങളോടു കൂടി പ്രത്യേകമായിട്ടുണ്ട്. നിങ്ങളുടെ ജീവിതത്തിലെ പരുപരുത്ത യാഥാർത്ഥ്യങ്ങളിൽ ദൈനം ദിന ജീവിതത്തിലെ ബുദ്ധിമുട്ടുകളിൽ താങ്ങാകാൻ, തണലാകാൻ സന്തോഷങ്ങളെ അനുഗ്രഹിക്കാൻ ദുഃഖങ്ങളിൽ കണ്ണീരൊപ്പാൻ, ആശ്വസിപ്പിക്കാൻ പ്രതിസന്ധികളിൽ ധൈര്യം പകരാൻ പ്രോത്സാഹിപ്പിക്കാൻ, സംശയങ്ങളകറ്റാൻ, പ്രശ്നങ്ങൾക്കുത്തരം നൽകാൻ നിങ്ങളോടൊപ്പമുണ്ട്.

ഈ വാഗ്ദാനമാണ് ഈ ദിവ്യ കൂദാശയിലൂടെ യേശു നിങ്ങൾക്കു തരുന്നത്.

### സ്നേഹം ത്യാഗം ആവശ്യപ്പെടുന്നു

വിവാഹ ജീവിതം പരസ്പര സ്നേഹത്തിന്റെ, സമർപ്പണത്തിന്റെ ജീവിതമാണ്. യഥാർത്ഥസ്നേഹം എപ്പോഴും ത്യാഗം ആവശ്യപ്പെടുന്നു. സഹിക്കുകയും ക്ഷമിക്കുകയും ചെയ്യാതെ സ്നേഹിക്കാൻ സാധ്യമല്ല. വിവാഹജീവിതത്തെ ക്രിസ്തുവും സഭയുമായുള്ള ഐക്യത്തോടാണ് വി.പൗലോസ് ശ്ലീഹാ താരതമ്യപ്പെടുത്തുന്നത്. നാം വായിച്ചുകേട്ട ലേഖനത്തിൽനിന്ന് (എഫേ 5:20-33) അത് വ്യക്തമാണ്. യേശു സഭയെ സ്നേഹിച്ചു. സഭയ്ക്കുവേണ്ടി സ്വയം ബലിയായി അർപ്പിച്ചു. സമർപ്പണ മനോഭാവമാണ് യഥാർത്ഥസ്നേഹത്തിന്റെ അടിസ്ഥാനം, അല്ലെങ്കിൽ അത് സ്വാർത്ഥ സ്നേഹമായിരിക്കും. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും കഴിയുമ്പോഴാണ് ജീവിതം ധന്യമാകുന്നത്. മനുഷ്യരാരും പൂർണ്ണരല്ല. കുറവുകളും പോരായ്മകളും എല്ലാവർക്കുമുണ്ട്. അവയെ പരസ്പരം നികത്തുമ്പോഴാണ് ഭാര്യഭർത്തൃബന്ധം വിജയിക്കുന്നത്. മറ്റുള്ളവരിലെ നന്മകളെ കാണാനും കുറവുകളെ മറക്കാനും പഠിക്കണം. കുടുംബജീവിതത്തിൽ ഭാര്യയും ഭർത്താവും തുല്യപങ്കാളികളാണെന്നു മനസ്സിലാക്കുക; പരസ്പരം സ്നേഹിക്കുന്നതോടൊപ്പം, പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും വേണം.

വിശ്വസ്തത കുടുംബജീവിതത്തിന്റെ ഒരു അവശ്യഘടകമാണ്. പല താളപ്പിഴകൾക്കും കാരണം അവിശ്വസ്തതയാണ്, സംശയം ഒരു മാനസികരോഗമായി മാറിയേക്കാം. തുടക്കത്തിലേ എല്ലാം തുറന്നു സംസാരിക്കാനും ചർച്ച ചെയ്യാനും തയ്യാ

www.malankaralibrary.com

റായാൽ പല ദുരന്തങ്ങളും ഒഴിവാക്കാൻ സാധിക്കും. ഇവിടെയെല്ലാം കടുംപിടിത്തം പിടിക്കാതെ വിട്ടുവീഴ്ചാ മനോഭാവം പുലർത്തേണ്ടത് ആവശ്യമാണ്.

**പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചുനില്ക്കുന്നു.**

പ്രിയ മക്കളേ, ദൈവമാണ് നിങ്ങളെ ഒന്നിപ്പിച്ചത്. ഈ യോജിപ്പ് നിലനില്ക്കണമെങ്കിൽ നിങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കണം. നിങ്ങൾ ദിവസേന കുടുംബമായി ഒന്നിച്ചിരുന്ന് ദൈവവചനം വായിക്കുകയും പ്രാർത്ഥിക്കുകയും വേണം. കർത്താവിന്റെ കരുണയ്ക്കായി ആദ്യരാത്രിയിൽ പ്രാർത്ഥിച്ച തോബിയാസിനെ പോലെ ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം നിലനില്ക്കും, കുടുംബം ഒരു ഗാർഹിക ദേവാലയമാണ്. രാജകീയ പൗരോഹിത്യത്തിൽ നിങ്ങൾ പങ്കുകാരാണ്. ഞായറാഴ്ചകളിലും വിശേഷ ദിവസങ്ങളിലും നിങ്ങൾ ഇടവക കൂട്ടായ്മയിൽ പങ്കുചേരണം. ദൈവം നിങ്ങൾക്കു ദാനമായി തരുന്ന മക്കളെ ക്രിസ്തീയമായി വളർത്തണം, ദൈവത്തിന്റെ മാർഗ്ഗത്തിലൂടെ നടക്കാൻ അവരെ പഠിപ്പിക്കണം. സഭയ്ക്കും സമൂഹത്തിനും നല്ലവരായി വളരാൻ അവരെ നിങ്ങളുടെ നല്ല മാതൃകകൊണ്ട് സഹായിക്കണം.

വിവാഹം രണ്ടുവ്യക്തികളെ മാത്രമല്ല രണ്ടുകുടുംബങ്ങളെയാണ് ബന്ധിപ്പിക്കുന്നത്. ഭർത്താവിന്റെ വീട്ടുകാർ ഭാര്യക്കുവേണ്ടപ്പെട്ടവരാണ്. അവരെ സ്നേഹിക്കുകയും, ആദരിക്കുകയും വേണം. അതുപോലെ ഭാര്യയുടെ വീട്ടുകാർ ഭർത്താവിനും വേണ്ടപ്പെട്ടവരാണ്. സ്നേഹവും, ആദരവും, കരുതലും അവർക്കു നല്കണം.

കുടുംബജീവിതം ഒറ്റപ്പെട്ട ഒരു ജീവിതമല്ല. ഇടവകകൂട്ടായ്മയിലാണ്, ഒരു സമൂഹത്തിലാണ് നിങ്ങളുടെ ജീവിതം. കണ്ണുതുറന്ന് മറ്റുള്ളവരെ കാണാനും, ഹൃദയം തുറന്ന് അവരെ മനസ്സിലാക്കാനും ശ്രമിക്കണം. പാവപ്പെട്ടവർക്കും ബലഹീനർക്കും കൂടുതൽ പരിഗണന നല്കണം. എല്ലാം തികഞ്ഞവരായി ആരുമില്ല. നമുക്കു മതിയായിട്ടു മറ്റുള്ളവരെ സഹായിക്കാനും നമുക്കു സാധിക്കില്ല. ദൈവം നമുക്കു തരുന്ന നന്മകളെ കൂടുതൽ ആവശ്യങ്ങളുള്ളവരുമായി പങ്കുവയ്ക്കണമെന്ന് ദൈവം കല്പിക്കുന്നു. ആ കല്പന നമുക്കു നിവർത്തിക്കാം. നമുക്കു മക്കളെ പഠിപ്പിക്കാം.

നിങ്ങളെ സ്നേഹിക്കുന്ന ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഒരിക്കൽകൂടി നിങ്ങൾക്ക് എല്ലാ നന്മകളും ആശംസിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

www.malankaralibrary.com

# കുടുംബദിനം

(വിവാഹവാർഷികം)

സ്നേഹത്തിന്റെ ആദ്യാക്ഷരങ്ങൾ മനുഷ്യൻ പഠിച്ചുതുടങ്ങുന്നത് കുടുംബങ്ങളിലാണ്. ബന്ധങ്ങളുടെ ഊഷ്മളത നിറയുന്ന കുടുംബങ്ങൾ സമൂഹത്തിന്റെ നന്മ ഉറപ്പാക്കുന്നു. അപ്പനും അമ്മയും മക്കളും പരസ്പരം സഹകരിച്ചു ജീവിക്കുന്ന സമൂഹത്തിന്റെ ഈ അടിസ്ഥാനഘടകത്തെക്കുറിച്ച് ചിന്തിക്കുവാൻ സമയം ചെലവഴിക്കുന്നത് നല്ലതുതന്നെ. ദൈവത്തിന്റെ സൃഷ്ടിയുടെ തുടർച്ച ഇന്നു നാം കാണുന്നതും അനുഭവിക്കുന്നതും കുടുംബങ്ങളിലൂടെയാണ്. കുടുംബങ്ങൾ തമ്മിലുള്ള ബന്ധം സമൂഹത്തിന്റെ പ്രവർത്തനമാണ്. ദിക്കുകൾക്കും കാലങ്ങൾക്കും അപ്പുറം കുടുംബ ജീവിതത്തിനു പ്രസക്തിയുണ്ട്.

ദൈവത്തിന്റെ പദ്ധതിയുടെ തുടർച്ചയാണ് കുടുംബം. കാരണം സൃഷ്ടിയും പരിപാലനവും എല്ലാം നിറയുന്ന പ്രവർത്തനങ്ങൾ മനുഷ്യനെ കേന്ദ്രീകരിച്ചാണ് മുന്നോട്ട് നീങ്ങുന്നത്. സാമൂഹ്യ ചലനങ്ങൾക്ക് കുടുംബ വ്യവസ്ഥയിൽ ഉള്ള സ്വാധീനം എന്തെന്ന് നാം മനസ്സിലാക്കണം. അണുകുടുംബങ്ങളിൽ നിന്നും ഇലക്ട്രോണിക് കുടുംബങ്ങളിലെത്തിനിൽക്കുന്ന മാററം ഒരു പക്ഷെ ഈ കാലത്തിന് അനിവാര്യമായിരിക്കാം. കൂട്ടുകുടുംബങ്ങളുടെ പാരമ്പര്യവും കഥകളും ഇന്നു അപ്രത്യക്ഷമായിക്കഴിഞ്ഞു. സ്നേഹിക്കാൻ ആവശ്യപ്പെട്ട ദൈവപുത്രനെ, തിരുകുടുംബത്തിലെ അംഗങ്ങളെ, ത്രിത്വത്തിലെ സ്നേഹത്തെ, എല്ലാം, കുടുംബജീവിത്തിൽ മാതൃകയാക്കാൻ കഴിയണം.

സാങ്കേതികമുന്നേററവും സാമ്പത്തികവ്യതിയാനങ്ങളും മനസ്സിലാക്കാനുള്ള വൈകാരികപക്വതയും ചിന്തകളും ഇന്നത്തെ കുടുംബങ്ങൾക്കുണ്ടോ? വൈജ്ഞാനിക വിസ്ഫോടനം, ആഗോളഗ്രാമം തീർക്കുന്ന മുന്നേററങ്ങൾ ഇവയെല്ലാംകൂടി വ്യക്തികളെയും സമൂഹത്തെയും എത്തിക്കുന്ന അന്തരീക്ഷത്തെ മനസ്സിലാക്കാൻ ഇന്നു നാം ശ്രമിക്കണം. കുടുംബദിനചിന്തകളിൽ പ്രസക്തമായ ഒരു വിഷയമായി ഇത് നമുക്കിടയിൽ അവതരിക്കുന്നു.

കുടുംബപ്രശ്നങ്ങൾ എന്ന തലകെട്ടിനു കീഴിൽ വരുന്ന പ്രശ്നങ്ങൾക്കെല്ലാം പ്രതിവിധികണ്ടെത്താൻ ആത്മീയവും സാമൂഹ്യവുമായ അന്വേഷണങ്ങളിലാണിന്ന് പലരും. ക്രൈസ്തവ ആത്മീയത നമ്മുടെ കുടുംബങ്ങളിൽ നിലനിർത്താൻ കഴിയുന്നുണ്ടോ എന്ന ചോദ്യമായിരിക്കും ഇതിനുള്ള പ്രതിവിധി. അംഗങ്ങളുടെ പരസ്പര സ്നേഹവും സഹകരണവുമായിരിക്കും ഒരു കുടുംബത്തെ സമൂഹത്തിൽ ഉയർത്തി നിർത്തുന്നത്. ആവശ്യങ്ങൾ മനസ്സിലാക്കാനും സഹായിക്കാനും വേണ്ട പക്വത കുടുംബനാഥനും നാഥയ്ക്കുമുണ്ടാവണം. ഇന്നത്തെ കുടുംബങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങൾ നിരവധിയാണ്. സാമ്പത്തികം, വൈകാരികം, വൈജ്ഞാനി

www.malankaralibrary.com

കം, സാമൂഹികം എന്നിങ്ങനെ പോകുന്നു അത്തരം മേഖലകൾ. ഒട്ടേറെ പ്രത്യേക തകളുമായാണ് കുടുംബങ്ങൾ നയിക്കപ്പെടുന്നത്. മാതാപിതാക്കളുടെ കുട്ടികളുമാ യും പരസ്പരവുമുള്ള ബന്ധം വിലയിരുത്തപ്പെടേണ്ട പ്രധാന മേഖലയാണ്. വർ ദ്ധിച്ചുവരുന്ന വിവാഹമോചനവും സ്ത്രീപീഡനവും ആത്മഹത്യയും സാമൂഹ്യമാ യ അരക്ഷിതാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നു.

ഓരോ കുടുംബവും അതാതിന്റെ പ്രശ്നങ്ങൾകൊണ്ട് പ്രത്യേകതനേടുന്നു എ ന്നു കേട്ടിട്ടില്ലേ? കുടുംബങ്ങളുടെ പരസ്പര സഹകരണത്തിന്റെയും പരസ്പര വ്യാപാരത്തിന്റെയും ആകെത്തുകയാണ് സാമൂഹം. പലസ്തീനയിലെ സാമൂഹ്യ ജീവിതത്തിന്റെ സുഖവും ദുഃഖവും അറിഞ്ഞും അനുഭവിച്ചുമാണ് തിരുക്കുടുംബം ജീവിച്ചത്. ഒരു കുടുംബത്തിനും സ്വയം സൃഷ്ടിക്കുന്ന ലോകത്തിൽ ജിവിക്കാൻ ക ഴിയില്ല. സാമൂഹിക ജീവിതത്തിൽ നാം നല്ല അയൽക്കാരായി, സന്തോഷം പകരു ന്നവരായി, ആശ്വാസം നല്കുന്നവരായി, പിണക്കങ്ങളിൽ ഇണക്കത്തിന്റെ കണ്ണിക ളായി ഒക്കെ തീരണം. ബന്ധങ്ങൾ തീർക്കുന്ന ഈ കൂട്ടായ്മ എല്ലാ മേഖലകളിലും ആവശ്യമാണ്. സാമൂഹിക ചലനങ്ങളെ അടുത്തറിയാൻ അവയുടെ ഭാഗമാകാൻ വ്യക്തികൾ ശ്രമിക്കുമ്പോൾ അവരെ നയിക്കുന്നത് കുടുംബത്തിൽ നിന്നു ലഭ്യമാ കുന്ന പാഠങ്ങളും അനുഭവങ്ങളും ആയിരിക്കും. മൂല്യബോധത്തിന്റെ, ദൈവഭക്തി യുടെ, ക്രൈസ്തവസ്നേഹത്തിന്റെ എന്നുവേണ്ട ഒരു കുടുംബാംഗം അഥവ വ്യ ക്തി പ്രദർശിപ്പിക്കുന്ന എല്ലാത്തരം നന്മകളുടെയും ഒരു പരിധിവരെ തിന്മകളുടെ യും അടിസ്ഥാനഘടകം കുടുംബമാണ്.

സമൂഹത്തെയും കുടുംബത്തെയും കുറിച്ചുള്ള നമ്മുടെ ചിന്തകൾ പ്രധാനമാ യും ചെന്നെത്തുന്നത് സമൂഹത്തിന്റെ നെടുന്തൂണുകളായ സാമ്പത്തികവും വിദ്യാ ഭ്യാസപരവുമായ ചിന്തകളിലാണ്. ഭൗതിക ജീവിതത്തിൽ സമ്പത്ത് നിർണ്ണായക മായ ഒരു ഘടകമാണ്. ധനം നേടുന്നത് ഒരു പാപമല്ല. പണമില്ലാതെ ജീവിക്കാൻ ആരും ആഗ്രഹിക്കുന്നുമില്ല. സാമൂഹ്യ വ്യവസ്ഥിതി അങ്ങനെയുള്ളവരെയാണ് ഇ ന്ന് ഏറെ സൃഷ്ടിക്കുന്നതെങ്കിലും. ഇന്നത്തെ കമ്പോള സംസ്കാരത്തിൽ എന്തി ന്റെയും ഏതിന്റെയും മൂല്യം നിർണ്ണയിക്കുന്നത് പണമാണ് എന്നായിരിക്കുന്നു. മനു ഷ്യനെ അംഗീകരിക്കാനും സ്നേഹിക്കാനും മാനദണ്ഡം പണമാണ്. മാനദണ്ഡം എന്നു വരുന്നത് ദുരന്തത്തിന്റെ സൂചനയാണ്, ഭീതികരമായ മറെറാരു കണ്ടെത്തൽ കുടുംബബന്ധങ്ങളിൽ ധനം നിർണ്ണായക ഘടകമായി മാറിയിരിക്കുന്നു എന്നതാ ണ്. ഇന്ന് സമൂഹത്തിൽ ഏറിവരുന്ന കൂട്ട ആത്മഹത്യകൾ പണവും കടക്കെണി യും കൂട്ടിചേർന്ന കഥകൾ പറയുന്നു. കടക്കെണിയിലെത്തുന്ന കുടുംബങ്ങൾ ഒടു വിൽ കണ്ടെത്തുന്ന മാർഗ്ഗം സ്വപ്നവും ദുഃഖവും ഒന്നുമില്ലാത്ത ലോകമാണ്. ക്രൈ സ്തവ കുടുംബങ്ങൾ ഇത്തരം സാഹചര്യങ്ങളിലേക്ക് വലിച്ചെറിയപ്പെടുന്നു. ക്രി സ്തീയ ജീവിതത്തിൽ സമ്പത്തിന് ഒരിക്കലും മനുഷ്യത്വത്തിനു മുകളിൽ സ്ഥാനമി

www.malankaralibrary.com

ല്ല. മനുഷ്യബന്ധങ്ങളിൽ ധനമല്ല മാനദണ്ഡം. ലളിത ജീവിതത്തിന്റെ പാഠങ്ങൾ കുടുംബജീവിതത്തിൽ ആരംഭിക്കണം. അയൽക്കാരന്റെ അസൂയയാണ് തന്റെ അഭിമാനമെന്നു പഠിപ്പിക്കുന്ന പുത്തൻ വാണിജ്യതന്ത്രങ്ങളിൽ കുരുങ്ങി ആവശ്യമുള്ളതും ഇല്ലാത്തതുമായ സകലവും നേടാനുള്ള വെമ്പലിൽ ജീവിതം തകരുന്നത് ഈ കാലം സാക്ഷ്യം വഹിക്കുന്ന ദുരന്തമാണ്.

ക്രൈസ്തവമായ സകല മൂല്യങ്ങളെയും കാററിൽ പറത്തുന്ന വാണിജ്യ കാലത്തിൽ കുടുംബജീവിതം നയിക്കുന്നത് വെല്ലുവിളിയായി തീർന്നിരിക്കുന്നു. യേശുക്രിസ്തുവിന്റെ തിരുക്കുടുംബത്തിന്റെ അദ്ധ്വാനിക്കാനുള്ള മനസ്സ് നമ്മുടെ മുൻപിൽ മാർഗ്ഗദീപമായിരിക്കണം. അദ്ധ്വാനത്തിന്റെ മാന്യത തിരിച്ചറിയണം, മനുഷ്യത്വവും മൂല്യവും വിസ്മരിക്കുന്ന ഒരു വ്യവസ്ഥിതിയും ശാശ്വതമല്ല, ക്രൈസ്തവവുമല്ല. ഗാന്ധിയൻ ചിന്തകൾ ഈ മണ്ണിൽ എല്ലാ കുടുംബങ്ങൾക്കും ക്രിസ്തീയതയുടെ വ്യാഖ്യാനമാണ്.

വിദ്യാഭ്യാസം കുടുംബങ്ങളിൽ ചെലുത്തുന്ന സ്വാധീനം വലിയതാണ്. വിദ്യ നമ്മുടെ കണ്ണുതുറക്കുന്നതാണ്. വേദപാഠത്തിന്റെ ആവശ്യകത സഭ ഉയർത്തിപ്പിടിക്കുന്നതിന്റെ കാരണം നല്ല കുടുംബങ്ങളെയും വ്യക്തികളെയും രൂപീകരിക്കാൻ ഇതല്ലാതെ മറെറാരു മാർഗ്ഗം ഇല്ല എന്നതുകൊണ്ടാണ്. ക്രിസ്തു തന്റെ ശിഷ്യഗണങ്ങളെ പഠിപ്പിച്ചത് ലോകത്തിൽ നിന്നും ഒളിച്ചു ജീവിക്കാനല്ല, രാജ്യത്തിന്റെ, സമൂഹത്തിന്റെ, ഭാഗമായി അവിടെ ഉപ്പായും പ്രകാശമായും ജീവിക്കാനാണ്. ഓരോ കുടുംബത്തിനും ഏറെറടുക്കാനുള്ള ഉത്തരവാദിത്വവും മറെറാന്നല്ല. നാം ജീവിക്കുന്ന സാഹചര്യങ്ങളിൽ ക്രിസ്തു സന്ദേശം മനസ്സിലാക്കി പ്രയോഗത്തിൽ വരുത്താൻ കഴിയണം.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മാനവീകരണമാണ്. സമ്പൂർണ്ണ മനുഷ്യനായിതീരുവാൻ ഒരുവനെ ഏററവുമധികം സഹായിക്കുന്നതും സ്വാധീനിക്കുന്നതും കുടുംബമാണ്. സ്വന്തം വീട്ടിൽ നിന്നും ലഭിക്കുന്ന ചിന്തകളും പരിശീലനവും ജീവിതകാലം മുഴുവൻ നിലനില്ക്കും. വിദ്യാഭ്യാസം ജോലിനേടിത്തരാനുള്ള പരിശീലനം മാത്രമായി പരിഗണിക്കപ്പെടുമ്പോൾ മൂല്യബോധനത്തിൽ ആരും താൽപര്യം വയ്ക്കുന്നില്ല. ഇവിടെയാണ് കുടുംബങ്ങളുടെ പ്രാധാന്യം മനസ്സിലാക്കേണ്ടത്. കുട്ടികളിൽ അറിഞ്ഞോ അറിയാതെയോ എന്തെങ്കിലും നന്മ കടന്നെത്താനുള്ള ഏക സ്ഥലം കുടുംബം മാത്രമായി ചുരുങ്ങുന്നു. ഈ അറിവ് നല്കുന്ന ഉത്തരവാദിത്വം വലിയതാണ്. സമൂഹത്തിലെ പ്രശ്നങ്ങളിലെല്ലാം വ്യക്തികളോടു അനാദരവും അവഹേളനവും ദൃശ്യമാണ്. സ്ത്രീകളെ ആദരിക്കാനും സമഭാവനയോടെ വീക്ഷിക്കാനും അതുവഴി സമൂഹത്തിലും കുടുംബത്തിലും പലതെററുകളും ഒഴിവാക്കാനും വ്യക്തികൾ നല്ല സാമൂഹ്യ ബന്ധത്തിന്റെ സഹയാത്രികരായിരിക്കണം. വിദ്യാഭ്യാസം നേടിത്തരുന്ന മാനവീകരണം വ്യക്തികളെ പരസ്പര ബഹുമാനത്തിലും സ്നേഹത്തി

www.malankaralibrary.com

ലും സമത്വത്തിലും കഴിയാൻ പ്രാപ്തരാക്കുന്നു.

സാമൂഹിക ജീവിതത്തിലെ രണ്ട് നെടുന്തൂണായ കുടുംബബന്ധം നാം മനസ്സിലാക്കാൻ ശ്രമിക്കുകയായിരുന്നു എന്നുമാത്രമല്ല കുടുംബത്തിനു മാത്രം സ്വാധീനിക്കാൻ കഴിയുന്ന വ്യക്തി ജീവിതത്തിന്റെ വിലക്കുകൾ തിരിച്ചറിയാനും നമുക്കു കഴിഞ്ഞു. ശാന്തിയും സമാധാനവും വീടുകളിൽ നിന്നുമാരംഭിച്ച് സമൂഹത്തിലേക്കും രാജ്യത്തിലേക്കും വ്യാപിക്കണം. അശാന്തമായ കുടുംബവ്യവസ്ഥയിൽ നിന്നും ശാന്തി നിറഞ്ഞ മനസ്സുകളെ സമൂഹത്തിനും രാജ്യത്തിനും സേവനത്തിനായി ലഭിക്കുകയില്ല. ഇത് ക്രിസ്തുവിന്റെ ഭവനം എന്ന് കട്ടിളപ്പടികളിൽ എഴുതി വയ്ക്കുന്ന നാം നസ്രത്തിലെ ഭവനത്തിന്റെ നന്മകൾ കാത്തു സൂക്ഷിക്കാനും പ്രയത്നിക്കണം. ലാസറിന്റെ ഭവനത്തിലെ സ്വച്ഛതയിൽ ഭക്ഷിക്കാനും വിശ്രമിക്കാനും യേശുവിനു ഇഷ്ടമായിരുന്നു. അത് യേശുവിനെ സമൂഹത്തിലേക്ക് കൂടുതൽ കരുത്തോടെ ഇറങ്ങാൻ സഹായിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. മാനവീകരണം കുടുംബങ്ങളിൽ ആരോഗ്യകരമായി വളരുമ്പോൾ അത് സമൂഹത്തിലെ രോഗത്തിനും പ്രതിവിധിയാവും. കുടുംബദിനത്തിന്റെ പ്രസക്തി നമ്മുടെ കുടുംബങ്ങൾക്ക് ആരോഗ്യകരമായ സ്ഥിതി സംരക്ഷിക്കാൻ കഴിയുന്നോ എന്ന ചിന്തയിൽ നിന്നുമാണ്.

അപ്പനും അമ്മയും മക്കളും ചേരുന്ന കുടുംബത്തെ സ്നേഹത്തിന്റെ ഇഴകൾ കൊണ്ട് ബന്ധിച്ചിരിക്കുന്നു. സ്നേഹം പങ്കുവയ്ക്കാനും വളർത്താനും മനുഷ്യന് രൂപികരിക്കാവുന്ന അടിസ്ഥാന സാമൂഹ്യ സംവിധാനമാണ് കുടുംബം. ഗാർഹിക സഭയെന്നു വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്ന കുടുംബങ്ങൾ എത്രവലിയ ഉത്തരവാദിത്വമാണ് നിറവേററുന്നത് എന്ന് മനസ്സിലാക്കണം. വൈകാരിക വളർച്ച സാഹചര്യങ്ങളെ പക്വതയോടെ കാണാനുള്ള കഴിവ്, ഉത്തരവാദിത്വമുള്ള ജീവിതം, മൂല്യബോധം ഇവയെല്ലാം ആർജ്ജിക്കുന്നത് കുടുംബങ്ങളിൽ നിന്നുമാണ്. ഒരുമിച്ചിരുന്ന് മാതാപിതാക്കൾക്കും മക്കൾക്കും സംസാരിക്കാൻ കഴിയണം. അത്തരം പങ്കുവയ്ക്കലുകളുടെ ബന്ധത്തിലൂടെയാണ് വ്യക്തിത്വ വികസനം സാധ്യമാകുന്നത്. സഹോദരൻമാർ ഒരുമിച്ച് വസിക്കുന്നതിന്റെ സുഗന്ധം സമൂഹത്തിൽ പടരുമ്പോൾ ക്രൈസ്തവമൂല്യബോധനം ആരംഭിക്കുന്നു. സ്ഥിരതയും വിശ്വാസവും പ്രത്യുൽപാതനവും വിദ്യാഭ്യാസവും ഒന്നുചേരുന്ന കുടുംബവ്യവസ്ഥിതിക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അനേകമുണ്ട്. യേശു കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധാലുവായിരുന്നു. ശൈശവത്തിലെ കാഴ്ചകൾ വളർച്ചയിലെന്നും ഒരു ദാർശനികഭാവം കൈക്കൊണ്ട് വ്യക്തികളിൽ നിലനില്ക്കും. കുട്ടികളിൽ വൈകാരികപക്വത നേടുവാൻ സമൂഹം വലിയ പങ്കുവഹിക്കുന്നു. പക്ഷേ അത് ഒരു കുടുംബത്തിന്റെ ഭാഗമായ വ്യക്തിയെ മുന്നിൽ കണ്ടുകൊണ്ടാണ്. കുട്ടികൾ മാതാപിതാക്കളെ ബഹുമാനിക്കണമെന്ന പ്രബോധനം നല്കുന്ന പാഠം സ്വന്തം മാതാവിനെയും പിതാവിനെയും ബഹുമാനിക്കുന്നതുപോലെ മററുള്ളവരുടെ മാതാപിതാക്കന്മാരെയും ബഹുമാനിക്കണമെന്ന്

www.malankaralibrary.com

തന്നെയാണ്.

കുടുംബ പ്രാർത്ഥനകളുടെ പ്രാധാന്യം വിസ്മരിച്ചുകൊണ്ടൊരു കുടുംബദിനവും അനുസ്മരണവും കടന്നു പോകുന്നില്ല. സത്യത്തിൽ കുടുംബജീവിതത്തിന്റെ ഊർജ്ജ ചാലകം പ്രാർത്ഥനയാണ്. ററി.വി. സീരിയൽ പ്രളയത്തിന്റെ എപ്പിസോഡുകളിൽ കുടുംബപ്രാർത്ഥന അന്യം നിന്നുപോകുന്ന ഒന്നായി തീരുന്നു. നമ്മുടെ ഭവനങ്ങൾ അതിനു ഇടയാകുന്നെങ്കിൽ സൂക്ഷിക്കുക, ചരിത്രം മാപ്പുനല്കാത്ത ഒരു ദുരവസ്ഥയിലേയ്ക്കാണ് അടുത്തതലമുറയെ നാം നയിക്കുന്നത്. കുടുംബന്ധങ്ങളുടെ പുണ്യതയിൽ ദൈവസന്നിധിയിൽ കഴിയുന്ന നിമിഷങ്ങൾ വ്യക്തികളെ കരുത്തരാക്കും. നൊമ്പരങ്ങളും പരിഭവങ്ങളും മാററിവച്ച് ആശ്വാസം തേടാൻ കുടുംബപ്രാർത്ഥനകൾ നമുക്കവസരം നല്കുന്നു.

കുടുംബത്തെയും കുടുംബജീവിതത്തെയും വിവിധ മേഖലകളിലൂടെ നാം സമീപിക്കുകയായിരുന്നു. ഒരു സാമൂഹ്യ സംവിധാനമെന്ന നിലയിൽ ചെയ്തു തീർക്കേണ്ട കടമകളും ഏറെറടുക്കേണ്ട ഉത്തരവാദിത്വവും നാം കണ്ടുകഴിഞ്ഞു. പ്രാർത്ഥനയുടെയും വിശ്വാസ പരിശീലനത്തിന്റെയും പാതയിലൂടെ കുടുംബങ്ങൾ വളരണം. കാരണം സമൂഹത്തിനും രാജ്യത്തിനും നേട്ടങ്ങളും നന്മകളും നല്കാൻ കരുത്തുള്ള വ്യക്തികളെ സൃഷ്ടിക്കുന്നത് കുടുംബങ്ങളാണ്.

www.malankaralibrary.com

# തിരുപ്പട്ട സ്വീകരണം

"ത്രിയേക ദൈവത്തിന് മഹത്വമുണ്ടായിരിക്കട്ടെ."

"എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും. അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും" (ജറമിയ 3:15). ജറമിയ പ്രവാചകനിലൂടെ ദൈവജനത്തിനുള്ള ജീവിക്കുന്ന ദൈവത്തിന്റെ വാഗ്ദാനമാണിത്. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം ഇന്നും നല്ല ഇടയന്മാരെ നൽകി തന്റെ ജനത്തെ സംരക്ഷിക്കുകയും നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. യേശുക്രിസ്തു എന്ന "ഇടയനെ" (യോഹ 10:11) നമുക്ക് നൽകിയ ദൈവം അവൻെറ ദൗത്യത്തിൽ പങ്കുചേരുന്നതിനായി അനേകരെ വിളിച്ച് പൗരോഹിത്യമെന്ന കൂദാശ യിലൂടെ വേർതിരിച്ചഭിഷേകം ചെയ്ത് ഇന്നും തന്റെ സഭയ്ക്കു നൽകിക്കൊ ണ്ടിരിക്കുന്നു. അപ്രകാരം ഒരിടയനെക്കൂടെ ദൈവത്തിൽ നിന്ന് ഏററുവാങ്ങുന്ന തിനായി നാം ഇന്ന് ഇവിടെ ഒരുമിച്ചുകൂടിയിരിക്കുന്നു. നമ്മുടെ ബഹുമാനപ്പെട്ട ശെമ്മാശന്റെ ഈ പവിത്രമായ സ്ഥാനലബ്ധിയിൽ നമുക്ക് അദ്ദേഹത്തോടൊപ്പം സന്തോഷിക്കുകയും അദ്ദേഹത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യാം.

പൗരോഹിത്യം ഒരു തിരഞ്ഞെടുപ്പാണ്. ഹെബ്രായർക്കുള്ള ലേഖനത്തിൽ ഇത് വളരെ വ്യക്തമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. "ജനങ്ങളിൽ നിന്ന് ജനങ്ങൾക്ക് വേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന പ്രധാനപുരോഹിതൻ ദൈവിക കാര്യങ്ങൾക്ക് നിയോ ഗിക്കപ്പെടുന്നത് പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കാനാണ്" (ഹെബ്രാ 5:1). പഴയനിയമ കാഴ്ചപ്പാടിലൂടെ പൗരോഹിത്യത്തെ നിർവ്വചിച്ചിരിക്കു കയാണിവിടെ. പൗരോഹിത്യ ജീവിതത്തെകുറിച്ചും ധർമ്മത്തെകുറിച്ചും ആഴമേറിയ ദർശനം ഈ നിർവ്വചനം നമുക്ക് നൽകുന്നുണ്ട്.

ഒന്നാമതായി, പുരോഹിതൻ ജനങ്ങളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്നവനാണ്. പഴയനിയമത്തിൽ ഇസ്രായേൽ ദൈവത്തിന്റെ "പുരോഹിതരാജ്യവും വിശുദ്ധ ജനവുമാണ്" (പുറ 19:6). സീനായ് ഉടമ്പടിയിലൂടെയാണ് ദൈവം ഇസ്രായേലിനെ മററുജനസമൂഹങ്ങളിൽ നിന്ന് വേർതിരിക്കുന്നത്. പൗരോഹിത്യ ധർമ്മത്തിന്റെ കാതലായ ബലിസമർപ്പണത്തിലൂടെ ജനത്തെ വിശുദ്ധീകരിച്ച് നയിക്കാൻ ദൈവം അഹറോനെയും അവന്റെ പുത്രന്മാരെയും (പുറ 28:1, 29:1-9) അവരിലൂടെ ലേവി ഗോത്രത്തെയും (സംഖ്യ 8:5 - 15) തിരഞ്ഞെടുത്തത് ഈ പുരോഹിതജനത്തിൽ നിന്നാണ്. പുതിയ നിയമപുരോഹിതരും തിരഞ്ഞെടുക്കപ്പെടുന്നത് പുരോഹിത ജനതയിൽ നിന്നാണ്. ക്രിസ്തുവിന്റെ തിരഞ്ഞെടുക്കപ്പെട്ട രാജകീയ പുരോഹിത ജനമാണ് നാമെന്ന് വി. പത്രോശ്ലീഹാ തന്റെ 1-ാം ലേഖനം 2-ാം ആദ്ധ്യായം 9 -ാം വാക്യത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ പുരോഹിതജനതയിൽ നിന്നാണ് ഓരോ ക്രിസ്തീയ പുരോഹിതനും തെരഞ്ഞെടുക്കപ്പെടുന്നത്. ദൈവം നിർവ്വഹി

www.malankaralibrary.com

ക്കുന്ന ഈ തെരഞ്ഞെടുപ്പ് ആരുടെയും നിർബന്ധത്തിന് വഴങ്ങിയല്ല. മറിച്ച് തികച്ചും സ്വതന്ത്രമായും തനിക്കിഷ്ടപ്പെട്ട വിധത്തിലുമാണ്. "അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല" (ഹേബ്രാ 5:4) എന്ന് പിരശുദ്ധാത്മാവ് ഹെബ്രായ ലേഖകനിലൂടെ നമ്മെ പഠിപ്പിക്കുന്നു. "തിരുസഭയിൽ പുരോഹിതനാകുവാൻ പരിശുദ്ധാത്മാവ് നിന്നെ വിളിക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് വൈദിക പട്ടാഭിഷേക ശുശ്രൂഷയുടെ കാതാലായ ഭാഗം ആരംഭിക്കുന്നത്. പൗരോഹിത്വം ദൈവത്തിന്റെ ദാനമാണെന്ന് ഇതു നമ്മെ ഓർമ്മപ്പെടുത്തുന്നു. പഴയനിയമത്തിൽ അഹറോനെയും അവന്റെ കുടുംബത്തെയും തെരഞ്ഞെടുത്തു നിയോഗിച്ച ദൈവം പുതിയ നിയമത്തിൽ ഒരു കുടുംബത്തിനോ ഗോത്രത്തിനോ മാത്രമായി ഈ പൗരോഹിത്യം സംവരണം ചെയ്യുന്നില്ല. മറിച്ച്, ക്രിസ്തുവിന് "ഇഷ്ടമുള്ളവരാകുക" എന്ന ഏക മാനദണ്ഡം മാത്രം പുതിയനിയമ പുരോഹിതൻെറ യോഗ്യതയായി എടുത്തുകാട്ടുന്നു.

ഹെബ്രായലേഖകന്റെ പൗരോഹിത്യ നിർവ്വചനത്തിലെ രണ്ടാമത്തെ ദർശനം ജനത്തിന് വേണ്ടിയാണ് പുരോഹിതൻ നിയുക്തനാകുന്നത് എന്നതാണ്. പഴയ+ നിയമത്തിലും പുതിയനിയമത്തിലും പുരോഹിതൻ ജനത്തിനുവേണ്ടി ദൈവ തിരുമുമ്പിൽ നിലകെള്ളുന്നവനാണ്. ജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നവനും പാപപരിഹാരബലികൾ സമർപ്പിക്കുന്നവനുമാണ്. ദൈവ വചനത്തിലൂടെ ജനത്തെ വിശുദ്ധിയിൽ നയിക്കുവാനും പുരോഹിതൻ കടപ്പെട്ടിരിക്കുന്നു. ജനത്തിനുവേണ്ടി അവരിൽനിന്നുതന്നെ പുരോഹിതരെ തിരഞ്ഞെടുക്കുന്നതിന് ദൈവത്തിന് പ്രത്യേക ലക്ഷ്യമുണ്ട്. "ജനത്തിന്റെ ബലഹീനതകൾ അറിഞ്ഞ് അവരെ സഹായിക്കാൻ അവരോട് കരുണയുള്ളവനായിരിക്കാൻ പുരോഹിതന് കഴിയും" (ഹെബ്രാ 5:2) എന്നതാണ് ദൈവത്തിന്റെ ആ പ്രത്യേക ലക്ഷ്യം. ഈ ദർശനത്തിന്റെ വെളിച്ചത്തിൽ ജനങ്ങളിൽ നിന്ന് വേറിട്ട ഒരു അസ്തിത്വം വൈദീകന് അന്യമാണ്. പുരോഹിത ശുശ്രൂഷ ജനത്തിന്റെ അവകാശമാണ്. അത് അവർക്ക് നിഷേധിക്കാൻ ഒരു പുരോഹിതനും അവകാശമില്ല. ക്രിസ്തുവിന്റെ പുരോഹിതൻ അഭിഷിക്തനാകുന്നത് സഭയ്ക്കുവേണ്ടിയും സഭയിലുമാണ്.

ഇപ്രകാരം ജനത്തിൽ നിന്ന് ജനത്തിനുവേണ്ടി പുരോഹിതൻ നിയുക്തനാകുന്നതിനാൽ വളരെ ഭാരിച്ച ഒരു ഉത്തരവാദിത്വം ജനത്തിന് നിർവ്വഹിക്കുവാനുണ്ട്. ദൈവത്തിന്റെ തിരഞ്ഞെടുപ്പെന്നതുപോലെതന്നെ ബലഹീനനായ മനുഷ്യന്റെ സ്വതന്ത്രമായ സമർപ്പണവും, പ്രത്യുത്തരവും പൗരോഹിത്യജീവിതത്തിന് അനിവാര്യമാണ്. ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള ഏകപക്ഷീയമായ തിരഞ്ഞെടുപ്പിനോടുകൂടെ മനുഷ്യന്റെ ക്രിയാത്മകവും അടിസ്ഥാനപരവുമായ (Fundamental option) തിരഞ്ഞെടുപ്പും സമർപ്പണവും ഇതിന് ആവശ്യമാണ്. ഇതിനായി വ്യക്തികളെ സജ്ജരാക്കേണ്ടത് വിശ്വാസികളാണ്. നല്ല കുടുംബങ്ങളും ഇടവക കൂട്ടായ്മകളും

www.malankaralibrary.com

ഉണ്ടായെങ്കിൽ മാത്രമേ പൗരോഹിത്യ ജീവിതത്തിലേക്കും ഇതര സമർപ്പണ ജീവിതത്തിലേക്കും വ്യക്തികൾ കടന്നുവരികയുള്ളു. ത്യാഗസന്നദ്ധതയും ആഴമുള്ള വിശ്വാസവും പരസ്പര സ്നേഹവുമുള്ള മാതാപിതാക്കൾക്ക് മാത്രമേ ഈ ജീവിതത്തിലേക്ക് തങ്ങളുടെ മക്കളെ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു. ബഹുമാനപ്പെട്ട ശെമ്മാശന്റെ മാതാപിതാക്കളെ അവരുടെ ഈ മഹാത്യാഗത്തിനും വിശ്വാസ സമർപ്പണത്തിലും പ്രത്യേകം ശ്ലാഘിക്കുന്നതോടൊപ്പം അവർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പുരോഹിത നിർവ്വചനത്തിലെ മൂന്നാമത്തെ ദർശനം പുരോഹിതൻ "ദൈവീക കാര്യങ്ങൾക്ക് നിയോഗിക്കപ്പെടുന്നത് പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കുവാനാണ്" എന്നതാണ്. പുരോഹിതന്റെ ജീവിതം ദൈവീക കാര്യങ്ങൾക്കായിട്ടാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്. ജനത്തെ ദൈവനാമത്തിൽ പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും നയിക്കാനും ശുശ്രൂഷിക്കാനുമാണ് പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ പുരോഹിത ശുശ്രൂഷ ദൈവീകശ്രൂഷയാണ്. ദിവ്യരഹസ്യങ്ങളുടെ പരിചാരകൻ, മദ്ബഹായുടെ കാവൽക്കാരൻ, സത്യവിശ്വാസ സംരക്ഷകൻ, എന്നെല്ലാമാണ് വൈദീകനെ നമ്മുടെ ആരാധനാക്രമം ചിത്രീകരിക്കുന്നത്. ക്രിസ്തുവിന്റെ ബലിയർപ്പണത്തിൽ പങ്കുചേർന്ന്, സ്വയം ബലിയായ് അർപ്പിച്ച്, ജനത്തിന് പാപപരിഹാരം നൽകുകയാണ് ദൈവീക കാര്യനിർവ്വഹണത്തിൽ പ്രധാനം. പാപം മൂലം ദൈവത്തിൽ നിന്നകലുന്ന മനുഷ്യനുവേണ്ടി പ്രാർത്ഥനകളും ഉപവാസവും ത്യാഗപ്രവൃത്തികളും അനുഷ്ഠിക്കുന്നതിലൂടെ ദൈവത്തിൽനിന്ന് അവന് മോചനം നൽകി ദൈവികനായി വളർത്തുവാൻ പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവീക കാര്യങ്ങൾക്ക് ശുശ്രൂഷ ചെയ്യുക എന്നാൽ കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ വിശ്വസ്ത വേലക്കാരനാകുക എന്നാണ് അർത്ഥമാക്കുക - "യജമാനൻ വരുമന്നേരത്തുണർവുള്ളോരായ്" എന്ന പ്രാർത്ഥനാഗാനം വൈദീക പട്ടാഭിഷേകത്തിന്റെ ആരംഭത്തിലും വൈദീകരുടെ ഓർമ്മ തിരുന്നാളുകളിലും ചൊല്ലുമ്പോൾ നാം വിവക്ഷിക്കുന്നതും മറ്റൊന്നല്ല.

പഴയനിയമ പൗരോഹിത്യത്തിന്റെ സ്വഭാവവും ധർമവും അതിന്റെ യഥാർത്ഥതയിൽ അവതരിപ്പിക്കുന്നതിൽ ഹെബ്രായ ലേഖനത്തിലെ നിർവ്വചനത്തിന് സാധിക്കുന്നു എങ്കിലും പുതിയ നിയമ പൗരോഹിത്യത്തിന്റെ സ്വഭാവവും വ്യാപ്തിയും ധർമ്മങ്ങളും അതിന്റെ പൂർണ്ണതയിൽ അനാവരണം ചെയ്യാൻ ഈ നിർവ്വചനം അപര്യാപ്തമാണ്. പുതിയ നിയമ പൗരോഹിത്യം ബലിസമർപ്പണത്തിലും ആരാധനാനുഷ്ഠാനത്തിലും മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. ഇതിന്റെ അടിസ്ഥാന കാരണം പുതിയ നിയമ പൗരോഹിത്യം ക്രിസ്തുവിന്റെ ഇടയധർമ്മത്തിൽ അടിസ്ഥാനമിട്ടിരിക്കുന്നു എന്നതാണ്.

**പുതിയനിയമത്തിലെ ഇടയൻ**

www.malankaralibrary.com

പുതിയനിയമ പൗരോഹിത്യം ക്രിസ്തു കേന്ദ്രീകൃതമാണ്. അവിടുന്നാണ് ഈ പൗരോഹിത്യത്തിന്റെ സ്ഥാപകൻ. അവിടുന്ന് ഈ പൗരോഹിത്യം ജീവിക്കുകയും അതുവഴി തന്നിൽ പങ്കുപററുന്നവർക്ക് അനുകരിക്കാൻ തന്നെ തന്നെ ഉയർത്തി പ്രതിഷ്ഠിക്കുകയും ചെയ്തു. മാമോദീസാവഴി ക്രിസ്തുവിൽ പങ്കുപററുന്ന എല്ലാവരും തന്നെ പുരോഹിത ജനത്തിൽ അംഗമാകുകയാണ്. എന്നാൽ തന്റെ ശുശ്രൂഷയിൽ പ്രത്യേകരീതിയിൽ പങ്കുചേരുന്നതിന് അവിടുന്ന് ചിലരെ പ്രത്യേകം തിരഞ്ഞെടുക്കുന്നു. അവരാണ് സഭയിലെ ശുശ്രൂഷാപുരോഹിതർ. രാജകീയ പുരോഹിത ജനത്തെ പഠിപ്പിക്കുക വിശുദ്ധീകരിക്കുക, നയിക്കുക എന്ന ക്രിസ്തുവിന്റെ ത്രിവിധ ശുശ്രൂഷാധികാരത്തിൽ പങ്കുചേരുന്നവരാണവർ. അതിനാൽ സഭയിലെ പല ശുശ്രൂഷകളിൽ ഒന്നല്ല പൗരോഹിത്യ ശുശ്രൂഷ, മറിച്ച് ക്രിസ്തുവിന്റെ രക്ഷാകര ദൗത്യത്തിൽ പ്രത്യേകവിധം പങ്കുപററുകയാണ്. ക്രിസ്തുവിന്റെ നാമത്തിലാണ് ഈ ദൗത്യവും അധികാരവും അവർ കൈയ്യാളുന്നത്. രക്ഷാകര ചരിത്രത്തിൽ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന രക്ഷകനായ നല്ല ഇടയനാണ് യേശുക്രിസ്തു. ക്രിസ്തുവിന്റെ ഈ ഇടയധർമ്മത്തിലാണ് ഓരോ പുരോഹിതനും പങ്കുകൊള്ളുന്നത്. പഴയനിയമത്തിൽ വ്യതിരിക്തമായിരുന്ന പൗരോഹിത്യം, പ്രവാചകത്വം, രാജത്വം എന്നീ ത്രിവിധ ഇടയ ധർമ്മങ്ങൾ പുതിയ നിയമത്തിൽ നല്ലയിടയനായ യേശുവിൽ മാത്രമായി കേന്ദ്രീകരിക്കപ്പെടുന്നു.

## ക്രിസ്തുവിന്റെ പ്രവാചകത്വം

തന്റെ ഐഹിക ജീവിതകാലത്ത് പ്രവാചകധർമ്മത്തിന് ഈശോ കൂടുതൽ പ്രാധാന്യം നൽകിയിരുന്നു. പ്രവാചകൻ ദൈവവചനം ജനത്തിന് നൽകുന്നവനാണ്; ദൈവഹിതം മനുഷ്യരെ അറിയിക്കുന്നവനാണ്. ദൈവരാജ്യ പ്രഘോഷണമായിരുന്നു ക്രിസ്തു എന്ന പ്രവാചകന്റെ പ്രവർത്തനത്തിന്റെ ജീവനാഡി. ഇടയനില്ലാത്ത ആടുകളെ കണ്ടപ്പോൾ അവരുടെ മേൽ അലിവുതോന്നിയ യേശു അവരെ പഠിപ്പിക്കുവാൻ തുടങ്ങി (മർക്കോ 6:14). ദരിദ്രരോടും സുവിശേഷം പ്രഘോഷിക്കുക, ബന്ധിതർക്കും അടിച്ചമർത്തപ്പെട്ടവർക്കും മോചനം നൽകുക, തുടങ്ങിയവ തന്റെ ഇഹലോക പ്രവർത്തനത്തിന്റെ ലക്ഷ്യമായി അവിടുന്ന് പ്രഖ്യാപിച്ചു (ലൂക്കാ 4:18). നിലവിലിരുന്ന കരുണാരഹിതവും നീതിയററതുമായ വ്യവസ്ഥിതിക്കെതിരെ അവിടുന്ന് തന്റെ പ്രവാചക ശബ്ദം ഉയർത്തി. അശരണർക്ക് ശരണമായും, ദരിദ്രരോടും ചൂഷിതരോടും പക്ഷം ചേർന്നും പാപികളോടും തിരസ്കൃതരോടും കൂട്ടുകൂടിയും അവിടുന്ന് പുതിയ ജീവിതരീതിക്ക് അടിസ്ഥാനമിട്ടു. ശബ്ദമില്ലാത്തവരുടെ ശബ്ദമായും അശക്തരുടെ ശക്തിയായും അവിടുന്ന് ജീവിച്ചു. അങ്ങനെ വാക്കിലും പ്രവൃത്തിയിലും പഴയനിയമ പ്രവാചകന്മാരെയെല്ലാം അതിലംഘിക്കുന്ന ശക്തനായ പ്രവാചകനായി അവിടുന്ന് തന്റെ ദൗത്യം നിർവ്വഹിക്കുകയും അത് തുടരുവാനായി തന്റെ സഭയെ ഭരമേൽപിക്കുകയും ചെയ്തു.

www.malankaralibrary.com

നമ്മുടെ ബഹുമാനപ്പെട്ട കൊച്ചച്ചനും യേശുവിന്റെ പ്രവാചക ധർമ്മത്തിൽ പങ്കുചേരുമ്പോൾ ഈ ദൗത്യമാണ് നിർവ്വഹിക്കുവാനുള്ളത്. ദൈവവചനം ലോകത്തിന് നൽകുന്ന, ദൈവവചനം ജീവിച്ച് ലോകത്തിന് ശക്തിപകരുന്ന, നീതിക്കും സത്യത്തിനും വേണ്ടി ജീവിക്കുന്ന, ശക്തനായ പ്രവാചകനാകാൻ അങ്ങേയ്ക്ക് കഴിയട്ടെ യെന്ന് ഞങ്ങളേവരും പ്രാർത്ഥിക്കുന്നു. വചനം വിഭജിച്ച് നൽകുകയാണ് പുരോഹിതന്റെ പരമപ്രധാന കർത്തവ്യം. വാക്കിലും പ്രവൃത്തിയിലും ക്രിസ്തുവിന്റെ നല്ല വചനവാഹകനാകാൻ പരിശുദ്ധാത്മാവ് അങ്ങയെ സഹായിക്കും. ഈ ഉറപ്പാണ് നമ്മുടെ ആരാധാനഗീതം നമുക്ക് നൽകുന്നത്.

വാത്സല്യത്താൽ - പരിശുദ്ധാത്മാവാം ദൈവത്താൽ
വളർത്തപ്പെട്ടവ - നായി തന്നുടെ - നാവതിലെന്നും
ദൈവത്തിൽ ഭവനത്തിൻ താക്കോ-ലേന്തുന്നവനാം
പട്ടക്കാരാ - വന്നീടുക സമാധാനത്താലെ.

പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ വാക്കുകൾ ഈ അവസരത്തിൽ ശ്രദ്ധേയമാണ്. "വൈദീകരാരും തങ്ങളുടെ വചനമല്ല, മറിച്ച് വചനത്തിന്റെ പൂർണ്ണതയിൽ പ്രഘോഷിക്കാൻ കർത്താവ് തന്റെ സഭയെ ഏൽപിച്ചിരിക്കുന്ന ദൈവവചനമാണ് പ്രഘോഷിക്കേണ്ടത്" - സഭയോടൊത്തും സഭയ്ക്കുവേണ്ടിയും ക്രിസ്തുനാഥനെ പ്രഘോഷിക്കാൻ അങ്ങേയ്ക്ക് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ക്രിസ്തുവിന്റെ പൗരോഹിത്യം

ക്രിസ്തുവിന്റെ ഇടയധർമ്മത്തിൽ ഉൾചേർന്നിരിക്കുന്ന രണ്ടാമത്തെ ദൗത്യമാണ് പൗരോഹിത്യം. ക്രിസ്തുവിന്റെ പൗരോഹിത്യത്തെക്കുറിച്ച് സുവിശേഷങ്ങളിലെവിടെയും വ്യക്തമായ പരാമർശം കാണുന്നില്ല. യേശു ഒരിക്കലും സ്വയം പുരോഹിതനെന്ന് വിളിക്കുന്നില്ല. യേശുവിന്റെ കാലത്ത് നിലവിലിരുന്ന പുരോഹിത നിയമങ്ങളോടും വ്യവസ്ഥതിയോടും വിമർശനാത്മക നിലപാടാണ് അവിടുന്ന് സ്വീകരിച്ചിട്ടുള്ളത്. നല്ല സമറിയാക്കാരന്റെ ഉപമയിൽ ഇത് വളരെ വ്യക്തമാണ്. എന്നാൽ പൗരോഹിത്യത്തെ യേശു ഒരിക്കലും തള്ളിപ്പറയുന്നില്ല. മറിച്ച് രോഗസൗഖ്യാനന്തരം സാക്ഷ്യപ്പെടുത്തുന്നതിനും കാഴ്ചകൾ സമർപ്പിക്കുന്നതിനുമായി സൗഖ്യം പ്രാപിച്ചവരെ പുരോഹിതരുടെ അടുക്കലേക്ക് അവിടുന്ന് പറഞ്ഞുവിടുന്നതായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 8:14; മർക്കോ 1:44; ലൂക്കാ 5:14; 17:14). ഇതിൽ നിന്നും യേശു പൗരോഹിത്യത്തെയല്ല പുരോഹിത വ്യവസ്ഥിതിയെയാണ് വിമർശിച്ചിരുന്നത് എന്ന് വ്യക്തമാകുന്നു.

സ്വയം പുരോഹിതനായി അവരോധിക്കുന്നില്ല എങ്കിലും പൗരോഹിത്യ ധർമ്മങ്ങളെ ദ്യോതിപ്പിക്കുന്ന പദങ്ങൾ തന്റെ ദൗത്യത്തെ വിശദീകരിക്കുന്നതിന് യേശു ഉപയോഗിക്കുന്നുണ്ട്. "നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം

www.malankaralibrary.com

ഞാൻ അതു പുനരുദ്ധരിക്കും" (യോഹ. 2:19) എന്നു പ്രസ്താവിക്കുന്നതിലൂടെ പഴയനിയമ പൗരോഹിത്യത്തെയും ദൈവാലയ ശുശ്രൂഷയെയും നൂതനവത്ക രിക്കാനുള്ള യേശു ദർശനമാണ് പ്രതിഫലിക്കുന്നത്. തന്റെ തന്നെ മരണത്തിലും പുനരുദ്ധാനത്തിലും രൂപികൃതമാകുന്ന പുതിയ പൗരോഹിത്യം കരുണയിലും, സ്നേ ഹത്തിലും ശുശ്രൂഷയിലും അനേകർക്കായി സ്വയം ദാനമായി നൽകുന്നതിലും അടിസ്ഥാനമിട്ടതാകുവെന്നും അവിടുന്ന് പ്രഖ്യാപിക്കുകയാണിവിടെ. മതിൽകെട്ടു കൾക്ക് ഉള്ളിലൊതുങ്ങുന്ന പൗരോഹിത്യ ശുശ്രൂഷയെക്കാൾ ഉപരിയായി ദൈവ ജനത്തെ രൂപീകരിക്കുകയും, വളർത്തുകയും ചെയ്യുന്നതിലാണ് ഈ നവീന പൗരോഹിത്യത്തിന്റെ സാംഗത്യം അടങ്ങിയിരിക്കുന്നത്.

"ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനാ യിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും" (മത്താ 26:64) എന്ന് തന്റെ ന്യായവിസ്താരവേളയിൽ പുരോഹിത ശ്രേഷ്ഠരോട് പറയുമ്പോഴും യേശു വിരൽചൂണ്ടുന്നത് തന്റെ പൗരോഹിത്യത്തിലേക്കാണ്. 110-ാം സങ്കീർത്തനം ഒന്നാം വാക്യമാണ് യേശു ഇവിടെ ഉദ്ധരിക്കുന്നത്. അവിടുന്ന് വരാനിരിക്കുന്ന യുവരാജാ വാണ്. ഈ രാജാവ് മെൽക്കിസദേക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതനാണ് എന്ന് ഇതേ സങ്കീർത്തനത്തിന്റെ നാലാം വാക്യത്തിൽ നാം വായിക്കുന്നുണ്ട്. രാജാവും പുരോഹിതനുമായി ക്രിസ്തു വിധിയേൽക്കുമ്പോൾ തന്നെ തന്നെ പുരോ ഹിതനായി പ്രഖ്യാപിക്കുകയാണ്. യേശുവിന്റെ മരണം ചിത്രീകരിക്കപ്പെടുന്നത് പിതാ വിനർപ്പിക്കുന്ന ബലിയായിട്ടാണ് (മർക്കോ 10:45, 14:64). ലൂക്കായുടെ സുവിശേ ഷത്തിൽ അവിടുന്ന് കൈകളുയർത്തി അനുഗ്രഹിച്ചുകൊണ്ട് സ്വർഗ്ഗത്തിലേക്ക് കടന്നുപോകുന്നതിനെ യേശുവിന്റെ പൗരോഹിത്യ ആശീർവാദമായിട്ടാണ് വ്യഖ്യാനിക്കുന്നത് (ലൂക്കാ 24:51). വി. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ പുരോഹിത പ്രാർത്ഥന (യോഹ. 17) യോടുകൂടിയാണ് യേശുവിന്റെ പീഡാസഹനം ആരംഭിക്കുന്നത്. വി. പൗലോസിന്റെ ലേഖനങ്ങളിലും യേശുവിന്റെ ജീവിതവും മരണവും പെസഹാകുഞ്ഞാടിന്റെ ജീവിതവും മരണവുമായിട്ടാണ് ചിത്രീകരി ച്ചിരിക്കുന്നത്. പെസഹാ കുഞ്ഞാട് പൗരോഹിത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു (1 കോറി 5:7). വെളിപാടുപുസ്തകത്തിൽ പുരോഹിതവസ്ത്രത്തിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യപുത്രനെ, ക്രിസ്തുവിനെ വരച്ചുകാണിക്കുന്നുണ്ട് (വെളി 1:13) ഇതെല്ലാം ക്രിസ്തുവിന്റെ പൗരോഹിത്യത്തിലേക്ക് നമ്മെ നയിക്കുന്നു.

യേശുവിന്റെ പൗരോഹിത്യത്തെ വ്യക്തമായി പ്രതിപാദിക്കുന്ന പുതിയ നിയമത്തിലെ ഏക ഗ്രന്ഥം ഹെബ്രായർക്ക് എഴുതിയ ലേഖനമാണ്. 'സ്വർഗ്ഗത്തിലേക്ക് കടന്നുപോയ ശ്രേഷ്ഠനായ ഒരു പ്രധാന പുരോഹിതനാണ് ദൈവപുത്രനായ യേശു ക്രിസ്തു' എന്ന് ഹെബ്രായലേഖനം 4:14 ൽ പറയുന്നു. ഈ പുരോഹിതൻ നമ്മുടെ എല്ലാ ബലഹീനതകളിലും നമ്മോട് സഹതപിക്കാൻ പാപമൊഴികെ എല്ലാകാര്യ

www.malankaralibrary.com

ങ്ങളിലും നമ്മോട് സദൃശ്യനാണ് (ഹെബ്രാ 4:15). ക്രിസ്തുവിൻെറ പൗരോഹിത്യം പഴയനിയമത്തിലെ ലേവായ പൗരോഹിത്യത്തിൽ നിന്നും വിഭിന്നമാണ് എന്ന് ഗ്രന്ഥകർത്താവ് വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യം മെൽക്കിസദേക്കിന്റെ ക്രമപ്രകാരം ഉള്ളതാണ്. അബ്രഹാമിനെ അനുഗ്രഹിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ സന്തതി പരമ്പരകളെ മുഴുവൻ ലേവായ പൗരോഹിത്യത്തെപോലും അനുഗ്രഹിക്കുന്ന ശ്രേഷ്ഠ നിത്യ പുരോഹിതനായിട്ടാണ് മെൽക്കിസദേക്കിന്റെ സ്ഥാനത്തെ ഹെബ്രായ ലേഖകൻ വ്യാഖ്യാനിക്കുന്നത് (ഹെബ്രാ 7:1-10). മെൽക്കിസദേക്കിന്റെ ക്രമപ്രകാരം പുരോഹിതനായ ക്രിസ്തു "ശരീരിക ജനനക്രമമനുസരിച്ചല്ല പ്രത്യുത അക്ഷയമായ ജീവന്റെ ശക്തി നിമിത്തമാണ്" പുരോഹിതനായത് എന്ന് ഹെബ്രായർ 7:16 ൽ പറയുന്നു. ഈ പൗരോഹിത്യമാകട്ടെ കൈമാററം ചെയ്യപ്പെടുകയോ ആവർത്തിക്കപ്പെടുകയോ ചെയ്യുന്നില്ല. ഇത് പൂർണ്ണമായത് ക്രിസ്തുവിന്റെ സ്വയാർപ്പണത്തിലാണ് (ഹെബ്രാ 7:28). പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ ക്രിസ്തു തന്റെ തന്നെ രക്തത്തിലൂടെയാണ് ഉടമ്പടി മുദ്രവച്ചത് (ഹെബ്രാ 8:9). അങ്ങനെ അവിടുന്ന് പുതിയ ഉടമ്പടിയുടെ, ശുശ്രൂഷകനായി. ഈ പൗരോഹിത്യം കൈമാററം ചെയ്യപ്പെടുന്നില്ല. കാരണം ഇത് സ്വർഗ്ഗീയമാണ്, ഭൗമീകമല്ല. പുതിയ നിയമ പുരോഹിതർ എല്ലാവരും ക്രിസ്തുവിന്റെ സനാതനമായ, നിത്യമായ ഈ പൗരോഹിത്യത്തിൽ പങ്കുകൊള്ളുകയാണ് ചെയ്യുക. അതിനാൽ പൗരോഹിത്യമെന്ന കൂദാശ സ്വീകരിക്കുന്ന എല്ലാവരും എന്നെന്നേക്കുമായി ക്രിസ്തുവിൽ പങ്കാളികളാണ്. അതുകൊണ്ട്തന്നെ പൗരോഹിത്യകൂദാശ ആത്മാവിൽ മായാത്ത മുദ്ര പതിപ്പിക്കുന്നതാണ്. ഈ മഹാരഹസ്യത്തിന്റെ അർത്ഥം മനസ്സിലാക്കി യഥാർത്ഥമായി ജീവിക്കുന്നവർക്കു മാത്രമേ, ഈ ദൗത്യത്തിനായി എല്ലാം ഉപേക്ഷിച്ചവർക്ക്, ക്രിസ്തുനാഥൻ വാഗ്ദാനം ചെയ്തിരിക്കുന്നത് പ്രാപിക്കാൻ സാധിക്കുകയുള്ളു.

### ക്രിസ്തുവിന്റെ രാജകീയ ധർമ്മം

ക്രിസ്തുവിൻെറ ഇടയധർമ്മത്തിലെ മൂന്നാമത്തെ ഘടകമാണ് അവിടുത്തെ രാജകീയ ദൗത്യം. ദൈവജനത്തെ നയിക്കുക പരിപാലിക്കുക എന്നിവയാണ് രാജകീയ ധർമ്മത്തിൽ അടങ്ങിയിരിക്കുന്നത്. ഈ രാജകീയത്വവും, ഉത്ഭവത്തിലും സ്വത്വത്തിലും ഈ ലോകത്തിന്റേതല്ല; പ്രത്യുത സർഗ്ഗീയമാണ്. തന്റെ ജനത്തെ അറിഞ്ഞ് പേരുചെല്ലിവിളിച്ച് പച്ചയായ മേച്ചിൽ സ്ഥലത്തേക്ക് നയിക്കുന്നതിലാണ് ക്രിസ്തുവിന്റെ രാജത്വം ധന്യത കണ്ടെത്തുക. ഈ രാജത്വത്തിലെ അധികാരം ശുശ്രൂഷിക്കുവാനും രക്ഷിക്കുവാനുമുള്ളതാണ്. രക്ഷിക്കപ്പെടുവാനും ശുശ്രൂഷിക്കപ്പെടുവാനും ഉള്ളതല്ല.

ക്രിസ്തുവിന്റെ ഇടയധർമ്മത്തിൽ ഈ ത്രിവിധ ശുശ്രൂഷകളും അതിന്റെ പൂർണ്ണതയിലെത്തുന്നത് അവിടുന്ന് ആടുകൾക്കുവേണ്ടി ജീവിനർപ്പിക്കുമ്പോഴാണ്. തന്റെ പ്രവാചകവചനങ്ങൾക്ക് ശക്തിപകരാനും സാക്ഷ്യം നൽകാനും ഒരു പ്രവാചകന്റെ

www.malankaralibrary.com

മരണം അവിടുന്ന് ഏററുവാങ്ങി. തിരസ്ക്കരിക്കപ്പെട്ട്, പീഡിപ്പിക്കപ്പെട്ട് അപഹസ്യനായി അവിടുന്ന് മരിച്ചു. അപ്പോൾ അവിടുത്തെ പ്രവാചകത്വം പൂർണ്ണതനേടി. സ്വയം ബലിയർപ്പിച്ച് സ്വന്തം രക്തംകൊണ്ട് പുതിയ ഉടമ്പടി മുദ്രവച്ച് അവിടുന്ന് നിത്യപുരോഹിതനായി, നിത്യ മദ്ധ്യസ്ഥനായി. കുരിശാകുന്ന സിംഹാസനത്തിലുയർത്തപ്പെട്ട് എല്ലാവരെയും തന്നിലേക്കാകർഷിച്ച് പിതാവിന്റെ വലത്തുഭാഗത്തുപവിഷ്ടനായതിലൂടെ അവിടുന്ന് എല്ലാവരുടെയും രാജാവായി. ബഹുമാനപ്പെട്ട കൊച്ചച്ചനും ക്രിസ്തുവിന്റെ ഇടയധർമ്മത്തിൽ പൗരോഹിത്യമെന്ന കൂദാശയിലൂടെ പങ്കുകൊള്ളുമ്പോൾ ഇപ്രകാരം സ്വയം ബലിയായി അർപ്പിക്കപ്പെടേണ്ട അവസരം ഉണ്ടാകും. അന്ന് അങ്ങേയ്ക്ക് അഭിമാനിക്കാം. കാരണം, അങ്ങയുടെ ഇടയധർമ്മം പുവണിയുന്ന, പൂർത്തിയാകുന്ന, നിമിഷങ്ങളാണവ.

യേശുവിന്റെ ഐഹിക ജീവിതകാലത്തുതന്നെ അപ്പസ്തോലന്മാരെയും മററ് ശിഷ്യന്മാരെയും തന്റെ ദൗത്യത്തിൽ പങ്കുചേർക്കുന്നതിലൂടെ അവിടുന്ന് ഈ ദൗത്യം പിൻഗാമികൾക്ക്, സഭയ്ക്ക് നൽകുകയായിരുന്നു. അപ്പസ്തോലന്മാരെ അയയ്ക്കുമ്പോൾ യേശു അവരോട് പറഞ്ഞു "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:22). ക്രിസ്തുവിന്റെ യഥാർത്ഥ ദൗത്യത്തിലാണ് അപ്പോസ്തോലന്മാർ പങ്കുചേരുക. ഈ ദൗത്യം അവിടുന്ന് പിതാവിൽ നിന്ന് സ്വീകരിച്ചിട്ടുള്ളതാണ്. പരിശുദ്ധ ത്രീത്വത്തിന്റെ ദൗത്യമാണിത്. അപ്പസ്തോലന്മാർ വഴി സഭയ്ക്ക് നൽകപ്പെട്ട ഈ ദൗത്യം കൈവെപ്പിലൂടെ സഭ ക്രിസ്തുവിന്റെ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഇന്നും കൈമാറുന്നു. ക്രിസ്തു തന്നെയാണ് ഇന്നും ഈ ദൗത്യം നിർവ്വഹിക്കുന്നത്. വി. കുർബാനാനുഭവ വേളയിൽ പാടുന്ന ഗാനത്തിൽ ഇത് വളരെ വ്യക്തമായി പ്രതിപാദിക്കുന്നു.

"മേൽപ്പട്ടക്കാർ പട്ടക്കാരോടു ശെമ്മാശൻമാർ
കർത്താവിവരെ നിയമിച്ചാക്കി ഭൂമിയതിങ്കൽ".

അതിനാൽ ഈ പുരോഹിതരെ ആദരിക്കുന്നതിനും അനുസരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ഓരോ വിശ്വാസിക്കും ഉത്തരവാദിത്വമുണ്ട്.

ഈ ദൗത്യം പൂർത്തിയാക്കാൻ വൈദീകർക്ക് കഴിയണം. എങ്കിൽ അവർ പരിശുദ്ധാത്മാവിൽ നയിക്കപ്പെടുന്നവരാകണം. പരിശുദ്ധാത്മാവിനാലാണ് വൈദീകർ അഭിഷിക്തരാകുന്നത്. അവരുടെ ശുശ്രൂഷയിൽ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. അവരുടെ ശുശ്രൂഷയിലൂടെ ദൈവജനം രൂപീകൃതമാകുന്നതും, വിശുദ്ധീകരിക്കപ്പെടുന്നതും വളർത്തപ്പെടുന്നതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ്. വിശുദ്ധ കുർബാനയിൽ എപ്രകാരം പരിശുദ്ധാത്മാവ് വൈദികനെ സഹായിക്കുന്നു എന്ന് നമ്മുടെ പ്രാർത്ഥനയിൽ വിശദീകരിക്കുന്നുണ്ട്.

തന്നുടെ പക്കലിറങ്ങിവരാനായാത്മാവിനെ
നിന്നുവിളിച്ചീടുന്നകമെ നൽ ശരണത്താലെ
അവനെ നിയമിച്ചോരാത്മാവോ നിസ്സംശയമായ്
ആഘോഷത്താലപ്പം തന്നിലിറങ്ങി വസിച്ച്

www.malankaralibrary.com

അതിനെഗാത്രവുമാക്കാസായെ രക്തവുമാക്കും

അട്ടഹസിച്ചീ നാം ചൊല്ലീടുക കുറിയേലായിസോൻ.

വി. കുർബാനയിൽ പരിശുദ്ധത്മാവും പുരോഹിതനും തമ്മിലുള്ള ഈ ബന്ധമാണ് എല്ലാ ശുശ്രൂകളിലും വൈദികന് ശക്തിയായിട്ടുള്ളത്.

ചുരുക്കത്തിൽ, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വൈദീകൻ സഭയിൽ ക്രിസ്തുവിന്റെ ഇടയധർമ്മത്തിൽ പങ്കുചേരുന്നു. ഈ ദൗത്യം അതിന്റെ പൂർണ്ണതയിൽ നിർവ്വഹിക്കാൻ ക്രിസ്തുവിന്റെ മനോഭാവം വൈദീകൻ ഉൾക്കൊള്ളണം. വചന പ്രഘോഷണത്തിലൂടെ ദൈവജനത്തെ വിശ്വാസത്തിൽ ജനിപ്പിക്കണം. കൂദാശ പരികർമ്മത്തിലൂടെ പ്രത്യേകിച്ച് വി. കുർബ്ബാന അർപ്പണത്തിലൂടെ ദൈവജനത്തെ വിശുദ്ധീകരിക്കണം. ആത്മീക നൽവരങ്ങൾ നൽകി ജനത്തെ സ്വർഗ്ഗീയ മേച്ചിൽ സ്ഥലത്തേക്ക് നയിക്കണം. ഇപ്രകാരം പ്രവർത്തിക്കാൻ ക്രിസ്തുവിന്റെ എളിമയുടെ, സ്നേഹത്തിന്റെ, സഹനത്തിന്റെ, കരുതലിന്റെ, ശുശ്രൂഷയുടെ, ശൂന്യവത്ക്കരണത്തിന്റെ മനോഭാവം എല്ലാ പുരോഹിതരും ഉൾക്കൊള്ളണം. ഇതിന് നമ്മുടെ കൊച്ചച്ചനെ ശക്തനാക്കാൻ നമുക്ക് സഭയോടൊത്ത് ഇപ്രകാരം പ്രാർത്ഥിക്കാം. “ദൈവമായ കർത്താവേ ഈ ദാസൻ നിന്റെ ദിവ്യകൂദാശകളുടെ കാര്യവിചാരകനും, പ്രാപ്തിയുള്ള ആചാര്യനും, ഉത്തമ ഭരണകർത്താവും, ആത്മ പരിപാലകനും ആയിത്തീരേണമേ. ഇവനെ സദാചാര നിർഭരനായ ആചാര്യനും നിന്റെ ആത്മീക അജഗണത്തെ സകല പുണ്യങ്ങളും അഭ്യസിപ്പിക്കുന്ന വിദഗ്ദ്ദോപദേഷ്ടാവും, നിന്നിലേക്ക് തിരിയുന്നവർക്ക് അനുതാപത്തിന്റെ വാതിൽ തുറന്നുകൊടുക്കാൻ തക്കവണ്ണം സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഏററുവാങ്ങിയിരിക്കുന്ന ജാഗരൂകരും ഉത്സാഹിയുമായ പുരോഹിതനും ആക്കേണമേ” (സെദറ, വൈദീക പട്ടാഭിഷേക ക്രമം)

ബഹുമാന്യനായ കുഞ്ഞുണ്ണിമാഷിന്റെ നാലുവരികവിത ഇത്തരമൊരു പൗരോഹിത്യ ദർശനത്തിൽ ഒരിക്കലും അപ്രസക്തമല്ല.

പാതി തിരിഞ്ഞാൽപ്പോരല്ലോ

പാതിയിൽ നിന്നു തിരിയേണം

എന്നാലും പോരാപോരാ പാതിരിയാകാൻ

എല്ലാവർക്കും തിരിയായ് കത്തേണം.

എല്ലാവർക്കും സ്വയം എരിഞ്ഞില്ലാതായ് ലോകത്തിന് പ്രകാശം നൽകി ആ പ്രകാശത്തിലൂടെ അനേകർ സ്വർഗ്ഗരാജ്യത്തിലേക്ക് നടന്നടുക്കുവാൻ ബഹുമാനപ്പെട്ട കൊച്ചച്ചാ അങ്ങയുടെ പ്രവർത്തനങ്ങൾ വഴി സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ എല്ലാ കൃപകളും അങ്ങയിൽ ധാരാളമയി വളരട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മീൻ.

■

www.malankaralibrary.com

# പ്രഥമ ദിവ്യബലിയർപ്പണം

പുരോഹിതൻ, ലോകത്തിൽ ക്രിസ്തുവിന്റെ പ്രതിപുരുഷൻ ആണ്. പുരോഹിതന്റെ സാന്നിദ്ധ്യം ക്രിസ്തുവിന്റെ സാന്നിദ്ധ്യമാണ്. അങ്ങനെയെങ്കിൽ ക്രിസ്തു ആരാണ്? ആരായിരുന്നു? ക്രിസ്തു ഒരേസമയം ബലിയർപ്പകനും ബലിവസ്തുവും ആയിരുന്നു. പിതാവായ ദൈവത്തിന് മനുഷ്യൻ അർപ്പിച്ച ഏറ്റവും സ്വീകാര്യമായ ബലി അതായിരുന്നു. ക്രിസ്തുവാകുന്ന ബലിവസ്തുവിനെ ക്രിസ്തുതന്നെയായ പുരോഹിതൻ അർപ്പിച്ച ബലി. ഇന്ന് പുരോഹിതൻ മറ്റൊരു ക്രിസ്തുവാണെന്ന് പറയുമ്പോൾ നാം മനസ്സിലാക്കേണ്ടത് ഇതുതന്നെയാണ്. ക്രിസ്തുവിനെപ്പോലെ സ്വയം ബലിയായി തീരുവാൻ വിളിക്കപ്പെട്ട ഒരു ബലിവസ്തുവാണ് പുരോഹിതൻ. അതുപോലെ ക്രിസ്തുവിന്റെ ബലി ഇന്ന് ഈ ലോകത്തിൽ അർപ്പിക്കേണ്ട ബലിയർപ്പകനാണ് പുരോഹിതൻ.

പഴയനിയമത്തിൽ ലേവ്യപുസ്തകം ഒന്നാം അദ്ധ്യായത്തിൽ നാം ദൈവത്തിന് ബലിയർപ്പിക്കപ്പെടാൻ യോഗ്യതയുള്ള ചില ജീവികളെക്കുറിച്ച് വായിക്കുന്നു. അവ കാള, ആട്, പ്രാവ് ഇവയാണ്. എന്താണ് ഈ മൃഗങ്ങൾക്കുള്ള സവിശേഷതകൾ? ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നാം വായിക്കുന്നു (1:2,3) ആകാശമേ ശ്രവിക്കുക, ഭൂതലമേ ശ്രദ്ധിക്കുക, കർത്താവരുളി ചെയ്യുന്നു ഞാൻ മക്കളെ പോറ്റിവളർത്തി, എന്നാൽ അവർ എന്നോടു കലഹിച്ചു. കാള അതിന്റെ ഉടമസ്ഥനെ അറിയുന്നു.. അതെ കാള തന്റെ ഉടയവനെ അറിയുന്ന മൃഗമാണ്. തന്റെ കഴുത്തിൽ നുകം വയ്ക്കപ്പെട്ട് തന്റെ യജമാനന്റെ ചുമട് വഹിക്കുന്ന മൃഗമാണ്. തന്റെ ഉടയവന്റെ ഇഷ്ടം അനുസരിച്ച് പ്രവർത്തിക്കുന്ന മൃഗമാണ് കാള.

രണ്ടാമതായി ബലിക്ക് കൊള്ളാവുന്ന മൃഗമാണ് ആട്. കൊല്ലുവാൻ കൊണ്ടുപോകപ്പെടുന്ന കുഞ്ഞാടിനെയും രോമം കത്രിക്കുന്നവന്റെ മുമ്പിൽ നില്ക്കുന്ന ചെമ്മരിയാടിനെയും ക്ഷമയുടെ പ്രതീകങ്ങളായിട്ടാണ് ഏശയ്യാ പ്രവാചകൻ ചിത്രീകരിക്കുന്നത്. മറ്റുള്ളവന്റെ തണുപ്പകറ്റാൻ തന്റെ രോമം വിട്ടുകൊടുക്കുന്ന മൃഗമാണ് ആട്. അതായത് മറ്റുള്ളവന്റെ സുഖത്തിനുവേണ്ടി സ്വന്തം സുഖം ഇല്ലാതാക്കുന്ന മൃഗം. മൂന്നാമതായി ബലിയർപ്പിക്കപ്പെടാൻ പറ്റിയ ജീവിയാണ് പ്രാവ്. അത് ഐക്യത്തിന്റെയും സമാധാനത്തിന്റെയും പ്രതീകമാണ്. മത്തായി 10:16ൽ യേശു പറയുന്നു. നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ എന്ന്. പ്രാവ് നിഷ്കളങ്കതയുടെ ചിഹ്നമാണ്. നമ്മുടെ പല നേതാക്കന്മാരും പല യോഗങ്ങളിലും പ്രാവിനെ പറത്തുന്നത് നേരിട്ടും, മാധ്യമങ്ങളിലൂടെയും നാം കാണാറുള്ളതാണല്ലോ. കർത്താവിന്റെ മാമ്മോദീസ കഴിഞ്ഞപ്പോൾ പരി. ആത്മാവ് പ്രാവിന്റെ രൂപത്തിലാണ് വന്നത്. ജലപ്രളയം തീർന്നോ എന്നറിയാൻ നോഹ ആദ്യം ഒരു കാക്കയെ അയച്ചു. അത് പിന്നീട് തിരിച്ചുവന്നില്ല. എന്നാൽ

www.malankaralibrary.com

അദ്ദേഹം ഒരു പ്രാവിനെ അയച്ചു. അതിന് കാല് കുത്താൻ സ്ഥലം കിട്ടാതെ ഇരുന്നതിനാൽ അത് തിരിച്ചുചെന്നു. പ്രളയത്തിൽപ്പെട്ട് ചത്തടിഞ്ഞ മനുഷ്യരുടെയും മൃഗങ്ങളുടെയും ശവശരീരങ്ങൾ ഒഴുകിനടക്കുന്ന ഭൂമിയിൽ പ്രാവിന് കാലുകുത്താൻ പറ്റിയില്ല. കാരണം അത് പരിശുദ്ധിയുടെ പ്രതീകമാണ്. നമുക്കറിയാം പ്രാവുകൾ പ്രധാനമായും വസിക്കുന്നത് ദേവാലയങ്ങളോടു ചേർന്നാണ്. വൃത്തിയില്ലാത്ത സ്ഥലങ്ങളിൽ നമുക്ക് പ്രാവുകളെ കാണാൻ പ്രയാസമാണ്.

ദുഃഖവെള്ളിയാഴ്ചത്തെ ശുശ്രൂഷയിൽ നമ്മുടെ ഹൃദയങ്ങളെ വളരെയേറെ സ്പർശിക്കുന്ന ഒരു ഭാഗമുണ്ട്. കർത്താവ് കുരിശും വഹിച്ചുകൊണ്ട് ഗോൽഗൊഥാ മലയിലേക്കു കയറുന്നത് നിറകണ്ണുകളോടെ കാണുന്ന മറിയത്തെ അധികരിച്ച് നാം പാടുന്ന ഒരു പാട്ടുണ്ട്.

സെഹിയോൻ കോട്ടയിൽ നിന്നേശു
കുരിശും തോളിൽ വഹിച്ചയ്യോ
പരിചിതരൊപ്പം മാതാവും
തെല്ലകലത്തായ് നില കൊണ്ടു
ഏറ്റം സങ്കടമോടവളും
തേങ്ങിക്കേണു പ്രാവുസമം...

തന്റെ പൊന്നോമനപുത്രൻ കുരിശും വഹിച്ചുകൊണ്ട് മരണത്തിലേക്ക് നടക്കുമ്പോൾ ഹൃദയം നുറുങ്ങിക്കരയുന്ന മറിയത്തെ കുറുകിക്കരയുന്ന പ്രാവിനോടാണ് ഉപമിച്ചിരിക്കുന്നത്. അതെ ഹൃദയവേദനയോടുകൂടി കരയുന്ന പക്ഷിയാണ് പ്രാവ്.

ഇപ്രകാരം പല സവിശേഷതകളുമുള്ള ജീവികളെയാണ് ദൈവം തനിക്ക് ബലിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. യേശു ദൈവത്തിന് സ്വീകാര്യമായ ബലിയായി തീർന്നു എന്ന് നാം അറിയുന്നു. ഈ ജീവികളിൽ നാം കണ്ട എല്ലാ സവിശേഷതകളും നമുക്ക് യേശുവിൽ കാണുവാൻ സാധിക്കും.

കാള തന്റെ ഉടയവനെ അറിയുന്നതുപോലെ യേശു തന്റെ പിതാവിനെ അറിഞ്ഞു. തന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിൽ മാത്രമാണ് അവിടുന്നു ശ്രദ്ധിച്ചത്. അതാണ് തന്റെ ഭക്ഷണം എന്ന് അവിടുന്നു പറഞ്ഞു. യേശുവിന്റെ പ്രഭാഷണങ്ങൾ പിതാവിനെ ലോകത്തിൽ അറിയിക്കാനുള്ളവയായിരുന്നു. തന്റെ മരണസമയത്തുപോലും പിതാവേ അവിടുത്തെ ഇഷ്ടം നിറവേറട്ടെ എന്നാണ് അവിടുന്ന് പറഞ്ഞത്. ഇപ്രകാരം പിതാവുമായി അകറ്റപ്പെടാനാവാത്ത ഒരു ബന്ധമാണ് യേശുവിന് ഉണ്ടായിരുന്നത്. ഒരു കാള എപ്രകാരം ഭാരം വഹിച്ചുകൊണ്ട് പോകുന്നുവോ അപ്രകാരം കുരിശും വഹിച്ചുകൊണ്ട്, നമ്മുടെ പാപത്തിന്റെ ഭാരവും പേറിക്കൊണ്ട് ഗോൽഗൊഥാ മലയിലേക്ക് കയറിപ്പോയവനാണ് യേശു. ഏശയ്യ പ്രവാചകൻ പറയുന്നു (53:4) നമ്മുടെ വേദനകൾ അവൻ വഹിച്ചു നമ്മുടെ ദുഃഖങ്ങൾ അവൻ ചുമന്നു എന്ന് വീണ്ടും നാം വായിക്കുന്നു. അനേകരുടെ പാപഭാരം അവൻ പേറി എന്ന്.

www.malankaralibrary.com

ഇപ്രകാരം ഭാരം വഹിച്ചവനാണ് യേശു.

വേറൊരു ദൃശ്യം നമുക്ക് മനസ്സിൽ കൊണ്ടുവരാം. യേശുക്രിസ്തു തന്റെ അടുക്കലേക്കു വരുന്നത് കണ്ടപ്പോൾ യോഹന്നാൻ സ്നാപകൻ പറഞ്ഞു. ഇതാ ലോകത്തിന്റെ പാപങ്ങൾ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹ-1:2) . ഏശയ്യാ പ്രവാചകൻ കർത്താവിന്റെ ദാസനെക്കുറിച്ചു പറയുന്നത് കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നില്ക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു എന്നാണ്. (ഏശ-53:7). ദുഃഖവെള്ളിയാഴ്ച പ്രഭാതപ്രാർത്ഥനയുടെ പ്രുമിയോനിൽ നാം പ്രാർത്ഥിക്കുന്നത് മനസ്സോടെ കാരാഗൃഹത്തിൽ നിന്ന് വെട്ടുവാൻ ആട്ടിൻകുട്ടിയെന്നപോലെ ശിക്ഷാവിധിക്കു കൂട്ടിക്കൊണ്ടുപോകുകയും ന്യായാധിപനായ പീലാത്തോസിന്റെ മുമ്പാകെ രോമം വെട്ടുന്നവന്റെ മുമ്പിൽ പെണ്ണാടുപോലെ അനങ്ങാതെ നില്ക്കുകയും ചെയ്തു എന്നാണ്. മറ്റുള്ളവന്റെ തണുപ്പകറ്റാൻ തന്റെ രോമം വിട്ടുകൊടുക്കുന്ന ആടിനെപ്പോലെ നമ്മുടെ പാപത്തിന്റെ ഫലമായ കൊടുംതണുപ്പകറ്റാൻ സ്വന്തം ജീവൻ തന്നെ വിട്ടുകൊടുത്ത കുഞ്ഞാടാണ് യേശുക്രിസ്തു. ഇസഹാക്കിന്റെ ജീവനുപകരം എപ്രകാരം ഒരു ആട്ടിൻകുട്ടി ബലിയർപ്പിക്കപ്പെട്ടുവോ അപ്രകാരം നമ്മുടെയെല്ലാം ജീവനുപകരം അവൻ തന്നെതന്നെ ബലിയർപ്പിച്ചു.

ഒരു പ്രാവ് എപ്രകാരം കുറുകിക്കരയുന്നുവോ അപ്രകാരം വേദനയോടെ വിലപിക്കുന്ന യേശുവിനെ നമുക്ക് കാണുവാൻ സാധിക്കും. താൻ ആർക്ക് നന്മ ചെയ്യുവാൻ ശ്രമിച്ചുവോ ആ ജനം തന്നെ തിരസ്കരിച്ചപ്പോൾ അവരെയോർത്ത് വേദനിക്കുന്ന യേശുവിനെ മത്താ - 23:37 മുതൽ നമുക്കു കാണാം. ഗത്സമെനിയിലേക്ക് പ്രാർത്ഥിക്കുവാൻ പോയ യേശു തീവ്രദുഃഖത്താൽ മരണത്തോളം എത്തിയിരിക്കുന്നു എന്ന് തന്റെ ശിഷ്യന്മാരോടു പറഞ്ഞു. (മത്താ- 26:38). കുരിശ്ശിൽക്കിടന്നുകൊണ്ട് എന്റെ ദൈവമേ നീ എന്നെ എന്തിന് കൈവെടിഞ്ഞു എന്ന് ചോദിച്ചുകൊണ്ട് നിലവിളിച്ചു, കർത്താവ്. തന്റെ സ്നേഹിതനായ ലാസറിന്റെ കുഴിമാടത്തിനരികിൽ നിന്ന് ഹൃദയവേദനയോടുകൂടി കരഞ്ഞവനാണ് യേശു. ഒരു പ്രാവ് എപ്രകാരം സമാധാനത്തിന്റെ പ്രതീകമാണോ അപ്രകാരം ഈ ലോകത്തിൽ സമാധാനവുമായിട്ടാണ് യേശു വന്നത്. അവന്റെ ജനനസമയത്ത് സ്വർഗ്ഗത്തിൽ നിന്നുണ്ടായ ശബ്ദം അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം എന്നാണ് അതുപോലെതന്നെ ഉത്ഥിതനായ യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു പറഞ്ഞത് നിങ്ങൾക്ക് സമാധാനം എന്നാണ്. എന്താണ് ഇതു സൂചിപ്പിക്കുന്നത്? അവന്റെ ജീവിതത്തിന്റെ തുടക്കം മുതൽ ഒടുക്കംവരെയും അവൻ സമാധാനത്തിന്റെ ദൂതൻ ആയിരുന്നു എന്നതാണ്. ഒരു പ്രാവിനെപ്പോലെ നിഷ്കളങ്കനായിരുന്നു, അവിടുന്ന്.

ഇപ്രകാരം പിതാവായ ദൈവം തനിക്ക് ബലിയായി ഏതൊക്കെ ജീവികളെ തിര

www.malankaralibrary.com

ഞ്ഞെടുത്തുവോ ആ ജീവികളിലെല്ലാം നാം കണ്ട പ്രത്യേകതകൾ യേശുവിൽ നമുക്ക് കാണുവാൻ സാധിക്കും. അതിനാൽ പഴയനിയമത്തിൽ അർപ്പിക്കപ്പെട്ട ബലികളുടെയെല്ലാം പൂർത്തീകരണമായി ഒരൊറ്റബലി യേശു അർപ്പിച്ചു. അത് പിതാവായ ദൈവത്തിന് പ്രീതികരമായ ബലിയായിത്തീർന്നു. ഈ ബലി ഇന്നത്തെ ലോകത്തിൽ തുടർന്നുകൊണ്ട് പോകുവാൻ യേശു ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായി വിളിക്കപ്പെട്ടവരാണ് പുരോഹിതർ.

കാള തന്റെ ഉടയവനെ അറിയുന്നതുപോലെ, യേശുക്രിസ്തു പിതാവായ ദൈവത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരുന്നതുപോലെ, ദൈവവുമായി നിരന്തരസമ്പർക്കത്തിലായിരിക്കുന്നവനാണ് പുരോഹിതൻ. കഴുത്തിൽ നുകം വയ്ക്കപ്പെട്ട ഒരു കാള പിന്നെ തനിക്കിഷ്ടമുള്ളിടത്തേക്കല്ല പോകുന്നത് മറിച്ച് തന്റെ യജമാനന് ആവശ്യമുള്ളിടത്തേക്കാണ് പോകുന്നത്. അപ്രകാരം പൗരോഹിത്യത്തിലേക്കു പ്രവേശിച്ച ഓരോ വ്യക്തിയും പിതാവിന്റെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കേണ്ടവനാണ്. യേശുക്രിസ്തു പറയുന്നു "എന്റെ നുകം വഹിക്കുവാൻ എളുപ്പം ഉള്ളതും ചുമട് ഭാരം കുറഞ്ഞതുമാകുന്നു" എന്ന്. ഒരു പുരോഹിതൻ യേശുക്രിസ്തുവിന്റെ നുകം വഹിക്കേണ്ടവനാണ്. യേശു പറഞ്ഞു എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്ന്. അങ്ങനെയെങ്കിൽ ഒരു പുരോഹിതൻ തന്റെ തന്നെ കുരിശും വഹിച്ചുകൊണ്ട് യേശുവിനെ അനുഗമിക്കുന്നവനാണ്. നമ്മുടെ കർത്താവ് എപ്രകാരം നമ്മുടെ പാപത്തിന്റെ ഫലമായുണ്ടായ കുരിശുവഹിച്ചുവോ അപ്രകാരം ഒരു പുരോഹിതൻ തന്നെ ഏല്പിച്ചിരിക്കുന്ന ജനത്തിന്റെ പാപം വഹിക്കുന്നവൻ ആയിരിക്കണം.

ഒരു ആട് എപ്രകാരം മറ്റുള്ളവരുടെ സുഖത്തിനായി തന്നെ തന്നെ വിട്ടുകൊടുക്കുന്നുവോ, കർത്താവായ യേശുക്രിസ്തു എപ്രകാരം മറ്റുള്ളവരുടെ രക്ഷക്കുവേണ്ടി തന്നെതന്നെ വിട്ടുകൊടുത്തുവോ, അപ്രകാരം മറ്റുള്ളവർക്കുവേണ്ടി മുറിക്കപ്പെടുവാനുള്ള ഒരു ജീവിതമാണ് പൗരോഹിത്യജീവിതം. മറ്റുള്ളവർക്കുവേണ്ടി സ്വയം ഇല്ലാതാകുവാൻ, മെഴുകുതിരി ഉരുകി ഇല്ലാതായിത്തീർന്ന് മറ്റുള്ളവർക്ക് പ്രകാശം കൊടുക്കുന്നതുപോലെ, ഉപ്പ് അലിഞ്ഞില്ലാതായിത്തീർന്ന് രുചിപകരുന്നതുപോലെ, ഒരു ജീവിതമാണ് പൗരോഹിത്യജീവിതം. രോമം കത്രിക്കുന്നവന്റെ മുമ്പിൽ ചെമ്മരിയാടുപോലെയും വെട്ടുവാൻ ഉള്ള കുഞ്ഞാടുപോലെയും ക്ഷമയോടുകൂടി സഹിക്കുവാനുള്ള ജീവിതമാണ് പൗരോഹിത്യജീവിതം.

പൗരോഹിത്യജീവിതത്തിലേക്ക് വിളിക്കപ്പെടുന്ന ഓരോ വ്യക്തിയും ഒരു പ്രാവ് എപ്രകാരം കുറുകിക്കുറുകി കരയുന്നുവോ അപ്രകാരം കരയുവാൻ ഉള്ളവനാണ്. ഒന്നാമതായി തന്നെ വിളിച്ചുവേർതിരിച്ച യേശുവിനെ തള്ളിപ്പറഞ്ഞ പത്രോസ് സ്വന്തം തെറ്റിനെക്കുറിച്ചോർത്ത് കരഞ്ഞതുപോലെ ദൈവസന്നിധിയിൽ തെറ്റുചെയ്ത ദാവീദ് സ്വന്തം തെറ്റിനെക്കുറിച്ചോർത്ത് വിലപിച്ചതുപോലെ ഒരു പുരോഹിതൻ സ്വന്തം തെറ്റു

www.malankaralibrary.com

കളെക്കുറിച്ചോർത്ത് ദൈവസന്നിധിയിൽ കരയേണ്ടവനാണ്. രണ്ടാമതായി മോശ തന്റെ ജനത്തിനുവേണ്ടി ദൈവത്തോട് നിലവിളിച്ചു പ്രാർത്ഥിച്ചതുപോലെ തന്നെ ഏല്പിക്കുന്ന ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ കരഞ്ഞു പ്രാർത്ഥിക്കേണ്ടവനാണ് ഒരു പുരോഹിതൻ. നമ്മുടെ, പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു. "കർത്താവേ, നിന്റെ ഇടവകയിലെ ആചാര്യന്മാരുടെ കണ്ണീരുകളാൽ നിന്റെ സഭയോടുകരുണ ചെയ്യണമേ" എന്ന്. ലാസറിന്റെ കുഴിമാടത്തിൽ വച്ച് നമ്മുടെ കർത്താവ് കരഞ്ഞതുപോലെ മറ്റുള്ളവരുടെ കഷ്ടപ്പാടുകളിൽ ആത്മാർത്ഥമായി വേദനിക്കുന്നവനാണ് പുരോഹിതൻ. അവസാനമായി നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവം കണ്ട് ജറുസലേം നഗരിയിലെ സ്ത്രീകൾ കരഞ്ഞതുപോലെ, തന്റെ പൊന്നോമന പുത്രൻ ഭാരമേറിയ കുരിശും ചുമന്ന്, മറ്റുള്ളവരുടെ അടിയേറ്റ്, നിന്ദിക്കപ്പെട്ടവനായി ഗോൽഗൊഥാ മലയിലേക്ക് പോകുന്നതുകണ്ടപ്പോൾ പരി. മറിയം കരഞ്ഞതുപോലെ, നമ്മുടെ കർത്താവ് നമുക്കുവേണ്ടി അനുഭവിച്ച പീഡകളെയും വേദനകളെയും ഓർത്ത് ഹൃദയംനുറുങ്ങി കരയേണ്ടവനാണ് പുരോഹിതൻ. ഇങ്ങനെയുള്ള ഒരു പുരോഹിതനാണ് ദൈവത്തിനു സ്വീകാര്യമായ ബലിവസ്തുവായിത്തീർന്ന യേശുക്രിസ്തുവിന്റെ പ്രതിപുരുഷൻ.

ഒരു പുരോഹിതന്റെ ജീവിതം ബലിയർപ്പിക്കേണ്ടതെന്നതിനേക്കാൾ, ജനത്തിനുവേണ്ടി, ബലിയർപ്പിക്കപ്പെടുവാൻ ഉള്ളതാണ്. അപ്പോഴാണ് നമുക്ക് പറയുവാൻ സാധിക്കുക ഒരു പുരോഹിതൻ മറ്റൊരു ക്രിസ്തുവാണെന്ന്.

ഒരു പുരോഹിതൻ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവനാണ്. പഴയ നിയമത്തിൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട മൂന്നുതരം ആളുകളുണ്ട്. പ്രവാചകന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ. ദൈവജനത്തെ പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുന്ന എന്നിവയായിരുന്നു യഥാക്രമം അവരുടെ ദൗത്യങ്ങൾ. മിശിഹാ എന്ന വാക്കിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്. ഇസ്രായേൽ ജനം പ്രതീക്ഷയോടെ കാത്തിരുന്ന മിശിഹായാണ് യേശുക്രിസ്തു. പഴയ നിയമത്തിലെ ത്രിവിധ ദൗത്യങ്ങളുടെ സങ്കലനം യേശുവിൽ നമുക്ക് കാണാം. ജനത്തെ പഠിപ്പിക്കുന്ന പ്രവാചകനായ യേശു, അവരെ വിശുദ്ധീകരിക്കുന്ന പുരോഹിതനായ യേശു, നയിക്കുന്ന രാജാവായ യേശു. ഇങ്ങനെയുള്ള ഒരു യേശുവിനെയാണ് ബൈബിളിൽ നാം കാണുന്നത്. അവന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ഈ ദൗത്യം തുടർന്നുകൊണ്ടുപോകുന്നത് സഭയാണ്. സഭയുടെ ഈ ദൗത്യം സഭയുടെ നാമത്തിൽ നിർവ്വഹിക്കാനാണ് പൗരോഹിത്യം എന്ന കൂദാശയിലൂടെ, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരെ പ്രത്യേകം പരിശീലിപ്പിച്ച് വൈദികരായി അഭിഷേകം ചെയ്യുന്നത്. ദൈവവചനം വ്യാഖ്യാനിച്ചുകൊണ്ട് അവർ പ്രവാചകദൗത്യം നിർവ്വഹിക്കുന്നു. വി. കൂദാശകൾ പരികർമ്മം ചെയ്തുകൊണ്ട് വിശുദ്ധീകരണ ദൗത്യം (പുരോഹിതദൗത്യം) നിർവ്വഹിക്കുന്നു. ദൈവജനത്തെ നയിച്ചുകൊണ്ട് രാജത്വദൗത്യം നിർവ്വഹിക്കുന്നു. ഇതി

www.malankaralibrary.com

നുവേണ്ടിയാണ് ഇന്ന് നമ്മുടെയിടയിൽ നിന്ന് ഒരാൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

പൗരോഹിത്യത്തിലേക്കുള്ള വിളി ആരും സ്വന്തമായി തിരഞ്ഞെടുക്കുന്ന ഒന്നല്ല. മറിച്ച് ദൈവത്താൽ വിളിക്കപ്പെടുകയാണ്. "അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല" (ഹെബ്ര 5:4). ജനങ്ങളിൽനിന്ന് ജനങ്ങൾക്ക് വേണ്ടി തിരഞ്ഞെടുക്കപ്പെടുന്നവനാണ് പുരോഹിതൻ (ഹെബ്രാ.5:1). ഈ വിളി നമ്മുടെ ആരുടെയും യോഗ്യതകൾ കണ്ടുകൊണ്ട് നല്കിയിട്ടുള്ള ഒന്നല്ല. മറിച്ച് ഇത് ഒരു ദാനമാണ്. "അവൻ തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും. അവൻ അവരെ നിയോഗിച്ചു" (മർ-3:13). യേശു വിളിച്ചപ്പോൾ ശിഷ്യന്മാർ അവന്റെ സമീപത്തേക്കു ചെന്നതുപോലെ ദൈവം വിളിച്ചപ്പോൾ ആ വിളി കേട്ട് അവന്റെ സമീപത്തേക്കു ചെന്ന ഒരാളെ ഇന്ന് ദൈവം തന്റെ ദൗത്യം നല്കി നമ്മുടെ അടുത്തേക്ക് അയച്ചിരിക്കുകയാണ്. ഈ വിളിക്ക് ശരിയായ പ്രത്യുത്തരം നല്കിയതിന് നമ്മുടെ ഈ നവവൈദികനെയും അദ്ദേഹത്തെ ഈ ജീവിതത്തിനുവേണ്ടി സമർപ്പിച്ച അദ്ദേഹത്തിന്റെ മാതാപിതാക്കളെയും, സഹോദരങ്ങളെയും ബന്ധുമിത്രാദികളേവരെയും, ഈ ഇടവകക്കാരേയും ഈ സമയത്ത് പ്രത്യേകം അഭിനന്ദിക്കുന്നു.

പൗരോഹിത്യജീവിതം നിസ്സാരമായ ഒന്നല്ല. വളരെയേറെ ഗൗരവത്തോടെ കാണേണ്ട ഒന്നാണ്. ഒരു പുരോഹിതൻ ക്രിസ്തുവിന്റെ കരങ്ങളാകുവാൻ വിളിക്കപ്പെട്ടവനാണ്. തിരകൾ ഇളകിമറിയുന്ന പ്രക്ഷുബ്ധമായ കടലിനെ ശാന്തമാക്കിയ ഒരു കരം, അന്ധനായവന്റെ കണ്ണിൽ സ്പർശിച്ച ഒരു കരം, കൂനിയായ സ്ത്രീയുടെ കൂനിൽ സ്പർശിച്ച ഒരു കരം, തന്നെ പിടിച്ചു കൊണ്ടുപോകുവാൻ വന്ന പടയാളിയുടെ ചെവിയിൽ സ്പർശിച്ചു സുഖമാക്കിയ ഒരു കരം, അപ്പവും വീഞ്ഞുമെടുത്ത് എന്റെ ശരീരവും രക്തവും ആകുന്നു എന്നരുളിച്ചെയ്ത് മറ്റുള്ളവർക്ക് പങ്കുവച്ചുകൊടുത്ത ഒരു കരം, മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ രക്ഷക്കുവേണ്ടി ആണി അടിച്ചുകയറ്റപ്പെട്ട ഒരു കരം, അവസാനമായി ഉയിർത്തെഴുന്നേറ്റതിനുശേഷം ലോകത്തിനു സമാധാനം ആശംസിച്ച ഒരു കരം ഒരുക്കുവാൻ വിളിക്കപ്പെട്ടവനാണ് ഒരു വൈദികൻ. വൈദികൻ താൻ അർപ്പിക്കുന്ന ഓരോ ബലിയിലും തന്നെതന്നെ അർപ്പിക്കുകയാണ് ചെയ്യുന്നത്. ഈ സത്യം മനസ്സിലാക്കിയ ഒരു വൈദികൻ തന്റെ സാക്രിസ്റ്റിയിൽ ഇങ്ങനെ കുറിച്ചുവച്ചു.

ദൈവത്തിന്റെ പുരോഹിതാ, ഈ ബലി നിന്റെ ജീവിതത്തിലെ ആദ്യത്തെ ബലി എന്നപോലെ അർപ്പിക്കുക, നിന്റെ ജീവിതത്തിലെ ഏകബലി എന്നപോലെ അർപ്പിക്കുക, നിന്റെ ജീവിതത്തിലെ അവസാനത്തെ ബലി എന്നു കരുതി അർപ്പിക്കുക.

പ്രിയമുള്ളവരേ, ഇത്രയേറെ ഗൗരവം ഉള്ള ഒരു വിളിയാണ് നമ്മുടെ ഈ നവ

www.malankaralibrary.com

വൈദികൻ ഏറ്റെടുത്തിരിക്കുന്നത്. വി.പൗലോസ് ശ്ലീഹാ പറയുന്നതുപോലെ മൺപാത്രങ്ങളിലാണ് ഈ നിധി നല്കപ്പെട്ടിട്ടുള്ളത്. അതിനാൽ ഈ നിധി ദൈവത്തിനും ദൈവജനത്തിനുംവേണ്ടി ഉപയോഗിക്കുവാൻ നമ്മുടെ എല്ലാവരുടെയും പ്രാർത്ഥന അത്യാവശ്യമാണ്. അതിനാൽ നമ്മുടെ ദൈനംദിന പ്രാർത്ഥനയിൽ നമ്മുടെ ഈ നവവൈദികനുവേണ്ടിയും, ഈ വിളി ഏറ്റെടുത്തിരിക്കുന്ന എല്ലാവർക്കുവേണ്ടിയും പ്രാർത്ഥിക്കാം. ഇദ്ദേഹത്തിന്റെ പൗരോഹിത്യജീവിതത്തിൽ സർവ്വശക്തനായ ദൈവത്തിന്റെ കൃപ എപ്പോഴും കൂടെയുണ്ടാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് നിർത്തട്ടെ.

മനുഷ്യന്റെ ആത്മാക്കളിൽപോലും അധികാരമുള്ള വൈദികനെ കാണുമ്പോൾ ഞാൻ അസൂയപ്പെടുന്നു. (നെപ്പോളിയൻ.)

ഒരു വൈദികനെയും ഒരു മാലാഖയെയും ഒരുമിച്ച് കാണുയാണെങ്കിൽ ആദ്യം ഞാൻ പുരോഹിതനെ അഭിവാദ്യം ചെയ്യും. (വി.ഫ്രാൻസിസ് അസ്സീസ്സി)

മാതാവ് ഒരു പ്രാവശ്യം ഈശോയെ ലോകത്തിനു നല്കിയെങ്കിൽ, പുരോഹിതൻ എല്ലാ ദിവസവും ഈശോയെ ലോകത്തിന് നല്കുന്നു.(വി.അൽഫോൺസ് ലിഗോരി.)

www.malankaralibrary.com

# ശവസംസ്കാരം

(ശവസംസ്കാരസമയത്തോ, ഓർമ്മക്കുർബാന മദ്ധ്യേയോ നടത്തുന്ന പ്രസംഗങ്ങൾ നിത്യജീവിതത്തെപ്പറ്റിയും ലോകത്തിന്റെ നശ്വരതയെപ്പറ്റിയും ഓർമിപ്പിക്കാനുള്ള അവസരങ്ങളാണ്. ഇത് അധികം നീണ്ടുപോകാതെയും മരിച്ച വ്യക്തിയെ പുകഴ്ത്തുന്നതു മാത്രമായും തരംതാഴാതെ ശ്രദ്ധിക്കണം).

ക്രിസ്ത്യാനിയുടെ ജീവിതം ഒരു തീർത്ഥാടനമാണ്. അമ്മയുടെ ഹൃദയത്തിൽ ഉരുവാകുന്ന നിമിഷത്തിൽ ഒരുവൻ യാത്ര ആരംഭിക്കുന്നു. വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും സ്നേഹത്തിന്റെയും വഴിയിലൂടെയാണ് അവന്റെ യാത്ര. ഈ യാത്രയുടെ ലക്ഷ്യം സന്തോഷവും സമാധാനവും മാത്രമുള്ള നിത്യജീവിതമാണ്. യാത്രയുടെ അന്ത്യം എപ്പോഴാണ്, എങ്ങനെയാണ് എന്ന് മുൻകൂട്ടി പറയാൻ ആർക്കും കഴിയില്ല. തീർത്ഥാടനത്തിന് നമ്മെ അയച്ചിരിക്കുന്നത് ദൈവമാണ്. യാത്രയുടെ അവസാനത്തിൽ നമ്മെ സ്വീകരിക്കുന്നതും ദൈവം തന്നെ.

മനുഷ്യജീവൻ ദൈവത്തിന്റെ ദാനമാണ്. ഇന്ന് നമ്മിൽ നിന്നും വേർപെട്ട വ്യക്തി, ദൈവം നമുക്ക് നല്കിയ സ്നേഹസമ്മാനമായിരുന്നു. അനേകം നന്മകൾ അദ്ദേഹത്തിലൂടെ ദൈവം നമുക്ക് നല്കി. നമുക്കെല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്ന ഇദ്ദേഹത്തെ ഇനി കാണാനോ, സന്തോഷം പങ്കുവയ്ക്കാനോ, ഒന്നു ചിരിക്കാനോ സാധിക്കില്ല. നമ്മുടെ പഞ്ചേന്ദ്രിയങ്ങളിൽ നിന്ന് അദ്ദേഹം വിദൂരത്തിലാണ്.

മനുഷ്യനു മരണം സംഭവിക്കുന്നത് എന്തുകൊണ്ടാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചയച്ചിരിക്കുന്നത് അന്ത്യമില്ലാതെ ഭൂമിയിൽ ജീവിക്കാനല്ല, ദൈവത്തോടൊപ്പം നിത്യകാലം വാഴാനാണ്. ഈ ലോകത്തിലെ ജീവിതകാലം വളരെ ചുരുങ്ങിയതാണ്. തൊട്ടിലിൽനിന്നും ചുടലവരെ അധികദൂരമില്ല. നമ്മൾ ജീവിക്കുന്ന ഭൂമി അതിമനോഹരമാണ്. എന്നാൽ ഒരു കൈക്കോ, കാലിനോ, മറ്റ് ഏതെങ്കിലും ഒരു അവയവത്തിനോ പറ്റുന്ന പിഴവിനോ, തകരാറിനോ ജീവിതം തന്നെ വിലയായി നല്കേണ്ടിവരും. അപകടങ്ങളും രോഗങ്ങളും നിത്യം ജീവിതത്തിന് അന്ത്യം കുറിച്ചുകൊണ്ടിരിക്കുന്നു. ജീവനെ സുരക്ഷിതമാക്കാൻ അനേകം കാര്യങ്ങൾ മുൻകൂട്ടി ചെയ്യുവാൻ നമുക്കു സാധിക്കും. എന്നാൽ ദൈവം നിശ്ചയിച്ചിരിക്കുന്ന ആ മരണനിമിഷത്തെ മറികടക്കാൻ ആർക്കുമാവില്ല.

താൻ സ്നേഹിക്കുന്നവരെയാണ് ദൈവം നിത്യാനന്ദത്തിലേക്ക് ആദ്യം ക്ഷണിക്കുന്നതെന്ന് ഗ്രീക്കുകാരുടെയിടയിൽ ഒരു വിശ്വാസമുണ്ട്. ശരിയായിരിക്കാം. നമ്മുടെ ജീവിതത്തിൽ ഏറ്റവും തീർച്ചയുള്ള ഒന്നാണ് മരണം. എന്നാൽ മരണസമയം ആർക്കും നിശ്ചയമില്ല. ഈ മരണത്തിന് കണ്ണുകളോ കാതുകളോ ഇല്ല. കാരണം പിഞ്ചുകുഞ്ഞെന്നോ വൃദ്ധനെന്നോ, രോഗിയെന്നോ, ബലവാനെന്നോ മരണം നോക്കാറില്ല. നമുക്ക് ചെയ്തുതീർക്കാനുള്ള കാര്യങ്ങൾ ഓർമ്മിച്ച് നിലവിളിച്ചാൽ മരണം

www.malankaralibrary.com

ശ്രവിക്കുകയുമില്ല. ദൈവം നിശ്ചയിച്ച നമ്മുടെ ജീവിതകാലം പൂർത്തിയാക്കുമ്പോൾ നാം തിരിയെ ചെല്ലുക തന്നെ വേണം.

ദൈവത്തിന്റെ വഴികൾ അത്ഭുതാവഹങ്ങളാണ്. ദൈവത്തിനു വഴികാണിക്കാൻ നമുക്കാകുമോ? ആ വഴികൾ ആർക്കു തീരുമാനിക്കാനാകും. ദൈവത്തിന്റെ പദ്ധതികൾ ആർക്കു മുൻകൂട്ടി കാണാനാകും. എന്നാൽ ഒരു കാര്യം നമുക്കു തീർച്ചയാക്കാം, ദൈവത്തിന്റെ പദ്ധതി നമ്മുടെ നന്മയ്ക്കു വേണ്ടിയുള്ളതാണ്, ദൈവസ്നേഹമാണ് ദൈവത്തിന്റെ വഴി. നമ്മുടെ നന്മയ്ക്കായല്ലാതെ ഒന്നും സംഭവിക്കാൻ ദൈവം അനുവദിക്കില്ല. ദൈവത്തിനു വേണ്ടത്, നമ്മുടെ ആനന്ദക്കണ്ണീരാണ്, സങ്കടക്കണ്ണീരല്ല, ദൈവമറിയാതെ ഒന്നും സംഭവിക്കുന്നില്ല എന്നും നമുക്കാശ്വസിക്കാം.

അമ്മയുടെയുള്ളിൽ, ഗർഭാവസ്ഥയിലായിരിക്കുന്ന കുഞ്ഞ് പുറംലോകത്തേക്കു വരാൻ ഇഷ്ടപ്പെടുന്നില്ല. കാരണം പുറമേ ഒരു ലോകമുണ്ടെന്ന് ആ കുഞ്ഞിനറിയില്ല. മാത്രമല്ല, തനിക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ചൂടും സുഖവും സുരക്ഷിതത്വവും നഷ്ടപ്പെടുന്നത് അതിന് ചിന്തിക്കാനേ കഴിയില്ല. എന്നാൽ ആ കുഞ്ഞ് ഈ ലോകത്തിലേക്കു വന്നുകഴിഞ്ഞാൽ എന്തു മനോഹരമായ പ്രപഞ്ചം, സ്നേഹിക്കാനും ലാളിക്കാനും എത്രയെത്ര പേർ. ഇതേ സ്ഥിതിവിശേഷമാണ് മരണത്തിലും സംഭവിക്കുന്നത്. മരണത്തിലൂടെ ഒരു വ്യക്തി ഒരു പുതിയ ലോകത്തിലേക്ക് പ്രവേശിക്കുന്നു. വിശപ്പോ ദാഹമോ ഇല്ലാത്ത, രോഗമോ മരണമോ ഇല്ലാത്ത, ദുഃഖമോ വേദനയോ ഇല്ലാത്ത ഒരു ലോകം നമുക്കായി കാത്തിരിക്കുന്നു.

ഒരു മനുഷ്യൻ മരിക്കുമ്പോൾ ആ ജീവന്റെ അവസാനമല്ല സംഭവിക്കുന്നത്. എന്നാൽ ആ ജീവൻ രൂപാന്തരീകരണത്തിലൂടെ പൂർണ്ണമാക്കപ്പെടുകയാണ്. വിളക്കിലെ പ്രകാശത്തെ ഊതിക്കെടുത്തുകയല്ല മരണം ചെയ്യുന്നത്. പ്രത്യുത നിത്യ പ്രകാശമുദിക്കുന്നതുകൊണ്ട് താല്ക്കാലിക പ്രകാശം നിഷ്പ്രഭമാകുകയാണ്. മരണം ജീവിതത്തിന്റെ അന്ത്യമല്ല, ജീവിതത്തിന് ഒരു മാറ്റം സംഭവിക്കുന്നതേ ഉള്ളൂ. ചിന്താതീതമായ വിശാലമായ ഒരു ലോകത്തിലേക്കുള്ള ഒരു മാറ്റം മാത്രം, ഒരു പ്രവേശനം മാത്രം.

മരിക്കുന്ന വ്യക്തി കണ്ണിമയ്ക്കുന്ന സമയത്തിനുള്ളിൽ രൂപാന്തരം നേടി പുതിയ ലോകത്തിലേക്ക് പ്രവേശിക്കുന്നു. യേശുവിൽ വിശ്വസിക്കുകയും അവന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും ചെയ്തവനെ ദൈവം ഉയിർപ്പിക്കും. അവനെയൊരിക്കലും പാതാളത്തിലേക്ക് ദൈവം തള്ളുകയില്ല. യേശുവിനെപ്രതി ഒരു പാത്രം പച്ചവെള്ളമെങ്കിലും ആർക്കെങ്കിലും നല്കിയിട്ടുണ്ടെങ്കിൽ ദൈവം അത് ഓർമ്മിക്കും. നഗ്നരായവരെ ഉടുപ്പിച്ചതും, വിശന്നിരുന്നവർക്ക് ഭക്ഷണം നല്കിയതും, രോഗികളെ ആശ്വസിപ്പിച്ചതും, പലവിധത്തിൽ ബന്ധനത്തിലായിരുന്നവരെ സന്ദർശിച്ചതും കർത്താവ് മറക്കുകയില്ല. ഈ ലോകത്തിൽ ഒന്നുമില്ലാത്തവരായി വന്ന് നമ്മെ പരിചരിച്ച ഇവർക്ക് ദൈവം പ്രതിഫലം നല്കും. സ്വന്തം ആവശ്യങ്ങൾ മറന്ന് നമു

www.malankaralibrary.com

ക്കുവേണ്ടി അദ്ധ്വാനിച്ചതും, നമ്മെ സ്നേഹിച്ചതും, നമ്മെ വളർത്താൻ വേദനകൾ സഹിച്ചതും ദൈവം മറക്കില്ല. ഈ ലോകത്തിൽ നന്മ ചെയ്ത് കടന്നുപോയവരുടെ ആത്മാക്കൾ മരണനിമിഷം തന്നെ ദൈവസന്നിധിയിലേക്ക് ആനയിക്കപ്പെടും. ശരീരപുനരുദ്ധാനത്തിനുമുൻപുതന്നെ ദൈവദർശനവും തന്മൂലം അനന്തവും അവർണ്ണനീയവുമായ ആനന്ദവും അനുഭവിക്കാൻ ദൈവം ഇടയാക്കും.

എന്നാലും ഈ വേർപാടിൽ നാമെല്ലാവരും ദുഃഖിതരാണ്. നാനാവിധമായ ചോദ്യങ്ങൾ നമ്മുടെ മനസ്സിലുയരുന്നുണ്ട്. നമ്മുടെ വേദന അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നവനാണ് നമ്മുടെ കർത്താവായ യേശുനാഥൻ. തന്റെ പുത്രന്റെ മരണത്തിൽ ഹൃദയം നൊന്തു കരഞ്ഞ ആ വിധവയുടെ കണ്ണീരുകണ്ട് മനസ്സലിഞ്ഞ് പുത്രനെ പുനരുജ്ജീവിപ്പിച്ചവനാണ് നമ്മുടെ ദൈവം. തന്റെ സ്നേഹിതനായ ലാസർ മരിച്ചതറിഞ്ഞ് അവിടുന്നും കണ്ണീരൊഴുക്കി കരഞ്ഞു. കുരിശ്ശിൽ കിടന്നുകൊണ്ട് തന്റെ അമ്മയെ യോഹന്നാനെ ഏല്പിച്ചതിനുശേഷമാണ് അവിടുന്ന് മരിച്ചത്. എന്നാൽ മരണം ഒരു അന്ത്യമല്ലെന്നും ഒരു ആരംഭമാണെന്നും അവിടുന്നറിഞ്ഞിരുന്നു. മരണത്തിന്റെ സകല ബന്ധനങ്ങളും പൊട്ടിച്ചെറിഞ്ഞുകൊണ്ട് മൂന്നാംദിവസം മരിച്ചവരിൽനിന്നും കർത്താവ് ഉയർത്തെഴുന്നേറ്റു.

ഈ വേർപാട് താങ്ങാനുള്ള ശക്തി നമുക്ക് നല്കുന്നത് പുനരുത്ഥാനത്തിലുള്ള ആഴമായ വിശ്വാസമാണ്. പ്രതീക്ഷയുടെ കാരണവും ഇതുതന്നെയാണ്. നാം ഇല്ലാതാകുകയില്ല. പുതിയ ജീവനോടുകൂടെ ഉയിർത്തെഴുന്നേല്ക്കും. യേശുവിൽ പ്രത്യാശയർപ്പിച്ച ശിഷ്യന്മാർക്ക് അവിടുത്തെ മരണം താങ്ങാവുന്നതിലപ്പുറമായിരുന്നു. നിരാശരായി എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരെപ്പോലെ നാമും നിരാശരാകരുത്. കാരണം ക്രിസ്തു, മരണത്തെ തോല്പിച്ച് ഒരു നവജീവിതം ആരംഭിച്ചിരിക്കുന്നു. ഇത് നമ്മുടെ മരിച്ചുപോയവർക്കും സംഭവിക്കുന്ന യാഥാർത്ഥ്യമാണ്. യേശുനാഥൻ തന്റെ നിത്യമായ ഭവനത്തിലേക്ക് പ്രവേശിച്ചത്, മരണം എന്ന യാഥാർത്ഥ്യത്തിലൂടെ കടന്നുപോയിട്ടാണ്. ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളാകുന്ന നാമും ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ പങ്കാളികളാകും. യേശുനാഥൻ, മനുഷ്യജീവിതത്തിലും മരണത്തിലും പങ്കെടുത്ത് നമുക്ക് ഒരു മാതൃകയായിത്തീർന്നു. ക്രിസ്തുവിനു മരണം അപരിത്യാജ്യമായിരുന്നതുപോലെ നമുക്കും മരണം ഒഴിവാക്കാനാവില്ല. ഒരു ക്രിസ്ത്യാനിയുടെ ജീവിതം അതിന്റെ സാരസത്തയിൽ യേശുവിനെ അനുകരിക്കുകയാണ്. ഈ അനുകരണം യേശുവിന്റെ ജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലുമുള്ള അനുകരണം കൂടെയാണ്.

അതുകൊണ്ട് നമ്മുടെ വിലാപം പുനരുത്ഥാനത്തിൽ വിശ്വാസമില്ലാത്തവരെപ്പോലെ നിരാശരായിട്ടാകരുത്. നമ്മുടെ ദുഃഖം നാളെ സന്തോഷമായി മാറും. കർത്താവ് മലയിലെ പ്രസംഗത്തിൽ പറഞ്ഞതുപോലെ "കരയുന്നവരേ നിങ്ങൾ ഭാഗ്യവാന്മാർ നിങ്ങൾ ആശ്വസിപ്പിക്കപ്പെടും." ഈ വ്യക്തിയുടെ മരണം ഒരു നഷ്ടപ്പെട

www.malankaralibrary.com

ലല്ല; പകരം ഒരു നേട്ടമാണിത്. നമ്മുടെ കർത്താവ് പുനരുത്ഥാനവും ജീവനുമാണ്. യേശുവഴി പുനരുത്ഥാനം നമുക്കും സംഭവിച്ചിരിക്കുന്നു. മാമോദീസ വഴി യേശുവിനോടൊത്ത് മരിച്ചിട്ടുള്ള നാം അവനോടൊത്ത് ജീവിക്കും എന്ന് ആഴമായി നാം വിശ്വസിക്കുന്നു. നമ്മുടെ പൗരത്വം സ്വർഗ്ഗരാജ്യത്തിലാണ് അല്ലാതെ നാം ഈ ലോകത്തിലേക്കോ ലോകത്തിനു വേണ്ടിയോ അല്ല.

ഇന്നിവിടെ കൂടിയിരിക്കുന്ന നാമോരോരുത്തർക്കും ഒരു കർത്തവ്യമുണ്ട്. ഇത്രയും കാലം നമുക്കു സ്വന്തമായിരുന്ന ഈ വ്യക്തിയെ ദൈവത്തിനു ഏല്പിച്ചുകൊടുക്കുകയാണത്. ഈ കുടുംബത്തെ സംബന്ധിച്ചിടത്തോളം ഇതൊരു ബലിയാണ്. കുരിശ്ശിന്റെ ചുവട്ടിൽനിന്നുകൊണ്ട് മറിയം നടത്തിയതുപോലുള്ള ഹൃദയം പൊട്ടിക്കരഞ്ഞുകൊണ്ടൊരു ബലി. മനസ്സും ശരീരവും വേദനയുടെ എരിതീയിലർപ്പിച്ചുകൊണ്ടൊരു ബലി. നമുക്കെല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു/പ്രിയപ്പെട്ടവളായിരുന്നു, ഈ വ്യക്തി. അതുപോലെതന്നെ ദൈവത്തിന്റെ സുഹൃത്തുമായിരുന്നു ഇദ്ദേഹം/ഇവൾ. ദൈവം തന്റെ സുഹൃത്തിനെ അടുത്തേക്കു വിളിച്ചു. ഈ സന്ദർഭത്തിൽ നല്ല മനസ്സോടെ ദൈവഹിതത്തിനു വിധേയരാകാം.

ഇത്രയും കാലം കാണപ്പെടുന്ന ഈ സഭയിൽ അംഗമായിരുന്നു ഇദ്ദേഹം. സഭയിലെ അംഗങ്ങളായ നാമെല്ലാവരും ഒരു ശരീരത്തിന്റെ അവയവങ്ങളെന്നപോലെ ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധം ഈ ലോകത്തിലവസാനിക്കുന്നതല്ല. മരിച്ച വ്യക്തി നാമുമായി സുദൃഢമായ ഒരു ബന്ധത്തിലേക്ക് പ്രവേശിക്കുകയാണ് ചെയ്യുന്നത്. ഇത്രയും നാൾ നമുക്കു ചെയ്ത നന്മകളെക്കാൾ ഇനി അധികം നന്മ ചെയ്യാൻ ഇദ്ദേഹത്തിനു കഴിയുന്നു. ദൈവത്തിന്റെ തിരുമുഖദർശനത്തിലായിരിക്കുന്ന ഇയാൾക്കു നമുക്കുവേണ്ടി പ്രാർത്ഥിക്കാനും മാധ്യസ്ഥനായി നിന്നുകൊണ്ട് അപേക്ഷിക്കാനും കഴിയും. ഒരു കുഞ്ഞ് ഗർഭാവസ്ഥയിൽനിന്ന് പുറത്തുവന്ന് അമ്മക്ക് അധികം സ്നേഹം നല്കുന്നതുപോലെ നമുക്കുവേണ്ടി ഈ കുടുംബത്തിനുവേണ്ടി ദൈവത്തോട് അപേക്ഷിക്കാൻ ഇദ്ദേഹം നമ്മിൽനിന്ന് ദൈവസന്നിധിയിലേക്ക് പറന്നുപോയിരിക്കുന്നു.

ഈ വേർപാടിന്റെ ദുസ്സഹമായ വേദന നമുക്കെല്ലാവർക്കും പങ്കിട്ടെടുക്കാം. പങ്കിടുന്ന വേദന പകുതിയാകും എന്നാണല്ലോ ചൊല്ല്. നമ്മുടെ സ്നേഹവും പരിചരണവും ആശ്വാസവും ഈ കുടുംബത്തിനാവശ്യമുണ്ട്. ഇവർക്കെല്ലാവർക്കും വേണ്ടി ഹൃദയപൂർവ്വം ദൈവത്തോട് അപേക്ഷിക്കാം. ദൈവം തന്നെ ഇവർക്ക് ആശ്വാസമേകും.

പ്രിയമുള്ളവരേ, ഈ സന്ദർഭം വളരെ പ്രസക്തമായ ഒരു സന്ദേശം നമുക്ക് നല്കുന്നുണ്ട്. ഇന്നു ജീവിച്ചിരിക്കുന്നവരായ നമ്മുടെ ജീവിതത്തിലും തീർച്ചയായും വന്നുഭവിക്കുന്ന ഒരു സത്യമാണ് മരണം. മരണനിമിഷം മുൻകൂട്ടി ഗണിച്ചറിയാൻ നമുക്കു കഴിവില്ല. അതുകൊണ്ട് നാം എപ്പോഴും മരണത്തിന് തയ്യാറായിരിക്കണം. അവസാന

www.malankaralibrary.com

നിമിഷം മരണത്തിനുവേണ്ടി ഒരുങ്ങാനോ കാര്യങ്ങൾ ചെയ്തുതീർക്കാനോ സാധിക്കാതെ വരും. എപ്പോൾ വിളിച്ചാലും പോകാൻ സന്നദ്ധമായിരിക്കണം.

മരണശേഷം ഒരു ന്യായവിധിക്കായി നാം തയ്യാറാകേണ്ടതുണ്ട്. നന്മ ചെയ്തവർക്ക് നിത്യജീവൻ സമ്മാനമായി ലഭിക്കും. തിന്മയിൽ മുഴുകി ജീവിതം തീർത്തവർക്ക് ശിക്ഷ അനുഭവിക്കേണ്ടിവരും. മരണത്തിൽ സംഭവിക്കുന്നത് ആത്മാവ് ശരീരത്തിൽനിന്ന് വേർപെടുന്നതാണ്. ആ നിമിഷം ദൈവത്തെയും മറ്റു യാഥാർത്ഥ്യങ്ങളെയും ആത്മാവ് തിരിച്ചറിയും. ആ നിമിഷത്തിൽ ദൈവത്തെ സ്വീകരിക്കാൻ കഴിയണമെങ്കിൽ ഈ ലോകത്തിൽവച്ചുതന്നെ യേശുനാഥനെ സ്വീകരിച്ചിരിക്കുകയും അതനുസരിച്ച് ജീവിച്ചിരിക്കുകയും വേണം. നിത്യജീവിതം ഈ ലോകത്തിന്റെ തുടർച്ച മാത്രമാണ്. ഇവിടെ ആ ജീവിതം ആരംഭിക്കണം. അല്ലാതെ സ്വർഗ്ഗത്തിലാരംഭിക്കാൻ നമുക്ക് കഴിയില്ല, അവസരവുമില്ല. ഈ ലോകത്തിൽ നാം സ്നേഹിച്ചവരും വെറുത്തവരും നമ്മോടൊപ്പമുണ്ടാകും.

പരിശുദ്ധിയുടെ നിറകുടമായ ദൈവത്തിന്റെ സാമീപ്യം അനുഭവിക്കണമെങ്കിൽ നാം വിശുദ്ധിയുള്ളവരായിരിക്കണം. അശുദ്ധമായ ഹൃദയമാണ് നമുക്കുള്ളതെങ്കിൽ ദൈവത്തെ സമീപിക്കാനോ ആ സന്തോഷം നുകരാനോ സാധിക്കാതെ നാം തന്നെ ദൈവത്തിൽനിന്നകന്ന് വേർപാടിന്റെ വേദന മാത്രമുള്ള നരകം സൃഷ്ടിക്കും. ഇവിടെത്തന്നെ പ്രകാശവും ജീവനും നിത്യസന്തോഷവുമാകുന്ന ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നില്ലെങ്കിൽ നാം നരകത്തിൽ ഭവനം പണിയാൻ തുടങ്ങിക്കഴിഞ്ഞു. മനുഷ്യരെ സ്നേഹിച്ചുതുടങ്ങാം, ക്രിസ്തുവിനെ അനുകരിക്കാം, വേറൊരു ക്രിസ്തുവായി ജീവിച്ച് സ്വർഗ്ഗഭാഗ്യം അവകാശപ്പെടുത്താം. ഒരു കാര്യം നാം മറക്കരുത്, ഇനി അധികസമയം ശേഷിച്ചിട്ടില്ല.

എന്നാൽ അടിമത്ത മനസ്ഥിതിയോടെ ദൈവത്തെ ഭയപ്പെടുകയല്ല വേണ്ടത്. ദൈവം നീതിയായി വിധിക്കുന്നവനാണ്. അതോടൊപ്പം കാരുണ്യവാനുമാണവിടുന്ന്. നമ്മെ പ്രസവിച്ച അമ്മ നമ്മെ വിധിച്ചാൽ എങ്ങനെയോ അതിനെക്കാൾ സ്നേഹത്തോടെയായിരിക്കും ദൈവം നമ്മെ വിധിക്കുന്നത്. പെറ്റമ്മ മറന്നാലും നമ്മെ സ്നേഹിക്കുന്ന ദൈവം നമ്മെ മറക്കില്ല.

നന്മ നിറഞ്ഞ മറിയമേ... എന്നുതുടങ്ങുന്ന പ്രാർത്ഥന ഓരോ പ്രാവശ്യവും ചൊല്ലുമ്പോൾ, ഞങ്ങളുടെ മരണസമയത്ത് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്നു നാം പ്രാർത്ഥിക്കുന്നുണ്ട്. ആ അമ്മ തന്റെ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കും. തന്റെ പുത്രൻ കുരിശിൽക്കിടന്നു പിടയുമ്പോൾ ഹൃദയം തകരുന്ന വേദനയോടെ പ്രാർത്ഥിച്ച ആ അമ്മ നമുക്കുവേണ്ടിയും പ്രാർത്ഥിക്കും.

മാമോദീസയിലൂടെ പരിശുദ്ധാത്മാവിനെ പ്രാപിച്ചവരാണ് നാമെല്ലാവരും. ദൈവത്തിന്റെ ആലയമാണ് നാമോരോരുത്തരും. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ്, നാം ദൈവമക്കളാണെന്നതിന് സാക്ഷികളാണ്. ദൈവത്തിന്റേതായി നമ്മെ മുദ്രവ

www.malankaralibrary.com

THOMAS MINOR SEMINARY * OMALLOOR P.O.
Diocese of Pathanamthitta

ച്ചിരിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. അന്ത്യദിനത്തിൽ ഇത് നമുക്ക് തുണയാകും. ഒരേയൊരു വ്യവസ്ഥമാത്രം. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ വേദനിപ്പിക്കാതെ പരിശുദ്ധാത്മാവിന്റെ പ്രേരണകൾക്കനുസരിച്ച് ജീവിക്കണം.

കുമ്പസാരത്തിലൂടെ ദൈവസന്നിധിയിൽ പാപമെല്ലാം ഏറ്റുപറഞ്ഞ് വിശുദ്ധിപ്രാപിച്ചവരാണ് സഭാമക്കൾ. സഭയിലൂടെ വിശുദ്ധിക്കുവേണ്ടി നാം അധ്വാനിച്ചു. സർവ്വാത്മനാ മനുഷ്യരെ സ്നേഹിച്ചു, അവരോട് കാരുണ്യം പ്രദർശിപ്പിച്ചു. അതിനാൽ നമ്മുടെ വീഴ്ചകൾ പരിഗണിക്കാതെ ദൈവം നമ്മെ സ്നേഹിക്കുന്നു. നമ്മുടെ തിന്മകളെ തൂവെള്ളയാക്കാൻ കർത്താവിനു കഴിയും.

എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനെ അന്ത്യവിധിനാളിൽ ഉയിർപ്പിക്കും എന്ന വാഗ്ദാനം നമ്മുടെ കർത്താവ് നല്കിയിട്ടുണ്ട്. എല്ലാ ദിവസവും നമ്മുടെ ഉള്ളിലേക്ക് കടന്നുവന്ന നമ്മെ തന്റെ സാരാംശത്തിന്റെ ഭാഗമാക്കുന്ന കർത്താവ് നമ്മെ നിത്യനരകത്തിലേക്ക് തള്ളുകയില്ലെന്ന് വിശ്വസിക്കാം. ദൈവീകജീവനിൽ പങ്കാളികളാക്കുകയും നമ്മെ വിശുദ്ധീകരിക്കുകയുമാണ് വിശുദ്ധ കുർബാനയിലൂടെ കർത്താവ് ചെയ്യുന്നത്. അവിടുത്തെ ശരീരരക്തങ്ങൾ അന്ത്യനാളിൽ നമുക്ക് തുണയാകും.

മനുഷ്യമക്കളെ ദൈവമക്കളാക്കുവാൻ ദൈവപുത്രൻ മനുഷ്യപുത്രനായി. ലോകത്തിന്റെ പാപമെല്ലാം സ്വന്തം ശരീരത്തിൽ ഏറ്റെടുത്ത് കാൽവരിയിൽ കുരിശിൽ തൂങ്ങിമരിച്ചു. എന്നാൽ മരണത്തെ തോൽപ്പിച്ച് മൂന്നാംദിവസം മഹത്വത്തോടെ ഉത്ഥാനം ചെയ്തു. കർത്താവ് ഗോഗുൽത്തായിൽ ചിന്തിയ രക്തം നമ്മുടെ മരണസമയത്ത് നമുക്കുവേണ്ടി അപേക്ഷിക്കും. ക്രിസ്തുവിന്റെ മനുഷ്യാവതാരവും മരണവും ഉത്ഥാനവുമെല്ലാം ഏകലക്ഷ്യം വച്ചുള്ളതായിരുന്നു. മനുഷ്യന്റെ വീണ്ടെടുപ്പായിരുന്നു ആ ലക്ഷ്യം. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ സഹകരിക്കുന്ന സഭാമക്കൾക്ക് ആ അനുഗ്രഹം ലഭിക്കുകതന്നെ ചെയ്യും.

അതുകൊണ്ട് നമുക്ക് ആത്മധൈര്യമുള്ളവരായിരിക്കാം. പുനരുത്ഥാനത്തിലുള്ള പ്രതീക്ഷയും വിശ്വാസവും ഈ വേർപാട് താങ്ങാനുള്ള ശക്തി നമുക്ക് നല്കട്ടെ. ഈ ലോകത്തിലായിരിക്കുന്ന നമ്മെ മരണം, കൂടുതൽ ദൃഢമായ ദൈവഐക്യത്തിൽ എത്തിക്കട്ടെ. ഒരു ദിവസം ഈ ലോകത്തെ ഉപേക്ഷിക്കേണ്ടവരായ നമുക്ക് അതനുസരിച്ച് ജീവിക്കാം. ദൈവമനുഷ്യമൈത്രിയിൽ വളർന്നുവരാം. ഈ യാത്രയിൽ നമുക്കുമുമ്പേ കടന്നുപോയവർക്കുവേണ്ടി പ്രാർത്ഥിക്കാം. അതോടൊപ്പം ദൈവസന്നിധിയിൽ എത്തിയവർ നമുക്കുവേണ്ടിയും പ്രാർത്ഥിക്കട്ടെ.

www.malankaralibrary.com

# മേൽപ്പട്ടക്കാരുടെ ഓർമ്മ

പഴയ നിയമത്തിലെ ശ്രേഷ്ഠപുരോഹിതനായിരുന്നു അഹറോൻ. അഹറോനിൽ തുടങ്ങിയ പുരോഹിത പരമ്പര യേശുവിൽ പൂർത്തീകരണം പ്രാപിച്ച് ഇന്നും സഭയിൽ തുടർന്നുകൊണ്ടിരിക്കുന്നു. പഴയ നിയമ പുരോഹിതന്മാരെ ശുശ്രൂഷയിൽ നിത്യമായി തുടരുവാൻ മരണം അനുവദിച്ചില്ല. യേശുവാകട്ടെ എന്നേക്കും നിലനിൽക്കുന്നതുകൊണ്ട് അവന്റെ പൗരോഹിത്യത്തിന് നാശം സംഭവിക്കുന്നില്ല. (ഹെബ്രാ 7, 23-24) സഭയിലെ പുരോഹിതന്മാരെല്ലാം മിശിഹായുടെ പൗരോഹിത്യശുശ്രൂഷയാണ് നിർവ്വഹിക്കുന്നത്. പഴയ നിയമത്തിൽ രാജത്വം, പൗരോഹിത്യം, പ്രവാചകത്വം എന്നിവ മൂന്നു കൈവഴികളിലായി വേർതിരിക്കപ്പെട്ടപ്പോൾ പുതിയ നിയമത്തിൽ യേശുവെന്ന ഒരു വ്യക്തിയിൽ ഇവ മൂന്നും കൂടിച്ചേരുന്നു. യേശുവിന്റെ വിളി സ്വീകരിച്ചവരാണ് ശ്ലീഹന്മാരിൽ തുടങ്ങി ഇന്ന് സഭയെ നയിക്കുന്ന മെത്രാൻമാരെല്ലാവരും.

സഭയിലെ മെത്രാന്മാർ സഭയുടെ ബലിഷ്ഠസ്തംഭങ്ങളാണ്. പിതാക്കൻമാരുടെ ഓർമ്മ ക്രിസ്തീയതയുടെ അടിവേരുകളിലേക്ക് തിരിച്ചുപോകുന്നതിന് സഭാമക്കൾക്ക് പ്രചോദനം നല്കുന്നു. പിതാക്കന്മാർ കാണിച്ചുതന്നതും പഠിപ്പിച്ചതുമായ പ്രബോധനങ്ങളിൽ ഉറച്ചുനില്ക്കേണ്ടതും അഭംഗുരം പരിപാലിക്കേണ്ടതും സഭാതനയരുടെ ദൗത്യമാണ്. സ്മരിക്കുന്നത് ജീവിക്കുന്നതിനാണ്, ഒരിക്കലും മരിക്കാത്ത ഓർമ്മകൾ അനുദിന ജീവിതത്തിൽ അയവിറക്കുന്നതിനാണ്. പിതാക്കന്മാരാകുന്ന സജീവ ഉറവയിൽനിന്നും ഉത്ഭവിക്കേണ്ടവയാണ് എല്ലാ ആദ്ധ്യാത്മിക സിദ്ധികളും, സഭാശുശ്രൂഷകളും. അനുദിനം വളരുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന പരിശുദ്ധമായ സഭാസൗധത്തോട് കൂട്ടിച്ചേർത്ത് പണിയുന്ന ഓരോ പുതിയ കല്ലും സഭാപിതാക്കന്മാർ നേരത്തെ പണിതിട്ടുള്ളതിനോട് അനുരൂപപ്പെടുന്നതായിരിക്കും. പിതാക്കന്മാർ ഭൗതികമായി നമ്മിൽനിന്നും വേർപിരിഞ്ഞുവെങ്കിലും നിത്യതയുടെ നഗരത്തിൽ അവർ ഇന്നും ജീവിക്കുന്നു. അദ്ധ്വാനത്തിനുശേഷമുള്ള സമ്പത്താണ് മരണം. ഇതൊരു വിശ്രമാവസ്ഥയാണ്. അദ്ധ്വാനത്തിന് പ്രതിഫലം വാങ്ങുന്നതിനുള്ള യാത്ര.. (ജോഷ്വാ 23:14). പ്രിയപ്പെട്ടവരേ, നമ്മുടെ പിതാക്കന്മാരും ദീർഘനാളത്തെ അദ്ധ്വാനത്തിനുശേഷം വിതയും കൊയ്ത്തുമില്ലാത്ത പ്രിയനാട്ടിൽ എത്തിച്ചേരുന്നതിന് യാത്രയായിരിക്കുന്നു. മരണത്തിലൂടെ പരലോകജീവിതത്തിൽ എത്തിച്ചേർന്ന് നിത്യതയുടെ കൂടാരങ്ങളിൽ നമ്മെ സമർപ്പിക്കുവാൻ, നമുക്കുമുമ്പേ പാതയൊരുക്കുവാൻ പിതാക്കന്മാർ കടന്നുപോയിരിക്കുന്നു.

പൗരസ്ത്യ സഭകളുടെ വീക്ഷണമനുസരിച്ച് നമ്മുടെ പിതാക്കന്മാർ വിശുദ്ധരാണ്. വന്ദ്യപിതാക്കന്മാരുടെ ജീവിതസാക്ഷ്യവും ജീവിതശൈലിയും അനുസ്മരിക്കുന്നത് അവ പ്രാവർത്തികമാക്കുന്നതിനാണ്. മലങ്കരയുടെ സൂര്യതേജസ്സായിരുന്ന ബന

www.malankaralibrary.com

ഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അന്ത്യവിലാപയാത്രയിൽ പങ്കെടുത്തപ്പോൾ വളരെ സങ്കടത്തോടെ കൊന്ത ചൊല്ലുന്ന അമ്മച്ചിയോട് ഇത്രമാത്രം വിഷമിക്കുന്നതിന്റെ കാരണം അന്വേഷിച്ചപ്പോൾ വന്ദ്യപിതാവിന്റെ ജീവിതസാക്ഷ്യം അനന്തപുരി എന്നും അനുസ്മരിക്കുന്നതിന് ഞാൻ പ്രാർത്ഥിക്കുന്നുവെന്നായിരുന്നു മറുപടി. ഭാഗ്യവാനായ പൗലോസ് ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നു. "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച നേതാക്കൻമാരെ അനുസ്മരിക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ" (ഹെബ്രാ 13:7) നമ്മെ ദൈവസന്താനങ്ങളാക്കിയശേഷം വിശുദ്ധിയിൽ ദൈവസന്നിധിയിൽ വിശ്രമിക്കുന്നതിനും നമ്മുടെ പൂർവ്വപിതാക്കന്മാരായ അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടുമൊത്ത് ഓഹരി സിദ്ധിക്കുന്നതിനുമായി യാത്രയായവരാണ് നമ്മുടെ പിതാക്കന്മാർ. ദൈവകല്പനകളെ യഥോചിതം പരിപാലിക്കുകയും വിശുദ്ധിയിൽ ദൈവജനത്തെ ആനയിക്കുകയും ചെയ്ത പുണ്യപിതാക്കന്മാർക്കുവേണ്ടി പുനരുത്ഥാനത്തിൽ പരിശുദ്ധാത്മാവിന്റെ കരങ്ങളാൽ മെനയപ്പെട്ട മഹത്വത്തിന്റെ അങ്കി ഒരുക്കപ്പെട്ടിരിക്കുന്നു. അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസ് സ്മിർണയിലെ സഭയ്ക്കുള്ള എഴുത്തിൽ ഇപ്രകാരം ചേർത്തിരിക്കുന്നു. "മെത്രാന്റെ മേൽനോട്ടം കൂടാതെ സ്നാനമോ സ്നേഹഭോജനമോ അനുവദനീയമല്ല. മറിച്ച് അദ്ദേഹം അംഗീകരിക്കുന്നതെല്ലാം ദൈവത്തിന് പ്രീതികരമാണ്. ഇങ്ങനെ നിങ്ങൾ ചെയ്യുന്നതെല്ലാം സാദ്ധ്യവും സുരക്ഷിതവും ആയിരിക്കും". മാമ്മോദീസ എന്ന വിശുദ്ധ കൂദാശയിലൂടെ നമുക്ക് സ്വർഗ്ഗീയ പൗരത്വം നേടിത്തരുന്നതിനും പിതാക്കൻമാരുടെ പരിശുദ്ധ കുർബാനയിലൂടെ നിത്യതയിലേക്കുള്ള പാഥേയം നല്കുന്നതിനും കരങ്ങൾ കാരണമായി.

നല്കപ്പെട്ട സമയത്തിനുള്ളിൽ ഏല്പിക്കപ്പെട്ട ദൗത്യം ഉത്തരവാദിത്വത്തോടെ നിറവേറ്റുന്നതാണ് ജീവിതസാക്ഷ്യത്തിനടിസ്ഥാനം. മാലാഖമാർ പോലും ഭയത്തോടും വിറയലോടും കൂടി ദൈവത്തെ ശുശ്രൂഷിക്കുമ്പോൾ അനുദിനം യേശുവിനെ ലോകത്തിന് ജീവനുണ്ടാകുവാൻ സമർപ്പിക്കുന്ന പുരോഹിതന്റെ കരങ്ങൾ എത്രയോ വിശുദ്ധമാണ്. കർത്താവിന്റെ ഭവനവിചാരകരും സ്വർഗ്ഗീയരഹസ്യങ്ങളുടെ കലവറക്കാരുമായി കർത്താവ് ശ്രേഷ്ഠാചാര്യന്മാരെ നിയമിച്ചു. അവിടുന്ന് ഭരമേല്പിച്ച താലന്തുകൾ നൂറുമടങ്ങായി വർദ്ധിപ്പിച്ച് പലിശയോടെ സ്വർഗ്ഗീയ ശ്രീഭണ്ഡാരത്തിൽ സമർപ്പിക്കുവാൻ വന്ദ്യപിതാക്കന്മാർ കടന്നുപോയി. രാജാവിന്റെ ആധിപത്യവും ചെങ്കോലും ഭൂമിയിൽമാത്രം ഒതുങ്ങുമ്പോൾ ശുശ്രൂഷാ പൗരോഹിത്യം സ്വർഗ്ഗത്തിലും ഭൂമിയിലും ഒരുപോലെ വിലമതിക്കപ്പെടുന്നു.

"രാജാക്കർക്കധികാരം ഭൂമൗ
ആചാര്യർക്കോ ഭൂവാനുകളിൽ
ആചാര്യത്വമതുന്നന്നതമമായ് സ്ഥാപിച്ചോൻ സ്തുത്യൻ" (ശ്ഹീമോ, ശനി

www.malankaralibrary.com

മൂന്നാംമണി, മെനഓലം) (മത്തായി: 25:21) "കൊള്ളാം നല്ലവനും വിശ്വസ്തനുമായ ഭൃത്യാ അനേകകാര്യങ്ങൾ ഞാൻ നിന്നെ ഏല്പിക്കും" വിശ്വസ്തനും വിവേകിയുമായ ഭൃത്യനുള്ള സമ്മാനം പുനരുത്ഥാനത്തിന്റെ ഒളിമങ്ങാത്ത തേജസ്സിൽ നല്കപ്പെടുമ്പോൾ നമ്മുടെ പിതാക്കന്മാർക്ക് പറയാൻ സാധിക്കും.

"ദൈവസുതാ താലന്തുകളെ നിന്നിൽനിന്നും
വാങ്ങിയൊളിച്ചവ വച്ചില്ലേൻ ദുഷ്ടദാസൻപോൽ
കഴിവതുപോൽ വ്യാപാരമതും ചെയ്തേൻ കാൺക
താലന്തുകളവ ബഹുതരമായ് വർദ്ധിപ്പിച്ചീ ഞാൻ". (ശ്ഹിമോ, ശനി, മൂന്നാം മണി മെനഓലം) മത്തായി 24:47 – സത്യമായി ഞാൻ നിങ്ങളോടുപറയുന്നു, യജമാനൻ അവനെ തന്റെ വസ്തുക്കളുടെയെല്ലാം മേൽനോട്ടക്കാരനായി നിയമിക്കും . ഓരോരുത്തനും അവനവന്റെ പ്രവർത്തികൾക്കനുസൃതമായ ദിനങ്ങൾ നല്കുന്ന ദൈവത്തോട് നാം പ്രാർത്ഥിക്കുന്നു. "ഇവൻ പ്രാപിച്ച താലന്തുകൾ, മിശിഹായെന്ന യഥാർത്ഥ പ്രധാനാചാര്യനാകുന്ന നിന്നെ പലിശയോടുകൂടി ഏല്പിച്ചുകൊണ്ട് മാലാഖമാരുടെയും വിശുദ്ധരുടെയും സമൂഹത്തിന് ഇവൻ അർഹനായിത്തീരണമേ". (വൈദികരുടെ ശവസംസ്കാരം, 2-ാം ശുശ്രൂഷ). ആചാര്യന്മാർ ദൈവവചനത്തിന് പാത്രിഭൂതരായി ഭവിച്ചതുകൊണ്ട് സ്വശരീരത്തെ അതിന്റെ മോഹങ്ങളോടുകൂടി ക്രൂശിച്ചവരുമാണ്.

"ഈ ആചാര്യൻ സ്വശരീരത്തെ അതിന്റെ വികാരങ്ങളോടും സകല ദുരാശകളോടും കൂടി കുരിശ്ശിൽ തറച്ചതുകൊണ്ട് നിന്റെ ന്യായപ്രമാണത്തെ അഹോരാത്രം ധ്യാനിക്കുകയും ഭാഗ്യകരമായ വിലാപത്തെ സ്നേഹിക്കുകയും ഭൗമിക സന്തോഷങ്ങളെ വെറുത്ത് നിന്റെ വിശുദ്ധ കല്പനകൾ ആചരിക്കുകയും ചെയ്തിരിക്കുന്നു. കർത്താവേ, ഇവയെല്ലാം ഓർത്ത് നിത്യജീവന് അവകാശികളായവരുടെ ശുശ്രൂഷക്കായി നിന്നാൽ വേർതിരിക്കപ്പെട്ട ഈ ദാസനെ കാരുണ്യവാനായ നിന്നെ രമ്യപ്പെടുത്തുന്ന മാലാഖമാരെ ഭാരമേല്പ്പിക്കണമേ." (വൈദികരുടെ ശവസംസ്കാരം, സെദറാ ഏഴാം ശുശ്രൂഷ) കർത്തൃദർശനത്തോട് തുലനം ചെയ്യുവാൻ ഐഹികമായ ഒരു സുഖത്തിനും സാധിക്കുകയില്ല. സ്വർഗ്ഗീയ സായൂജ്യത്തോട് ചേർത്തുവയ്ക്കുമ്പോൾ നശ്വരലോകത്തിലെ മാണിക്യങ്ങൾ വെറും മിഥ്യ മാത്രമാണ്. ഭാഗ്യവാനായ പൗലോസ് കൂട്ടിച്ചേർക്കുന്നു. പട്ടിണിയോ നഗ്നതയോ, ആപത്തോ, വാളോ, ഇക്കാലത്ത് ഉള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ യാതൊരു ശക്തിയ്ക്കും കർത്താവായ യേശുവിൽനിന്നും എന്നെ വേർതിരിക്കുവാൻ സാധിക്കുകയില്ല.

"ക്ഷണികാശകളെ ത്യജിച്ചതിനാലെ
പ്രഭയിൽ മണവറയിൽ
മോദിച്ചാശ്വാസം പ്രാപിക്കട്ടെ പാവനാചാര്യൻ"
ക്ഷണികമായ ലോകമോഹങ്ങളെ നഷ്ടപ്പെടുത്തിയ പിതാക്കന്മാർക്ക് പുന

www.malankaralibrary.com

രുത്ഥാനദിവസം മുഖതെളിവോടെ പറയുവാൻ സാധിക്കും. "ഞാൻ നന്നായി പൊരുതി. എന്റെ ഓട്ടം പൂർത്തിയാക്കി, വിശ്വാസം കാത്തു, എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു" (2 തീമോത്തി: 4/7-8).

സൃഷ്ടിയുടെ രണ്ടാം പുസ്തകത്തിൽ നാം വായിക്കുന്നു. അമലേക്യരുമായുള്ള യുദ്ധത്തിൽ മോശ കരങ്ങൾ ഉയർത്തിയപ്പോൾ ഇസ്രായേൽ ജനം വിജയിച്ചു. മോശയുടെ കൈകൾ കുഴഞ്ഞപ്പോൾ അഹറോനും ഹൂറും ഇരുവശങ്ങളിൽ നിന്നും മോശയുടെ കൈകൾ ഉയർത്തിപ്പിടിച്ചു. അന്ന് അഹറോനും ഹൂറും മോശയുടെ കരങ്ങൾ ഉയർത്തിപ്പിടിച്ചത് ഇസ്രായേൽ മക്കൾക്ക് വിജയത്തിന് കാരണമായി. നാം ഇന്ന് പിതാക്കൻമാരുടെ കാലടികളെയും വിശ്വാസസത്യങ്ങളെയും പുണർന്നുപുല്കുമ്പോൾ പിതാവായ ദൈവം നമ്മെ അനുഗ്രഹത്തിന്റെ മാരിയാൽ പുളകിതരാക്കും. ഇടവും വലവുമായി നിന്നുകൊണ്ട് പിതാക്കന്മാരുടെ കരങ്ങളെ ഉയർത്തിപ്പിടിക്കുക നമ്മുടെ ആവശ്യമാണ്.

മലങ്കര കുർബാനയിൽ നാം ഇങ്ങനെ പ്രാർത്ഥിക്കാറുണ്ട്.

"കർത്താവേ വിശുദ്ധപിതാക്കന്മാരുടെയും സത്യവിശ്വാസികളായ മല്പാൻമാരുടെയും കാലടികളെ പിൻതുടരുവാൻ ഞങ്ങൾക്ക് കൃപ നല്കണമേ. കൗശലത്താലോ, ദുർവ്യാഖ്യാനത്താലോ അവരുടെ സത്യോപദേശത്തെ ഭേദപ്പെടുത്താൻ ഞങ്ങൾക്കിടയാക്കരുതേ."

മിന്നുന്നതെല്ലാം പൊന്നാണെന്ന് വ്യാഖ്യാനിക്കുന്ന ആധുനികതയുടെ തള്ളലിൽ നമ്മുടെ പിതാക്കന്മാരുടെ സത്യവിശ്വാസത്തെ കാറ്റിൽ പറത്താതെ ഹൃദയത്തിന്റെ അന്തരാത്മാവിൽ കാത്തുസൂക്ഷിക്കാം. വിശുദ്ധനായ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ നിങ്ങൾക്ക് പതിനായിരം ഉപദേഷ്ടാക്കൾ ഉണ്ടായിരിക്കാം. എന്നാൽ പിതാക്കന്മാർ അധികമില്ല. സുവിശേഷപ്രസംഗം വഴി യേശുക്രിസ്തുവിൽ നിങ്ങൾക്ക് ജന്മം നല്കിയത് ഞാനാണ്. (1 കോരി 4:15). ഭൂമിയിൽ സഹിക്കുന്ന സഭ എന്നും പിതാക്കന്മാരുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നു.

"മേൽപ്പട്ടക്കാർ താതൻമാരേ
പ്രാർത്ഥന ചെയ്തിടണമേ
നാഥൻ ഞങ്ങളുടെ മേൽ കൃപ ചെയ്തിടാൻ
മേൽപ്പട്ടക്കാർ ശെമഓൻ തന്റെ വാക്കുകളാലെ
വിശ്വാസം ഭിന്നത കൂടാതെ പഠിപ്പിച്ചല്ലോ
ഗുരുജനപാദം പിൻചെന്നവരോ
ശ്ലീഹൻമാർ തൻ വഴിയിൽ കാലിടറാതെ ചരിച്ചാർ
സംശയമന്യേ നാനാഭാഗേ നിന്നും ഹാ! ഞാൻ
പീഡിതയല്ലോ ദൈവാത്മജനുടെ ശ്ലീഹൻമാരെ
പ്രാർത്ഥനയിൽ തുന്നചെയ്‌വിൻ."

www.malankaralibrary.com

ഭൂമിയിൽ സഹിക്കുന്ന സഭ മേൽപ്പട്ടക്കാരോട് പ്രാർത്ഥിക്കുന്നു. മേൽപ്പട്ടക്കാരും താതന്മാരുമേ നിങ്ങൾ എനിക്കായി പ്രാർത്ഥിക്കുവിൻ. ശ്ലീഹന്മാരുടെ തലവനായ ശിമയോനെപ്പോലെ നിങ്ങളും വിശ്വാസത്തിനുവേണ്ടി പടപൊരുതിയവരാണ്. ഭൂമിയിൽ സഹിക്കുന്ന എനിക്കായി നിങ്ങൾ പ്രാർത്ഥിക്കുവിൻ. എല്ലാ പ്രതിബന്ധങ്ങളെയും തരണംചെയ്ത് ശ്ലീഹൻമാരുടെ പാതയിൽ ചരിച്ച നിങ്ങളുടെ പ്രാർത്ഥന എന്റെ പ്രിയനാഥൻ കേൾക്കും .

കർത്താവിനെ പ്രതി ജീവിതം നഷ്ടപ്പെടുത്തിയാൽ നൂറുമടങ്ങായി, ആയിരം മടങ്ങായി, തിരികെ നല്കുന്ന ദൈവം തന്റെ ശ്രീഭണ്ഡാരത്തിൽനിന്നും അനുഗ്രഹങ്ങൾ വർഷിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. ഇന്നിന്റെ വാതിൽ മരണത്തിലൂടെ അടയുമ്പോൾ മരണാനന്തര ജീവിതത്തിലൂടെ അനശ്വരതയുടെ വാതിൽ നാളെ വിശാലതയിലേക്ക് തുറക്കപ്പെടട്ടെ. ക്ഷണികമായ ഈ ഭൗതിക സുഖത്തിനപ്പുറം നിത്യ സമ്മാനമുണ്ടെന്ന ക്രൈസ്തവവിശ്വാസം മരണത്തെ നേരിടുവാൻ നമുക്ക് ശക്തിപകരട്ടെ. പിതാക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സഭാമക്കൾ കടപ്പെട്ടിരിക്കുന്നു. നമുക്കുവേണ്ടി അവർ ആവശ്യപ്പെടുന്നതും ഒന്നുമാത്രം!

"പാവനാരാചാര്യൻമാരേ
ശുദ്ധസഭാസുതരേവരുമേ
എന്നുടെ യാത്രേ ശുഭമാവാൻ
എൻപേർക്കായി പ്രാർത്ഥിപ്പിൻ."

(കൊഹനൈത്തോ പേജ് 127)

സഭാപിതാക്കന്മാരുടെ പ്രബോധനത്തോട് പൊരുത്തപ്പെട്ടുപോയാൽ മാത്രമേ ഇന്നത്തെ സുവിശേഷ പ്രഘോഷണവും ഔദ്യോഗിക പ്രബോധനവും അവികലമാകൂ. വികാരത്തിന്റെയും തലങ്ങളിൽനിന്ന് ആഴമായ വിശ്വാസത്തിലേക്ക് നമ്മെ നയിക്കുവാൻ പിതാക്കന്മാർക്ക് കഴിയും.

സകലവിധ കഷ്ടതകളുടെയും നടുവിൽ കർത്താവിന്റെ സമാധാനമായി ലോകത്തിൽ ശോഭിക്കാൻ നമ്മെ അവർ ഉദ്ബോധിപ്പിക്കുന്നു.

(കൊഹനൈത്തോ പേജ് 122)

"ഞാൻ ശുശ്രൂഷിച്ച ദൈവാലയമേ, സമാധാനത്തോടെ വസിക്കുക
ശോഭയുള്ള ആചാര്യന്മാരേ സമാധാനത്തോടെ വസിക്കുക
വെടിപ്പുള്ള ശെമ്മാന്മാരേ സമാധാനത്തോടെ വസിക്കുക"

ഞങ്ങളുടെ പിതാവേ, സന്തോഷകരമായ മണവറയിൽ ഇനി അങ്ങയെ ഞങ്ങൾ കാണുമാറാകട്ടെ!

www.malankaralibrary.com

# വിശുദ്ധന്മാരോടുള്ള വണക്കം

## (ഇടവക പെരുന്നാൾ)

നാമിന്ന് നമ്മുടെ ഇടവക മദ്ധ്യസ്ഥന്റെ ഓർമ്മത്തിരുന്നാൾ കൊണ്ടാടുകയാണല്ലോ. ഇത് നമ്മുടെ ഇടവകദിനമാണ്. കാരണം നമ്മുടെ ഇടവക സ്ഥാപിക്കപ്പെട്ടിരിക്കുന്നതും അറിയപ്പെടുന്നതും ഈ വിശുദ്ധന്റെ നാമത്തിലാണ്. നമ്മെ സംബന്ധിച്ചിടത്തോളം സന്തോഷത്തിന്റെയും പങ്കുവയ്ക്കലിന്റേതുമായ അനുഭവം നിറഞ്ഞു നില്ക്കേണ്ട ദിനമാണിത്. ആചാരാഘോഷ സമ്മിശ്രമായ ഈ പൊൻസുദിനത്തിൽ വിശുദ്ധനെക്കുറിച്ച് കൂടുതൽ ആഴമായി മനസ്സിലാക്കുന്നത് ഉചിതമാണ്.

മരിച്ച് മണ്ണിൽ മറഞ്ഞ ശേഷമല്ല ഒരു വ്യക്തി വിശുദ്ധനാവുന്നത്. ഈ ലോകജീവിതത്തിൽ വിശുദ്ധജീവിതം നയിച്ച് ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിക്കർഹരായി സ്വർഗ്ഗത്തിൽ ദൈവസന്നിധി പൂകിയവരെ സഭാമക്കൾക്ക് മാതൃകയായി എടുത്തുകാണിക്കാൻ വിശുദ്ധരായി പ്രഖ്യാപിക്കുന്നു. ഇവരെല്ലാം ജീവിച്ചിരിക്കേ വിശുദ്ധരായി ജീവിച്ചവരാണ്. മരിച്ചശേഷം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടുവെന്നു മാത്രം.

നാമൊക്കെ പലപ്പോഴും തമാശയായി പറയാറുണ്ട്, ഇതാ ഒരു വിശുദ്ധൻ വരുന്നു, ഞാൻ വിശുദ്ധനല്ല എന്നൊക്കെ. പക്ഷേ ഇതു പറയുമ്പോഴും നാമൊന്ന് മനസ്സിലാക്കണം ഇന്ന് വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടവരെല്ലാം ജനിച്ചത് വിശുദ്ധരായിട്ടല്ല. നമ്മെപ്പോലെ സാധാരണകുടുംബത്തിൽ സാധാരണ ചുറ്റുപാടുകളിൽ, എല്ലാവിധ വികാരവിചാരങ്ങളോടും, മോഹങ്ങളോടും താല്പര്യങ്ങളോടും കൂടി ജനിച്ച സാധാരണ വ്യക്തികൾ മാത്രം. രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന വി. ഫ്രാൻസിസ് അസ്സീസ്സി, കത്തോലിക്ക ദൈവശാസ്ത്രത്തിന് ശക്തമായ അടിത്തറപാകിയ സഭാപിതാവായ വി.അഗസ്തനോസ്, ഇന്ത്യയുടെ രണ്ടാമത്തെ അപ്പസ്തോലനായ ഫ്രാൻസിസ് സേവ്യർ, അദ്ദേഹത്തിന്റെ ഗുരു വി. ഇഗ്നേഷ്യസ് ലെയോള തുടങ്ങിയവരുടെ ജീവിതം ഈ യാഥാർത്ഥ്യത്തിന്റെ സാക്ഷ്യങ്ങളാണ്.

പിന്നെന്താണ് അവർക്കുണ്ടായിരുന്ന സവിശേഷത? ഒന്നാമതായി സാധാരണ സംഭവങ്ങളിൽ അസാധാരണത്വം ദർശിക്കാൻ അവർക്ക് കഴിഞ്ഞു എന്നുള്ളതാണ്. മരങ്ങളും പറവകളും മൃഗങ്ങളുമൊക്കെ കാണുമ്പോൾ നാമൊക്കെ അവയെ സസ്യപക്ഷിമൃഗാദികളായി മാത്രം കാണുന്നു. എന്നാൽ വിശുദ്ധർ അവയിൽ ദൈവത്വം ദർശിച്ചു. അതുകൊണ്ടാണ് പരിസ്ഥിതി സംരക്ഷണത്തിന്റെ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസ്സി, അവയെ സഹോദരി പുഷ്പവും സഹോദരി പ്രാവും സഹോദരൻ ചെന്നായയുമൊക്കെയായി കണ്ടത്. യാന്ത്രികതയുടെയും ഉപഭോഗമനസ്ഥിതിയുടേതുമായ തറവാട്ടിൽ നാമിന്ന് ജീവിക്കുമ്പോൾ സ്വന്തം കൂടെപ്പിറപ്പിനെപ്പോലും സഹോദരിയായി, സഹോദരനായി കാണാനാവാത്തവിധം ഹൃദയാന്ധത ബാധിച്ച

www.malankaralibrary.com

നമുക്ക് ഇവർ നല്കുന്ന ഈ സർവ്വസാഹോദര്യവീക്ഷണം ഒരു ജീവിതവെല്ലുവിളിയാണെന്നതിൽ സംശയമില്ല.

അവരുടെ ജീവിതവിശുദ്ധിയാണ് അവരെ മഹത്വ്യക്തികളാക്കി തീർത്ത മറ്റൊരു ഘടകം. വസ്തുതകളെ യാഥാർത്ഥ്യബോധത്തോടെ കണ്ട് മനസ്സിലാക്കി പെരുമാറുന്നതിൽ നിന്ന് ഉടലെടുക്കുന്ന ജീവിതക്രമമാണ് വിശുദ്ധി. വസ്തുതകളെ പരമപ്രധാനം, പ്രധാനം, അപ്രധാനം എന്നിങ്ങനെ തിരിച്ചറിയാനും, തിരഞ്ഞെടുക്കാനും, സ്വന്തമാക്കാനും അത്തരം വ്യക്തികൾക്ക് സാധിക്കും. അവർ സ്രഷ്ടാവിനെ ത്യജിച്ച്, സൃഷ്ടിയെ സ്വന്തമാക്കുകയില്ല. ദൈവികപദ്ധതിക്കെതിരെ മനുഷ്യവിഭാവനയുടെ കോട്ട കെട്ടില്ല. ദൈവത്തെ ജീവിതനിയന്താവായി അംഗീകരിച്ച് സ്വന്തം ഇച്ഛയെ ദൈവേച്ഛയാക്കി അല്ലെങ്കിൽ ദൈവത്തിന്റെ ഇച്ഛയെ സ്വന്തമിച്ഛയാക്കി മാറ്റും. ഈ ജീവിതയത്നത്തിൽ പരിപൂർണ്ണവിജയം കണ്ടവരാണ് വിശുദ്ധരും വിശുദ്ധകളും.

അതുപോലെ നിരന്തരം ദൈവസംസർഗ്ഗത്തിലായിരുന്ന് മനുഷ്യസേവനത്തിനായി ജീവിതം സമർപ്പിച്ചവരാണവർ. ദൈവസാന്നിദ്ധ്യത്തിൽനിന്ന് ഒരു നിമിഷം പോലും അകന്നിരിക്കാൻ അവർക്കാകില്ല. കാരണം ദൈവബോധമില്ലാത്ത ജീവിതം അവർക്ക് വെറും മൃഗതുല്യമാണ്. ദൈവമെന്നത് എങ്ങോ മറഞ്ഞിരിക്കുന്ന അമൂർത്തരൂപമല്ല. മറിച്ച്, അവരുടെ ജീവിതവ്യാപാരങ്ങളിൽ മണ്ണും മരവും മൃഗവും മനുഷ്യനുമായ് കൂടെയിരിക്കുന്ന സജീവസാന്നിദ്ധ്യമാണത്. മനുഷ്യസേവനത്തിനായി ജീവിതമുഴിഞ്ഞുവെച്ചവർ മനുഷ്യരിൽ ദൈവത്തെ ദർശിച്ചു. അതുകൊണ്ടാണ് കുഷ്ഠരോഗികളിലും, ആലംബഹീനരിലും, അനാഥശിശുക്കളിലും, പുറന്തള്ളപ്പെട്ട വൃദ്ധരിലും അവർ ഈശോയുടെ തിരുമുഖം ദർശിച്ചത്. ഇത് ഉയർന്ന ആദ്ധ്യാത്മിക ദർശനമുള്ളവർക്ക് മാത്രം സാധിക്കുന്ന ഒന്നാണ്. ഇത്തരം ദർശനങ്ങളാണ് അവരെ ജീവിച്ചിരിക്കെ തന്നെ അസാധാരണരാക്കി തീർത്തത്.

നാം ഏതൊരു വിശുദ്ധന്റെയോ വിശുദ്ധയുടെയോ ജീവിതമെടുത്താലും അവരിൽ ചില മാനുഷികഗുണങ്ങളും സാമൂഹിക മൂല്യങ്ങളും കണ്ടെത്താനാവും. ഇത്തരം മൂല്യങ്ങൾക്ക് വേണ്ടി ജീവൻ നഷ്ടപ്പെടുത്താൻ അവർ തയ്യാറായിരുന്നു. മൂല്യം നഷ്ടപ്പെടുന്നത് പാപമായിട്ടാണ് അവർ കരുതിയിരുന്നത്. കാരണം ക്രിസ്തീയ വിശ്വാസം സജീവവും അർത്ഥവത്തുമാകുന്നത് ഇത്തരം മൂല്യങ്ങളിലാണെന്നുള്ള തിരിച്ചറിവ് അവർക്കുണ്ടായിരുന്നു. ചാരിത്ര്യത്തിന്റെ മദ്ധ്യസ്ഥയായ വി. ഗോരേത്തി അതിനൊരുദാഹരണം മാത്രം. മരണത്തിന്റെ വക്കോളമെത്തിയിട്ടും ജീവിതമൂല്യം നഷ്ടപ്പെടുത്തി ജീവിക്കാൻ വെറും 11 വയസ്സുകാരിയായ ആ പുണ്യവതി തയ്യാറല്ലായിരുന്നു. അത്രമാത്രം ഉറച്ച വിശ്വാസത്തിനുടമയായിരുന്നു അവൾ. അതുകൊണ്ട് ഒരിക്കൽ അവൾ തന്റെ അമ്മയോട് പറഞ്ഞു. അമ്മേ, എന്റെ ശരീരം കഷണം കഷണമായി മുറിക്കുകയാണെങ്കിൽകൂടി ഞാൻ പാപം ചെയ്യുകയില്ല എന്ന്. നമ്മുടെ ഇടവക മദ്ധ്യസ്ഥന്റെ ഓർമ്മപ്പെരുന്നാൾ നാം കൊണ്ടാടുമ്പോൾ നമ്മുടെ ഈ ലോകത്ത് എന്തൊ

www.malankaralibrary.com

ക്കെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഏവരും അഴിമതിയുടെയും അക്രമത്തിന്റെയും അശുദ്ധിയുടെയും ഒഴുക്കിൽ അനായാസം നീന്തിപ്പോകുന്നു. നമുക്ക് അതിനെതിരെ നീന്തുവാൻ ഒന്നു പരിശ്രമിക്കാം. ഇത്തരം യജ്ഞത്തിലാണ് വിശുദ്ധർ വിജയം വരിച്ചത്. അതിന് ചിലപ്പോൾ രക്തം ചിന്തേണ്ടിവരും. അങ്ങനെ മറ്റുള്ളവർക്ക് വേണ്ടി ഒരു തുള്ളി രക്തമെങ്കിലും ചിന്താൻ നമുക്ക് സാധിക്കണം.

ഇത്രയുമൊക്കെ കേട്ടുകഴിയുമ്പോൾ ഒരു സംശയം നമുക്കുണ്ടാവാം. ഞങ്ങൾക്ക് സാധിക്കുന്ന ഒന്നാണോ വിശുദ്ധജീവിതം? ഇത് മെത്രാൻമാർക്കും വൈദികർക്കും സന്യാസികൾക്കുമുള്ള ഒരു വിളിയല്ലേ! ഇത് ഒരു തെറ്റിദ്ധാരണയാണ്. കാരണം അശുദ്ധിയിലേയ്ക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ എല്ലാവരെയും വിളിച്ചിരിക്കുന്നതെന്നാണ് ബൈബിൾ സാക്ഷിക്കുന്നത്. അതായത് ക്രിസ്ത്യാനിയുടെ വിളി വിശുദ്ധജീവിതം നയിക്കാനുള്ള വിളിയാണ്. എന്നാൽ അതിനുള്ള മാർഗ്ഗം പലതരത്തിലാണ്. സഭയുടെ ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും ഇന്ന് വിശുദ്ധരുടെ ഗണത്തിൽ സഭ വണങ്ങുന്ന ഭൂരിഭാഗം വ്യക്തികളും കുടുംബജീവിതം നയിച്ചിരുന്നവരാണെന്ന്. അതുപോലെ നിരവധി കുഞ്ഞുങ്ങളും. അതായത് കുടുംബജീവിതത്തിലായിരുന്നാൽപോലും സാധ്യമാകുന്ന ഒന്നാണ് വിശുദ്ധജീവിതം. അതുകൊണ്ട് നാമിന്ന് ആയിരിക്കുന്ന ജീവിതാന്തസ്സിൽ വിശുദ്ധരായി ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം.

വിശുദ്ധരുടെ ജീവിതലാളിത്യം നമുക്ക് തികച്ചും അനുകരണയോഗ്യമാണ്. ആഡംബരത്തിനും ആഘോഷത്തിനുമായി അവസരങ്ങളെയും ആളുകളെയും ഉപയോഗിക്കാൻ അവർ ആഗ്രഹിക്കുകയോ ശ്രമിക്കുകയോ ചെയ്തിട്ടില്ല. ജീവിതത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏവർക്കും ലഭ്യമാക്കണമെന്ന തീവ്രമായ ആഗ്രഹത്താൽ ജീവിതത്തിലെ സുഖസൗകര്യങ്ങളുപേക്ഷിച്ച് ലളിതജീവിതം നയിച്ചവരാണിവർ. പട്ടിണിപാവങ്ങളുടെ മുമ്പിൽ ക്രൂശിതനെ അപ്പമായി അവതരിപ്പിച്ചവരാണവർ. ഇത് അവരുടെ ജീവിതലാളിത്യത്തിന്റെ പ്രതിഫലനമാണ്. ഇപ്രകാരം ലളിതജീവിതം വഴി ദൈവസ്നേഹം നമ്മിലൂടെ പരസ്നേഹമായി ചൊരിയാൻ നമ്മുടെ ജീവിതം സമർപ്പിക്കാം.

കഷ്ടപ്പാടുകളിലും ദുരിതങ്ങളിലും ക്രൂശിതനെ ആശ്ലേഷിക്കാൻ അവർ കാണിച്ച തീക്ഷ്ണത ക്രിസ്തുവിനെ അനുകരിക്കാനുള്ള നമ്മുടെ ദൈവവിളിയുടെ പ്രായോഗിക മാതൃകയാണ്. വി.പൗലോസ് ശ്ലീഹായെപ്പോലെ, മരണത്തിനോ, ദുരിതത്തിനോ, രോഗത്തിനോ, പട്ടിണിക്കോ നഗ്നതയ്ക്കോ, ലൗകികനേട്ടത്തിനോ, സാമൂഹിക പദവിക്കോ, പ്രശസ്തിക്കോ ഒന്നിനും ദൈവസ്നേഹത്തിൽനിന്ന് നമ്മെ അകറ്റാതിരിക്കാൻ നമുക്ക് അവരെപ്പോലെ ക്രൂശിതനോട് ചേർന്ന് നടക്കാം. അതുപോലെ സമൂഹത്തിലെ തിന്മകൾക്കെതിരെ ആജീവനാന്തം സമരത്തിലേർപ്പെട്ടവരാണവർ.കാരണം ദൈവരാജ്യം ശാന്തിയുടെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും അനുഭവമാണ്. അത് സ്ഥാപിക്കപ്പെടാൻ ഇത്തരം ശക്തികളെ ഉന്മൂലനം

www.malankaralibrary.com

ചെയ്യുക അനിവാര്യമാണ്. അതുകൊണ്ട് ഇപ്രകാരമൊരു പ്രവാചകദൗത്യം ഈ തിരുനാളിൽ സംബന്ധിക്കുന്ന നമുക്കേവർക്കും ശിരസ്സാവഹിക്കാം.

ജീവിത വിശുദ്ധിയാൽ നിരന്തരം ദൈവസംസർഗ്ഗത്തിലായിരുന്ന് മനുഷ്യസേവനത്തിനായി ജീവിതമുഴിഞ്ഞുവച്ച്, അങ്ങനെ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിക്ക് പാത്രമായി, നിത്യസമ്മാനമായി ദൈവസന്നിധി പൂകിയവരെ നാം വണങ്ങാറുണ്ട്. എന്നാൽ നമ്മുടെ ചില ക്രിസ്തീയ സഹോദരന്മാർ ഈയൊരു വിശ്വാസത്തെ ശരിയായി മനസ്സിലാക്കാതെ നമ്മെ വിഗ്രഹാരാധനകരെന്ന് പരിഹസിക്കാറുണ്ട്. അതിനാൽ ഇതിനെക്കുറിച്ചുള്ള ശരിയായ അവബോധം അനിവാര്യമാണ്.

നാം വിശുദ്ധരുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കാറുണ്ട്. ഇത് ശരിയാണോ എന്നാണ് ഒരു പ്രധാന ചർച്ചാവിഷയം. നാം വി. ഗ്രന്ഥത്തിലൂടെ കണ്ണോടിക്കുകയാണെങ്കിൽ ഇതിന്റെ അടിസ്ഥാനം അവിടെ കണ്ടെത്താനാവും. ഇസ്രായേലിലെ ആദ്യനേതാവായ മോശയെ വി.ഗ്രന്ഥം അവതരിപ്പിക്കുന്നത് ജനത്തിനും ദൈവത്തിനും മദ്ധ്യേ നിലകൊണ്ട വ്യക്തി എന്ന നിലയിലാണ്. അവൻ ജനത്തിനുവേണ്ടി കർത്താവിന്റെ സന്നിധിയിൽ മാദ്ധ്യസ്ഥം വഹിച്ചു. അവന്റെ മദ്ധ്യസ്ഥം ദൈവം അംഗീകരിച്ചു. അതുപോലെ പഴയനിയമത്തിലെ പ്രവാചകർ, പുരോഹിതർ, രാജാക്കന്മാർ എന്നിവർ ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ്യം വഹിച്ചവരാണ്. ഇവരുടെ മദ്ധ്യസ്ഥപ്രാർത്ഥനകൾ കൈക്കൊണ്ട് ദൈവം ജനത്തെ അനുഗ്രഹിക്കുന്ന നിരവധി സംഭവങ്ങൾ നമുക്ക് പഴയനിയമത്തിൽ കണ്ടെത്താനാവും. ആഹാബുരാജാവിന്റെ കാലഘട്ടത്തിൽ ഇസ്രായേലിലുണ്ടായ നീണ്ട വരൾച്ചയ്ക്ക് അറുതിവരുത്തിക്കൊണ്ട് ഏലിയ പ്രവാചകന്റെ മാദ്ധ്യസ്ഥതയിൽ മഴപെയ്യിച്ച് ജനത്തെ യഹോവ അനുഗ്രഹിക്കുന്ന സംഭവം നാം രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ (18-1-46) വായിക്കുന്നുണ്ട്. (അതുപോലെ, ഉൽപ - 20-7, ആവർത്തനം 9-12-20, ഉമക്ക 15-12-16, ജോബ് 22-7-9, ജറെ 15-1.)

പുതിയ നിയമത്തിൽ ദൈവത്തിന്റെയും മനുഷ്യരുടെ ഏകമദ്ധ്യസ്ഥനായ ക്രിസ്തു പിതാവായ ദൈവത്തിനും ജനത്തിനും മദ്ധ്യേ നിലകൊള്ളുന്നു. (1 തിമോ 2-5-6) ആയതിനാലാണ് സുവിശേഷത്തിൽ ശിഷ്യന്മാർക്കുവേണ്ടിയും ജനത്തിനുവേണ്ടിയും പിതാവിന്റെ സന്നിധിയിൽ മാദ്ധ്യസ്ഥ്യം പറയുന്ന യേശുവിനെ യോഹന്നാൻ ശ്ലീഹ (17-ാം അദ്ധ്യായം) അവതരിപ്പിക്കുന്നത്. മറ്റുള്ളവരുടെ അഭ്യർത്ഥന മാനിച്ച് രോഗികളെ സൗഖ്യപ്പെടുത്തുന്ന, അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന, യേശുവിനെ സുവിശേഷത്തിലുടനീളം കണ്ടെത്താനാവും. (കാനായിലെ കല്യാണവിരുന്നു - യോഹ 2: 1-11, ലാസറിനെ ഉയിർപ്പിക്കുന്നത്, (യോഹ 11:38-44), ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു (മത്താ 8:5-13), തളർവാത രോഗിയെ സുഖപ്പെടുത്തുന്നു. (മത്താ 9:1 -8), കാനാൻകാരിയുടെ മകളെ സുഖപ്പെടുത്തുന്നു. (മത്താ 15:21-28), ജായ്റോസിന്റെ മകളെ സുഖപ്പെടുത്തുന്നു (മാർക്കോ 5:21-43).

www.malankaralibrary.com

അതുപോലെ യേശുവിന്റെ മുമ്പിൽ മദ്ധ്യസ്ഥത വഹിക്കുന്ന പരി.അമ്മയുടെ ചിത്രം ബൈബിളിൽ നാം കാണുന്നുണ്ട്. വിശേഷിച്ചും കാനായിലെ കല്ല്യാണവിരുന്നിൽ, വിജാതീയരുടെ അപ്പസ്തോലനായ വി.പൗലോസ് ശ്ലീഹാ ഇപ്രകാരം മാദ്ധ്യസ്ഥ്യം വഹിക്കുന്നതിനെ ഒരു പുണ്യമായിട്ടാണ് കാണുന്നത്. അതുകൊണ്ടാണ് സഭകളോട് പരസ്പരം പ്രാർത്ഥിക്കാൻ നിർദ്ദേശിക്കുന്നതും (എഫേ 6:18-20). അവർക്കുവേണ്ടി ശ്ലീഹാ വ്യക്തിപരമായി പ്രാർത്ഥിക്കുന്നതും (കോറി 13:7-9; ഫിലി. 1:3-5, കൊളോ 1:3). ഈ സത്യത്തിന്റെ അടിസ്ഥാനത്തിലാണ് നാം കുർബ്ബാനമദ്ധ്യേ ദൈവമാതാവിന്റെയും വിശുദ്ധരുടെയും മാദ്ധ്യസ്ഥ്യം യാചിക്കുന്നത്.

കത്തോലിക്കാസഭയുടെ പ്രബോധനമനുസരിച്ച് സഭയെന്നാൽ മൂന്നുഗണത്തിലെ വിശ്വാസികളുടെ കൂട്ടായ്മയാണ്. ഈ ഭൂമിയിൽ ലൗകികശക്തികളുമായി നിരന്തരം ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്ന സമരസഭയിലെ അംഗങ്ങളായ നാമോരോരുത്തരുമാണ് ഒന്നാമത്തെ ഗണം. മരണശേഷം ശുദ്ധീകരണാവസ്ഥയിലായിരിക്കുന്ന സഹനസഭയാണ് രണ്ടാമത്തെ ഗണം. മൂന്നാമത്തെ ഗണം സ്വർഗ്ഗഭാഗ്യം സ്വന്തമാക്കിയ വിശുദ്ധരുടെ നിരയാണ്. ഈ മൂന്നുവിഭാഗക്കാരും ഒരു തീർത്ഥാടകസഭയിലെ അംഗങ്ങളാണ്. അതുകൊണ്ട് ഇവർ തമ്മിൽ പരസ്പരബന്ധമുണ്ട്. ഈ സത്യം ധനവാനും ലാസറും എന്ന ഉപമയിലൂടെ യേശുതമ്പുരാൻ വ്യക്തമായി വരച്ചുകാട്ടുന്നുണ്ട്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് സഭ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും വിശുദ്ധരുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നതും.

അങ്ങനെ നോക്കുമ്പോൾ നാം വിശുദ്ധരോട് പ്രാർത്ഥിക്കുകയല്ല, മറിച്ച് ദൈവസന്നിധിയിൽ നമുക്കായി മാദ്ധ്യസ്ഥ്യം വഹിക്കാനായി അപേക്ഷിക്കുകയാണ് ചെയ്യുന്നത്. നമുക്ക് നേരിട്ട് ദൈവത്തോട് പ്രാർത്ഥിച്ചുകൂടായോ എന്ന് ചിന്തിക്കുന്നവരുണ്ടാകാം. നാം തീർച്ചയായും ദൈവത്തോട് പ്രാർത്ഥിക്കണം. അതിൽനിന്ന് നമ്മെ എന്തെങ്കിലും തടഞ്ഞാൽ അത് 1-ാംമത്തെ കല്പനയുടെ ലംഘനവും വിഗ്രഹാരാധനയുമാണ്. പക്ഷേ കത്തോലിക്കാസഭയിൽ നാം വിശുദ്ധരുടെ മാദ്ധ്യസ്ഥം തേടുന്നത് വിഗ്രഹാരാധനയോ വേദപുസ്തകലംഘനമോ അല്ല. കാരണം ദൈവത്തിന്റെ പ്രീതി പിടിച്ചു പറ്റിയ വ്യക്തികൾ നമ്മോടൊപ്പം നമുക്കുവേണ്ടി ദൈവസന്നിധിയിൽ അഭ്യർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥന കൂടുതലായി ദൈവം സ്വീകരിക്കും.

ഈയൊരു സത്യം ആധുനികസഭയുടെ കണ്ടുപിടിത്തമല്ല. ആദ്യകാല സഭാചരിത്രത്തിൽ ഇതിന്റെ സജീവസാക്ഷ്യം നമുക്ക് കണ്ടെത്താനാവും. ആദ്യകാല രക്തസാക്ഷികളായ വി.ജസ്റ്റിൻ, വി.പോളികാർപ്പ് തുടങ്ങിയവരുടെ രക്തസാക്ഷിവിവരണങ്ങളിൽ അവരോട് മാദ്ധ്യസ്ഥം അപേക്ഷിക്കുന്ന ക്രിസ്തീയ പാരമ്പര്യം നാം കാണുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് സഭ ആദ്യകാലം മുതൽക്കേ വിശുദ്ധരുടെ ഗണത്തെ ഔദ്യോഗികമായി പ്രഖ്യാപിച്ചതും അവരെ വണങ്ങാൻ വിശ്വാസികളെ പ്രോത്സാഹിപ്പിച്ചതും. കാരണം, ഇത്തരം ക്രമങ്ങൾ ഭക്തിവർദ്ധകമായ അഭ്യാസങ്ങ

www.malankaralibrary.com

ളാണ്. അതുപോലെ, സഭാപിതാക്കന്മാരെല്ലാം ഇപ്രകാരമുള്ള മാദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ വീണ എന്നറിയപ്പെടുന്ന മാർ അപ്രേം തന്റെ വിൽപത്രത്തിൽ ഇപ്രകാരം കുറിച്ചു, "നിങ്ങളുടെ പ്രാർത്ഥന എന്നെ അനുധാവനം ചെയ്യട്ടെ, നിങ്ങളുടെ ധൂപം ദൈവത്തിനു നല്കുക, സുഗന്ധദ്രവ്യങ്ങൾക്കും സുരഭില വസ്തുക്കൾക്കും പകരം നിങ്ങളുടെ കീർത്തനങ്ങൾ എനിക്ക് അർപ്പിക്കുക. നിങ്ങളുടെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ എന്നെ അനുസ്മരിക്കുക.

നാം പ്രാർത്ഥിക്കുന്നത് സഭയിലാണ്. സഭയുടെ പ്രാർത്ഥന കൂട്ടായ്മയുടെ പ്രാർത്ഥനയാണ്. അതായത്, ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരും വിശുദ്ധപദവിയിലെത്തിയവരും ഒരുമിച്ചർപ്പിക്കുന്ന ആരാധന. ഈ സത്യം ഗ്രഹിച്ചതുകൊണ്ടാണ് പുനരൈക്യശില്പിയും സഭൈക്യപ്രവാചകനും പുണ്യശ്ലോകനുമായ മാർ ഈവാനിയോസ് തിരുമേനി, "ദൈവമാതാവിന്റെയും സകലവിശുദ്ധരുടെയും പ്രാർത്ഥനാസഹായങ്ങളും അനുഗ്രഹങ്ങളും ഇപ്പോഴും എന്നേയ്ക്കും ഞങ്ങൾക്കുണ്ടായിരിക്കണമേ", എന്ന് പ്രാർത്ഥിക്കാൻ നമ്മെ പഠിപ്പിച്ചത്.

ഇപ്രകാരം, സത്യവിശ്വാസത്തിനുടമയായ ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ദൈവവുമായുള്ള അവന്റെ ബന്ധത്തിന് പ്രേരകവും സഹായകവുമായിട്ടാണ് വിശുദ്ധന്മാർ നിലകൊള്ളുന്നത്. നീതിമാനെ അനുസ്മരിക്കുന്നത് അനുഗ്രഹീതം എന്ന് (സുഭാ 10:7) നമ്മെ അനുസ്മരിപ്പിക്കുമ്പോൾ നാം കൊണ്ടാടുന്ന ഈ ഓർമ്മത്തിരുനാൾ അനുഗൃഹീതമെന്നതിൽ സംശയമില്ല. പൗലോസ് അപ്പസ്തോലൻ പ്രഖ്യാപിക്കുന്നതു പോലെ, കർത്താവ് തന്റെ വിശുദ്ധരിൽ മഹത്വപ്പെടുന്നു. (തെസ. 1-10) അതായത് നാം കൊണ്ടാടുന്ന ഈ തിരുനാൾ കർത്താവിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കും കാരണമാകുന്നു.

ഇത്തരം ആഘോഷങ്ങൾ ഒരു ആത്മശോധനയ്ക്കുള്ള അവസരം കൂടിയാണ്. സഭാംഗങ്ങൾ വിശുദ്ധരെ വണങ്ങുന്നത് രണ്ടുതരത്തിലുള്ള മനോഭാവത്തോടെയാകാം. ഒന്നാമതായി, അവരെ വണങ്ങുന്നതുവഴി, അവർ അവരുടെ ജീവിതത്തിൽ ലോകരക്ഷകനായ യേശുക്രിസ്തുവിനെ എങ്ങനെ അനുകരിക്കാൻ പരിശ്രമിച്ചുവോ ആ മാതൃക നമ്മുടെ ജീവിതത്തിലും പകർത്തണമെന്നുള്ള മനോഭാവത്തോടെ. രണ്ടാമതായി അവരുടെ മാദ്ധ്യസ്ഥം വഴി നിരവധി അനുഗ്രഹം ദൈവത്തിൽനിന്നും കിട്ടുമെന്നുള്ള മനോഭാവത്തോടെ. ഇതിൽആദ്യത്തേതാണ് സഭ ശ്ലാഘിക്കുന്നതും വിശ്വാസികളെ കൂടുതലായും പ്രോത്സാഹിപ്പിക്കുന്നതും. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ പല കൂട്ടായ്മകളിലും വിശ്വാസികൾ രണ്ടാമത്തേതിനാണ് അമിത പ്രാധാന്യം കൊടുക്കുന്നത്. അതുപോലെ ഒന്നാമത്തേത് സൗകര്യപൂർവ്വം മറക്കുന്നു. രോഗശാന്തിക്കും വിജയം വരിക്കാനും ലൗകീകനേട്ടങ്ങൾക്കും മാത്രമായി സാധ്യകാര്യങ്ങളുടെയും അസാധ്യകാര്യങ്ങളുടെയും മദ്ധ്യസ്ഥരെ സമീപിക്കുമ്പോൾ ഒന്നോർക്കണം നാമും

www.malankaralibrary.com

രണ്ടാമത്തെ ഗണത്തിലാണുൾപ്പെടുന്നതെന്ന്.

ലാളിത്യത്തിന്റെയും വിനയത്തിന്റെയും വിശുദ്ധിയുടെയും വക്താക്കളായിരുന്ന അവരുടെ ഓർമ്മ നാം തിരുന്നാളായിട്ട് ആഘോഷിക്കുമ്പോൾ അന്തരീക്ഷത്തിൽ വെടി പൊട്ടിച്ചുതീർക്കാനും ഒരു ദിവസത്തെ കണ്ണഞ്ചിപ്പിക്കുന്ന രീതിയിൽ വർണ്ണാഭമാക്കാൻ പതിനായിരങ്ങളും ലക്ഷങ്ങളും മത്സരബുദ്ധിയോടെ ചെലവാക്കുമ്പോൾ, പാവപ്പെട്ടവരിൽ ദൈവപുത്രനെ ദർശിച്ച അവരുടെ ഓർമ്മ നാം ആഘോഷിക്കുകയാണോ അതോ അപമാനിക്കുകയാണോ? ഓർമ്മ തിരുനാൾ ദിനം സ്പിരിറ്റഭിഷേകത്തിലാടിയാൽ മാത്രം അനുഭവമാകുമെന്നു വിശ്വസിക്കുന്ന നമ്മുടെ തലമുതിർന്ന വിശ്വാസി ഗണം വിശുദ്ധരുടെ വണക്കത്തിലൂടെ നല്കുന്ന സാക്ഷ്യം ഭക്തി ചോർച്ചയോ ഭക്തിചോർച്ചയോയെന്ന് നമുക്ക് വിചിന്തനം ചെയ്യാം. ഇങ്ങനെയൊക്കെ സംഭവിക്കുമ്പോഴാണ് രക്ഷപ്പെട്ടവരുടെ ഗണം (പെന്തക്കോസ്തുകാർ) നമ്മെ വിഗ്രഹാരാധകരെന്ന് കളിയാക്കാനിടയാകുന്നത്.

പ്രിയസഹോദരങ്ങളേ, നമ്മുടെ കൂട്ടായ്മയുടെ അനുഭവവേദിയാണല്ലോ ഇത്തരം ഓർമ്മയാചാരണങ്ങൾ നാം സാധാരണയായി പെരുന്നാൾ സമാപനദിനം സ്നേഹഭോജനം നടത്താറുണ്ടല്ലോ? എന്താണിതിന്റെ പ്രസക്തിയെന്ന് നാം ചിന്തിച്ചിട്ടുണ്ടോ? ഇത് ഭക്ഷണപാനീയങ്ങളുടെ പങ്കുവയ്ക്കലല്ല, മറിച്ച് സ്നേഹത്തിന്റെ പങ്കുവയ്ക്കലാണ്. അതുകൊണ്ട് ഒരു ഇടവകകൂട്ടായ്മയായി ഒരുമിച്ചുകൂടി ഒത്തൊരുമയോടെ ലാളിത്യത്തിന്റെ നിറകുടമായിരുന്ന വിശുദ്ധരുടെ ജീവിതമാതൃക നമുക്ക് ജീവിതത്തിൽ പകർത്താനായി പരിശ്രമിക്കാം. ഇപ്രകാരം വിശുദ്ധ ജീവിതത്തിനുടമകളായിത്തീരാൻ ഒരു കൂട്ടായ്മയെന്ന നിലയിൽ നമുക്കൊരുമിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

www.malankaralibrary.com

# പുനരൈക്യദിനം

## (യോഹ 17:21)

മലങ്കര കത്തോലിക്കാ സഭ ഇന്ന് പുനരൈക്യദിനം ആഘോഷിക്കുകയാണ്. പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും തമ്മിൽ ആയിരിക്കുന്നതിനും, അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. യേശുവിന്റെ അവസാനപ്രാർത്ഥന യായിരുന്നു ഇത്. മറ്റൊരിടത്ത് യേശു പറഞ്ഞു. (യോഠ.17:21) അങ്ങനെ ഒരാട്ടിൻപ റ്റവും ഒരിടയനും ആകും. യേശുനാഥന്റെ ഈ പ്രാർത്ഥനയാണ് പുനരൈക്യത്തിന് കാലാകാലങ്ങളിൽ ലഭിക്കുന്ന പ്രേരണയും, പ്രചോദനവും. പിതാവായ ദൈവവും പുത്രൻതമ്പുരാനും ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായിത്തീരണം. ഇതാണ് പുനരൈക്യദിനത്തിന്റെ സന്ദേശം.

കേരളസഭയിൽ ഭിന്നത എന്നു തുടങ്ങിയോ അന്നുതന്നെ പുനരൈക്യശ്രമങ്ങളും ആരംഭിച്ചിരുന്നു. 1653-ൽ നടന്ന കൂനൻ കുരിശു സത്യത്തിനുശേഷം ഒന്നാം മാർത്തോമ്മാ മുതൽ പുനരൈക്യശ്രമവും ആരംഭിച്ചു. ഒന്നാം മാർത്തോമാ, അദ്ദേ ഹത്തിന്റെ പിൻഗാമികളായ നാലാം മാർത്തോമാ, അഞ്ചാം മാർത്തോമാ ആറാം മാർത്തോമാ, (മാർ ദിവന്നാസിയോസ്) കണ്ടനാട് മാർ ഈവാനിയോസ് എന്നിവർ പുനരൈക്യത്തിനുവേണ്ടി അക്ഷീണം പരിശ്രമിച്ചു. എങ്കിലും ബാഹ്യമായ സമ്മർദ്ദ ങ്ങൾമൂലം അവരുടെ പുനരൈക്യശ്രമങ്ങൾ ഫലമാകാതെ പോയി. എന്നാൽ ദൈവ ത്തിന്റെ വലിയ നടത്തിപ്പാൽ ഈ ശ്രമം വിജയത്തിൽ എത്തിയത് നമ്മുടെ പിതാ വായ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിലാണ്. 1930 സെപ്തം ബർ 20ന് നടന്ന ആ വലിയ സംഭവത്തിന്റെ അനുസ്മരണ നാം ഇന്ന് ആഘോഷി ക്കുന്നു. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ ദൈവം ഈ സഭയ്ക്ക് നല്കിയ കൃപ കൾ അനിർവചനീയമാണ്.

കലുഷിതമായ കടലിൽ മലങ്കര സഭയാകുന്ന നൗക ആടി ഉലഞ്ഞപ്പോൾ, ഈ സഭയെ ശാന്തമായ ജലാശയത്തിലേക്ക് നയിക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തത് മാർ ഈവാനിയോസ് തിരുമേനിയാണ്. സ്ഥാനമാനങ്ങളെക്കാൾ സത്യത്തെ വിലമ തിച്ച, സത്യത്തെ പുൽകിയ, മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ആരംഭിച്ച് പുനരൈക്യപ്രസ്ഥാനം അഥവാ മലങ്കര കത്തോലിക്കാസഭ ഇന്ന് സഭക ളുടെ മുമ്പിൽ ഒരു വലിയ സാക്ഷ്യമാണ് എന്ന കാര്യത്തിൽ പക്ഷാന്തരമില്ല.

ഈ ധന്യദിനത്തിൽ മലങ്കര കത്തോലിക്കാസഭയുടെ ദൗത്യത്തെക്കുറിച്ച് ആഴ ത്തിൽ ചിന്തിക്കുവാൻ സഭ നമ്മെ ക്ഷണിക്കുന്നു. എന്താണ് നമ്മുടെ ദൗത്യം? എങ്ങനെ ആയിരിക്കണം നമ്മുടെ ലക്ഷ്യം. എന്തുതരം സാക്ഷ്യമാണ് നാം ഇന്ന് കേരളസഭയുടെ മുൻപിൽ കാഴ്ച വയ്ക്കേണ്ടത് ഈ വക വിഷയങ്ങൾ ഇന്ന് നാം ചിന്തിച്ച് ആത്മാർത്ഥതയോടെ പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി നിലകൊള്ളേണ്ട

www.malankaralibrary.com

സമയമാണ്.

മലങ്കര കത്തോലിക്ക സഭയ്ക്കു സഭൈക്യരംഗത്ത് പ്രത്യേക ദൗത്യം ഉണ്ട്. ഒരു വ്യക്തി സഭ എന്ന നിലയിൽ ഈ സഭയുടെ വ്യക്തിത്വവും പൈതൃകവും സംരക്ഷിച്ചുകൊണ്ട് ഈ ദൗത്യനിർവ്വഹണത്തിനായി ഇനിയും നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. മലങ്കരസഭയുടെ വ്യക്തിത്വവും, ദൗത്യവും എത്രമാത്രം നാം മനസ്സിലാക്കുന്നുവോ, അത്രയും പ്രബുദ്ധതയോടെ നമുക്ക് പ്രവർത്തിക്കാൻ കഴിയും. മലങ്കര സഭയുടെ ഈ കാലഘട്ടത്തിലെ ഏറ്റവും മർമ്മപ്രധാനമായ ദൗത്യം യാക്കോബായ, ഓർത്തഡോക്സ് വിഭാഗങ്ങളുടെ ഐക്യത്തിനുവേണ്ടി നിലകൊള്ളണം എന്നതാണ്. കലഹം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിനില്ക്കുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ ദൗത്യത്തെക്കുറിച്ചും, ലക്ഷ്യത്തെക്കുറിച്ചും നാം ബോധവാന്മാരാകണം. പുനരൈക്യപ്രസ്ഥാനം രൂപംകൊണ്ടിരിക്കുന്നത് ഈ ശിഥിലീകരണ പ്രവണതകളിൽ നിന്ന് മലങ്കരസഭയെ മോചിപ്പിച്ച് ഐക്യത്തിന്റെ പാതയിലേക്ക് ആനയിക്കുന്നതിനാണ്. ഈ സന്ദർഭത്തിൽ മലങ്കരസഭ ഐക്യത്തിന്റെ കൂദാശയായി യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങളുടെ ജീവനായി നിലകൊള്ളണം. പുനരൈക്യപ്രസ്ഥാനം പൂർണ്ണവിജയം പ്രാപിക്കുന്നത് മലങ്കരസഭ മുഴുവനായി സാർവ്വത്രികസഭയുമായുള്ള ഐക്യത്തിൽ പ്രവേശിക്കുമ്പോൾ മാത്രമാണ്.

നിർഭാഗ്യവശാൽ മലങ്കര സഭയുടെ ശുശ്രൂഷ, പുനരൈക്യശുശ്രൂഷ, വേണ്ടവിധം എത്തുന്നില്ല എന്നത് ഒരുവസ്തുതയാണ്. സഭകൾ തമ്മിൽ കലഹിക്കുമ്പോൾ, സിംഹാസനങ്ങൾക്കുവേണ്ടി തലതല്ലിക്കീറുമ്പോൾ ആദ്യമായും അധികമായും വേദനിക്കേണ്ടത് ഓരോ മലങ്കര കത്തോലിക്കനും ആയിരിക്കണം. പുനരൈക്യത്തിനായി പ്രാർത്ഥനയും പ്രവർത്തനവും അത്യന്താപേക്ഷിതമാണ്. പരിശുദ്ധാത്മാവിന്റെ കൃപയ്ക്കായി നാം പ്രാർത്ഥിക്കണം. കലഹം ഉള്ളിടത്ത് പരിശുദ്ധാത്മാവ് വസിക്കുകയില്ല. സഭൈക്യത്തിന്റെ നിദാനമായി നിലകൊള്ളുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. സഭ ക്രിസ്തുവിന്റെ ഭൗതിക ശരീരം ആയതിനാൽ സഭാംഗങ്ങളായ നമ്മുടെ ഒരുമിച്ചുള്ള പ്രവർത്തനമാണ് സഭയുടെ നിലനിൽപ്പിനും സഭൈക്യത്തിനും ആവശ്യം.

പുനരൈക്യ വാർഷികം ഒരു ചരിത്രസംഭവത്തിന്റെ ഓർമ്മ മാത്രമല്ല, പിന്നെയോ ചരിത്രത്തെ നാം യാഥാർത്ഥീകരിക്കുകയാണ്, ആവിഷ്കരിക്കുകയാണ്. ഈ അവസരത്തിൽ പുനരൈക്യശുശ്രൂഷയെപറ്റി വ്യക്തമായ ദർശനം നമുക്ക് ഉണ്ടാകണം. നമ്മുടെ പാരമ്പര്യത്തെ പുനർവ്യാഖ്യാനിക്കുവാൻ നമുക്ക് സാധിക്കണം. നമ്മുടെ പുനരൈക്യ പ്രവർത്തനത്തെ പുനഃപ്രതിഷ്ഠിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു.

പൗരസ്ത്യരായ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ സഭാത്മക ജീവിതത്തിന്റെ കേന്ദ്രം ആരാധനക്രമമാണ്. മറ്റ് ഏത് പൗരസ്ത്യസഭയെയും പോലെ ഈ സഭയ്ക്കും അതിന്റേതായ ആരാധനക്രമവും ദൈവശാസ്ത്രവും, ആദ്ധ്യാത്മികതയും, ശിക്ഷണക്രമവും ഉണ്ട്. ശരിയായ ആദ്ധ്യാത്മികത സഭാപരമാണ്. അത് സഭാപരമാകുന്നത് ശരിയായ ആരാധനക്രമം അനുസരിച്ചുള്ള ആരാധന വഴിയാണ്.

www.malankaralibrary.com

യാക്കോബായ, ഓർത്തഡോക്സ്, മലങ്കര കത്തോലിക്കാ സഭകൾ ഒരേ ആരാധനക്രമം പിൻതുടരുന്നു. ഒരേ പാരമ്പര്യത്തിൽ നിലനില്ക്കുന്നു. പിന്നെ എന്താണ് ഐക്യത്തിന് വിഘാതമായി നിലനിൽക്കുന്നത്? സസൂക്ഷ്മം ചിന്തിച്ചാൽ അത് മനസ്സിലാകും. എന്റേതെന്നുള്ള ഭാവം. അധികാരത്തിനുവേണ്ടിയുള്ള ഭ്രമം. യാക്കോബായ സഭ പത്രോസിന്റെ സിംഹാസനത്തിനുവേണ്ടി നിലകൊള്ളുമ്പോൾ ഓർത്തഡോക്സ് സഭ മാർത്തോമായുടെ സിംഹാസനത്തിനുവേണ്ടി നിലകൊള്ളുന്നു. ഈ പ്രശ്നങ്ങളുടെ പരിഹാരം മലങ്കര കത്തോലിക്കാ സഭ മാത്രമാണ്. മലങ്കരസഭ പത്രോസിന്റെ സിംഹാസനത്തിൻകീഴിൽനിന്നുകൊണ്ട് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തെ ബഹുമാനിക്കുന്നു. ഓരോ പുനരൈക്യവാർഷികവും ഈ യാഥാർത്ഥ്യത്തെയും കൂടിയാണ് വിളിച്ച് അറിയിക്കുന്നത്.

ഓരോ മലങ്കര കത്തോലിക്കനും ഓരോ മിഷനറിയാണ്. ഓരോ മലങ്കര കത്തോലിക്കനും ഐക്യത്തിനുവേണ്ടി നിലകൊള്ളേണ്ടവനാണ്. നമ്മുടെ സാന്നിദ്ധ്യവും, ഭാഷണവും പ്രവർത്തനങ്ങളും, മറ്റുള്ളവർക്ക് സന്തോഷവും, സമാധാനവും നല്കുന്നവയായിരിക്കണം. സഭകൾ തമ്മിലുള്ള ഐക്യത്തിനും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം അത്യാന്താപേക്ഷിതമാണ്.

ക്രൈസ്തവസഭ പരി. ത്രിത്വത്തിന്റെ ഐക്യത്തെ മാതൃകയാക്കണം. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവർ എങ്ങനെ ഒന്നായി ഐക്യപ്പെട്ടിരിക്കുന്നുവോ അപ്രകാരം തന്നെ സഭാസമൂഹങ്ങൾ ഒന്നിക്കപ്പെടണം. ഇതാണ് ത്രിയേക ദൈവത്തിന്റെ അഭിലാഷം. ത്രീത്വരഹസ്യം സ്നേഹത്തിന്റെ രഹസ്യമാണ്. അത് ഐക്യത്തിന്റെ രഹസ്യമാണ്. അത് കൂട്ടായ്മയുടെ രഹസ്യമാണ്. അത് പങ്കുവയ്ക്കലിന്റെ രഹസ്യമാണ്. അത് സഹനത്തിന്റെയും സഹകരണത്തിന്റെയും ഉദാത്തമായ ഭാവം ആണ്. വി.സഭയും, ഈ രഹസ്യങ്ങളുടെ കലവറയാകണം.

ഒരേ ആരാധനയും പാരമ്പര്യവും ഉള്ള സഭകൾ ഒന്നിച്ചുനിന്ന് പ്രാർത്ഥിക്കുവാൻ ഒരു ത്രോണോസിന്റെ മുമ്പാകെ ഒന്നിക്കുവാൻ സാധിക്കണം. എങ്കിൽ മാത്രമേ പുനരൈക്യത്തിന്റെ ലക്ഷ്യം പൂർണ്ണമാകുകയുള്ളൂ. ഇത് സാധിതമാകണമെങ്കിൽ വിട്ടുവീഴ്ചയും ശൂന്യവത്ക്കരണവും ആവശ്യമാണ്. നാം നമ്മുടെ കുർബാനയിൽ സെദറായിൽ പ്രാർത്ഥിക്കുന്നുവല്ലോ. "ഈ വിശുദ്ധബലിയാൽ ഇടർച്ചകൾ ഇല്ലാതാക്കേണമേ, ശിക്ഷകൾ നീക്കിക്കളയേണമേ. ഇതിനാൽ അശുദ്ധരെ ശുദ്ധീകരിക്കേണമെ. അപകാമതികളെ പാകതയുള്ളവരാക്കേണമേ. ഇതിനാൽ ആചാര്യന്മാരെ പ്രബുദ്ധരാക്കേണമേ. ശെമ്മാശന്മാരെ പ്രശോഭിപ്പിക്കേണമെ. പള്ളികളെ ഉറപ്പിക്കേണമേ.." ഇതായിരിക്കണം നമ്മുടെ പ്രാർത്ഥന. ജീവിതത്തിലൂടെ സാക്ഷ്യം നല്കുവാൻ നമുക്ക് സാധിക്കട്ടെ. മാർ ഇവാനിയോസ് തിരുമേനിയും, മാർ തെയോഫിലോസ് തിരുമേനിയും സംഘവും കൂടി തുടങ്ങിവച്ച ഈ വലിയ ദൗത്യം നമുക്ക് തുടരാം. അതിനുള്ള കൃപയ്ക്കായി ഐക്യത്തിന്റെ ആത്മാവിനോട് നമുക്ക് പ്രാർത്ഥിക്കാം.

■

www.malankaralibrary.com

# ജൂബിലി

പലതരം ജൂബിലിയാഘോഷങ്ങളെപ്പററി നാം കേട്ടിട്ടുണ്ടാകും. ആഘോഷങ്ങളിൽ പങ്കുകൊണ്ടിട്ടുണ്ടാകും. ഒരു പക്ഷേ നമ്മളിൽ ചിലർ സ്വന്തം ജീവിതത്തിലെ ഏതെങ്കിലും സന്ദർഭത്തിന്റെ ജൂബിലി ആഘോഷിച്ചിട്ടുണ്ടാകും. സാധാരണ ഗതിയിൽ സ്ഥാപനങ്ങളുടെ ആരംഭം, പ്രസ്ഥാനങ്ങളുടെ തുടക്കം, മുതലായവയുടെ 25-ാം വർഷം, 50-ാം വർഷം, 60-ാം വർഷം, 75-ാം വർഷം, 100-ാം വർഷമൊക്കെ ജൂബിലി വർഷമായി ആഘോഷിക്കാറുണ്ട്. 25-ാം വർഷത്തെ ആഘോഷം സിൽവർജൂബില അല്ലെങ്കിൽ രജതജൂബിലിയെന്നും, 50-ാം വർഷത്തേത് സുവർണ്ണജൂബിലിയെന്നുമൊക്കെ അറിയപ്പെടുന്നു. വ്യക്തി ജീവിതത്തിലും ജൂബിലികൾ പ്രധാനപ്പെട്ടവയാണ്. വിവാഹത്തിന്റെ 25-ാം വർഷം, ഗുരുപ്പട്ട സ്വീകരണത്തിന്റെ അല്ലെങ്കിൽ മേല്പ്പട്ട സ്വീകരണത്തിൻെറ 25-ാം വർഷം മുതലായവ ജൂബിലി വർഷങ്ങളാണ്.

ജൂബിലിയെന്ന വാക്കിന് ഇന്ന് സന്തോഷത്തിന്റെ ആഘോഷം എന്നാണ് സാധാരണ അർത്ഥം നല്കുന്നത്. ജൂബിലേഷൻ എന്ന ഇംഗ്ലീഷ് പദം ജൂബിലിയിൽ നിന്നു വന്നതാണ്. അതിന് സന്തോഷിച്ചാഹ്ളാദിക്കുക, വിജയം കൊണ്ടാടുക എന്നൊക്കെയാണ് അർത്ഥം. ഈ അർത്ഥത്തിൽ ജൂബിലി ആഘോഷിക്കുന്നത് പ്രസക്തം തന്നെയാണ്. 25 അല്ലെങ്കിൽ 50 വർഷം വിവാഹ ജീവിതത്തിൽ വിശ്വസ്തമായി നിലനിന്നവർ തിരിഞ്ഞുനോക്കി നിലനില്പിന്റെ വരംതന്ന ദൈവത്തിനു നന്ദി പറയുക, തങ്ങളെ നിലനില്ക്കാൻ സഹായിച്ച സാഹചര്യങ്ങളെയും വ്യക്തികളെയും സന്തോഷപൂർവ്വം അനുസ്മരിക്കുക, തങ്ങളുടെ തന്നെ പ്രയത്നത്തെ അഭിമാനപൂർവ്വം വിലയിരുത്തുക മുതലായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സന്ദർഭമാണ് ജൂബിലിയാഘോഷം. ദൈവത്തിനും മററു മനുഷ്യർക്കും നന്ദിയും തങ്ങൾക്കു തന്നെ അഭിനന്ദനവും നല്കുന്നത് നല്ലതും പ്രയോജനപ്രദവുമാണ്. ആ അർത്ഥത്തിൽ ജൂബിലിയെ വിജയാഘോഷമായി കണക്കാക്കുന്നതിൽ തെററില്ല. എന്നാൽ വിജയാഘോഷം മാത്രമായി ജൂബിലിയെ തരം താഴ്ത്താൻ പാടില്ല, കാരണം ജൂബിലിയുടെ യഥാർത്ഥ അർത്ഥം മറെറാന്നാണ് സന്തോഷിക്കുകയെന്നത് മാത്രമല്ല.

പഴയനിയമത്തിൽ പലപ്രാവശ്യം ഉപയോഗച്ചിട്ടുള്ള പദമാണ് ജൂബിലിയെന്നത്. ലേവ്യർ, സംഖ്യ എന്നീ പുസ്തകങ്ങളിലായി 22 പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുണ്ട്. വലിയ പ്രാധാന്യമാണ് ജൂബിലിയാഘോഷങ്ങൾക്ക് ബൈബിൾ നല്കുന്നതു. ലേവ്യർ 25-ാം അദ്ധ്യായം ജൂബിലിയെപ്പററിയുള്ള ബൈബിളിന്റെ പ്രബോധനം എന്തെന്നു മനസ്സിലാക്കാൻ വളരെ സഹായകമാണ്. ലേവ്യർ 25-ാം അദ്ധ്യായത്തിന്റെ 8-ഉം 9-ഉം വാക്യങ്ങളിൽ പറയുന്നു. "വർഷങ്ങളുടെ ഏഴു ആഴ്ചകൾ, അതായത് ഏഴുവർഷങ്ങൾ വീതമുള്ള ഏഴു വത്സരസമൂഹങ്ങൾ നീ എണ്ണണം. വർഷങ്ങളുടെ ഏഴു ആഴ്ചകൾ 49 വർഷമാകും അപ്പോൾ ഏഴാംമാസത്തിലെ പത്താം

www.malankaralibrary.com

നാൾ, അതായത് പാപപരിഹാരദിനത്തിൽ, നീ നിന്റെ നാടുമുഴുവൻ കാഹളം മുഴക്കണം. അമ്പതാം വർഷം നിങ്ങൾ വിശുദ്ധീകരിക്കണം. നിങ്ങളുടെ നാടുമുഴുവൻ നാട്ടിൽതാമസിക്കുന്ന എല്ലാവർക്കും സ്വാതന്ത്ര്യം പ്രഖ്യാപിക്കണം. അത് നിങ്ങൾക്കു ജൂബിലിയായിരിക്കും. നിങ്ങളിൽ ഓരോ ആളും നിങ്ങളുടെ സ്വത്തിലേയ്ക്കും, നിങ്ങളുടെ കുടുംബങ്ങളിലേക്കും തിരിയെ വരണം". ഈ വാക്കുകൾ സംസാരിച്ചു കൊണ്ട് ജൂബിലിയാഘോഷിക്കാൻ കല്പിക്കുന്ന ദൈവം, ലേവ്യപുസ്തകം 25, 27 അദ്ധ്യായങ്ങളിലായി ജൂബിലിയിൽ അനുഷ്ഠിക്കേണ്ട മററുകാര്യങ്ങളെപ്പററി പറയുന്നു. ഈ അദ്ധ്യായങ്ങളിൽ നിന്നു കിട്ടുന്ന പ്രധാനപ്പെട്ട ആശയങ്ങൾ താഴെ പറയുന്നവയാണ്.

1. ജൂബിലി വ്യക്തികളുടെ സ്വാതന്ത്ര്യത്തിന്റെ സന്ദർഭമാണ്. പഴയ നിയമകാലത്ത് ലോകത്തിലെ ഏതാണ്ട് എല്ലാ സമൂഹങ്ങളിലും അടിമത്തം നിലനിന്നിരുന്നു. രാജ്യങ്ങൾ തമ്മിലും സമൂഹങ്ങൾ തമ്മിലും നിരന്തരം യുദ്ധം നടന്നിരുന്നു. യുദ്ധത്തിൽ പരാജയപ്പെടുന്നവരെ അടിമകളാക്കാൻ അന്നത്തെ നിയമം അനുവദിച്ചിരുന്നു. അതുപോലെ ചില ഗോത്രം മററു ഗോത്രങ്ങളെ ആക്രമിച്ചു പരാജയപ്പെടുത്തുകയും അവരുടെ വസ്തുവകകൾ കൈവശപ്പെടുത്തുകയും ആളുകളെ അടിമകളായി പിടിച്ചുകൊണ്ടുപോകുകയും ചെയ്തിരുന്നു. ഒരു രാഷട്രത്തിലോ സമൂഹത്തിലോ ഏററവും പാവപ്പെട്ടവരെ, പ്രത്യേകിച്ചും കടം വാങ്ങി തിരികെ കൊടുക്കാൻ നിവൃത്തിയില്ലാത്തവർ കടം കൊടുത്തവൻ അടിമയാക്കുന്ന നിയമ സംവിധാനമായിരുന്നു അന്ന് ലോകത്തു മുഴുവൻ നിലനിന്നിരുന്നത്.

അടിമവ്യവസ്ഥ ഇസ്രായേലിലും നിലനിന്നിരുന്നു. കടം വീട്ടാൻ കഴിയാത്തവർ കടം കൊടുത്തവന്റെ അടിമയായിതീരുന്ന സ്ഥിതിയായിരുന്നു ഇസ്രായേലിൽ നിലനിന്നിരുന്നത്. എന്നാൽ ലോകത്തിലെ മററു രാജ്യങ്ങളിൽ നിന്ന് വളരെ പ്രധാനപ്പെട്ട ഒരു വ്യത്യാസവും ഇസ്രായേലിൽ നിലനിന്നിരുന്നു. ദൈവം പാവപ്പെട്ടവന്റെ പിതാവാകയാൽ ധനവാന് അല്ലെങ്കിൽ കായബലമുള്ളവന് അടിമയായിരിക്കുമ്പോഴും ആ അടിമ ദൈവത്തിന്റെ മകൻ എന്ന അവസ്ഥയിൽ നിന്ന് പുറത്തുപോകുന്നില്ല. അതിനാൽ അവനെ അടിമത്തത്തിൽ നിന്നു രക്ഷിക്കാനുള്ള ദൈവത്തിന്റെ സംവിധാനത്തിന്റെ ഭാഗമാണ് ജൂബിലി. പഴയ നിയമത്തിലെ ചിന്തയനുസ്സരിച്ച് ഒരാൾ അപകടത്തിൽപ്പെട്ടാൽ അവനെ രക്ഷിക്കുകയെന്നത് ഏററവും അടുത്ത ബന്ധുവിന്റെ കടമയും ഉത്തരവാദിത്വവുമാണ്. മകൻ അപകടത്തിൽപ്പെട്ടാൽ പിതാവ് അവനെ രക്ഷിക്കണം. പിതാവ് ഇല്ലെങ്കിൽ മൂത്തസഹോദരന്റെ കടമയാണത്. ഇങ്ങനെ രക്ഷിക്കാൻ കടമയുള്ള ആളുകളെ *'മോസ-ആ'* എന്നാണ് വിളിച്ചിരുന്നത്. രക്ഷ അല്ലെങ്കിൽ രക്ഷിക്കുന്നവൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം. എന്നാൽ മനുഷ്യരാരും രക്ഷിക്കാനില്ലാത്ത - പിതാവോ സഹോദരനോ ഇല്ലാത്ത അല്ലെങ്കിൽ പിതാവോ സഹോദരനോ രക്ഷിക്കാൻ തയ്യാറാകാത്ത അവസ്ഥയിൽ അപകടത്തിൽപ്പെട്ടവൻ കൈ

www.malankaralibrary.com

വിടപ്പെടുന്നില്ല. ദൈവം അവന്റെ രക്ഷകനായി *'മോസ-ആ'* ആയി പ്രത്യക്ഷപ്പെടുന്നു. അപകടത്തിൽപ്പെട്ടവരുടെ, മനുഷ്യരുടെ അതിക്രമവും, പണക്കാരന്റെ പ്രൗഢിയും കാരണമായി അടിമകളാക്കപ്പെടുന്ന മനുഷ്യനെ രക്ഷിക്കാൻ അവന്റെ രക്ഷകനായ ദൈവം മനുഷ്യനിയമങ്ങളിൽ വരുത്തിയ, രക്ഷയുടെ വ്യവസ്ഥയാണ് ജൂബിലി വർഷം. അന്ന് സകല അടിമകളെയും സ്വതന്ത്രമാക്കിക്കൊള്ളണമെന്ന് ദൈവം കല്പിച്ചു. അങ്ങനെ അടിമയുടെ സ്വാതന്ത്ര്യദിനമായി കൊണ്ടാടാനാണ് ദൈവം ജൂബിലിവർഷം ഏർപ്പെടുത്തിയത്.

## 2. ജൂബിലിവർഷം പാവപ്പെട്ടവന്റെ വർഷമാണ്.

ഇസ്രായേലിൽ പാവപ്പെട്ടവർ അനേകർ ഉണ്ടായിരുന്നു. പ്രകൃതിയുടെ പ്രതികൂലഭാവംകൊണ്ടും അനാരോഗ്യംകൊണ്ടും കൃഷിചെയ്യാൻ സാധിക്കാതെയും ചെയ്ത കൃഷിയിൽ നിന്ന് പ്രതീക്ഷിച്ച വിളവുകിട്ടാതെയും വരുമ്പോൾ ഉപജീവനത്തിനുവേണ്ടി മററുള്ളവരെ ആശ്രയിക്കേണ്ടിവരുക സാധാരണമാണ്. കൃഷിയിറക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പണക്കാരനിൽ നിന്ന് കടം വാങ്ങിക്കുന്നവർ വലിയ പലിശസഹിതം തിരിയെ കൊടുക്കാൻ കഴിവില്ലാതെ വരുമ്പോൾ സ്വന്തം ഭൂമികൊടുത്തു കടം വീട്ടുന്ന സ്ഥിതിയും അസാധാരണമായിരുന്നില്ല. ഇങ്ങനെ പലവിധത്തിൽ പാവപ്പെട്ടവരുടെ എണ്ണം വർഷം തോറും വർദ്ധിച്ചുകൊണ്ടിരുന്നു. നിയമം കൊണ്ട് ഇവരെ രക്ഷിക്കാൻ ദൈവം കണ്ടുപിടിച്ച മാർഗ്ഗമാണ് ജൂബിലിവർഷം. യഹൂദരുടെ നിയമമനുസ്സരിച്ച് സാബത്തുവർഷങ്ങളിലും അതായത് ഏഴാംവർഷങ്ങളിലും ജൂബിലിവർഷങ്ങളിലും ഭൂമിയിൽ ഒന്നും പുതുതായി കൃഷിചെയ്യാൻ പാടില്ല. മാത്രമല്ല ഭൂമിയിൽ നിന്ന് ഒന്നും ശേഖരിക്കാനും പാടില്ല. ഈ നിയമം ഭൂമിയുടെ ഉടമസ്ഥനുമാത്രമുള്ളതാണ്. ജൂബിലിവർഷം ഭൂമി ദൈവത്തിന്റെ സർവ്വാധികാരത്തിൻ കീഴിലാണ്. ആ വർഷം ഭൂമി ഉത്പാദിപ്പിക്കുന്ന സകലതും ദൈവത്തിന്റെ പാവപ്പെട്ടവർക്കുള്ളതാണ്. പാവപ്പെട്ടവർക്ക് ആരുടെയും ഭൂമിയിൽ നിന്ന് കായ്കനികൾ ശേഖരിച്ച് ജീവിക്കാം. ഉടമസ്ഥൻ ഭൂമിയിൽ നിന്ന് ഒന്നും എടുക്കാൻ പാടില്ലെന്നു മാത്രം. ഭൂമിയുടെ ഫലം ശേഖരിക്കുന്നതിൽ നിന്ന് പാവപ്പെട്ടവനെ തടയാനും പാടില്ല. ഇങ്ങനെ ചിന്തിക്കുമ്പോൾ പണക്കാരന്റെ ചൂഷണത്തിന് വിധേയനായി കഷ്ടതയിൽ കഴിയുന്ന പാവപ്പെട്ടവനെ ഉദ്ധരിക്കാൻ, തന്റെ സൃഷ്ടിയാകുന്ന ഭൂമിയുടെ വിളവ് പാവപ്പെട്ടവന് സൗജന്യമായികൊടുക്കാൻ ദൈവം കണ്ടെത്തിയ മാർഗ്ഗമാണ് ജൂബിലി.

## 3. ജൂബിലി പ്രകൃതിയുടെ സ്വാതന്ത്ര്യ വർഷമാണ്.

ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചശേഷം അതിന്റെ മകുടമായി, പ്രപഞ്ചത്തിന്റെ നാഥനായി, പ്രകൃതിയുടെ മനസ്സാക്ഷിയായി, സൗന്ദര്യമായി, മനുഷ്യനെ സൃഷ്ടിച്ചു. മനുഷ്യനെ സൃഷ്ടിച്ചശേഷം ദൈവം അരുളിച്ചെയതു "വർദ്ധിച്ചു പെരുകി ഭൂമിയിൽ നിറയുകയും അതിനെ അധീനപ്പെടുത്തുകയും ചെയ്യുക. കടലിലെ മത്സ്യത്തിന്റെ

www.malankaralibrary.com

യും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവജാലങ്ങളുടെയും മേൽ അധികാരമുള്ളവനായിരിക്കുക" (ഉൽപ്പത്തി 1:28). അങ്ങനെ ഈ പ്രപഞ്ചത്തിന്റെ മേൽ അധികാരവും അതിനെ തന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കാനുള്ള അവകാശവും ദൈവം മനുഷ്യനു നല്കി. എന്നാൽ പ്രപഞ്ചത്തിന്റെ മേൽ അധികാരമല്ലാതെ സർവ്വാധികാരം ദൈവം മനുഷ്യനു നല്കിയിട്ടില്ല. ദൈവം മാത്രമാണ് പ്രപഞ്ചത്തിന്റെ സർവ്വാധികാരി. പ്രപഞ്ചത്തെ തന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കാനല്ലാതെ ദുരുപയോഗിക്കാൻ ദൈവം മനുഷ്യന് ഒരിക്കലും അവകാശം നല്കിയിട്ടില്ല. കാരണം പ്രപഞ്ചത്തിന്റെ മേലുള്ള ആത്യന്തികമായ അവകാശം ദൈവം ആർക്കും നല്കാതെ സ്വയം സൂക്ഷിക്കുന്നു. ദൈവത്തിന്റെ സർവ്വാധികാരവും ആത്യന്തികമായ അവകാശവും നിലനിർത്തിക്കൊണ്ട് ദൈവം പറയുന്നു: "എക്കാലത്തേയ്ക്കുമായി ഭൂമി നിങ്ങൾ വിൽക്കരുത്. കാരണം ഭൂമി എന്റേതാണ്. നിങ്ങൾ എനിക്ക് അന്യരും കുടിയാന്മാരുമാണ്" (ലേവ്യർ 25:23)

ഈ ബൈബിൾ പ്രബോധനത്തിൽ നിന്ന് വളരെ വ്യത്യസ്തമായ മനോഭാവമാണ് ഇന്ന് മനുഷ്യർ പ്രകൃതിയോടും പ്രകൃതി വസ്തുക്കളോടും പുലർത്തുന്നത്. പ്രകൃതി നിയമം ലംഘിച്ചുകൊണ്ട് ജനിതക ശാസ്ത്രം പ്രത്യുത്പാദനപ്രക്രിയയിൽ ഏർപ്പെടുന്നു. ക്ലോണിംഗും, പരീക്ഷണ നാളത്തിലെ 'ശിശുവുത്പാദനവും'(Test Tube) വാടക മാതൃത്വവുമൊക്കെ പ്രകൃതിയെ അടിമപ്പെടുത്തുന്ന പ്രവൃത്തികളാണ്. വനം കൊള്ള ചെയ്തും വെട്ടിത്തെളിച്ചും ഭൂമിയെ സസ്യരഹിതമാക്കുന്നത് പ്രകൃതിയോടുകാട്ടുന്ന അനീതിയാണ്. ഉപയോഗിക്കാനുള്ള അവകാശത്തെ ദുരപയോഗിക്കാനുള്ള അവകാശമായി മനുഷ്യൻ തെററിദ്ധരിക്കുന്നു. എന്തും തന്റെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാം ആരെയും ചൂഷണം ചെയ്യാം എന്ന നിലപാട് ബൈബിളിന്റെ പ്രബോധനത്തിന് നിരക്കുന്നതല്ല. പണവും സ്വാധീനതയും ഉള്ളവർ പ്രപഞ്ചത്തെ തങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. അതിനാൽ മററുള്ളവർക്ക് ജീവിക്കാൻ കൊള്ളാത്ത സ്ഥലമായി ഈ പ്രപഞ്ചം മാറിക്കൊണ്ടിരിക്കുന്നു. പണമുള്ളവൻ വസ്തുവെല്ലാം വാങ്ങിച്ചുകൂട്ടുന്നതുകൊണ്ട് പാവപ്പെട്ടവൻ ചേരികളിലേയ്ക്ക് പുറം തള്ളപ്പെടുന്നു. അമിതമായി വാഹനങ്ങൾ ഉപയോഗിക്കുന്നതുവഴി ശ്വാസിക്കാൻ ശുദ്ധവായു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അമിത ലാഭത്തിൽ കണ്ണുവച്ച് ഫാക്ടറികളിൽ നിന്ന് പുറത്തുവരുന്ന മലിന വസ്തുക്കൾ സുരക്ഷിതമായി നിക്ഷേപിക്കാതെ കുടിവെള്ളമൊഴുകുന്ന നദികളിൽ നിക്ഷേപിച്ച് കുടിവെള്ള ക്ഷാമമുണ്ടാക്കുന്നു. ദുരുപയോഗം വഴി ഈ ഭൂമിയും വായുമണ്ഡലവും ജീവിക്കാൻ കൊള്ളാത്തതായിതീരുന്നു. ഈ സാധ്യത മുന്നിൽ കണ്ട് ദൈവം പറഞ്ഞു ശാബതു വർഷവും ജൂബിലി വർഷവും ഭൂമിയിൽ നിന്ന് ഒന്നും ഉത്പാദിപ്പിക്കാൻ പാടില്ല എന്ന്. ഭൂമിക്കും വിശ്രമം ആവശ്യമുണ്ട്. മനുഷ്യന്റെ ദുരുപയോഗത്തിൽ നിന്ന് താൻ സൃഷ്ടിച്ച പ്രപഞ്ചത്തെ രക്ഷിക്കാൻ വേണ്ടിയും പ്രപഞ്ചത്തെ ദുരുപയോഗിക്കുന്ന

www.malankaralibrary.com

അവഹേളനവുമായിരിക്കും. ജൂബിലിയാഘോഷിക്കുന്നവർ സ്വയം ചോദിക്കേണ്ട ഗൗരവമായ ചോദ്യങ്ങളാണിത്. "എത്രപേരെ വിമോചിപ്പിക്കാൻ എനിക്കു സാധിച്ചു"? "എന്റെ ജൂബിലിയാഘോഷം വഴി പ്രപഞ്ചത്തിന്റെ കർത്താവും അതിനാഥനുമായ ദൈവത്തിന്റെ മഹത്ത്വം - സ്ഥാപിക്കാൻ എനിക്കു കഴിയുന്നുണ്ടോ?"

അതോടൊപ്പം ജീവിതത്തിന്റെ ഇരുളടഞ്ഞ പാതയിലൂടെ നമ്മെ നയിച്ച് ഈ സന്തോഷ സന്ദർഭത്തിലെത്തിച്ച ദൈവത്തിന് നന്ദിപറായാനുള്ള സന്ദർഭമായി ഈ ആഘോഷത്തെ നമുക്കു ഉപയോഗപ്പെടുത്താം. അനേകർ പരാജയപ്പെട്ടിടത്ത് നമ്മൾ വിജയിച്ചെങ്കിൽ, അനേകർ ജൂബിലിയിലെത്തുന്നതിനുമുമ്പ് ഈ വഴിയിൽ നിന്നു പിന്തിരിഞ്ഞപ്പോൾ നമ്മൾ ധൈര്യപൂർവ്വം പിടിച്ചു നിന്നെങ്കിൽ, അത് ദൈവത്തിന്റെ കരുണയാലാണെന്ന് നാം ഏററുപറയേണ്ടതുണ്ട്.

അതോടൊപ്പം നാം നമ്മിലേയ്ക്ക് നോക്കേണ്ടതുണ്ട്. നമുക്ക് വിജയത്തിലെത്താൻ സാധിച്ചെങ്കിൽ അത് നമ്മുടെയും പരിശ്രമഫലമാണ്. വിജയപൂർവ്വം പരിശ്രമിക്കാൻ നമുക്കു കഴിയുമെന്ന് ഈ ജൂബിലി നമ്മെ ആനുസ്മരിപ്പിക്കുന്നു. ഇത്രയും വിജയിച്ചെങ്കിൽ ഇനിയും വിജയിക്കാൻ സാധിക്കുമെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. അങ്ങനെ കൂടുതൽ ധൈര്യത്തോടെ ദൈവത്തിലാശ്രയിച്ചു മുന്നേറാൻ നമുക്ക് പ്രതിജ്ഞചെയ്യാം.